# ശിശിര പുഷ്പം | shishira pushppam

Author : Smitha | www.kadhakal.com | www.kambistories.com




"ഈശോയേ സാറ് സമ്മതിച്ചാ മതിയാരുന്നു,"

പുറത്തേക്ക് ആകാംക്ഷയോടെ നോക്കിക്കൊണ്ട് ഷാരോണ് നേരിയ അസന്തുഷ്ടിയോടെ പറഞ്ഞു.

"ഷാരു, എനിക്കൊന്നും മനസ്സിലാകുന്നില്ല, നെനക്കെന്തിനാ ഇപ്പം ഒരു ട്യൂഷന്റെ ആവശ്യം?"

ഫ്രന്റ് ലൈന് മാഗസിന്റെ പേജുകള് മറിക്കുകയായിരുന്ന ഷാരോണ് ഫ്രാന്സിസിനോട് ഡ്രൈവ് ചെയ്യുകയായിരുന്ന റോയ് ഫിലിപ്പ് അല്പ്പം നീരസത്തോടെ തിരക്കി.

"അല്ല, അയാളെന്നാ നെനക്ക് ട്യൂഷനെടുക്കുകേലന്ന് നീ കരുതാന് കാരണം?"

"റോയിക്ക് സാറിന്റെ നേച്ചര് അറീത്തില്ല അത് കൊണ്ടാ. ആള് ഭയങ്കര ചൂടനാ. അധികമൊന്നും സംസാരിക്കുകേല."

കാറ് ഒരു വളവ് തിരിഞ്ഞു.

"ട്യൂഷന് നിന്നെപ്പോലെ ഒരു സുന്ദരിപ്പെണ്ണിന് വേണ്ടിയാവുമ്പോ ഏത് ചൂടനും സമ്മതിക്കും."

റോയ് ചിരിച്ചു.

"പിന്നേ,"

അവള് നീരസപ്പെട്ടു.

"സാര് ആ ടൈപ്പ് ഒന്നുവല്ല. ജെന്റ്റില്മാനാ."

"എന്ന് വെച്ച് പഞ്ചാരയടിക്കുന്നോരും പെണ്ണിന്റെ മൊലേലേയ്ക്കും കുണ്ടീലേക്കും നോക്കുന്നവന്മാരോന്നും ജെന്റ്റില്മെന് അല്ല എന്നാണോ നീ പറയുന്നെ ഷാരു?"

ഷാരോണ് അവന്റെ ചെവിയില് പിടിച്ച് കിഴുക്കി.

"നാക്കെടുത്താല് ഊളവര്ത്താനവേ നെനക്ക് വരത്തൊള്ളൂ അല്ലേ?"

"വിടെടീ, വിടെടീ മൈരേ, എടീ വണ്ടി എവടെയേലും പോയി കുത്തും കേട്ടോ,"

"ഇനി മേലാല് എന്റെ കേക്കെ അഡല്റ്റ് ഓണ്ലി കാര്യങ്ങള് പറഞ്ഞേക്കരുത്,"

"നീ അഡല്ട്ടല്ലേ? അതുകൊണ്ട് പറഞ്ഞതല്ലേ?"

ഷാരോണ് പുറത്തേക്ക് നോക്കി.

ചായക്കട. വലിയ ആല്മരം. ഐഡിയ സിമ്മിന്റെ വലിയ ഹോര്ഡര്.

"നിര്ത്ത് റോയി, സ്ഥലവെത്തി,"

റോയി കാര് നിര്ത്തി.

ഹൈവേയില് നിന്ന് പത്തുമീറ്റര് ദൂരമേയുള്ളൂ എന്നാണ് ദീപ്തി പറഞ്ഞത്. കാറില് നിന്നിറങ്ങി ഷാരോണ് ചുറ്റും നോക്കി.

"റോയി, ദാ അതാ സാറിന്റെ വീട്"

അവര് പാര്ക്കുചെയ്തതിനടുത്തായി ഒരു സ്കോര്പ്പിയോ കിടന്നിരുന്നു.

"ആരൊക്കെയോ സാറിനെ കാണാന് വന്നിട്ടുണ്ടല്ലോ,"

ഷാരോണ് സ്കോര്പ്പിയോയിലേക്കും

അല്പ്പദൂരെ ഒരു വാകമരത്തിന്റെ തണലില് നിന്ന്നിരുന്ന സാമാന്യംഭേദപ്പെട്ട ഒരു വീട് ചൂണ്ടിക്കാട്ടി ഷാരോണ് പറഞ്ഞു.

റോയ് നോക്കി.

വീടിന്റെ മുമ്പില് നാലഞ്ചു പുരുഷന്മാരും കൌമാരക്കാരിയായ ഒരു സുന്ദരിയും നില്ക്കുന്നത് അവന് കണ്ടു.

വരാന്തയില് ക്ഷുഭിതനായി നില്ക്കുന്ന താടിയും മുടിയും നീട്ടിവളര്ത്തിയ ഒരു ചെറുപ്പക്കാരനോട് മുറ്റത്ത് നിന്ന് സംസാരിക്കുകയാണ് അവര്.

"നന്ദകുമാര് സാര്!"

ഷാരോണ് മന്ത്രിച്ചു.

"ഇയാളാണോ നീയിത്രനേരം പുന്നാരിച്ച് സംസാരിച്ച നന്ദകുമാര് വാധ്യാര്?"

റോയി പുച്ഛത്തോടെ ചോദിച്ചു.

"കുളീം നനേം ഒന്നുവില്ലേ വാധ്യാര്ക്ക്?"

"മിസ്റ്റര്!"

നന്ദകുമാറിന്റെ കാര്ക്കശ്യമുള്ള സ്വരം അവര് കേട്ടു.

"ഒരു കാര്യം തന്നെ പലതവണ പറയാന് എനിക്കിഷ്ടമല്ല. നിങ്ങളുടെ മകള്ക്ക് അര്ഹതയുണ്ടേല് ഫസ്റ്റോ "എ" ഗ്രേഡോ കിട്ടും. അല്ലാതെ എന്നെ ഇവിടെ വന്നു കണ്ടതുകൊണ്ടൊന്നും ഒരു കാര്യോവില്ല."

"സാര് ഇത്,"

കൂട്ടത്തില് രാഷ്ട്രീയ നേതാവിനെപ്പോലെ തോന്നിച്ച ഒരു ചെറുപ്പക്കാരന് തന്റെ പോക്കറ്റില് നിന്ന് ഒരു കവറെടുത്തു.

"അവന് ഡി വൈ എഫ് കേ യുടെ ജില്ലാ പ്രസിഡെന്റ്റ് ആണല്ലോ. സതീശന്"

റോയ് ഷാരോണിനോട് പറഞ്ഞു.

"റോയീ,"

ഷാരോണ് അടക്കത്തില് പറഞ്ഞു.

റോയ് അവളെ നോക്കി.

"കോളേജ് യൂത്ത്ഫെസ്റ്റിവാളില് ഭരതനാട്യത്തിനു ഫസ്റ്റ് കിട്ടിയ ശ്രീലതയാ അത്. ഇപ്പഴാ ഞാന് അവള്ടെ മൊഖം കാണുന്നെ. അടുത്താഴ്ച ഇന്റര്വാഴ്സിറ്റി കലോത്സവം സ്റ്റാര്ട്ട് ചെയ്യുവല്ലേ? ജഡ്ജിംഗ് പാനലില് നന്ദകുമാര് സാര് ഉണ്ടാവണം. സാറിനെ ഇന്ഫ്ലുവെന്സ് ചെയ്യാന് വന്നതാ."

"എന്താ അത്?"

നന്ദകുമാര് കവര് നീട്ടിയ യുവരാഷ്ട്രീയക്കാരനോട് സ്വരം ഒന്നുകൂടി കാര്ക്കശ്യമാക്കി ചോദിച്ചു.

"ഒരു രക്ഷയുമില്ലേല് നീ സീ എമ്മിന്റെ മോളാണ് എന്ന് ഞാനങ്ങു പറയും. അന്നേരം കാണാം അയാള്ടെ മട്ടും ഭാവോം മാറുന്നെ,"

റോയ് പറഞ്ഞു.

"മന്ത്രി, പത്മകുമാറിന്റെ ലെറ്റര് ആണ്...സാറി..."

"ഫ!!"

യുവരാഷ്ട്രീയക്കാരന് പറഞ്ഞുതീരുന്നതിന് മുമ്പ് ക്രോധം നിറഞ്ഞ സ്വരത്തില് നന്ദകുമാര് അലറുന്നത് അവര് കേട്ടു.

"കടക്കെടാ വെളിയില്!!"

നന്ദകുമാര് വിരല് ചൂണ്ടി മുമ്പിലുള്ളവരെ നോക്കി ആക്രോശിച്ചു.

"ഇനി ഒരക്ഷരം മിണ്ടിയാ ഞാന് പത്രക്കാരെ വിളിച്ച് എന്നെ സ്വാധീനിക്കാന് ശ്രമിച്ച കാര്യം ഞാന് വിളിച്ചുപറയും. നിന്റെ മന്ത്രിയേമാന്റേം തൊലി ഞാന് പൊളിക്കും, നാറികളെ. കേട്ടിട്ടുണ്ടോ നീയൊക്കെ റഫീക്ക് ജാവേദിനെ? ഇന്ത്യാ ടൈംസിന്റെ ഡെപ്യൂട്ടി ചീഫ് എഡിറ്ററാ. നിന്റെ പത്മകുമാര് മന്ത്രിയല്ല അതിലും മുഴുത്ത ഡെല്ഹീലെ മന്തിമാരുടെ തുണിയഴിപ്പിച്ചവനാ അവന്. ഇനി ഒരു നിമിഷം എന്റെ മുറ്റത്ത് കണ്ടുപോയാ നാറികളെ അവനെ വിളിക്കും ഞാന്...!!"

തീ ചിതറുന്ന അയാളുടെ വാക്കുകള്ക്ക് മുമ്പില് അവര് ഇളിഭ്യരായി, സ്ഥലം കാലിയാക്കി.

"വാ, റോയി, തിരിച്ചുപോകാം. നല്ല കലിപ്പില് നിക്കുവാ സാറ്. ഈ മൂഡില് കണ്ടാല് ശരിയാവില്ല."

"നീയൊന്ന് ചുമ്മാതിരി ഷാരു, അങ്ങനെയങ്ങ് പേടിച്ചാലോ? യങ്ങ് കോണ്ഗ്രസ് സ്റ്റേറ്റ് കൌണ്സില് മെമ്പര് റോയി ഫിലിപ്പിന്റെ കൂടെയാ നീ നിക്കുന്നെ,"

താന് മുഖ്യമന്ത്രി സിറിയക് ഫ്രാന്സീസിന്റെ മകള് ആണ് എന്ന് റോയി വിസ്മരിച്ചതോര്ത്ത് ഷാരോണ് പുഞ്ചിരിച്ചു.

"സാര്,"

കണ്ഠശുദ്ധിവരുത്തി അവന് അകത്തേക്ക് കയറാന് തുടങ്ങുകയായിരുന്ന നന്ദകുമാറിനെ നോക്കി വിളിച്ചു.

അയാള് തിരിഞ്ഞു നോക്കി.

"എന്താടാ!"

സ്വരത്തിലെ ക്രുദ്ധത വിടാതെ അയാള് ചോദിച്ചു.

അയാള് ഒരു സിഗരെറ്റിന് തീ പിടിപ്പിച്ചു.

"ഞാന് സാറിന്റെ സ്റ്റുഡന്റ് ആണ്,"

മുമ്പോട്ട് വന്ന് ഷാരോണ് പറഞ്ഞു.

"അതിന്?"

"എനിക്ക് സാറിന്റെ ഒരു ഹെല്പ്പ് വേണ്ടിയിരുന്നു,"

"എന്ത് ഹെല്പ്?"

പുകയൂതിപ്പറത്തി ക്രുദ്ധത വിടാതെ അയാള് ചോദിച്ചു.

"വല്ല പിരിവിനും എറങ്ങീതാണോ? എത്രയാ?"

"അയ്യോ, അതല്ല, സാര്,"

അയാള് അക്ഷമ കലര്ന്ന മുഖത്തോടെ അവളെ നോക്കി.

"സാര്, ഫിസിക്കല് ട്രെയിനര് എബി സാര് പറഞ്ഞു, സാറ് സെന് ബുദ്ധിസത്തെപ്പറ്റി ഒത്തിരി ട്രീറ്റീസ് ചെയ്തിട്ടുണ്ടെന്ന്. എന്റെ ഒരു വര്ക്കിന്..."

"എന്ത് വര്ക്ക്? നീയെന്നാ യോഗ ടീച്ചര് ആണോ?"

"അല്ല സാര്. ഞാന് സാറിന്റെ സ്റ്റുഡന്റ് ആണ്. ഫൈനല് ഇയര് ഫിസിക്സ്."

പ്രതികരണമറിയാന് അവള് അയാളുടെ മുഖത്ത് നോക്കി.

അയാളാകട്ടെ നിര്വികാരനായി ഒന്നിലും ശ്രദ്ധിക്കാതെ...

"ആഴ്ചയില് രണ്ടോ മൂന്നോ ദിവസം, ഒരു അരമണിക്കൂര്, ഇവിടെ ..."

ഷാരോണ് തന്റെ ആവശ്യമറിയിക്കാന് വീണ്ടും ശ്രമിച്ചു.

എന്നാല് ഒരു തരത്തിലുള്ള പ്രതികരണവും നന്ടകുമാറില് നിന്നുണ്ടായില്ല.

"സാര്,"

റോയി ഒരു ചുവട് മുമ്പോട്ട് വന്നു പറഞ്ഞു.

"എന്റെ പേര് റോയി ഫിലിപ്പ്. യങ്ങ് കോണ്ഗ്രസ് സ്റ്റേറ്റ് കൌണ്സില് മെമ്പര്. എന്റെ ഫാദറാണ് റവന്യൂ മിനിസ്റ്റര് ഫിലിപ്പോസ് കുരുവിള."

"കണ്ഗ്രാജുലേഷന്സ്!"

പുകയൂതിവിട്ട് നന്ദകുമാര് പറഞ്ഞു.

"ഒരു വിധത്തിലുമുള്ള സ്പെഷ്യല് ക്ലാസ്സും ഇവിടെ ഈ വീട്ടില് പറ്റില്ല. എനിക്ക് സമയമുണ്ടാവില്ല."

ഷാരോണിന്റെ മുഖം മ്ലാനമായി.

"കോളേജില്, എന്റെ ഫ്രീ ടൈമില്, ഫിസിക്സ് ഡിപ്പാര്ട്ട്മെന്റില് വരിക. യുവര് റിക്വയര്മെന്റ്സ് വില് ബി കണ്സിഡെഡ്,"

മറ്റൊന്നും പറയാതെ അയാള് അകത്ത് കയറി കതകടച്ചു.

"അയാളുടെ തലക്ക് കാര്യമായ എന്തോ തകരാറുണ്ട്,"

തിരികെ കാറിനടുത്തേക്ക് നടക്കവേ റോയി പറഞ്ഞു.

"അതൊന്നുമല്ല, സാറിന് ശരിക്കും സമയമില്ലാത്തതുകൊണ്ടാ,"

ഷാരോണ് പറഞ്ഞു.

യഥാര്ത്ഥത്തില് അവളുടെ മനസ്സ് വിഷമിച്ചിരുന്നു.

"അല്ല, ഞാനോര്ക്കുവാരുന്നു,"

റോയി കള്ളച്ചിരിയോടെ പറഞ്ഞു.

"നെനക്ക് ഇത്രേം മുഴുത്ത മൊലയൊണ്ടായിട്ട് അയാടെ കണ്ണ് ഒരിക്കല് പോലും അങ്ങോട്ടു പോയില്ലല്ലോ ഷാരു,"

ഷാരോണിന് ശരിക്കും ദേഷ്യം വന്നു.

"റോയി!!"

"എടീ ഞാന് ഉദ്ദേശിച്ചത് അതല്ല. അയാളിനി വല്ല ഗേയാണോന്നാ?"

"മതി!"

കാറിന്റെ ഡോര് തുറന്ന്കൊണ്ട് അവള് പറഞ്ഞു.

"നിന്റെ നാക്കിന് എല്ലില്ലേല് റോയ് ഞാന് നേര് പറയുവാണേ, മേലാല് ഞാനിനി നിന്റെ കൂടെ വരികേല,"

"എടീ, നിന്നോട് അതൊക്കെപ്പറയാനൊള്ള ലൈസന്സ് എനിക്കൊണ്ട്. ഞാന് നിന്നെ കെട്ടാന് പോകുന്നയാളാ."

"അതൊക്കെ എത്ര കൊല്ലം കഴിഞ്ഞ് നടക്കേണ്ട കാര്യങ്ങളാ? എന്ന് വെച്ച് നിന്റെ ലാങ്ങ്വേജില് എന്തിനാ ഇങ്ങനത്തെ വാക്കുകളൊക്കെ വരുന്നെ?"

"എന്റെ ലാങ്ങ്വേജ് അല്ലേ റോങ്ങ്? വേറെ വല്ല ആമ്പിള്ളേരും അകണാരുന്നു. നിന്നെ എപ്പം ബെഡ് റൂമിക്കേറ്റീന്ന് ചോദിച്ചാ മതി,"

ഷാരോണ് ചെവി പൊത്തി.

"എടീ നീ അത് പോലെ സുന്ദരിയല്ലേ? അത് കൊണ്ട് പറഞ്ഞതാ പൊന്നേ, ക്ഷമിക്ക്!"

അന്ന് രാത്രി ഹോസ്റ്റലില് ഷാരോണ് തനിച്ചായിരുന്നു.

റൂം മേയ്റ്റ് ദീപ്തി അന്നാണ് വീട്ടില് പോയത്.

അവളുടെ അമ്മാവന് മരിച്ചുപോയിരുന്നു.

വായിച്ചുകൊണ്ടിരുന്ന പുസ്തകം അവള് മടക്കി മേശപ്പുറത്ത് വെച്ചു.

ഒരു മൂഡ് തോന്നുന്നില്ല.

അവള് മൊബൈല് എടുത്തു.

എ എ എ ഷെല്ലി അലക്സ്.

കോണ്ടാക്റ്റ് ലിസ്റ്റില് ഏറ്റവും ആദ്യം വരുന്നതിനു വേണ്ടി അങ്ങനെയാണ് അവള് ഷെല്ലിയുടെ നമ്പര് സേവ് ചെയ്തിരുന്നത്.

"ദയവായി ക്ഷമിക്കുക, നിങ്ങള് വിളിക്കാന് ശ്രമിക്കുന്ന കസ്റ്റമര് പരിധിയ്ക്ക് പുറത്താണ്.."

"നാശം,"

അവള് പിറുപിറുത്തു.

പിന്നെ വാട്സ് ആപ്പും അതിന് ശേഷം ഫേസ്ബുക്കും അവള് ചെക്ക് ചെയ്തു.

ഷെല്ലി ഓണ് ലൈനില് ഇല്ല.

"ഇവനിത് എവിടെപ്പോയി?"

അതെങ്ങനെയാ സൂര്യന് താഴെയുള്ള സകല വിഷയങ്ങളും ഏറ്റെടുക്കും അവന്.

എസ് എഫ് കേയുടെ കണ്വീനര്.

കോളേജിലെ സകല ബുദ്ധിജീവികളുടെയും സംഘടനയായ സര്ഗ്ഗശാലയുടെ സെക്രട്ടറി.

സുനാമി മുതല് മ്യാന്മാറിലേ റോഹിങ്ക്യന് അഭയാര്ഥിപ്രശ്നം വരെ സകല കാര്യങ്ങളുമോര്ത്ത് വികാരാധീനനാകുന്നവന്.

കാമ്പസിലെ തീപ്പൊരി പ്രാസംഗികന്.

എന്റെ ബെസ്റ്റ് ഫ്രണ്ട്.

ഷെല്ലി അലക്സ്.

"എന്റെ ഷെല്ലി, നീയെവിടെയാ? തന്നെയിരുന്നു ബോറടിച്ചപ്പം നിന്നോടൊന്ന് മിണ്ടീം പറഞ്ഞും ഇരിക്കാല്ലോന്ന് വെച്ചപ്പം നീയീ ഗ്രഹത്തിലൊന്നുമില്ലേ?"

അവള് മൊബൈല് മേശമേല് വെച്ചു.

കിടക്കയിലേക്ക് ചാഞ്ഞു.

സുഖകരമായ ഒരു നിമിഷം അവള് ആഗ്രഹിച്ചു.

റോയി പറഞ്ഞ കാര്യങ്ങള് അവള് ഓര്ത്തു.

സുന്ദരി.

വലിയ മുല.

നേരാണോ?

അവള് മേശപ്പുറത്തിരുന്ന കണ്ണാടിയെടുത്ത് നെഞ്ചിനു നേരെ പിടിച്ചു.

"ഉം, കുഴപ്പമില്ല,"

അവള് പുഞ്ചിരിച്ചു.

അവള്ക്ക് തന്റെ മാറിടം നഗ്നമായി കാണണം എന്ന് തോന്നി.

ടോപ്പിന്റെ കുടുക്കുകള് അഴിച്ചു.

കൈ അകത്തിട്ട് രണ്ടു മുലകളും പുറത്തിട്ടു.

പിങ്ക് നിറമുള്ള മുലകണ്ണുകള് അവള് പതിയെ ഞെരടി.

"ഹാവൂ..."

അവളുടെ കണ്ണുകള് കൂമ്പിയടഞ്ഞു.

മുഖമില്ലാത്ത ഒരു പുരുഷന് അവിടെ സ്പര്ശിക്കുന്നത് അവള് സങ്കല്പ്പിച്ചു.

അവള് അധരം കടിച്ചമര്ത്തി.

ആരുടെ കണ്ണുകളും ചുണ്ടുകളും ആണ് ആ പുരുഷന്?

റോയിയുടെ?

അല്ല.

എത്ര ശ്രമിച്ചിട്ടും അവന്റെ മുഖം അവളുടെ മനോമുകുരത്തില് തെളിഞ്ഞില്ല.

പിന്നെ ആരാണ്?
ഇരുപത്തൊന്ന് വയസ്സായി തനിക്ക്.
ഒരു പോളിറ്റിക്കല് സെലിബ്രിറ്റിയുടെ മകളായതുകൊണ്ട് ചിലര്ക്ക് ഭയം.
പുറമേക്ക് കാണിക്കുന്നില്ലങ്കിലും ചിലര്ക്ക് വെറുപ്പ്.
കൂടുതലപ്പേരും വ്യര്ഥമായ സൗഹൃദം ആണെന്ന് തോന്നിയിട്ടുണ്ട്.
പക്ഷെ എല്ലാവരെയും ഒരു ഉപാധിയും കൂടാതെ താന് അംഗീകരിച്ചിട്ടുണ്ട്.
അതിനിടയ്ക്ക് റോയിയുടെ പപ്പയാണ് ഒരു പാര്ട്ടിയില് വെച്ച് തന്റെ പപ്പായോട്ടു തന്നെ അദ്ധേഹത്തിന് മരുമകളായി തരാമോയെന്ന് ചോദിച്ചത്.
മകളുടെ പെഴ്സണല് കാര്യമാണ് അവളുടെ വിവാഹം, അതുകൊണ്ട് അവളോട് ചോദിക്കു എന്നാണ് അന്ന് തന്റെ പാപ്പാ പറഞ്ഞത്.
തന്നോട് ചോദിച്ചപ്പോള് താന് പുഞ്ചിരിക്കുകയായിരുന്നു.
ഏതായാലും കല്യാണം കഴിക്കണം.
അത് പരസ്പരം അറിയുന്ന ആളാവുമ്പോള് എളുപ്പമാണ് എന്ന് താന് കരുതി.
റോയി എപ്പോഴും അധികാരിയാകാന് ശ്രമിക്കുന്നുണ്ട്.
അവന്റെ പല രീതികളും അപക്വമാണെന്നും തോന്നിയിട്ടുണ്ട്.
അവള് വീണ്ടും കണ്ണാടിയില് നോക്കി.
സ്തനങ്ങള് രണ്ടും വിങ്ങിവീര്ത്തുകിടക്കുകയാണ്.
അവള് അവയെ അമര്ത്തിഞെരിച്ചു.
അത് കൊണ്ട് സുഖം പോരാതെ അവള് നൈറ്റ് പാന്റ്റിസിന്റെ ചരട് അഴിച്ചു.
കാലുകള് പൂര്ണ്ണമായി വിടര്ത്തിവെച്ചു.
കണ്ണാടിയെടുത്ത് കാലുകളുടെ വിടവിലേക്ക് നോക്കി.
രോമങ്ങള് വളര്ന്നിട്ടുണ്ട്. നാളെ തന്നെ ട്രിം ചെയ്യണം.
ഒരു കൈ കൊണ്ട് കണ്ണാടി പിടിച്ചിട്ട് അവള് യോനിയുടെ ഇതളുകള് അകത്തി.
നനഞ്ഞ് കുതിര്ന്നിരിക്കുന്നു.
കന്തിന്റെ ഇളം കറുപ്പ് നിറം അവള് കണ്ടു.
മെല്ലെ വിരലുകള് അതില് അമര്ത്തി.
"ങ് ഹാ..ഓ.."
സീല്ക്കാരത്തിന്റെ ശബ്ദം പുറത്ത് കേള്ക്കാതിരിക്കാന് അവള് അധരം കടിച്ചമര്ത്തി.
മിക്കവാറും എല്ലാ മുറികളിലും ഇപ്പോള് ഒറ്റയ്ക്കും കൂട്ടമായും സീല്ക്കാരങ്ങള് ഉയരുന്നുണ്ടാവും.
വിരലമര്ത്തുന്നതിന്റെയും ലെസ്ബിയന് സെക്സിന്റെയും.
മിക്കവാറും എല്ലാ പെണ്ണുങ്ങള്ക്കും അമിതമായ സ്തന വളര്ച്ചയും ശരീരത്തിനു താങ്ങാനാവാത്തത്ര നിതംബവുമുണ്ട് മിക്കവര്ക്കും.
അതുകൊണ്ടു തന്നെ അമിതമായ കടിയും കഴപ്പുമാണ്.
എല്ലാവരുടെയും കൈയില് വിപണിയില് ഇറങ്ങിയ ഏറ്റവും പുതിയ സ്മാര്ട്ട് ഫോണുകളും.
രാത്രി പത്തുമണിയാകുമ്പോള് തന്നെ എല്ലാമുറികളിലും ലൈറ്റുകള് ഓഫാകും.
പിന്നെ ഒരാവേശമാണ്. ഉടുപ്പുകള് ഊരിമാറ്റാന്.
അടിവസ്ത്രങ്ങള് പോലും കാണില്ല ചിലപ്പോള്.
റൂം മേറ്റ് കാണുന്നുണ്ടോ ഇല്ലയോ എന്നൊന്നും നോക്കില്ല.
കാമം തലക്ക് പിടിച്ചു മുറുകുമ്പോള് ആരും ആരെയും ശ്രദ്ധിക്കില്ല.
ദീപ്തിയും ഷാരോണും പക്ഷെ വ്യത്യസ്തരായിരുന്നു.
മറ്റേയാള് ഉറങ്ങിയെന്നറിഞ്ഞാല് മാത്രമേ അവര് സ്വയം സുഖത്തിനു ശ്രമിക്കാറുള്ളൂ.
തന്റെ അച്ചന്റെ പ്രതിച്ഛായ തകര്ക്കുന്നതൊന്നും തന്റെ ഭാഗത്തുനിന്നുമുണ്ടാവരുത് എന്ന് അവള്ക്ക് നിര്ബന്ധമുണ്ടായിരുന്നു.
കണ്ണാടിയില് നോക്കി അവള് കന്ത് പിടിച്ചു ഞെരിച്ചു.
പിന്നെ വിരലുകള് നനഞ്ഞ് കുഴഞ്ഞ യോനിപ്പിളര്പ്പിലെക്ക് കുത്തിയിറക്കി.
"ഹോഹോ...എന്റെ..."
മുഖമില്ലാത്തയാളുടെ ശരീരം സങ്കല്പ്പിച്ച്...
ബാസ്കറ്റ് ബോള് ഗ്രൌണ്ട്.
ജേഴ്സിയും ഷോര്ട്ടുമണിഞ്ഞ് വശ്യമായ ചടുല ചലനങ്ങളിലൂടെ പെണ്കുട്ടികള് ചിത്രശലഭങ്ങളെപ്പോലെ ഗ്രൗണ്ടില് നിറഞ്ഞു.
ആവേശകരമായ അന്ത്യത്തോടെ ഒരു റൌണ്ട് അവസാനിപ്പിച്ചപ്പോള് ഷാരോണ് പറഞ്ഞു.
"ഞാന് നിര്ത്തി,"

"എന്തായിത് ഷാരൂ,"

രോഹിണി നീരസത്തോടെ അവളെ നോക്കി.

"ഒരു ഗെയിമല്ലേ, കഴിഞ്ഞുള്ളു, എന്നിട്ടാണ്..."

"എനി അദര് പ്രോഗ്രാം?"

ഭോപ്പാല്കാരി അമീഷ ഉപ്പയും തിരക്കി.

"ഇന്ന് ഫ്രൈഡേ ആണ്,"

ഷാരോണ് അറിയിച്ചു.

"നിനക്ക് നിസ്കരിക്കാന് പോണമായിരിക്കും,"

സനാ അഷ്റഫ് മുഖം കോട്ടി.

"നോ,"

ഷാരോണ് പറഞ്ഞു.

"ഇന്ന് സര്ഗ്ഗശാലയുണ്ട്,"

"സര്ഗ്ഗശാലയോ? അതെന്താ?"

കോളേജില് പുതുതായി വന്ന ആവന്തിക ചോദിച്ചു.

ഷാരോണ് അവളെ കടുപ്പിച്ചു നോക്കി.

എന്നിട്ട് ബാസ്കറ്റ് ബോള് കൈയിലെടുത്തുകൊണ്ട് ചോദിച്ചു.

"ഇതെന്താ?"

"ബോള്,"

നീരസത്തോടെ അവള് പറഞ്ഞു.

"ആരാ പ്രിഥിരാജ്?"

"ആക്ടര്, എന്റെ ഹാര്ട്ട് ത്രോബ്!"

രണ്ടു കൈകളും നെഞ്ചില് ചേര്ത്ത് കൊഞ്ചിക്കൊണ്ട് ആവന്തിക പറഞ്ഞു.

"ശരി, ഇനിപ്പറ, എന്താ സര്ഗ്ഗശാല?"

"ഞാനെങ്ങനെയറിയും? ഇത് നല്ല കൂത്ത്!"

ആവന്തിക ശബ്ദമുയര്ത്തി.

"സര്ഗ്ഗശാല എന്നാല് കോളേജിലെ ഒരു കള്ച്ചറല് ഫോറം,"

സ്വാതി ആവന്തികയോട് പറഞ്ഞു.

"കോളേജിലെ സകലമാന ബുദ്ധിജീവികളുടെയും ഒരു കൂടാരം,"

ഗീതാ നായര് പറഞ്ഞു.

"അതിനിവള് ബുദ്ധിജീവിയൊന്നുമല്ലല്ലോ,"

ആവന്തിക പറഞ്ഞു.

"ഷാരോണ് നീ പറ, ഇതാ ഇന്ത്യയുടെ തലസ്ഥാനം?"

"എനിക്കറിയില്ല മോളെ,"

ഷാരോണ് ചുണ്ടുകള് കോട്ടിക്കൊണ്ട് പറഞ്ഞു.

"ഞാന് ഇമ്പോസിഷന് എഴുതിക്കോളാം."

"പക്ഷെ ഷെല്ലി അലക്സാണ് സര്ഗ്ഗശാലയുടെ ബോസ്സ്. അവന് മഹാബുദ്ധിജീവിയാണ്. സര്വ്വോപരി നമ്മുടെ ബ്യൂട്ടിക്വീന് ഷാരോണ് സിറിയക്കിന്റെ ഹാര്ട്ട് ത്രോബാണ്!"

"നീ പോടീ!"

ഷാരോണ് പറഞ്ഞു.

ഷെല്ലി എന്റെ ഫ്രണ്ടാണ്. എന്റെ ബെസ്റ്റ് ഫ്രണ്ട്. എന്റെ ബ്രദര്,"

ബോള് കൂട്ടുകാരുടെ നേരെ എറിഞ്ഞുകൊടുത്ത് ഷാരോണ് ഗ്രൌണ്ടിനു വെളിയിലേക്ക് പോയി.

വരാന്തയില് നിന്ന് രണ്ടാമത്തെ ഫ്ലോറിലേക്ക് തിടുക്കത്തില് പ്രവേശിക്കുകയായിരുന്ന ഷാരോണ് ഷെല്ലിയെക്കണ്ട് പെട്ടെന്ന് നിന്നു.

"എന്നാ പറ്റീടാ?"

അവന്റെ മുഖത്തെ പരിഭ്രമംകണ്ട് അവള് ചോദിച്ചു.

"ഓ! അവള്ക്ക് കുശലം ചോദിക്കാന് കണ്ടനേരം!"

അസന്തുഷ്ടി നിറഞ്ഞ ഭാവത്തോടെ ഷെല്ലി പറഞ്ഞു.

ഷെല്ലിയെ അവള് ഒരിക്കലും പ്രസന്നതയോടെയല്ലാതെ കണ്ടിട്ടില്ല. വിഷമഘട്ടങ്ങള് അവനെ തളര്ത്താറില്ല എന്ന് അവള്ക്കറിയാം. ശാന്തതയും നിയന്ത്രണവും അവന്റെ വാക്കുകളിലും പ്രവര്ത്തികളിലും എപ്പോഴുമുണ്ട്.

അതുകൊണ്ട് അവന്റെ മുഖത്ത് കണ്ട പരിഭ്രമം അവളെ അദ്ഭുതപ്പെടുത്തി.

"നീ കാര്യം പറ ഷെല്ലി,"

തന്നെക്കടന്ന് താഴേക്കിറങ്ങാന് തുടങ്ങിയ ഷെല്ലിയെ അവള് കൈക്ക് പിടിച്ച് നിര്ത്തി.

"എടീ നീ മിനിയെക്കണ്ടോ?"

"മിനിയോ? അതാരാ? ഓ! കേ എസ് മിനി? ഇല്ല, കണ്ടില്ല. എന്നാടാ?"

"കേ എസ് മിനിയല്ല. കേ എസ് ചിത്ര!"

ഷെല്ലിയുടെ വാക്കുകളില് ദേഷ്യമുണ്ടായിരുന്നു.

"എടീ കഴിഞ്ഞാഴ്ച്ച നമ്മുടെ കോളേജില് ജോയിന് ചെയ്തില്ലേ ഒരു മിനി? മിനി മോള് മാത്യു? അവളെക്കണ്ടോ?"

ഷാരോണിനു പെട്ടെന്ന് ആളെ മനസ്സിലായി.

ഒരാഴ്ച്ച മുമ്പ് ആദ്യവര്ഷ ബീ എസ് എസി ഫിസിക്സില് ഒരു പെണ്കുട്ടി ചേര്ന്നിരുന്നു.

അവളുടെ വരവ് അദ്ഭുതത്തോടെയാണ് കോളേജിലെ ആണ്കുട്ടികള് കണ്ടത്.

അതീവ സുന്ദരിയായ അവള് ഡിപ്പാര്ട്ട്മെന്റല് സ്റ്റാഫ് റൂമുകളിലും സംസാരവിഷയമായി.

ഹൈദരാബാദ് കേന്ദ്രമാക്കിയുള്ള രാജ്യാന്തര പ്രശസ്തിയാര്ജ്ജിച്ച ഒരു ഐ ടി കമ്പനിയുടെ ഉടമയാണ് അവളുടെ പിതാവ്.

അവളാണ് മിനിമോള് മാത്യു.

"ഇല്ലല്ലോടാ എന്നാ കാര്യം?"

"എടീ ഇന്നത്തെ മീറ്റിങ്ങില് വെല്കം സ്പീച് അവളാ. സെമിനാര് ഹാള് മൊത്തം നിറഞ്ഞു. ഗസ്റ്റ് മലയാളം ഡിപ്പാര്ട്ട്മെന്റില് ഉണ്ട്. സെക്കന്റുകള്ക്കുള്ളില് മീറ്റിംഗ് തൊടങ്ങും. എല്ലാരും എത്തി. അവള് മാത്രം വന്നില്ല. അവളെ അന്വേഷിക്കാന് ഒരിടം പോലും ഇനി ബാക്കിയില്ല."

"അവള്ടെ ക്ലാസ്സില് ഒന്ന് നോക്കാന് മേലാരുന്നോ?"

"അവടെ അവള് ഒഴികെ ബാക്കിയെല്ലാരും ഒണ്ട്,"

"എന്നാലും നീ ഒന്നൂടെ നോക്ക്. ഞാനും തപ്പാം. നീ റ്റെന്ഷനടിക്കാതെ,"

ഷാരോണ് നിര്ദ്ദേശിച്ചു.

"ശരി,"

അവന് താഴേക്കിറങ്ങാന് തുടങ്ങി.

"ഇനി അവളെയെങ്ങാനും കണ്ടില്ലേല് പൊന്നുമോളെ നീ പറഞ്ഞേക്കണം വെല്ക്കം സ്പീച്,"

"നോക്കട്ടെ,"

ഷാരോണ് പറഞ്ഞു.

"ആട്ടെ, ആരാ ഇന്നത്തെ ഗസ്റ്റ്?"

"ഇന്നത്തെ ഗസ്റ്റ് പൊറത്ത് നിന്നുള്ള ആള് അല്ല."

ഷെല്ലി അറിയിച്ചു.

"നമ്മടെ അകത്തേ ആള്. ഫിസിക്സ് ഡിപ്പാര്ട്ട്മെന്റിലെ നന്ദകുമാര് സാര്. വിഷയം. ആണവനിലയങ്ങള് ആര്ക്കുവേണ്ടി. ട്ടണ്ട്ടണേയ്..."

നന്ദകുമാര് സാര്!

ഷാരോണിന്റെ മുഖം പ്രകാശിച്ചു.

"എന്നാല് ഏറ്റു ഞാന് കുട്ടാ,"

ഷാരോണ് ആഹ്ലാദഭരിതയായി പറഞ്ഞു.

"ഇനി മിനി വില്ലിംഗ് ആണേലും അവള്ടെ പേര് വെട്ടിയേരെ,"

"ശരി,"

അവളുടെ ഉത്സാഹം കണ്ടു ഷെല്ലി ചെറുതായി അദ്ഭുതപ്പെട്ടു.

"എന്നാലും ആ ഡാഷ് മോള് ക്ലാസ്സില് ഒണ്ടോന്ന് ഞാനൊന്ന് നോക്കട്ടെ,"

ഷെല്ലി വരാന്തയിലൂടെ അതിദ്രുതം ആദ്യവര്ഷ ഫിസിക്സ് ക്ലാസ്സിലേക്ക് നടന്നു.

ക്ലാസിനുള്ളിലെക്ക് അവന് കടന്നു.

അവിടം ശൂന്യമായിരുന്നു.

"രവീ,"

പുറത്തുകണ്ട ഒരുവനോട് ഷെല്ലി തിരക്കി.

"ഈ ക്ലാസ്സിലൊള്ളോരൊക്കെ എവടെപ്പോയി?"

"ലാബിലുണ്ട് ഷെല്ലി,"

അവന് പറഞ്ഞു.

"ഇപ്പം പ്രാക്റ്റിക്കലാ,"

"ഓ, അത്ശരി!"

അവന് പുറത്തേക്ക് കടക്കാന് തുടങ്ങി.

അപ്പോഴാണ് ക്ലാസ്സിന്റെ മൂലയില് അവസാനത്തെ നിരയിലേക്ക് അവന് നോക്കിയത്.

അവിടെ ഒരു പെണ്കുട്ടി ഡെസ്കില് മുഖം പൂഴ്ത്തിക്കിടക്കുന്നത് അവന് കണ്ടു.

അവന് പതിയെ അങ്ങോട്ട് നടന്നു.

അവളുടെ തലമുടി ഡെസ്കിന്മേല് അഴിഞ്ഞുലഞ്ഞു കിടന്നു.

അവന് സംശയിച്ച് അവളുടെ തോളില് പതിയെ തട്ടി.

അവള് അനങ്ങിയില്ല.

"ഹേയ്,"

അവന് ശബ്ദമിട്ട് അവളെ വീണ്ടും സ്പര്ശിച്ചു.

അവളില് ചെറിയ ഒരനക്കം ദൃശ്യമായി.

പതിയെ മുഖമുയര്ത്തി അവനെ നോക്കി.

ഷെല്ലി പരഭ്രമിച്ചു.

അവളുടെ കണ്ണുകള് ചുവന്നിരുന്നു.

മയക്കവും അസുഖകരമായ ഒരാലസ്യവും അവന് ആ ഭംഗിയുള്ള കണ്ണുകളില് കണ്ടു.

ദീര്ഘനിദ്രയില് നിന്നുണര്ന്ന ഭാവമായിരുന്നു അവള്ക്ക്.

"എന്താ?"

ദേഷ്യത്തോടെ അവള് ഷെല്ലിയോട് ചോദിച്ചു.

ഷെല്ലി ആ ചോദ്യം കേട്ടില്ല.

അവളുടെ അസാധാരണമായ സൌന്ദര്യത്തിന്റെ ഭംഗിയിലായിരുന്നു അവന്റെ കണ്ണുകള് മുഴുവനും.

ആദ്യമായാണ് താന് ഇവളെ കാണുന്നത്?

മഹേഷ് ആണ് പറഞ്ഞത് ഇന്നത്തെ പ്രോഗ്രാമിന് സ്വാഗതപ്രസംഗം ഏറ്റിരിക്കുന്നത് ഇവളാണെന്ന്.

"ഹേയ് യൂ!"

അവള് ശബ്ദമുയര്ത്തി.

"ഐ ആസ്ക് യൂ. വാട്ട് ഡൂ യൂ വാന്റ്?"

"ങ്ഹേ?"

ഷെല്ലി അമ്പരപ്പില് നിന്ന് ഞെട്ടിയുണര്ന്നു.

"ഞാന് ...ഞാന്..അതേയ് , മീറ്റിംഗ് തൊടങ്ങാറായി,"

"മീറ്റിംഗ്? വാട്ട് മീറ്റിംഗ്?"

"ഇന്ന് ഫ്രൈഡേയാ,"

അവന് വിശദീകരിച്ചു.

"സര്ഗ്ഗശാലയുടെ മീറ്റിംഗ് ഒണ്ട്. ഫിസിക്സ് ഡിപ്പാര്ട്ട്മെന്റിലെ നന്ദകുമാര് സാര് പ്രസംഗിക്കുന്നു. വെല്കം സ്പീച് നിങ്ങളാ ഏറ്റെ,"

അവള് അവനെ ക്രുദ്ധയായി നോക്കി.

"സര്ഗ്ഗശാല? വെല്കം സ്പീച്ച്? വാട്ട് ആര് യൂ ടോകിംഗ് എബൌട്ട്?"

അസഹനീയമായ അസഹിഷ്ണുത അവളുടെ വാക്കുകളില് പ്രകടമായി.

"അതേ,"

ഷെല്ലിയുടെ വാക്കുകളിലും ദേഷ്യം കടന്നുവന്നു.

"സര്ഗ്ഗശാല. വെല്കം സ്പീച്ച്. കഴിഞ്ഞാഴ്ച്ചത്തെ മീറ്റിങ്ങില് നിങ്ങള് ഒണ്ടാരുന്നു. ഇന്നത്തെ പ്രോഗ്രാമിന്റെ മിനിട്സ് റെഡിയാക്കുമ്പം നിങ്ങളാ മുമ്പോട്ട് വന്ന് പറഞ്ഞത് വെല്കം സ്പീച്ച് നിങ്ങള് ചെയ്തോളാന്ന്."

"ആരോട് പറഞ്ഞു? നിങ്ങളോട് പറഞ്ഞോ?"

എഴുന്നേറ്റ് നിന്ന് അവള് ചോദിച്ചു.

തന്റെ അലസമായ മുടി അവള് മാടിയൊതുക്കി.

അപ്പോള് അവളുടെ കൈത്തണ്ടയില് മുറിപ്പാടുകള് അവന് കണ്ടു.

സൂചികൊണ്ടോ മാത്തമാറ്റിക്കല് കോമ്പസ് കൊണ്ടോ കുത്തിയതുപോലുള്ള മുറിപ്പാടുകള്.

ഷെല്ലി അങ്ങോട്ടു നോക്കുന്നത് കണ്ട് അവള് പെട്ടെന്ന് കൈ താഴ്ത്തി.

"യൂ ഡോണ്ട് കം റ്റു ഡിസ്റ്റേർബ് മീ; ഡൂ യൂ?"

അവള് ദേഷ്യത്തോടെ തന്റെ ബാഗ് എടുത്തു.

തുറന്നിരുന്ന അതിന്റെ ഒരു പോക്കറ്റില് നിന്ന് ഒരു പേപ്പര് പാക്ക് താഴെ വീണത് പക്ഷെ അവള് കണ്ടില്ല.

ക്രുദ്ധയായി അവള് പുറത്തേക്ക് പോയി.

ഒരു ട്രക്കിനെ ഓവര്ടേയ്ക്ക് ചെയ്തതിനു ശേഷം കാര് ഒരു വളവിലേക്ക് തിരിഞ്ഞു.

"നിഷാ, നിര്ത്ത്!"

പുറത്തേക്ക് നോക്കിയിരിക്കുകയായിരുന്ന റഫീക്ക് പെട്ടെന്ന് പറഞ്ഞു.

"എന്താ?"

വേഗത കുറച്ച് പാതയരികിലേക്ക് കാര് നീക്കവേ നിഷ ഗോഖലെ തിരക്കി.

"അത്!"

അവന് പുറത്തേക്ക്, പാതയുടെ അപ്പുറത്തെ അരികിലേക്ക് വിരല് ചൂണ്ടി.

നിഷ അങ്ങോട്ടു നോക്കി.

പാതയ്ക്കപ്പുറത്ത്, മഴവെള്ളം നിറഞ്ഞ ഒരു കുഴിയില് ഒരാള് വീണുകിടക്കുന്നത് അവള് കണ്ടു.

അയാളുടെ തലയും തോള്ഭാഗവുമൊഴിച്ച് ബാക്കി ഭാഗം വെള്ളത്തിനടിയിലായിരുന്നു.

"പടച്ചോനെ!"

തിടുക്കപ്പെട്ടു ഡോര് തുറന്ന് റഫീക്ക് പുറത്തിറങ്ങി.

നിഷയും അയാളുടെ പിന്നാലെ ചെന്നു.

അവര് ചളിക്കുഴിയുടെ അടുത്തെത്തി.

"മൈ ഗുഡ്നെസ്!!"

ചളിയില് പൂണ്ടുകിടക്കുന്നയാളുടെ മുഖത്തേക്ക് നോക്കി റഫീക്ക് വീണ്ടും ആകുലതയോടെ മന്ത്രിച്ചു.

ഭയവും അമ്പരപ്പും നിറഞ്ഞ രാഫീക്കിന്റെ മുഖത്തേക്കും ചളിവെള്ളത്തില് പുതഞ്ഞുകിടക്കുന്നയാളുടെ മുഖത്തേക്കും നിഷ മാറിമാറി നോക്കി.

"ആരാ ഇത് റഫീക്ക്?"

അവള് മന്ത്രിക്കുന്ന സ്വരത്തില് ചോദിച്ചു.

"നന്ദു,"

അവന് പറഞ്ഞു.

"നന്ദകുമാര്,"

"ങ്ഹേ?"

അവള് വിശ്വാസം വരാതെ അവനെയും നന്ദകുമാറിനേയും മാറി മാറി നോക്കി.

"കമോണ്, നിഷാ,"

അവന് അവളെ നോക്കിപ്പറഞ്ഞു.

"വാ, പിടിക്ക്!"

അവന് കുഴിയിലേക്കിറങ്ങി.

"സൂക്ഷിക്കണം,"

അവനോടൊപ്പം ചളിക്കുഴിയിലേക്ക് ഇറങ്ങിക്കൊണ്ട് അവള് മുന്നറിയിപ്പ് കൊടുത്തു.

"വളരെ അപൂര്വ്വമായ, അതിവിശിഷ്ടമായ എന്തോ ഒന്നാണ് കഴിച്ചിരിക്കുന്നെ, റഫീക്ക്,"

അവനോടൊപ്പം നന്ദകുമാറിനെ ചളിവെള്ളത്തില് നിന്ന് താങ്ങിപ്പിടിച്ച് കുഴിക്ക് പുറത്തേക്ക് കയറവേ അവള് പറഞ്ഞു.

"മണമടിച്ചാല് മതി, ഒരു നാലഞ്ചുദിവസത്തേക്ക് സുഖമായി ബോധം കെടാം,"

***********************************************

റഫീക്ക് ലാപ് ടോപ്പില് ടൈപ്പ് ചെയ്യുകയും നിഷ കിടക്കയില് ചാരിക്കിടന്ന് ഇന്ത്യാ ടൈംസില് റഫീക്ക് എഴുതിയ "കേരള ലെഫ്റ്റ് ലീനിംഗ് റൈറ്റ്" എന്ന ലേഖനം വായിക്കുകയും ചെയ്യുകയായിരുന്നു.

ഇടയ്ക്ക് അവന് കണ്ണുകള് മോണിട്ടറില് നിന്ന് മാറ്റി നിഷയെ നോക്കി.

ഗൌരവമേറിയ വായനക്കിടയിലും റഫീക്കിന്റെ കണ്ണുകളുടെ ചൂടുള്ള സ്പര്ശം തന്റെ ദേഹത്ത് അമരുന്നത് നിഷ അറിഞ്ഞു.

അവള് ലേഖനത്തില് നിന്ന് കണ്ണുകള് മാറ്റി അവനെ നോക്കി.

കറുത്ത സ്കേര്ട്ട് സ്ഥാനം തെറ്റിയതിനാല് നഗ്നമായ തന്റെ തുടകളിലാണ് അവന്റെ കണ്ണുകള്.

"ആ അസൈന്മെന്റ് വേഗം കമ്പ്ലീറ്റ് ചെയ്യണം മിസ്റ്റര്!"

അവള് ശബ്ദമുയര്ത്തിക്കൊണ്ട് സ്കേര്ട്ട് തുടകളിലെക്ക് പിടിച്ചിടാന് തുടങ്ങി.

"നിക്ക് നിക്ക്!!"

അവളെ വിലക്കിക്കൊണ്ട് അവന് ചിരിച്ചുകൊണ്ട് പറഞ്ഞു.

"അതങ്ങനെ കിടക്കട്ടെ, മിസ്സ് ഇന്ത്യാ നിഷാ ഗോഖലെ. ഈ ബോറന് മരുഭൂമിയിലേ ആശ്വാസത്തിന്റെ ഒട്ടകക്കഴുത്താണ് നിന്റെയീ ഭംഗി,"

നിഷ സ്കേര്ട്ട് അങ്ങനെ തന്നെയിട്ടു.

അവളുടെ തുടകളുടെ വശ്യമാദകത്വത്തിലേക്ക് അവന് ദാഹത്തോടെ നോക്കി.

"എന്നെ ഇങ്ങനെ നോക്കല്ലേ റഫീക്ക്,"

അധരം കടിച്ചമര്ത്തി ദാഹാര്ത്തമായ സ്വരത്തില് അവള് മന്ത്രിച്ചു.

"ഒരു പെണ്ണാണ് ഞാന്. വെറും പെണ്ണ്. ഒരേയൊരു പുരുഷനെ മാത്രം സ്നേഹിക്കുകയും അവനെ മാത്രം ഓര്ത്തുകൊണ്ടിരിക്കുകയും ചെയ്യുന്ന പെണ്ണ്,"

അവന്റെ കണ്ണുകള് തുടകളില് നിന്ന് അവളുടെ അരക്കെട്ടിലെക്ക് സഞ്ചരിച്ചു.

പിങ്ക് നിറമുള്ള ടോപ്പിന്റെ അടിഭാഗം അവളുടെ ചേതോഹരമായ പൊക്കിള്ക്കൊടിയുടെ മുകളില്വരെയേ എത്തിയിരുന്നുള്ളൂ.

അവിടെ അവന്റെ കണ്ണുകള് ഉടക്കി.

"റഫീക്ക്,"

അവന് വീണ്ടും അവളുടെ ദാഹം കത്തുന്ന സ്വരം കേട്ടു.

"ഞാനേ, ലേഡീ വസിഷ്ഠനോ കല്ലോ മരമോ ഒന്നുമല്ല, നീ എന്റെ ദേഹത്തേക്ക് ഇങ്ങനെ നോക്കുമ്പോള് നിയന്ത്രണം നഷ്ട്ടപ്പെടുത്താതെ പിടിച്ചു നില്ക്കാന്..."

അവന്റെ കണ്ണുകള് വീണ്ടും മുകളിലേക്ക് ഇഴഞ്ഞു.

അവളുടെ ഏറ്റവും മന്ത്രമുഗ്ധമായ ഭാഗത്ത്.

സുഗന്ധിയായ കാമത്തിന്റെ ആവേശത്താല് ഉലഞ്ഞ്, ഉയര്ന്ന താഴ്ന്ന, കാണുന്ന ഏതു പുരുഷനിലും ഭ്രാന്തമായ ആവേശമുണര്ത്തുന്ന നിറഞ്ഞ മാറിടത്തില്.

"എന്റെ...എന്റെ..."

അവളുടെ മാന്ത്രികഭംഗി നൃത്തം ചെയ്യുന്ന നീള്മിഴികള് കൂമ്പിയടഞ്ഞു.

"റഫീക്ക്...എന്റെ റഫീക്ക്...എന്നെ...എന്നെ...എന്നെയൊന്ന്...തൊട്ടൂ..."

റഫീഖിന്റെ കൈവിരലുകള് അവളുടെ തുടയില് അമര്ന്നു.

പെട്ടന്നവള് കണ്ണുകള് തുറന്നു.

അവന്റെ കൈ പിടിച്ചു മാറ്റി.

"എന്ത് പറ്റി?"

റഫീഖ് ചോദിച്ചു.

അവള് മുമ്പിലേക്ക് കണ്ണുകള് കാണിച്ചു.

അപ്പോഴാണ് റഫീഖും ആ യാഥാര്ത്ഥ്യം തിരിച്ചറിഞ്ഞത്.

മുമ്പില് കിടക്കയില് നന്ദകുമാര് കിടക്കുന്നുണ്ട്.

ഇതുവരെയും ബോധത്തിലേക്ക് വന്നിട്ടില്ല.

മേശപ്പുറത്ത് മരുന്നുകള്.

സ്റ്റാന്ഡില് സസ്പെണ്ട് ചെയ്ത ബോട്ടില് തീരാന് ഇനിയും പതിനഞ്ച് മിനിറ്റെടുക്കും.

നിഷ എഴുന്നേറ്റ് അയാളുടെ നാഡി പരിശോധിച്ചു.

നെഞ്ചില് കൈവെച്ചു.

"എന്ത് പറ്റി?"

"ഹാര്ട്ട് ബീറ്റ് ഒക്കെ അബ്നോര്മല് ആണ് റഫീഖ്,"

അവള് പറഞ്ഞു.

"നീ പറഞ്ഞത് പോലെയാണ് കുടിക്കുന്നതെങ്കില് അധികം നാള് ആള് ഉണ്ടാവില്ല."

റഫീഖ് ദൈന്യതയോടെ അയാളെ നോക്കി.

അവള് പിന്നെ റഫീഖിന് അഭിമുഖം ഇരുന്നു.

"എന്നാലും എന്റെ റഫീഖ്...മൂന്ന് വര്ഷം ...മൂന്ന് വര്ഷമായിട്ടും ഈ മനുഷ്യന് സുമിത്രയെ മറക്കാതെ..."

തളര്ന്ന്, ബോധം മറഞ്ഞു, വൈദ്യ പരിചരണത്തില് കിടക്കുന്ന, മുടിയും താടിയും നീണ്ടു വികൃതമായി തോന്നിച്ച നന്ദകുമാറിന്റെ മുഖത്തേക്ക് നോക്കി നിഷ പറഞ്ഞു.

"നീ കാണിച്ചു തന്ന ആല്ബത്തിലെ രൂപവും മുമ്പില് കിടക്കുന്ന ഈ രൂപവും ഒന്നാണ് എന്ന് എങ്ങനെ വിശ്വസിക്കും? ഫോട്ടോയിലെ ആള് ഒരു ബോളിവുഡ് സൂപ്പര് സ്റ്റാറിനെപ്പോലുണ്ട്. "

"എന്റെ ഡോക്ടറെ,"

അയാളുടെ മുഖത്ത് നോക്കിക്കൊണ്ട് റഫീക്ക് പറഞ്ഞു.

"ഡെല്ഹി യൂണിവേഴ്സിറ്റിയിലെ ഏറ്റവും നാണം കുണുങ്ങി പയ്യനായിരുന്നു ഇവന്. ഏറ്റവുമധികം ലവ് ലെറ്റര് കിട്ടിക്കൊണ്ടിരുന്ന വിദ്യാര്ഥി. അന്ന് ഇന്നത്തെ പോലെ മൊബൈല് ഒന്നുമില്ല. ഓരോ പ്രോപോസല് വരുമ്പോഴും റ്റെന്ഷനായിരുന്നു, ഇവന്...പെണ്കുട്ടികളെ കാണാതെ ഒളിച്ചു നടക്കും...ആ അവനാണ് ഇങ്ങനെ ഇപ്പോള്..."

കണ്ണുകള് നിറഞ്ഞതിനാലും സ്വരം ഇടറിയതിനാലും റഫീഖിന് തുടരാനായില്ല.

നിഷ അവനെ ചേര്ത്തുപിടിച്ചു.

ഒരു വര്ഷമായി, ഓള് ഇന്ത്യാ ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കല് സയന്സസിലെ കാര്ഡിയോളജിസ്റ്റായ നിഷ ഗോഖലെ ഇന്ത്യാ ടൈംസിലേ ഡെപ്യൂട്ടി എഡിറ്റര് ആയ റഫീഖ് അഹമ്മദിനെ പരിചയപ്പെട്ടിട്ട്, പ്രണയത്തിലായിട്ട്.

ആണ് മുതല് റഫീഖിന്റെ വാക്കുകളിലൂടെ നിഷ അറിയുന്നതാണ് നന്ദകുമാറിനെ.

അന്ന് മുതല് റഫീഖിനോടൊപ്പം താനും അന്വേഷിക്കുതാണ് നന്ദകുമാറിനെ.

ഇന്നലെയാണ് ദേശാഭിമാനിയിലെ ഗോപാലകൃഷ്ണന് വഴിയറിയുന്നത് നന്ദകുമാര് തിരുവനന്തപുരത്തെ പ്രശസ്തമായ സെയിന്റ്റ് മേരീസ് കോളേജില് ചേര്ന്നുവെന്ന്.

അറിഞ്ഞ നിമിഷം പുറപ്പെട്ടതാണ്.

ആദ്യമായി കാണുന്നത് പക്ഷെ മൃതപ്രായമായ നിലയില് മദ്യപിച്ച് ബോധമില്ലാതെ ചളിക്കുഴിയില് കിടക്കുന്നതായിട്ട്.

കോല്ക്കത്ത സെയിന്റ് സേവ്യേഴ്സിലെ പ്രശസ്തനായ ജൂനിയര് ലക്ചറര്.

അറിയപ്പെടുന്ന കലാ സാഹിത്യ നിരൂപകന്.

വിശേഷണങ്ങള് പലതുമുണ്ടായിരുന്ന നന്ദകുമാര് മൂന്ന് വര്ഷങ്ങള്ക്ക് മുമ്പാണ് ബി ബി സി റിപ്പോര്ട്ടര് ആയിരുന്ന സുമിത്രാ സെന്നിനെ വിവാഹം കഴിച്ചത്.

നിത്യഹരിത പ്രണയകഥയിലെ കമിതാക്കള് എന്നായിരുന്നു സുഹൃത്തുക്കള് അവര്ക്ക് നല്കിയിരുന്ന വിശേഷണം.

അത്ര ആവേശമായിരുന്നു, അത്ര തീവ്രമായിരുന്നു അവരുടെ പ്രണയത്തിന്.

പക്ഷെ അത് അധികകാലം നീണ്ടില്ല.

എല്ലാ മനോഹര വസ്തുക്കളും ദീര്ഘകാലം ജീവിക്കില്ല.

'ശ്രീഭുവിലസ്ഥിര" യെന്നാണ് കുമാരനാശാന് വീണപൂവില് എഴുതിട്ടുള്ളത്.

ഒരു ദിവസം റൈറ്റേഴ്സ് ബില്ഡിങ്ങിന് എതിരെയുള്ള അപ്പാര്ട്ട്മെന്റില് തിരിച്ചെത്തിയ നന്ദകുമാര്, ഷെഡ്ഡിനുള്ളില്, കാറിനുള്ളില്, വെടിയേറ്റ് മരിച്ചുകിടക്കുന്ന സുമിത്രയുടെ ശരീരം കണ്ടു.

അന്ന് വൈകുന്നേരം ലഷ്കര് ഇ തോയ്ബയുടെ തലവന് സയീദ് അന്വര് ഹൈഡ് ഔട്ടില്നിന്നുള്ള സന്ദേശം ന്യൂസ് ചാനലുകളിലും പത്രങ്ങളിലും നിറഞ്ഞു.

പ്രസിദ്ധ ബി ബി സി ജേര്ണലിസ്റ്റ് സുമിത്ര സെന്നിന്റെ മരണത്തിന്റെ ഉത്തരവാദിത്തമേറ്റെടുത്തുകൊണ്ട്.

സുമിത്രയും സംഘവും നടത്തിയ ധീരവും രഹസ്യപൂര്ണ്ണവുമായ പര്യടനമാണ് ഒരു വലിയ മിലിട്ടറി ആക്ഷന് ഇന്ത്യന് ആര്മ്മിയെ സഹായിച്ചത്.

ലഷ്കര് കമാണ്ടര് ഉള്പ്പെടെ അനവധിയാളുകള് ആ ഓപ്പറേഷനില് കൊല്ലപ്പെട്ടിരുന്നു.

പോലീസ് എത്തുമ്പോള് ബോധരഹിതനായി നിലത്ത് വീണുകിടക്കുകയായിരുന്നു, നന്ദകുമാര്.

പിന്നെ ഒരു മാസത്തോളം അയാള് ആശുപത്രിയിലും മാനസികാരോഗ്യകേന്ദ്രത്തിലുമായിരുന്നു.

റഫീക്ക് അവസാനം നന്ദകുമാറിനെ കാണുമ്പോള് അയാള് മാനസികാരോഗ്യകേന്ദ്രത്തില് സാധാരണ നില കൈവരിച്ചിരുന്നു.

ഒരു ദിവസം പതിവുപോലെ അയാളെക്കാണാന് ചെല്ലുമ്പോള് ആശുപത്രി അധികൃതര് പരിഭ്രാന്തിയിലായിരുന്നു.

നന്ദകുമാര് എങ്ങോട്ടോ ഓടിപ്പോയിരിക്കുന്നു.

ഒരു വര്ഷം മുമ്പ്.

പിന്നെ എവിടെയൊക്കെ തിരഞ്ഞു.

എത്ര ആളുകളെ കണ്ടു.

നന്ദകുമാറിനു വേണ്ടിയുള്ള തിരച്ചില് ഒരിടത്തുമെത്തിയില്ല.

ഇന്നലെ വരെ.

കാണുമ്പോഴോ മുഴുമദ്യപാനിയുടെ വേഷത്തിലും.

"റഫീക്ക്, നന്ദു എന്തോ പറയുന്നു,"

നിഷ അയാളുടെ മുഖത്ത്നിന്ന് നോട്ടം മാറ്റാതെ പറഞ്ഞു.

റഫീഖ് പെട്ടെന്ന് അങ്ങോട്ടുചെന്നു.

അയാളുടെ ചുണ്ടുകളുടെ തൊട്ടടുത്ത് കാതുകള് ചേര്ത്തു.

"സുമേ, എന്റെ സുമേ..."

നേരിയ ശബ്ദം.

അബോധത്തിലും നന്ദകുമാറില് നിന്ന് വരുന്ന ശബ്ദം അതാണെന്നറിഞ്ഞു റഫീഖിന്റെ മുഖം ദൈന്യമായി.

"എന്ത് പറ്റി? നന്ദു പറയുന്നത്...ഇപ്പോഴും അത് തന്നെ...."

റഫീഖ് മിഴികള് തുടയ്ക്കുന്നത് കണ്ട് അവള് ചോദിച്ചു.

"അതേ ..ഇപ്പോഴും ...ഇപ്പോഴും സുമയെ...സുമയെ ആണിവന് ഓര്ക്കുന്നത്.."

നിഷയുടെ മുഖവും ശോകപൂര്ണ്ണമായി.

അവള് അയാളുടെ മുഖത്ത് വാത്സല്യത്തോടെ തലോടി.

"സാരമില്ല, റഫീഖ്...എല്ലാം എല്ലാം നേരെ ആകും,"

അവള് തലോടല് തുടര്ന്നപ്പോള് അയാളുടെ കവിളുകള് അനങ്ങുന്നത് കണ്ടു.

കണ്പോളകളും.

പതിയെ നന്ദകുമാര് കണ്ണുകള് തുറന്നു.

വളരെയേറെ നേരം അയാള് ഇരുവരെയും നോക്കി.

പിന്നെ പതിയെ എഴുന്നേല്ക്കാന് ശ്രമിച്ചു.

"വേണ്ട,"

നിഷ അയാളുടെ തോളില് പിടിച്ചു.

"എഴുന്നെല്ക്കണ്ട, കിടന്നോളൂ,"

"എന്തൊരു കോലവാടാ ഇത്?"

നന്ദകുമാറിന്റെ കിടക്കയുടെ സമീപത്തേക്ക് കസേര നീക്കിയിട്ടിരുന്നുകൊണ്ട് റഫീഖ് ചോദിച്ചു.

നിഷ അകത്തേക്ക് പോയി.

ആപ്പിള് ജ്യൂസ് ഗ്ലാസ്സുകളിലാക്കി കൊണ്ടുവന്നു.

നന്ദകുമാറിനെ ചുണ്ടില് ഗ്ലാസ് ചേര്ത്തുവെച്ചു കുടിപ്പിച്ചു.

അയാള് വിലക്കി.

"ഉം,"

ദേഷ്യത്തോടെ റഫീഖ് മൂളി.

"അവനതൊന്നും ഇറങ്ങുകേല നിഷേ, നീറ്റായിട്ട് ഒരു ഗ്ലാസ് പട്ടച്ചാരായം സംഘടിപ്പിക്ക് എവിടുന്നേലും. അല്ല പിന്നെ!!"

നന്ദകുമാര് റഫീഖിനെ ക്രുദ്ധനായി നോക്കി.

"മിണ്ടാതിരിക്ക് റഫീഖ്,"

നിഷ നന്ദകുമാറിനെ ദൈന്യതയോടെ വീണ്ടും നോക്കിക്കൊണ്ട് പറഞ്ഞു.

അവള് വീണ്ടും ഗ്ലാസ് അയാളുടെ ചുണ്ടുകളിലെക്കടുപ്പിച്ചു.

ഇത്തവണ അയാള് വിലക്കിയില്ല.

"നീ ഇവിടെ?"

"ഇനി കൊറച്ച് കാലത്തേക്ക് ഇവിടെയാ,"

സ്വരത്തിലെ കാര്ക്കശ്യം മാറ്റാതെ റഫീഖ് പറഞ്ഞു.

"നിന്റെ ഈ കോലം ഒന്ന് മാറ്റാന് പറ്റുമോ ഇല്ലയോ എന്ന് നോക്കട്ടെ ഞാന്!"

നന്ദകുമാര് റഫീഖിന്റെ മുഖത്ത് നിന്ന് നോട്ടം മാറ്റി.

"അതല്ല നന്ദു,"

നിഷ പറഞ്ഞു.

നന്ദകുമാറും അവളെ പെട്ടെന്ന് നോക്കി.

ആദ്യമായാണ് നിഷ നന്ദകുമാറിനെ കാണുന്നത്.

റഫീഖിനെപ്പോലെ അവളും "നന്ദു" എന്ന് അഭിസംബോധന ചെയ്തത് അവനെ സ്പര്ശിച്ചിരിക്കുന്നു എന്ന് അവള്ക്ക് തോന്നി.

"നിഷ,"

അവളെ നോക്കി റഫീഖ് നിഷയെ അയാള്ക്ക് പരിചയപെടുത്തി.

"നിഷ ഗോഖലെ. എണ്ണമറ്റ ഹൃദയങ്ങള് കീറിമുറിക്കുന്ന ദയയില്ലാത്ത കാര്ഡിയോളജിസ്റ്റ്. എ ഐ ഐ എം എസ്സില്. അച്ചന് നിര്മ്മല് കുമാര് ഗോഖലെ. മറാത്തി ചിത്പാവന് ബ്രാഹ്മിന്. സയന്റിസ്റ്റ്. അമ്മ സാറാ കുരുവിള. ക്നാനായ യഹൂദ ക്രിസ്ത്യാനി. പ്രോഫസ്സര് ഡെല്ഹി യൂണിവേഴ്സിറ്റി."

"നല്ല പരിചയപ്പെടുത്തല്,"

നിഷ പരിഹാസ സ്വരത്തില് പറഞ്ഞു.

"നല്ല തറ രാഷ്ട്രീയക്കാരെപ്പോലെ തന്നെയാ മാധ്യമ പ്രവര്ത്തകരും! ജാതിയും മതവും ഒന്നും ഒഴിവാക്കാന് പറ്റില്ല. വാക്കില്പ്പോലും!"

റഫീഖ് പുഞ്ചിരിച്ചു.

"ഒരു അഫ്ഘാന് പട്ടാന്റെയോ ഷെയ്ഖിന്റെയോ എന്തിനധികം നമ്മുടെ മലപ്പുറത്തെ തങ്ങള് കുടുമ്പത്തിന്റെയോ പോലെ പാരമ്പര്യമില്ലാത്ത ഒരു ദലിത് മുസ്ലീം അല്ലേ ഞാന്? അപ്പോള് എന്റെ കൂടെയുള്ളവരെക്കുറിച്ച് അഭിമാനത്തോടെ പറയേണ്ടേ?"

നന്ദകുമാര് നിര്വ്വികാരനായി അവന്റെ വാക്കുകള് കേട്ടിരുന്നു.

അയാള് ചുറ്റും പരതി .

"ഇതാണോ അന്വേഷിക്കുന്നത്?"

മേശവലിപ്പില് നിന്ന് സിഗരെറ്റ് പായ്ക്കറ്റ് എടുത്തുകൊണ്ട് നിഷ ചോദിച്ചു.

ഉത്തരം പറയാതെ അയാള് അത് അവളുടെ കൈയില് നിന്ന് വാങ്ങി.

മദ്യപാന്മാരുമായി സഹവാസം ഇഷ്ട്ടപെടാതിരുന്ന, സിഗരെറ്റിന്റെ മണമടിക്കുമ്പോള് അസ്വസ്ഥനായിരുന്ന നന്ദകുമാറിന്റെ പരിണാമം റഫീഖ് വേദനയോടെയോര്ത്തു.

"ചില്ലറയൊന്നുമല്ലല്ലോ വലിച്ചുതള്ളുന്നത്,"

സ്വരം വീണ്ടും കര്ക്കശമാക്കി റഫീഖ് തുടര്ന്നു.

"ഞാനും നിഷേം മണിക്കൂര് ഒന്നെടുത്താ ഈ മുറിയൊന്നു വൃത്തിയാക്കീത്. ഈ രാജ്യത്തെ മൊത്തം ആള്ക്കാര് വലിച്ചുതള്ളിയതിന്റെ കുറ്റികള് മൊത്തം ഒണ്ടാരുന്നു."

നന്ദകുമാര് റഫീഖിന്റെ വാക്കുകള്ക്ക് ചെവികൊടുക്കാതെ സിഗരെറ്റ് കത്തിച്ചു.

"എടാ സിഗരെറ്റ് വലിക്കണം. വെള്ളമടിക്കണം. എന്ജോയ്മെന്റിന്. റിലാക്സേഷന്. അല്ലാതെ ഇത് രണ്ടും ഭക്ഷണം പോലെയോ ശ്വസിക്കുന്ന വായുപോലെയോ ഉപയോഗിക്കരുത്."

നന്ദകുമാര് വിദൂരതയിലേക്ക് മിഴികള് നട്ടു.

"എടാ നിന്നോടാ ഞാന് പറയുന്നെ,"

റഫീഖ് ഒച്ചയിട്ടു.

"പാസ്റ്റ് പെയിന്ഫുള് ആണ്. സുമിത്രയ്ക്ക് പകരം വെക്കാന് മറ്റാരുമില്ല. നേരാണ്. ഒക്കെ സമ്മതിച്ചു. പക്ഷെ ഇങ്ങനെ ഈ രീതിയില് നിന്നെ കാണാന് നിന്റെ സുമ ആഗ്രഹിക്കുന്നുണ്ടോ?"

നിഷയുടെ മുഖത്ത് വീണ്ടും ദൈന്യത നിറഞ്ഞു.

അവള് റഫീഖിന്റെ നേരെ നോക്കി ഇനി തുടരണ്ട എന്ന അര്ത്ഥത്തില് കണ്ണുകള് കാണിച്ചു.

"എവിടെയാ നിന്റെ താമസം?"

ദീര്ഘ മൗനത്തിന് ശേഷം നന്ദകുമാര് ചോദിച്ചു.

"തമ്പാനൂരില്,"

അവന് പറഞ്ഞു.

"അവിടെ ഇന്ത്യാ ടൈംസിന്റെ ഒരു അപ്പാര്ട്ട്മെന്റ് ഉണ്ട്." റെയില് വേ സ്റ്റേഷന്റെയടുത്ത്,"

************************************************************

എസ് എഫ് കേയുടെ ജനറല് ബോഡിയില് പ്രസംഗിക്കുമ്പോള് ഷെല്ലി അലക്സിന് ഒരു വാട്സ് ആപ് മെസ്സേജ് വന്നു.

മീറ്റ് മീ ഇന് ബ്യൂട്ടി സ്പോട്ട്.

ഷാരോണ് ആണ്.

അത്യാവശ്യമുണ്ടെങ്കില് മാത്രമേ ഷാരോണ് പാര്ട്ടി മീറ്റിംഗിന്റെ ഇടയില് മെസ്സേജ് അയക്കാറുള്ളൂവെന്ന് ഷെല്ലിയ്ക്കറിയാം.

മീറ്റിംഗ് അവസാനിച്ച് കഴിഞ്ഞ് ഷെല്ലി തിടുക്കത്തില് ബ്യൂട്ടി സ്പോട്ടിലേക്ക് നടന്നു.

കൊളേജിന്റെ പിമ്പിലെ അതിമനോഹരമായ ഒരു ഭൂവിഭാഗമാണ് ബ്യൂട്ടി സ്പോട്ട്.

അതി ചാരുതയാര്ന്ന, വിശാലമായ ഒരു പുല്മേട്.

അതിന്റെ അരികിലും ഒതുക്കുകളിലും കാറ്റാടിമരങ്ങള്.

ഒരു വശത്ത് അനന്തതയിലേക്ക് ഉയര്ന്നുയര്ന്ന് പോകുന്ന മലനിരകളുടെ നീലിമ.

സൗഹൃദങ്ങളുടെയും പ്രണയങ്ങളുടെയും പച്ചനിറം.

ബ്യൂട്ടിസ്പോട്ടില് പലയിടത്തായി കമിതാക്കളും സൗഹൃദസംഘങ്ങളുമിരിപ്പുണ്ട്.

അവിടെ ഒരു പുല്പ്പുറത്ത്, കാറ്റാടിമരത്തിന്റെ കീഴില് ഷാരോണ് ഇരുന്നു.

അവളുടെ കൂടെ ഒന്നുരണ്ട് ആണ്കുട്ടികളും പെണ്കുട്ടികളുമുണ്ട്.

"ദാ ഷെല്ലി വരുന്നു,"

ദൂരെ നിന്ന് ഷെല്ലിയുടെ രൂപം കണ്ടു അവരിലൊരാള് പറഞ്ഞു.

"ഇനി ഞങ്ങള്ഔട്ട്, അല്ലേ ഷാരൂ?'

"നീ പോടാ,"

ഷാരോണ് അവനോടു പറഞ്ഞു.

"നിങ്ങള് ഇന്നോ ഔട്ടോ അല്ല. എന്റെ കൂടെയാ."

അപ്പോഴേക്കും ഷെല്ലി അടുത്തെത്തി.

"ആ, എല്ലാരും ഒണ്ടല്ലോ,"

ഷെല്ലി അവരെ നോക്കി ചിരിച്ചു.

പിന്നെ അവന് ഷാരോണിനെ നോക്കി.

"എന്താ ഷാരോണ്? എന്താ എമെര്ജന്സി?"

"പറയാം,"

ഷാരോണ് കൂട്ടുകാരെ നോക്കി.

"മനസ്സിലായി, മനസ്സിലായി," കൂടെയുണ്ടായിരുന്നവര് ചിരിച്ചുകൊണ്ട് എഴുന്നേറ്റു.

"സഖാവായ ഷെല്ലിയ്ക്കും സഖാക്കന്മാരെ കണ്ടാല് മനംമറിയുന്ന ഷാരോണിനും ഹാവ് എ നൈസ് ഇവെനിംഗ്,"

"ഒന്ന് പോ അളിയാ,"

ഷെല്ലി അവന്റെ തോളത്ത് തട്ടി.

"എന്താടീ കാര്യം?"

കൂട്ടുകാര് നടന്ന് മറഞ്ഞപ്പോള്, അവള്ക്ക് അഭിമുഖമായിരുന്ന് അവന് ചോദിച്ചു.

"മീറ്റിങ്ങിന്റെ എടേല് നീ വിളിക്കണങ്കി ഇറ്റ് മെയ് ഷുവര്ലീ ബി സംതിംഗ് സീരിയസ്!"

"യാ സീരിയസ്,"

അവള് ഷെല്ലിയുടെ കൈയില് പിടിച്ചു.

"പറയെടീ,"

അവള് ചുറ്റും നോക്കി.

ദൂരെ സായാഹ്ന സൂര്യന്റെ താഴെ, കാറ്റാടി മരങ്ങളുടെ തണലില് സ്വയം മറന്നിരിക്കുന്ന കമിതാക്കളെ നോക്കി.

മലനിരകളുടെ പച്ചക്കടലില് പക്ഷിക്കൂട്ടങ്ങള് പറന്ന് ...പറന്ന്...

"ഇന്നലെ ഞാന് വാഷ് ചെയ്ത തുണികളൊക്കെ വിരിച്ചിടാന് ടെറസ്സിന്റെ മുകളിലേക്ക് പോയി. അന്നേരം ഒരു ഷാള് താഴേക്ക് പോയി. ഭയങ്കര കാറ്റായിരുന്നു. അതെടുക്കാന് വേണ്ടി താഴെ ആരേം കാണാത്തത് കൊണ്ട് ഞാന് തന്നെ എറങ്ങിച്ചെന്നു. .."

അവള് ഒന്നു നിര്ത്തി.

തന്റെ കൈയുടെ മേലുള്ള അവളുടെ പിടി മുറുകുന്നത് അവന് അറിഞ്ഞു.

"താഴേക്ക് പോകുന്നതിനെടേല് മിനീടെ റൂമിന്റെ മുമ്പിലെത്തി."

അപ്പോള് ഷെല്ലിയുടെ മുഖത്ത് ഗൗരവം വരുന്നത് ഷാരോണ് കണ്ടു.

"വെറുതെ ജനലിക്കൂടെ അകത്തേക്ക് നോക്കിയപ്പം..."

ഷെല്ലി ആകാംക്ഷയോടെ അവളുടെ അടുത്ത വാക്കുകള്ക്ക് കാതോര്ത്തു.

"അവള് സ്വയം കുത്തിവെക്കുന്നു..."

ഭയപ്പെട്ടതുതന്നെയാണ് കേട്ടത്.

ഷെല്ലി ഉള്ളില് പറഞ്ഞു.

അല്പ്പ സമയം അവര് നിശബ്ദരായി പരസ്പരം നോക്കി.

"നീയെന്താ ഒന്നും പറയാത്തെ?"

"എനിക്കും ചില സംശയങ്ങള് ഉണ്ടായിരുന്നു, ഷാരോണ്,"

അവന് പറഞ്ഞു.

"അവള്ടെ പെരുമാറ്റത്തിലും എക്സ്പ്രഷനിലും ഒരു വശപ്പെശക് ഞാനും കണ്ടതാ,"

തുടര്ന്ന് അവന് തലേ ദിവസം താന് മിനിയെ ക്ലാസ് മുറിയില് വെച്ച് കണ്ടതിന്റെ വിശദാംശങ്ങള് ഷാരോണിനോട് വിശദീകരിച്ചു.

അന്ന് അവള് കലികയറി ബാഗ് എടുത്ത് ക്ലാസ് മുറിവിട്ട് പോകുമ്പോള് ഒരു സിറിഞ്ച് താഴെ വീണിരുന്നു.

അത് അവള് അറിയുകയുണ്ടായില്ല.

ഷെല്ലി അതെടുതിരുന്നു.

"എനിക്ക് എന്തോ പേടി തോന്നുന്നു, ഷെല്ലി,"

"എന്തിന്?"

അവന് പെട്ടെന്ന് ചോദിച്ചു.

"അവള് നിന്റെ കുഞ്ഞമ്മേടെ മോള് ഒന്നുവല്ലല്ലോ? ആണോ? അവള് അവള്ടെ പാട് നോക്കിപ്പോട്ടെടീ. നീയെന്തിനാ വെറുതെ ടെന്ഷനടിക്കുന്നെ?"

"നല്ല സാമൂഹ്യബോധം! ഒരു എസ് എഫ് കേക്കാരന് തന്നെ ഇത് പറയണം!"

അവള് നീരസത്തോടെ പറഞ്ഞു.

അവള് ശരിക്കും അദ്ഭുതപ്പെടുകതന്നെ ചെയ്തു.

സാധാരണ ഗതിയില് ഈ സംഭവം ഷെല്ലിയെ അസ്വസ്ഥനാക്കേണ്ടതാണ്.

തനിക്ക് ചുറ്റുമുള്ളവരുടെ, പ്രത്യേകിച്ച് കൂട്ടുകാരുടെ പ്രശ്നങ്ങളും വേദനകളും സ്വന്തം പ്രശ്നങ്ങളും വേദനകളുമായി ഏറ്റെടുക്കുന്നവനാണ് ഷെല്ലി.

അവന്റെ സ്വന്തം പ്രശ്നങ്ങളാകട്ടെ, തന്നോടല്ലാതെ, മറ്റാരോടും അവന് പങ്കുവെച്ചിട്ടുമില്ല.

അക്കാരണത്താല്, അപ്രതീക്ഷിതമായി, അവനില് നിന്നും നിസ്സംഗതയും അവഗണനയുമുണ്ടായപ്പോള്, അവള്ക്കത് പെട്ടെന്ന് ഉള്ക്കൊള്ളാനായില്ല.

"ഷെല്ലി,"

അവള് വിളിച്ചു.

"സോഷ്യല് റെസ്പോണ്സിബിലിറ്റി, സോഷ്യല് കമ്മിറ്റ്മെന്റ് ഇതിനെപ്പറ്റി നിനക്ക് ട്യൂഷനെടുക്കാന് ഞാന് ആളല്ല. ഈ രണ്ടു ഡിപ്പാര്ട്ട്മെന്റും സാമാന്യം നന്നായി ഭരിക്കുന്ന ഒരു പ്രൊഫസ്സറാണ് നീ. അതെനിക്കറിയാ. നിന്നെ അറിയാവുന്ന എല്ലാവര്ക്കും അറിയാം. അത് കൊണ്ട്..."

"അതുകൊണ്ട്..."

അതെ ഈണത്തില് ഷെല്ലി പറഞ്ഞു.

"ഷെല്ലി, നീ അവളെ കാണണം. ഷെല്ലി നീ അവളോട് സംസാരിക്കണം. ഷെല്ലി നീ അവളെ ഉപദേശിക്കണം. ഷെല്ലി നീ അവളെ മാനസാന്തരപ്പെടുത്തി സ്വര്ഗ്ഗത്തിന് അവകാശിയാക്കണം. ..."

ഷാരോണ് സന്തോഷത്തോടെ തലകുലുക്കി.

"നീ പോടീ,"

അവന് ശബ്ദമുയര്ത്തി.

"ഞാനെന്നാ പള്ളീലച്ചനോ? പെന്തക്കോസ്ത് പാസ്റ്ററോ? എടീ അവളൊരു തല തെറിച്ച വിത്താ. കണ്ടാലറിയാം."

"എന്ത് കണ്ടാലറിയാം?"

അവള് പുഞ്ചിരിയോടെ ചോദിച്ചു.

"ഇതാണോ?'

ചോദ്യം കഴിഞ്ഞ് അവള് കണ്ണിറുക്കിക്കാണിച്ചു.

"നീ പോടീ,അത് നിന്റെ മന്ത്രിപുത്രന് കെട്ട്യോനെപ്പോയി കാണിക്ക്,"

പെട്ടെന്ന് അവളുടെ മുഖം വാടി.

"എന്താടി?"

"എന്റെ ഷെല്ലി ഈയിടെയായി അവന്റെ ലാങ്ഗ്വേജ് ഒക്കെ മഹാ വഷളാ,"

"എടീ അത്..നീ അവനു അവകാശപ്പെട്ടതല്ലേ? ആ ഒരു അവകാശബോധം. അതൊക്കെയാരിക്കും."

"ഞാനെന്നാ ഭരണഘടനേലെ മൌലികാവകാശങ്ങളില് ഒന്നോ? നീയൊന്ന് പോടാ. വളിപ്പ് വര്ത്താനം ഏത് നേരോം. അതൊന്നും എനിക്ക് ഇഷ്ടമല്ല."

"വളിപ്പ് വര്ത്താനം? എടീ അവന് ഒരു രാഷ്ട്രീയക്കാരന് അല്ലേ? അത് സാധരണയാ,"

"അപ്പം നീയും രാഷ്ട്രീയക്കാരനല്ലേ?"

"പോടീ നീയെന്നാ വിചാരിച്ചെ? ഞാന് രാഷ്ട്രീയം തൊഴിലാക്കിയെടുക്കാന് പോകുവാന്നോ? ഒരിക്കലുമില്ല."

അവന് ഗൌരവത്തോടെ പറഞ്ഞു.

"അവനെന്നാ ചീത്തയൊക്കെയാ പറയുന്നെ? സെക്സാണോ?"

അവള് ഒരു നിമിഷം ലജ്ജിച്ചു.

"ഈ ആള്ക്കാര് വഴക്കൊണ്ടാക്കുമ്പം പറയുന്ന ചീത്തവാക്കൊക്കെയില്ലേ. പിന്നെയെപ്പഴം എന്റെ ഇവിടെ..."

അവള് സ്വന്തം മാറിലേക്ക് നോക്കി.

"എന്റെ ഷാരോണ്,"

അവന് അവളുടെ തോളില്പ്പിടിച്ചു.

"എടീ ഭാവി ഭര്ത്താവെന്നു പറയുമ്പോള് നിന്റെയെല്ലാം അവനു സ്വന്തവാ മോളെ...അവന്റെ നോട്ടോം വാക്കും നിനക്കിഷ്ടപ്പെടുന്നില്ല എന്ന് വെച്ചാ നീ അവനെ സ്നേഹിക്കുന്നില്ല എന്നാ അര്ഥം. പിന്നെന്തിന് അവന്റെ മന്ത്രിയപ്പന് അവന് വേണ്ടി നിന്നെ പ്രൊപ്പോസല് ചെയ്തപ്പോള് നീ സമ്മതിച്ചു?"

"എനിക്കറിയില ഷെല്ലി,"

അവള് ദൈന്യസ്വരത്തോടെ പറഞ്ഞു.

"അന്ന് അവന്റെ പാപ്പാ എന്നെ അവന് വേണ്ടി ചോദിച്ചപ്പം ...മറുത്തുപറയാന് പറ്റീല്ല.."

ഷെല്ലിയ്ക്കും വിഷമായി.

"ഷെല്ലി എന്ന് വെച്ച് ഞാന് അവനെ കെട്ടാതെയിരിക്കുവൊന്നുമില്ല. എന്റെ എയ്ജ് ഇതല്ലേ? ഒന്ന് രണ്ട് കൊല്ലം കഴിഞ്ഞ് ഞാന് മച്ചുവേഡ് ആകുവാരിക്കും..."

ഷെല്ലി മലയാളം ഡിപ്പാര്ട്ട്മെന്റില് നിന്ന് സ്റ്റെയര്കേസിലൂടെ താഴേക്കിറങ്ങി വരുമ്പോള് ബുക്ക് സ്റ്റാളിന്റെ മുമ്പില് മിനി നല്ക്കുന്നത് കണ്ടു.

"ഹായ്,"

അവളെക്കണ്ട് അവന് സൌഹൃദത്തോടെ പുഞ്ചിരിച്ചു.

"മിനിക്ക് ഈ അവര് ക്ലാസ്സില്ലേ?"

"ഉണ്ട്,"

കനത്ത അസന്തുഷ്ടിയോടെ അവള് പറഞ്ഞു. പിന്നെ വരാന്തയിലൂടെ നടന്നകന്നു.

"സ്കിപ് ചെയ്തു,"

"ഫ്രീയാണോ? ഫ്രീയാണോ ഇപ്പോള്?"

"ഫ്രീയാണ്. പക്ഷെ എനിക്ക് നിങ്ങളോട് സംസാരിക്കാന് താല്പ്പര്യമില്ല,"

ഷെല്ലി ആ ഉത്തരം പ്രതീക്ഷിച്ചില്ല. തന്റെ സംസാരത്തിലെ അപാകത എന്താണ് എന്ന് എത്ര ആലോചിച്ചിട്ടും അവന് മനസ്സിലായില്ല. സൌഹൃദഭാവതിലല്ലാതെ താന് ആരോടും സംസാരിച്ചിട്ടില്ല. മറ്റാരെങ്കിലും തന്നോട് അപമര്യാദയായി പെരുമാറിയതായും അവന് ഓര്മ്മ വന്നില്ല. രാഷ്ട്രീയ എതിരാളികള് പോലും വിദ്വേഷമോ അനിഷ്ടമോ കാണിച്ചിട്ടില്ല.

ഷെല്ലിയ്ക്ക് ദേഷ്യം വന്നു. അവന് അവളുടെ പിന്നാലെ ചെന്നു. അവള് ഗാര്ഡന്റെ മുമ്പിലൂടെ കെമിസ്ട്രി ലാബിനു നേരെ നടക്കുകയാണ്.

ഷെല്ലി അവളുടെ മുമ്പില് കയറി നിന്നു.

"നില്ക്ക്!"

ഷെല്ലി കൈ ഉയര്ത്തി.

അവളുടെ മുഖം ഏറ്റവും വെറുപ്പും അനിഷ്ടവും നിറയുന്നത് അവന് കണ്ടു.

"നീയാരാ?"

ഷെല്ലി ദേഷ്യത്തോടെ ചോദിച്ചു.

"എവിടുത്തെ സംസ്കാരവാടീ ഇത്? നീയൊക്കെ ഏത് ആഫ്രിക്കന് രാജ്യത്തിന്റെ സന്തതിയാ? ഒരു മര്യാദയുമില്ലാതെ!"

"മിസ്റ്റര് ഷെല്ലി അലെക്സ്!"

അതെ കോപതീവ്രതയില് അവള് തിരിച്ചടിച്ചു.

"എന്താണ് എന്നിലെ മര്യാദയില്ലായ്മ? ഒന്നറിഞ്ഞാല് കൊള്ളാം. നിങ്ങള് എന്നോട് ചോദിച്ചു, ഫ്രീയാണോ? ഞാന് പറഞ്ഞു, അതെ. എന്നോട് സംസാരിക്കാനാണ് നിങ്ങള് ഉദ്ദേശിക്കുന്നതെന്നറിഞ്ഞു അതില് താല്പ്പര്യമില്ല എന്ന് പറഞ്ഞു. ഇതില് ഏതാണ് മര്യാദകേട്?"

ഷെല്ലി ദേഷ്യം നിയന്ത്രിച്ചു.

"മര്യാദകേട് എന്താണെന്ന് ഞാന് പറയാം,"

അവളില് കോപം ജ്വലിക്കുകയാണ്. അപ്പോഴേക്കും ഏതാനും കുട്ടികള് അവര്ക്ക് ചുറ്റും കൂടി.

"പരിചയമില്ലാത്ത സ്ത്രീകളെ എടീ പോടീ എന്നൊക്കെ വിളിക്കുന്നതാണ് മര്യാദയില്ലായ്മ. ആഫ്രിക്കന് രാജ്യങ്ങളിലെ ആളുകള് സംസ്കാരമില്ലാത്തവരാണെന്നുള്ള മുന് വിധിയാണ് മര്യാദയില്ലായ്മ. നിങ്ങളൊക്കെ പ്രസംഗിക്കുന്ന വിപ്ലവവും സോഷ്യലിസവും ഒക്കെ വെറും വാചകമടി മാത്രമാണ് എന്ന് മനസ്സിലായി. അല്ലെങ്കില് ആഫ്രിക്കന് രാജ്യങ്ങളിലെ ആളുകള് താഴ്ന്നവരാണ് എന്ന ഒരു കാഴ്ച്ചപ്പാട് ഒരു വിപ്ലവപാര്ട്ടിയിലെ നേതാവിനുണ്ടാവില്ല,"

കുട്ടികള് വീണ്ടും ചുറ്റും കൂടുകയാണ്.

മിനി ഷെല്ലിയെ തീപാറുന്ന കണ്ണുകളോടെ നോക്കി.

"അളിയാ, ഷെല്ലി, എന്താ പ്രശ്നം?"

ആരോ ഒരാള് ചോദിക്കുന്നത് ഷെല്ലി കേട്ടു.

അവന് ഒന്നും പറയാന് കഴിഞ്ഞില്ല.

******************************************

മീറ്റിംഗ് തുടങ്ങുവാന് ഏതാനും മിനിട്ടുകള് കൂടി ബാക്കിയുണ്ട്. പ്രിന്സിപ്പാള് എത്തിച്ചേര്ന്നാലുടന് കാര്യപരിപാടികള് ആരംഭിക്കും. കാര്യപരിപാടി എന്ന് പറഞ്ഞാല് മറ്റൊന്നുമില്ല, നന്ദകുമാറിനെതിരെയുള്ള മീറ്റിംഗ് ആണ് ഇത്. അതിന് എന്തിനാണ് കോളേജ് യൂണിയനെ പങ്കെടുപ്പിച്ചതെന്ന് ഷാരോണിന് മനസ്സിലായില്ല. വിദ്യാര്ഥി യൂണിയനെ പ്രതിനിധീകരിച്ച് ചെയര്മാന് രഘുറാം സംഗീതും പിന്നെ ജനറല്സെക്രട്ടറിയായ താനും.

പ്രിന്സിപ്പാള് ഫാദര് മാത്യു മൂലെക്കാട്ടിലും സ്റ്റാഫ് സെക്രട്ടറി ഗണിത വിഭാഗത്തിന്റെ തലവന് ഡോക്ടര് സദാനന്ദനും സ്റ്റാഫ് ജോയിന്റ് സെക്രട്ടറി സിസ്റ്റര് അമലയും പ്രവേശിച്ചു. എന്നിട്ടും നന്ദകുമാര് സാര് വരാത്തത് എന്ത്കൊണ്ട്? ഷാരോണ് സ്വയം ചോദിച്ചു. ഇനി സാര് മീറ്റിംഗില് പങ്കെടുക്കാതിരിക്കുമോ? അവള്ക്ക് സംശയമായി.

പെട്ടെന്ന് മീറ്റിംഗ് തുടങ്ങാന് നിശ്ചയിച്ചിരുന്ന മിനിറ്റില് നന്ദകുമാറിന്റെ രൂപം വാതില്ക്കല് പ്രത്യക്ഷപ്പെട്ടു. എല്ലാവരും ഒരേസമയം അയാളെ നോക്കി. നീണ്ടു വളര്ന്ന താടിയും മുടിയും മുഷിഞ്ഞ അലക്കാത്ത ചാരനിറമുള്ള ഖദര് ജുബ്ബയും കറുത്ത ജീന്സും. ആകെപ്പാടെ ഒരു ഹിപ്പി ബൊഹീമിയന് വേഷം.

അധ്യാപകരില് പകുതിയിലേറെപ്പേരും അയാളെ പുച്ഛത്തോടെയും അവജ്ഞതയോടെയും നോക്കുന്നത് ഷാരോണ് കണ്ടു. അയാളാകട്ടെ അതൊന്നും ശ്രദ്ധിക്കാതെ അലക്ഷ്യമായി ആളുകളില്ലാത്ത ഒരിടത്തിരുന്ന്, കൈയ്യിലുണ്ടായിരുന്ന ഒരിംഗ്ലീഷ് മാസിക വിടര്ത്തി വായിക്കാന് തുടങ്ങി.

"അപ്പോള് മീറ്റിംഗ് തുടങ്ങാം; അല്ലേ?"

പ്രിന്സിപ്പാള് എല്ലാവരെയും നോക്കി ചിരിച്ചു. മുമ്പിലിരിക്കുന്നവര് അതംഗീകരിച്ചുകൊണ്ട് തലകുലുക്കുകയും പുഞ്ചിരിക്കുകയും ചെയ്തു.

"ഇന്നത്തെ മീറ്റിംഗ് ഇവിടെ നമ്മള് ചേര്ന്നിരിക്കുന്നത് സെയിന്റ് മേരീസിലെ ഒരധ്യാപകനെക്കുറിച്ച് ചര്ച്ച ചെയ്യാനാണ്."

സ്റ്റാഫ് സെക്രട്ടറി ഡോക്ടര് സദാനന്ദന് എഴുന്നേറ്റ് സദസ്സിനെ നോക്കിപ്പറഞ്ഞു.

"ഫിസിക്സ് ഡിപ്പാര്ട്ട്മെന്റിലെ അധ്യാപകനായ മിസ്റ്റര് നന്ദകുമാറിനോട് പ്രിന്സിപ്പാളും സ്റ്റാഫ് കമ്മിറ്റിയും കുറച്ച് ചോദ്യങ്ങള് ചോദിക്കാന് ആഗ്രഹിക്കുന്നു. അതിനോട് അദ്ദേഹം പൂര്ണ്ണമായും സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു."

നന്ദകുമാര് അപ്പോഴും വായന തുടര്ന്നു. ഹാളില് കൂടിയിരിക്കുന്ന സഹപ്രവര്ത്തകര് തന്നെ നോക്കുന്നതോ അടക്കം പറയുന്നതോ അയാള് അറിയുകയോ ശ്രദ്ധിക്കുകയോ ചെയ്യുന്നുണ്ടായിരുന്നില്ല.

"മിസ്റ്റര് നന്ദകുമാര്,"

പ്രിന്സിപ്പല് ഫാദര് മാത്യു മൂലേക്കാട്ടില് ശബ്ദമുയര്ത്തി. നന്ദകുമാര് മാഗസിനില് നിന്ന് ശ്രദ്ധതിരിച്ച് അദ്ധേഹത്തെ നോക്കി.

"യെസ്,"

നന്ദകുമാര് വികാരഹീനനായി പ്രതികരിച്ചു.

"സ്റ്റാഫ് കമ്മിറ്റിക്ക് നിങ്ങളോട് കുറച്ച് ചോദ്യങ്ങള് ചോദിക്കാനുണ്ട്,"

"ചോദിക്കാം,"

ഹാള് പെട്ടെന്ന് നിശബ്ദമായി. ഒരില വീണാല് കേള്ക്കാവുന്ന നിശബ്ദത. എല്ലാവരുടെയും കണ്ണുകള് പ്രിന്സിപ്പാളില് തറഞ്ഞു.

"നിങ്ങള് മദ്യപിച്ച് കോളേജില് വരാറുണ്ടോ?"

"ഉണ്ട്,"

നന്ദകുമാറിന്റെ ഉത്തരം വളരെപ്പെട്ടെന്നായിരുന്നു.

എല്ലാവരും അദ്ഭുതം നിറഞ്ഞ കണ്ണുകളോടെ അയാളെ നോക്കി. എതിര്പ്പും വിയോജിപ്പുമായിരുന്നു അവര് പ്രതീക്ഷിച്ചത്. എന്നാല് അസാധാരണമായിട്ടൊന്നും സംഭവിച്ചിട്ടില്ല എന്ന മട്ടിലുള്ള അയാളുടെ പ്രതികരണം തികച്ചും അപ്രതീക്ഷിതമായിരുന്നു.

"നിങ്ങള് പുകവലിച്ചുകൊണ്ട് ക്ലാസ് എടുത്തിട്ടുണ്ടോ?"

പ്രിന്സിപ്പാളില് നിന്ന് അടുത്ത ചോദ്യം വന്നു.

"ഉണ്ട്,"

വീണ്ടും അക്ഷോഭ്യമായ, നിര്വ്വികാരവും ശാന്തവുമായ ഉത്തരം.

"ധിക്കാരി!"

ഇംഗ്ലീഷ് വിഭാഗത്തിലെ സംഗീത ഹിന്ദിയിലെ രമാ ദേവിയോട് അടക്കം പറയുന്നത് ഷാരോണ് കേട്ടു.

"വലിച്ചും കുടിച്ചും കുളിക്കാതേം നനയ്ക്കാതേം ക്ലാസ്സില് വന്നാല് ഷേക്സ്പിയര് ആയെന്നാ വിചാരം!"

"വലിയ ബുദ്ധിജീവി ആണെന്നാ ധാരണ!"

പിമ്പില് നിന്ന് വേറൊരു കമന്റ് അവള് കേട്ടു.

"എന്ത് ബുദ്ധിജീവി? ഷോ കാണിക്കുന്നു! അല്ലാതെന്താ?"

"സ്റ്റാഫ് എന്ത് പറയുന്നു?"

പ്രിന്സിപ്പാള് ചോദിച്ചു.

ഹാളില് കൂടിയിരുന്നവര് അങ്ങോട്ടുമിങ്ങോട്ടും നോക്കി.

"എന്ത് പറയാന്?"

ഇക്കണോമിക്സ് വിഭാഗത്തിലെ രാജശേഖരന് എഴുന്നേറ്റു.

"സമൂഹത്തിന്റെ മുമ്പിലും വിദ്യാര്ഥികളുടെ മുമ്പിലും മാതൃകയാകേണ്ട ഒരധ്യാപകന് അതിനു വിരുദ്ധമായി പെരുമാറുമ്പോള് കോളേജും സ്റ്റാഫ് കമ്മിറ്റിയും സാധാരണ എന്താ ചെയ്യുക? നടപടി എടുക്കണം! അല്ലാതെന്താ?"

എല്ലാവരും നന്ദകുമാറിനെയും പ്രിന്സിപ്പാളിനെയും മറിമാറി നോക്കി. നിശബ്ദതയുടെ ആ ഇടവേളയില് പെട്ടെന്ന് നന്ദകുമാര് എഴുന്നേറ്റു.

"ഈ മീറ്റിംഗ് എന്നെ വേദപാഠം പഠിക്കിപ്പിക്കാന് കൂടിയതാണ് എന്ന് ഞാന് അറിഞ്ഞില്ല,"

അയാള് തന്റെ സഹപ്രവര്ത്തകരെ മൊത്തത്തില് ഒന്ന് നോക്കിയതിന് ശേഷം പറഞ്ഞു.

"നന്നാകാനൊന്നും എന്നേക്കൊണ്ട് ഒക്കുകേല. അതുകൊണ്ട് നിങ്ങള്ക്ക് ഫ്രീയായി ആക്ഷനെടുക്കാം. സസ്പെന്ഷനോ ടെര്മിനേഷനോ എന്ത് വേണേലും,"

അത് പറഞ്ഞ് അയാള് പുറത്തേക്ക് നടക്കാന് തുടങ്ങി.

"നന്ദകുമാര് സാറിന്റെ ചോര കാണാനുള്ള പൂതി മനസ്സില് വെച്ചാല് മതി,"

പെട്ടെന്ന് ഘനഗംഭീരമായ ഒരു ശബ്ദം ഹാളില് ഉയര്ന്നു. എല്ലാവരും തിരിഞ്ഞുനോക്കി. വാതിക്കലോളമെത്തിയ നന്ദകുമാറും.

"എബി സാര്!"

ഷാരോണ് മന്ത്രിച്ചു.

"എബി സ്റ്റീഫന് സാര്,"

പുരികം ചുളിച്ച് അയാള് പ്രിന്സിപ്പാളിനെയും സ്റ്റാഫ് സെക്രട്ടറിയെയും നോക്കുകയാണ്. ഫിസിക്കല് ട്രെയിംനിംഗ് ഡിപ്പാര്ട്ട്മെന്റിലേ എബി സ്റ്റീഫന് ഐ പി എസ് പരീക്ഷയുടെ ഫലം കാത്തിരിക്കുകയാണ്.

"പ്രിന്സിപ്പലിനോ സ്റ്റാഫ് കമ്മിറ്റിയ്ക്കോ നന്ദകുമാര് സാറിന്റെ മേല് ആക്ഷന് എടുക്കാന് എന്ത് യോഗ്യതയാണ് ഉള്ളത്?"

കാര്ക്കശ്യം നിറഞ്ഞ അയാളുടെ സ്വരം ഹാളില് നിറഞ്ഞു.

"സെക്കണ്ട് ഇയര് പോളിറ്റിക്സിലെ ഒരു വിദ്യാര്ഥിനിയെ പീഡിപ്പിച്ച കേസില് ആരോപണം നേരിടുന്ന ഒരു മാന്യദേഹം അധ്യാപനായി ഇവിടെ തുടരുന്നുണ്ട്. ക്വസ്റ്റ്യന് പേപ്പര് ചോര്ച്ചക്കേസില് കോടതി വിധി കാത്തിരിക്കുന്ന ഒരു മാതൃകാധ്യാപകനും ഇവിടെ ആസനം ചൊ റിഞ്ഞിരിപ്പുണ്ട്. ഈ രണ്ടു മാന്യദേഹങ്ങളും ഇപ്പോഴും ഈ കോളേജില് തുടരാമെങ്കില് ഏത് മാനദണ്ഡമുപയോഗിച്ച് നിങ്ങള് മിസ്റ്റര് നന്ദകുമാറിനെതിരെ ആക്ഷനെടുക്കും മിസ്റ്റര് പ്രിന്സിപ്പാള്?"

"മിസ്റ്റര് അല്ല, എബീ, ഫാദര്,"

പ്രിന്സിപ്പാള് വിഷണ്ണനായി എബിയെ തിരുത്താന് ശ്രമിച്ചു.

"എന്ത് കുന്തവെങ്കിലുമാകട്ടെ, ചോദിച്ചേന് സമാധാനം പറ,"

പ്രിന്സിപ്പാലോ സ്റ്റാഫ് സെക്രട്ടറിയോ ഒന്നും മിണ്ടിയില്ല.

ഷാരോണ് എഴുന്നേറ്റു.

സ്റ്റുഡന്റ്സ് കൌണ്സില് അംഗമാണ്. സര്വ്വോപരി മുഖ്യമന്ത്രിയുടെ മകളാണ്. അവളുടെ വാക്കുകള് കോളേജ് വിലവെക്കുമെന്ന് ഹാളില് കൂടിയിരിക്കുന്നവര്ക്കറിയാം.

"സാര്, മേ ഐ?"

അവള് എബിയെ നോക്കി.

പറയൂ എന്ന അര്ത്ഥത്തില് എബി അവളുടെ നേരെ കണ്ണുകള് കാണിച്ചു.

"സാര്, ഫാദര്..."

അവള് പറഞ്ഞുതുടങ്ങി.

"നന്ദകുമാര് സാറിനെതിരെ ഒരു വിദ്യാര്ഥിയും ഇതുവരെ പരാതിപ്പെട്ടിട്ടില്ല. മാത്രമല്ല സാറിന്റെ ഒരു ക്ലാസ് പോലും ആരും സ്കിപ് ചെയ്യാറുമില്ല. ഇന്ത്യടുഡേ മാഗസിനില് ആര്ട്ട് വിഭാഗത്തില് 'സിനിക്' എന്ന പേരില് ലേഖനങ്ങള് എഴുതുന്നയാള് നമ്മുടെ നന്ദകുമാര് സാര് ആണ്. അതിവിടെ പലര്ക്കും അറിയിലെങ്കിലും..."

വാതില്ക്കല് നിന്ന് നന്ദകുമാര് അവളുടെ വാക്കുകള് ശ്രദ്ധിച്ചു.

ഇംഗ്ലീഷിലെ സംഗീതയുടെ മുഖം വിസ്മയം കൊണ്ട് വിടര്ന്നു. ഭഗവാനേ, എന്തായീ കുട്ടി പറയുന്നെ, താന് സ്ഥിരം വായിക്കുന്ന, വായിച്ച് ആരാധന കയറിയ 'സിനിക്ക്' എന്ന കോളമിസ്റ്റ് നന്ദകുമാര് സാര് ആണോ? എത്രയോ തവണ താന് ആ ലേഖനങ്ങള് റഫര് ചെയ്തിരിക്കുന്നു, ക്ലാസ്സെടുക്കാന്!

സംഗീതയ്ക്ക് കുറ്റബോധം തോന്നി.

അവള് വാതില്ക്കല് നിന്ന നന്ദകുമാറിനെ നോക്കി.

പിന്നെ തന്റെ സഹപ്രവര്ത്തകരെയും.

ഷാരോണില് നിന്നറിഞ്ഞ പുതിയ വാര്ത്തയുടെ പ്രഭാവലയത്തിലാണ് പലരുമെന്ന് അവള് കണ്ടു.

"ഷാരോണ്,"

എബി അവളെ നോക്കി.

"ഇന്നത്തെ കാലത്ത് വിദ്യാര്ഥികള് പല കാര്യങ്ങളും അധ്യാപകരെ പഠിപ്പിക്കേണ്ടിവരും. പക്ഷെ പ്രയോജനമൊന്നുമില്ല. പഠിക്കത്തില്ല. അധ്യാപകരല്ലേ? അവര്ക്ക് പഠിപ്പിക്കാനല്ലേ അറിയാവൂ..."

അയാള് പരിഹാസത്തോടെ മുമ്പിലിരിക്കുന്ന തന്റെ സഹപ്രവര്ത്തകരെ നോക്കി.

"അത് കൊണ്ട് ഒരു കാര്യം പറയാനാ ഞാന് ആഗ്രഹിക്കുന്നെ,"

അയാള് തുടര്ന്നു.

"നന്ദകുമാര് സാര് ഇവിടെ തുടരും. ഇനി ആര്ക്കെങ്കിലും ചൊറിച്ചില് വല്ലാതങ്ങ് കൂടുവാണേല്..."

അയാള് ചുരുട്ടിയ മുഷ്ട്ടിയുയര്ത്തി.

"ഈ കൈ ട്രാക്ക് വരയ്ക്കാനും ബാറ്റ് പിടിക്കാനും മാത്രവല്ല എന്ന് ചിലരെ ഞാന് മനസ്സിലാക്കിത്തരും!! എബിയാ പറയുന്നേ. എബി സ്റ്റീഫന്!!!"

അത് പറഞ്ഞ് അയാള് പുറത്തേക്ക് നടന്നു.

വാതിക്കല് നിന്നിരുന്ന നന്ദകുമാറിനെ നോക്കി പുഞ്ചിരിച്ചു.

"സാര് ക്ഷമിക്കണം,"

എബി നന്ദകുമാറിനോട് പറഞ്ഞു.

"കല്ലെറിയാനും നടയടിക്കാനും യോഗ്യതയുള്ള എത്ര പുണ്യാളന്മാര് ആ കൂട്ടത്തിലൊണ്ട് എന്നൊന്നറിയാന്..."

************************************************

ഗാര്ഡന്റെ മുമ്പില് ഷാരോണിനോട് സംസാരിച്ചുകൊണ്ട് നില്ക്കേ ഫിസിക്കല് ഡിപ്പാര്ട്ട്മെന്റിന് തൊട്ടടുത്തുള്ള അശോകമരങ്ങളുടെ താഴെ നില്ക്കുന്ന മിനിയെ ഷെല്ലി കണ്ടു.

അശോകമരങ്ങളെ അമര്ത്തിപ്പുണരുന്ന കാറ്റില് അവളുടെ ഇടതൂര്ന്ന മുടികള് മനോഹരമായി ആടിയുലയുന്നു. വെളുത്ത സ്കര്ട്ടില് വെളുത്തടോപ്പില് അഭൌമ സൌന്ദര്യമുള്ള ഒരു മാലാഖയാണ് അവള് എന്ന് അവന് തോന്നി.

"മാലാഖ! ഹും! കൈയിലിരിപ്പ് അസ്സല് രാക്ഷസീടേം!"

അവന് മന്ത്രിച്ചു.

"എന്താടാ?'

ഷാരോണ് ചോദിച്ചു.

"ഏയ്, ഒന്നുവല്ലെടീ,"

പിന്നെ അവന് എന്തോ ഓര്ത്തു.

"ഷാരോണ്, നീയിവിടെ നിക്കേ. ഞാനിപ്പം വരാവേ,"

അവന് ഫിസിക്കല് ഡിപ്പാര്ട്ട്മെന്റിനു നേരെ തിരിഞ്ഞു.

"എങ്ങോട്ടാടാ?"

"എങ്ങോട്ടുവില്ലെടീ. ചുമ്മാ ഇങ്കിലാബ് സിന്താബാദും വിളിച്ച് നടന്ന പാവം എനിക്ക് നീ ഒരു ക്വട്ടേഷന് തന്നില്ലേ? ഒരു ക്വട്ടേഷന് ഏറ്റാല് അത് നടത്തണ്ടേ?"

അവന് ചിരിച്ചു.

അപ്പോഴാണ് ഷാരോണ് മിനിയെ കണ്ടത്.

"എന്റെ ഈശോയേ, എന്നാ രസവാടാ ആ കൊച്ചിനെ കാണാന്. കണ്ണ പറിക്കാന് തോന്നുന്നില്ല."

പുഞ്ചിരിയോടെ ഷാരോണ് പറഞ്ഞു. അവളുടെ നോട്ടം മിനിയില്ത്തന്നെ തറഞ്ഞു.

"ഇതിപ്പം ഇവ്ടുത്തെ വായിനോക്കികളുടെ കൂട്ടത്തി നീയും ചേര്ന്നോ? നീ പോടീ, അവള് അത്ര സുന്ദരി ഒന്നുവല്ല. കൊള്ളാം. കൊഴപ്പവില്ല ... അത്രേയൊള്ളൂ. പ്രത്യേകിച്ച് മോളേ, നിന്റെ മുമ്പി..."

ഷാരോണ് ഒരു നിമിഷം സ്വയം മറന്ന് ഷെല്ലിയെ നോക്കി.

"അത്രേം വേണ്ട മോനേ...ശകലം സുഖം ഒക്കെ കിട്ടീ. എന്നാലും അവളുമായി ഒരു താരതമ്യം വേണ്ട. ഉം നീ പോ. സമയം കളയാതെ. ഇന്നലേം ഞാന് കണ്ടെടാ. ഈ പോക്ക് പോയാല് ആ കുട്ടി റിഹാബലിടേഷന് സെന്ററില്പ്പോലും ശരിയാകില്ല. വാശികാണിക്കട്ടെ...ചീത്ത വിളിക്കട്ടെ...വിട്ടുകൊടുക്കരുത് ...ഈ കാമ്പസ്സില് നിനക്കെ അത് പറ്റൂ,"

"നീയൊന്ന് പ്രാര്ഥിച്ചേരേ ഷാരോണേ...അവള് എന്നെ വലിച്ചുകീറി തിന്നാതെയിരിക്കാന്,"

"നീയൊന്ന് പോടാ, അവളെന്നാ മനുഷ്യരെ കണ്ടിട്ടില്ലേ? അതൊക്കെ ചുമ്മാതെ...നീ ധൈര്യത്തോടെ പോ,"

********************

ഷെല്ലി സാവധാനം മിനിയെ സമീപിച്ചു.

ഷാരോണ് പറഞ്ഞത് വെറുതെയല്ല.

എന്തൊരു മുടിഞ്ഞ സൌന്ദര്യമാണ് ഈ സാധനത്തിന്! അതവള്ക്ക് തന്നെ അറിയാം എന്ന് തോന്നുന്നു. അതിന്റെ അഹങ്കാരമാണ് വര്ത്തമാനത്തിലും നോട്ടത്തിലുമൊക്കെ. കൂട്ടത്തില് ഇട്ടു മൂടാനുള്ളത്ര സമ്പത്തും. പക്ഷെ ഷാരോണും ധനികയല്ലേ? അവള്ക്കെങ്ങനെ കിട്ടി മഞ്ഞുതുള്ളി പോലെയുള്ള സ്വഭാവം?

താന് ഇപ്പോള് ഷാരോണിനെക്കുറിച്ചും മിനിയെക്കുറിച്ചും താരതമ്യം ചെയ്യുന്നതെന്താണ്? അത് ഇന്നലെ ഹോസ്റ്റലില് ആണ്കുട്ടികളുടെയിടയില് താന് കേട്ട സംസാരത്തിലേ വാക്കുകള് ഇപ്പോഴും തന്റെ ഓര്മ്മകളില് ഉള്ളത് കൊണ്ടാണോ?

ഇന്നലെ രാത്രി പോള് ആണ് തുടക്കമിട്ടത്.

"എന്റെ പോന്നോ. ഷാരോണിനെക്കൊണ്ട് പൊറുതി മുട്ടി നിക്കുമ്പം ആണ്ടെ വേറൊരുത്തികൂടി വന്നേക്കുന്നു,"

"നീ മനസ്സിലാകുന്ന പോലെ പറ എന്റെ പോളേ,"

മാത്തന് എന്ന് വിളിക്കുന്ന മാത്യു ചോദിച്ചു.

"എടാ ഷാരോണ് ഉള്ളപ്പോള് അവളെ ഓര്ത്താല് മതി വാണമടിക്കാന്. നടക്കുമ്പം ഇളകുന്ന അവളുടെ ആ മൊലകള്. അവള്ടെ ചുരിദാറിന്റെ അകത്ത്, ബ്രായ്ക്കകത്ത് നല്ല കാട്ടുപള്ളകള്ക്കകത്ത് ഞെങ്ങി ഞെരുങ്ങിക്കിടക്കുന്ന മത്തങ്ങകള് പോലെ. അതങ്ങനെ ഭാവനേല് കണ്ട്..."

"നീ തലേം വാലും ഇല്ലാതെ സംസാരിക്കല്ലേ പോളെ. വേറൊരുത്തി ആരാ? സൊയ്രക്കേട് എന്നതാ?"

ബിജു തിരക്കി.

"എടാ എന്റെ കുണ്ണേല് അങ്ങനെ അധികം പാലൊന്നുവില്ലടാവ്വേ അങ്ങനെ ഊറ്റിക്കളയാന്. ഇതിപ്പം എട്ടാം ക്ലാസ്സ് മൊതലേ ഊറ്റുന്നതാ. അന്നേരം അതിന്റെ എടേലോ വേറെ ഒര്ത്തീം കൊടെ വന്നേക്കുന്നെ. ഒരു മിനി. രണ്ടുപെരേം ഓര്ത്തു അടിച്ച് കളയാന് എന്റെ കുണ്ണ എന്നാ ഇടമലയാര് ഡാമാണോ?"

"നേരാ. ഇതിപ്പം മിനീനേം ഷാരോണിനേം ഓര്ത്താ ഇവിട്ടത്തെ ആമ്പിള്ളേ രുടെ വാണം മൊത്തം,"

"ഷാരോണിനെ ഓര്ത്ത് വാണമേ പറ്റത്തൊള്ളൂ. സിറിയക് സാറിന്റെ മോള്, മുഖ്യമന്ത്രീടെ മോള്. മുമ്പി നിക്കുമ്പം കുണ്ണ താഴും പേടികൊണ്ട്,"

"ഓ അത് ഷെല്ലീടെ മൊതലാടാ,"കമ്പികുട്ടന്.നെറ്റ്"ഷെല്ലിയൊ? നീയൊന്ന് പോ ഉണ്ണീ. അവനും അവളും ദോസ്ത്താ. ഷെല്ലിയെ അങ്ങനത്തെ അവിഞ്ഞ പണിക്കൊന്നും കിട്ടുകേല,"

"ലൈനടിക്കുന്നെ അവിഞ്ഞ പണിയാണോ അന്വറെ?"

പെട്ടെന്ന് അവര് ഷെല്ലിയെ കാണുകയും സംസാരം പെട്ടെന്ന് അവസാനിക്കുകയും ചെയ്തു.

കൂട്ടുകാര് അഭിപ്രായപ്പെട്ടത് എത്ര ശരിയാണ്. എത്ര മനോഹരിയാണ് ഇവള്? ഏതു ഭാഗ്യവാനാണ് ഇവളെക്കിട്ടാന് പോകുന്നത്? ആരുടെ ശരീരത്തിനാണ് ഈ സൌന്ദര്യത്തെ ആസ്വദിക്കാന് ഭാഗ്യം കിട്ടിയിരിക്കുന്നത്?

ഇപ്പോള് അതല്ല തന്റെ വിഷയം. തന്റെ കണ്മുമ്പില് നശിച്ചുകൊണ്ടിരിക്കുന്ന ഒരു ജീവിതമാണിവള്. തന്റെ ഉറ്റ കൂട്ടുകാരി ഷാരോണിനെ അസ്വസ്ഥയാക്കിയ ഒരുപെണ്കുട്ടിയാണിവള്. തന്നെ ഒരു കൂടെപ്പിറപ്പിനെപോലെയാണ് ഷാരോണ് സ്നേഹിക്കുന്നത്. അവളെ നിരാശപ്പെടുത്താന് തനിക്ക് പറ്റില്ല. എന്ത് വന്നാലും, തന്നെ അവള് ഒരു പട്ടിയെപ്പോലെ കല്ല് പെറുക്കിയെറിഞ്ഞാലും, ഇതില് നിന്ന് താന് പിന്മാറാന് പോകുന്നില്ല.

"ഹലോ മിനി,"

അവന് പുഞ്ചിരിച്ചുകൊണ്ട് അവളെ അഭിവാദ്യം ചെയ്തു. അവളുടെ മുഖം കോപം കൊണ്ടും വെറുപ്പ് കൊണ്ടും നിറയുമെന്നാണ് ഷെല്ലി കരുതിയത്. തന്നോട് സംസാരിക്കാന് ഇഷ്ടമില്ലാതെ ഓടിമാറിപ്പോകുമെന്നും.

"ഹലോ,"

അവള് സൗഹൃദം നിറഞ്ഞ ശബ്ദത്തില് പ്രത്യഭിവാദ്യം ചെയ്തു.

"എന്താ, തനിയെ?"

അവന് സംസാരം തുടങ്ങി.

"തനിയെ?"

അവള് ചുറ്റും നോക്കി.

"ഇവിടെയിപ്പോള് എന്ത് മാത്രം ആളുകള് ഉണ്ട്!"

ഓ! ഭയങ്കര ഫലിതം! ഷെല്ലി മനസ്സില് മിനിയെ തലമുടിക്കുത്തിനുപിടിച്ച് അടുത്തുള്ള മരത്തിലിടിച്ചു.

"അതല്ല. കൂടെ ഫ്രണ്ട്സ് ഒന്നും ഇല്ലല്ലോ...അതുകൊണ്ട്..."

"ഫ്രണ്ട് ഉണ്ട്. ശാലിനി. അവളിപ്പം തെരേസ് സിസ്റ്റര് വിളിച്ച് അങ്ങോട്ട് മാറിയതെയുള്ളൂ. ഞങ്ങള് സ്റ്റോര് വരെ പോകാന് ഇറങ്ങിയതാ,"

മലയാളം കഷ്ടപ്പെട്ട് സംസാരിക്കുന്നയാളെപ്പോലുള്ള ഭാഷ ശൈലിയാണവള്ക്ക്.

"ഷെല്ലിയെന്താ തനിച്ച്?"

"തനിയെ?"

ഇപ്പോള് അവന് ചുറ്റും നോക്കി.

"ഇവിടിപ്പോള് എന്ത് മാത്രം ആളുകള് ഉണ്ട്!"

അവള് പൊട്ടിച്ചിരിച്ചു.

ഷെല്ലിയുടെ കണ്ണുകള് ഒരു നിമിഷം അവളുടെ വശ്യസൗന്ദര്യത്തില് മുഴുകി. ഈശോയേ, കണ്ണുകള് മാറ്റാന് തോന്നുന്നില്ലല്ലോ!!

ചുറ്റുമുള്ളവരും അത് കണ്ടു.

"എന്റെ വേഡ്സ് എനിക്കിട്ട് തന്നെ വെച്ചു അല്ലേ?"

അവള് ചോദിച്ചു.

അവനും ചിരിച്ചു.

ഞാന് പറഞ്ഞ ഏറ്റവും വൃത്തികെട്ട തമാശ. ഷെല്ലി മനസ്സില് പറഞ്ഞു. ഐ എസ് ഭീകരരെ, എന്നെ തട്ടിക്കൊണ്ട് പോയി എന്റെ കഴുത്തറക്കൂ.

"ഷെല്ലിയുടെ ഫ്രണ്ടിനെ കണ്ടില്ല. ഷാരോണ്. അതുകൊണ്ട് ചോദിച്ചതാ ഞാന്,"

അവള് വിശദീകരിച്ചു.

"പിന്നെ മിനീ..എനിക്ക് ...എനിക്ക് ഒരു കാര്യം ..."

ഷെല്ലി അവളുടെ മുഖത്തേക്ക് ആകാംക്ഷയോടെ മുഖത്തേക്ക് നോക്കി. അല്പ്പം സന്ദേഹം അവന്റെ മുഖത്ത് ഉണ്ടായിരുന്നു.

അവള് പറയൂ എന്ന ഭാവത്തോടെ അവനെ നോക്കി.

"ഓ..അപ്പോള് അവള് നല്ല കുട്ടിയാണല്ലോ. എന്നെ ശല്യപ്പെടുത്തരുത് എന്ന് പറഞ്ഞതേയുള്ളൂ. എന്റെ പിന്നാലെ നടക്കരുത്, നാണമില്ലേ ഇങ്ങനെ എന്റെ വായീന്ന് കേള്ക്കാന് എന്നൊക്കെ പറഞ്ഞതേയുള്ളൂ. ഞാന് പ്രിന്സിപ്പാളിന്റെയടുത്ത് കംപ്ലയിന്റ് ചെയ്യും. പോലീസിനെക്കൊണ്ട് നിന്നെ പിടിപ്പിക്കും. പാര്ട്ടീന്ന് നിന്നെ പൊറത്താക്കിക്കും എന്ന് വളരെ സ്നേഹത്തോടെ പറഞ്ഞതേയുള്ളൂ. തെറി പറഞ്ഞില്ലല്ലോ. എന്ത് നല്ല കുട്ടി. സ്റ്റുഡെന്റ് ഓഫ് ദ ഇയര്!"

"നീ പോടീ മാക്കാച്ചീ..."

തിരിഞ്ഞ് അവളുടെ നെരേം കൊഞ്ഞനംകുത്തിക്കാണിച്ച് കോറിഡോര് കടന്ന് സ്റ്റേയര്കേസിറങ്ങി ഷെല്ലി താഴേക്ക് പോയി.

അവളുടെ തൊട്ടുപിമ്പിലെത്തിയപ്പോള് ഷെല്ലി ഒന്ന് നിന്നു.

കാറ്റില് അവളുടെ ഭംഗിയുള്ള ഇടതൂര്ന്നമുടി ഇളകുന്നു.

പെര്ഫ്യൂമിന്റെ ഇളം സൌരഭ്യം അവന്റെ നാസാരന്ധ്രങ്ങളെ മൃദുവായി സ്പര്ശിച്ചു.

ഇപ്പോള് അങ്ങോട്ടു പോകണോ? എത്ര ആണ്കുട്ടികളാണ് പലയിടത്തും നിന്ന് അവളുടെ നിറ സൌന്ദര്യം കണ്ണുകളില് നിറയ്ക്കുന്നത്? അവരെല്ലാവരും നോക്കി നില്ക്കേ മിനി വീണ്ടും ഒരു സീനുണ്ടാക്കിയാല്?

രേഖ പറഞ്ഞതു പോലെ ഇനി തെറി, ദേഹത്ത് കൈവെക്കല് തുടങ്ങിയവ മാത്രമേ ബാക്കിയുള്ളൂ.

അത് രണ്ടും ഇന്ന് പരസ്യമായി സംഭവിക്കുമോ ഈശോയേ?

എന്തായാലും ഇന്ന് ഒരിക്കല്ക്കൂടി സംസാരിക്കണം.

എന്ത് സംഭവിച്ചാലും വേണ്ടില്ല.

തന്നെ കോളേജില്നിന്ന് പുറത്താക്കട്ടെ.

എസ് എഫ് കേ തന്നെ പടിയടച്ചു പിണ്ഡംവെക്കട്ടെ.

പെണ്കുട്ടികളെ ശല്യപ്പെടുത്തുന്നു എന്ന കുറ്റത്തിന് പോലീസ് തന്നെ ലോക്കപ്പിലിടട്ടെ.

ഒരിക്കല്ക്കൂടി സംസാരിക്കണം തനിക്ക്.

പെട്ടെന്ന് ഷെല്ലി മറ്റൊരു കാര്യം കൂടിക്കണ്ടു.

ദൂരെ നിന്നും അരികെ നിന്നും ആളുകള് തന്നെയും നോക്കുന്നുണ്ട്.

ചിലരുടെ മുഖത്ത് സഹതാപം.

ചിലര്ക്ക് ആകാംക്ഷ.

മറ്റു ചിലര്ക്ക് പരിഹാസം.

ഈശോയേ...കാത്തോളണേ...

അവളുടെ പിമ്പില് നിന്ന് ഷെല്ലി മുരടനക്കി.

അവള് പതിയെ ശിരസ്സ് അവന്റെ നേരെ തിരിച്ചു.

ഷെല്ലിയെ കണ്ടതും അവളുടെ മുഖത്ത് നിന്ന് പുഞ്ചിരിമാഞ്ഞു.

കണ്ണുകളില് മയങ്ങിക്കിടന്ന സ്വപ്നഭാവവും.

"മിനീ, പ്രേയിസ് ദ ലോഡ് ,"

"ങ്ഹേ?"

"പ്രയിസ് ദ ലോഡ്,"

അവള് അവനെ ക്രുദ്ധയായി നോക്കി.

"എന്താ ഷെല്ലീടെ ഉദ്ദേശം?"

ഈശോയേ, നന്ദി. ഇപ്രാവശ്യം പേര് വിളിച്ചിരിക്കുന്നു!

താന്, നീ, എടാ എന്നൊന്നും വിളിച്ചില്ല.

സ്വരത്തില്നിന്ന് പക്ഷെ ആ പഴയ കാര്ക്കശ്യം മാറിയിട്ടില്ല.

"മിനീ, ശല്യപ്പെടുത്താന് വന്നതല്ല. ആ പഴയ കാര്യങ്ങള് പറയാനുമല്ല,"

അവന് പറഞ്ഞു.

അവളുടെ നോട്ടത്തിലെ അസഹിഷ്ണതയേറി.

"പിന്നെ?"

"മിനി, ഞാനിപ്പോള് കര്ത്താവായ യേശുക്രിസ്തുവിന്റെ ശിഷ്യനാണ്. മാനസാന്തരപ്പെട്ട പാപിയാണ്. ഞാന് പലരേം ദ്രോഹിച്ചു. മിനിയേപ്പോലും എത്ര തവണ ഉപദ്രവിച്ചു! ആ പാപഭാരം ഒടുവില് എന്നെ ഇവിടെയെത്തിച്ചു..."

"സഖാവിന് നന്നായി പരിഹസിക്കാനറിയാം,"

അവള് ക്രുദ്ധത വിടാതെ ചോദിച്ചു.

"പ്രയിസ് ദ ലോഡ്...പ്ലീസ്, അങ്ങനെ പറയല്ലേ. എനിക്കിപ്പോള് ഒരു ഉദ്ദേശമേയുള്ളൂ. ഞാന് അനുഭവിക്കുന്ന ഈ ആത്മീയ സന്തോഷം മറ്റുള്ളവരും കൂടി അറിയണം. അതുകൊണ്ടാണ് ഞാന് മിനിയുടെ അടുത്ത് വന്നത്. പ്രയിസ് ദ ലോഡ്,"

"മനസ്സിലായില്ല,"

അസന്തുഷ്ടി വിടാതെ അവള് ചോദിച്ചു.

"അത് മിനി, പ്രയിസ് ദ ലോഡ്..ഞാന് ..ഞാന് പറഞ്ഞു വരുന്നത്...അത് ..."

അവന് തുടര്ന്ന് പറയാനാകാതെ നിര്ത്തി.

അവളുടെ മുഖത്ത് കടുത്ത അസഹനീയത അവന് കണ്ടു.

"അത് മിനീ, പ്രയിസ് ദ ലോഡ്..ഇവിടെ നമ്മുടെ ചാപ്പലില് എല്ലാ വെള്ളിയാഴ്ചയും ..അതായത് ഇന്ന് ...പ്രാര്ത്ഥന മീറ്റിംഗ് ഉണ്ട്. അതില് പങ്കെടുക്കുക എന്ന് പറയുന്നത് മിനീ ...ഒരനുഭവമാണ്. ഞാന് യാചിക്കുന്നു, അപേക്ഷിക്കുന്നു, അഭയാര്ഥിക്കുന്നു, ആ പ്രാര്ത്ഥന മീറ്റിംഗിലേക്ക് മിനി കടന്ന് വരണം. കര്ത്താവ് മിനിക്കായി ഒരുക്കി കാത്തിരിക്കുന്ന ആ ആത്മീയ സന്തോഷം അനുഭവിക്കണം...പ്രയിസ് ദ ലോഡ്,"

"എന്നെ നന്നാക്കാതെ ഉറക്കം വരില്ല അല്ലേ?"

അവള് അവനെ രൂക്ഷമായി നോക്കി.

"അയ്യോ അതല്ല, ഞാന് അത് വിട്ടു. അതൊക്കെ മിനിയുടെ ഇഷ്ടം, സ്വകാര്യത, സ്വാതന്ത്ര്യം. അതിലൊന്നും ഞാന് ഇനി മേലാല് കൈകടത്തില്ല. അതൊക്കെ ഓര്ത്ത് ശരിക്ക് പറഞ്ഞാല് എനിക്ക് നല്ല വിഷമവും ഉണ്ട് . മിനിയുടെ പ്രൈവസിയില് ശല്യമായെന്ന് എനിക്ക് എന്തൊരു സങ്കടം ഉണ്ടെന്നോ...'

"സഖാവ് ഇപ്പോഴും എന്നെ കളിയാക്കുകയാണ് എന്ന് എനിക്ക് മനസ്സിലാകുന്നേയില്ല,"

ഷെല്ലിയ്ക്ക് മനസ്സിലായി,ആക്ടിംഗ് കുറച്ച് അധികമാവുന്നുണ്ട്. അല്പം വേഗത കുറയ്ക്കാം.

"സോറി മിനി. പ്രയിസ് ദ ലോഡ്. എന്ത് ചെയ്യാം എന്റെ സംസാരത്തിന്റെ ഒരു രീതി ..ഒരു സ്റ്റൈല് അതായിപ്പോയി. ഇങ്ഹാ, അതൊക്കെ പോട്ടെ...നാളത്തെ ആ പ്രെയര് മീറ്റിങ്ങില് മിനി വന്നിരിക്കണം,"

"ഇല്ലെങ്കില്?"

"പ്ലീസ് മിനി പ്ലീസ്...ഒരു തവണ. ഒരേയൊരു തവണ. പിന്നെ വരണ്ട. ആദ്യത്തെ പ്രാവശ്യം വന്നിട്ട് ഇഷ്ടമായില്ലെങ്കില് പിന്നെ വരണ്ട. പിന്നെ ഞാന് ഒരിക്കലും ഒരു കാര്യവും പറഞ്ഞു മിനിയുടെ പിന്നാലെ വരില്ല,"

"ഉറപ്പാണോ?"

"ഉറപ്പ്. മിനിയോട് ഞാന് പ്രോമിസ് ചെയ്യുന്നു. മിനി ഒരു പ്രാവശ്യം ജീസസ് യൂത്ത് ഗ്രൂപ്പിന്റെ കരിസ്മാറ്റിക് പ്രെയര് മീറ്റിങ്ങില് വന്നാല്..."

അവന് ചുറ്റും നോക്കി.

സമീപത്ത് ഒരു ഒഴിഞ്ഞ കുപ്പി കിടക്കുന്നത് കണ്ടു.

അവന് അത് കുനിഞ്ഞ് എടുത്തു.

പിന്നെ അവന് ഉദ്യാന മതിലില് ആ കുപ്പി ആഞ്ഞടിച്ചു.

കുപ്പി പൊട്ടി ചിതറുന്നതിന്റെ ശബ്ദവും വേഗവും മിനിയെ ഭയപ്പെടുത്തി.

അവന്റെ പ്രവര്ത്തിയുടെ ഉദ്ദേശം മനസ്സിലാകാതെ മിനി അവനെ നോക്കി.

"ഈ കുപ്പിച്ചില്ലുകള് പിന്നേം പഴയ കുപ്പിയായി മാറിയാലല്ലാതെ ഞാന് ഇനി മിനിയെ കാണില്ല, സംസാരിക്കില്ല. ഇത് സത്യം സത്യം സത്യം. പ്രേയിസ് ദ ലോഡ്,"

അവളുടെ ഭയഭാവം മാറി.

ഹും! ഷെല്ലി അമര്ഷത്തോടെ മനസ്സില് പറഞ്ഞു. ഞാന് ഇനി മേലില് അവളെ കാണില്ല എന്ന് പറഞ്ഞപ്പോള് എന്തൊരു സന്തോഷമാ അവളുടെ മുഖത്ത്! എന്തായാലും വേണ്ടില്ല, ഈ സാധനത്തിനെ ഒരു തവണയെങ്കിലും ആ പ്രാര്ത്ഥന ഗ്രൂപ്പില് ഒന്നെത്തിക്കണം. അതായിരിക്കാം ഇവളെ രക്ഷപ്പെടുത്താന് പോകുന്നത്. എന്തൊരു സൌന്ദര്യമാ ദൈവമേ ഈ പെണ്ണിന്! ഇവളെ കെട്ടാന് പോകുന്ന ആ ഭാഗ്യവാന് ആരാണാവോ? ആരായാലും വേണ്ടില്ല ഇവളെ കെട്ടിക്കഴിഞ്ഞു അവനെ കണ്ടിട്ട് പറയണം. എടാ നാറീ ഞാന് കാരണവാ ഇവളെ നിനക്ക് ഈ കോലത്തില് കിട്ടിയത്. ഞാനില്ലാരുന്നേല് കാണാരുന്നു! വല്ല റിഹാബിലിറ്റേഷന് സെന്ററിലും ഭ്രാന്തിയെപ്പോലെ....

അരുത് ! ഷെല്ലിയുടെ മനസ്സിലേക്ക് മാലാഖയെപ്പോലെ സുന്ദരിയായ തന്റെ അമ്മയുടെ പുഞ്ചിരിക്കുന്ന മുഖം കടന്നുവന്നു. "മോനേ, ഈശോയേപ്പോലെ എപ്പോഴും മറ്റുള്ളവര്ക്ക് നന്മ ചെയ്യുക. ഒന്നും തിരിച്ച് ആഗ്രഹിക്കരുത്. നമ്മള് എന്ത് നന്മ ചെയ്താലും സ്വര്ഗ്ഗത്തീന്ന് അതൊക്കെ ഈശോ കാണുന്നുണ്ട്. മോന് കൈ നിറച്ച തരും പ്രതിഫലം, ഈശോ. മനസ്സിലായോ കുട്ടന്?"

ഷെല്ലി ആകാശത്തിലേക്ക് നോക്കി.

മേഘങ്ങള്ക്ക് മറവില് മമ്മിയുടെ പുഞ്ചിരിക്കുന്ന മുഖം കണ്ടെത്താന് ശ്രമിച്ചു .

എവ്ടെയാണ് മമ്മി?

അവന്റെ മിഴികള് നിറഞ്ഞു.

അപ്പോള് ഒരു ഇളം കാറ്റ് കടന്നു വന്ന് അവനെ തഴുകി.

കണ്ണുകളെ, കവിളിനെ തലമുടിയെ...

മമ്മിയുടെ ഗന്ധം ചുറ്റും നിറയുന്നത് പോലെ തോന്നി ഷെല്ലിയ്ക്ക്.

"എന്റെ മമ്മീ,"

അവന് പതിയെ മന്ത്രിച്ചു.

പെട്ടെന്നാണ് പരിസരത്തെപ്പറ്റി ഷെല്ലി ബോധാവാനാവുന്നത്.

ശ്യെ, മിനി കണ്ടു തന്റെ കണ്ണുകള് നിറഞ്ഞൊഴുകുന്നത്. കഷ്ടം! മിഴികള് ഇടച്ചുകൊണ്ട് അവന് സ്വയം കുറ്റപ്പെടുത്തി.

"എന്നാ ഒരു കാറ്റാ! കണ്ണില് കണ്ടമാനം പോടികേറി. ഛെ!"

മറയ്ക്കാന് ശ്രമിച്ചെങ്കിലും അവന്റെ കണ്ണുകള് നിറഞ്ഞൊഴുകുന്നത് അവള് കണ്ടു.

അവള് കണ്ടത് അവനും.

അവന് പുഞ്ചിരിക്കാന് ശ്രമിച്ചു.

"അത് മിനീ..."

അവന് വിശദീകരിക്കാന് ശ്രമിച്ചു.

"ഒരാള് മാനസാന്തരത്തിലേക്ക് വരുമ്പോള്....ചെയ്ത പാപങ്ങള് ഒക്കെ ഓര്മ്മയില് വന്നാല്..ഇത് പോലെ..ഇതുപോലെയൊക്കെയാവും. ഇപ്പോള് മനസ്സിലായില്ലേ, മാനസാന്തരം എന്നില് എന്തോരം മാറ്റങ്ങള് വരുത്തീന്ന്. സോ ഐ എക്സ്പെക്റ്റ് യൂ റ്റു ബി ദേര് അറ്റ് ഷാര്പ്പ് ഫോര് ഓ ക്ലോക്ക്. ഓക്കേ?"

അവന് ആധികാരികഭാവത്തില് ചോദിച്ചപ്പോള് അവള് നെറ്റി ചുളിച്ചു.

"അല്ല...അതല്ല ..."

അവളുടെ മുഖഭാവം മാറിയപ്പോള് ഷെല്ലി യാചനാസ്വരത്തില് പറഞ്ഞു.

"ഞാന് ഇംഗ്ലീഷ് പറഞ്ഞത് ..മിനിക്ക് ഏറ്റവും എളുപ്പം മനസ്സിലാകുന്ന ഭാഷ അതായത് കൊണ്ടാ. അല്ലാതെ സ്റ്റയില് കാണിച്ചതല്ല. പ്ലീസ് വരില്ലേ?"

അവള് ചിരിക്കാന് ശ്രമിക്കുന്നതും അത് നിയന്ത്രിക്കുന്നതും ഷെല്ലി കണ്ടു.

"ങ്ഹാ, നോക്കട്ടെ. എപ്പഴാ?"

"നാളെ വൈകുന്നേരം നാലുമണിക്ക്. ഷാര്പ്പ് നാലുമണിക്ക് വന്നില്ലേലും കൊഴപ്പവില്ല. പക്ഷെ വരണം. പ്ലീസ്,"

അവള് തലകുലുക്കി.

"എനിക്കിപ്പം [പ്രാക്റ്റിക്കലാ. ഞാന് പോകുവാ,"

അത് പറഞ്ഞ് അവള് തിരിഞ്ഞു നടന്നു.

ഷെല്ലിയ്ക്ക് സന്തോഷം കൊണ്ട് കൂവിവിളിക്കണം എന്ന് തോന്നി. സന്തോഷാധിക്യത്താല് അവന് കണ്ണുകള് ഇറുക്കിയടച്ചു. അല്പ്പനേരം കഴിഞ്ഞ് തുറന്നപ്പോള് മുമ്പില് ഷാരോണ് നില്ക്കുന്നത് കണ്ടു.

"ഇതെന്നാടാ തപസ്സാണോ?"

അവന്റെ കയ്യില് പിടിച്ചുകൊണ്ടു തണല്മരത്തിന്റെ താഴേക്ക് നടന്നുകൊണ്ട് അവള് ചോദിച്ചു.

"തപസ്സ് തീരാന് പോകുവാ മോളെ,"

അവളോടൊപ്പം കാറ്റാടിമരത്തണലിലേക്ക് നടന്ന് ഷെല്ലി പറഞ്ഞു.

"അവള് സമ്മതിച്ചെടീ,"

"ങ്ഹേ? റിയലി? മിനിയോ? പ്രെയര്ഗ്രൂപ്പില് വരാന്ന് മിനി സമ്മതിച്ചോ?"

അനല്പ്പമായ ആഹ്ലാദത്തോടെ, അദ്ഭുതത്തോടെ ഷാരോണ് ചോദിച്ചു.

"സമ്മതിച്ചെന്റെ മോളെ. ജീസസ് യൂത്ത് കരിസ്മാറ്റിക് പ്രെയര് ഗ്രൂപ്പ് അവളുടെ ഡ്രഗ് അഡിക്ഷന്റെ വാട്ടര്ലൂവാകാന് പോകുവാ. നീ നോക്കിക്കോ, ഇനി ഡ്രഗ് എന്ന് കേട്ടാ അവള് തോക്കെടുക്കും. ഹോ..ഇപ്പഴാടീ...ഇപ്പഴാ ഒരു സമാധാനവയത്,"

ഷെല്ലിയുടെ ആഹ്ലാദം അവളുടെ കണ്ണുകളെ ഈറനാക്കി.

"എന്ത് പറ്റീടീ?"

അത് കണ്ടു അവന് ചോദിച്ചു.

"സന്തോഷം കൊണ്ടാ എന്റെ കുട്ടാ. എന്റെ മുത്തേ നീ എത്ര നാളായി അവള്ക്ക് വേണ്ടി...എല്ലാരേം വെറുപ്പിച്ച്...എത്ര പേരുടെ പരിഹാസം...അതെല്ലാം ..അവസാനം എല്ലാം നല്ലതിലേക്ക് പോകുവാണല്ലോ എന്റെ ഈശോയേ എന്നോര്ത്തപ്പോള് സന്തോഷം കൊണ്ടാടാ...."

കണ്ണുനീരിനിടയിലൂടെ അവള് പുഞ്ചിരിച്ചു.

അവള് പെട്ടെന്ന് ഗാഢമായ ഒരാലോചനയിലേക്ക് പിന്വാങ്ങുന്നത് ഷെല്ലി കണ്ടു.

"എന്നാ? എന്നാ ഒരു വലിയ ആലോചന?"

അവള് അവനെ നോക്കി മനോഹരമായി പുഞ്ചിരിച്ചു.

"എന്നാടീ ഒരു കള്ളച്ചിരി? കാര്യം എന്നാണേലും നീ പറ ഷാരോണേ,"

ഷാരോണ് അവന്റെ കണ്ണുകളിലേക്ക് നോക്കി.

"അതേ..ഞാന് ഞാന് ഓര്ക്കുവാരുന്നു...ഈ സ്റ്റോറീടെ അവസാനം ആ സുന്ദരിപ്പെണ്ണ് ഈ സുന്ദരന് ചെക്കന്റെ കൂടെ...ദേര് ഈസ് അ ചാന്സ് ഓഫ് എ ലവ് സ്റ്റോറി..."

"ഒന്ന് പോടീ..."

ഷെല്ലി പെട്ടെന്ന് പറഞ്ഞു.

"നീ എന്നതാ ഷാരോണേ ഇപ്പറയുന്നെ? അവളോ? എന്നെയോ? ഞാനീ ഷേപ്പില് ഇപ്പഴും ജീവനോടെ ഇരിക്കുന്നെ ആരാണ്ടൊക്കെ പുണ്യം ചെയ്തകൊണ്ടാ. അല്ലേല് അവളുടെ കലിപ്പില് എന്നേ ചരമക്കോളത്തില് വരേണ്ടതാ. അത്രയ്ക്ക് ദേഷ്യമാ അവള്ക്കെന്നോട്. അന്നേരവാ പ്രേമം! ഒന്ന് പോടീ!"

"ഷെല്ലി, അതല്ല...ഞാന് പറയുന്നത്..."

"ഷാരോണെ,മുഖ്യമന്ത്രീടെമോളെ...ഈനാമ്പേച്ചീ...മരപ്പട്ടീ...മൂക്കളച്ചാത്തീ...നെനക്കറിയാവോ എന്നെനിക്കറിയില്ല. മുകേഷ് അംബാനീടെ മോനും ബില്ഗേറ്റ്സിന്റെ മോനും ഇപ്പഴേ അടിതുടങ്ങിക്കഴിഞ്ഞൂന്ന് ഒരു വാര്ത്തയൊണ്ട്, അവളെ കിട്ടാന്. അന്നേരവാ നീ എനിക്ക് വേണ്ടി അവളുടെ ബ്രോക്കറാകുന്നേ. വിട്ട് പിടി മോളെ. നമ്മളില്ലേ...നമുക്ക് വേണ്ടേ..."

പെട്ടെന്ന് ഷെല്ലിയുടെ മുഖം മാറി. കണ്ണുകളില് അഗ്നിയിരമ്പാന് തുടങ്ങി. മുഖം ക്രുദ്ധമായി. അവന് വിദൂരതയിലേക്ക് നോക്കി.

"ഷാരോണേ,"

നിമിഷങ്ങള്ക്ക് ശേഷം വിദൂരതയില് നിന്ന് നോട്ടം മാറ്റി ഷാരോണിന്റെ കണ്ണുകളിലേക്ക് നോക്കി.

"എന്റെ ലൈഫ് പ്രേമത്തിനോ വിവാഹത്തിനോ വേണ്ടിയുള്ളതല്ല എന്ന് മറ്റാരേക്കാള് നന്നായി അറിയാവുന്നയാള് നീയാ. ആ നീയാണോ ഇപ്പം ഇങ്ങനെ പറയുന്നെ?"

അവന്റെ ചോദ്യം അവളെ ശരിക്കും ഉലച്ചു.

അവളുടെ കണ്ണുകളില് ഭയമിരമ്പി.

"മോനേ..ഞാന്,"

"വേണ്ട!"

ക്രുദ്ധമായ സ്വരത്തില് ഷെല്ലി അവളെ കൈയുയര്ത്തി വിലക്കി.

"ഞാന് ജീവിച്ചിരിക്കുന്നത് റോക്കി എന്ന ചെകുത്താനെ കണ്ടുപിടിക്കാന് മാത്രമാണ് എന്ന് നിനക്കറിയാം. എന്റെ മുമ്പില് ഒരു ഉദ്ദേശം മാത്രമേയുള്ളൂവെന്ന് നിനക്കറിയാം. റോക്കിയെ കണ്ടെത്താന്. കൊല്ലാന്. എന്റെ മമ്മീടെ മരണത്തിന് പ്രതികാരം ചെയ്യാന്....പറഞ്ഞിട്ടില്ലേ ഇതൊക്കെ ഞാന് നിന്നോട്?"

ഷാരോണ് എപ്പോഴും അത് ഓര്ത്തുകൊണ്ടേയിരുന്നു. ഷെല്ലിയുടെ മമ്മിയുടെ മരണം. ബാങ്കില് നിന്ന് വരികയായിരുന്നു സിസിലി ആന്റി. പെട്ടെന്ന് പിമ്പില് നിന്ന് ഒരു കാര് വരുന്നു. നിര്ത്തുന്നു. അതില് നിന്ന് കറുത്തകോട്ടിട്ട ഒരാള് ഇറങ്ങുന്നു. തോക്കെടുത്ത് സിസിലി ആന്റിയുടെ നേരെ വെടിയുതിര്ക്കുന്നു. ഉടനേ വേറൊരാള്കൂടി പുറത്തേക്ക് വരുന്നു.

"റോക്കി, ഇനഫ്! ഷീയീസ് ഡെഡ്! കം ബാക്ക്!"

അയാള് പറയുന്നു. വെടിയുതിര്ത്തയാളെ പിടിച്ചു കാറില് കയറ്റിപ്പോകുന്നു.

അന്ന് മുതല്, കുട്ടിയായിരുന്ന ഷെല്ലി തിരയുന്ന ഒരു പേരാണ് റോക്കി.

"നിന്നോട് ഞാന് പറഞ്ഞിട്ടില്ലേ, പ്രേമം, സ്നേഹം ഒക്കെ എന്റെ ലക്ഷ്യത്തിനു തടസ്സമാണെന്ന്? പിന്നെ നീയെന്തിനാ ഇതൊക്കെയിടയ്ക്ക് പറയുന്നെ? ഇന്നാള് ആ രേഖ വാട്സപ്പില് എന്നോട് പ്രേമമാണ് എന്ന് പറഞ്ഞപ്പോള് അതിനെ പ്രോത്സാഹിപ്പിക്കാന് എന്നാ ഒരു ഇന്ററെസ്റ്റ് ആരുന്ന് നെനക്ക്? ഒരു വിധത്തിലാ ഞാന് അവളെ പറഞ്ഞു കാര്യങ്ങള് പറഞ്ഞു മനസ്സിലാക്കിച്ചത് അന്ന്,"

ശബ്ദമുയര്ത്തിയാണ് ഷെല്ലി ചോദിച്ചത്.

"മോനേ നിനക്ക് എന്നായാലും ഒരു ആളെ വേണ്ടേ? അതുകൊണ്ട്..."

അവന് വിശദീകരിക്കാന് ശ്രമിച്ചു.

ഷെല്ലിയുടെ മിഴികള് അകലെ നില്ക്കുന്ന പൂവിട്ട ദേവദാരുക്കളെ സ്പര്ശിച്ചു. അതിന്റെ തണലിലൂടെ നിറയൌവ്വനത്തിന്റെ വിസ്മിത ഭംഗിയുടെ സുഗന്ധം പരത്തി ചിരിച്ചുല്ലസിച്ച് നടന്നു നീങ്ങുന്ന ആണ്കുട്ടികള്കളെയും പെണ്കുട്ടികളെയും നോക്കി. പിന്നെ അവന്റെ കണ്ണുകള് ആകാശത്ത് നിറഞ്ഞു

"അങ്ങനെ ഒരാളോട് തോന്നിയിട്ടുണ്ട്,"

ദൃശ്യങ്ങളില് നിന്ന് തിരികെയെത്തി അവന് അവളുടെ കണ്ണുകളില് നോക്കി.

അവള് അനല്പ്പമായ സന്തോഷത്തോടെ അവനെ നോക്കി.

"നേരോ? ആരോടാടാ?"

അവള് ആവേശത്തോടെ ചോദിച്ചു.

അവന് അല്പ്പനിമിഷം അവളെ നോക്കി.

"കഴിഞ്ഞ വര്ഷം ഞാന് നിന്റെ ഫാം ഹൌസില് വന്നില്ലേ? അന്നേരം ലോകത്തെ ഏറ്റവും മുന്തിയ എന്തോ ആണ് നീ എനിക്ക് വയറു നിറച്ചു കഴിക്കാന് തന്നത്. അത് കഴിഞ്ഞ് ഭയങ്കര വിലയുള്ള സൂപ്പര് വൈനും നീ എനിക്ക് തന്നു. നീയും കുടിച്ചു. എന്നിട്ട് നീയെന്നെ ഫാമിലി ആല്ബം കാണിക്കാന് തുടങ്ങി. നമ്മള് ഒരു ബെഡ്ഡില് ചേര്ന്ന് കമിഴ്ന്ന് കിടക്കുവാരുന്നു. കഴിച്ച ഫുഡും വൈനിന്റെ സൂപ്പര് വീര്യവും പിന്നെ നല്ല അസ്സല് മായമില്ലാത്ത കാറ്റും എല്ലാം കൂടി ആയപ്പോള് എന്റെ കണ്ണുകള് ശരിക്ക് അടഞ്ഞു. സൂപ്പര് ഒറക്കം. കുറെ കഴിഞ്ഞ് കണ്ണുകള് തുറക്കുമ്പോള് എന്നെ ചേര്ത്തു കെട്ടിപ്പിടിച്ച് നീയും നല്ല ഉറക്കവാ...."

ഷാരോണ് അവന്റെ നേരെ സംശയത്തോടെ നോക്കി.

"ഷെല്ലി ...നീയെന്താ മോനേ പറഞ്ഞു വരുന്നെ...?'

"നില്ക്ക്,"

ഷെല്ലി അവളെ കൈയ്യുയര്ത്തി വിലക്കി.

"നീയേതായാലും എന്നെ കെട്ടിക്കാനുള്ള ബ്രോക്കര് പണി സ്വയം അങ്ങ് ഏറ്റെടുത്തേക്കുവല്ലേ. ഇതും കൊടെ കേക്ക്,"

ഷാരോണ് നിശബ്ദയായി.

"ഈ കോളേജിലെ ആമ്പിള്ളേര് മൊത്തം കണ്ണുകള് കൊണ്ടു കൊത്തിപ്പറിക്കുന്ന നിന്റെ അതില്ലേ..."

കാറ്റില് ഷാള് അകന്നു മാറിയപ്പോള് അവന് അവളുടെ നിറമാറിന്റെ സമൃധിയിലേക്ക് കണ്ണുകള് കാണിച്ചു.

"ശ്യൊ, നീ ഇതെന്നതാ ഷെല്ലി ഈ പറയുന്നെ?'

അവള് പെട്ടെന്ന് ഷാള് കൊണ്ടു മാറിടം മറച്ചു.

"ഹ..ഇടക്ക് കേറല്ലേ മൊത്തം കേള്ക്ക്,"

അവന് വീണ്ടും കൈയ്യുയര്ത്തി വിലക്കി.

"ശരി അത് ഇത് എന്നൊന്നും പറയുന്നില്ല. നിന്റെ മൊല രണ്ടും എന്റെ ചങ്കേല് ഞെങ്ങി ഞെരിഞ്ഞ് അങ്ങനെ കിടന്നപ്പോള് ജീവിതത്തില് ആദ്യവായും അവസാനവായും എനിക്ക് നിന്നോട് നിയന്ത്രിക്കാനാവാത്ത ആ അരുതാത്ത തോന്നല് ഉണ്ടായി. നീ അന്ന് ഇട്ടിരുന്നെ ഒരു ട്രാന്സ്പരന്റ് ആയ ഒരു ടോപ്പ് ആല്ലേ ഇട്ടിരുന്നെ...?"

"പോടാ..."

നാണത്തോടെ പുഞ്ചിരിച്ചുകൊണ്ട് ഷാരോണ് പറഞ്ഞു.

"ഞാന് എന്റെ ലൈഫില് ട്രാന്സ്പരന്റ്റായ ഡ്രസ് ഇട്ടിട്ടില്ല. അഥവാ അന്ന് ഇട്ടാല് തന്നെയും നീ എന്റെ ആരാന്ന് എനിക്ക് അത്ര ബോധ്യം ഉള്ളത്കൊണ്ടല്ലേ മോനേ?"

"ശരി,"

ഷെല്ലിയും പുഞ്ചിരിച്ചു.

"പക്ഷെ നീ അന്നിട്ടത് ഒരു വെളുത്ത ടോപ്പാ. അതിനുള്ളിലെ ബ്രായുടെ നിറം..ഒരു പിങ്ക് നിറമുള്ള ബ്രാ ...ഷാരോണ്...എന്റെ സകല നിയന്ത്രണോം പോയി..ഞാനോര്ത്തു ..ഈശോയെ ഞാന് കണ്ടിട്ടുള്ള ലോകത്തെ ഏറ്റവും സുന്ദരിയായ പെണ്ണ് എന്നെക്കെട്ടിപ്പിടിച്ചുറങ്ങുന്നു!"

"എന്താ പറഞ്ഞെ?"

ഷാരോണിന്റെ മുഖത്ത് മനോഹരമായ ലജ്ജയരിച്ചിറങ്ങി.

"നീ കണ്ടിട്ടുള്ള ഏറ്റവും സുന്ദരി? ഞാന്?"

ഷെല്ലി അവളുടെ തോളില്പ്പിടിച്ചു. പിന്നെ അവളുടെ കണ്ണുകളിലേക്ക് നോക്കിപ്പറഞ്ഞു.

"വിശ്വസിക്ക് കുട്ടാ. നേര്,"

"എന്റെ ഈശോയേ,"

അവളില് നിന്ന് ലജ്ജയില്ക്കുതിര്ന്ന ശബ്ദം ഷെല്ലി കേട്ടു. അവള് കൈത്തലം കൊണ്ടു മുഖം പാതി മറച്ചു. ഷെല്ലിയുടെ മുഖത്തേക്ക് നോക്കാന് അവള് വിസമ്മതിച്ചു. ഷാരോണിന്റെ മുഖം ലജ്ജയില് കുതിര്ന്ന് വിങ്ങുകയാണ്. കണ്ണുകളില് അതിരില്ലാത്ത ആഹ്ലാദത്തിന്റെ വസന്ത നൃത്തം.

"അപ്പോള് എന്റെ മോളെ,"

ഷെല്ലി തുടര്ന്നു.

"അപ്പോള് ഞാന് ഉള്ളുരുകി ആഗ്രഹിച്ചു. അല്ല അത്യാഗ്രഹം നടത്തി എന്ന് പറയുന്നതാവും കൂടുതല് ശരി...നിന്നെ എന്റെ സ്വന്തമായി കിട്ടിയിരുന്നേല് എന്ന്. ജീവിതകാലം മൊത്തം. ആ നല്ല മനസ്സ മൊത്തം. ആ മനോഹരമായ ശരീരം മൊത്തം...അങ്ങനെയൊക്കെ ആഗ്രഹിച്ച്, ദേഹം മൊത്തം ചൂട് പിടിച്ച അങ്ങനെ നിന്നെ നോക്കിക്കിടക്കുമ്പോള് പെട്ടെന്ന് നീ കണ്ണുകള് തുറന്നു... ലോകത്തെ മുഴുവന് നിഷ്കളങ്കതേം ആ നോട്ടത്തിലുണ്ടാരുന്നു. പെട്ടെന്ന് ആ നോട്ടത്തിന് മുമ്പില് ഷാരോണ് എന്റെ എല്ലാ കാമപ്പിശാചും ചത്തു. അപ്പോള് ഞാന് അനുഭവിച്ച കുറ്റബോധം..അത് ഇപ്പോള് പറയാന് എനിക്ക് കഴിയില്ല. കേരളത്തിലെ ഏറ്റവും അധികാരമുള്ള മനുഷ്യന്റെ മോള് എന്നെപ്പോലെ ഒരു സാധാരണക്കാരനെ ഒരുമിച്ചുചേര്ത്ത് കൊണ്ടുനടക്കുന്നു. കൂട്ടുകാരന്റെ പദവി തരുന്നു. എനിട്ട് ഞാന്..."

ഷെല്ലിയുടെ കണ്ണുകള് നിറഞ്ഞു.

"എന്താ മോനേ, ഇത്?"

അവള് അവന്റെ തോളില് പിടിച്ചു.

"...ഞാന്...ഞാന്... പിന്നെ... നീ പിന്നെ നിന്റെ ഫാമിലി ആല്ബം കാണിക്കാന് തുടങ്ങി. ഓരോരുത്തരേം കാണിച്ച് കാണിച്ച് ഒരു സുന്ദരനെ കാണിച്ചു. മാലാഖയുടെ മുഖമുള്ള ഒരു ആണ്കുട്ടിയുടെ ചിത്രം. "ഇതാരാ?" ഞാന് ചോദിച്ചു. അന്നേരം നീ പറഞ്ഞു. "ഇവന്റെ ആദ്യത്തെ പേര് സിറില്. ഇപ്പോഴത്തെ പേര് ഷെല്ലി. എനിക്കൊന്നും മനസ്സിലായില്ല. അന്നേരം നീ സിറിലിന്റെ കഥ പറഞ്ഞു. നിന്റെ അനിയന്റെ കഥ. നിന്റെ കൂടെപ്പിറപ്പിന്റെ കഥ. ആതിരപ്പള്ളിയില് അപകകടത്തില്പ്പെട്ട മരിച്ചുപോയ നിന്റെ അനിയന്റെ കഥ. കോളേജില് ആദ്യ ദിവസം എന്നെക്കണ്ടപ്പോള് നീ അവനെ ഓര്ത്തുവെന്നും നീ അന്ന് പറഞ്ഞു. അന്ന് ആ ആല്ബത്തില്ക്കണ്ട ആണ്കുട്ടിയുടെ മുഖത്തിന് അദ്ഭുതകരമായ വിധത്തില് എന്റെ മുഖത്തോട് സാദൃശ്യമുണ്ടായിരുന്നു എന്ന് ഞാന് കണ്ടു. അന്ന് നീ അവന്റെ കാര്യം പറഞ്ഞു കരഞ്ഞു. അന്നേരം എന്റെ മോളെ ഞാന് മനസ്സില് ഉറപ്പിച്ചിരുന്നു....നീ ആണ് എന്റെ പെങ്ങള്. എന്റെ മമ്മി ഒരു പക്ഷെ എനിക്ക് തരാതെപോയ പെങ്ങള് നീ ആയിരിക്കാം. അല്ല നീ ആണ് എന്ന് ഞാന് മനസ്സില് പ്രതിജ്ഞയെടുത്തിരുന്നു...."

ഷെല്ലിയുടെ വാക്കുകള് ഷാരോണിന്റെ മിഴികളെ ഈറനാക്കി.

"പിന്നെ ...അതിനു ശേഷം രണ്ടുമാസം കഴിഞ്ഞ് നീ എന്നെ നിന്റെ പപ്പാടേം മമ്മീടെം അടുത്ത് കൊണ്ടുപോയത് എനിക്ക് ഓര്മ്മയുണ്ട്. ഈ ജന്മം മറക്കാന് പറ്റുന്നതല്ല അതൊന്നും. അന്ന് നിന്റെ പാപ്പാ ..പിന്നെ മമ്മി എന്നെ നോക്കിയാ നോട്ടം എന്റെ മനസ്സില് ചൂടോടെയുണ്ട്...സിറിലിനെ നോക്കുന്ന പോലെ. നിന്റെ മമ്മി എന്നെക്കണ്ട് കരഞ്ഞു. എന്നെ ചേര്ത്തുപിടിച്ചു. നിന്റെ പാപ്പായും. അറിയാമോ നിനക്ക് ഒരു എം എല് എ യുടെ അടുത്ത് നില്ക്കാന് പോലും യോഗ്യതയില്ലാത്ത എന്നെ ചേര്ത്തുപിടിച്ചത് സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രിയാണ്. അദ്ധേഹത്തിന്റെ ഭാര്യയാണ്....എന്നിട്ട് ഞാന്..നിന്നെപ്പറ്റി..."

ഒരു ഇളം കാറ്റ് കാറ്റാടിമരങ്ങളെ ഉലച്ചു.

ഉദ്യാനത്തിന് മുകളില് തുമ്പികള് കൂട്ടമായി ഒഴുകിയെത്തി. വര്ണ്ണവിസ്മയങ്ങള് പോലെ യൌവ്വനകാന്തികത നിറഞ്ഞ ആണ്കുട്ടികളും പെണ്കുട്ടികളും ഒഴുകിനടന്നു.

"ഷെല്ലി,"

അല്പ്പം കഴിഞ്ഞ് ഷാരോണ് വിളിച്ചു.

തന്റെ തോളില് വീണ്ടും ഷാരോണിന്റെ കൈത്തലം അമരുന്നത് അവന് അറിഞ്ഞു.

"നിന്നെ സ്നേഹിക്കാനും നിന്നോട് കൂട്ടുകൂടാനും നിന്റെ ഭാര്യയോ കാമുകിയോ പോലെയുള്ള വലിയ പദവികളൊന്നും എനിക്ക് വേണ്ട മുത്തേ."

ഷെല്ലിയുടെ ഉള്ളുലഞ്ഞു.

കണ്ണുനീര്ക്കണങ്ങള് കവിളിലൂടെ ചിതറി.

"പക്ഷെ ഒന്നെനിക്ക് വേണം,"

അവള് സ്വരം മാറ്റിപ്പറഞ്ഞു.

ഷെല്ലി അവളെ നോക്കി.

"ആ വലിയ പദവി ആഗ്രഹിച്ച്, കൊതിച്ച് വരുന്ന ഒരു സുന്ദരിപ്പെണ്ണ് എവിടെയോ ഉണ്ട്. അന്നേരം നീ മിണ്ടാതെ അനങ്ങാതെ നിന്ന് തന്നാല് മതി,"

ഷെല്ലി അത് കേട്ടെങ്കിലും വേറെ ഏതോ ഒരു ഓര്മ്മയില് നഷ്ടപ്പെട്ടിരുന്നു.

******************

സെയിന്റ്സ് മേരീസ് കോളെജിന്റെ ചാപ്പലില് ജീസസ് യൂത്ത് കരിസ്മാറ്റിക് ഗ്രൂപ്പിന്റെ അംഗങ്ങളെല്ലാവരും എത്തിച്ചേര്ന്നു. ഷെല്ലിയെക്കണ്ട് മറ്റുള്ളവര് അദ്ഭുതപ്പെട്ടു. വിപ്ലവപ്പാര്ട്ടിയുടെ അറിയപ്പെടുന്ന നേതാവ് കരിസ്മാറ്റിക് പ്രെയര് ഗ്രൂപ്പില് വന്നിരിക്കുന്നു!

ജെയ്സന് ബേസില് അഭിമാനത്തോടെ അവരോട് ഷെല്ലിയുടെ കാര്യം പറഞ്ഞു.

ഷെല്ലിയുടെ കണ്ണുകള് അപ്പോള് ചാപ്പലിനു പുറത്തു അലയുകയായിരുന്നു.

മിനിയെ കാണുന്നില്ലല്ലോ.

"എല്ലാവരും അകത്തേക്ക് കടന്നിരിക്ക്...പ്രാര്ത്ഥനയ്ക്ക് സമയമായി,"

ടീം ലീഡര് എക്കണോമിക്സ് ഡിപ്പാര്ട്ട്മെന്റ് ഹെഡ് വര്ക്കി ജോസഫ് സാര് പറഞ്ഞു.

"സാര്, ഒരു മിനിറ്റ്..ഒരു അര്ജന്റ് കോള്,"

ഷെല്ലി മൊബൈല് ഉയര്ത്തിക്കൊണ്ട് പറഞ്ഞു.

ആദ്യമായി വരുന്ന ആള് എന്ന പരിഗണനയില് അദ്ദേഹം ഷെല്ലിയെ വിലക്കിയില്ല.

ഷെല്ലി ഫോണ് ചെയ്യുന്നതായി ഭാവിച്ചു പുറത്തേക്ക് നോക്കി.

പച്ചപ്പ് നിറഞ്ഞ ഇരുവശത്തും കാറ്റാടിമരങ്ങള് നിറഞ്ഞ, പാതയുടെ അങ്ങേയറ്റത്തേക്ക് അവന് ആകാംക്ഷയോടെ നോക്കി.

മിനിയെ കാണുന്നില്ല.

ഇനി അവള് വരില്ലേ?

അവനു നിരാശ തോന്നി.

ദേഷ്യവും.

പക്ഷെ പെട്ടെന്ന് തന്നെ അവന് ദെഷ്യമടക്കി.

തന്നെ അവള് പറഞ്ഞു പറ്റിച്ചതാണെന്നു ഷെല്ലിക്ക് തീര്ച്ചയായി.

അവനു സങ്കടം വന്നു.

എന്നാലും ഉറപ്പായും വരും എന്ന് വാക്ക് പറഞ്ഞിട്ട്....!

അവന് കടുത്ത നിരാശയോടെ അകത്തേക്ക് കടക്കാന് ഭാവിച്ചു.

പെട്ടെന്നാണ് പാതയുടെ അങ്ങേയറ്റത്ത് ഒരു വെളുത്ത രൂപം ഷെല്ലി കണ്ടത്.

തന്റെ ദേഹത്ത് വൈദ്യുതി പ്രവഹിക്കുന്നത് അവന് അറിഞ്ഞു.

മിനി!

ഈശോയേ...!

സന്തോഷം കൊണ്ടു അവന്റെ കണ്ണുകള് നിറഞ്ഞു.

അവള് വേഗത്തില് നടന്ന് ചാപ്പലിന്റെ മുറ്റത്ത് എത്തി.

വെളുത്ത ചുരിദാറില് കണ്ണുകളെ അടിമയാക്കുന്ന രൂപം.

ഇപ്പോള് അവളുടെ താരതമ്യങ്ങള് ഇല്ലാത്ത രൂപഭംഗി ഇരട്ടിച്ചിരിക്കുന്നു.

"ലേറ്റ് ആയോ ഷെല്ലി?"

അവള് ആകാംക്ഷയോടെ ചോദിച്ചു.

"ഇല്ല മിനി...ജസ്റ്റ് എല്ലാരും ഇരുന്നതേയുള്ളൂ, വാ,"

അവള് അകത്തേക്ക് കയറി.

അവനും.

ഷെല്ലിയുടെ കരിസ്മാറ്റിക് പ്രവേശം കാമ്പസ്സില് വലിയ ചര്ച്ചാവിഷയമായി. കാമ്പസ്സില് പ്രചരിച്ച വാര്ത്ത പക്ഷെ മറ്റൊരു വിധത്തിലായിരുന്നു. മിനിയാണ് ആദ്യം പ്രെയര് ഗ്രൂപ്പില് ചേര്ന്നത്. അവളുടെ പിന്നാലെ നടക്കുവാന് വേണ്ടി ഷെല്ലിയും കൂടി. എന്നൊക്കെ.

ഏതായാലും എസ് എഫ് കേ അടിയന്തിരമായി എക്സിക്യൂട്ടീവ് വിളിച്ചുകൂട്ടി. എം എ എക്കണോമിക്സ് പ്രീവിയസ് ഇയര് ലക്ചര് ഹാളില് എക്സിക്യൂട്ടീവ് ചേര്ന്നു. ആകെ പതിനേഴംഗങ്ങള് എക്സിക്യൂട്ടീവ് കമ്മിറ്റിയിലുണ്ട്. കാമ്പസ് യൂനിറ്റ് സെക്രട്ടറി 'സ്റ്റാലിന് വിനോദ്' എന്നറിയപ്പെട്ടിരുന്ന വിനോദ് കുമാര് വിഷയമവതരിപ്പിച്ചുകൊണ്ട് എഴുന്നേറ്റു.

'സഖാവ് ഷെല്ലി,'

സ്വതേയുള്ള കാര്ക്കശ്യ സ്വരത്തില് വിനോദ് ഷെല്ലിയെ വിളിച്ചു.

മറ്റംഗങ്ങള് നിശബ്ദരായി.

'ജില്ലാക്കമ്മിറ്റി അപ്പ്രൂവ് ചെയ്ത ലിസ്റ്റ് ആണിത്,'

ഒരു പേപ്പര് ഉയര്ത്തിക്കാണിച്ചുകൊണ്ട് വിനോദ് തുടര്ന്നു.

'കാമ്പസ് ഇലക്ഷന്റെ ഫൈനല് ലിസ്റ്റ്. ഈ ലിസ്റ്റിലെ ആദ്യത്തെ ആദ്യത്തെ പൊസിഷന്റെ പേര് സഖാവിനറിയാമോ?'

അവന് ഷെല്ലിയോട് ചോദിച്ചു.
'അതെന്താ സഖാവേ അങ്ങനെ ചോദിക്കുന്നെ?'
ഷെല്ലി ചിരിച്ചു.
'എനിക്കറിയാതിരിക്കുമോ? ചെയര്മാന്,'
'നല്ല കാര്യം. സഖാവിന് പാര്ട്ടിയും പാര്ട്ടിക്കാര്യങ്ങളും അറിയാമെന്ന് അറിഞ്ഞതില് സന്തോഷം. ആട്ടെ, ആരുടെയൊക്കെ പേരുകളാണ് ആ സ്ഥാനത്തേക്ക് ഈ യൂണിറ്റില് നിന്ന് ജില്ലാക്കമ്മിറ്റിയിലേക്ക് അയച്ചുകൊടുത്തതെന്ന് സഖാവിനറിയാമോ?'
ഷെല്ലി നിഷേധാര്ത്ഥത്തില് തലയനക്കി.
'പോട്ടെ സാരമില്ല. എക്സിക്യൂട്ടീവ് മീറ്റിംഗ് അറ്റന്ഡ് ചെയ്യുന്നതിനേക്കാള് വലിയ ഉത്തരവാദിത്തങ്ങള് സഖാവിനുള്ളത്കൊണ്ട് അത് അറിയാതെ പോയതില് കുഴപ്പമില്ല. ആട്ടെ, ആ പേരുകളില് നിന്ന് ആരെയാണ് ജില്ലാക്കമ്മിറ്റി തിരഞ്ഞെടുതതെന്ന് സഖാവിനറിയാമോ?'
'ഇല്ല സഖാവേ,'
ഷെല്ലി എളിമയോടെ പറഞ്ഞു.
'ശരി ഞാന് പറയാം. അത് കേള്ക്കുമ്പോള് സഖാവിന് പ്രത്യേകിച്ച് ഒന്നും തോന്നുകയില്ലെങ്കിലും,'
ഷെല്ലി നിശബ്ദമായി വിനോദിനെ നോക്കി.
'ജില്ലാ കമ്മിറ്റി തിരഞ്ഞെടുത്ത പേരാണ്....'
വിനോദ് ഒന്ന് നിര്ത്തി.
മാറ്റംഗങ്ങളെ നോക്കി.
അവരും ആകാംക്ഷയിലാണ്. ജാഗരൂകതയോടെ അവരും വിനോദിനെ നോക്കി.
ഷെല്ലി പുഞ്ചിരി വിടാതെ നിര്മ്മമതനായി ഇരുന്നതേയുള്ളൂ.
'ഷെല്ലി അലക്സ്,'
വിനോദ് ആ പേര് പുറത്തുവിട്ടു.
മറ്റംഗങ്ങള് കരഘോഷം മുഴക്കി.
ഷെല്ലി പുഞ്ചിരിയോടെ കൃതജ്ഞതയോടെ വിനോദിനെയും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളെയും മാറി മാറി നോക്കി.
'മൂന്ന് വര്ഷം മുമ്പ് വരെ ഒന്പത് പോസ്റ്റുകളില് എസ് എഫ് കേയ്ക്ക് കിട്ടിയിരുന്നത് വെറും ഒന്നോ രണ്ടോ അപ്രധാന പോസ്റ്റുകളായിരുന്നു. ജോയിന്റ് സെക്രട്ടറി. അല്ലെങ്കില് വൈസ് ചെയര്മാന്. പക്ഷെ സഖാവ് ഷെല്ലി ഈ കോളേജില് ജോയിന് ചെയ്തതിനു ശേഷം സഖാവിന്റെ നേതൃത്വ പാടവം, സംഘടനാ ശേഷി ..അതൊക്കെ കാരണം ...തീര്ച്ചയായും മറ്റുസഖക്കളും വലിയ സംഭാവനകള് നല്കിയിട്ടുണ്ട്. എന്തായാലും കഴിഞ്ഞ രണ്ടു വര്ഷങ്ങളായി നമ്മള് വലിയ നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. നാല് - അഞ്ച് ആയിരുന്നു പ്രധാന പോസ്റ്റുകളില് കഴിഞ്ഞ വര്ഷം നമ്മള്. ഏറ്റവും അനുകൂലമായ വര്ഷമാണിത്. ഈ വര്ഷം നമുക്ക് യൂണിയന് പിടിക്കാന് പറ്റും...പക്ഷെ...'
വിനോദ് ഷെല്ലിയെ അസന്തുഷ്ടിയോടെ നോക്കി.
'മറ്റു കാര്യങ്ങള് പറയുന്നതിന് മുമ്പ് സഖാവിനോട് ഒരു ചോദ്യം,'
വിനോദ് പറഞ്ഞു.
ഷെല്ലി പുഞ്ചിരി നിലനിര്ത്താന് ശ്രമിച്ചു.
'പാര്ട്ടിയാണോ വ്യക്തിയാണോ വലുത്?'
'രണ്ടും,'
രണ്ടാമതൊന്നാലോചിക്കാതെ ഷെല്ലി പറഞ്ഞു.
വിനോദ് ആ ഉത്തരം പ്രതീക്ഷിച്ചില്ല.
'ഒരു സഖാവാണോ ബൂര്ഷ്വയാണോ സഖാവിന് കൂടുതല് പ്രധാനപ്പെട്ടത്?'
'എനിക്ക് രണ്ടും പ്രധാനമാണ് സഖാവേ,'
ഷെല്ലി പറഞ്ഞു.
എക്സിക്യൂട്ടീവ് അംഗങ്ങള് സ്തംഭിച്ചിരുന്നുപോയി.
'ഷെല്ലി അലക്സ് ഒരു കമ്മ്യൂണിസ്റ്റ് ആണോ?'
വിനോദിന്റെ സ്വരം വല്ലാതെ കടുത്തു.
ഷെല്ലി ഒരു നിമിഷം മൌനിയായി.
'കഷ്ടപ്പെടുകയും വേദനിക്കുകയും ചെയ്യുന്നവരോടോപ്പമാണ് ഒരു കമ്മ്യൂണിസ്റ്റ് എങ്കില് ഞാന് കമ്മ്യൂണിസ്റ്റ് തന്നെയാണ്,'
ഹാളില് അസഹ്യമായ മൌനം തിങ്ങി. കാര്യങ്ങള് തന്മയത്വത്തോടെ പറയുകയെന്നതാണ് ഷെല്ലിയുടെ രീതിയെന്ന് അവര് അറിഞ്ഞിരുന്നു. കാര്യങ്ങള് അവന് ഒരിക്കലും നാടകീയമായി അവതരിപ്പിക്കാറില്ല.
'ഭീമമായ മൂലധനം കൊണ്ട് സകല ഉത്പ്പാദനഉപാധികളെയും നിയന്ത്രിക്കുന്നത്ര ധനികനായ വ്യവസായി, ഒരു മാത്യൂസ്..അയാളുടെ മകള് ഈ കാമ്പസിലെ തന്നെ വിദ്യാര്ഥിനി മിനി മോള് മാത്യു എന്ത് കഷ്ടപ്പാട് ആണ് എന്ത് വേദനയാണ് അനുഭിക്കുന്നത്?'
ഷെല്ലിയുടെ പുഞ്ചിരി മാഞ്ഞു. വിനോദ് എനിക്കത് പറയാന് കഴിയില്ല. ആ രഹസ്യം പറയുന്ന നിമിഷം തന്നെ ക്യാമ്പസ് മുഴുവനും അവളെ പിച്ചിച്ചീന്തും, പരിഹാസം കൊണ്ട്, വാക്കുകള് കൊണ്ട്, ഫെയ്സ്ബുക്ക്, വാട്സാപ് വഴി. ഷെല്ലി നിശബ്ദനായി സ്വയം പറഞ്ഞു.
അംഗങ്ങള്ക്കിടയില് ചിരി പടര്ന്നു.

'സഖാവും ആ കുട്ടിയും പ്രണയമാണെങ്കില് എസ് എഫ് കേയ്ക്കോ എക്സിക്യൂട്ടീവിനോ ഒരു എതിര്പ്പുമില്ല. ഇത് തീരെ അപക്വമായി, സ്വന്തം സെല്ഫ് റെസ്പെക്റ്റ് ഒക്കെ മറന്ന്...സ്വന്തം പേരും പാര്ട്ടിയോടുള്ള ഉത്തരവാദിത്തവും മറന്ന് ആ കുട്ടിയെ ശല്യം ചെയ്യുക, പിന്നാലെ നടക്കുക...അകുട്ടിയുടെ സൌര്യം നഷ്ടപ്പെടുത്തുന്ന വിധത്തില് ബീഹേവ് ചെയ്യുക...എന്നിട്ട് സ്വയം കമ്മ്യൂണിസ്റ്റ് ആണെന്നവകാശപ്പെടുക...'

വിനോദ് പുച്ഛത്തോടെ പറഞ്ഞു.

'അതുംപോരാതെ ഇപ്പോള് മറ്റൊരു ഗുരുതരമായ പരാതിയുണ്ട്,'

വിനോദ് തുടര്ന്നു.

'നമ്മുടെ പാര്ട്ടി വ്യക്തിസ്വാതന്ത്ര്യത്തിനു ഒരിക്കലും എതിരല്ല. ദൈവവിശ്വാസമടക്കം. പക്ഷെ കരിസ്മാറ്റിക് പോലെ ഒരു തട്ടിപ്പ് പരിപാടിയിലേക്ക് സഖാവ് ഷെല്ലിയെപ്പോലെയോരാള് ചെന്നുകയറണമെങ്കില് പാര്ട്ടിക്ക് എക്സ്പ്ലനേഷന് കിട്ടിയേ മതിയാകൂ,'

ഈശോയേ...ഷെല്ലി മനസ്സില് ഉരുവിട്ടു. എന്ത് പറയും? വിനോദിന്റെ ചോദ്യം ന്യായമാണ്. അവരൊക്കെ തന്നെ ഇപ്പോഴും എത്ര കാര്യമായാണ് പരിഗണിക്കുന്നത്! സാഹോദര്യം അതിന്റെ പൂര്ണ്ണമായ അര്ത്ഥത്തില് തനിക്ക് തന്നിട്ടുള്ളത് പാര്ട്ടി തന്നെയാണ്. പക്ഷെ ഇവിടെ താന് എന്ത് മറുപടി പറയും?

'ദ എക്സിക്യൂട്ടീവ് കമ്മിറ്റി ഈസ് വെയിറ്റിംഗ് , കമ്രേഡ് ഷെല്ലി,'

വിനോദിന്റെ സ്വരം മുഴങ്ങി.

'എനിക്കത് പറയാന് പറ്റില്ല സഖാവേ,'

ഷെല്ലി പറഞ്ഞു.

വിനോദ് അത് തീരെ പ്രതീക്ഷിച്ചിരുന്നില്ല എന്ന് അവന്റെ മുഖം വ്യക്തമാക്കി.

മറ്റ് അംഗങ്ങളും പ്രതിഷേധം പ്രതിഫലിപ്പിക്കുന്ന രീതിയില് ശബ്ദമുണ്ടാക്കാന് തുടങ്ങി.

'സഖാവേ,'

ശാന്തത വരുത്തി വിനോദ് വിളിച്ചു.

ഷെല്ലി വിനോദിനെ നോക്കി.

'ഇനി സഖാവിനെ ഞാന് സഖാവേ എന്ന് വിളിക്കണമെങ്കില് രണ്ടു കാര്യങ്ങളില് പാര്ട്ടിയെ അനുസരിച്ചേ മതിയാവൂ.'

ഹാള് വീണ്ടും നിശബ്ദമായി.

'ഒന്ന്...'

വിനോദ് സ്വരം അല്പ്പം കൂടി കടുപ്പിച്ചു.

'...മിനി എന്ന കുട്ടിയുമായി സഖാവിന് ഒരു തരത്തിലുമുള്ള ബന്ധവും പാടില്ല. രണ്ട്...'

ഷെല്ലിയുടെ ദയനീയമായ മുഖത്തേക്ക് വിനോദ് സൂക്ഷിച്ചുനോക്കി.

'ശാസ്ത്രീയതയേയും യുക്തിബോധത്തേയും പ്രോത്സാഹിപ്പിക്കുവാന് ബാധ്യതയുള്ള ഒരു സംഘടനയിലെ അംഗം ..അംഗം മാത്രമല്ല എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം തീര്ത്തും അശാസ്ത്രീയവും അന്ധവിശ്വാസപൂര്ണ്ണവുമായ കരിസ്മാറ്റിക് പ്രെയര് ഗ്രൂപ്പില് പോവുക ..... ഇത് എസ് എഫ് കേ ഉയര്ത്തിപ്പിടിക്കുന്ന തത്വങ്ങള്ക്ക് എതിരാണ്. അതുകൊണ്ട് സഖാവ് ഷെല്ലി അലക്സ് ഒരു എക്സിക്യൂട്ടീവ് അംഗം എന്ന നിലക്ക് അത്തരം കാര്യങ്ങളില് നിന്ന് വിട്ടുനില്ക്കണം.'

ഷെല്ലി എഴുന്നേറ്റു.

മറ്റ് അംഗങ്ങള് ഷെല്ലിയുടെ വാക്കുകള്ക്ക് കാതോര്ത്തു.

'ബഹുമാനപ്പെട്ട യൂനിറ്റ് സെക്രട്ടറി സഖാവ് വിനോദ്, മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളേ,'

അവന് ഒരു നിമിഷം നിര്ത്തി.

'എന്റെ പ്രവര്ത്തികള് പാര്ട്ടിക്ക് അപകീര്ത്തിയുണ്ടാക്കിയിട്ടുണ്ട് എന്നെനിക്കറിയാം. ഒന്നും ദുരുദ്ദേശപരമായിരുന്നില്ലന്ന് പാര്ട്ടി വിശ്വസിക്കണം. പാര്ട്ടി എന്നോട് ചെയ്യരുതെന്ന് ആവശ്യപ്പെട്ട രണ്ടു കാര്യങ്ങള് എനിക്ക് അല്പ്പകാലം കൂടി തുടരേണ്ടതുണ്ട്. അത് കൊണ്ട് പാര്ട്ടി എനിക്ക് അല്പ്പം കൂടി സമയം തരണം.'

'അല്പ്പകാലം കൂടിയോ? ഒരു നിമിഷം പോലും തരില്ല. സാധ്യമല്ല ഷെല്ലി,'

വിനോദിന്റെ സ്വരം ഉയര്ന്നു.

'സഖാവേ, എനിക്ക് ചെയര്മാന് സ്ഥാനമോ മറ്റ് ഒരു സ്ഥാനമോ വേണ്ട. പാര്ട്ടിയുടെ ഒരു വെറും പ്രവര്ത്തകനായാല് മതി,'

'എന്നാലും നിനക്ക് ആ പെണ്ണിന്റെ പിറകീന്ന് മാറാനില്ല അല്ലേ?'

വിനോദിന്റെ സ്വരവും ഭാവവും മാറി.

'സഖാവേ,'

ഷെല്ലിയുടെ സ്വരവും ഉയര്ന്നു.

'അച്ചടക്കമുള്ള ഒരു പാര്ട്ടിപ്രവര്ത്തകന് തന്നെയാ ഞാനിപ്പഴും. മിനിയുടെ പിന്നാലെ ഞാന് നടക്കുന്നത് എന്തിനാണെന്ന് നിങ്ങള്ക്ക് വഴിയെ ബോധ്യമാവും,'

'ഷെല്ലി!'

ശിവകുമാര് എഴുന്നേറ്റു. ഷെല്ലി അവനെ നോക്കി.

'നീ ആരോടാ സംസാരിക്കുന്നെ?'

'സഖാവിനെന്താ കണ്ണുകാണാന് വയ്യേ?'

ഷെല്ലി തിരിച്ചു ചോദിച്ചു.

'എങ്കില് അല്പ്പം കൂടി മുമ്പോട്ട് വാ. എന്നിട്ട് ശരിക്ക് നോക്ക്. ഞാന് സംസാരിക്കുന്നത് കാമ്പസ് യൂനിറ്റ് സെക്രട്ടറി സഖാവ് വിനോദ് കുമാറിനോടാണ് എന്ന് അന്നേരം മനസ്സിലാകും!'

'എടാ!'

കലികയറി ശിവകുമാര് മുമ്പോട്ട് വന്നു.

ഷെല്ലി അവന്റെ നേരെ തിരിഞ്ഞു.

'കുട്ട് ഇപ്പോഴും എസ് എഫ് കേയുടെ മുഖ്യശത്രു കേ എസ് ഏയുടെ ആക്ടിവിസ്റ്റ് ഷാരോണിന്റെ കൂടെ. പ്രേമിക്കാന് പിന്നാലെ നടക്കുന്നത് ലോക ബൂര്ഷയായ ഒരാളുടെ മകളെ. അതും പോരാഞ്ഞ് പാര്ട്ടിക്ക് മൊത്തം നാണക്കേട് ഉണ്ടാക്കാന് ഇപ്പം കരിസ്മാറ്റിക്കും! ഷെല്ലി, നിന്നെ സഖാവേ എന്ന് വിളിച്ച നാക്കുകൊണ്ട് മറ്റേമോനേ എന്ന് വിളിപ്പിക്കരുത് നീ ഞങ്ങളെക്കൊണ്ട്!'

ഷെല്ലി അവന്റെ നേരെ നോക്കി നിസ്സാര മട്ടില് ചിരിച്ചു.

'എന്താടാ ഇളിക്കുന്നെ?'

ദേഷ്യം മാറാതെ ശിവകുമാര് ചോദിച്ചു. പിന്നെ അവന് വിനോദിന്റെ നേരെ തിരിഞ്ഞു.

'സഖാവേ, ഇപ്പം, ഈ നിമിഷം തന്നെ ഷെല്ലിയെ പൊറത്താക്കണം. എക്സിക്യൂട്ടീവ് കമ്മറ്റീന്ന മാത്രമല്ല, പാര്ട്ടീടെ പ്രാഥമിക അംഗത്വത്തില് നിന്നും. പാര്ട്ടി ഇതുവരെ ഉണ്ടാക്കിയ നേട്ടങ്ങളൊന്നും ഇവന് നടത്തിയ വണ് മാന് ഷോ കാരണമൊന്നുമല്ല,'

'ശിവാ...'

ഷെല്ലി പറഞ്ഞു.

'നിന്നെ സഖാവേന്നാ ഞാന് ഇന്ന് വരെ വിളിച്ചെ. നീ എന്നെ വിളിക്കാന് ആഗ്രഹിക്കുന്ന മറ്റേ മോന് എന്ന വാക്ക് ഞാന് തല്ക്കാലം പ്രയോഗിക്കുന്നില്ല. ഇപ്പോള്. ഇവിടെ. കാരണം ഈ മീറ്റിംഗ് സഖാക്കളുടെ മീറ്റിങ്ങാ. അതില് ഉപയോഗിക്കേണ്ട ഭാഷയ്ക്ക് ഒരു സഭ്യതയുണ്ട്. അതെനിക്കറിയാം. പക്ഷെ നിന്നെ മറ്റേ മോനേ എന്ന് വിളിക്കേണ്ട സന്ദര്ഭം മുമ്പ് ഉണ്ടായിട്ടുണ്ട്. പറയണോ ഞാനീ സദസ്സില്? പറയണോന്ന്?'

സദസ്സ് അമ്പരന്ന് ഷെല്ലിയെയും ശിവകുമാറിനെയും നോക്കി.

'നിനക്ക് ഷാരോണിനോടുള്ള ചൊറിച്ചില് അവള് കേ എസ് ഏയുടെ ആക്ടിവിസ്റ്റ് ആയതുകൊണ്ടല്ലന്നും വേറെ ചെലത് കൂടി അതിന് കാരണമാണെന്നും പറയണോ ഞാനിവിടെ പച്ചക്ക്?'

ശിവകുമാറിന്റെ മുഖം വിളറി.

ഷാരോണിന്റെ മോബൈലിലേക്ക് ഒരു ഫെയ്ക്ക് എഫ് ബി അക്കൌണ്ടില് നിന്ന് അശ്ലീല മെസ്സേജും ചിത്രങ്ങളും വീഡിയോയും മുമ്പ് പലപ്പോഴും വരുമായിരുന്നു. ഷാരോണ് വിവരം സൈബര് സെല്ലിനെ ധരിപ്പിച്ചു. ഒരാഴ്ച്ചക്കുള്ളില് അതിന്റെ ഉറവിടം മനസ്സിലാക്കി പോലീസ്. ശിവകുമാര് ആയിരുന്നു അതിന്റെ പിമ്പിലെന്ന് മനസ്സിലാക്കി അവര് അവന്റെ വീട്ടിലെത്തി. വിവരമറിഞ്ഞ് അവന് ഷെല്ലിയെ സമീപിക്കുകയായിരുന്നു.

'അന്ന് എന്റെ മുമ്പില് 'എനിക്കെന്താ പറ്റിയെ നകുലേട്ടാ?' എന്ന് ചോദിക്കുന്ന ഗംഗയുടെ കരഞ്ഞ ദയനീയ മുഖമായിരുന്നു. അതെങ്ങനെയാടാ ഇപ്പം നാഗവല്ലിയെപ്പോലെ വിടമാട്ടെ, 'ഉന്നൈ നാന് വിടമാട്ടെ' എന്ന് പ്രാന്ത് കേറി ഗര്ജ്ജിക്കുന്ന അവസ്ഥേല് എത്തീത്?'

മറ്റ എക്സിക്യൂട്ടീവ് അംഗങ്ങള് ഒന്നും മനസ്സിലാകാതെ പരസ്പ്പരം നോക്കി.

ശിവകുമാര് വിയര്ക്കാന് തുടങ്ങി.

'അത്കൊണ്ട് തത്കാലം അവിടിരി, സഖാവ് ശിവകുമാര്. ഷെല്ലിടെ അടുത്ത് ഒണ്ടാക്കാന് വരുമ്പം സ്വന്തം കൊണം കൂടി ഒന്ന് നോക്കണം,'

പിന്നെ അവന് സഖാവ് വിനോദിനെയും എക്സിക്യൂട്ടീവ് അംഗങ്ങളെയും മാറി മാറി നോക്കി.

'സഖാവേ...നിങ്ങള് ആരും എന്നെ സഖാവേന്ന് വിളിക്കാന് ഇഷ്ട്ടമില്ലെങ്കില് വേണ്ട. വെഷമം കേറി ഞാന് അച്ചന് പട്ടത്തിനു പോകാനോ അല്ലേല് സാധാരണ എല്ലാരും ചെയ്യുന്നപോലെ ഒരു പാര്ട്ടീന്ന് പൊറത്ത് ആയി കഴിയുമ്പം കലിപ്പ് തീര്ക്കാന് വേണ്ടി മുന്തിയ വേറെ പാര്ട്ടിക്കാരുടെ അടുത്ത് പോയി ജയ് ശ്രീരാം എന്നെ നിങ്ങടെ പാര്ട്ടീല് ചേര്ക്കുവോ എന്ന് ചോദിക്കാനൊന്നും ഞാന് പോകുന്നില്ല,'

അവന് പുറത്തേക്ക് നടന്നു.

വാതില്ക്കലെത്തി തിരിഞ്ഞുനിന്നു.

'സഖാവാ ഞാന്. കമ്മ്യൂണിസ്റ്റ്. പിടിച്ചത് ഒരു കൊടിയാ. ആ കൊടി തന്നെ കാണും എന്റെ കൈയില്. ഞരമ്പില് ചോരയോട്ടമുള്ള കാലം വരെ. ലാല് സലാം'

പുറത്തേക്ക് നടക്കുമ്പോള് ഷെല്ലിയുടെ കണ്ണുകള് നിറഞ്ഞുകവിയുന്നുണ്ടായിരുന്നു.

ഹാള് കടന്ന് ഹോസ്റ്റലിലേക്ക് തിരിയുന്നിടത്ത് എത്തിയപ്പോള് കാറ്റാടി മരത്തിന് താഴെ ഷാരോണ് നില്ക്കുന്നത് ഷെല്ലി കണ്ടു. അവളുടെ മുഖത്ത് പരിഭ്രമവും ആകാംക്ഷയും അവന് കണ്ടു.

'ഷെല്ലി,'

അടുത്തെത്തിയപ്പോള് അവള് അവന്റെ കൈയില് പിടിച്ച് കാറ്റാടിമരത്തിന്റെ കീഴിലേക്ക് വലിച്ചു.

എന്നിട്ട് അവന്റെ കണ്ണുകളിലെ പുതുബാഷ്പ്പങ്ങളിലേക്ക് നോക്കി.

'അപ്പോള്...?'

അവന് ചോദ്യരൂപത്തില് ഷെല്ലിയെ നോക്കി.

അവന് തലകുലുക്കി.

'ഇനി?'

അല്പ്പനേരം അവന് അവളെ നോക്കി നിന്നു.

'ഇനിയെന്താ? ഇനി ഒരു പോസ്റ്റെ ഉള്ളൂ. ഒരു മുന് കമ്മ്യൂണിസ്റ്റ് എന്ന പോസ്റ്റ്. ഒരു മുന് സഖാവ്,'

അവന് ചിരിച്ചു.

'ആ..അതൊക്കെ പോട്ടെടീ. പിന്നെ വേറൊരു കാര്യം എനിക്ക് നിന്നോട് ചോദിക്കാനുണ്ട്,'

ഷാരോണ് അവളെ ചോദ്യരൂപത്തില് നോക്കി.

'എന്താടാ?'

'പറയാം. വാ നമുക്ക് ബ്യൂട്ടിസ്പോട്ടിലേക്ക് പോകാം. നല്ല കാറ്റ്. ഇളം വെയിലും. അല്പ്പം നടക്കാം,'

അവര് കാറ്റാടി മരത്തിന്റെ കീഴില് നിന്ന് പുറത്തേക്ക് നടന്നു.

'എടീ നീ ഒരു ദിവസം പറഞ്ഞില്ലേ, മിനി പാട്ട് പാടുന്നത് നീ കേട്ടെന്ന്?'

ഇരുവശത്തും ദീര്ഘമരങ്ങള് വളര്ന്ന് നിന്ന പാതയോരത്ത് കൂടി ഇളംകാറ്റാസ്വദിച്ച് നടക്കവേ ഷെല്ലി ചോദിച്ചു.

'പിന്നില്ലേ? ഞാന് ശരിക്കും... എന്താ പറയ്ക? മേലൊക്കെ അങ്ങ് കുളുന്ത കയറി. സല്മാന് ഖാന്റെ സുല്ത്താനിലെ ആ പാട്ടില്ലേ...'

'ജഗ് ഘൂമെയാ...?

'അതെ..രാഹത് ഫത്തേ അലി ഖാന് സൂപ്പര് ആയിട്ട് പാടിയ ആ പാട്ട്. അതാ കൊച്ച് അതുപോലെ ..ശരിക്കും അതുപോലെ തന്നെ പാടുകയാടാ. അത് കേള്ക്കാന് വേണ്ടി ഞാന് കതകിന് വെളീല് കൊറേ നേരം നിന്നു. എന്നെ കണ്ടാ നാണിച്ച് അവള് പാട്ട് നിര്ത്തുന്ന് ഒറപ്പാ. അതുകൊണ്ട് അകത്ത് കേറീല്ല.'

'നാണവോ? അവള്ക്കോ അത് നീ വിട്,'

'നീ പോടാ...അതൊക്കെ പോട്ടെ. എന്താ പെട്ടെന്ന് അവളുടെ പാട്ടിലൊക്കെ ഒരു താല്പ്പര്യം?'

ഷാരോണ് പുഞ്ചിരിയോടെ അവനെ നോക്കി.

'അങ്ങനെ നോക്കണ്ട,'

അവളുടെ നേരെ മുഷ്ടിചുരുട്ടിക്കാണിച്ചിട്ട് അവന് പറഞ്ഞു.

'എടീ ഞാന് പറഞ്ഞ് വരുന്നത്...അവള് ഒരു ഇന്ട്രോവേര്ട്ട് പോലെയാ. ആരോടും അങ്ങനെ സോഷ്യല് അല്ല. അതൊക്കെ അവളുടെ അഡിക്ഷന് കൂട്ടും. നിനക്ക് നന്ദകുമാര് സാറിനോട് പറഞ്ഞ് നിങ്ങടെ പ്രോഗ്രാമ്മില് അവളെ ചേര്ത്താലോ?'

'ഈശോയേ,'

ഷാരോണ് തലയില് കൈ വെച്ചു.

'ഇതെന്നാടാ നീ നേരത്തെ പറയാതിരുന്നേ? എന്റെ ദൈവമേ, ഞാനെന്നാ ഇത് നേരത്തെ ആലോചിക്കാതെയിരുന്നേ? അതേറ്റു മോനേ. അവളെ പ്രോഗ്രാമില് കൊണ്ടു വരുന്ന കാര്യം ഞാനേറ്റു. ഇപ്പം അവള് കൂടെക്കൂടെ മുറീല് വരുന്നുണ്ട്. ഞാന് അവള്ടെ മുറീലും പോകുന്നുണ്ട്.'

ഷെല്ലിയുടെ മുഖത്ത് ആശ്വാസം നിറയുന്നത് ഷാരോണ് കണ്ടു.

അവര് ഏകദേശം ബ്യൂട്ടിസ്പോട്ടിനടുത്തെത്തറായി. ദൂരെ മേഘങ്ങള് ചൂടിയ നീലമലകള്. പറന്നിറങ്ങുന്ന ദേശാടനപ്പക്ഷികള്.

'അതൊക്കെ പോട്ടെ. അവളുടെ കാര്യം ഞാന് മാനേജ് ചെയ്തോളാം. ഞാന് ഇതേ കാര്യം സഖാവിനോട് ...അല്ല മുന് സഖാവിനോട് പറഞ്ഞിരുന്നല്ലോ. പ്രോഗ്രാമില് ചേരുന്ന കാര്യം. അപ്പം എന്നോടെന്താ പറഞ്ഞെ. പാര്ട്ടി മീറ്റിംഗ്. ബിസിയാരിക്കും. എന്നൊക്കെയല്ലേ. ഇപ്പം ഫുള് ഫ്രീ ആയില്ലേ? സഖാവിനും.... അല്ല മുന് സഖാവിനും കൂടെ വന്നാലെന്താ?'

'എന്നേത്തിന് ? പ്രോഗ്രാമിലോ? കര്ത്താവേ! അതും നന്ദകുമാര് സാറിന്റെ പ്രോഗ്രാമില്? എന്റെ ഷാരോണേ, അയാള് മഹാ ചൂടനാടീ . ഒന്നും രണ്ടും പറഞ്ഞ് അയാള് ചുമ്മാ മെക്കിട്ടു കേറും. അതൊക്കെ മഹാ കോടാലിയാ. നീ എന്നെ വിട്ടുപിടി മോളെ. മാത്രവല്ല. പ്രോഗ്രാമിലെ ആള്കാരോക്കെ നല്ല ക്ലാസ് ആര്ട്ടിസ്റ്റുകളാ. അവരുടെ എടേല് ഞാന്...ഹേയ് ..അതൊന്നും ശരിയാകുവെലെടീ,'

അവള് അവനെ വലിച്ച് തനിക്കെതിരെ നിര്ത്തി.

'നന്ദകുമാര് സാറോ? മെക്കിട്ടുകേറുന്നയാളോ? നീ എന്നാ അറിഞ്ഞിട്ടാ ഷെല്ലി ഈ പറയുന്നെ? മദ്യപാനിയാ. വല്ലാതെ സിഗരെറ്റ് വലിക്കുന്നയാളാ. ഒരു മനുഷ്യനോടുപോലും മിണ്ടാത്തയാളാ. അതിന്റെ കാരണമൊക്കെ നിന്നോട് ഞാന് പറഞ്ഞിട്ടില്ലെടാ? പക്ഷെ പ്രോഗ്രാമില്, സംഗീതത്തിന്റെ മുമ്പില്, അഭിനയത്തിന്റെ മുമ്പില്, സാറിനെ നീ ഒന്ന് കാണണം. പട്ടുപോലെ, പൂവുപോലെ മൃദുവായി മാറും ആ മനുഷ്യന്. അപ്പോള് വേറെ ഒരു ലോകത്താടാ സാറ്. നിര്ത്താത്ത സംസാരിക്കും. അതും എന്തൊക്കെ കാര്യങ്ങള്! ഇത്രേം സോഫ്റ്റ് ആയ ഒരു മനുഷ്യന് വേറെ ഉണ്ടോ എന്ന് നമ്മള് അന്തിച്ചുപോകും...'

ഷാരോണിന്റെ ആവേശം തുളുമ്പുന്ന വിവരണം ഷെല്ലി ശ്രദ്ധിച്ചു.

അവര് എന്നും ഇരിക്കാറുള്ള ദേവദാരുവിന്റെ കീഴില് പുല്പ്പുറത്ത് ഇരുന്നു.

'സാറിന്റെ കാര്യം അവിടെ നിക്കട്ടെ. നീ വേറെ എന്തൊക്കെയോ പറഞ്ഞല്ലോ. പ്രോഗ്രാമിലെ ആള്ക്കാരൊക്കെ ക്ലാസ് ആര്ട്ടിസ്റ്റുകളാന്നു നീ പറഞ്ഞില്ലേ. ശരിയാ. സൂപ്പര് ആണ് ഓരോരുത്തരും. നീയോ? നീ എന്നാ ലോക്കലാണോ? നിന്റെ പ്രസംഗം കേട്ട് എത്ര പെമ്പിള്ളേരാടാ നിന്നെ പ്രേമിച്ചും കാമിച്ചും നടക്കുന്നെ...?'

'ആണോ? ശരിക്കും?'

പരിഹാസ സ്വരത്തില് ഷെല്ലി ചോദിച്ചു.

'ഷെല്ലി, നീ എന്റെ കയ്യീന്ന് മേടിക്കുവേ. ങ്ഹാ!'

ഷാരോണ് അവന്റെ നേരെ കയ്യുയര്ത്തി.

'നിന്റെ പ്രസംഗം കേട്ട് സകല ഗേള്സും വട്ടടിച്ചിരിക്കുമ്പഴാ കഴിഞ്ഞ ടീച്ചേഴ്സ് ഡേയ്ക്ക് ....അന്ന് നീ ആ പാട്ട് പാടീത്. പൊയ്കയില് കുളിര്പ്പൊയ്കയില്...എന്നാ ഒരു പാട്ട് ആരുന്നു അത്! ...മോനേ, കുട്ടാ, എത്ര ലവ് മെസേജ് വന്നെടാ നിന്റെ വാട്ട്സാപ്പിലേക്ക്? ആ രേഖ ഇപ്പഴും നീ പറഞ്ഞാ തീയി ചാടാന് പോലും ഒരുക്കവാ. എന്നിട്ടാ അവന്റെ...!'

'എടാ അന്നത് വിനോദും ഒക്കെ നിര്ബന്ധിച്ചിട്ട് ..പാര്ട്ടിക്ക് വേണ്ടി. ഒന്ന് ഇമ്പ്രസ്സ് ചെയ്യിക്കാന് വേണ്ടി..അല്ലാതെ...'

ഷാരോണ് അവനെ ക്രുദ്ധയായി നോക്കി.

'മിനി പ്രോഗ്രാമില് വരണോ വേണ്ടയോ?'

'പിന്നെ വേണ്ടേ? അതിനല്ലേ പാവം അടിയന് തമ്പുരാട്ടീടെ കാല്ല് പിടിച്ചേ?'

'ഓഹോ,'

അവള് ചിരിച്ചു.

'എന്നാല് ഈ തമ്പുരാട്ടി പാവം പ്രജേടെ കാലും പിടിക്കുവാണ്. പ്ലീസ് വാ. പ്രോഗ്രാമില്...'

പിന്നെ ചിരിമാറ്റി ഗൌരവം വരുത്തി അവള് പറഞ്ഞു.

'മിനി പ്രോഗ്രാമില് വരണേല് നീയും വരണം. ഇല്ലേല് എന്റെ പട്ടി കൂട്ടിക്കൊണ്ട് വരും അവളെ,'

'ശ്യെ നീയിത്ര ചീപ്പാണോ ഷാരോണെ? എന്നാ ചന്തഭാഷയാടി?'

'ചന്തോം ചന്തീം അവിടെ നിക്കട്ടെ. വരുവോ ഇല്ലയോ?'

'വരാം, വരാം..അലറല്ലേ...'

ദേഷ്യം വരുത്തി ഷെല്ലി പറഞ്ഞു.

'ഹ്ഹയ്...വൗ!'

ഷാരോണ് വിളിച്ചുകൂവി. പിന്നെ അവള് അവന്റെ കവിളില് അമര്ത്തി ഉമ്മവെച്ചു. അതിന്റെ കുളിര്മ്മയില് ഷെല്ലി കണ്ണുകള് പതിയെ അടച്ചു. വെണ്മേഘത്തിന്റെയുള്ളില് നിന്ന് ഒരു പഞ്ചവര്ണ്ണക്കിളി പറന്നിറങ്ങുന്നതുപോലെ തന്റെയുള്ളില് ഒരു മൃദുചലനം ഷെല്ലിയറിഞ്ഞു.

'എന്താ മോനേ...? കണ്ണ് തുറക്ക്...'

അവന് അവളുടെ ശബ്ദം കേട്ടു.

ഷെല്ലി പതിയെ കണ്ണുകള് തുറന്നു. അപ്പോള് അതില് നനവ് പടര്ന്നിരിക്കുന്നത് അവള് കണ്ടു.

'എന്താടാ?'

അവന്റെ തോളില് പിടിച്ച് അവന് ചോദിച്ചു.

അല്പ്പനേരം ഷെല്ലി ഒന്നും പറഞ്ഞില്ല. അവനില് നിന്ന് നിശ്വാസത്തിന്റെ ഒരു മൃദുമര്മ്മരം അവള് കേട്ടു.

'ഞാന്...ഞാന് മമ്മിയെ ഓര്ത്തുപോയെടീ...'

കണ്ണുകളില് വീണ്ടും ബാഷ്പകണങ്ങള് നിറഞ്ഞു. അവ കവിളുകളിലേക്ക് പെയ്തിറങ്ങി.

'മോനേ...'

ഷാരോണിന്റെ ഉള്ളലിഞ്ഞു. അവള് അവനെ ചേര്ത്തുപിടിച്ചു. മുഖം വീണ്ടും അവന്റെ മുഖത്ത് അമര്ത്തി. അവന്റെ കണ്ണീര് നിറഞ്ഞ ശ്വാസത്തെ ഏറ്റുവാങ്ങി.

'മമ്മിയാ...എന്നെ അങ്ങനെ കണ്ടോ നീ...ഞാന്...'

ഷാരോണും കണ്ണനീരിലൂടെ അവന്റെ കണ്ണുകളെ സ്പര്ശിച്ചു.

പെട്ടെന്ന് ഷെല്ലി പരിസരത്തേക്ക് മടങ്ങി വന്നു.

'ഷാരോണെ,'

അവളില് നിന്ന് പെട്ടെന്ന് അകന്നുമാറി അവന് പറഞ്ഞു.

'കൂടെപ്പിറപ്പും അമ്മേം മോനും ഒക്കെ കൊള്ളാം. പക്ഷെ മരത്തിന്റെ കൊമ്പേല് പോലും ഇപ്പം ക്യാമറയാ. എനിക്ക് കൂടിപ്പോയാ ഒരു ഡിസ്മിസ്സല് കിട്ടും. പക്ഷെ നിന്റെ പപ്പായ്ക്ക് മുഖ്യമന്ത്രി പദം രാജിവെക്കേണ്ടി വരും നമ്മള് ഇങ്ങനെ കെട്ടിപ്പിടിച്ചോണ്ട് നിക്കുന്നത് ആരേലും കണ്ടാല്...'

അവര് പരസ്പരം ചിരിച്ചു.

ബ്യൂട്ടിസ്പോട്ട് നിറയെ ഇളംകാറ്റ് വീശി. മഞ്ഞ ചിത്രശലഭങ്ങള് സായാഹ്ന വെയിലില് അവര്ക്ക് ചുറ്റും പറന്നു. ദൂരെ ദേവദാരുക്കളുടെ മേല് ദേശാടനപ്പക്ഷികള് പറന്നിറങ്ങുന്നത് നോക്കി ഷാരോണിരുന്നു.

'എടീ,'

അവന് വിളിച്ചു.

ഷാരോണ് വിദൂര ദൃശ്യവിസ്മയങ്ങളില് നിന്ന് കണ്ണുകള് മാറ്റി അവനെ നോക്കി.

'ഈയിടെയായി നിനക്ക് ആലോചന വളരെ കൂടുതലാണ്,'

അവള് ഒന്നും മനസ്സിലാകാതെ അവനെ നോക്കി.

'ഈയിടെയായി സ്വപ്നത്തിന്റെ തിളക്കം കുറെ കൂടുതലാണ് നിന്റെ കണ്ണുകളില്,'

'മലയാളിക്ക് ഓ വി വിജയനും എം ടി വാസുദേവന് നായരുമൊക്കെയുണ്ട് സാഹിത്യത്തിന്. തത്ക്കാലം എനിക്ക് നിന്റെ സാഹിത്യം വേണ്ട. നീ കാര്യം നേരെ ചൊവ്വേ പറയെടാ ചെറുക്കാ,'

'ശരി,'

അവന് ചിരിച്ചു.

'നേരെ ചൊവ്വേ പറയാം,'

അവള് അവന്റെ മുഖത്ത് നിന്ന് നോട്ടം മാറ്റിയില്ല.

'നന്ദകുമാര് സാര് നിനക്ക് ഇപ്പോള് വെറും അദ്ധ്യാപകന് മാത്രമല്ല,'

ഷാരോണ് ഉള്ളില് ഒരു പ്രകമ്പനമറിഞ്ഞു. തന്റെ ശ്വാസം നിലക്കുന്നത് അവള് അറിഞ്ഞു.

'ഷെല്ലി, അത് ...അങ്ങനെയല്ല...'

'ഷാരോണ്,'

അവന് അവളെ ശാന്തനായി വിളിച്ചു.

'നിനക്ക് അദ്ദേഹത്തോട് അലിവുണ്ട്. അസ്ഥിയെപ്പോലും ത്രസിപ്പിക്കുന്ന ദയാവായ്പ്പ് ഉണ്ട്. അത് മദര് തെരേസക്ക് ഒരു അനാഥനോട് തോന്നുന്ന സഹാനുഭൂതിയല്ല. അതിനുമപ്പുറം. അത് ഒരു പ്രണയമാണെന്ന് നീ ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. ബട്ട് ഇറ്റ് ഈസ് വയബിള് റ്റു എ ലൈഫ് ഗിവിംഗ് ലവ്,'

ഷാരോണിന്റെ കണ്ണുകള് വീണ്ടും ദേവദാരുക്കളുടെ മേല് പെയ്തിറങ്ങുന്ന ദേശാനടനപ്പക്ഷികളില് പതിഞ്ഞു. ഒരു മഞ്ഞചിത്രശലഭം അവളുടെ കൈവിരലില് താഴ്ന്നിറങ്ങി.

'എനിക്കറിയില്ല ഷെല്ലി,'

ചിത്രശലഭത്തിന്റെ കുഞ്ഞിചിറകിന്റെ മൃദുചലനം വിരലില് അറിഞ്ഞുകൊണ്ട് അവള് പറഞ്ഞു.

'പക്ഷെ ഒന്ന് അറിയാം,'

അവള് തുടര്ന്നു.

'ഓരോ നിമിഷവും സാറിന്റെ സാന്നിധ്യം ഞാന് അറിയുന്നുണ്ട്. ഉണരുമ്പോഴും ക്ലാസ്സിലിരിക്കുമ്പോഴും ചിലപ്പോള് ഉറങ്ങുമ്പോഴും,'

ഷെല്ലി അദ്ഭുതത്തോടെ അവളെ നോക്കി.

'അത് ..അത് അലിവാണോ ...സ്നേഹമാണോ ..എന്താണെന്ന് അറിയില്ല ഷെല്ലി എനിക്ക്. സാറിനെയും സുമിത്ര ചേച്ചിയേയും ഓർക്കാത്ത ഒരു ദിവസം പോലും ഉണ്ടായിട്ടില്ല,'

അവളുടെ ശബ്ദം വിറച്ചു.

'പക്ഷെ അത് ..അത് നീ പറയുന്ന തരത്തില് ഒരു പ്രണയമല്ല. അതിനും ..ഒരുപക്ഷെ അതിനുമപ്പുറത്ത് ....ഐ ഡോണ്ട് നോ...'

*********************************************

മിനി തുടർച്ചയായ രണ്ടു വെള്ളിയാഴ്ച്ചകളില് പ്രെയർഗ്രൂപ്പില് പങ്കെടുത്തു. അസന്തുഷ്ടിയൊന്നും കാണിക്കാതെ പ്രാർത്ഥന നേരങ്ങളില് അവള് തല കുനിച്ച് ധ്യാനനിരതയെപ്പോലെ ഇരിക്കുന്നത് ഷെല്ലി കണ്ടു. അക്കാരണത്താല് അവന് ഒരു തവണ പോലും അവളെ കോളേജില് വെച്ച് കാണുവാന് ശ്രമിച്ചില്ല.

മൂന്നാമത്തെ വെള്ളിയാഴ്ച്ച പ്രാർത്ഥന മീറ്റിങ്ങിന്റെ സമാപനത്തില് പ്രെയര് ഗ്രൂപ്പ് ആനിമേറ്റർ വര്ക്കി ജോസഫ് സാര് മുമ്പിലിരിക്കുന്ന അംഗങ്ങളെ നോക്കി പറഞ്ഞു.

'വളരെ പ്രധാനപ്പെട്ട ഒരു കാര്യം എല്ലാവരെയും അറിയിക്കാനുണ്ട്. ജീസസ് യൂത്തിന്റെ ഒരു ആള് കേരള മീറ്റ് എറണാകുളം സെയിന്റ്സ് തെരസാസ് കോളേജില് നടത്തപ്പെടുന്നു. മൂന്ന് ദിവസത്തെ ക്യാമ്പ് ആണ്. മിനിമം ഒരു മുപ്പത് പേരെങ്കിലും നമ്മുടെ കൂടെ നിന്ന് പങ്കെടുക്കണം. അടുത്ത വെള്ളിയാഴ്ച്ചയാണ് മീറ്റ് തുടങ്ങുന്നത്. ഞായറാഴ്ച്ചത്തെ വിശുദ്ധ കുർബ്ബാനയോടെ മീറ്റ് അവസാനിക്കും. പോകുന്നവര് ഇപ്പോള് തന്നെ പേര് തരണം. പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങള് ഇന്ന് തന്നെ മെയില് ചെയ്യണം. രെജിസ്ട്രേഷന്.'

അറിയിപ്പിന് ശേഷം എല്ലാവരും പുറത്തിറങ്ങി.

മിനി സിസ്റ്റര് ക്രിസ്റ്റിനായോട് സംസാരിച്ചു നില്ക്കുന്നത് ഷാരോണ് കണ്ടു.

അവന് പതിയെ അവരെ സമീപിച്ചു.

'എക്സ്യൂസ് മീ സിസ്റ്റര്,'

അവന് സിസ്റ്റര് ക്രിസ്റ്റീനയോട് പറഞ്ഞു.

'മിനി ഒരു മിനിറ്റ്. ഒരു കാര്യം പറയാന്...'

അവള് സിസ്റ്റര് ക്രിസ്റ്റീനയെ ക്ഷമാപണത്തോടെ നോക്കിയ ശേഷം ഷെല്ലി നിന്ന ഭാഗത്തേക്ക് നീങ്ങി.

'എന്താ?'

അവള് ചോദിച്ചു.

'പ്രേയിസ് ദ ലോഡ്. വര്ക്കി സാറ് പറഞ്ഞകാര്യം ആലോചിച്ചോ?'

'എന്ത് കാര്യം?'

'അല്ല...ഇത്രപെട്ടെന്ന് മിനിയത് മറന്നോ?'

'ഷെല്ലി ഓർമ്മയുണ്ടെങ്കില് വെറുതെ മറന്നതായി ആക്റ്റ് ചെയ്യേണ്ട ആവശ്യമുണ്ടോ? കാര്യം പറയു,'

'പ്രേയിസ് ദ ലോഡ്. മിനീ ഏറണാകുളത്ത് പോകുന്ന കാര്യം. സെയിന്റ് തെരേസാസില്...'

അവള് വീണ്ടും ഒന്നും മനസ്സിലാകാത്തത് പോലെ അവനെ നോക്കി.

'നമുക്ക് ഏറണാകുളത്ത് പോകണ്ടേ? മീറ്റിന്?'

ഒസാമ ബിന്ലാദന് പ്രസിഡന്റ്റ് ബരാക് ഒബാമയെ നോക്കുന്നത് പോലെ മിനി ഷെല്ലിയെ നോക്കി.

'പിന്നേ..ഇവിടുത്തെ ഈ പരിപാടി പോരാഞ്ഞിട്ടാണോ ഇനി ഏറണാകുളത്തേക്ക് എഴുന്നള്ളുന്നത്? ഞാനെങ്ങും ഇല്ല!'

ഷെല്ലിയ്ക്ക് പരിഭ്രമമായി. ദൈവമേ, ഇതുവരെ ഇവള്ക്ക് ഒരു മാറ്റവുമില്ലേ? തന്റെ പ്രയത്നമെല്ലാം പാഴായിപ്പോകുമോ? കോളേജില് പ്രിന്സിപ്പാള് അച്ചന്റെയടുത്തും സ്വന്തം പാർട്ടിക്കാരുടെയടുത്തും നാണംകെട്ട നാറി. ഇനി ഇതിലും പരാജയപ്പെട്ടാല്...

'മിനി ഇവിടുത്തെ ഈ പ്രെയര് മീറ്റിംഗില് നമ്മള് എന്തൊരു ആത്മീയ സന്തോഷം ആണ് അനുഭവിക്കുന്നത്! അപ്പോള് ഏറണാകുളം സെയിന്റ്സ് തെരേസാസ് കോളേജു പോലെ ഒരിടത്ത്...അതും ആള് കേരളാ മീറ്റ്...ഒന്നോർത്തു നോക്കിക്കേ...'

'എന്തോർക്കാന്? അവിടെ ഇവിടുത്തെക്കാള് കൂടുതല് പെണ്കുട്ടികളെ കാണാം. അത് ഗേള്സ് കോളേജാ...'

തന്റെ ക്ഷമയുടെ നെല്ലിപ്പലകകള് ഓരോന്നായി ദുർബ്ബലമാകുന്നത് ഷെല്ലിയറിഞ്ഞു.

'ഷെല്ലി എന്തുപറഞ്ഞാലും ഞാന് ഒരു സ്റ്റേറ്റ് ക്യാമ്പിലും വരില്ല,'

അവള് അസന്നിഗ്ധമായി, ഉച്ചത്തില് പറഞ്ഞു.

'എന്താ ഒരു ബഹളം, ഷെല്ലി?'

സിസ്റ്റര് ക്രിസ്റ്റീന അങ്ങോട്ടുവന്നു.

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലാണ് സിസ്റ്റര്.

'അത് സിസ്റ്റര്...'

ഷെല്ലി വാക്കുകള് പരതി.

പെട്ടന്നവന് മുഖത്ത് പ്രകടമായ അനിഷ്ടം വരുത്തി.

'ഉം..എന്താ...എന്താ മിനി?'

'സിസ്റ്റര് അത്...|

'സിസ്റ്റര് ഞാന് പറയാം,'

ഷെല്ലി പറഞ്ഞു.

'മിനി പറയുവാ മിനിക്ക് എറണാകുളത്തെ ക്യാമ്പില് പങ്കെടുക്കണമെന്ന്!'

അവന് പെട്ടെന്ന് പറഞ്ഞു.

മിനി ഒന്നും മനസ്സിലാകാതെ അവനെ നോക്കി.

'അതിനെന്താ പങ്കെടുക്കണം. നല്ലതല്ലേ. അതിനു നിനക്കെന്താ പ്രശ്നം ഷെല്ലി?'

'സിസ്റ്റർ'

ഷെല്ലി അന്ധാളിപ്പോടെ ഉച്ചത്തില് വിളിച്ചു.

അവര് അവനെ ചോദ്യ രൂപത്തില് നോക്കി.

'മിനി ഏറണാകുളത്ത് പോയാല് എങ്ങനെ ശരിയാകും?'

'എന്ന് വെച്ചാല്?'

'സിസ്റ്റര്...നെക്സ്റ്റ് മന്ത് ഇന്റ്റെര് സോണ് മീറ്റ് തുടങ്ങുവാ. മിനി നമ്മുടെ കോളെജിലേക്ക് ഫസ്റ്റ് പ്രൈസ് വാങ്ങിവരേണ്ട കുട്ടിയാ?'

'ഏതില്?'

'എന്റെ ഈശോയേ,'

ഷെല്ലി ഉച്ചത്തില് പറഞ്ഞു. അവന് തലയില് കൈ വെച്ചു.

'സിസ്റ്റര്ക്ക് ലതാ മങ്കേഷ്ക്കര് ആരാന്നറിയാവോ?'

'അതെന്നാ ചോദ്യവാ?'

തീരെ ഇഷ്ടപ്പെടാത്ത രീതിയില് സിസ്റ്റര് ഷെല്ലിയെ നോക്കി.

'എനിക്ക് പിന്നെ അറീത്തില്ലേ? പാട്ടുകാരി,'

'എന്നിട്ട് സിസ്റ്റര്ക്ക് മിനി ആരാന്നറീത്തില്ലേ? പ്രേയിസ് ദ ലോഡ്!'

'നീ വെളയാണ്ട് കാര്യം പറ ഷെല്ലി,'

'സിസ്റ്ററെ ഈ നിക്കുന്ന കുട്ടി നമ്മുടെ കോളേജിലെ വെറും ഒരു സ്റ്റുഡെന്റ്റല്ല. ഷി ഈസ് എ മൈന്ഡ്ബ്ലോവിംഗ് സിങ്ങര്! ഹൌ ഡോണ്ട് യൂ നോ ദിസ് സിസ്റ്റെര്? പ്രേയിസ് ദ ലോഡ്!'

മിനിയുടെ അഴകാര്ന്ന നീള് മിഴികള് ഷെല്ലിയില് പതിഞ്ഞു.

'നേരാണോ കൊച്ചേ?'

'സിസ്റ്റര്...അത് ...'

മിനി ലജ്ജയോടെ സിസ്റ്റര് ക്രിസ്റ്റീനയെ നോക്കി.

എടാ ഭാഗ്യവാനെ...ഈ സുന്ദരിപ്പെണ്ണിനെ ഒരു മാലാഖയാക്കി നിന്റെ കൈയില് തരാന് പോകുവാ. കെട്ടു കഴിഞ്ഞ് രണ്ടാളെയും ഞാന് കാണാന് വരും. കഷ്ട്ടപ്പെട്ടതിനൊക്കെ കണക്ക് പറഞ്ഞ് അന്ന് കാശ് വാങ്ങും ഞാന്. ങ്ഹാ, പറഞ്ഞേക്കാം ....

അവളുടെ ലജ്ജയുടെ മനോഹാരിതയിലേക്ക് കണ്ണുകള് നട്ട് ഷെല്ലി മനസ്സില് പറഞ്ഞു.

'അതിന് ഇന്റര്സോണും സെയിന്റ്സ് തെരേസാസിലേ മീറ്റും തമ്മിലെന്നാ ബന്ധം?'

സിസ്റ്റര് ക്രിസ്റ്റീന ചോദിച്ചു.

'സിസ്റ്ററെ മൂന്ന് ദിവസം ഒക്കെ മാറി നിന്നാ മിനിയ്ക്ക് പ്രാക്റ്റീസ് ചെയ്യാന് ഒക്കെ എവിടുന്നാ നേരം കിട്ടുന്നെ? മിനി ഒരിക്കലും മീറ്റില് പങ്കെടുക്കാന് പാടില്ല,'

'സിസ്റ്റര്, ഞാന്...ഷെല്ലി പറയുന്നത്...'

ഷെല്ലിയുടെ നേരെ ദഹിപ്പിക്കുന്ന നോട്ടമെറിഞ്ഞുകൊണ്ട് മിനി സിസ്റ്ററെ നോക്കി.

'മിനീ, മോള് വെഷമിക്കണ്ട. ഇവന് ഇങ്ങനെ പലതും പറയും. നീ നല്ല പാട്ട്കാരിയല്ലേ? നല്ല പാട്ടുകാര്ക്ക് അങ്ങനെ കൊറേ ദിവസത്തെ പ്രാക്റ്റീസൊന്നും വേണ്ട. മോള് ധൈര്യമായി പൊക്കോ,'

'പ്രേയിസ് ദ ലോഡ്'

ആശ്ചര്യഭാവത്തില് സിസ്റ്റര് തലയില് കൈ വെച്ചു.

'യൂ റ്റൂ സിസ്റ്റര്'

'അതേ മീ റ്റൂ,'

സിസ്റ്റര് ക്രിസ്റ്റീനയുടെ സ്വരത്തില് ഘനത്തില് ദേഷ്യം കടന്നുവന്നു.

'നീയങ്ങനെ കണ്ടമാനം ഇംഗ്ലീഷ് പറഞ്ഞ് വലല്യ് ആളു കളിക്കുവോന്നും വേണ്ട. നീ ജീസസ് യൂത്തില് വന്നത് ആള്ക്കാരെ ദൈവത്തീന്നു പിന്തിരിപ്പിക്കാന് ആണോടാ?'

പിന്നെ അവര് പിമ്പോട്ടു തിരിഞ്ഞ് തിരക്കിട്ട് ഒരു പേപ്പറില് എഴുതിക്കൊണ്ടിരിക്കുകയായിരുന്ന വര്ക്കി ജോസഫ് സാറിനെ നോക്കി.

'വര്ക്കി സാറേ, ദാ, ഈ മിനീടെ പേരും എഴുതിക്കോ,'

വര്ക്കി ജോസഫ് പുഞ്ചിരിയോടെ തലകുലുക്കി. മിനിയെന്തോ പറയാന് ശ്രമിച്ചെങ്കിലും സിസ്റ്റെറിന്റെ മുഖത്ത് നോക്കിയപ്പോള് നിശബ്ദയായി.

'എന്റെ ഈശോയേ...'

അവള് ദേഷ്യത്തോടെ, അസഹ്യതയോടെ ഷെല്ലി മാത്രം കേള്ക്കെ പറഞ്ഞു.

പെട്ടെന്ന് സിസ്റ്റര് ക്രിസ്റ്റീന ഷെല്ലിയെ നോക്കി.

'വര്ക്കി സാറേ, ദാ ഈ ഷെല്ലിടെ പേരും ഒണ്ടേ,'

വര്ക്കി ജോസഫ് ഷെല്ലിയെ നോക്കി.

'അയ്യോ സിസ്റ്റര് എനിക്ക്...'

ഷെല്ലി പ്രതിഷേധഭാവത്തില് പറഞ്ഞു.

'അയ്യോ സിസ്റ്റര് എനിക്ക്!'

സിസ്റ്റര് ദേഷ്യം കയറി പറഞ്ഞു.

'നെനക്കെന്നാ? ഒരു മൂന്ന് ദിവസം ഇന്ക്വിലാബ് വിളിച്ചില്ലേല് ഒറക്കം വരത്തില്ലേ?'

'അവിടുന്നൊക്കെ ഔട്ടാക്കി സിസ്റ്റര്,'

പരിഹാസം തുളുമ്പുന്ന സ്വരത്തില് മിനി പറഞ്ഞു.

കഴുവേറി മോളെ..

ദേഷ്യം കയറി ഷെല്ലി പിറുപിറുത്തു.

എല്ലാം നീ കാരണവാ. എന്നിട്ട് മെണയ്ക്കുന്നോ?

'എന്നാടാ നീ പൊറുപൊറുക്കുന്നേ?'

'ഒന്നുവില്ലേ,'

ഉച്ചത്തില് സഹിക്കാനാവാത്ത സ്വരത്തില് ഷെല്ലി പറഞ്ഞു.

'എന്റെ സിസ്റ്ററെ എന്റെ കൈയിലെങ്ങും പൈസാ ഒന്നുവില്ല. മൂന്ന് ദിവസത്തേക്ക് എറണാകുളം ഒക്കെ പോകാന്,'

'മോനേ ഷെല്ലി, ഷെല്ലി അലക്സേ,'

സിസ്റ്റെര് പരിഹാസ സ്വരത്തില് അവനോടു പറഞ്ഞു.

'പെട്ടി നെറച്ച് പൈസയുമായി പോകാന് നമ്മള് ലുലു മാളിലേക്കോ അവടെ ഏതേലും ഡിസ്ക്കോ കാണാനോ അല്ല,'

കന്യാസ്ത്രീയോക്കെയാ. പക്ഷെ വര്ത്താനം മൊത്തം മുന്തിയ സ്ഥലങ്ങളെ പറ്റിയാ

മിനി മാത്രം കേള്ക്കെ അവന് പിറുപിറുത്തു.

'നമ്മളെ, ഏറണാകുളത്ത് പോകുന്നതേ ഈശോയേ കാണാനാ,'

ഓഹോ, അപ്പം ഈശോ കുരിശേന്ന് ഏറണാകുളത്തേക്ക് താമസം മാറ്റിയാരുന്നോ? അറിഞ്ഞില്ലാരുന്നല്ലോ

ഷെല്ലി വീണ്ടും പിറുപിറുത്തു.

'നെനക്കത്ര പഞ്ഞവാണേല് പോക്കറ്റ് മണിയൊക്കെ ഞാന് തന്നോളാം. രെജിസ്ട്രേഷന് ഫീസും,'

'ഓ...താങ്കു സിസ്റ്റെര്,'

അവന് സിസ്റ്റെര് ക്രിസ്റ്റീനയുടെ കൈയെടുത്ത് ഉയര്ത്തി.

'അയ്യേ, ഈ ചെറുക്കന് എന്നതാ ഈ കാണിക്കുന്നേ,'

അവര് അല്പ്പം ലജ്ജയോടെ പറഞ്ഞു.

ഷെല്ലി അവരുടെ കൈവെള്ളയില് ഉമ്മ വെച്ചു.

'മതി മതി'

ലജ്ജയോടെ, പുഞ്ചിരിയോടെ അവര് പറഞ്ഞു.

'അവന്റെയൊരു കൊഞ്ചല്!'

ഷെല്ലി പെട്ടെന്ന് വര്ക്കി ജോസഫ് സാറിന്റെയടുത്തേക്ക് പോയി.

'അമ്മയില്ലാത്ത കൊച്ചാ മോളെ അവന്,'

വര്ക്കി ജോസഫ് സാറിനോട് സംസാരിക്കുകയായിരുന്ന ഷെല്ലിയെ നോക്കി സിസ്റ്റെര് പറഞ്ഞു.

അത് കേട്ട് മിനിയുടെ മുഖം ആര്ദ്രമാകുന്നത് സിസ്റ്റെര് ശ്രദ്ധിച്ചു.

'എന്താ മോളേ?'

'ഒന്നുമില്ല...ഒന്നുമില്ല സിസ്റ്റെര്,'

കണ്ണുകളില് പൊടിഞ്ഞ നനവ് ഒപ്പിക്കൊണ്ട് അവള് പറഞ്ഞു.

'മോള്ക്കും...മോള്ടെ അമ്മേം...?'

സിസ്റ്റെര് ക്രിസ്റ്റീന സംശയത്തോടെ ചോദിച്ചു.

അവള് സജലങ്ങളായ മിഴികളോടെ തലകുലുക്കി.

സിസ്റ്റെര് ക്രിസ്റ്റീന അവളുടെ തോളില് മൃദുവായി അമര്ത്തി. സ്പര്ശനത്തിന്റെ സുഖദമായ ചൂടില്, സാന്ത്വനത്തില് മിനി ഒരു അഭയമറിഞ്ഞു.

അല്പ്പം കഴിഞ്ഞ് സിസ്റ്റര് മറുഭാഗത്തേക്ക് നീങ്ങിയപ്പോള് ഷെല്ലി മിനിയെ സമീപിച്ചു.

'പ്രെയിസ് ദ ലോഡ്... എന്നാ..നമ്മള് ഏറണാകുളത്ത് പൂവ്വല്ലേ?'

കണ്ണില് തിളക്കം വരുത്തി, പുഞ്ചിരിയോടെ ഷെല്ലി ചോദിച്ചു.

'എന്നെ തോപ്പിച്ചു എന്ന് കരുതി വല്ലാതെ അങ്ങ് അഹങ്കരിക്കണ്ട,'

അസഹ്യമായ അമര്ഷത്തോടെ മിനി പറഞ്ഞു.

'ഒരു ജോളി ട്രിപ്പ്...അത്രയേ ഞാന് ഇതിനെ കണ്ടിട്ടുള്ളൂ. അല്ലാതെ പ്രസംഗം കേട്ടും ഹല്ലേലൂയ്യാ എന്നൊക്കെ ഒച്ചയിട്ടും ഞാന് ഷെല്ലി വിചാരിക്കുന്ന പോലെ ഒരു സെയിന്റ് ഒന്നും ആകാന് പോകുന്നില്ല,'

'പ്രെയിസ് ദ ലോഡ്. കര്ത്താവ് വലിയവനാ മിനി. അവനു സ്തോത്രം! ഹല്ലേലൂയ്യാ,'

****************************

ട്രെയിനില് പരമാവധി ഓടിനടന്നും പാട്ട് പാടിയും തമാശ പറഞ്ഞും സമയം ചെലവിടാന് ഷെല്ലി ശ്രമിച്ചെങ്കിലും ഷാരോണ് അവന്റെ മനസ്സിലേക്ക് എപ്പോഴും കടന്നു വന്നു. യാത്ര പറഞ്ഞിറങ്ങുമ്പോള് അവള് സന്തോഷവതിയായിരുന്നെങ്കിലും ഷെല്ലി അറിഞ്ഞിരുന്നു അവളുടെ മനസ്സ്.

'ഇതെങ്ങാനും നേരെ ആകുവോടീ? ഈ പോക്കുകൊണ്ട് എന്തേലും കൊണം ഒണ്ടാകുന്ന് നീ കരുതുന്നുണ്ടോ?'

'ഉറപ്പാടാ ചക്കരേ,'
അവള് ശുഭാപ്തിവിശ്വാസം നിറഞ്ഞ ശബ്ദത്തില് പറഞ്ഞു.
'എന്റെ മനസ്സ് പറയുന്നു. നേരേയാകം. ഇത് മാത്രവല്ല നിന്റെ പ്രോബ്ലംസ് ഒക്കെ തീരും. നിന്നെ കളിയാക്കിയവരൊക്കെ നിന്നെ ഇരട്ടി ആവേശത്തോടെ സ്വീകരിക്കും,'
ഷെല്ലി തിരിച്ച് ഒന്നും പറയുകയുണ്ടായില്ല. എതിര്ത്ത് പറഞ്ഞാല് ഷാരോണിന്റെ ആതാവിശ്വാസത്തെ പരിഹസിക്കലാവും. ഷാരോണ് പറഞ്ഞില്ലെങ്കിലും ഷെല്ലി അറിഞ്ഞിരുന്നു. ഇനിയുള്ള മൂന്ന് ദിവസങ്ങള് ഷാരോണ് ഉണ്ണാവ്രതമെടുക്കും. രേഖയില് നിന്നാണ് ഷെല്ലി അറിഞ്ഞത് എല്ലാ വെള്ളിയാഴ്ച്ചകളിലും ഷാരോണ് ഉപവാസമാണെന്ന്. അറിഞ്ഞു കഴിഞ്ഞ് അവളോട് ചോദിച്ചപ്പോള് സമ്മതിച്ചു തരികയുണ്ടായില്ല. വീണ്ടും കുത്തി കുത്തി ചോദിച്ചപ്പോള് അവള് പറഞ്ഞു.
'മോനേ, ഉപവാസമോക്കെ രഹസ്യത്തില് ചെയ്യണം. ഈശോയും നമ്മളും മാത്രമേ അക്കാര്യമറിയാന് പാടുള്ളൂ,'
'നല്ല ഫ്രണ്ട്!'
ഷെല്ലി അന്ന് പരിഹാസസ്വരത്തില് പറഞ്ഞു.
'ഒരു രഹസ്യോം ഷെയര് ചെയ്യരുത്. ഓക്കേ നീ പറയണ്ട,'
അവന് പരിഭവിച്ചു. അത് ഷാരോണിനെ വേദനിപ്പിച്ചു. ഷെല്ലിയുടെ മുഖം മാറുന്നത് അവള്ക്ക് സഹിക്കില്ല.
'ഓക്കേ, ഓക്കേ, മുഖം വീര്പ്പിക്കണ്ട. പറയാം. ഇങ്ങനെയൊരു ചെറുക്കന്! ഞാനെ നോയമ്പെടുക്കുന്നെ സാറിന് വേണ്ടിയാടാ. സാറ് കുടീം വലീം ഒക്കെ നിര്ത്താന്,'
ആകെ പതിനാറു പേരുണ്ടായിരുന്നു സംഘത്തില്. സിസ്റ്റര് ക്രിസ്റ്റീനയും വര്ക്കി ജോസഫ് സാറുമായിരുന്നു സംഘത്തിന്റെ ലീഡര്മാര്. എല്ലാവര്ക്കും ഒരേ കമ്പാര്ട്ട്മെന്റില്ത്തന്നെ ഇരിപ്പിടം കിട്ടി.
'എന്റെ ഷെല്ലി നീയില്ലാരുന്നേല് ബോറടിച്ചു ചത്തേനെ,'
ഐസ് ക്രീം കഴിച്ചു കൊണ്ടിരിക്കെ സിസ്റ്റര് ക്രിസ്റ്റീന അവനോടു പറഞ്ഞു.
'ചുമ്മാതല്ല, ചെലവുണ്ട്,'
ഷെല്ലി പറഞ്ഞു.
'ചെലവാ ഇപ്പം ചെയ്തോണ്ടിരിക്കുന്നെ,'
'ബോറടി മാറ്റാന് പറ്റിയ വേറെ ഒരാളും കൂടിയുണ്ട്,'
അവന് മിനി കേള്ക്കാതെ സിസ്റ്ററോട് പറഞ്ഞു. അവള് പുറത്തെ ഗ്രാമഭംഗികള് നോക്കിക്കാണുകയായിരുന്നു.
'ആര്?'
'മിനി. ഞാന് പറഞ്ഞില്ലേ? സൂപ്പര് പാട്ടുകാരിയാ. സിസ്റ്റര് ഒന്ന് പറ. അവള് പാടും. ഞാന് പറയത്തില്ല. ഞാന് പറഞ്ഞാല് അവള് എന്നെ ഒലക്കയെടുത്ത് തല്ലും. അവള്ടെ അന്തിക്രിസ്തുവാ ഞാന്,'
'അങ്ങനെയാണോ? എന്നാ അവളെക്കൊണ്ട് പാടിപ്പിച്ചിട്ടെ ഒള്ളു ബാക്കി കാര്യം,'
സിസ്റ്റര് മിനിയെ നോക്കി. ഇപ്പോള് മിനി എതിരെ ഇരിക്കുന്ന അഭയ് പോളിനോട് സംസാരിക്കുകയാണ്. ജീസസ് യൂത്തിലെ ആക്റ്റീവ് മെമ്പര് ആണെങ്കിലും സാമാന്യം നല്ല വായ്നോക്കി എന്ന പേര് അവനുണ്ട്.
'മിനീ,'
സിസ്റ്റര് വിളിച്ചു.
'യെസ്, സിസ്റ്റെര്,'
അവള് അവരെ നോക്കി വിളികേട്ടു.
'ഇന്റര്സോണിലൊക്കെ പങ്കെടുക്കാന് പോകുന്ന പാട്ടുകാരിയല്ലേ. ഒരു പാട്ട് പാടിക്കേ. ഇവിടെ ഷെല്ലീടെ നാടന് പാട്ടും വളിപ്പ് മിമിക്രീം ഒക്കെ കേട്ട് എല്ലാവരും ബോറടിച്ചു,'
'ശരിയാ, ശരിയാ,'
ഹര്ഷാരവത്തോടെ ആണ്കുട്ടികളും പെണ്കുട്ടികളും സിസ്റ്ററുടെ വാക്കുകള് സ്വീകരിച്ചു.
ഷെല്ലി കലിപ്പോടെ സിസ്റ്റെറെയും കൂട്ടുകാരെയും നോക്കി.
'ഇനീം വരണേ, പ്ലീസ് മണിച്ചേട്ടന്റെ കണ്ണിമാങ്ങപ്രായത്തില് ഒന്ന് പാടവോ പ്ലീസ് പ്രിഥ്വിരാജിന്റെ ഫിഗര് ഒന്ന് കാണിക്കാവോ എന്നും പറഞ്ഞോണ്ട്...'
അവന് സ്വരത്തില് കലിപ്പ് നിലനിര്ത്തിപ്പറഞ്ഞു.
'സിസ്റ്ററെ..ഞാനങ്ങനെ പാട്ടൊന്നും...'
അവള് പ്രതിരിധിക്കാന് ശ്രമിച്ചു.
'സിസ്റ്ററെ മിനി നന്ദകുമാര് സാറിന്റെ പ്രോഗ്രാമിലെ മെയിന് പാട്ടുകാരിയാ ഇപ്പം,'
കുറെപ്പേര് മിനിയുടെ പ്രതിരോധത്തെ തെളിവുസഹിതം പൊളിക്കാന് ശ്രമിച്ചു.
'ശരിയാണല്ലോ. ഞാനുമത് കേട്ടാരുന്നു. എടാ ഷെല്ലി നീയും അതിലൊക്കെയില്ലേ?'
സിസ്റ്റര് ചോദിച്ചു.
'ഓ, നമ്മള് വെറും നാടന് പാട്ടുകാരന്. മിമിക്രിക്കാരന്. നമ്മളെ വിട്ടുപിടി. പ്രെയിസ് ദ ലോഡ്!'
ഷെല്ലിയുടെ നിരാശ നിറഞ്ഞ സ്വരം കേട്ട് മറ്റുള്ളവര് ചിരിച്ചു.
എല്ലാവരും പ്രോത്സാഹിപ്പിക്കുന്ന ഭാവത്തോടെ മിനിയെ നോക്കി. അവളില് സാവധാനം വിടര്ന്നു വരുന്ന മനോഹരമായ ലജ്ജയിലേക്ക് ആണ്കുട്ടികള് കണ്ണുകള് പറിക്കാതെ നോക്കുന്നത് ഷെല്ലി കണ്ടു.
'വലല്യ് ജീസസ് യൂത്ത് ഒക്കെയാ. വായിനോട്ടത്തിനാണേല് ഒരു കൊറവും ഇല്ല. സാക്ഷാല് ജീസസ് ചാട്ടയെടുത്ത് തല്ലും ഈ യൂത്തന്മാരെ വായിനോട്ടത്തിന്!'
ഷെല്ലി ആരും കേള്ക്കാതെ പറഞ്ഞു.
മിനി വീണ്ടും എല്ലാവരെയും നോക്കി.

ലജ്ജ മുഖത്ത് നിന്ന് മാറ്റാതെ അവള് പാടിത്തുടങ്ങി.
'എക് സൂരജ് നികലാത്താ...കച്ച് പാരാ പിഘലാത്താ...
എക് ആന്ധീ ആയിഥി ജബ് ദില്സേ ആഗ് നികലീതി
ദില്സേ രേ...'
മിനി പാടിത്തുടങ്ങി.
കൂട്ടുകാര് വിസ്മയത്തോടെ കണ്ണുകള് മിഴിച്ചു.
ഷെല്ലിയ്ക്ക് ശ്വാസം നിലക്കുന്നത് പോലെ തോന്നി.
'ദില് സേ' എന്ന പ്രസിദ്ധമായ മണിരത്നം സിനിമയിലെ എ ആര് റഹ്മാന് ജീവന് നല്കിയ ആ ത്രസിപ്പിക്കുന്ന ഗാനം അവള് പാടി. അത്യന്തം വൈദഗ്ധ്യത്തോടെ, അനന്തമായ ആകാശത്തിലേക്ക് കേള്വിക്കാരെ ഉയര്ത്തിക്കൊണ്ട്പോകുന്ന തോന്നല് നല്കി...
സൂര്യന് ഉദിച്ചിരിക്കുന്നു..
ഭൂമിയുടെ താപം താഴ്ന്നിരിക്കുന്നു...
ഹൃദയത്തില് നിന്നുള്ള നിശ്വാസതാപം പോലെ
എവിടെനിന്നോ ഒരു കാറ്റ് വീശുന്നു...
'ഓ ...ദോ പത്തേ പത്ച്ചട്കേ പേഡോം സേ ഉതരേത്തേ
പേഡോം കി ശാഖോം സേ ഉതരേത്തേ... '
അപ്പോഴേക്കും അടുത്തകമ്പാര്ട്ട്മെന്റില് നിന്നും ആളുകള് എത്തിത്തുടങ്ങി. പാട്ടിന്റെ അമ്പരപ്പിക്കുന്ന ഭംഗിയും പാട്ടുപാടുന്ന പെണ്കുട്ടിയുടെ തീവ്രലാവണ്യവും അവരേ അദ്ഭുതപ്പെടുത്തി.
'ശിശിര കാലത്ത് മരത്തില് നിന്ന് രണ്ട് ഇലകള് അടര്ന്ന് വീണു.
മരത്തിന്റെ തണുത്ത ശിഖരത്തില് നിന്ന്...'
ആ ഭാഗം പാടിയപ്പോള് അവളുടെ കണ്ണുകള് തന്റെ കണ്ണുകളോട് കൂട്ടിമുട്ടിയത് ഷെല്ലിയറിഞ്ഞു. ഒരു നിമിഷം അവളുടെ കണ്ണുകളില് നിന്ന് അഭൌമമായ ഒരു പ്രകാശം തന്റെ ഹൃദയത്തെ സ്പര്ശിച്ചോ? ഏയ്, ഒരു പ്രകാശവുമില്ല. അതും അഭൌമമായ പ്രകാശം! എന്തൊരു ഭാഷാ പ്രയോഗം! തന്റെ ഉള്ളിലും എവിടെയോ ഒരു പെങ്കോന്തനുണ്ട്. അല്ലെങ്കില് തന്നെ പച്ചയ്ക്ക് തിന്നാന് നടക്കുന്ന ഇവള് തന്നെ നോക്കി എന്നും നോക്കിയപ്പോള് അവളുടെ കണ്ണില് നിന്നും പ്രകാശം പുറപ്പെട്ടു എന്നും തനിക്ക് തോന്നില്ലായിരുന്നു.
മേഘസ്ഫോടനത്തെ വെല്ലുന്ന സ്വരതീവ്രതയോടെ അവളുടെ മധുര ശബ്ദം ഉയര്ന്നുയര്ന്ന് പോയി. ആരോഹണത്തിന്റെ മന്ത്രണം കേള്വിക്കാരുടെ വിസ്മയത്തിന്റെ വേഗത കൂട്ടി.
പാട്ടിന്റെ വിസ്മയബിന്ദുവിന്റെ അവസാനം എല്ലാവരും ഹര്ഷാരവത്തോടെ കയ്യടിച്ചു. പുഞ്ചിരിയോടെ അവള് പതിയെ തലകുനിക്കുന്നത് ഷെല്ലി കണ്ടു.
'എങ്ങനെയുണ്ട്? കണ്ടോ?'
ക്രിസ്റ്റീന സിസ്റ്റര് ചോദിച്ചു.
'അതുശരി! മിനി പാട്ടുകാരിയാണെന്ന് ഞാനല്ലേ സിസ്റ്ററോട് ആദ്യം പറഞ്ഞെ?'
ഷെല്ലി ചൊടിച്ചു.
പക്ഷെ അവനിലെ അദ്ഭുതം അപ്പോഴും മാറിയിരുന്നില്ല. ഷാരോണ് അവളുടെ പാട്ടിനെപ്പറ്റി പറഞ്ഞിരുന്നു. നന്ദകുമാര് സാറിന്റെ പ്രോഗ്രാമില് മറ്റുള്ളവരുടെ കൂടെ, സംഘമായിട്ടാണ് മിനി പാടിയിരുന്നത് കൊണ്ട് സ്വരത്തിന്റെ, സംഗീത ഗുണത്തെ തനിക്ക് തിരിച്ചറിയാന് കഴിഞ്ഞിരുന്നില്ല.
അവനു അവളുടെ നേരെ കൈകൂപ്പണമെന്ന് തോന്നി.
'അപ്പോള് മിനിയേ,'
സിസ്റ്റര് വീണ്ടും മിനിയെ വിളിച്ചു.
മിനി പുഞ്ചിരിയോടെ വീണ്ടും നോക്കി.
'തിരിച്ചു വന്നു കഴിഞ്ഞ് എന്നും കണ്ടോണം ഇനി ചാപ്പലില് ക്വയറില്. കേട്ടോ? ഇത്രേം നല്ല പാട്ട് കരോക്കെ ഉണ്ടായിട്ടാ...ഭയങ്കര ഇന്റര്നാഷണല് പാട്ടുകാരൊക്കെ ഉണ്ട്. പറഞ്ഞിട്ടെന്നാ ഫലം? ഈശോയ്ക്ക് വേണ്ടി പാടാന് അവര്ക്കൊന്നും നേരവില്ല. ഇങ്കിലാബിനു വേണ്ടിയാണേല് തൊണ്ടപൊട്ടി പാടും ഏതു പാതിരാത്രീലും!'
സിസ്റ്റര് ഷെല്ലിയെ നോക്കി.
കൂട്ടുകാര് ഷെല്ലിയെ നോക്കി ഉച്ചത്തില് ചിരിച്ചു.
'ഓ..ഞാന് ഇത്രേം ഫ്ലോപ്പ് ആണെന്നറിഞ്ഞില്ല. ഷെല്ലി, ഫ്ലോപ്പാകാന് നിനക്ക് ഇനീം ജന്മം ബാക്കി,'
ഷെല്ലി ആത്മഗതമായി ഉറക്കെപ്പറഞ്ഞു.
ക്ലാസ്സ് കഴിയാറായ സമയം ഷെല്ലി ഷാരോണിനെ വിളിച്ചു. നടന്ന കാര്യങ്ങള് എല്ലാം ഒന്ന് പോലും മറക്കാതെ അവളെ ധരിപ്പിച്ചു. അപ്പുറത് ആവള് ആസ്വദിച്ചു ചിരിക്കുന്നത് അവന് കേട്ടു.
'നീയും എന്നെ ഫ്ലോപ്പ് ആക്കുവാണോടീ?'
അവള് ചോദിച്ചു.
'ഇല്ല മുത്തേ,'
അവളുടെ മന്ത്രമധുരമായ സ്വരം അവന് കേട്ടു.
'നീയാണ് ഹീറോ. അതൊക്കെ നിനക്ക് മനസ്സിലാകും. ഉടനേ,'
ദീര്ഘനേരത്തെ സംസാരത്തിനിടയില് പിമ്പില് ആരോ നില്ക്കുന്നത് കുറെ നേരം കഴിഞ്ഞാണ് ഷെല്ലി കണ്ടത്.

വാതില്ക്കല് നിന്നാണ് ഷെല്ലി ഷാരോണിനോട് സംസാരിച്ചുകൊണ്ടിരുന്നത്. പിമ്പിലെ സാന്നിധ്യമറിഞ്ഞ് തിരിഞ്ഞുനോക്കിയപ്പോള് മിനിയാണ്. ചിലപ്പോള് വാതില്ക്കല് നില്ക്കാനായിരിക്കും. അവന് വാതില്ക്കല് നിന്ന് മാറി നിന്നു. അതിനു കാത്തുനിന്നിട്ടെന്നപോലെ മിനി വാതില്ക്കല് നിന്ന് പുറത്തേ കാഴ്ചകള് കാണുവാന് തുടങ്ങി.

മുഖത്ത് സുഹൃദഭാവമൊട്ടുമില്ല. ഈ ലോകത്ത് സൌഹൃദത്തോടെയും ദയയോടെയുമല്ലാതെ ഇവള് ഒരാളെ മാത്രമാണ് നോക്കുന്നത്.

തന്നെ.

തന്നെ മാത്രം.

ഷെല്ലിയ്ക്ക് അല്പം വിഷമം ഉള്ളില് തോന്നി.

തന്നെ ആര്ക്കും വെറുക്കാന് കഴിയില്ല എന്ന് ഒരിക്കല് അഹങ്കരിച്ചിരുന്നു.

പക്ഷെ...

അവന് പെട്ടെന്ന് അവിടെനിന്ന് അകത്തേക്ക് പോയി സിസ്റ്റര് ക്രിസ്റ്റീനയുടെ എതിരെ യുള്ള തന്റെ സീറ്റില് പോയി ഇരുന്നു.

അപ്പോഴും അവനു തോന്നി.

താന് വാതില്ക്കല് നിന്ന് പിന്തിരിഞ്ഞപ്പോള് മിനി തിരിഞ്ഞു നോക്കിയോ?

വാട്ട് ഹാപ്പെന്റ്റ് റ്റു യൂ?

അവന് സ്വയം ശാസിച്ചു.

തനിക്ക് ജീവിതത്തില് ഒരേയൊരു ലക്ഷ്യമേയുള്ളൂ.

റോക്കിയെ കണ്ടെത്തുക.

തന്റെ മമ്മിയെ തന്നില് നിന്നും പറിച്ചെറിഞ്ഞു കളഞ്ഞവനെ കണ്ടെത്തുക.

പോലീസ് എഴുതിത്തള്ളിയ ആ കേയ്സ് സ്വയം അന്വേഷിക്കുക.

അതിന് ഒരു പദവി വേണം. മേല്വിലാസം വേണം. അതിനാണ് താന് പഠിക്കുന്നത്.

ട്രെയിന് മുമ്പോട്ട് കുതിക്കുമ്പോള് ഷെല്ലിയുടെ ചിന്തകള് പ്രകാശവേഗത്തേക്കാള് പാഞ്ഞു.

മൂന്നു മണിയായപ്പോള് ട്രെയിന് ഏറണാകുളത്ത് എത്തി.

കേരളത്തിലെ ഏറ്റവും പ്രശസ്തമായ കോളേജുകളിലൊന്നായ സെയിന്റ് തെരേസാസിന്റെ അങ്കണവും പ്രവേശനകവാടവും അതിഥികളെ സ്വാഗതമരുളാന് അലങ്കരിച്ചിരുന്നു.

കേരളത്തിലെ വിവിധ കോളേജുകളില് നിന്നും ആയിരക്കണക്കിന് ആണ്കുട്ടികളും പെണ്കുട്ടികളും എത്തിച്ചേര്ന്നിരുന്നു.

വേദി കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന് മുമ്പിലേ വിശാലമായ ഗ്രൌണ്ടിലായിരുന്നു.

കൂറ്റന് സ്റ്റേജ്.

അതിന്റെ ഒരു വശത്ത് സായുധസേനയുടെ ജാഗ്രതയോടെ വലിയ ഗായക സംഘം. വിലപിടിച്ച സംഗീത ഉപകരണങ്ങള്. വേദിയില് പ്രാസംഗികര്ക്കും ശുശ്രൂഷികള്ക്കുമായി വിലപിടിച്ച മനോഹരമായ ഇരിപ്പിടങ്ങള്.

പ്രസരിപ്പോടെ അങ്ങ്മിങ്ങും നീങ്ങുന്ന വളണ്ടിയര്മാര്.

ഗ്രൌണ്ട് നിറയെ നിറ താരുണ്യത്തിന്റെ, നിറ യൌവ്വനത്തിന്റെ വസന്തം കൊണ്ടു നിറഞ്ഞു.

'വാ, നമുക്കാദ്യം രജിസ്റ്റര് ചെയ്യണം,'

വേദിയുടെ വശത്തുകൂടി നടന്നുനീങ്ങുകയായിരുന്ന സംഘത്തോട് വര്ക്കി ജോസഫ് സാര് പറഞ്ഞു.

രെജിസ്ട്രേഷന് കഴിഞ്ഞ് ഓരോ സംഘത്തിനും അലോട്ട് ചെയ്തിരുന്ന മുറികളിലേക്ക് അവര് പോയി. ഫ്രഷായിക്കഴിഞ്ഞ് വേദിയിലേക്ക് നീങ്ങി.

പ്രഭാഷകരായി വിദേശത്ത് നിന്നുമെത്തിയ പുരോഹിതരും ധ്യാനഗുരുക്കന്മാരുമുണ്ടായിരുന്നു. ഓരോ സെഷന് ശേഷവും അഭൌമ സൌന്ദര്യവും അവര്ണ്ണനീയ ഭംഗിയുമുള്ള സംഗീതവിരുന്ന്. പഠനാര്ഹമായ പ്രഭാഷണങ്ങള്.

ഓരോ ദിവസത്തെയും മീറ്റിന്റെ അന്ത്യം സാക്ഷ്യങ്ങളോടെയാണ് അവസാനിക്കുക. മീറ്റില് നടക്കുന്ന ആത്മീയ പ്രഭാഷണങ്ങളുടെയും കൌണ്സിലിങ്ങിന്റെയും ഫലമായി മാനസാന്തരം സംഭവിച്ചവരുടെ കണ്ണുനീരില് കുതിര്ന്ന അനുഭവസാക്ഷ്യം.

ആദ്യദിനം മീറ്റിംഗ് അവസാനിച്ചപ്പോള് ഷെല്ലിയുടെ കണ്ണുകള് മിനിയെ തിരഞ്ഞു.

സിസ്റ്റെര് ക്രിസ്റ്റീനയുടെ കൂടെയാണ് പെണ്കുട്ടികള് ഉണ്ടാവേണ്ടത്. പക്ഷെ ഷെല്ലി അവളെ അവരുടെ കൂടെ കണ്ടില്ല.

'മിനിയെന്ത്യേ സിസ്റ്ററെ?'

അവന് സിസ്റ്റര് ക്രിസ്റ്റീനയോട് ചോദിച്ചു.

'ആണ്ടെ,'

ഗ്രൌണ്ടിന്റെ അതിരില് നിന്ന ഒരു അശോകമരത്തിന്റെ നേരെ സിസ്റ്റെര് വിരല് ചൂണ്ടി.

അവിടെ ഉജ്ജ്വല ദീപാലങ്കാരത്തിന്റെ വര്ണ്ണാഭയില്, നിലാവിന്റെ നിറവില്, പ്രഭാഷണം നടത്തിയ ഒരു വിദേശിയോട് മിനി സംസാരിച്ചു നില്ക്കുന്നു.

അവന് പതിയെ അവളെ സമീപിച്ചു.

അവന് വരുന്നത് കണ്ട് അവള് അയാളെ വിട്ട് അവന്റെ നേരെ തിരിഞ്ഞു.

'പ്രെയിസ് ദ ലോഡ്,'

അവന് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

അവള് പുഞ്ചിരിക്കാന് ശ്രമം നടത്തി.

'നല്ല പ്രസംഗമൊക്കെയാ അല്ലേ?'

അവന് അവളോട് ചോദിച്ചു.

'ഓ..'
അവള് കനപ്പെട്ട ഒരു നിസ്സംഗത വരുത്തി മൂളി.
'എനിക്ക് മഹാ ബോറായിട്ടാ തോന്നുന്നേ. എന്നെ ശരിക്ക് ട്രാപ് ചെയ്ത് കൊണ്ടുവരുവാരുന്നു. എന്തൊക്കെ കളിയാ കളിച്ചേ...'
അവളുടെ സ്വരത്തില് വെറുപ്പ് നിറഞ്ഞുകുടി.
ഷെല്ലിയുടെ മുഖം മ്ലാനമായി. അത് അവളെ കാണിക്കാതിരിക്കാന് അവന് പരമാവധി ശ്രമിച്ചു.
മീറ്റിന്റെ അവസാന ദിവസം.
കര്ദ്ദിനാള് ജോണ് കോലഞ്ചേരിയാണ് അവസാന ദിവസത്തെ മുഖ്യശുശ്രൂഷി.
മൂന്ന് ദിവസങ്ങള്ക്കുള്ളില് അനവധി പ്രഭാഷണങ്ങള്, ആത്മീയ ശുശ്രൂഷകള്, സംഗീത വിസ്മയം ഒക്കെ സദസ്സിനെ ആന്തരിക മാറ്റത്തിന് പ്രേരിപ്പിച്ചു.
മീറ്റിന്റെ ഫലമായി മാനസാന്തരത്തിലേക്ക് വന്ന ചെറുപ്പക്കാരുടെ അനുഭവസാക്ഷ്യങ്ങള് സദസ്സിനെ അദ്ഭുതപ്പെടുത്തി, കരയിച്ചു, അവരെയും മാറ്റത്തിന് പ്രേരിപ്പിച്ചു.
ചെയ്ത തെറ്റുകള് ഏറ്റുപറഞ്ഞ് അവര് നിറ കണ്ണുകളോടെ സ്വയം സമര്പ്പിച്ചു.
ആദ്യദിവസത്തെ ജനാവലിയെയല്ല മൂന്നാം ദിവസം ഷെല്ലി കണ്ടത്. പുത്തന് ആത്മീയ ഉണര്വ്വ് പ്രാപിച്ച, ആന്തരികമായി പരിണാമം പ്രാപിച്ച ആണ്കുട്ടികളും പെണ്കുട്ടികളും.
'പ്രിയപ്പെട്ടവരേ, അവസാന ദിവസത്തെ അനുഭവ സാക്ഷ്യത്തിലേക്ക് നാം കടക്കുകയാണ്,'
സംഘടന സമിതിയിലെ ഒരു വൈദികന് വേദിയില് നിന്ന് അനൌണ്സ് ചെയ്തു.
'ഈ മീറ്റ് വഴി പാപചിന്തകളില് നിന്ന് മോചനം പ്രാപിച്ച, ആത്മീയ സന്തോഷം അനുഭവിക്കുന്ന ആര്ക്കും കടന്നുവരാം. ധൈര്യത്തോടെ യേശുവിനെ സാക്ഷ്യപ്പെടുത്താം,'
അദ്ദേഹം തുടര്ന്നു.
സദസ്സ് നിതാന്ത നിശബ്ദമായി.
പെട്ടെന്ന് തങ്ങളുടെ കൂട്ടത്തില് നിന്ന് മിനി എഴുന്നേല്ക്കുന്നത് ഷെല്ലി കണ്ടു.
അവന് കരുതിയത് അവള് പുറത്തേക്ക് പോകുവാന് എഴുന്നെറ്റതാണ് എന്നാണ്.
പക്ഷെ അവള് ചുവടുകള് വെച്ചത് വേദിയിലേക്കാണ്.
ഷെല്ലി വിസ്മയം കൊണ്ട് വിറച്ചു.
കൂടെയുള്ളവരിലേക്കും ആ വിസ്മയം പടര്ന്നു.
വെളുത്ത ചുരിദാറില് വിമോഹനമായ അവളുടെ രൂപം ഭംഗിയുള്ള ചുവടുകളോടെ വേദിയെ സമീപിച്ചപ്പോള് സദസ്സ് സാകൂതം അവളെത്തന്നെ നോക്കി.
ഷെല്ലിയ്ക്ക് ഒന്നും മനസ്സിലായില്ല.
ഈശോയേ...
സത്യമാണോ?
ശരീരത്തിന് ഇതുവരെ അനുഭവപ്പെടാത്ത ഒരു ഭാരമില്ലായ്മ അവന് തിരിച്ചറിഞ്ഞു.
സിസ്റ്റെര് ക്രിസ്റ്റീനയുടെ അടുത്തായിരുന്നു ഷെല്ലി ഇരിന്നിരുന്നത്.
മിനി വേദിയിലെത്തി.
സദസ്സിനെ പുഞ്ചിരിയോടെ നോക്കി.
കണ്ണുകള് ഇറുക്കിയടച്ച്, തിരുമ്മി ഷെല്ലി വീണ്ടും വീണ്ടും അവളെ നോക്കി.
ഇതാരാണ്?
കണ്ണുകളില് ഈ തിളക്കവും പ്രകാശവും സൌന്ദര്യവും എപ്പോഴെങ്കിലും താന് കണ്ടിട്ടുണ്ടോ?
വിലോഭനീയമായ ചുവന്ന ചുണ്ടുകളില് ഇത്ര ഭംഗി താന് എപ്പോഴാണ് കണ്ടിരുന്നത്?
കാണുന്നവരില് തീ നിറയ്ക്കുന്ന, രക്ത ധമനികളെ പുതു താപം കൊണ്ട് പ്രലോഭിപ്പിക്കുന്ന ഈ പുഞ്ചിരി ഒരിക്കലെങ്കിലും താന് കണ്ടിട്ടുണ്ടോ?
വെളുത്ത ചുരിദാറില്, ഷാളിന്റെ പിമ്പിലെ നിറമാറിന്റെ സൌന്ദര്യത്തിന്റെ അനുപമതയിലേക്ക് , പ്രലോഭനീയതയിലേക്ക് തന്റെ കണ്ണുകള് എപ്പോഴെങ്കിലും പോയിട്ടുണ്ടോ?
ഇവളുടെ അരക്കെട്ടിന്റെ അതിചാരുത, താഴെ തുടകളുടെ, കാലുകളുടെ രൂപഭംഗി, മുഴപ്പ്, തുടിപ്പ്...ഇവയൊരിക്കലും താന് ശ്രദ്ധിച്ചിട്ടില്ലല്ലോ...
'എന്ത് പറ്റീടാ?'
തന്റെ കൈയ്യില് അമര്ത്തി സിസ്റ്റര് ചോദിക്കുന്നത് ഷെല്ലി കേട്ടു.
അവന് ഈര്പ്പം നിറഞ്ഞ കണ്ണുകളോടെ അവരെ നോക്കി പുഞ്ചിരിച്ചു.
അവന്റെ കൈത്തലത്തില് വീണ്ടും അവരുടെ സാന്ത്വന സ്പര്ശമമര്ന്നു.
മിനി മൈക്ക് കൈയ്യിലെടുത്തു.
സദസ്സിലേക്ക് മൃതനിശബ്ദത കടന്നുവന്നു.
ആളുകളുടെ കണ്ണുകളും കാതുകളും അവളില് കേന്ദ്രീകരിച്ചു.
'ഈശോയില് സ്നേഹമുള്ളവരെ...'
സംഗീത സാന്ദ്രമായ അവളുടെ ശബ്ദം മൈക്കിലൂടെ പുറത്തേക്ക് വന്നപ്പോള് ഷെല്ലി നെഞ്ചില് കൈ വെച്ചു.
'ക്ഷമിക്കണം. ഞാന് ജനിച്ചതും വളര്ന്നതും ഒക്കെ ഹൈദരാബാദിലാണ്. എന്റെ മലയാളം അതുകൊണ്ട് തന്നെ ഒരിക്കലും പെര്ഫെക്റ്റ് അല്ല. മലയാളം ലിറ്ററേച്ചറിനെ ഒത്തിരി സ്നേഹിച്ചിരുന്ന എന്റെ മമ്മി...'
അവളുടെ സ്വരം അല്പ്പം ഇടറുന്നത് സദസ്സ് കേട്ടു.

അതിന്റെ കാരണം തനിക്കും സിസ്റ്റര് ക്രിസ്റ്റീനയ്ക്കും മാത്രമേ അറിയുകയുള്ളൂ.

കണ്ണുകള് ഇറുക്കിയടച്ചുകൊണ്ട് ഷെല്ലി ഓർത്തു.

'വെല്...'

അവള് തുടർന്നു.

'മമ്മിയാണ് എന്നെ മലയാളം പഠിപ്പിച്ചത്. എഴുതാനും വായിക്കാനും അത്ര അറിയില്ലെങ്കിലും ഞാന് കാരണം കേരളത്തിന്റെ ലിറ്ററസി റേറ്റ് ഹണ്ട്രഡ് പെര്സെന്ററില് താഴെപ്പോകില്ല എന്ന് എനിക്കുറപ്പുണ്ട്...'

അവളുടെ തമാശ കേട്ട് സദസ്സ് ചിരിച്ചു.

'ഇവള് ആള് കൊള്ളാല്ലോടാ, ഷെല്ലി,'

സിസ്റ്റര് പറഞ്ഞു.

ഷെല്ലിയും അത് തന്നെ ഓര്ക്കുകയായിരുന്നു.

'പത്തുപേരുടെ മുമ്പില് പോലും ബോള്ഡ് ആയി നിന്ന് സംസാരിക്കാന് ഞാന് ഏബിള് ആയിരുന്നില്ല. ബട്ട്..ബട്ട് ..ഇപ്പോള് ഇത്രേം ആള്ക്കാരുടെ മുമ്പില്, ഒട്ടും ഷിവര് ചെയ്യാതെ, ഫിയര് ഇല്ലാതെ ഇവിടെ നിന്ന് നിങ്ങളോട് സംസാരിക്കുന്നു. അതിനു കാരണം....'

സദസ്സ് കണ്ണുകള് കൂര്പ്പിച്ചു.

'അതിനു കാരണം എന്റെ ഉള്ളില് ഇപ്പോള് ഒരു ബിഗ് ഫോഴ്സ്...ഒരു ബിഗ് പവര് ഉള്ളത് കൊണ്ടാണ്. ഇവിടെ വന്നതിനു ശേഷം..പ്രിസൈസ്ലി പറഞ്ഞാല് ഇന്ന് എനിക്ക് കിട്ടിയ ഒരു പവര്..ഒരു എനര്ജി...ഓഫ് ..ഓഫ് ..ജീസസ് ക്രൈസ്റ്റ്...'

അവള് ഒരു നിമിഷം നിര്ത്തി.

ഷെല്ലിയുടെ കണ്ണുകള് നിറഞ്ഞ് ഒഴുകാന് തുടങ്ങി.

അവളുടെ വാക്കുകള് അത്രമേല് തരളമായത് കൊണ്ട് മറ്റുപലരുടെയും.

'ഞാന് ഇവിടെ ..ഈ മീറ്റില് വന്നത് ...അത് ഒരിക്കലും പ്ലാന്ഡ് ആയിട്ടല്ല. അത് ആക്സിഡന്റ്ലി ഹാപ്പെനിംഗ് ആയിരുന്നു. ഞാന് റിയലി പറഞ്ഞാല് ..ഇതില് പാര്ട്ടിസിപ്പേറ്റ് ചെയ്യാന് ഒട്ടും തന്നെ ..ഒട്ടും തന്നെ ആഗ്രഹിച്ചിരുന്നില്ല...'

സിസ്റ്റര് ഷെല്ലിയെ അദ്ഭുതത്തോടെ നോക്കി.

'നേരായിരുന്നോടാ?'

അവര് ചോദിച്ചു.

ഒരു പുഞ്ചിരി മാത്രമായിരുന്നു അതിനുള്ള മറുപടി.

'ഞാന് ..ഞാന് ...അതേ ഞാന് ...ഒരു ഡ്രഗ് അഡിക്റ്റ് ആയിരുന്നു...ഐ വാസ്...ഐ ..വാസ് ടേക്കിംഗ് ഡ്രഗ്സ്...'

സദസ്സ് അതിരില്ലാത്ത അദ്ഭുതത്തോടെ അവളെ നോക്കി.

'ഷെല്ലി'

അദ്ഭുതത്തോടെ, അല്പ്പം ഭയത്തോടെ സിസ്റ്റര് അവനെ നോക്കി. കൂട്ടുകാര് വിസ്മിതമായ കണ്ണുകളോടെ പരസ്പരം നോക്കി. ഷെല്ലി കണ്ണുകള് ഇറുക്കിയടച്ചു.

'ഇല്ല..എനിക്ക് അത് പബ്ലിക്ക് ആയി അഡ്മിറ്റ് ചെയ്യാന് ഇപ്പോള് ഷെയിം ഇല്ല. ഐം നോട്ട് ആഷേമ്ഡ് ഓഫ് അഡ്മിറ്റിംഗ് ഇറ്റ് ഹിയര്. ബിക്കോസ് ഈശോയുടെ സ്നേഹം..അത് ..ഈശോ എന്നെ .....എന്താ പറയുക ...ഹിസ് ഹോളി സ്പിരിറ്റ് എന്നെ ലിബറേറ്റ് ചെയ്തു... ഇപ്പോള് ഞാന് ...ഞാന് അനുഭവിക്കുന്ന ഫ്രീഡം ...ആ സ്വാതന്ത്ര്യം...പറഞ്ഞാല് മനസ്സിലാവില്ല...'

സദസ്സ് നിര്ന്നിമേഷമായി.

കൂട്ടുകാര്ക്ക് എല്ലാം വ്യക്തമാവുകയായിരുന്നു. അവര് ഷെല്ലിയെ ആരാധനയോടെ നോക്കി.

സിസ്റ്ററും.

'ഈ സന്തോഷം ..ഈ ഫ്രീഡം എനിക്ക് തന്നത് ...എനിക്ക് ഈശോയുടെ ആ പവര് മനസ്സിലാക്കിത്തന്നത് ഒരാളാണ്....'

അവള് ഒന്ന് നിര്ത്തി സദസ്സിലേക്ക്, ഷെല്ലി ഇരുന്ന ഭാഗത്തേക്ക് നോക്കി. അവള് അവന്റെ നേരെ നോക്കി പുഞ്ചിരിച്ചു. ഉള്ളുലയ്ക്കുന്ന കൃതജ്ഞത ആ നോട്ടത്തിലുണ്ടായിരുന്നു.

'എന്റെ കോളെജിലെ ...എന്താ പറയുക..എനിക്ക് വേഡ്സ് ഒന്നും കിട്ടുന്നില്ല ...അയാളെ ..അല്ല ..അദ്ധേഹത്തെപ്പറ്റി പറയാന്...ഞങ്ങടെ കോളെജിലെ ഏറ്റവും പോപ്പുലര് ആയ ആള്...എല്ലാവരും റെസ്പെക്റ്റ് ചെയ്യുന്ന ഒരു സ്റ്റുഡന്റ്...വളരെ...വളരെ റെസ്പോണ്സിബിള് ആയ, കമ്മിറ്റഡ് ആയ ഒരു ആക്റ്റിവിസ്റ്റ്...നല്ല ഒരു ആര്ട്ടിസ്റ്റ്...നല്ല ഒരു സിങ്ങര്...എല്ലാത്തിനുമുപരി ...ഒരു ..ഒരു ...ഏഞ്ചല് ...രക്ഷകന്....ഒരു ..എനിക്ക് ....'

പെട്ടന്നവള് വികാരാധിക്യത്താല് പൊട്ടിക്കരഞ്ഞു.

സദസ്സ് ആസ്തപ്രജ്ഞമായി.

പലരും കണ്ണുനീരൊപ്പി.

കൂട്ടുകാരും വികാരം നിയന്ത്രിക്കാനാവാതെ വിതുമ്പി. ഷെല്ലിയുടെ കവിളുകള് കണ്ണുനീരില് കുതിര്ന്നു.

സിസ്റ്റര് അവന്റെ തോളില് കൈവെച്ചു.

'എന്റെ ഡ്രഗ് അഡിക്ഷന് അറിഞ്ഞ് അദ്ദേഹം എന്നെ ഉപദേശിച്ചു. പിന്തിരിപ്പിക്കാന് ഇന്റ്റെന്സീവ് ആയി ശ്രമിച്ചു. എന്നും എന്നോട് സംസാരിച്ചു. പക്ഷെ ഞാന്...'

വീണ്ടും അവളുടെ വാക്കുകള് കണ്ണുനീരില് മുറിഞ്ഞു.

'ഞാന് വളരെ ബ്രൂട്ടല് ആയി അദ്ധേഹത്തോട് ബീഹേവ് ചെയ്തു. വളരെ ക്രൂവല് ആയി ചീത്തവാക്കുകള് പറഞ്ഞു. പബ്ലിക്ക് ആയി ഇന്സല്ട്ട് ചെയ്തു. അദ്ധേഹത്തിനെതിരെ പ്രിന്സിപ്പാളിന്റെയടുത്ത് കമ്പ്ലെയിന്റ്റ് ചെയ്തു. അദ്ധേഹത്തിന്റെ പാര്ട്ടി ലീഡേഴ്സ് ..അവരുടെ അടുത്തും ഞാന്...അത് കാരണം അവര് അദ്ധേഹത്തെ പാര്ട്ടീന്ന് ഡിസ്മിസ് ചെയ്തു... '

കൂട്ടുകാര് ഷെല്ലിയെ നോക്കി. അവന് മിനിയില് തന്നെ കണ്ണുകള് പതിപ്പിച്ചിരിക്കുകയാണ്.

'അദ്ദേഹം ഞാന് കാരണം ...ഞാന് കാരണം ...ഒത്തിരി ..ഒത്തിരി ...ഇന്സല്റ്റഡ് ആയി... '
അവള് വികാരാധീനയായി അല്പ്പസമയം നിര്ത്തി.
കൂട്ടുകാര് ഷെല്ലിയെ നോക്കുന്നത് കണ്ടപ്പോള് മറ്റുള്ളവര്ക്കും കാര്യം മനസ്സിലായി.
അഭിനന്ദിക്കുന്ന ഭാവത്തില്, സ്നേഹവായ്പ്പോടെ അവരും അവനെ നോക്കി.
'പക്ഷെ അദ്ദേഹം ...അതൊന്നും ..അതൊന്നും ...കാര്യമാക്കിയില്ല...എന്റെ എല്ലാ ചീത്തവാക്കുകളും സഹിച്ച് ...മറ്റുള്ളവരുടെ കുറ്റപ്പെടുത്തലും കളിയാക്കലും സഹിച്ച്...എന്നെ നന്നാക്കാന് ...എന്നെ രക്ഷപ്പെടുത്താന്...ഞാന്...'
വീണ്ടും വികാരത്തിന്റെ പ്രളയത്തില് വാക്കുകള് അടര്ന്നു മുറിഞ്ഞു.
'എനിക്ക് ഒരു ന്യൂ ലൈഫ് തന്നതിന് ...പുതിയ ഒരു ജീവിതം തന്നതിന് ഈശോയോടും അതിന് ഈശോ തിരഞ്ഞെടുത്ത ആ ദൈവദൂതനോടും ഞാന് ഈ സമയം നന്ദി പറയുന്നു. അദ്ധേഹത്തോട്, നേരിട്ട എല്ലാ ബുദ്ധിമുട്ടുകള്ക്കും ക്ഷമ ചോദിക്കുകയും ചെയ്യുന്നു....അദ്ധേഹത്തെ ഞാന്...എന്റെ ...'
വീണ്ടും അവള് ഷെല്ലിയെ നോക്കി.
അതിമനോഹരമായ ഒരു പുഞ്ചിരി സമ്മാനിച്ചു.
'...എന്റെ ആത്മീയ ഗുരുവായി കാണുന്നു...'
ഷെല്ലിയും തിരിച്ചു പുഞ്ചിരിച്ചു.
'ഇല്ലാവരുടെയും പ്രാര്ത്ഥന ഞാന് ആവശ്യപ്പെടുന്നു...എന്റെ ടെസ്റ്റിമണി...സാക്ഷ്യം കേട്ട എല്ലാവര്ക്കും നന്ദി പറയുകയും ചെയ്യുന്നു,'
അവള് മൈക്ക് അനൌണ്സര്ക്ക് തിരികെ നല്കി.
പിന്നെ കാതടപ്പിക്കുന്ന കരഘോഷങ്ങള്ക്കിടയിലൂടെ അവള് തിരികെ കൂട്ടുകാരുടെയടുത്തേക്ക് തിരികെ വന്നു.
സിസ്റ്റര് ക്രിസ്റ്റീന എഴുന്നേറ്റു.
'ഇങ്ങ് വാ,'
അവര് കൈകള് വിടര്ത്തി.
അതിലേക്ക് അവള് ദേഹവും നിശ്വാസവും ഭാരവും സമര്പ്പിച്ചു.
സിസ്റ്റര് ക്രിസ്റ്റീനയുടെ ആശ്ലേഷവലയത്തില്, ആശ്വാസത്തിന്റെ സുഖദായക നിമിഷങ്ങളറിഞ്ഞുകൊണ്ടിരിക്കവേ അപ്പുറത്തിരുന്ന ഷെല്ലിയെ അവള് നോക്കി.
ആ നോട്ടത്തില് കൃതജ്ഞതയുടെ പനിനീര്പ്പൂവുകള് ഉലഞ്ഞാടുന്നുണ്ടായിരുന്നു.
അവള് ചുണ്ടുകള് വിടര്ത്തി.
അവന്റെ കണ്ണുകളിലെ ഊഷ്മാവിലേക്ക് നോക്കി മൃദുവായ അധരകാന്തി തപിപ്പിക്കുന്ന ഒരു പുഞ്ചിരിയായി അവനു നല്കി.
ആ പുഞ്ചിരി ഷെല്ലിയുടെ ഉള്ളലിയിച്ചു.
സെയിന്റ്സ് തെരേസാസ് ക്യാമ്പസ്സിനു മേല് നനുത്ത മൂടല് മഞ്ഞിറങ്ങി.
അതിരിലെ കോണിഫെറസ് മരങ്ങള്ക്ക് മേല് ശിശിര കാലത്തെ ചിത്ര ശലഭങ്ങള് ഒഴുകിപ്പറന്നുകൊണ്ടിരുന്നു.
വിദൂരത്ത് നിന്ന് ബ്രയാന് ആഡംസിന്റെ "ഹെവന്" എന്ന പാട്ട് മൂടല്മഞ്ഞിനോടൊപ്പം ക്യാംപസ്സില് നിറഞ്ഞു.
വര്ണ്ണ വസ്ത്രങ്ങളില്, ആഹ്ലാദിച്ചുല്ലസിച്ച് വിമോഹന ഭംഗിയുള്ള ആണ്കുട്ടികളും പെണ്കുട്ടികളും പുറത്തേക്ക് നടന്നു.
"ഷെല്ലി,"
ഷെല്ലി പെട്ടന്ന് കാഴ്ച്ചകളില് നിന്ന് കണ്ണുകള് പിന്വലിച്ചു തന്നെ പേര് ചൊല്ലി വിളിച്ച സ്ത്രീ ശബ്ദത്തെ കാണുവാന് തിരിഞ്ഞുനോക്കി.
ഒരു നിമിഷം അവന് ഒന്ന് ഞെട്ടി.
പ്രഭാതത്തിന്റെ തണുപ്പില്, ഒഴുകിപ്പരക്കുന്ന മൂടല്മഞ്ഞിന്റെ സുതാര്യ യവനികയുടെ മുമ്പില്, അതീവ വിസ്മയമായി, പുഞ്ചിരിയുടെ പവിഴ സൌന്ദര്യം സമ്മാനിച്ചുകൊണ്ട് തന്റെ മുമ്പില് മിനി നില്ക്കുന്നു!
"ആ..! മിനി.."
അവന് അവളെ വിളിച്ചു.
"ഒരു പ്രേയിസ് ദ ലോഡ് ആണ് ഞാന് സഖാവില് നിന്ന് പ്രതീക്ഷിച്ചത്..."
അവള് ചിരിച്ചു.
കണ്ണുകളേ, നിയന്ത്രിക്കുക, ഷെല്ലി സ്വയം ശാസിച്ചു.
പക്ഷെ അവന്റെ കണ്ണുകള് അവനെ ധിക്കരിച്ചുകൊണ്ട് അവളുടെ മാസ്മര സൌന്ദര്യത്തിന്റെ ഓരോ തന്മാത്രയേയും ആലിംഗനം ചെയ്തു.
ലോകത്തിലെ ഏത് വിശിഷ്ഠ പദാര്ഥങ്ങളുടെ ചേരുവകകള് കൊണ്ടാണ് ഈശ്വരന് ഇവളെ സൃഷ്ടിച്ചത്.
ഇവളെ കെട്ടാന് പോകുന്ന ഭാഗ്യവാനെ, നീ ചെറുപ്പക്കാരുടെ ശാപവും കുശുമ്പും അസൂയയുമേറ്റ് അകാലത്തില് മരിക്കാനാണ് സാധ്യത. ....
ഇവളോട് സംസാരിക്കാന്, ഇവളുടെ ജീവിതത്തിലെ ഏറ്റവും നിര്ണ്ണായകമായ ഒരു തീരുമാനത്തിന് കാരണമാകാന് എനിക്ക് സാധിച്ചത് എന്തൊരു ഭാഗ്യമാണ്...!
അപൂര്വ്വങ്ങളിലപൂര്വ്വം പേര്ക്കേ ഇവളെപ്പോലെ വജ്ര സൌന്ദര്യമുള്ള പെണ്കുട്ടികളുടെ ഒരു പുഞ്ചിരിയോ നോട്ടം പോലുമോ കിട്ടുകയുള്ളൂ.
പക്ഷെ താന്, ഇവളുടെ ജീവിതം തന്നെ മാറ്റിമറിക്കാന് കാരണമായി.
ഷെല്ലിയ്ക്ക് പറഞ്ഞറിയിക്കാനാവാത്ത അഭിമാനം തോന്നി.
ഇപ്പോള് എന്നോട് സൌഹൃദത്തോടെ സംസാരിക്കാന്, സൌഹൃദത്തോടെ എന്നെ വിളിക്കാന് മാത്രമുള്ള ബന്ധത്തിലേക്ക് മിനി മാറിയിരിക്കുന്നു.
സമീപത്ത് കൂടി കടന്നുപോകുന്നവരൊക്കെ അവളെയും തന്നെയും സാകൂതം നോക്കുന്നത് കണ്ടപ്പോള് തന്നില് അല്പ്പം അഹന്ത തലപൊക്കുന്നത് ഷെല്ലി തിരിച്ചറിഞ്ഞു.
നോക്കിക്കോളൂ...കണ് നിറയെ നോക്കിക്കോളൂ....ലോകത്തെ ഏറ്റവും പ്രതാപം നിറഞ്ഞ രാജവംശത്തിലെ യുവറാണിയാണ്.
അവളുടെ സംരക്ഷകനാണ് താന്.
ദ റോയല് ബോഡി ഗാഡ്......

അപ്പോഴാണ് അവനില് സ്വയം ഒരു തിരിച്ചറിവുണ്ടായത്.
എന്താണ് തന്റെ ലക്ഷ്യം?
മറന്നോ അതൊക്കെ?
എന്തുകൊണ്ടാണ് വെറുമൊരു കൌമാരക്കാരനെപ്പോലെ ചിന്തിക്കുന്നു?
വളരെ അന്തർമുഖിയായി കാണപ്പെട്ടിരുന്ന മിനിയുടെ ശബ്ദത്തിലെ വെള്ളിത്തിളക്കം അവനെ അദ്ഭുതപ്പെടുത്തി.
അവനു അവളുടെ മുഖത്തേക്ക് തന്നെ നോക്കിയിരിക്കണമെന്ന് തോന്നി.
ഈ പെണ്കുട്ടിയുടെ സൌന്ദര്യത്തിലേക്ക് നോക്കാന് മാത്രം ഞങ്ങളെ അനുവദിക്കൂ എന്ന് തന്റെ കണ്ണുകള് നിർബന്ധിച്ച് വാശിപിടിക്കുന്നത് അവന് അറിഞ്ഞു.
"ഷെല്ലി..."
അവള് വീണ്ടും വിളിച്ചു.
"ഹാങ്ങ്..മിനി..."
അവന് അവളുടെ കണ്ണുകളിലേക്ക് നോക്കി.
കണ്ണുകളില് പവിഴശലഭങ്ങള് ഉയർന്ന് പറക്കുന്നു.
നക്ഷത്രത്തിന്റെ വിലോഭനീയമായ അടരുകള് തേടി അവ ഉയർന്ന്...ഉയർന്ന്...
ബഹിരാകാശത്തിനപ്പുറത്ത് നിന്ന് അപരിമേയമായ സൂര്യവെളിച്ചം വന്ന് അവളെ ചൂടി നില്ക്കുന്നത് അവന് അറിഞ്ഞു.
"മിനി പറയൂ,"
"ഞാന് ഒന്ന് വീട്ടില് പോകുവാണ്. സിസ്റ്ററോട് പെർമിഷന് മേടിച്ചിട്ടുണ്ട്..."
"ഹൈദരാബാദില്?"
"അതെ, ബന്ജാരാ ഹില്സില്."
ഹൈദരാബാദിലെ ഏറ്റവും അഭിജാതരായ വിഭാഗം താമസിക്കുന്ന ഇടങ്ങളാണ് ബന്ജാരാ ഹില്സും ജൂബിലി ഹില്സും എന്ന് ഷെല്ലി അറിഞ്ഞിരുന്നു.
"അപ്പോള് എന്നാ തിരിച്ച്?"
"ഇന്ന് സണ്ടേ അല്ലേ? ടൈം ടെന്നായി. ഫ്ലൈറ്റ് സമയം പതിനൊന്നിനാ. വീട്ടില് ഫുള് ഇന്ന് പപ്പാടെ കൂടെ. എനിട്ട് നാളെ രാവിലെ തന്നെ വരും,"
ഷെല്ലി അവളുടെ നേരെ നോക്കി തലകുലുക്കി.
"ഞാന് പോട്ടെ?"
അവള് അവനെ നോക്കി ഹൃദയം തപിപ്പിക്കുന്ന പുഞ്ചിരിയോടെ ചോദിച്ചു.
"എയർപോർട്ട് വരെ...ഇവിടുന്ന് നല്ല ദൂരമുണ്ട്..."
"ഡാഡി ടാക്സി വിടും. ഇപ്പൊ വരും,"
ഹൈദരാബാദിലാണ് ഇപ്പോള് മിനിയുടെ ഡാഡി.
അദ്ദേഹം ഇപ്പോള് ഇവിടെ കൊച്ചിയില് മകള്ക്ക് വേണ്ടി ഒരു ടാക്സി ഏർപ്പാടാക്കുന്നു!
"ഓക്കേ,"
അപ്പോഴേക്കും ഒരു വെളുത്ത കാര് അവരെ സമീപിച്ചു.
മഞ്ഞ നമ്പര് പ്ലേറ്റ്.
"മിനി മോള് മാത്യൂ?"
ഡ്രൈവര് പുറത്തേക്ക് തലയിട്ട് ചോദിച്ചു.
അവള് അയാളെ നോക്കി തലകുലുക്കി.
അവനെ ഒന്ന് കൂടി പുഞ്ചിരിയോടെ നോക്കി അവള് കാറിന്റെ നേർക്ക് തിരിഞ്ഞു.
ഡോര് തുറന്ന് അകത്ത് കയറിയപ്പോഴും അതേ നോട്ടം.
അവന് കൈ വീശിക്കാണിച്ചു.
അവനും.
കാര് അകന്നുനീങ്ങി.
ഇനി?
ഷെല്ലി സ്വയം ചോദിച്ചു.
അവന് ഷാരോണിന് ഡയല് ചെയ്തു.
*******************************************
റിഹേഴ്സല് അതിന്റെ പാരമ്യത്തിലേക്കടുക്കുന്തോറും നന്ദകുമാറിന്റെ മദ്യപാനവും അപകടകരമായ അവസ്ഥയിലേക്ക് വളരുന്നത് വേദനയോടെ ഷാരോണ് കണ്ടു.
റിഹേഴ്സല് ക്യാമ്പില് പക്ഷെ അയാളെ സംഗീതത്തിന്റെ പ്രേതമാവാഹിച്ചയാളായാണ് എല്ലാവരും കണ്ടത്.
കൃത്യതയോടെ, പൂർണ്ണതയോടെ, ക്ഷമയോടെ അയാള് എല്ലായിടത്തും ശ്രദ്ധിച്ചു.
തന്ത്രി വാദ്യങ്ങളുടെ, സുഷിര വാദ്യങ്ങളുടെ , താള വാദ്യങ്ങളുടെയൊക്കെ സൂക്ഷ്മമായ പ്രയോഗരീതികളില് അയാള് ഫലപ്രദമായി ഇടപെട്ടു, നിയന്ത്രിച്ചു, ചിട്ടയാക്കി.
ജീസസ് യൂത്ത് ക്യാമ്പ് തീർന്നു എന്ന് ഷെല്ലി അറിയിച്ച ദിവസം എബി സ്റ്റീഫന്റെ കൂടെയാണ് നന്ദകുമാര് ക്യാമ്പിലേക്ക് വന്നത്.
കൂട്ടത്തില് ഒരു സുവോളജി മൂന്നാം വർഷ വിദ്യാർഥിയുമുണ്ടായിരുന്നു.
അവന്റെ തോളില് ഒരു ബാഗും.
"രാം കുമാര്!"

അവനെ കണ്ട് ഷാരോണ് മന്ത്രിച്ചു.

"ഷാരോണെ,"

നന്ദകുമാര് വിളിച്ചു.

അവള് അയാളെ നോക്കി.

"താനീ പ്രോഗ്രാമിന്റെ കോര്ഡിനേറ്ററാ. എന്നിട്ടും ഇവനെപ്പോലെ ഒരുത്തനെ തനിക്ക് മിസ്സായല്ലോ,"

ഷാരോണ് രാം കുമാറിനെ രൂക്ഷമായി നോക്കി.

"താനെന്താ ഇവനെ നോക്കി പേടിപ്പിക്കുന്നെ?"

എബിയും രാം കുമാറും പുഞ്ചിരിച്ചു.

"വളരെ റെയര് ആയി കേരളത്തില് ഉപയോഗിക്കപ്പെടുന്ന ഒരു റഷ്യന് ഇന്സ്ട്രമെന്റ് ആണ് ബലൈലൈക്കാ. അത് വളരെ വണ്ടര്ഫുള് ആയി പ്ലേ ചെയ്യുന്ന ഒരാളാണ് ഈ രാം കുമാര്. ഹൌ കുഡ് യൂ നോട്ട് സ്പോട്ട് ഹിം?"

ഷാരോണ് പക്ഷെ രാം കുമാറിനെ രൂക്ഷമായി നോക്കുന്നത് തുടര്ന്നു.

"ക്ഷമിക്കണം സര്,"

ഷാരോണ് നന്ദകുമാറിനോട് പറഞ്ഞു.

"ക്ഷമിക്കാനൊന്നും പറ്റത്തില്ല. താന് കാരണം പറ,"

ഒരു സിഗരെറ്റ് കത്തിച്ചുകൊണ്ട് നന്ദകുമാര് പറഞ്ഞു.

"രാം കുമാറെ, സാറ് ചോദിച്ചതിന് ഉത്തരം നീ പറയുമോ അതോ ഞാന് തന്നെ പറയണോ?"

ഷാരോണ് രൂക്ഷത മാറ്റാതെ ചോദിച്ചു.

"ഞാന് തന്നെ പറയാം,"

രാം കുമാര് പുഞ്ചിരി വിടാതെ പറഞ്ഞു.

"സാര്, ഷാരോണ് എന്നെ അപ്പ്രോച്ച് ചെയ്തതാണ്. ഫോഴ്സും ചെയ്തു. പക്ഷെ ഞാന് അമല് ഗോപകുമാറിന്റെ ഇന്ഫ്ലുവെന്സില് പെട്ട്..."

നന്ദകുമാറും എബിയും പരസ്പരം നോക്കി ചിരിച്ചു.

അത് എന്തിനെന്നു മനസ്സിലായില്ലെങ്കിലും നന്ദകുമാര് ചിരിച്ചു കണ്ടതില് അവള്ക്ക് അനല്പ്പമായ സന്തോഷം തോന്നി.

അയാള് ചിരിക്കുന്നത് പോയിട്ട് പുഞ്ചിരിക്കുന്നത് പോലും പതിവുള്ളതല്ല.

"എന്നതാ സാറേ?"

അവള് എബിയോട്ട ചോദിച്ചു.

"ഷാരോണിന് ഒരു സമ്മാനമുണ്ട്,"

എബി പറഞ്ഞു.

അവള് ഒന്നും മനസ്സിലാകാതെ മൂവരെയും മാറി മാറി നോക്കി.

നന്ദകുമാര് പിന്നെ വാതില്ക്കലേക്ക് നോക്കി.

"ഇങ്ങ് പോരെ,"

അയാള് വാതില്ക്കല് നിന്നും നോട്ടം പിന്വലിക്കാതെ പറഞ്ഞു.

പുറത്ത് നിന്ന ഒരാള് അകത്തേ വെളിച്ചത്തിലേക്ക് വന്നു.

ഷാരോണിന്റെ മുഖം സന്തോഷം കൊണ്ട് വിടര്ന്നു.

"അമല്!!"

അവള് അത്യാഹ്ലാദത്തോടെ അവന്റെ അടുത്തേക്ക് ഓടിച്ചെന്നു.

അവനെ ചേര്ത്തുപിടിച്ചു.

"താങ്ക്യൂടാ, നീ വന്നല്ലോ..."

"അം സോറി ഷാരോണ്,"

വികാരാധീനനായി അമല് പറഞ്ഞു.

പിന്നെ അവന് നന്ദകുമാറിന്റെയും എബിയുടെയും നേരെ കൈകള് കൂപ്പി.

"ക്ഷമിക്കണം..."

"ഒന്ന് പോടാ..."

എബി അവന്റെ തോളിലിടിച്ചുകൊണ്ട് പറഞ്ഞു.

പിന്നെ അവനെ തന്നിലേക്ക് ചേര്ത്തുനിര്ത്തി.

നന്ദകുമാറും അവന്റെ തോളില് പിടിച്ചു.

രണ്ടു ദിവസങ്ങള്ക്ക് മുമ്പും ഷാരോണ് അമലിനെ കണ്ടിരുന്നു.

അപ്പോള് ഷാരോണിന് മുഖം കൊടുക്കാതെ ഒഴിഞ്ഞു മാറുകയാണ് ചെയ്തത്.

വളരെ കഴിവുള്ള ഒരു കലാകാരനാണ്.

അതുകൊണ്ട് തന്നെ എന്തിന്റെ പേരിലായാലും ഇത് പോലെ ശ്രദ്ധേയമായ ഒരു സംഗീത പരിപാടിയില് നിന്ന് അമലിനെ മാറ്റിനിര്ത്തരുതെന്ന് അവള് അതിയായി ആഗ്രഹിച്ചിരുന്നു.

എന്നാല് ഇന്ന് അവന് കടന്നു വന്നുവെന്ന് മാത്രമല്ല പശ്ചാത്താപവിവശവുമാണ് മുഖം.

ഷാരോണിന് സന്തോഷമാടക്കാനായില്ല.

"താങ്ക്യൂ സാര്,"

അവള് എബിയും നന്ദകുമാറിനേയും മാറി മാറി നോക്കി.

"ഇത് ഞങ്ങടെ മിടുക്ക് ഒന്നുമല്ല ഷാരോണ്,"

എബി ചിരിച്ചു.

പിന്നെ അയാള് നന്ദകുമാറിനെ നോക്കി.

"ഒരുത്തന്, ഒരു കമ്മ്യൂണിസ്റ്റ്, പള്ളീലച്ചനാകാന് ഏറണാകുളത്തേക്ക് എഴുന്നള്ളീട്ടില്ലേ? അവന് ഫോണ് ചെയ്തതാ അമലിന്,"

"ആര് ഷെല്ലിയോ?"

"ലവന് തന്നെ,"

എബി ചിരിച്ചു.

"ഇങ്ങ് വരട്ടെ. അവന്റെ ഒരു ധ്യാനം! ഇനി ധ്യാനം കൂടി അച്ചനായി ബിഷപ്പായി ഏതേലും കന്യസ്ത്രീനെ ബലാത്സംഘം ചെയ്ത്, ഏഷ്യാനെറ്റിലെ വിനുന്റെ വായിലിരിക്കുന്ന സകല തെറീം കേട്ട് ജീവിക്കാനാ അവന്റെ യോഗം!"

എല്ലാവരും ചിരിച്ചു.

"ഏയ് അങ്ങനെ ഒന്നും ഉണ്ടാവില്ല സാര്,"

ചിരിക്കിടയില് അവള് പറഞ്ഞു.

"എങ്ങനെ ഒന്നും ഉണ്ടാവില്ലാന്ന്? കന്യാസ്ത്രീനെ ബലാത്സംഘം ചെയ്യുവേലന്നോ?"

എല്ലാവരും വീണ്ടും ചിരിച്ചു.

"അതല്ല,"

ചിരി നിയന്ത്രിക്കാന് വേണ്ടി കൈത്തലം കൊണ്ട് ചുണ്ടുകള് മറച്ച് ഷാരോണ് പറഞ്ഞു.

"അവന് അച്ചനൊന്നും ആകാനല്ല ഏറണാകുളത്ത് പോയതെന്ന്,"

"ഉം..അറിയാം അറിയാം,"

എബി ഗൂഡാര്ത്ഥത്തില് മൂളി.

"എന്നാ കോപ്പിനേലുവാകട്ടെ ആ പട്ടിചെറുക്കന് ഇങ്ങോട്ട് വരട്ടെ. രണ്ട് പെടയ്ക്കുന്നുണ്ട് ഞാന്,"

അതിനിടയില് നന്ദകുമാര് പ്ലൈവുഡ് കൊണ്ടുള്ള ഭിത്തിയുടെ അപ്പുറത്തേക്ക് പോയി.

അത് കണ്ട് ഷാരോണിന്റെ മുഖത്ത് വിഷമം നിറഞ്ഞത എബി കണ്ടു.

നന്ദകമാര് സാര് അങ്ങോട്ട് പോകുന്നതിന് ഒരു അര്ത്ഥമേയുള്ളൂ.

അവിടെ ഒരു ഷെല്ഫിലാണ് അയാള് മദ്യക്കുപ്പി രഹസ്യമായി വെക്കുന്നത്.

അത് ഷാരോണിനറിയാം.

"ഇവ്ടുന്ന് പോയ അന്ന് മുതല്ക്കേ എനിക്ക് തിരിച്ച് വരണമെന്ന് ആഗ്രഹമുണ്ടാരുന്നു,"

അമല് തുടര്ന്നു.

"പക്ഷെ ഈഗോയോ, അഹങ്കാരമോ, മ്യൂസിക്കില് എന്തോ കൊണാണ്ട്രുന്നുള്ള ഒരു തോന്നലോ അതൊക്കെ കാരണം എന്തോ മാന്യമായി റെസ്പോണ്ട് ചെയ്യാന് തോന്നീല്ല. ഷാരോണ് വന്ന് വിളിച്ചപ്പഴേ ഓടി വരാന് തോന്നീതാ. പിന്നേം ഈഗോ കേറിക്കൂടി. ഇന്നലെ നൈറ്റില് ഷെല്ലി എന്നോട് ഒരു മണിക്കൂറേലും വര്ത്താനം പറഞ്ഞു. പിന്നെ ഒന്നും ആലോചിച്ചില്ല. നന്ദകുമാര് സാറിനെ ഡിപ്പാര്ട്ട്മെന്റില് പോയി കണ്ടു. സാറിന്റെ റെസ്പോണ്സ് എന്നെ ഞെട്ടിച്ചു. "ങ്ഹാ, എടാ അമലേ സെക്കന്ഡ് സ്ട്രിംഗ് ഒരു നാലില് പ്രസ് ചെയ്തിട്ട് ബോ ലെഫ്റ്റിലേക്ക് വലിച്ചിട്ട് നീയിന്നാള് രവിശങ്കറിന്റെ പ്രോഗ്രാമിന് വായിച്ചില്ലേ...അത് നമുക്ക് നാളെയൊന്ന് നോക്കണം," ഞാനാകെ എന്തോപോലെയായി. എന്നെ കണ്ട പാടേ സാര് പറയുന്ന ഡയലോഗ് ആണ്. എന്താ ഞാന് പറയ്യാ? ഞാന് പറഞ്ഞു "സാറേ..ഞാന് പ്രോഗ്രാമില് ഇല്ല. ഞാന് അന്ന് റൂഡ് ആയിട്ട്..." "ങ്ഹേ? നീ പ്രോഗ്രാമില് ഇല്ലേ? അതെന്നാ?" സാറ് അതൊക്കെ മറന്നു പോയിരുന്നു. സാറ് കരുതീത് ഞാന് ശരിക്കും പ്രോഗ്രാമില് ഉണ്ടെന്നാ. അന്നേരം സാറ് പറഞ്ഞു. "അത് സാരമില്ല നീ വാ". "സാറേ ഞാന് പ്രോഗ്രാമില് റീ ജോയിന് ചെയ്യാന് സാറിനെ കണ്ടു അനുവാദം ചോദിക്കാന് വന്നതാ," "അനുവാദം ചോദിക്കാന് നീയെന്നാ പട്ടാള ഏരിയയില് കേറാന് പോകുവാണോ?" സാറ് എന്നോട് ചോദിച്ചു. "ങ്ഹാ, ഇപ്പം റിഹേഴ്സലിന് ടൈം ആയി. നീ എന്റെ കൂടെ വാ. നമുക്കാ ഷാരോണിനോടും ഒന്ന് പറയണം. അന്നേരം എബിസാറും കൂടെക്കൂടി. അങ്ങെനെയാ ഞാന് ഇവിടെ,"

അപ്പോഴേക്കും നന്ദകുമാര് പ്ലൈവുഡ് ഭിത്തിയുടെ പിമ്പില് നിന്ന് അങ്ങോട്ട് വന്നു.

അയാളില് നിന്ന് മദ്യത്തിന്റെ മണം പരക്കുന്നുണ്ടായിരുന്നു.

"എന്തായാലും ഇപ്പോ ടീം പ്രേഫെക്റ്റ് ആയി,"

നന്ദകുമാറിനെ നോക്കി ഷാരോണ് പറഞ്ഞു.

"അമല്, ഇതാ ഇപ്പോള് രാം കുമാര്. ഇന്നലെ കണ്ടില്ലേ ഇന്ത്യാ ടൈംസില് റഫീഖ് സാറ് പ്രോഗ്രാമിനെകുറിച്ച് ലേഖനമെഴുതീത്? അത് കൊണ്ട് തന്നെ ആളുകളുടെ പ്രതീക്ഷ ഒത്തിരി ഏറ്റം,"

അവളുടെ വാക്കുകളില് അല്പ്പം ടെന്ഷന് മറ്റുള്ളവര് കണ്ടു.

"ടെന്ഷന് വേണ്ട ഷാരോണ്,"

അമല് അവളുടെ തോളില് പിടിച്ചു.

"ഈ പ്രോഗ്രാമിന്റെ ഡയറക്ടര് നന്ദകുമാര് സാറാണ്. ഈ യൂണിവേഴ്സിറ്റീലേ ബെസ്റ്റ് ടീം ആണ് കൂടെയുള്ളത്. എല്ലാരും ചേര്ന്ന് ഇത് ഒരു ഗുരുദക്ഷിണ പോലെ ഭംഗിയാക്കി ഈ പ്രോഗ്രാം നന്ദകുമാര് സാറിന് സമര്പ്പിക്കും,"

അവന് ആത്മവിശ്വാസത്തോടെ പറഞ്ഞു.

അല്പ്പ സമയം കഴിഞ്ഞ് റിഹേഴ്സലിലേക്ക് മുഴുവന് അംഗങ്ങളും പ്രവേശിച്ചു.
എബി അദ്ഭുതത്തോടെ നന്ദകുമാറിന്റെ പ്രകടനം കാണുകയായിരുന്നു.
കൊടുങ്കാറ്റില്പ്പെട്ട കപ്പലിനെ ഒറ്റയ്ക്ക് നിയന്ത്രിക്കുന്ന വൈഭവത്തോടെ പാട്ടില്, വിവിധ ഉപകരണങ്ങളുടെ വാദ്യപ്രയോഗങ്ങളില്, താളത്തില്, രാഗത്തില്, ശ്രുതിയില് അയാള് ഇടപെടുന്നത്, നിര്ദ്ദേശം നല്കുന്നത്, തിരുത്തുന്നത്, പഠിപ്പിക്കുന്നത്.
"നന്ദകുമാര്, നിനക്ക് സിനിമയില് പോയിക്കൂടായിരുന്നോ?"
എബി ഇടയ്ക്ക് അയാളോട് ചോദിച്ചു.
"നാളെ പോകാം,"
നന്ദകുമാര് ചിരിച്ചു.
"ജാഡ,"
എബി അയാളുടെ ചുമലില് പതിയെ ഇടിച്ചു.
അല്പ്പനേരം കഴിഞ്ഞ് എബിയിറങ്ങി.
റിഹേഴ്സല് അവസാനിച്ചു.
"സാര്, ആ സിതാറിന്റെ നോട്ട്സ് ശരിയാക്കാനുണ്ട്,"
എല്ലാവരും ഉപകരണങ്ങള് പായ്ക്ക് ചെയ്യുമ്പോള് ഷാരോണ് നന്ദകുമാറിനോട് പറഞ്ഞു.
"ഒരു പതിനഞ്ച് മിനിട്ട് കൂടിയിരുന്നാല് അത് തീര്ക്കാം,"
അവള് നോട്ടേഷന് രേഖപ്പെടുത്തിയ പേപ്പറുകള് എടുത്തു.
"ശരി,"
കീബോഡില് നിന്ന് കണ്ണുകള് മാറ്റാതെ അയാള് പറഞ്ഞു.
അയാള് ഇനിയും മദ്യപിക്കാന് സാധ്യതയുണ്ട് എന്ന് അവള്ക്ക് തോന്നി.
ഇതിനോടകം മൂന്ന് തവണ നന്ദകുമാര് പിമ്പിലേക്ക് പോയി വന്നിരുന്നു.
ഇപ്പോള് ചലനത്തിലും ചെറിയ ആട്ടമുണ്ട്.
അയാളുടെ പൂര്ണ്ണ ശ്രദ്ധയും കീ ബോഡിലാണെന്ന് കണ്ട് അവള് പിമ്പിലേക്ക് പോയി.
അവിടെ ഷെല്ഫിനുള്ളില്, ആരും ശ്രദ്ധിക്കാതിരിക്കാനായി ഒരു പഴന്തുണിയില് പൊതിഞ്ഞു വെച്ചിരിക്കയാണ് കുപ്പികള്.
ഒരു കുപ്പിയുടെ മുക്കാലും തീര്ന്നു.
ഒരു കുപ്പി മുഴുവന് ഉണ്ട്.
ഈശോയേ ഇത് മുഴുവന് ഇന്ന് കുടിക്കുമോ?
അവള് ഭയപ്പെട്ടു.
ഇത് ഇന്ന് താന് അനുവദിക്കില്ല.
അവള് ചുറ്റും നോക്കി.
അടുത്ത് ടാപ്പ് കണ്ടു.
അവള് രണ്ടുകുപ്പികളുമെടുത്തു.
എന്നിട്ട് ടാപ്പിനടുത്തേക്ക് പോയി.
ചുറ്റും ഒന്ന് നോക്കിയതിന് ശേഷം അവള് കുപ്പി തുറന്ന് ചരിച്ച് മദ്യം പുറത്തേക്ക് ഒഴുക്കി.
അല്പ്പം മാത്രം അതില് അവശേഷിപ്പിച്ചിട്ട് അവള് അതില് വെള്ളം നിറച്ചു.
എന്നിട്ട് അവയെ തിരികെ പഴയ സ്ഥാനത്ത് കൊണ്ടുവന്നു വെച്ചു.
പിന്നെ ഒന്നുമറിയാത്തവളേപ്പോലെ കുപ്പികള് കൊണ്ടുവന്ന് തിരികെ വെച്ചു.
കീ ബോഡില് ബദ്ധശ്രദ്ധനായി കമ്പോസ്സിങ്ങിന്റെ ലോകത്തായിരുന്ന നന്ദകുമാര് അവള് വന്നതോ പോയതോ ഒന്നുമറിഞ്ഞില്ല.
അവള് അയാളുടെ അഭിമുഖമായിരുന്ന് നൊട്ടേഷന് രേഖപ്പെടുത്തിയ പേപ്പറുകള് പരിശോധിക്കാന് തുടങ്ങി.
അല്പ്പം കഴിഞ്ഞ് നന്ദകുമാര് പ്ലൈവുഡ് ഭിത്തിക്കപ്പുറത്തേക്ക് പോയി.
ഷാരോണ് ആ പോക്ക് നോക്കി നിന്നു.
അവളുടെ ഹൃദയം ആകാംക്ഷകൊണ്ട് മിടിക്കാന് തുടങ്ങി.
അയാള് ആവശ്യത്തില് കൂടുതല് സമയമെടുക്കുന്നത് പോലെ അവള്ക്ക് തോന്നി.
അവള് നൊട്ടേഷനില് തന്നെ ശ്രദ്ധകേന്ദ്രീകരിക്കാന് ശ്രമിച്ചു.
പെട്ടന്ന് മുഖമുയര്ത്തിയ ഷാരോണ് അല്പ്പം പരിഭ്രമിച്ചു പോയി.
നന്ദകുമാര് മുമ്പില് വന്നു നില്ക്കുന്നു!
അയാളുടെ മുഖം ക്രുദ്ധമായിരിക്കുന്നു.
പെട്ടെന്നാണ് അയാളുടെ കൈയില് മദ്യക്കുപ്പി അവള് കണ്ടത്.
"എന്താടീ ഇത്?"
കുപ്പി ഉയര്ത്തിക്കാണിച്ചു കൊണ്ടു അയാള് ചോദിച്ചു.
"ഇതോ?"
അവള് അയാളുടെ കൈയ്യില് നിന്ന് കുപ്പി വാങ്ങി നോക്കി.

അവള് അത് തന്റെ കണ്ണുകള്ക്ക് സമാന്തരമായി പിടിച്ചു.
"റോയല് സ്റ്റാഗ്, വിസ്കി..."
അവള് ലേബല് വായിച്ചു.
"ഇത് വിസ്കിയല്ലേ?"
അവള് അയാളോട് ചോദിച്ചു.
"ഇതില് ആരാ വെള്ളമൊഴിച്ചതെന്നാ ഞാന് ചോദിച്ചേ?"
അയാളുടെ ദേഷ്യവും മുഖഭാവവും കണ്ടപ്പോള് അവള്ക്ക് ചിരിക്കാനാണ് തോന്നിയത്.
"വെള്ളമൊഴിച്ചെന്നോ? ഞാനോ? സാറെന്താ ഇപ്പറയുന്നെ?"
"ഷാരോണ്, അധികം ഡയലോഗ് വേണ്ട. എനിക്കിപ്പം അറിയണം, നീയെന്തിനാ ഇതില് വെള്ളമൊഴിച്ചതെന്ന്,"
അവള് ചിരിയമര്ത്താന് പാട് പെട്ടു.
"ഇത് മദ്യം ടെസ്റ്റ് ചെയ്യുന്ന ലാബാണോ,"
അവള് സ്വയം പറഞ്ഞു.
"നീയെന്നടീ കുശുകുശുക്കുന്നെ?"
വര്ദ്ധിച്ച ദേഷ്യത്തോടെ അയാള് വീണ്ടും ചോദിച്ചു.
"ഒന്നുവല്ല,"
അവളും ക്രുദ്ധതയഭിനയിച്ച് പറഞ്ഞു.
"എന്നുവെച്ചാല്...എന്നുവെച്ചാല് സാറ് കുടിക്കുന്നത് എനിക്കിഷ്ടമല്ല. അതു തന്നെ,"
തനിക്ക് ഇത്ര ധൈര്യമെങ്ങനെ വന്നു എന്നോര്ത്ത് ഷാരോണ് അദ്ഭുതപ്പെട്ടു.
എന്തായാലും ഇനി പിമ്പോട്ടില്ല.
എത്രനാളായി താന് ഉരുകുന്നു.
ഒരു ചെറുവിരല് പോലുമനക്കി പ്രതിഷേധിച്ചില്ലെങ്കില് തന്റെ മനസ്സ് തന്നെ കുറ്റപ്പെടുത്തും.
"ഞാന് കുടിക്കുന്നത് നെനക്ക് ഇഷ്ടമല്ലെന്നോ?"
നന്ദകുമാര് ചീറി.
"ആഹാ...അത് കൊള്ളാല്ലോ? നിന്റെ ഇഷ്ടത്തിനല്ല ഞാന് കുടിക്കുന്നെ. എന്റെ ഇഷ്ടത്തിനാ,"
"അല്ല,"
ഷാരോണും സ്വരം കടുപ്പിച്ചു.
"സ്വന്തം ഇഷ്ടത്തിന് ഇനി വേണ്ട. അങ്ങനെ നശിക്കണ്ട. ഞാനത് സമ്മതിക്കില്ല,"
"നീ സമ്മതിക്കില്ല. ഹു ദ ഹെല് ഡൂ യൂ തിങ്ക് യൂ ആര് റ്റു കണ്ട്രോള് മീ? ങ്ഹാ, പറയെടീ? ഹൌ ഡെയര് യൂ ഡിസൈഡ് റ്റു മൈ ലൈഫ്സ്? കമോണ് കമോണ് സ്പീക് ഔട്ട്!!"
ഷാരോണ് അയാളുടെ അലര്ച്ചക്ക് മുമ്പില് ഒരു നിമിഷം പകച്ചു.
പക്ഷെ അവള് മനോനില വീണ്ടെടുത്തു.
"ഉത്തരം മുട്ടുമ്പം ചുമ്മാ ഇംഗ്ലീഷ് പറഞ്ഞാ മതി. എല്ലാം ഓക്കെ ആകുല്ലോ,"
അവള് വീണ്ടും പിറുപിറുത്തു.
"നീയെന്നാടീ പിന്നേം കുശുകുശുക്കുന്നെ? ചോദിച്ചത് കേട്ടില്ലേ?"
"ഇല്ല,"
അവളുടെ ശബ്ദവുമുയര്ന്നു.
"സാറ് കുടിക്കുന്നത് എനിക്കിഷ്ടമല്ല! ഇഷ്ടമല്ല!! ഇഷ്ടമല്ല!!"
പറഞ്ഞു മുഴുമിക്കുന്നതിനു മുമ്പ് നന്ദകുമാറിന്റെ കൈപ്പടം ഷാരോണിന്റെ മുഖത്തിന് വിലങ്ങനെ വീണിരുന്നു.
ഹാളില് അടിയൊച്ച പ്രതിധ്വനിച്ചു.
ഷാരോണ് പിമ്പോട്ടു മലര്ന്നു വീണു.
അവളുടെ തല പിമ്പിലെ കസേരയുടെ അരികില് തട്ടി.
പിന്നെ നിലത്തേക്ക് വീണു.
അവള് വീണിടത്ത്, തറയില് ചോരപ്പാടുകള് നന്ദകുമാര് കണ്ടു.
കല്ക്കത്തയില് റൈറ്റേഴ്സ് ബില്ഡിങ്ങിന് എതിരെയുള്ള അപ്പാര്ട്ട്മെന്റില് ഷെഡ്ഡിനുള്ളില്, കാറിനുള്ളില്, വെടിയേറ്റ് മരിച്ചുകിടക്കുന്ന സുമിത്രയുടെ ശരീരം അപ്പോള് അയാള് കണ്ടു.
"സുമേ..."
ദയനീയമായി വിലപിച്ചുകൊണ്ട് അയാള് അവളുടെ അടുത്തേക്ക് കുതിച്ചു.
അയാള് അവളുടെ ദേഹത്ത് തട്ടി. ശിരസ്സ് പതിയെ ഉലച്ചു.
അവളുടെ ദേഹം അപ്പോഴും അനക്കമറ്റു കിടന്നു.
നന്ദകുമാര് പരിഭ്രാന്തനായി ചുറ്റും നോക്കി.
മേശയുടെ മുകളില് ഒരു മണ്കൂജ അയാള് കണ്ടു.

നിമിഷാര്ധത്തിന്റെ സമയം മാത്രമെടുത്ത് അയാള് ആ മണ്പാത്രം കയ്യെത്തിച്ചെടുത്തു.

അതിലെ വെള്ളം മുഴുവന് അയാള് അവളുടെ മുഖത്തേക്ക് ഒഴിച്ചു.

ഷാരോണ് പെട്ടെന്ന് കണ്ണുകള് തുറന്നു.

"...മോളേ..."

അയാള് വിലപിച്ചുകൊണ്ട് അവളുടെ ശിരസ്സ് കൈയ്യില് താങ്ങിയെടുത്ത് കണ്ണുകളിലേക്ക് നോക്കി.

ഷാരോണ് അയാളെയും നോക്കി.

അവളുടെ ചുണ്ടുകള് വിറച്ചു.

അവള് പറയുന്നതിന് അയാള് കാതോര്ത്തു.

"സുമ ചേച്ചി...എല്ലാം കണ്ട് കരയാണ്...സാറിനറിയോ? എത്ര സ്വപ്നങ്ങളില് ചേച്ചി എന്റെ അടുത്ത് വന്നെന്ന്? മോളേ ..എനിക്കെന്റെ നന്ദൂനെ വേണം. പഴയ നന്ദൂനെ വേണം...സാര്...വെളുത്ത സാരി ഉടുത്ത്...നെറ്റിയില് കുങ്കുമമിട്ട്...കാലില് പാദസരമിട്ട്..എനിക്ക് വയ്യ...സാര്....ഞാന് സുമ ചേച്ചിക്ക് സ്വപ്നത്തില് വാക്ക് കൊടുത്തു. അത് എനിക്ക് കീപ് ചെയ്യാന് പറ്റീല്ലേല് ഞാന് ചാകും..."

അവളുടെ കണ്ണുകള് നിറഞ്ഞൊഴുകി.

അയാള് അവളുടെ ശിരസ്സിന്റെ പിമ്പില് കൈത്തലമമര്ത്തി.

കൊഴുത്ത ചോരയില് തന്റെ കൈ തൊട്ടത് അയാള് അറിഞ്ഞു.

"ഈശ്വരാ...."

അയാള് പരിഭ്രാന്തിയോടെ ചുറ്റും നോക്കി.

"മോളെ നിനക്ക്..."

"എനിക്കൊന്നുമില്ല സാര്..."അവള് പുഞ്ചിരിക്കാന് ശ്രമിച്ചു.

ഹാളിന്റ പുറത്തേക്ക് അയാള് നോക്കി.

ദൂരെ പാതയുടെ അങ്ങേയറ്റത്ത് നിന്ന് ഒരു വാഹനം വരുന്നതയാള് കണ്ടു.

അയാള് വാതില്ക്കലേക്ക് ഓടി.

ഷാരോ®  കാ®  വാകമരത്തി® റെ ചുവട്ടി®  പാ® ക്ക് ചെയ്തു.

- പിന്നെ അവ®  വാതിലി® റെ നേരെ നടന്നു.

- കതകി®  തട്ടി. - """സാ® ,''?? അവ®  വിളിച്ചു. “''കുറ്റിയിട്ടിട്ടില്ല. കടന്നുപോരെ,'' അകത്ത് നിന്നും അയാളുടെ ശബ്ദം കേട്ടു. - അവ®  കതക് പതിയെ തുറന്നു. അകത്ത് നന്ദകുമാ®  കിടക്കയി® , കാസിമേ®  തലയണ ചാരിവെച്ച് ചാരിക്കിടക്കുകയായിരുന്നു. - കയ്യി®  വിട® ത്തിപ്പിടിച്ച് പ്രതം. അവ®  അദ്ഭുതത്തോടെ അയാളെ നോക്കി. - രണ്ടു ദിവസം മദ്യപിക്കാതിരുന്നിട്ട് എന്ത് മാറ്റമാണ് ആ മുഖത്ത് - എന്ത് മാത്രം മാറിയിരിക്കുന്നു. കണ്ണുക®  വിട® ന്നിരിക്കുന്നു. - മനോഹരമായ ചെറുരോമങ്ങ®  നിറഞ്ഞ മുഖത്ത് തേജസ്സി® റെ തുടിപ്പ് കടന്നു വന്നിരിക്കുന്നു. - ചെറുപ്പക്കാരനായിരിക്കുന്നു. - സുന്ദരനായിരിക്കുന്നു. - """ങ്ഹാ .... ഷാരോ® . കുട്ടിയായിരുന്നോ? വരൂ, - അയാ®  പുഞ്ചിരിച്ചു. എ® റെ മാതാവേ, എ® റെ നേ® ച്ചക®  ഒക്കെ ഞാനോ® ക്കുന്നു, അയാളുടെ പുഞ്ചിരിയുടെ പ്രകാശത്തിലേക്ക് നോക്കി ഷാരോ®  മന്ത്രിച്ചു. അതൊക്കെ ഞാ®  നിവ® ത്തിക്കും.

''ഇപ്പോ®  എങ്ങനെയുണ്ട്?'??? - അവളുടെ നെറ്റിയിലെ ബാ® ഡേജിലേക്ക് നോക്കി അയാ®  ചോദിച്ചു. - 'ഒരു സൈറ്റ്- പെയി® ...ഇച്ചിരെ. ഒരു തുള്ളി. ഒരു നുറുങ്ങ്.'' അവ®  ചൂണ്ടു വിരലും പെരുവിരലും ചേ® ത്തുവെച്ചു കാണിച്ചുകൊണ്ട് പറഞ്ഞു. അയാ®  ചിരിച്ചു. പിന്നെ തലയണയ്ക്കടിയി®  നിന്ന് സിഗരെറ്റ്- പായ്ക്കറ്റ് എടുത്ത് ചുറ്റും പരതി. - 'ലൈറ്റ®  ആണോ നോക്കുന്നെ?' - അവ®  തിരക്കി. - “''ലൈറ്റ®  ഒന്നും ഞാ®  ഉപയോഗിക്കില്ല കുട്ടീ,'' - അയാ®  എഴുന്നേ® ക്കാ®  ഭാവിച്ചു.

''ഇരുന്നോളൂ , ഞാ®  എടുത്തുകൊണ്ടു വരാം, - അവ®  അടുക്കളയിലേക്ക് പോയി. - തീപ്പെട്ടിയെടുത്ത് കൊണ്ടു വന്നു. - തുറന്ന് രണ്ടുമൂന്ന് കമ്പുകളെടുത്ത് ഉരച്ചു കത്തിച്ചു. - പിന്നെ അയാളുടെ ചുണ്ടുക® ക്കിടയിലിരിക്കുന്ന സിഗരെറ്റിന് തീ പകരാ®  ശ്രമിച്ചു. - പെട്ടെന്ന് അയാ®  അവളെ കൈയ്യുയ® ത്തി വിലക്കി.

- അവ®  സംശയത്തോടെ അയാളെ നോക്കി.

- അയാ®  സിഗരെറ്റ്- ചുണ്ടത്ത് നിന്നെടുത്തു. - പിന്നെ അത് ഓടിച്ചു മടക്കി സമീപത്തിരുന്ന ഡസ്റ്റ് ബിന്നിലിട്ടു. - അവളുടെ വിരലുക® ക്കിടയിലിരുന്ന് തീപ്പെട്ടിക്കമ്പുകളിലെ തീയ് കാറ്റി®  കെട്ടുപോയി. - അവ®  അവയെ ഡസ്റ്റ് ബിന്നി®  നിക്ഷേപിച്ചു. അവ®  അവിശ്വസനീയതയോടെ അയാളെ നോക്കി. - അവളി®  നിന്ന് ഒരാശ്വാസ നിശ്വാസം അവ®  കേട്ടു. - പിന്നെ നക്ഷത്രങ്ങളും മഴവില്ലുകളും ഒരുമിച്ചുദിച്ചത് പോലെയുള്ള പുഞ്ചിരി അയാ®  കണ്ടു. - """എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായോ രണ്ടു ദിവസമായിട്ട്.... പെട്ടെന്ന് കുടിക്കാതെ വന്നപ്പോ®  ...???? - അയാ® ക്ക് സമീപം കസേര വലിച്ചിട്ട് അഭിമുഖമായി ഇരുന്ന് അവ®  ചോദിച്ചു. - """അങ്ങനെയൊക്കെയാണ് ഞാ®  കമ്പികുട്ട® , നൈറ്റ് - കമ്പികുട്ട® .നെറ്റ് നേരത്തെ വിചാരിച്ചു, '' - ചൂണ്ടു വിര®  കൊണ്ട് താടിരോമങ്ങളി®  തലോടിക്കൊണ്ട് അയാ®  പറഞ്ഞു. - 'പോസ്സിബി®  ആയിരിക്കില്ല. ബോഡി മൊത്തം എസ്പെഷ്യലി ഫിംഗേഴ്സ് ഒക്കെ ഷിവ®  ചെയ്യും. കുടിക്കാ®  എപ്പോഴും ടെംപ്ലേയഷ®  ഫീ®  ചെയ്യും.. ബട്ട് - ഒന്നുമുണ്ടായില്ല.'' - ''റിയലി.....!ഹൌ????? - അവ®  അവിശ്വസീയതയോടെ അയാളെ നോക്കി. - അയാ®  ഒരു നിമിഷം വിദൂരമായ ഒരോ® മ്മയിലേക്ക് പോയി. - ഒരു നിമിഷത്തെ അസഹ്യമായ വിഷാദം, - മറവിക്കപ്പുറത്ത് ഓ® മ്മക®  ഉറഞ്ഞുകൂടിയ ശിശിരകാലത്തേക്ക്. - സാ®  പ്രണയിനിയെ ഓ® ക്കുകയാണ്. - ഷാരോ®  നിറകണ്ണുകളോടെ സ്വയം മന്ത്രിച്ചു. - കട® ക്കരയി® , നിലാവുള്ള രാത്രിയി®  അന്ന് അയാ®  പറഞ്ഞ വാക്കുക®  അവ®  ഓ® ത്തു. - 'ചൌരംഗിയി®  നാളെയാണ് നി® റെ മുടിയി®  ഞാ®  വസന്തപുഷ്പം ചൂടിക്കാനുള്ള നേ® ച്ചകഴിക്കുന്നത്. കൊ® ക്കത്തയിലെ ഏറ്റവും നല്ല പൂക്കച്ചവടക്കാരനോട് - പുതു വസന്തപുഷ്പങ്ങ®  തന്നെ കൊണ്ടുവരാ®  പറഞ്ഞിട്ടുണ്ട്, ഞാ® , കാളീഘട്ടത്തി® , അരബിന്ദോ മാ® ഗ്ഗി® , രബീന്ദ്രവിഹാറി® , ഗൌരീ ശങ്ക®  നികുന്ജി®  ... ഒക്കെ - നമുക്ക് പോകണം. കാളിമാതാവി® റെ ബലിക്കല്ലി®  വിര®  മുറിച്ച് ചോരയെടുത്ത് നി® റെ തിരുനെറ്റിയി®  തിലകം ചാ® ത്തണം എനിക്ക്...'' - ''സാ® , '??? - ഇളംകാറ്റ് പനിനീ® പ്പൂവിനെ തൊടുന്നത് പോലെ അവ®  പതിയെ അയാളെ വിളിച്ചു. - "''ങ്ഹാ ,''''

- അയാ®  ഓ® മ്മകളുടെ ശിശിരകാലത്ത് നിന്ന് മടങ്ങി വന്നു. """ഞാ®  സുമയെ ഓ® ത്തു മോളെ...''

- അയാ®  പറഞ്ഞു.

ഷാരോണി® റെ ഉള്ളലഞ്ഞു. - സാ®  തന്നെ ‘‘മോളെ' എന്ന് വിളിച്ചിരിക്കുന്നു..! - ആകാശത്ത് നിന്ന് ഒരു ഗന്ധ® വ്വ®  നിലാവി® റെ വിരലുക® കൊണ്ട് ഹൃദയത്തെ തൊടുന്ന അനുഭവം! ‘‘'അപ്പോ®  വിരലുക®  വിറച്ചില്ല.. കുടിക്കാനുള്ള ടെംപ്യ ഷനുണ്ടായില്ല. പിന്നെ നി® റെ കണ്ണനീര്, പാ® ത്ഥന ഒക്കെ ഓ® ത്തു...ഈ രണ്ടു ദിവസം...''' - അവ®  മിഴിക®  തുടച്ചു. - രണ്ടു ദിവസം ആശുപത്രിയി®  എന്നും വരുമായിരുന്ന നന്ദകുമാ®  ഷാരോണിനെ കാണാ® . - അവിടെ വെച്ച് അയാ®  ഒരു സത്യമറിഞ്ഞു. - മദ്യപിക്കാത്ത സമയങ്ങളി®  ചോരയി®  കുളിച്ച് കിടക്കുന്ന സുമിത്രയല്ല ഇപ്പോ®  കമ്മമ്പി®  തെളിയുന്നത് . - നൃത്തം ചെയ്യുന്ന, കൈകളി®  മെഹന്ദിയണിഞ്ഞ, അസ്തമയത്തി® റെ സിന്ദൂര മേഘങ്ങ® ക്കപ്പുറത്തേക്ക് ജനിമൃതിക®  തേടിപ്പറക്കുന്ന ദേശാടനപ്പക്ഷികളെ - നോക്കിയിരിക്കുന്ന, രബീന്ദ്ര സംഗീതത്തി® റെ മന്ത്രമുഗ്ധമായ സ്വരഭംഗിയി®  ലയിച്ചിരിക്കുന്ന സുമിത്... - സൂര്യകാന്തിപ്പൂവുക® ക്കിടയി®  ഇളംകാറ്റിലിളകുന്ന നീണ്ട മുടിയിഴകളെ മാടിയൊതുക്കുന്ന സുമിത്... - അവിടെ വെച്ച് നന്ദകുമാ®  ഓ® ത്ത മറ്റൊരു കാര്യം സുമിതയുടെ ഒരു സ്വപ്നമാണ്. - ഒരു പെ® കുഞ്ഞ്. - ‘‘'അന്ന് അവ®  പറഞ്ഞിരുന്നു ഷാരോ® . ഉണ്ടാകാ®  പോകുന്ന കുഞ്ഞി® റെ കണ്ണുക® , മൂക്ക്, ചുണ്ടുക®  കവി® , കമ്പികുട്ട® .നെറ്റ് കമ്പികുട്ട® .നെറ്റ് മുഖം ചരിച്ച് നോക്കുന്ന രീതി, സംസാരിക്കുന്ന രീതി...ആ® ഡ്- ദോസ് ഫീച്ചേഴ്സ് എക്സാറ്റ്ലി റിസെബി®  ദോസ് ഓഫ് യുവേഴ്സ്... മോളെപ്പോലെ, ’’ അയാ®  ഷാരോണിനോട് പറഞ്ഞു. ഷാരോ®  സുഖവീ® പ്പി®  അയാളെ നോക്കി. ''സാ®  എ® റെ ഗുരുനാഥനാണ്. നമ്മുടെ ട്രഡീഷനി®  ഗുരു പിതാവിന് സമമല്ലേ? എട്ടോ ഒ® പതോ വയസ്സി® റെ ഡിഫറ® സ്.. ഇറ്റ് ഈസ് നോട്ട് ദാറ്റ് ഇമ്പോ® ട്ട® റ്റ്...'' അയാ®  ചിരിച്ചു. 'എന്നാലെ... മോ®  അച്ഛനോടു ആദ്യമായി ഒരു കാര്യം പറയാം,'' അവ®  കസേരയി®  നിന്നും എഴുന്നേറ്റു. അയാളുടെ കയ്യി®  പിടിച്ചു. - അയാ®  പിടിവിടുവിക്കാ®  ശ്രമിച്ചെങ്കിലും അവളുടെ പിടിയുടെ ബലമേറിയതിനാ®  ശ്രമം ഉപേക്ഷിച്ചു. - "എന്താ മോളെ??? - അയാ®  ചോദിച്ചു. *'ഒന്ന്. ഇങ്ങനെ മടിപിടിച്ച് ഇരിക്കാതെ എഴുന്നേ® ക്കണം പിതാശ്രീ,'??? അയാ®  ചിരിച്ചു. - ‘‘'ഇന്ന് ഹോളിഡേ അല്ലേ മോളെ, അയാ®  വാദിക്കാ®  നോക്കി.

*'വെറുതെ ഇങ്ങനെ ഇരുന്ന് വായിച്ചും പാട്ട് കേട്ടും ഇരിക്കാനാ തോന്നുന്നേ, അവല അയാളെ പിടിച്ച് എഴുന്നേ® പ്പിച്ചു.

""''അതൊന്നും കുഴപ്പമില്ല

അവ®  അയാളെ പിമ്പി®  നിന്ന് പിടിച്ച് ഉന്തിക്കൊണ്ട് ബാത്ത്റൂമിലേക്ക് നടത്തിച്ചു. - ‘‘"""പക്ഷെ ആദ്യം ശരിക്ക് കുളിച്ച് കുട്ടപ്പനായി വാ... ഞാനപ്പോഴേക്കും നല്ല ചായ ഇടാം ,

'നല്ല ചായ എന്ന് പറയണ്ട,?? ബാത്ത്റൂമി® റെ വാതി® ക്ക®  നിന്ന് അയാ®  ചിരിച്ചു. ''ചായ എന്ന് പറഞ്ഞാ®  മതി അല്ലെങ്കി®  ചായ പോലെ ഒരു പാനീയം,???  """"ശരി അങ്ങനെയെങ്കി®  അങ്ങനെ. ആദ്യം പോയി അച്ഛ®  മോ®  ശരിക്ക് കുളിച്ച് വൃത്തിയാക്. ഷേവ് ചെയ്യണ്ട്. പക്ഷെ മീശ ഒന്ന് പൂ® ചെയ്യണം, കുറ്റിത്താടി കാണാ®  നല്ല ഭംഗിയാ, - ''ഓകെ,?? - അയാ®  കുനിഞ്ഞ് തല കുനിച്ചുകൊണ്ടു പറഞ്ഞു. ‘‘’’ഉത്തരവ്, അവിടുത്തെ ഇഷ്ടംപോലെ പുത്രീ, '' അവ®  ഇരുവരും ചിരിച്ചു. അയാ®  കുളികഴിഞ്ഞ് വരുമ്പോ®  ഷാരോ®  അടുക്കളയിലായിരുന്നു. അയാ®  കറുപ്പ് നിറത്തിലുള്ള മുണ്ടുടുത്തിരുന്നു. മാറി® ബാത്തിംഗ് ടവ്വലിട്ടിരുന്നു. അവ®  അടുക്കളയി®  നിന്ന് മുഖം ചരിച്ച് അയാളെ നോക്കി. ആരാധനാ ഭാവത്തി®  പുഞ്ചിരിച്ചു. -- ‘‘'ഇപ്പോ®  ഇംഗ്ലീഷ് ലക്ചറ® നന്ദകുമാ®  സ®  അല്ല കേട്ടോ, -- അവ®  അഭിനന്ദിക്കുന്ന രീതിയി®  പെരുവിരലി® മേ®  ചൂണ്ടുവിര®  വെച്ച് മുദ്രകാണിച്ചുകൊണ്ടു പറഞ്ഞു. ''പിന്നെ, ???

‘‘'നരസിംഹത്തിലെ നന്ദകുമാ®  മാരാരാണ്,

""''അത് ശരി! അപ്പോ®  മമ്മൂട്ടിയ്ക്കിനി വേറെ ജോലി നോക്കേണ്ടി വരുമോ?''

''അത്രയ്ക്കങ്ങ് വേണ്ട, '''' അവ®  ചിരിച്ചു. 'ഒന്ന് പൊക്കിപ്പറഞ്ഞു എന്ന് വെച്ച് അത് ഒരു പെ® മന® റ്റ് ജാഡയൊന്നുമാക്കണ്ട,' അയാളും ചിരിച്ചു. ''മോളെന്താ അവിടെ ചെയ്യുന്നേ?'' അയാ®  പെട്ടന്ന് ചിരി നി® ത്തി ചോദിച്ചു. ''ഇതിപ്പോ®  കമ്പികുട്ട® .നെറ്റ് കമ്പികുട്ട® .നെറ്റ് ഒരു ചായ ഉണ്ടാക്കാ®  അടുക്കളയി® കയറുവാണ് എന്ന് പറഞ്ഞിട്ട് വേറെന്തോ ആണല്ലോ... ദൈവമേ... ആംബുല® സ് വിളിക്കേണ്ടി വരുമോ?' 'ആംബുല® സല്ല നമുക്ക് ഒരു മ® ട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റ®  തന്നെ വിളിച്ചേക്കാം. സാറ് പോയി ഡ്രസ്സ് മാറിക്കേ,’’ അവ®  സ്വ®  ഉയ® ത്തി അടിക്കാനെന്ന ഭാവേന പറഞ്ഞു. അയാ®  ചിരിച്ചുകൊണ്ടു അകത്തേക്ക് പോയി. അ® പ്പം കഴിഞ്ഞ് നന്ദകുമാ®  ഡ്രസ്സ് ചെയ്ത് പുറത്തേക്ക് വന്നപ്പോ®  ഷാരോ®  മേശമേ®  എല്ലാം എടുത്തുവെച്ചിരുന്നു. - മൊരിച്ച റൊട്ടി. ഓംലെറ്റ്-. പഴങ്ങ® , ആവിപറക്കുന്ന ചായ. വസ്ത്രം മാറി ഇറങ്ങി വന്ന നന്ദകുമാറിനെ ഷാരോ®  അദ്ഭുതത്തോടെ നോക്കി. കറുത്ത ജീ® സും നീണ്ട ചാരനിറമുള്ള ക® ത്തയുമണിഞ്ഞിരുന്നു അയാ® .  """ ഈ ശോയേ..!???? അവ®  അവിശ്വസനീയതയോടെ മന്ത്രിച്ചു. ഈശ്വരാ....യെസ്..യെസ് ...  ഇതാണ് താ® കാണാനാഗ്രഹിച്ച നന്ദകുമാ®  സാറി® റെ രൂപം. ഇതാണ് സുമിതാ ബാനർജിയുടെ നന്ദകുമാറി® റെ ഗന്ധ® വ രൂപം. അവളുടെ കണ്ണുകളി®  വിട® ന്ന ആരാധനയും അദ്ഭുതവും അയാളുടെ കണ്ണുകളിലേക്ക് പട® ന്നു. ‘‘'ഞെട്ടണ്ട്. എന്നെ മനുഷ്യക്കോലത്തി®  ഇത് പോലെയിരിക്കും, അയാ®  പറഞ്ഞു. എന്നിട്ട് അവളുടെയടുത്തേക്ക് വന്ന് അഭിമുഖം നിന്നു. അവളുടെ കണ്ണുകളിലേക്ക് നോക്കി 'കുട്ടിയാണ് എന്നെ.. മോളാണ് എന്നെ ഇതുപോലെ... എ® റെ ഈശ്വരാ...??? അയാളും വികാരാധീനനായി 'ഇപ്പോഴാണ്. അയാളുടെ ഇരുതോളുകളിലും പിടിച്ച് ഷാരോ®  പറഞ്ഞു. - 'യൂ ലുക്ക് എ റിയ®  റൈറ്റ® .ആ® ട്ടിസ്റ്റ്... മ്യൂസീഷ്യ® നൊ ... ഓ.. നോക്കിക്കോ ഇനി കല്യാണം കഴിക്കാത്ത സംഗീത ടീച്ചറും രേവതി മിസ്സും പിന്നെ ആ - സുന്ദരിക്കോതയില്ലേ... എന്താ മാഡത്തി® റെ പേര്? ങ്ഹാ.. ജെന്നിഫ®  അലോഷ്യസ്..അവരൊന്നും സാറി® റെ പൊറകേന്ന് മാറത്തില്ല...''''

"ഉം...മതി മതി.. അയാ®  ചിരിച്ചു. ''ആശുപ്രതിയി®  വെച്ച് നിഷാ മാഡം എന്താന്നു പറഞ്ഞെന്ന് സാറിന് ഓ® മ്മയുണ്ടോ?'' - അയാ®  സംശയത്തോടെ അവളെ നോക്കി, ''ഏതേലും ഒരു പെണ്ണിനിട്ട് രണ്ടു തല്ലുകൊടുത്താ®  നി® ത്താവുന്ന മദ്യപാനശീലമേ സാറിനുള്ളൂ എന്നറിഞ്ഞാരുന്നേ®  ഷാരോണ കൊറച്ചും കൊടെ നേരത്തെ ഈ അടി വാങ്ങാ®  മേലാരുന്നോ എന്ന്'' അവ®  ഇരുവരും ചിരിച്ചു. """'അന്നേരം റഫീക്ക് പറഞ്ഞതും ഞാ®  കേട്ടു, '''' ചിരിക്കിടയി® അയാ®  പറഞ്ഞു. ''ഉം..ഉം . ഓ® മ്മയുണ്ട്,'' ഷാരോ®  പറഞ്ഞു. ‘‘'ലോക വെള്ളമടിയൂണിയന്റെ പ്രസിഡ® റ്റിനെപ്പോലെ ഞാനും കുടിക്കാ®  തൊടങ്ങുവാ നാളെ മുത® , എന്നിട്ട് കരാട്ടെ ക്ലാസ്സിലും ചേരും. വെള്ളമടി നി® ത്താ®  വേണ്ടി നിഷേ നി® റെ തലയടിച്ചു ഞാ®  പൊട്ടിക്കും. എന്നിട്ട് ഷാരോണിനോട് താങ്കം പറയും, ' വീണ്ടും ചിരിയലക® . 'വാ..വയറിളക്കം പിടിച്ച് ആംബുല® സ് വിളിക്കണോ കമ്പികുട്ട® .നെറ്റ് കമ്പികുട്ട® .നെറ്റ് വേണ്ടയോന്ന് നോക്കാം. വാ,'' അയാ® അവളെയും കൂട്ടി ഡൈനിംഗ് ടേബിളിനടുത്തേക്ക് നടന്നു. """'ഓ..!????

ചായ മൊത്തിക്കുടിക്കവേ നന്ദകുമാർ അദ്ഭുതപ്പെട്ടു. """ഉം? എന്താ ????? ചായ കുടിക്കുന്നതിനിടയിൽ ഷാരോൺ ചോദിച്ചു. "''അല്ല.... മിസ്റ്റർ ഫാർ സീസ് സിറിയക് ചീഫ് മിനിസ്റ്റർ തന്നെയാണോ അതോ ഉസ്താദ് ഹോട്ടലിൽ റെ ഓണർ ആണോ????? "'' എന്ന് വെച്ചാൽ ????? ദേഷ്യം ഭാവിച്ചു കൊണ്ട് ഷാരോൺ ചോദിച്ചു. ''അല്ല. ഈ ചായക്ക് എന്താ ഒരു ടേയ്സ്റ്റ്...!'' അവളുടെ മുഖം വിടർ ന്നു. "''നേര്????
അവർ അവിശ്വസനീയതയോടെ ചോദിച്ചു.
''അതോ ചുമ്മാ എന്നെ കളിയാക്കാൻ പറയുന്നതാണോ???? അയാൾ ചൂണ്ടുവിരൽ പെരുവിരലിനോട് ചേർ ത്തുവെച്ച് അഭിനന്ദിക്കുന്ന മുദ്ര കാണിച്ചു. 'സൂപ്പർ !??? എന്നിട്ട് പറഞ്ഞു.
അവർ സന്തോഷവും ലജ്ജയും മിശ്രിതമാക്കിയ ഭാവത്തോടെ അയാളെ നോക്കി.
പെട്ടെന്ന് ഷാരോണിൻ റെ മൊബൈൽ ശബ്ദിച്ചു. അവർ ഇരുവരും ഡൈനിംഗ് ടേബിളിലിരുന്ന ഫോണിൻ റെ സ്ക്രീനിലേക്ക് നോക്കി. 'ഷെല്ലി കാളിംഗ്....?? അവർ ഫോണെടുത്തു. 'എന്താടാ????? അവർ സംസാരിക്കാൻ തുടങ്ങി
''പുറത്താ? എങ്ങോട്ട്? ടൌണിൽ ? മിനിയുടെ കൂടെ? ഓകേ ..ബെസ്റ്റ് വിഷേസ്...'''' നന്ദകുമാർ ചോദ്യരൂപത്തിൽ ഷാരോണിനെ നോക്കി - ''ഇന്നലെ നൈറ്റ് മിനി ഹൈദരാബാദീന്ന് തിരിച്ചെത്തി.''
''മിനി? ഹൈദരാബാദ്... എന്ന് വെച്ചാൽ ????? - അയാൾ ചോദിച്ചു. ''നമ്മുടെ ടീമിൽ ഉള്ള മിനിയെ അറിയില്ലേ???? അയാൾ ഓർ ക്കാൻ ശ്രമിച്ചു. "'നല്ല പട്ടുപോലത്തെ ഒരു സുന്ദരിക്കുട്ടി... നല്ല സുന്ദരമായി പാട്ട് പാടുന്ന ഒരു മാലാഖ????? "''ഓ..ആ ഗോസായികൊച്ച്...??? 'ഗോസായിയോ????? "'അതെ.. എപ്പഴും ഹിന്ദിപ്പാട്ടുകൾ മാത്രം പാടുന്ന കുട്ടിയല്ലേ???? "''ഓ... അങ്ങനെ ..?? അവർ ചിരിച്ചു.
''അവളെ ഗോസായി എന്നൊന്നും വിളിക്കണ്ട. നല്ല ഒന്നാന്തരം മലയാളി നസ്രാണിച്ചിയാ അവർ , '' - നന്ദകുമാർ അൽ പ്പനേരം ഒന്നും സംസാരിച്ചില്ല.
'ഷെല്ലി ആളെങ്ങനെ ഷാരോൺ ???? പിന്നെ അയാൾ ചോദിച്ചു. 'ദ ബെസ്റ്റ് ഇൻ ഔർ ക്യാമ്പസ്, എ ഗുഡ് ഹ്യൂമൻ ബീയിംഗ്... സാറിനോട് ഞാനത് മറയ്ക്കുന്നില്ല... പറയാം,'' നന്ദകുമാർ ആകാംക്ഷയോടെ അവളെ നോക്കി. അവർ പിന്നെ മിനിയുടെ കാര്യവും ഷെല്ലിയ്ക്ക് എറണാകുളത്ത് ധ്യാനം കൂടാൻ പോകേണ്ടി വന്ന സാഹചര്യവും വിവരിച്ചു. എല്ലാം കേട്ട് കഴിഞ്ഞ് അയാൾ അദ്ഭുതപ്പെട്ടു. 'ആർ ഡ്- ഹീയീസ് മൈ ബെസ്റ്റ് ഫ്രണ്ട്..എൻ റെ ബഡർ ...???? 'ബഡർ ????? അയാൾ വീണ്ടും അദ്ഭുതത്തോടെ അയാളെ നോക്കി. "''യെസ്... സാർ ..സാറെന്താ...പിന്നെ കരുതിയെ????? അയാൾ കുസൃതിനിറഞ്ഞ കണ്ണുകളോടെ അവളെ നോക്കി. "'അല്ല ഞാൻ കരുതീത്...നിങ്ങളെ കമ്പികുട്ടൻ .നെറ്റ് കമ്പികുട്ടൻ .നെറ്റ് എപ്പോഴും ഒരുമിച്ചേ എല്ലാടത്തും കണ്ടിട്ടുള്ളൂ... സോ ഐ സപ്പോസ് യൂ..'' ഷാരോൺ അയാളെ നോക്കി നാക്ക് കടിച്ചുകൊണ്ട് അടിക്കാനായി കയ്യോങ്ങി. പിന്നെ അവർ ഷെല്ലിയോടുള്ള അടുപ്പത്തിൻ റെ കാരണവും വിവരിച്ചു. അവർ പറഞ്ഞത്രയും അയാൾ ശ്രദ്ധയോടെ കേട്ടു. 'ഇന്ന് റിഹേഴ്സലിൻ റെ ടൈം പറഞ്ഞിരിക്കുന്നത് രണ്ടുമണിക്കല്ലേ???? അവർ ചോദിച്ചു. 'നമുക്ക് പുറത്ത് ഒന്ന് പോയാലോ??? 'പുറത്ത് എന്ന് വെച്ചാൽ ???? അയാൾ ചോദിച്ചു.
''പുറത്തെ സംഗീതം കോപ്പിയടിക്കാൻ , അവർ ചിരിച്ചു. ''തിരകളുടെ താളം കേൾ ക്കാം ..തീരത്തെ എക്കാന്തതയിൽ ദ്രുപദുകൾ രചിക്കുന്ന മിയാ താൻ സെൻ മാരെ കണ്ടെത്താം...അകാശത്ത, ചിത്രശലഭങ്ങളിലെ,
ഇലകളിലെ, കാറ്റിലേ സംഗീതം....അതൊക്കെ കേൾ ക്കാം. എങ്ങനെയുണ്ട് എൻ റെ സാഹിത്യം?'' "''കൊള്ളാം , ??? അൽ പ്പനിമിഷത്തെ നിശബ്ദവിസ്മയത്തിനു ശേഷം അയാൾ പറഞ്ഞു. "'അച്ഛൻ രാഷ്ട്രീയക്കാരനാണ് എന്ന് പറയില്ല. ടാഗോറിനെപ്പോലെ ഒരു വലിയ എഴുത്ത് കാരനാണെന്നെ പറയൂ, അവർ അയാളെ ഉറ്റുനോക്കി. ''ഇത് പോലെ ഒരെഴുത്ത്കാരൻ റെ... സംഗീതജ്ഞൻ റെ കൂടെയല്ലേ ദിവസം മുഴുവനും? അപ്പോൾ വാക്കുകളിൽ സാഹിത്യം വരും. സംഗീതവും, അയാൾ കണ്ണുകൾ കൊണ്ട് അവളുടെ കണ്ണുകളെ തഴുകി 'ശരി സാഹിത്യം മാറ്റിവെച്ച് ടെയിറ്റ് ആയി നേരെ വാ നേരോ പോ ലാംഗ്വേജിൽ പറയാം. നമുക്ക് എന്ന് വെച്ചാ അച്ഛനും മകൾ ക്കും ഒന്ന് പുറത്ത് പോകാം, അയാൾ ക്ക് അത് ഇഷ്ടമാവുകയില്ല എന്ന് തന്നെയാണ് ഷാരോൺ വിചാരിച്ചത്. പക്ഷെ അയാൾ പുഞ്ചിരി നിലനിർ ത്തി അവളെ നോക്കി. "''എന്തേലും ഒന്ന് പറ. ഇങ്ങനേം മടിയന്മാരുണ്ടാ ആണുങ്ങടെ ഇടയിൽ ???? അവർ എഴുന്നേറ്റു. അയാളെ കൈത്തണ്ടയിൽ പിടിച്ച് എഴുന്നേൽ പ്പിക്കാൻ ശ്രമിച്ചു. 'ഒന്ന് എണീക്ക് അച്ഛാ.. കഴിച്ച് കഴിഞ്ഞ് കൈ ഉണക്കരുത്. സ്ത്രീധനം കിട്ടില്ലെന്നാ...??? ബാക്കി പറയാതെ ഷാരോൺ നിർ ത്തി. പറഞ്ഞ വാക്കുകളെ ഓർ ത്ത് അവർ ക്ക് പശ്ചാത്താപം തോന്നി. "''നമുക്ക് അധികമൊന്നുമില്ല, ജസ്റ്റ്- കുറച്ച് സ്ഥലങ്ങൾ .. ആറ്റുകാൽ ഭഗവതി ക്ഷേത്രം, ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രം , ഷണ്മുഖം ബീച്ച് , ഉമ്പ ബീച്ച്, ഗാന്ധി പാർ ക്ക് , ശ്രീ ചിത്രാ ആർ ട്ട് ഗാലറി...ബസ്. 1927 'ബസ്സോ ????? "'അയ്യോ ബസ്സല്ല...'' അവർ ചിരിച്ചു. """"ഇത്രേയുള്ളു എന്ന് ഹിന്ദീൽ പറയില്ലേ. ഇതനാ ഹി ബസ്.ബസ് കരോ യാർ ....ബസ്, അവർ പൊട്ടിച്ചിരിച്ചു. അയാളും. "'ഡെർ ഹീലാരുന്നു കൾ ക്കത്തേലാരുന്നു..അല്ലേ? അപ്പൊ പാവം ഈ മകൾ എന്ത് വിചാരിച്ചു? അച്ഛന് ഹിന്ദിയൊക്കെ മേരേ പ്യാരേ ദേശ് വാസിയോ എന്നൊക്കെ പ്രസംഗിക്കുന്ന മോദീജിയേക്കാൾ സൂപ്പർ ആയി അറിയാം എന്നല്ലേ? അതല്ലേ ബസ് എന്ന് പറഞ്ഞേ? ബസ്സ്- എന്നതിന് ബംഗാളീൽ എന്നതാന്നെ പറയുന്നെ???? "'ജാഥേഷ്ട, കമ്പികുട്ടൻ .നെറ്റ് കമ്പികുട്ടൻ .നെറ്റ് പാജ്യാപ്ത, ജാഥേഷ്ട പൂരിമൻ ....ഇതിലേതേലും ഒന്ന് പറഞ്ഞാൽ മതി, വാഷ്ബേസിനിൽ കൈകൾ കഴുകിക്കഴിഞ്ഞ് തുടച്ചുകൊണ്ട് നന്ദകുമാർ പറഞ്ഞു. """" ഈ ശോയേ...!'' ഷാരോൺ തലയിൽ കൈവെച്ചു. 'ഇത്രേം ഹൈ ആണോ? അതെന്താ ബംഗാളീസ് ഒക്കെ ഭയങ്കര പണ്ഡിറ്റ്-കളാണോ? വേണ്ട, നമുക്ക് പാവം ബസ് മതിയേ, '' '' ഇതം നല്ല ഒരു മോണിംഗിൽ ..അകത്തിരുന്ന് പാട്ട് കേൾ ക്കുന്നത് മോശമാണ് എന്നല്ല.... പക്ഷെ പുറത്തെ കാറ്റും തണുപ്പും ഒക്കെ അറിഞ്ഞ് സാറിൻ റെ കൂടെ ഒന്ന് നടക്കാൻ ..'''' വാകമരത്തിന് ചുവട്ടിൽ നിർ ത്തിയിട്ടിരുന്ന കാറിനടുത്തേക്ക് നടക്കവേ അവർ അയാളോട് പറഞ്ഞു. ''മാത്രമല്ല നമുക്ക് ഡിസ്കഷൻ പ്രോഗ്രാമിനെപ്പറ്റി മാത്രം മതി,??
ഡ്രൈവിംഗ് സീറ്റിലിരുന്ന് അവർ പറഞ്ഞു. 'ആയിക്കോട്ടെ, മാഡം,??? അയാളും ചിരിച്ചു. കാറിലിരിക്കുമ്പോൾ ഷാരോണിന് തോന്നി തങ്ങൾ അപ്പോൾ റിഹേഴ്സൽ ക്യാമ്പിൽ ആണെന്ന്. നന്ദകുമാർ സംസാരിച്ചത്രയും സംഗീതം, അഭിനയം, നൃത്തം. അയാളുടെ ആവേശമവർ ക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു. ഇനി അധിക നാളുകളില്ല ജൂബിലി ആഘോഷങ്ങൾ തുടങ്ങാൻ . ''ഇവുടുന്ന് അധികമില്ല നിയമസഭാ മന്ദിരം, അല്ലേ? " ഓക്സ്ഫോർ ഡ് സ്കൂളിൻ റെ മുമ്പിലൂടെ കടന്നു പോകവേ നന്ദകുമാർ പറഞ്ഞു. ''ഇപ്പോൾ പ്രതിപക്ഷത്തിൻ റെ ചോദ്യങ്ങളശരങ്ങൾ ക്കിടയിൽ ഒരു പാവം വിയർ ത്തു കുളിക്കുന്നത് ഞാൻ ജ്ഞാനദൃഷ്ടിയിൽ കാണുന്നു, '' ''പിന്നേ,952
+91

®
സപ
അവ®  ചിരിച്ചുകൊണ്ട് അയാളുടെ തുടയിലടിച്ചു.
പാപ്പാ അങ്ങനെ വെയ® ക്കൊത്തൊന്നുവില്ല. നല്ല മണി മണി പോലെ ഉത്തരം പറഞ്ഞ് ചോദിച്ച ആ® ടെ അടപ്പ് തെറിപ്പിക്കുവാരിക്കും, കാ®  മണക്കാട് റോഡിലൂടെ പാഞ്ഞു. 'സാറ് ഇവിടെ ആദ്യമാണോ??? അവ®  ചോദിച്ചു. "'ആദ്യമാണ്... അത്രയ്ക്കൊന്നും ഞാ®  ഇതിലെ ചുറ്റിയിട്ടില്ല.. ഷമ്പുഖം, കോവളം ബീച്ചിലൊക്കെ വരും. ശുചീന്ദ്രത്തും. അതും സന്ധ്യകഴിഞ്ഞ്...??? അറിയാം സാ® . അവ®  മനസ്സി®  പറഞ്ഞു. സുമിത ചേച്ചിയ്ക്ക് ഇഷ്ടമുള്ള സ്ഥലത്ത് സാറിന് വരാതിരിക്കാനാവില്ലല്ലോ. സൂര്യകാന്തിപ്പൂക്ക®  താഴെ കാത്തിരിക്കുമ്പോ®  സൂര്യന് ഇറങ്ങിച്ചെന്ന് അവളെ തൊടാതിരിക്കാനാവില്ല. മാലാഖമാ®  ചിന്തിക്കുന്നത് പോലെ പ്രണയിക്കുന്ന ആ® ക്കും അങ്ങനെ ചെയ്യാതിരിക്കാനാവില്ല. കാ®  പാളയം റോഡിലേക്ക് കടന്നത് അയാ®  അറിഞ്ഞില്ല. അയാളുടെ സംസാരം ശ്രദ്ധിച്ച് അവ®  തിരക്കിലൂടെ സൂക്ഷിച്ച് ഡവ് ചെയ്തു. അ® പ്പം കഴിഞ്ഞ് റോഡരികി®  അവ®  കാ®  നി® ത്തി.
അവ®  സംശയത്തോടെ അവളെ നോക്കി,
'ആദ്യം ഇവിടെ, അവ®  പുഞ്ചിരിച്ചു. നന്ദകുമാ®  പുറത്തേക്ക് നോക്കി. റോഡിനപ്പുറത്ത്, ഉന്നതമായ മേഘങ്ങ®  ചൂടിയ ആകാശത്ത് മനോഹരമായ വാസ്തുശി® പ്പ വിസ്മയമായി , ഉന്നതമായ ഗോപുരങ്ങളോടെ, ഗോത്തിക് ശൈലിയി® , - കമ്പികട്ട® .നെറ്റ് കമ്പികട്ട® .നെറ്റ് സെയി® റ്റ്സ് ജോസെഫ്സ് മെട്രോപ്പോളിറ്റ® കത്തീഡ്ര® . ‘‘വൌ
- നന്ദകുമാ®  വിസ്മയത്തോടെ മന്ത്രിച്ചു.
പ്രാവുക®  ഗോപുരത്തിനു മുകളി® , ദീ® ഘമായ മേ® ക്കൂരയി® , പാറിപ്പറന്നിറങ്ങുന്നു. - സൂര്യ® റെ വെള്ളിവെളിച്ചത്തി®  മഞ്ഞചിത്രശലഭങ്ങ® ഗോപുരങ്ങ® ക്ക് ചുറ്റും ലാസ്യഭാവത്തി®  പറക്കുന്നു. താഴെ ഓരോ പൂവും ഓരോ സ്വപ്നമായി അവരെ നോക്കി ‘‘'ഇവിടെ വരുമെന്നാണ് ഞാ®  ആദ്യം ദൈവത്തോട് വാഗ്ദാനം ചെയ്തത്, അയാളുടെ കൈ പിടിച്ചുകൊണ്ടു അവ®  പറഞ്ഞു. "''വരൂ, സാ® , അവ®  കോമ്പൗണ്ടിലേക്ക് കയറി സങ്കീ® ത്തനങ്ങളുടെ മൂന്നു വിശുദ്ധി നിറഞ്ഞ പരിസരത്തിന്റെ അലൌകികതയി®  നിന്ന് ദേവാലയത്തി® റെ വിശുദ്ധ തീവ്രതയിലേക്ക് അയാളെ അവ®  കൈപിടിച്ചു കയറ്റി. 'നേ® ന്നത് ഇവിടെ മാത്രമല്ല,'?? വിശുദ്ധ നിശബ്ദതയിലൂടെ മദ്ബഹയുടെ നേരെ നടക്കവേ അവ®  അയാളോട് പറഞ്ഞു. ''എനിക്ക് പ്രിയപ്പെട്ട ഒരമ്മയുണ്ട്. അവിടെയും പോകണം, അയാ®  സംശയത്തോടെ ഷാരോണിനെ നോക്കി. ‘‘'ആറ്റുകാ®  ദേവി,’’’’’ അവ®  പുഞ്ചിരിച്ചു. പിന്നെ മദ്ബഹയിലെ ദിവ്യപ്രതീകങ്ങളിലേക്ക് നോക്കി.
ശിരസ്സിനു മേ®  ചുരിദാറി® റെ ഷാ®  ഒതുക്കിയിട്ടു. -- അവളുടെ നീ® മിഴിപ്പോളക®  താളാത്മകമായി, പതിയെ അടഞ്ഞു. നീണ്ട ഭംഗിയുള്ള വിരലുക® അനന്തമായ വിശുദ്ധിയുടെ മു®  പി®  ചേ® ന്നു പിണഞ്ഞു.
ഞായറാഴ്ചയില് ഷെല്ലി വൈകിയേ എഴുന്നേല്ക്കാറുള്ളൂ.
പുതപ്പിനടിയില് നീണ്ടു, നേര്ത്ത കുളിരറിഞ്ഞ് അര്ദ്ധമയക്കത്തില് അങ്ങനെ കിടക്കുക സുഖമുള്ള കാര്യമാണ്.
പക്ഷെ അന്ന് അത് അധികസമയം നീണ്ടില്ല.
"ഷെല്ലി, അളിയാ,"
വിളിയൊച്ചയോടൊപ്പം ദേഹത്ത് ആരുടെയോ കൈത്തലവുമമര്ന്നു.
ഷെല്ലി പതിയെ പുതപ്പ് മാറ്റി.
കണ്ണുകള് വിഷമിച്ച് പതിയെ തുടര്ന്നു.
മേശപ്പുറത്ത് റൂം മേറ്റ് പോള്സന്റെ മൊബൈലിലെ മ്യൂസിക് പ്ലേയറില് നിന്ന് പാട്ട് ഒഴുകിയെത്തി.
"മണിക്കിനാവിന് കൊതുമ്പ് വള്ളം തുഴഞ്ഞു വന്നു നീ എനിക്ക് വേണ്ടി..."
"എന്നതാ പോള്സാ,"
ഷെല്ലി കടുത്ത അസന്തുഷ്ടിയോടെ ചോദിച്ചു.
"നെനക്കൊരു വിസിറ്ററുണ്ട് ഷെല്ലി,"
"വിസിറ്ററ്?"
ഷെല്ലി എഴുന്നേറ്റ് കോട്ടുവായിട്ടുകൊണ്ട് ചോദിച്ചു.
"ഇതാരാ ഇത്ര രാവിലെ ഒരു വിസിറ്ററ്?"
"എന്റെ അളിയാ അതൊന്നും അറിയില്ല. ഗസ്റ്റ് റൂമില് കാട്ടാളനെപ്പോലെ ഒരാള് വന്നിരുപ്പുണ്ട്,"
പോള്സണ് പറഞ്ഞു.
"ഏഴടിപ്പൊക്കം. ഇരുട്ട് പോലെ കറുത്ത്. ചുവന്ന കണ്ണുകള്. കഷണ്ടിത്തല. മുമ്പില് മൂന്ന് പല്ലില്ല,"
"ഒന്ന് പോടാ,"
കണ്ണുകള് തിരുമ്മി, കണ്ണാടി നോക്കി തലമുടി മാടിയൊതുക്കി ഷെല്ലി പറഞ്ഞു.
"ഏഴടിപ്പൊക്കം.! അതെന്നാ ബൂഗിമാനാണോ?"
"ബൂഗിമാനാണോ ബാറ്റ്മാനാണോ എന്നൊന്നും അറീത്തില്ല. ചെന്ന് നോക്ക്,"
പോള്സണ് ഗൌരവം വിടാതെ പറഞ്ഞു.
ഷെല്ലി പെട്ടെന്ന് വാര്ഡന് കെമിസ്ട്രി ഡിപ്പാര്ട്ട്മെന്റിലെ വിക്ടറിന്റെ ഓഫീസിനു എതിരെയുള്ള വിസിറ്റേഴ്സ് റൂമിലേക്ക് പോയി.
അകത്ത് തന്നെക്കാത്തിരുന്ന ആളെക്കണ്ട് അവന് അമ്പരന്നു.
"മിനി!"
അവന് മന്ത്രിച്ചു.
അവള് എഴുന്നേറ്റു.
അവന്റെ സമീപത്തേക്ക് വന്നു.

റോസ് നിറമുള്ള ചുരിദാര് ആണ് വേഷം.

അവന്റെ കണ്ണുകളിലേക്ക് നോക്കി ഹൃദ്യമായി പുഞ്ചിരിച്ചു.

"പ്രെയിസ് ദ ലോഡ്,"

അവള് പുഞ്ചിരിച്ചു.

"ങ്ഹാ..ഹലോ...മിനി എപ്പോള് വന്നു? ഹൈദ്രാബാദില് നിന്ന്?"

അവന് തപ്പിത്തടഞ്ഞുകൊണ്ട് ചോദിച്ചു.

"ഇന്നലെ നൈറ്റ്...ടെന് ആയി.... എഴുന്നേറ്റതേയുള്ളോ?"

"അത് മിനീ..."

അവന് വീണ്ടും വാക്കുകള് പരതി.

"ഇന്ന് സണ്ഡേയല്ലേ? സോ..."

പുറത്ത് ആരൊക്കെയോ എത്തിനോക്കാന് ശ്രമിക്കുന്നത് ഷെല്ലി കണ്ടു.

"ഇന്നെന്തെങ്കിലും പ്രോഗ്രാം ഉണ്ടോ ഷെല്ലിക്ക്?"

"പ്രോഗ്രാം..."

അവന് ഓര്ക്കാന് ശ്രമിച്ചു.

"ഇല്ലെങ്കില് എനിക്കൊരു ഫേവര് ചെയ്യുമോ?"

അവന് ഓര്മ്മിക്കല് മുഴുമിക്കുന്നതിന് മുമ്പ് അവള് ചോദിച്ചു.

"എന്താ മിനി?"

"എനിക്ക് ഒന്ന് ടൌണില് പോകണം. എനിക്കത്ര പരിചയമില്ല ഇവിടെയൊന്നും. ഷെല്ലിയ്ക്ക് എന്റെ കൂടെ ഒന്ന് വരാമോ?"

അവളുടെ സ്വരത്തില് അവന് ഒരു അപേക്ഷാധ്വനി കേട്ടു.

"ആ..യെസ്...അതിനെന്താ...വരാം..."

നിരസിക്കാനായിരുന്നു മനസ്സ് പറഞ്ഞതെങ്കിലും അവന് സമ്മതിച്ചു.

അവളുടെ മുഖം പ്രകാശിച്ചു.

"ഓ..ഇറ്റ്സ് സൊ കൈന്ഡ് ഓഫ് യൂ..."

ഹൃദയത്തില് തൊടുന്നത് പോലെ പുഞ്ചിരിച്ചുകൊണ്ട് അവള് പറഞ്ഞു.

"ഇപ്പോള്..."

അവള് വാച്ച് നോക്കി.

"ഇപ്പോള് സമയം ഏഴ് പതിനഞ്ച്...ഒരു പത്തുമണിയാകുമ്പോള്...ഇന്ഡോര് സ്റ്റേഡിയത്തിന്റെയടുത്ത് ഞാന് വെയിറ്റ് ചെയ്യും,"

അവള് പറഞ്ഞു.

അവന് തലകുലുക്കി.

"ഞാന് പോട്ടെ?"

അവള് ചോദിച്ചു.

"ഓക്കേ,"

അവന് പറഞ്ഞു.

അവള് വാതില്ക്കലേക്ക് നടന്നു.

ഷെല്ലി അവള്ക്ക് പിന്നാലെ ചെന്നു.

അവള് പെട്ടെന്ന് തിരിഞ്ഞു നിന്നു.

"ഷെല്ലി ഡ്രൈവ് ചെയ്യുമോ?"

"ഉം,"

"ശരി എന്നാല് ഞാന് പത്ത് മണിക്ക് വെയിറ്റ് ചെയ്യും,"

അവന് തലകുലുക്കി.

മിനിയെ അവന് ഹോസ്റ്റലിന്റെ ഗേറ്റുവരെ അനുയാത്ര ചെയ്തു.

അവള് കൈ വീശിക്കാണിച്ച് യാത്രപറഞ്ഞുപോയിക്കഴിഞ്ഞ് തിരിഞ്ഞപ്പോള് ഷെല്ലി കാണുന്നത് ഒരു വലിയ പടയാണ്.

എല്ലാവരുടെയും മുഖത്ത് അര്ത്ഥഗര്ഭമായ ചിരി.

"എന്താടാ?"

ഷെല്ലി ആരോടെന്നില്ലാതെ ചോദിച്ചു.

"ഹോ..."

പോള്സണ് പരിഹസിച്ചു.

"കഴിഞ്ഞാഴ്ച്ചവരെ എന്തായിരുന്നു പുകില്! എവിടെവെച്ച് കണ്ടാലും യൂ റാസ്കല്, യൂ ഡേര്ട്ടി ഡെവിള് എന്നൊക്കെയേ കേള്ക്കാനുണ്ടായിരുന്നുള്ളൂ രണ്ട് പേര് എപ്പ കണ്ടാലും. ടമാര് പടാര്...ഡിഷ്യൂം ..ഇപ്പഴാണ്ടേ ആ സുന്ദരിയൊരുത്തിതന്നെ അന്വേഷിച്ചു വരാനും തുടങ്ങിയിരിക്കുന്നു....മണിക്കിനാവിന് കൊതുമ്പു വള്ളം തുഴഞ്ഞു വന്നു...നീ എനിക്ക് വേണ്ടി..."

"പോള്സാ പൊക്കോണം കേട്ടോ ..ഇത് നീ പറയുന്ന പോലെ പ്രേമോം മണ്ണാങ്കട്ടേം ഒന്നുവല്ല..."

"എന്റെ അളിയാ ഇനിയെങ്ങനാടാ അവളെ ഓര്ത്തു വാണവടിക്കുന്നെ?"
ജോമോന് ചോദിച്ചു.
"കൂട്ടുകാരന്റെ പെണ്ണിനെയോര്ത്ത് വാണവടിക്കുവാന്ന് പറഞ്ഞാ അതിപ്പരം സാംസ്കാരിക ശൂന്യത പിന്നെ വേറെ എന്തുണ്ട്?"
ഷെല്ലി ഓരോ ഒഴിവുകഴിവുകള് പറഞ്ഞ് കൂട്ടുകാരുടെയടുത്തുന്ന് രക്ഷപ്പെട്ട് മുറിയിലെത്തി.
മിനിയോടൊപ്പം പോവുക തന്നെ.
ഏതായാലും പ്രത്യേകിച്ച് പണിയൊന്നുമില്ല.
പാര്ട്ടി മീറ്റിങ്ങില്ല.
പാര്ട്ടി ഇനി ഒരിക്കലും തന്നെ തിരിച്ചു വിളിക്കില്ല.
ഒരു മാപ്പെഴുതിക്കൊടുത്താല് തന്നെ തിരിച്ചെടുക്കും.
വേണോ?
പാര്ട്ടിയേക്കാള് വലുതാണോ താനെന്ന വ്യക്തി?
ഷെല്ലിയ്ക്ക് ഒന്നും തീരുമാനിക്കാനായില്ല.
കുളിയും മെസ്സും കഴിഞ്ഞ് ഷെല്ലി പോകാനൊരുങ്ങി.
ചുവന്ന ചെക്ക് ഷര്ട്ടും കറുത്ത ജീന്സുമെടുത്തണിഞ്ഞു.
കഴിഞ്ഞ പിറന്നാളിന് ഷാരോണ് സമ്മാനിച്ചത്.
ഫേസ് ബുക്കുള്ളത് കൊണ്ട് പിറന്നാള് ഒളിപ്പിച്ചുവെക്കാന് കഴിയില്ല.
എന്ത് കൊണ്ടാണ് മറ്റുള്ളവര് ഒരുപാടുതവണ തനിക്ക് ഏറ്റവുമധികം ഇണങ്ങുന്നതാണെന്ന് പറഞ്ഞ ഈ വസ്ത്രം തന്നെ ഇപ്പോഴണിയുന്നത്?
എന്തെങ്കിലും ചഞ്ചാട്ടമുണ്ടോ തന്റെ മനസ്സിന്?
ഇല്ല.
പിന്നെ ഏറ്റവും നല്ല ഉടുപ്പുകള് എന്തിനു തെരഞ്ഞെടുത്തു?
അതിപ്പോള് മിനി ആര് കണ്ടാലും ആഗ്രഹിക്കത്തക്കവിധത്തിലുള്ള ഒരു സുന്ദരിപ്പെണ്ണല്ലേ?
അവളുടെ കൂടെ പുറത്ത്പോകുമ്പോള് അല്പ്പം സ്റ്റയിലായി വേണ്ടേ പോകാന്?
മോനേ ഷെല്ലി...
നിന്റെ ജീവിതോദ്ദേശം മറക്കരുത്, ആരുടെകൂടെ കറങ്ങാനും കമ്പനിക്കുപോയാലും.
നിന്റെ മമ്മിയുടെ പ്രാണന് ഇപ്പോഴും നിന്നെയോര്ത്ത് വിലപിക്കുന്നുണ്ട്.
നിന്റെ മമ്മിയുടെ രക്തക്കറ ഇപ്പോഴും നിന്റെ പ്രാണനില് അലിഞ്ഞു ചേര്ന്നിട്ടുണ്ട്.
യൂ ആര് ഡെസ്റ്റൈന്ഡ് റ്റു ഹണ്റ്റ് ഡൌണ് ദോസ് ഹിറ്റ്മെന്.
അപ്പോള്തന്നെ ഷാരോണിനെ വിളിക്കാന് അവന് ആഗ്രഹിച്ചു.
ഇന്നലെ രാത്രി വളരെ വൈകിയാണ് അവന് ആശുപത്രിയില് നിന്ന്, അവളുടെ അടുത്ത് നിന്ന് പോന്നത്.
ഇപ്പോള് ഡിസ്ചാര്ജ് ആയിക്കാണണം.
ഇന്ന് എട്ടുമണിയോടെ പോരാം എന്നാണ് പറഞ്ഞത്.
സൂക്ഷമതയില്ലാത്ത ഒരു സാധനം.
റിഹേഴ്സല് ഹാളില് തെന്നിവീണപോലും!
അവന് അവള്ക്ക് ഡയല് ചെയ്തു.
"ങ്ഹാ എടീ...നീ ഡിസ്ച്ചാര്ജ് ആയോ? ......എവിടെയാ? ......സാറിന്റെ വീട്ടില്?......ഓക്കേ ...പിന്നെ ഞാനൊന്ന് പുറത്ത് പോകുവാ ...മിനീടെ കൂടെ..അവള്ക്കെന്തോ ഷോപ്പിംഗ്..വല്ല കൂട്ടെക്സോ ചാന്തോ പൊട്ടോ വാങ്ങിക്കാന് ആരിക്കും .....ഞാനിവിടെ ചൊറീം കുത്തി ഇരിക്കുവല്ലേ.....ശരി ...ഓക്കേ..."
ഷാരോണ്, നിനക്കെന്നെ വിലക്കാമായിരുന്നില്ലേ?
അവന് സ്വയം ചോദിച്ചു.
പത്തുമണിയായപ്പോള് വിമന്സ് ഹോസ്റ്റലിനടുത്തുള്ള ഇന്ഡോര് സ്റ്റേഡിയത്തിനു സമീപമവനെത്തി.
അവിടെ ക്രീം നിറത്തില് ഒരു ബി എം ഡബ്ലിയൂ സെഡാന് പാര്ക്ക് ചെയ്ത് കിടന്നു.
പെട്ടെന്ന് അതിന്റെ ഡോര് തുറക്കപ്പെടുന്നതും അതിനുള്ളില് നിന്നും മിനി ഇറങ്ങിവരുന്നതും ഷെല്ലി കണ്ടു.
മുന്ധാരണകളെ , സ്വയംശാസനകളെ ഒക്കെ തെറ്റിച്ചുകൊണ്ട് അവന്റെ ശ്വാസഗതിയുയര്ന്നു.
കണ്ണുകള് വിടര്ന്നു.
ചുവന്ന ടീ ഷര്ട്ടില്, കറുത്ത ജീന്സില്, അതീവ വശ്യമായ, അനുപമ ലാവണ്യമുള്ള അവളുടെ രൂപം!
കാഴ്ച്ചക്കാരെ പ്രണയപരവശരാക്കുന്ന നീള്മിഴികള്.
കാറ്റിലിളകുന്ന മലരിതള് പോലെ, വിതുമ്പുന്നുണ്ടോ എന്ന് തോന്നുമാറ് അതിമൃദുവായ അധരം.
ഇളം കാറ്റിന്റെ കുളിരേറിയ സ്പര്ശനമേറ്റ് സമൃദ്ധമായ മുടിയിഴകള് താളാത്മകമായി ഉലഞ്ഞു.
ലാസ്യഭാവത്തില്, പ്രണയവര്ണ്ണങ്ങള് അന്തരീക്ഷത്തില് വാരിവിതറാനെന്നോണം അവള് കൈയുയര്ത്തുന്നു.
എന്നിട്ട് തപിക്കുന്ന പ്രണയകനവുകളെ തൊടുന്നപോലെ കാറ്റിലുലയുന്ന മുടിയിഴകളെ മാടിയൊതുക്കി.
കാണുന്നവരില് പുളകങ്ങള് ഇഴനെയ്യിക്കുന്ന അഴകാര്ന്ന, ഉയര്ന്ന മാറിടത്തില് തന്റെ കണ്ണുകള് പതിയുന്നത് മിനി കണ്ടോ?
കണ്ണുകളെ, നിയന്ത്രിക്കുക!

ആത്മാവിന്റെ ആഴത്തില് നിത്യസ്മരണയുടെ കയ്യൊപ്പ് പതിപ്പിക്കുന്ന, ഇറുക്കമുള്ള ജീന്സിലൂടെ കാണാവുന്ന ആകൃതിയും ഭംഗിയുമുള്ള തുടകളുടെ ഔട്ട് ലൈന്.

ഗിറ്റാറിന്റെ പ്രണയസിംഫണി ചുറ്റും അലയടിക്കുന്നുണ്ടോ?

"ഷെല്ലി..."

മൃദുമര്മ്മരം പോലെ അവള് അവനെ വിളിച്ചു.

ശിശിരമാണ് താന്, പ്രണയത്തെ സംബന്ധിച്ച്.

ശിശിരം പൂക്കള് വിടരാനുള്ള ഋതുവല്ല.

പ്രണയം വസന്തമാണ്.

പ്രതികാരമുറഞ്ഞ മനസാണ് എന്റെ.

പ്രണയത്തെ സംബന്ധിച്ച് തണുത്ത മനസ്സ്.

മനസ്സ് നനയുന്നത് പോലെ മിനിയല്ല മറ്റാര് വിളിച്ചാലും അത് പ്രണയമാണെങ്കില്, താന് പ്രതികരിക്കില്ല.

പ്രണയമോ?

മിനിക്കോ?

ഷെല്ലി, നിന്റെ കുഴപ്പം നീ വെറുമൊരു നാട്ടിന്പുറത്തുകാരനാണ് എന്നുള്ളതാണ്.

സൗഹൃദത്തെ , സാഹോദര്യത്തെയൊക്കെ പ്രണയമായി തെറ്റിധരിക്കുന്ന പച്ചയായ, പാവം നാട്ടിന്പുറത്ത്കാരന്.

"ഷെല്ലി..."

സ്നേഹാര്ദ്ര സാഗരത്തിന്റെ തിരയിളക്കം പോലെ വീണ്ടും അവള് തന്നെ വിളിക്കുന്നു.

"ങ്ഹാ, മിനി..."

അവന് വിളികേട്ടു.

തന്റെ ശബ്ദത്തില് ഇത് വരെയറിയാത്ത ഒരാര്ദ്രതയുണ്ടായിരുന്നോ?

അവള്ക്ക് പിമ്പില് ധ്യാനഭംഗിയോടെ നില്ക്കുന്ന മലനിരകള്ക്കപ്പുറത്ത് ചിറകടിച്ച് പറക്കുന്ന ദേശാടനപ്പക്ഷികളെ ഷെല്ലി നോക്കി.

"എന്ത് പറ്റി?"

വ്യഥകളൊക്കെ പിന്വാങ്ങുന്നോ?

"ഞാന്...ഞാന് താമസിച്ചോ?"

ഷെല്ലി അപ്പൊഴാണറിയുന്നത്, മിനിയും തന്നെ ഒരദ്ഭുതവസ്തുവിനെപ്പോലെ നോക്കുകയാണ്.

അവളുടെ കണ്ണുകളില് ഉഷ്ണവികാരങ്ങളുടെ മന്ദാരപ്പൂക്കള് ആടിയുലയുന്നുണ്ടോ?

കാതരമായ വികാരങ്ങളുടെ ഗ്രീഷ്മനൃത്തം അവളുടെ നീള്മിഴികളില് നിറഞ്ഞു തുളുമ്പുന്നു.

"എന്ത് ഭംഗിയാ ഷെല്ലിയെക്കാണാന്!"

അവളിലെ ആത്മാവിന്റെ സ്നേഹപ്രവാഹം അവനെ തൊട്ടു.

തന്റെ തുടിക്കുന്ന ഹൃദയത്തിന് മേല് അവള് വിരല് തൊടുന്നത് പോലെ.

"കാണുന്ന പെണ്കുട്ടികള് എന്നെയോര്ത്ത് അസൂയപ്പെടും,"

അധരത്തിലമര്ന്നുരയുന്ന ചുണ്ടുകള് കേള്പ്പിക്കുന്ന മൃദുശബ്ദം പോലെ അവള് അത് പറഞ്ഞപ്പോള് ഷെല്ലിയുടെ രക്തം ചൂട് പിടിച്ചു.

"വാ,"

അവള് മുമ്പോട്ട് വന്ന് അവന്റെ കൈയില് പിടിച്ചു.

അവന്റെ ഇടനെഞ്ചില് അപൂര്വ്വ താരങ്ങളുടെ വെള്ളിവെളിച്ചം നിറഞ്ഞു.

ഇളം നിലാവില് മുല്ലകളും മന്ദാരങ്ങളും പനിനീര്പ്പൂക്കളും നിറഞ്ഞ വിശാലമായ ഉദ്യാനത്തില് താന് നില്ക്കുന്നത്പോലെ അവന് തോന്നി.

അവളുടെ ഭംഗിയുള്ള വിരലുകള് തന്റെ കൈത്തണ്ടയെ ചുറ്റിപ്പിടിച്ചിരിക്കുകയാണ്.

സ്പര്ശനത്തിന്റെ ഇളംതാപം കൈത്തണ്ടയില് നിന്ന് ഇന്ദ്രിയങ്ങളിലൂടെ ഹൃദയത്തിലേക്ക്, മനസ്സിലേക്ക് നനുത്ത് കയറുന്നു.

അവള് താക്കോല് അവനു കൊടുത്തു.

"അയ്യോ ഇത്രേം വലിയ വണ്ടിയൊന്നും ഞാന് ഓടിച്ചിട്ടില്ല മിനീ..."

"അതൊന്നും സാരമില്ല,"

അവള് ചിരിച്ചു.

അവള് കാറിന്റെ ഗിയര് ഷിഫ്റ്റര് ഒപ്പറേഷന് അല്പ്പം വിശദമാക്കി.

"ഗോട്ട് ഇറ്റ്?"

അവള് ചോദിച്ചു.

"ഓക്കേ,"

അവന് ഡ്രൈവിംഗ് സീറ്റില് ഇരുന്നുകൊണ്ട് പറഞ്ഞു.

"ഇനി എന്തേലും കണ്ഫ്യൂഷന് ഉണ്ടായാല് പ്രേയിസ് ദ ലോഡ് എന്ന് പറഞ്ഞാ മതി കേട്ടോ,"

അവള് ചിരിച്ചു.

അവനും.

കാര് ആദ്യം അല്പ്പം അനുസരണക്കേട് കാണിച്ചെങ്കിലും അല്പ്പ നിമിഷങ്ങള് കഴിഞ്ഞപ്പോള് ഷെല്ലിയുടെ കൈകളില് അത് പൂര്ണ്ണനിയന്ത്രണത്തിലായി.

അല്പ്പം കഴിഞ്ഞപ്പോള് ടെക്നോപ്പാര്ക്ക് കാംപസ്സിനു മുമ്പിലൂടെ കാര് നീങ്ങി.

ആക്കുളം ലേയ്ക്ക് കടന്നു കിംസിനടുത്ത് എത്തിയപ്പോള് മിനി പറഞ്ഞു:
"ഷെല്ലി..അതാ അവിടെ ഒരു പാര്ക്കിംഗ് ഏരിയായുണ്ട്....അവിടെ നിര്ത്തു,"
ജിയോ സിമ്മിന്റെ ഒരു കൂറ്റന് ഹോര്ഡര് സ്ഥാപിച്ചിടത്ത്, നാലഞ്ച് മരങ്ങള് നിന്നിടത്ത് ഷെല്ലി കാര് പാര്ക്ക് ചെയ്തു.
"വാ, ഷെല്ലി,"
അവള് അവന്റെ കൈപിടിച്ചുകൊണ്ട് അടുത്തുകണ്ട 'ടാഗോര് ബുക്സ്'ലേക്ക് കയറി.
"മിനി നല്ല വായനക്കാരിയാണ് എന്ന് തോന്നുന്നു,"
"അത്ര നല്ല വായനക്കാരി എന്നൊന്നും പറയാന് പറ്റില്ല,"
അവള് ചിരിച്ചു.
"എന്ന് വെച്ചാല് ഷെല്ലീടെ അത്രേം,"
ബുക്ക്സ്റ്റാളില് വിവിധ റാക്കുകള്ക്കിടയില് പുസ്തകം തിരഞ്ഞുകൊണ്ടിരുന്നവര് അവളുടെ നേരെ താല്പ്പര്യത്തോടെ നോക്കുന്നത് ഷെല്ലി കണ്ടു.
"ഞാനും കൂടാം. ഏതൊക്കെ ബുക്സാ?"
"ഡാന് ബ്രൌണിന്റെ ലേറ്റസ്റ്റ്,"
"ഒറിജിന് ആണോ?"
"അതെ,"
അവന് ലേറ്റസ്റ്റ് അറൈവല്സ് എന്ന സൈന് ബോഡ് വെച്ച ഭാഗത്തേക്ക് നീങ്ങി.
ഷെല്ഫില് പ്രദര്ശിപ്പിച്ചിരുന്ന "ഒറിജിന്" എടുത്തു.
"ഞാനാണേല് അത് സേര്ച്ച് ചെയ്ത് ഇന്ന് മുഴുവന് ഇവിടെ സ്പെന്ഡ് ചെയ്തേനെ,"
പിന്നെയുമുണ്ടായിരുന്നു. ഇറ്റാലോ കാല്വിനോ. ഉമ്പര്ട്ടോ എക്കോ. വര്ഗാസ് മറിയാ ജോസേ...
"സിഡ്നി ഷെല്ഡന് ഒന്നും വായിക്കില്ലേ?"
അവള് ഷെല്ലിയേ നാണത്തോടെ നോക്കി.
താന് എന്തെങ്കിലും അബദ്ധം പറഞ്ഞോ എന്ന് അവന് സംശയിച്ചു.
"എന്താ മിനീ?"
"ഷെല്ലി അങ്ങനത്തെ ബുക്സ് വായിക്കാറുണ്ടോ?"
"എന്ന് വെച്ചാല്? ഷെല്ഡന്റെ?"
അവള് നാണത്തോടെ പുഞ്ചിരിയോടെ തലയാട്ടി.
"ഇല്ല, ഞാനിത് വരേം വായിച്ചിട്ടില്ല, ബട്ട് ഫ്രണ്ട്സ് ഒക്കെ പറഞ്ഞു ഷെല്ഡന് ഭയങ്കര സംഭവം ആണെന്ന്,"
അവള് വീണ്ടും അവനെ പുഞ്ചിരിയോടെ നോക്കി.
"ഏതെങ്കിലും ഒന്ന് വായിച്ചുനോക്കൂ. അപ്പോള് അറിയാം,"
അവള് അര്ത്ഥഗര്ഭമായി അവനെ നോക്കി.
ഷെല്ലിയ്ക്ക് എന്തോ വല്ലായ്മ തോന്നി.
ബുക്ക്സ്റ്റാളില് നിന്നിറങ്ങി അവര് പുറത്തേക്ക് നടന്നു.
"ഇനി?"
ഡ്രൈവിംഗ് സീറ്റില് ഇരുന്നിട്ട് അവന് ചോദിച്ചു.
"റെയിന് ബോ ഇന്നിലേക്ക്,"
അവള് പുഞ്ചിരിയോടെ പറഞ്ഞു.
"എവിടെയാ അത്?"
"അല്പ്പം മുന്പില്,"
അവള് പറഞ്ഞു.
"ഓഹോ..."
ഷെല്ലി ചിരിച്ചു.
"സിറ്റി ഒന്നും അറിയില്ല എന്ന് പറഞ്ഞിട്ട് മാഡത്തിന് എല്ലാം കൈവെള്ളയിലെന്നപോലെ നിശ്ചയമാണല്ലോ,"
അവള് പതിയെ ചിരിച്ചു.
നഗരത്തിന്റെ വശ്യതയിലൂടെ കാര് അഞ്ചുമിനിറ്റ് ഒഴുകിക്കഴിഞ്ഞപ്പോള് മിനി പുറത്തേക്ക് വിരല് ചൂണ്ടി.
"അതാ ഷെല്ലി,"
വാസ്തുവിദ്യയിലെ കവിത പോലെ മനോഹരമായ റെസ്റ്റോറന്റ്.
ഉയരമുള്ള പനമരങ്ങള് കാറ്റിലിളകുന്നു.
പാശ്ചാത്തലത്തില് കടലിന്റെ വശ്യനീലിമ.
ആകാശം നിറയെ മേഘഹംസങ്ങള് ഒഴുകിപ്പരക്കുന്നു.
ഷെല്ലി പാര്ക്കിംഗ് ഏരിയായിലേക്ക് ഡ്രൈവ് ചെയ്തു.
"വരൂ,"
അവള് അവനോടു പറഞ്ഞു.

അഭിജാത വര്ഗ്ഗത്തിനു മാത്രം പ്രവേശനമുള്ള ആ പോഷ് റെസ്റ്റോറന്റിലേക്ക് അവളോടൊപ്പം അവനും കയറി.

ഹിന്ദി സിനിമയിലെ ഏറ്റവും പ്രതിഫലം പറ്റുന്ന താരങ്ങളെപ്പോലെ തോന്നിച്ച ബെയറര്മാര്.

അവരുടെ കണ്ണുകള് അവളെ പൊതിയുന്നത് ഷെല്ലി കണ്ടു.

അവരിലൊരാള് അവരുടെയടുത്തേക്ക് വന്നു.

"ഞാന് ഉഗാണ്ടയിലോ സോമാലിയയിലോ ഒന്നുമായിരുന്നില്ല,"

അവള് ഓര്ഡര് ചെയ്ത വിഭവങ്ങള് കേട്ട് ഷെല്ലി പറഞ്ഞു.

"ഞാന് രണ്ടു ദിവസം ഉഗാണ്ടയില് ആയിരുന്നു,"

അവന്റെ നേരെ നോക്കി പുഞ്ചിരിച്ചുകൊണ്ട് അവള് പറഞ്ഞു.

"അത് കഴിഞ്ഞ് രണ്ടു ദിവസം സോമാലിയായിലും,"

ഷെല്ലി അവളുടെ മുഖത്തേക്ക് നോക്കി.

ആദ്യമായി മൊട്ടിടുമ്പോള് പനിനീര്ച്ചെടിക്കുണ്ടാവുന്ന ഹര്ഷാനുഭൂതിയാണ് അവളുടെ കണ്ണുകളില്.

സ്നിഗ്ധമായ അവളുടെ മുടിച്ചാര്ത്തില് നിന്ന് ഹൃദയത്തെതലോടുന്ന മദഭരമായ ഗന്ധം അവനിലേക്ക് കാറ്റ് കൊണ്ടുവന്നു.

കാതരമായ ഒരു സംഗീതത്തിന്റെ തേന്തുമ്പികള് തൊടുന്നപോലെ അവളുടെ അധരം പതിയെയെങ്കിലും വിറകൊള്ളുന്നുണ്ടോ?

അന്തരീക്ഷത്തില് നൂറ് ഗന്ധര്വ്വ ഗായകര് അവളുടെ സൌന്ദര്യത്തെക്കുറിച്ച് പാടുന്നത് പോലെ അവന് തോന്നി.

ആയിരം നിലാവിന്റെ മൃദുലതയാണ് പെണ്ണേ നിനക്ക് ചുറ്റും.

ഷെല്ലിക്ക് അങ്ങനെ പറയണമെന്നു തോന്നി.

"ഷെല്ലി എവിടെയാ?"

അവള് മൃദുവായി ചോദിച്ചു.

അവളുടെ നോട്ടം അവന്റെ കണ്ണുകളുടെ ആഴങ്ങളില് ആണ്.

"അത് ...എന്താ അങ്ങനെ...അങ്ങനെ ചോദിയ്ക്കാന്...?"

അവള് കണ്ണുകള് കൊണ്ട് അവന്റെ ഹൃദയഭിത്തിയില് കവിതകള് എഴുതുകയാണ്.

"ഷെല്ലി അടുത്തുണ്ട് എന്ന് ...എനിക്ക് ..എന്തോ ഒരു ഫീല് കുറവ്..."

പശ്ചാത്തലത്തില് ബോണിഎമ്മിന്റെ ഒരു പഴയ പാട്ടാണ്.

അവള് ഒരു ബെയററെ വിളിച്ചു.

"എന്താ മാഡം?"

അയാള് താല്പ്പര്യപൂര്വ്വം ചോദിച്ചു.

"വുഡ് ഇറ്റ് ബി ആള്റൈറ്റ് ഇഫ് വി ഹാഡ് എ ഡിഫറന്റ് സോങ്ങ്?"

"വിച്ച് സോങ്ങ് ഡൂ യൂ പ്രിഫര് മാഡം?"

അവള് ഒരു നിമിഷം ആലോചിച്ചു.

"യാ,"

പെട്ടെന്നോര്മ്മിച്ച് അവള് പറഞ്ഞു.

"എ മലയാളം സോങ്ങ്. ഫിലിം രാജശില്പ്പി. ബിഗിനിംഗ് ഈസ് പൊയ്കയില് കുളിര്പൊയ്കയില്..."

"ഷുര്, മാഡം,"

പശ്ചാത്തലത്തില് പ്രണയാതുരമായ ശബ്ദത്തില് ചിത്രയുടെ ഹമ്മിംഗ് തുടങ്ങി.

പിന്നെ സ്നേഹാര്ദ്രമായ സിന്ദൂര രേഖപോലെ യേശുദാസിന്റെ വശ്യശബ്ദം.

പാട്ടിന്റെ പശ്ചാതാലത്തില് മിനി ഷെല്ലിയുടെ കണ്ണുകളിലേക്ക് നോക്കി.

"ഞാന് ഈയൊരു നിമിഷത്തിന്...ഈ സമയത്തിന് കൊതിച്ച് കാത്ത്..."

പാട്ടിന്റെ പതിഞ്ഞ ശബ്ദം ചുറ്റും പൂത്തുമ്പികളെപ്പോലെ പറക്കുമ്പോള് മിനി പറഞ്ഞു.

"അത്രയുമുണ്ട് എനിക്ക് ഷെല്ലിയോട് ...ഷെല്ലിയോട്..."

അവന്റെ ഹൃദയം മിടിക്കാന് തുടങ്ങി.

അപ്പോഴേക്കും ബെയറര് വിഭവങ്ങളുമായി വന്നു.

അയാള് ഓരോ പാത്രവും അവരുടെ മുമ്പില് വെച്ചു.

പിന്നെ സൌഹൃദത്തില് പുഞ്ചിരിച്ചിട്ട് അവിടെ നിന്ന് പോയി.

ഷെല്ലി സ്പൂണ് എടുത്തു.

"നിക്ക്,"

അവള് അവനെ വിലക്കി.

"എന്റെ ഒരു ആഗ്രഹം..."

അവള് സ്പൂണില് ഫ്രൈഡ് റൈസ് എടുത്ത് അവന്റെ വായുടെ സമീപം കൊണ്ടുവന്നു.

അവന് അറിയാതെ വായ് തുറന്നു.

അവള് നീട്ടിയ സ്പൂണില് നിന്ന് ഭക്ഷണം സ്വീകരിച്ചു.

"ഇങ്ങനെയൊന്നും പോരാ,"

അതിനു ശേഷം അവള് പറഞ്ഞു.

"അത്രയ്ക്കും കടപ്പെട്ട ഒരാളുടെ കൂടെ അയാളുടെ മുമ്പില് ആണ് ഞാന് ഇപ്പോള് ഇരിക്കുന്നെ...ഇക്കാണിക്കുന്നതൊന്നും അതിനുള്ള പ്രതിഫലം അല്ല കേട്ടോ...അങ്ങനെ വീട്ടാന് പറ്റുന്ന കടമൊന്നുമല്ല അത്..."

രാജശില്പ്പിയിലെ പാട്ടിനു ശേഷം 'പ്രേമ' ത്തിലെ "മലരേ" തുടങ്ങി.

ഭക്ഷണം കഴിക്കുമ്പോള് പലപ്പോഴും മിനിയുടെ കണ്ണുകള് അവന്റെ കണ്ണുകളുടെ ആഴങ്ങളെ സ്പര്ശിച്ചുകൊണ്ടിരുന്നു.

ഷെല്ലിക്ക് അപ്പോഴും തീര്ച്ചയില്ല.

ഈ സുന്ദരിപ്പെണ്ണിന്റെ മനസ്സില് എന്താണ്?

പെട്ടന്ന് ഷെല്ലിയുടെ മൊബൈല് ശബ്ദിച്ചു.

സ്ക്രീനിലേക്ക് മിനി നോക്കി.

ഷാരോണ് കാളിംഗ്...

"ആണോ? എഹ്? എവിടെ ആറ്റുകാലില്...ഓക്കേ...സാര് എന്ത് പറയുന്നു....പ്രാര്ഥിച്ചോ? ഓക്കേ....ഞങ്ങള് റെയിന്ബോ ഇന്നില്...എന്ത് ? എബി സാര്..വൈകിട്ട് ...ഓക്കേ ..ഇല്ല ..ഷുവര്..ഏറ്റെടാ..."

അവന് മൊബൈല് വെച്ചു.

"എന്താ ഷെല്ലി?"

"സാറും ഷാരോണും സിറ്റീല് ഉണ്ട്,"

"ആണോ? എവിടെ?"

"ഇപ്പൊ ആറ്റുകാല് ക്ഷേത്രത്തില്..."

"ആണോ? ഇങ്ങോട്ട് വിളിക്കാന് മേലാരുന്നോ? നമ്മള് ഇവിടെ ഉണ്ട് എന്ന് പറഞ്ഞില്ലേ?"

"പറഞ്ഞു പക്ഷെ, അവര് ഉടനേ റിട്ടേണ് ആണ്,"

ഒരു നിമിഷത്തെ നിശബ്ദത അവര്ക്കിടയില് ഘനീഭവിച്ചു.

"ഈ പാട്ട് ഇഷ്ടമാണോ ഷെല്ലിക്ക്?"

"അല്പ്പം ലൈറ്റ് ആണ്. നല്ല ലയമുണ്ട്. മിനിയ്ക്കോ?"

"ഇങ്ങനെ ഇവിടെ ഷെല്ലീടെ കൂടെ ഇരിക്കുമ്പം ...ഇറ്റ് ഈസ് സോ..."

അവള് ബാക്കിപറയാതെ അവനെ നോക്കി.

"ഈ പാട്ടിനു ഭയങ്കര ഫീല്; അല്ലേ?"

അവള് ചോദിച്ചു.

"അതെ,"

"ചില മെമ്മറീസ് ഒക്കെ വരും ..അങ്ങനത്തെ ഒരു പാട്ട്,"

"ആരുടെയേലും മെമ്മറി?"

അവന് കുസൃതിക്കണ്ണുകളോടെ അവളെ നോക്കി.

അവള് പുഞ്ചിരിച്ചു.

നാണം ഇരച്ചുകയറി അപ്പോള് അവളുടെ മുഖത്ത്.

എന്റെ ഈശോയേ...

ഷെല്ലി മനസ്സില് പറഞ്ഞു.

ഇങ്ങനെ നാണിച്ച് പുഞ്ചിരിക്കുമ്പോള് നീ അഴകിന്റെ അവസാന യൂനിറ്റ് ആയി മാറുന്നു പെണ്ണേ...

"പറയു ആരാ? നല്ല രസമുള്ള കഥയാണേല് കേള്ക്കട്ടെ ഞാന്..."

"ഞാന് ഇന്ന് അയാള്ടെ ഫോട്ടോ കാണിച്ചു തരാം...അത് കഴിഞ്ഞ് ഷെല്ലിയോട് എല്ലാം പറയാം,"

"ആര് യൂ....ആര് യൂ സീരിയസ് എബൌട്ട് ഹിം?"

"യെസ്, ഷെല്ലി...ഐം സീരിയസ് എബൌട്ട് ഹിം,"

അല്പ്പം നിരാശ തോന്നിയോ തനിക്ക്?

മിനിയ്ക്ക് ഒരു അഫയര് ഉണ്ട്.

അവനെ അവള്ക്ക് ജീവനുമാണ്.

താന് എന്തിനു നിരാശപ്പെടണം?

സന്തോഷിക്കണം.

തനിക്കൊരു ലക്ഷ്യമുണ്ട്.

തന്റെ ലക്ഷ്യത്തിലേക്കുള്ള പാതയില് എല്ലാ ബന്ധങ്ങളും തടസ്സമാണ്.

അവന് ഉറപ്പിച്ചു.

***************************************************

റഫീക്ക് എഡിറ്റോറിയല് സെന്ഡ് ചെയ്ത് കഴിഞ്ഞപ്പോഴേക്കും രണ്ടു മണിയായി.

അവന് മൂരി നിവര്ത്തി.

"സച്ച് എ ടയറിംഗ് ഡേ,"

അവന് കോട്ടുവായിട്ടു.
അപ്പോഴേക്കും നിഷ ഒരു ട്രേയില് കാപ്പിയുമായി വന്നു.
"നീയാണ് പെണ്ണ്!"
അവള് ട്രേ മേശപ്പുറത്ത് വെച്ച് ഒരു കപ്പ് അവന്റെ നേരെ നീട്ടിയപ്പോള് റഫീക്ക് പറഞ്ഞു.
"ഓഹോ...അത് ശരി,"
അവള് കൃത്രിമ ദേഷ്യം കാണിച്ചു.
"നീയാണ് ആണ് എന്ന് ഞാന് പറയില്ല. എനിക്കതില് സംശയം ഇല്ല. അത് കൊണ്ട്...അത് ഞാന് നേരത്തെ കണ്ടു പിടിച്ചതാ,"
"റിയലി..."
വാഷ്ബേസിനില് വായും മുഖവും കഴുകിക്കഴിഞ്ഞ് കാപ്പി കപ്പ് എടുത്തുകൊണ്ട് അവന് കൃത്രിമ ഗൌരവത്തില് ചോദിച്ചു.
നിഷ അവന്റെയടുത്ത് സോഫയില് മുട്ടിയുരുമ്മിയിരുന്നു.
കാപ്പി കുടിച്ച് കഴിയുവോളം അവര് സംസാരിച്ചതത്രയും ഷാരോണിനെയും നന്ദകുമാറിനെയും കുറിച്ച്.
"എന്ത് തോന്നുന്നു?"
നിഷ ചോദിച്ചു.
"ഷാരോണിനെക്കുറിച്ചാണോ?"
"യാ,"
"അതിപ്പോ നിഷേ അവള്ടെ വിവാഹം ഏതാണ്ട് ഒക്കെ ഫിക്സഡ് അല്ലേ? ആ മന്ത്രിപുത്രനുമായിട്ട്?"
കാപ്പിക്കപ്പ് ടെയില് തിരികെ വെച്ച് നിഷയെ മടിയിലേക്ക് തിരിച്ചിരുത്തി, നെഞ്ചിലേക്ക് ചായ്ച്ചു കിടത്തി, കൈകള് കൊണ്ട് വയറിനു ചുറ്റും പിടിച്ച് അവന് ചോദിച്ചു.
"എന്റെ റഫീഖെ അത് ആ മിനിസ്റ്റര് ....അയാള്ക്ക് താല്പ്പര്യം തോന്നീട്ട് പറഞ്ഞെന്നല്ലേയുള്ളൂ ? അയാടെ മോന് വേണ്ടീട്ട്? മാത്രമല്ല, അയാള് അത്ര കൊള്ളാവുന്നയാള് ആയിരുന്നേല് ഒരു തവണ എങ്കിലും വരാരുന്നല്ലോ,"
ശരിയാണ്, റഫീക്ക് ഓര്ത്തു.
"ഹോസ്പിറ്റലില് വെച്ച് എനിക്ക് തോന്നീത് ഞാന് പറയാം,"
അവന്റെ കൈകള് മുകളിലേക്ക് അരിച്ചെത്തിയപ്പോള് അവള് ഒന്ന് കൂടി ഇളകിയിരുന്നു.
"പറയെടാ,"
റഫീക്ക് അവളുടെ കഴുത്തിന് നേര്ക്ക് ചുണ്ടുകളടുപ്പിച്ച് മന്ത്രിച്ചു.
"പറയില്ല,"
അവളുടെ മന്ത്രിക്കുന്ന സ്വരം അവന് കേട്ടു.
"അതെന്താ?"
"നിന്റെ കൈയ്യിപ്പം എവിടെയാ?"
"ഇവിടെ,"
അവന് അവളുടെ ഉന്നതമായ മാറിടത്തില് പതിയെ തലോടിക്കൊണ്ട് പറഞ്ഞു.
"ഹ്മം..."
അവള് കുറുകി.
"അവിടെ നിന്റെ കയ്യിരിക്കുമ്പം...മോനേ എനിക്ക് ...വേറൊന്നും പറയാന് പറ്റില്ല..."
റഫീഖിന്റെ ഇടത് കൈ അവളുടെ മടിയിലേക്ക് താഴ്ന്നു.
മിനി സ്കര്ട്ടിലൂടെ വെളിയില് കാണാവുന്ന ശില്പ്പഭംഗിയുള്ള നീണ്ട തടിച്ച തുടകളില് അവന്റെ കൈത്തലം തലോടി നീങ്ങി.
"ഹ്മം,"
അവള് പെട്ടെന്ന് അവന് അഭിമുഖമായി തിരിഞ്ഞിരുന്നു.
പിന്നെ അടക്കാനാവാത്ത ആസക്തിയോടെ അവള് അവന്റെ അധരം കടിച്ച് അമര്ത്തി ചുംബിച്ചു.
"എനിക്ക് വേണം,"
കരളിലുറഞ്ഞെഴുന്നേറ്റ പ്രണയാവേശത്തിന്റെ ഉന്മുക്തമായ സ്വരത്തില് നിഷ അവനോടു പറഞ്ഞു.
"വാ,"
അവന് അവളെ എഴുന്നേല്പ്പിച്ചു.
അവള് പെട്ടെന്ന് എഴുന്നേറ്റു.
അകത്തേക്ക് നടക്കുന്നതിനിടയില് അവള് ടോപ്പിന്റെ കുടുക്ക് അഴിക്കാന് തുടങ്ങി.
അപ്പോഴാണ് മൊബൈല് ശബ്ദിച്ചത്.
നിഷാ അതെടുത്തു.
"ആര്. എം 3"
സ്ക്രീനില് തെളിഞ്ഞുകണ്ട നമ്പര് നോക്കി നിഷ പറഞ്ഞു.
"ടാ മിനിസ്റ്റര് പീലിപ്പോസ് കുരുവിള,"
അവള് ഫോണ് പെട്ടെന്ന് റഫീഖിന് കൈമാറി.
റവന്യൂ മന്ത്രി പീലിപ്പോസ് കുരുവിളയോ അയാളുടെ ആളുകളോ വിളിച്ചിട്ടുള്ള നമ്പര് മുഴുവന് അവന് അങ്ങനെയാണ് സേവ് ചെയ്തിരിക്കുന്നത്.

അവന് പെട്ടെന്ന് വോയിസ് റെക്കോഡ് ഓണ് ചെയ്തു.

"സാര്,"

റഫീഖ് സംസാരം തുടങ്ങി.

"ഓക്കേ..ശരി..ശരി സാര്,"

അവന് ഫോണ് വെച്ചു.

"എനിതിംഗ് സീരിയസ്?"

കുട്ടക്കുകള് വീണ്ടും തിരികെയിട്ടുകൊണ്ട് അവള് ചോദിച്ചു.

"ദ ബിഗ്!"

അവന് ഗൌരവത്തില് പറഞ്ഞു.

നിഷയും ഗൌരവാന്വിതയായി.

"തെളിച്ച് പറയെടാ,"

"ശക്തി സിങ്ങ് ചന്ദ്രാവത്തും അയാള്ടെ ആള്ക്കാരും ഇപ്പോള് ഇങ്ങോട്ട് വരുന്നു,"

നിഷയുടെ മുഖത്ത് നേരിയ ഒരു സംഭ്രമം അവന് കണ്ടു.

"എന്താടീ?"

അവള് ഒന്നും പറഞ്ഞില്ല.

"നിഷേ?"

അവള് അയാളെ നോക്കി.

"നിനക്ക് ഭയമാണോ?"

അവള് അയാളെ നിറ കണ്ണുകളോടെ നോക്കി.

"സര്ക്കാര് പ്രത്യേക അനുവാദത്തോടെ ലൈസന്സുള്ള ഗണ്സ് തന്നിരിക്കുന്ന പതിനാലു ജേണലിസ്റ്റുകളില് ഒരാളാണ് ഞാന്..."

അവന് പറഞ്ഞു.

പിന്നെ ഷെല്ഫ് തുറന്ന് ഒരു കറുത്ത ബാഗ് എടുത്തു.

അത് തുറന്ന് ഒരു റിവോള്വര് പുറത്തെടുത്തു.

"കലാഷ്നിക്കോവ്,"

അതില് നോക്കി അതിലെ മുദ്രണം അവന് വായിച്ചു.

"റഷ്യന്,"

"മുമ്പ് മന്മോഹന് സിംഗ് സര്ക്കാരിന്റെ കാലത്താണ് ഇവന് ഇന്ത്യയില് ആദ്യമായി എത്തുന്നത്. ദ ബെസ്റ്റ് ഇന് ദ വേള്ഡ്,"

അവന് ആയുധം അന്തരീക്ഷത്തിലേക്ക് ഉയര്ത്തി.

"നട്ടിരിക്കുന്ന കപ്പപോലും പന്നികള് കുത്തിമലര്ത്തിയിട്ടിരിക്കുന്നത് കണ്ടിട്ടും പാവങ്ങള് വിശന്നിട്ടല്ലേ മോനേ എന്ന് പറഞ്ഞ ഒരു വാപ്പയുടെ മോനാണ് ഞാന്,"

നിഷ മാറിയ ഭാവത്തോടെ അവനില് നിന്ന് പുറപ്പെടുന്ന വാക്കുകളുടെ വികരമുള്ക്കൊണ്ട് നിന്നു.

"പക്ഷെ അതേ വാപ്പയുടെ മോനാണ് ഹറാം പിറപ്പ് തൊഴിലാക്കിയ ഒരുത്തന്റെ പല്ലടിച്ച് പറിച്ച് ലോകത്തിലെ ഞാന് കണ്ട ഏറ്റവും സുന്ദരിയായ ഒരു പെണ്ണിനെ നെഞ്ചോട് ചേര്ത്തത്...."

നിഷയും അതുതന്നെയാണ് ഓര്ത്തത്.

അഭിജാതരുടെ മാത്രം സങ്കേതമായ കൊണാട്ട്പ്ലേസിലെ ഒരു നൈറ്റ് ക്ലബ്ബില് എ ഐ ഐ എം എസിലെ കാര്ഡിയോളജി ഹെഡ് ഡോക്ടര് മനീഷ് തിവാരിയെ ആദരിക്കുന്ന ഒരു ചടങ്ങ് നടക്കുകയായിരുന്നു.

ഒരു വര്ഷം മുമ്പ്.

യുനെസ്കോയുടെ ഒരു വിശിഷ്ട അവാര്ഡിനനര്ഹനായി ആ വര്ഷം അദ്ദേഹം.

അദ്ധേഹത്തെ ഇന്റര്വ്യൂ ചെയ്ത ആളെന്ന നിലയില് റഫീഖിനും ക്ഷണമുണ്ടായിരുന്നു.

അവിടെ വെച്ചാണ് അന്ന് ആദ്യമായി നിഷയെക്കാണുന്നതും കണ്ട് കൊതിക്കുന്നതും.

പാര്ട്ടിയുടെ മധ്യത്തിലാണ് സുഭഗനായ ഒരു ചെറുപ്പക്കാരനും കൂടെ നാലഞ്ച് കൂട്ടുകാരും രംഗപ്രവേശം ചെയ്യുന്നത്.

പ്രത്യേകിച്ച് മുഖവുരയൊന്നും കൂടാതെ അയാള് നിഷയെ സമീപിക്കുകയായിരുന്നു.

അവള് അയാളെ കണ്ട് ഭയന്ന് സംഭ്രമിച്ചു.

മറ്റൊന്നും പറയാന് നില്ക്കാതെ അയാള് നിഷയുടെ കയ്യില് കടന്നുപിടിച്ചു.

ആളുകള് സ്തംഭിച്ചു നിന്നു.

പ്രതികരിക്കാന് തുടങ്ങിയവര്ക്ക് നേരെ അയാള് ഒരു പ്ലാസ്റ്റിക് കവറില് പൊതിഞ്ഞു പിടിച്ച കത്തിയെടുത്ത് വീശി.

"ഇന്നത്തെ രാത്രിയോടെ ആയുസ്സ് തീരുന്നവര് മാത്രം മുമ്പോട്ട് വന്നാല് മതി,"

തണുത്ത നിര്വ്വികാരമായ ശബ്ദത്തില് അയാള് പറഞ്ഞു.

ചടങ്ങില് അതിഥിയായി വന്ന കേന്ദ്രമന്ത്രിയെ യാത്രയാക്കാന് പ്രവേശന കവാടത്തിലേക്ക് പോയതായിരുന്നു താന് അപ്പോള്.

തിരികെ വരുമ്പോള് കാണുന്ന രംഗമാണത്.

താന് അയാള്ക്കും കൂട്ടാളികള്ക്കും വിലങ്ങനെ നിന്നു.

"എന്റെ ആയുസ്സ് ഇന്ന് രാത്രി തീരുമോ നാളെ രാത്രി തീരുമോ എന്നൊന്നും എനിക്കറിയില്ല."

വികാരരഹിതമായ അയാളുടെ സ്വരം അനുകരിച്ച് താന് പറഞ്ഞു.

"പക്ഷെ മിസ്റ്റര് സഞ്ജയ് സിംഗ് ചന്ദ്രാവത്,"

അയാളുടെ കണ്ണുകളില് നോക്കി ദൃഢസ്വരത്തില് താന് പറഞ്ഞു.

"ഇന്ന്രാത്രി നീ എവിടെയായിരുകുമെന്ന് കൃത്യമായി ഞാന് പറയാം. കൊണാട്ട്പ്ലേസ് സെക്കണ്ട് നമ്പര് പോലീസ് സ്റ്റേഷനില്,"

"ആരെടാ നീ?"

സഞ്ജയ് സിംഗ് ചന്ദ്രാവത് മുരണ്ടു.

"നിനക്കെങ്ങനെ എന്റെ പേരറിയാം?"

"റഫീക്ക് ജാവേദ്. ദാറ്റ്സ് മൈ നെയിം. ഡെപ്യൂട്ടി എഡിറ്റര്, ഇന്ത്യാ ടൈംസ്. റ്റു നോ പീപ്പിള് ലൈക് യു ഈസ് പാര്ട്ട് ഓഫ് മൈ ജോബ്,"

"പോലീസ് സ്റ്റേഷന്..ഹഹഹ,"

അയാള് ചിരിച്ചു.

കൂടെയുള്ളവരും.

"എനിക്ക് അന്തിയുറങ്ങാന് മാത്രമുള്ള പോലീസ് സ്റ്റേഷനൊന്നും ഈ രാജ്യത്തില്ല മിസ്റ്റര് ജേര്ണലിസ്റ്റ്,"

"അതെന്താ? നിനക്ക് നീളം ഒരു കിലോമീറ്ററും വീതി അരക്കിലോമീറ്ററുമുണ്ടോ?"

അവന്റെ പരിഹാസം അയാളെ ക്രുദ്ധനാക്കി.

"നാവുകൊണ്ട് സംസാരിക്കുന്നത് ഞാന് നിര്ത്തി ജേര്ണലിസ്റ്റേ,"

അയാള് റഫീഖിന്റെ നേരെ കത്തികാണിച്ചു.

"ഇനി ഒരു വാക്ക് ...അതുമതി നിന്റെ ചങ്കില് കത്തികേറാന്!"

പിന്നെ നിഷയുടെ കൈയിലെ പിടി അയാള് മുറുക്കി.

"വാടീ,"

അടുത്ത നിമിഷം കാതടപ്പിക്കുന്ന ഒരു സ്വരവും കത്തിയോടെ സഞ്ജയ് സിംഗ് ചന്ദ്രാവത് നിലത്തുവീണു മുരളുന്ന ശബ്ദവും എല്ലാവരും കേട്ടു.

"ഗ്വാളിയറിലെ പാവം മഹറുകളെയും ചമാറുകളേയും വിറപ്പിച്ചു ശീലമുള്ള നിനക്ക് ഇങ്ങനെയൊരു അടി കരണം നോക്കിത്തരാന് കേരളത്തില് നിന്നും ഒരു മേത്തന് തന്നെ വരേണ്ടി വന്നു,"

വിരല് ചൂണ്ടി അയാളുടെ നെഞ്ചിനു നേരെ വലതുകാലുയര്ത്തി റഫീക്ക് ഗര്ജ്ജിച്ചു.

"ഹേയ്!!"

കൂട്ടാളികള് റഫീഖിന്റെ നേരെ ആര്ത്തലച്ചു.

"കളരിമര്മ്മത്തെപ്പറ്റി എന്തെങ്കിലും ധാരണയുണ്ടോടാ നെനക്കൊക്കെ,"

മുഷ്ടി ചുരുട്ടിയുയര്ത്തി റഫീഖ് ചോദിച്ചു.

"അതുണ്ടെങ്കില് മാത്രം ഇങ്ങനെ കൂവിവിളിച്ചാല് മതി,"

"നിനക്കെന്നെ...ശരിക്ക് ..ശരിക്ക് ...അറിയില്ല.."

വായ് പോത്തി സഞ്ജയ്സിംഗ് ഭീഷണമായ സ്വരത്തില് റഫീഖിനോട് പറഞ്ഞു.

"ശരിക്കറിയാന് മോനേ സഞ്ജയ് സിങ്ങെ, നീ മഹാത്മാഗാന്ധീടെ കൊച്ചുമകനൊന്നുമല്ലല്ലോ..."

കൂട്ടുകാര് സഞ്ജയിനെ പിടിച്ചെഴുന്നേല്പ്പിക്കാന് ശ്രമിച്ചു.

"എഴുന്നേല്പ്പിക്കാന് കഴിയുന്നില്ലേല് വിഷമിക്കണ്ട... അതിനുള്ള ആളിപ്പം വരും. വന്നുകൊണ്ടിരിക്കുന്നുണ്ട്..സബ് ഇന്സ്പെക്ടര് ഫെര്ഡിനാന്ഡ് റെമോ. മനുഷ്യന്റെ നട്ടെല്ലുള്ള ഓഫീസര്...ങ്ഹാ വന്നല്ലോ,"

അപ്പോഴേക്കും യൂണിഫോമിട്ട പോലീസുദ്യോഗസ്ഥര് ഹാളിലേക്ക് പ്രവേശിച്ചു.

"സാര്,"

ഇന്സ്പെക്ടര് റെമോ ചോദിച്ചു.

"എന്താ പ്രശ്നം?"

"ഇവനാണ് പ്രശ്നം,"

സഞ്ജയ് സിങ്ങിന് നേരെ വിരല് ചൂണ്ടി റഫീക്ക് പറഞ്ഞു.

"ഫോര് ഡിസ്ഹോണെറിംഗ് വിമന്സ് മോഡസ്റ്റി. ഫോര് അറ്റംറ്റ് ഓഫ് കിഡ്നാപ്പിങ്ങ്. ഫോര് പോസ്സെസ്സിംഗ് ലെതല് വെപ്പന്സ്. ഫോര് ഇന്ട്രൂഡിംഗ്. ഫോര് ട്രേസ്പാസ്സിംഗ്..."

"ഓക്കേ ..ശരി സാര്..."

"റെമോ ചിരിച്ചു.

അതിനിടെ റഫീക്ക് സഞ്ജയ് സിംഗിന്റെയും കൂട്ടാളികളുടെയും ചിത്രങ്ങളുമെടുത്തിരുന്നു.

"ങ്ഹേ? ഇവന് സഞ്ജയ് അല്ലേ?"

അപ്പോഴാണ് ഇന്സ്പെകടര് അയാളുടെ മുഖം കാണുന്നത്.

"ഇവനല്ലേ കഴിഞ്ഞ മാസം എന്റെ കൈയില് നിന്ന് ചാണക്യപുരിയില് നിന്ന് വെട്ടിച്ച് കടന്നു കളഞ്ഞവന്?"

"അതാണ്!"

റഫീക്ക് അയാളെ നോക്കി.

"അപ്പോള് മോനേ കിമ കര്വത സഞ്ജയ...അയ്യോ മേത്തനാണേലും ഭഗവത് ഗീതയോക്കെ എന്നും വായിക്കുന്ന ആളാണെ. നീ കേട്ടിട്ടുണ്ടോ ആ പുണ്യഗ്രന്ഥം? ഒരു വരി... ഒരേയൊരുവരി ദിവസവും വായിച്ചാല് മതി എല്ലാ പിറപ്പകേടും മാറും... ഞാന് പറഞ്ഞു വരുന്നത് ...നിന്റെ അച്ചന് ശക്തി സിംഗ് ചന്ദ്രാവത് ഭിണ്ട് മൊറീന ചമ്പല് ഗ്വാളിയോര് ഭാഗത്തെ കിരീടം വെക്കാത്ത രാഷ്ട്രീയക്കാരന്..... ഭരിക്കുന്ന പാര്ട്ടീടെ ജില്ലാ പ്രസിഡന്റ്..... ഫോണ് ചെയ്താലൊന്നും ഒരു കാര്യോമില്ല. കാരണം നിന്നെ അറസ്റ്റ് ചെയ്തിരിക്കുന്ന ഇന്സ്പെക്ടര് മിസ്റ്റര് ഫെര്ഡിനാന്ഡ് റെമോ ആണ്...ഓക്കേ ..താങ്ക്യൂ ഇന്സ്പെക്ടര്...."

"ഞാനെന്തിനാ ഭയപ്പെടുന്നെ റഫീക്ക്?

നിഷ അവനെ ചേര്ത്തുപിടിച്ചുകൊണ്ട് ചോദിച്ചു.

"അയാളുടെ വരവിന്റെ ഉദ്ദേശം...അതില് കേരളത്തിലെ ഒരു മിനിസ്റ്ററുടെ ഇടപെടല്...നീ മുമ്പ് പറഞ്ഞ ആ ലിങ്ക് ....ആ നെക്സസ് ....അത് ശരിയായി വരുന്നുണ്ടല്ലോ എന്നോര്ക്കുമ്പോള്....കേരളത്തിലേക്കുള്ള നിന്റെ വരവ് ..അതൊക്കെ ഓര്ത്തപ്പോള്...ആ ഒരു ഭയമാണ്. അല്ലാതെ പെഴ്സണല് ആയി ഞാനെന്തിന് പേടിക്കണം? നീ എന്റെ മുമ്പില് നില്ക്കയല്ലേ ഒരു ഇസഡ് കാറ്റഗറി സെക്യൂരിറ്റിയായിട്ട്....."

റഫീക്ക് അവളെ കരവലയത്തിലമര്ത്തി.

"ഞാന് പറഞ്ഞ കാര്യങ്ങള് ശരിയായി വരുന്നുണ്ട് എന്നറിയുമ്പോള് സന്തോഷിക്കുവല്ലേ വേണ്ടത് എന്റെ ഡോക്ടറെ,"

"യെസ്..സന്തോഷമുണ്ട്...പക്ഷെ ..പക്ഷെ ...ഒരു വലിയ സംഘത്തോടാണ്....നീ എതിരിടുന്നത്..."

"ആര് പറഞ്ഞു? ഞാന് തനിച്ചോ? ഒരിക്കലുമല്ല....ഈ സ്റ്റേറ്റിലെ ഉശിരുള്ള പോലീസ് ഉദ്യോഗസ്ഥരില് ഒരാള് കണ്ണിലെണ്ണയൊഴിച്ചു നിരീക്ഷണത്തിലാണ് ഈ സംഘത്തെ..."

"റഫീക്ക്!"

പെട്ടെന്ന് നിഷ ഭയപ്പെട്ട് വിളിച്ചു.

റഫീക്ക് അവളെ നോക്കി.

"ഈ മിനിസ്റ്റര്...ഈ റവന്യൂ മിനിസ്റ്റര് ..അയാള് പീലിപ്പോസ് കുരുവിള അല്ലേ... റോയിയുടെ അച്ചന്? അതായത് ഷാരോണിന്റെ ഫിയാന്സീ?"

"അതാണ് ഡ്രാമ നിഷേ..."

അവരിരുവരും സോഫയില് വീണ്ടുമിരുന്നു.

"ഒരു പാര്ട്ടിയില് പീലിപ്പോസ് മന്ത്രി മുഖ്യമന്ത്രിയോട് തന്റെ മകന് മകളെത്തരാമോന്നു ചോദിക്കുന്നു. അവനു കല്യാണം കഴിക്കാന് അത്ര പ്രായവുമായിട്ടില്ല...ജസ്റ്റ് ഇരുപത് വയസ്സ്, ഇറ്റ് ഈസ് അണ് നാച്ചുറല്. മുഖ്യമന്ത്രി അത് എതിര്ക്കുന്നില്ല. ഇറ്റ് മീന്സ്...ഷാരോണിന്റെ അച്ഛനും ഈ നെക്സസില് അംഗമാണ്...അല്ല അങ്ങനെ അനുമാനിക്കാം ..സാഹചര്യത്തെളിവില്..."

നിഷയുടെ മുഖഭാവം മാറി.

"ശക്തി സിംഗ് ചന്ദ്രാവത്തിനെപ്പോലെ ദേശദ്രോഹിയുടെ വലയതിലോ? നീ പോടാ! ഷാരോണിന്റെ അച്ചന്! ഒരിക്കലും സാധ്യമല്ല..."

"ഒന്നും ഇപ്പോള് പറയാറായിട്ടില്ല എന്റെ നിഷേ,"

റഫീക്ക് പറഞ്ഞു.

"ഒന്നുമാത്രം എനിക്കറിയാം,"

അയാള് പുറത്തേക്ക് നോക്കി.

"ഞാന് ചെയ്ത ഏറ്റവും റിസ്കി അസൈന്മെന്റില് ഒന്നാണ് ഇത്. അഴിക്കുന്തോറും ഇരട്ടി കുരുക്ക് വീഴുന്ന ഒന്ന്. ജേര്ണലിസം ജസ്റ്റ് റിപ്പോര്ട്ടിംഗ് മാത്രമല്ല, ഇന്വെസ്റ്റിഗേഷനും കൂടിയാണ് എന്ന് കരുതുന്നവരെ ത്രില്ലടിപ്പിക്കുന്നത്ര റിസ്കി..."

അപ്പോഴേക്കും പുറത്ത് ഒരു കറുത്ത കാര് പ്രവേശിച്ചു.

"നിഷാ ക്വിക്!ആ ബാഗ് ഇങ്ങെടുക്കു,"

മേശക്കടിയിലെ ക്യാബിനിലെ ഒരു ചുവന്ന ബാഗ് ചൂണ്ടി റഫീക്ക് പറഞ്ഞു.

നിഷ ഉടന് തന്നെ അതെടുത്ത് അവന് കൊടുത്തു.

ബാഗ് തുറന്ന് റഫീക്ക് ഒരു വെളുത്ത പേനയെടുത്ത് പോക്കറ്റില് തിരുകി. വാച്ച് അഴിച്ചു വെച്ച് ബാഗില് നിന്ന് മറ്റൊരു വാച്ചെടുത്ത് ധരിച്ചു. മൈക്രോ ചിപ്പിന്റെ വലിപ്പമുള്ള ഒരു കറുത്ത വസ്തു മുമ്പില് തലമുടിയില് വെച്ചു.

അപ്പോഴേക്കും കാളിംഗ് ബെല് ശബ്ദിച്ചു.

നിഷയോട് സോഫയില് ഇരിക്കാന് ആംഗ്യം കാണിച്ച് റഫീക്ക് സാവധാനം കതക് തുറന്നു.

മുമ്പില് ആജാനുബാഹുവായ ഒരു മധ്യവയസ്കന് വായ നിറയെ ചിരിയുമായി നില്ക്കുന്നു.

ഉത്തരേന്ത്യന് വസ്ത്രധാരണമാണ്.

അയാള്ക്ക് പിമ്പില് കരുത്തുറ്റ ശരീരത്തോട് കൂടിയ രണ്ട് ചെറുപ്പക്കാര്.

കറുത്ത വേഷത്തില്.

ഇവന്മാര് ഷാജി നടേശന്റേം കീരിക്കാടന് ജോസിന്റേം ഡ്യൂപ്പ് ആണോ?

റഫീക്ക് മനസ്സില് ചോദിച്ചു.

ഓരോരുത്തരുടേയും കൈയില് രണ്ട് വലിയ സ്യൂട്ട്കേസുകള്.

റഫീക്ക് നെറ്റിചുളിച്ച് സംശയത്തോടെ അയാളെ നോക്കി.

"മിസ്റ്റര്...മിസ്റ്റര് ശക്തി സിംഗ് ചന്ദ്രാവത്?"

അവന് ഭീകരമായ അജ്ഞത നടിച്ച് ചോദിച്ചു.

"വൌ!! സബാഷ്!! നിങ്ങളുടെ ഓര്മ്മ ശക്തി അപാരം! എന്നെ നേരിട്ട് ഒരിക്കല്പ്പോലും കണ്ടില്ലെങ്കിലും എന്റെ പേര് നിങ്ങള് ഓര്ത്തു,"

ബോജ്പുരി ചുവയുള്ള ഹിന്ദിയില് അയാള് പറഞ്ഞു.

"പൊക്കിപ്പറഞ്ഞതിനു നന്ദി,"

റഫീക്ക് അയാള് പറഞ്ഞു തീര്ന്നയുടനെ പ്രതിവചിച്ചു.

"ഓര്മ്മയില്ലാത്തവന് പറഞ്ഞിട്ടുള്ള പണിയല്ല ജേര്ണലിസം. പിന്നെ... ഇതില്പ്പിന്നെ വലിയ മാജിക് ഒന്നുമില്ല. മിസ്റ്റര് ചന്ദ്രാവത് എന്നൊരാള് എന്നെ ഇപ്പോള് ഇവിടെ കാണാന് വരുമെന്ന് മിനിസ്റ്റര് പീലിപ്പോസ് ഇപ്പോള് വിളിച്ചു പറഞ്ഞതേയുള്ളൂ,"

അയാള് അകത്തേക്ക് കയറി.

നിഷ എഴുന്നേറ്റു.

നിഷയുടെ ശരീര ഭംഗിയുടെ നിമ്നോന്നതികളില് അയാളുടെ കണ്ണുകള് ഇഴഞ്ഞു.

"ഈ സുന്ദരി?"

നിഷയുടെ നേരെ ചൂണ്ടി അയാള് റഫീഖിനോട് ചോദിച്ചു.

മുമ്പിലെ കസേരയിലേക്ക് റഫീക്ക് വിരല് ചൂണ്ടി.

"ഇരിക്കൂ. എന്നിട്ട് എന്നെക്കൊണ്ട് നിങ്ങള്ക്ക് എന്ത് സഹായമാണ് വേണ്ടതെന്ന് പറയൂ,"

ശക്തിസിംഗ് പുറത്ത് നിന്ന തന്റെ കൂട്ടാളികളോട് അകത്തേക്ക് വരാന് ആംഗ്യം കാണിച്ചു.

"ആ പെട്ടികള് രണ്ടും മേശപ്പുറത്ത് വെച്ചേക്കൂ,"

അവര് അപ്രകാരം ചെയ്തു.

"ഇനി പുറത്ത് വെയിറ്റ് ചെയ്യൂ,"

അവര് വെളിയിലേക്ക് പോയി.

"മുകേഷ്,"

അതിലൊരുവനെ അയാള് വിളിച്ചു.

ഷാജി നടേശനെപ്പോലെ തോന്നിച്ചവന് തിരിഞ്ഞു നിന്നു.

"ആ കതക് അടച്ചേക്കൂ,"

കതകടച്ച് അയാള് പുറത്തേക്ക് പോയപ്പോള് അയാള് റഫീഖിനെ നോക്കി.

"ആ റഫീക്ക് സാര്,"

ശക്തി സിംഗ് റഫീഖിനെ നോക്കി.

"രാജ്യസേവനം എന്റെ രക്തത്തില് കലര്ന്ന ഒരു വികാരമാണ്,"

അയാള് നീണ്ട ഒരു പ്രഭാഷണത്തിന് മുന്നോടിയെന്നോണം പറഞ്ഞു തുടങ്ങി.

"വെറും വികാരം മാത്രമല്ല എന്നും പ്രവര്ത്തിയിലൂടെ തെളിയിക്കുന്ന വ്യക്തിയുമാണ്. ഉത്തരവാദത്തപ്പെട്ട ഒരു പത്രപ്രവര്ത്തകന് എന്ന നിലയില് താങ്കള്ക്ക് അത് അറിവുള്ളതുമാണ്,"

റഫീക്ക് ചിരിക്കാന് ശ്രമിച്ചു.

"ഞാന് കാര്യത്തിലേക്ക് വരാം,"

മിനി സ്കര്ട്ടിന് താഴെ വിമോഹനമായി ദൃശ്യമാകുന്ന നിഷയുടെ തുടകളിലേക്ക് കണ്ണോടിച്ചുകൊണ്ട് അയാള് തുടര്ന്നു.

"റാന് ഓഫ് കച്ചില്, ശ്രീനഗറില് പിന്നെ ഷില്ലോങ്ങില് ഞാന് മൂന്ന് ആയുര്വേദ മരുന്ന് നിര്മ്മാണ ഫാക്ടറികള് തുടങ്ങുന്നു. ഇന്ത്യയിലെ ബഹുഭൂരി പക്ഷം വരുന്ന പട്ടിണിപ്പാവങ്ങള്ക്ക് വിലകൂടിയ ഇംഗ്ലീഷ് മരുന്നുകള് വാങ്ങിക്കാന് കഴിയുന്നില്ല. ഇന്ത്യന് ഔഷധ മാര്ക്കറ്റ് ഏതാനും രണ്ടോ മൂന്നോ വിദേശക്കുത്തകക്കമ്പനികളുടെ നിയന്ത്രണത്തിലാണ്...."

റഫീക്ക് ശ്രദ്ധയോടെ കേട്ടു.

"നിങ്ങള് ചെയ്യേണ്ടത് എന്റെ ഈ സംരംഭത്തെക്കുറിച്ച് നിങ്ങളുടെ പത്രത്തില്തുടര്ച്ചയായി എഴുതണം എന്നതാണ്. നിങ്ങള് ഈ രാജ്യത്തെ ഏറ്റവും നല്ല പത്രപ്രവര്ത്തകരില് ഒരാളാണ്. നിങ്ങള് എഴുതുന്നതെന്തും ആളുകള് വിശ്വസിക്കുന്നു. നിങ്ങളുടെ ഒരു ലേഖനം മതി സര്ക്കാരിന് വിശ്വാസയോഗ്യമാകാന്. ഫാക്ടറി നിര്മ്മാണ ത്തിനു മുമ്പിലുള്ള തടസ്സങ്ങള് ഒക്കെ മാറാന് നിങ്ങളെപ്പോലെ ഒരു ജേര്ണലിസ്റ്റ് എനിക്ക് വേണ്ടി സംസാരിച്ചാല് മാറും..."

അയാള് ഒന്ന് നിര്ത്തി റഫീഖിനെ നോക്കി.

"ശ്രീനഗറില് നിങ്ങള് നേരത്തെതന്നെ ഒരു ഫാക്ടറിയുണ്ടാക്കിയിട്ടുണ്ട്."

റഫീക്ക് പറഞ്ഞു.

"മരിച്ചുപോയ സുമിത്രാ സെന് എന്ന ജേര്ണലിസ്റ്റ് അതിനെക്കുറിച്ച് റിപ്പോര്ട്ട് ചെയ്തത് അത് മരുന്ന് നിര്മ്മാണത്തിന്റെ മറവില് നിയമവിരുദ്ധ ആയുധനിര്മ്മാണമാണ് നടക്കുന്നതെന്നാണ്,"

"ആ ഫാക്ടറി എന്റെയല്ലല്ലോ സാര്,"

അയാള് പെട്ടെന്ന് പറഞ്ഞു.

"നിങ്ങളുടെയല്ല,"

റഫീക്ക് പരിഹാസച്ചുവയോടെ പറഞ്ഞു.

"ഇപ്പോള് തീഹാര് ജയിലില് കിടക്കുന്ന നിങ്ങളുടെ മകന് സഞ്ജയ് സിംഗ് ചന്ദ്രാവത്തിന്റെ ബിനാമി അന്വര് സയീദിന്റെ ഉടമസ്ഥതയിലായിരുന്നു അത്. ശ്രീമതി സുമിത്രാ സെന്നിന്റെ റിപ്പോര്ട്ടിലെ സത്യങ്ങളാണ് നിങ്ങളുടെ മകനെ ജയിലിലേക്കയച്ചത്,"

അയാളുടെ കണ്ണുകളിലേക്ക് റഫീഖ് സൂക്ഷിച്ചു നോക്കി.

"നോക്കൂ റഫീക്ക്,"

അയാള് തുടര്ന്നു.

"എനിക്ക് കുടുംബം എന്റെ രാജ്യമാണ്. എന്റെ സഹോദരരും മക്കളുമൊക്കെ ഈ രാജ്യത്തെ ജനങ്ങളാണ്. സഞ്ജയ് ഞാന് ജനിപ്പിച്ച മകനായിരിക്കാം...പക്ഷെ ....."

"നിങ്ങള്ക്കുറപ്പില്ലേ?"

റഫീക്ക് പെട്ടെന്ന് ചോദിച്ചു.

നിഷയ്ക്ക് ചിരിക്കാതിരിക്കാന് കഴിഞ്ഞില്ല.

"അല്ല, സഞ്ജയ് എന്റെ മകന് ആണ്..,"

അയാളും ചിരിച്ചെന്നു വരുത്തി.

"പക്ഷെ രാജ്യത്തിന്റെ നിയമങ്ങള് തെറ്റിച്ച ആ നിമിഷം അവന് എന്റെ മകന് അല്ലാതായിത്തീര്ന്നു. അതൊക്കെ പോട്ടെ. നിങ്ങള് എനിക്ക് വേണ്ടി ഈ സേവനം ചെയ്യുമെന്ന് ഞാന് വിശ്വസ്സിച്ചോട്ടെ?"

"വസ്തുതകള് റിപ്പോര്ട്ട് ചെയ്യുക എന്റെ ജോലിയാണ്. ഞാന് പഠിക്കട്ടെ അതെക്കുറിച്ച്,"

"ഒരു സേവനവും സൌജന്യമായി സ്വീകരിക്കാന് എനിക്കിഷ്ടമില്ല,"

അയാള് നിഷയെയും റഫീക്കിനെയും മാറി മാറി നോക്കിക്കൊണ്ട് പറഞ്ഞു.

"ഈ രണ്ടു പെട്ടികളിലും ചെറിയ രണ്ടു സമ്മാനങ്ങളാണ്,"

അയാള് എഴുന്നേറ്റു.

"ഇന്നലെ ടൈംസ് ഓഫ് ഹിന്ദുസ്ഥാനിലെ ആകാശ് മല്ഹോത്രയും ഭാര്യയും എന്റെ ഗസ്റ്റ് ഹൌസിലെ അതിഥികളായിരുന്നു. വളരെ നല്ല ആളുകള് പ്രത്യേകിച്ച് അയാളുടെ ഭാര്യ. എന്റെ കൂടെ അവര്....ഇവിടെ സാകേത് ഇന്റെര്നാഷണലില് എനിക്കൊരു സ്യൂട്ടുണ്ട്. ഇന്ന് രാത്രി നിങ്ങള് ഇവരെയും കൂട്ടി വരണം. അതിനാണ് ഈ പെട്ടി..."

പറഞ്ഞ് മുഴുമിക്കുന്നതിനു മുമ്പ് കാതടപ്പിക്കുന്ന ശബ്ദത്തില് അയാള് നിലം പതിച്ചു.

ഒരു പാര്വ്വതമിടിഞ്ഞ് തന്റെ ദേഹത്തേക്ക് വീണത് പോലെ അയാള്ക്ക് തോന്നി.

"അന്ന് മകന്..ഇന്ന് അച്ചന്...!"

റഫീക്ക് മുരണ്ടു.

"അശോക് മല്ഹോത്രയുടെ ഭാര്യ ഐശ്വര്യ നിന്റെ മടിയില് ക്കിടന്ന് മൌത്ത് പുഷ് അപ് ചെയ്യുന്നതിന്റെ ക്ലിപ്പ് എന്റെ കൈയ്യിലുണ്ട് ചന്ദ്രാവത്തെ,"

നിലത്തുനിന്ന് അയാളെ എടുത്തുയര്ത്തിക്കൊണ്ട് റഫീക്ക് പറഞ്ഞു.

"എനിക്ക് അമിതാബ് ബച്ചനെപ്പോലെ സൂപ്പര് ഡയലോഗടിക്കണമെന്നാഗ്രഹമില്ലാഞ്ഞിട്ടല്ല. പക്ഷെ എന്തിനാ അത്രേം ടൈമും എനര്ജീം വേസ്റ്റ് ചെയ്യുന്നേ?"

ഒരു കൈകൊണ്ട് അയാളുടെ കോളറില്പ്പിടിച്ച്, മുഷ്ടിചുരുട്ടി അയാളുടെ നേരെക്ക് നോക്കി അവന് ചോദിച്ചു.

"ചുരുട്ടിക്കൂട്ടി ഈ മുറീന്ന് പുറത്തേക്ക് എറിയുന്നെനു മുമ്പ് നേതാവിനോട് ചില ചോദ്യങ്ങള് ചോദിക്കട്ടെ,"

റഫീഖിന്റെ ക്രൌര്യത്തിനു മുമ്പില് അയാള് പകച്ചു.

"ഇന്ത്യയില് എത്ര സ്റ്റേറ്റുകളുണ്ട്?"

"നാല്പ്പത് ..അല്ല മുപ്പത്..."

"ഇന്ത്യയില് അവസാനം രൂപീകൃതമായ സംസ്ഥാനമേത്?"

"ചത്തീസ്ഗഡ്...അല്ല ഉത്തരാഖണ്ഡ്..."

"ഗാന്ധിജി മരിച്ചതെവിടെ വെച്ച്?"

പോബന്ധര്...അല്ല..അഹമ്മദാബാദ്.."

റഫീക്ക് കലികയറി ചിരിച്ചു.

"ഇന്ത്യയില് എത്ര സംസ്ഥാനങ്ങള് ഉണ്ടെന്നറിയില്ല....ഗാന്ധിജിയെപ്പറ്റി ഒന്നുമറിയില്ല....എന്നിട്ടും തൊഴില് രാഷ്ട്രസേവനം...ഫ്ഫൂ..."

ചുരുട്ടിയ മുഷ്ടി അയാളുടെ മുഖത്തേക്ക് താഴ്ന്നു.

"വേണ്ട...വേണ്ട...."

അയാള് വിലപിച്ചു.

റഫീക്ക് അയാളെ വാതില്ക്കലേക്ക് തള്ളി.

പിന്നെ മേശപ്പുറത്ത് നിന്ന് പെട്ടികള് എടുത്ത് തുറന്ന വാതിലിലൂടെ പുറത്തേക്ക് എറിഞ്ഞു.

ഷെല്ലി എബി സ്റ്റീഫന്റെ വീടിനു മുമ്പില് കാര് നിര്ത്തി.

"വാ,"

ഡോര് തുറന്ന് പുറത്തേക്കിറങ്ങാന് തുടങ്ങിക്കൊണ്ട് അവന് മിനിയോട് പറഞ്ഞു.

"ഇല്ല, ഷെല്ലി പോകൂ. എന്തെങ്കിലും അത്യാവശ്യമായിരിക്കും,"

അവളെ നോക്കി പുഞ്ചിരിച്ചതിനു ശേഷം ഷെല്ലി എബിയുടെ വീടിന് നേരെ നടന്നു.

നാലഞ്ചു മിനിട്ടുകള് കഴിഞ്ഞുപോയി.

ഷെല്ലി ഇനിയും വൈകുമോ?

അവള് അവന്റെ മൊബൈലിലേക്ക് വിളിച്ചു.

റിംഗ് ചെയ്യുന്ന ശബ്ദം കേള്ക്കുന്നുണ്ട്.

പക്ഷെ ഫോണെടുക്കുന്നില്ല.
"ചെന്ന് നോക്കിയാലോ?"
അവള് ചിന്തിച്ചു.
പിന്നെ കാറിനു വെളിയിലിറങ്ങി.
എബിയുടെ വീടിനുമുമ്പിലെത്തി ബെല്ലടിച്ചു.
എബി സ്റ്റീഫന് ഇറങ്ങി വന്നു.
"ങ്ഹാ, മിനിയോ?"
അവള് പുഞ്ചിരിച്ചു.
"ഗുഡ് ഇവെനിംഗ് സാര്,"
അവള് പറഞ്ഞു.
"ഷെല്ലി ഇങ്ങോട്ട് വന്നിരുന്നു. പക്ഷെ..."
"അവന് അകത്തുണ്ട് ...അല്പ്പം തിരക്കിലാണ്."
താല്പ്പര്യമില്ലാത്ത രീതിയില് എബി പറഞ്ഞു.
"ഓക്കേ..സാര്..എന്നാല് ഞാന്..."
"ശരി ആയിക്കോട്ടെ,"
അവളെ വേഗം പറഞ്ഞുവിടാന് ഉത്സാഹിക്കുന്നപോലെ എബി പറഞ്ഞു.
മിനിയ്ക്ക് കണ്ണുകള് ഈറനണിയുന്നത് പോലെ തോന്നി.
"ങ്ഹാ മിനി,"
പിമ്പില് നിന്ന് എബി വിളിച്ചപ്പോള് അവള് തിരിഞ്ഞു നോക്കി.
"സാര്?"
"അത്യാവശ്യമാണെങ്കില് കണ്ടിട്ട് പൊക്കോളൂ,"
"അല്ല...അത് ..."
അവള് സംശയിച്ചു.
"ഉം,"
അയാള് മൂളലിലൂടെ നിര്ബന്ധിച്ചു.
"ഓക്കേ, സാര്, താങ്ക്യൂ സാര്,"
അവള് മുമ്പോട്ട് വന്ന് അകത്തു കടന്നു.
പെട്ടെന്ന് എന്തോ പൊട്ടിച്ചിതറുന്ന, എന്തൊക്കെയോ വാരിവിതറപ്പെടുന്നതുപോലെ അവള്ക്ക് തോന്നി.
വര്ണ്ണക്കടലാസുകള്.
ബലൂണുകള്.
അവള്ക്ക് ഒന്നും മനസ്സിലായില്ല.
പെട്ടെന്ന് ഭിത്തിയില് ഒരു ഫ്ലക്സ് ബാനര് അവള് കണ്ടു.
അതില് എഴുതിയ വാക്കുകള് അവളെ അതിരില്ലാത്ത വിസ്മയത്തിലാഴ്ത്തി.
"പ്രിയപ്പെട്ട മിനി മോള്ക്ക് ജന്മദിനാശംസകള്"
മുമ്പിലെ മേശപ്പുറത്ത് അലങ്കരിച്ച് ഒരുക്കിയ കേക്ക്.
മുറി മുഴുവന് കമനീയമായി തോരണങ്ങളാലും ബലൂണുകളാലും അലങ്കരിച്ചിരുന്നു.
പെട്ടെന്ന് അടുത്ത മുറികളില് നിന്ന് കുറെ ആളുകള് ഓടിക്കൂടി.
അവരെക്കണ്ട് അവളുടെ അദ്ഭുതം പിന്നെയും കൂടി.
നന്ദകുമാര്, എബിയുടെ ഭാര്യ സെലിന്, റഫീക്ക്, നിഷ, ഷാരോണ്, അവസാനം ഷെല്ലിയും.
പിന്നെ ഉച്ചത്തില് കാതടപ്പിക്കുന്ന ശബ്ദത്തില് ക്വയര്.
"ഹാപ്പി ബെര്ത്ത് ഡേ റ്റു യൂ ...
ഹാപ്പി ബെര്ത്ത് ഡേ റ്റു യൂ...
ഹാപ്പി ബെര്ത്ത് ഡേ ഡിയര് മിനി മോള്
ഹാപ്പി ബെര്ത്ത് ഡേ റ്റു യൂ...
മെയ് ഗോഡ് ബ്ലെസ്...."
ഷാരോണും സെലിനും നിഷയും മുമ്പോട്ട് വന്ന് അവളുടെ കവിളില് മാറി മാറി ഉമ്മവെച്ചു.
മിനിയുടെ കണ്ണുകള് നിറഞ്ഞൊഴുകി.
ഷാരോണ് അവളെ അമര്ത്തിപ്പുണര്ന്നു.
"എന്റെ മമ്മി...മമ്മി മരിച്ചേപ്പിന്നെ ഞാന്...ഞാന് ഇതുവരേം...."
അവര് അവളെ ചേര്ത്ത് പിടിച്ചു.
പിന്നെ കേക്ക് മുറിച്ചു.

ആദ്യം അവള് അത് ഷാരോണിന് കൊടുത്തു.

തുടര്ന്ന് ഷാമ്പെയിന് ബിയര് ബോട്ടിലുകള് തുറക്കുന്ന ശബ്ദം മനം കുളിര്പ്പിക്കുന്ന രുചികരമായ ഭക്ഷണത്തിന്റെ മണം, സന്തോഷം അതിന്റെ ഉച്ചസ്ഥായിയിലെത്തിയ ചിരിയും സംസാരവും.

സംഗീതവും തമാശകളും.

"സാറിന്റെ കൈയില് എന്താ ചേച്ചി."

നന്ദകുമാറിനെ നോക്കി മിനി ഷാരോണിനോട് ചോദിച്ചു.

"പൈനാപ്പിള് ജ്യൂസാ മോളെ,"

ഷാരോണ് ഉച്ചത്തില് പറഞ്ഞു.

എല്ലാവരും അവളെ നോക്കി.

"പാവം സാറിന്റെ ഇഷ്ടപാനീയങ്ങള് ഇപ്പോള് നാരങ്ങാ വെള്ളം, മുസമ്പി ജ്യൂസ്, കരിങ്ങാലി വെള്ളം, പച്ചവെള്ളം എറ്റ്സെട്രാ എറ്റ്സെട്രാ..."

എല്ലാവരും ഉച്ചത്തില് ചിരിച്ചു.

"നോക്കിക്കേ നിഷാ മാധവും സെലിന് മാധവുമൊക്കെ ബിയറാണോ കഴിക്കുന്നെ?"

മിനി അദ്ഭുതപ്പെട്ടു ചോദിച്ചു.

"എന്റെ കൊച്ചേ ഇവളുമാര് ഭയങ്കര അടികാരാ,"

എബി ഉച്ചത്തില് പറഞ്ഞു.

"ഇതൊന്നുമല്ല. നല്ല നാടന് കട്ടച്ചാരായമാ ഇഷ്ട ബ്രാന്ഡ്. ഇത് പിന്നെ മോളുടെ മുമ്പില്..."

"പോടാ ഒന്ന്,"

സെലിന് എബിയുടെ തോളില് പതിയെ അടിച്ചു.

"ആ കൊച്ച് ശരിക്കും വിശ്വസിക്കും കേട്ടോ,"

"പിന്നെ മറ്റൊരു പ്രധാന കാര്യം..."

വിരുന്നിന്റെ മദ്ധ്യേ റഫീക്ക് പറഞ്ഞു.

എല്ലാവരും അവനെ നോക്കി.

"ഒരു ഹാപ്പി ന്യൂസ് ആണ്. കൂടെ ഒരു സാഡ് ന്യൂസും,"

എല്ലാവരും റഫീഖിനെ ഉദ്വേഗത്തോടെ നോക്കി.

"സാഡ് ന്യൂസ് ആദ്യം പറയാം. കോളേജിന് ഒരു കായികാധ്യാപകനെ നഷ്ടപ്പെടുന്നു,"

എല്ലാവരും വിഷമത്തോടെ എബിയെ നോക്കി.

അയാള് പുഞ്ചിരിക്കുകയാണ്.

"അതെന്താ ചേച്ചി?"

മിനി വിഷാദത്തോടെ ഷാരോണിനോട് ചോദിച്ചു.

"അത് ..."

ഷാരോണ് പറയാന് തുടങ്ങി.

"ഇനി ഹാപ്പി ന്യൂസ്..."

"ഐ പി എസ് പരീക്ഷാഫലം പുറത്ത് വന്നു,"

റഫീക്ക് തുടര്ന്നു.

"ഇനി എബി സ്റ്റീഫന്, എബി സ്റ്റീഫന് ഐ പി എസ് എന്നറിയപ്പെടും,"

"വൌ!!!"

എല്ലാവരും ആഹ്ലാദിരേകത്തോടെ വിളിച്ചുകൂവി,

അയാളെ അവര് അഭിനന്ദനങ്ങള് കൊണ്ട് പൊതിഞ്ഞു.

"നാളെ കെട്ടുകെട്ടുകയാണ് പുത്തന് ഐ പി എസ്സുകാരന്. മൌണ്ട് അബുവിലേക്ക്. ട്രെയിനിംഗിന്,"

ആ വാര്ത്തയും അവര് ഹര്ഷാരവങ്ങളോടെ സ്വീകരിച്ചു.

പാര്ട്ടി കഴിഞ്ഞ് പിരിഞ്ഞുപോകാന് നേരം ഷെല്ലിയെ ഒറ്റക്ക് കണ്ടപ്പോള് മിനി അവന്റെ കൈയില് ഒരു പാക്കറ്റ് കൊടുത്തു.

"എന്താ ഇത്?"

അവന് ചോദിച്ചു.

"ഷെല്ലി ഇതാരെയും കാണിക്കരുത്,"

അവള് അടക്കിയ സ്വരത്തില് പറഞ്ഞു.

"ഇതൊരു ഫ്രെയിം ചെയ്ത ഫോട്ടോയാണ്. ഷെല്ലിയോട് മാത്രമാണ് ഞാന് ആ സീക്രട്ട് പറയുന്നെ,"

"എന്ത് സീക്രട്ട് ആണ് മിനി?"

"റെസ്റ്റോറന്റില് വെച്ച് പറഞ്ഞില്ലേ എനിക്ക് ...എനിക്ക് ..ഒരു അഫയര് ഉണ്ടെന്ന്..."

അവള് ലജ്ജകൊണ്ടു മൂടിയ മുഖത്തോടെ പറഞ്ഞു.

"ഓ..ഓക്കേ ..ഓര്ക്കുന്നു..യെസ് അയാളുടെ..."

"അയാളുടെ ഫോട്ടോയാണ് ഇതില്. ഇപ്പോള് നോക്കരുത്. എനിക്ക് ...എനിക്ക് ചമ്മല് ...ആകും..റൂമില് എത്തിക്കഴിഞ്ഞ് ...തനിയെ ഉള്ളപ്പോള് നോക്കിയാ മതി...ഓക്കേ?"

"ഓക്കേ,"

അവന് ചിരിച്ചു.

പാര്ട്ടിയും ആഹ്ലാദവുമൊക്കെക്കഴിഞ്ഞ് ഓരോരുത്തര് പിരിഞ്ഞു പോകാന് തുടങ്ങി.

മിനിയും ഷാരോണും ഹോസ്റ്റലിലേക്ക് പോയി.

റഫീഖും നിഷയും അപ്പാര്ട്ട്മെന്റ്ലേക്കും.

നന്ദകുമാര് എബി നിര്ബന്ധിച്ചത്കൊണ്ട് അവരുടെ കൂടെ താമസിക്കാന് തീരുമാനിച്ചു.

ഷെല്ലിയെ മിനി ഹോസ്റ്റലിന്റെ മുമ്പില് ഇറക്കി.

"മറക്കില്ല ഷെല്ലി...ഈ ദിവസം ഞാന്,"

അവള് വികാരഭരിതയായി പറഞ്ഞു.

"എനിക്ക് ഒരുപാട് ..എനിക്കറിയില്ല എന്താ പറയേണ്ടേ എന്ന്...ഞാനിത്രേം ഹാപ്പിയായ ഒരു ദിവസം ഇതിനു മുമ്പ് ഉണ്ടായിട്ടില്ല....എല്ലാത്തിനും കാരണം ...യൂ ...ഷെല്ലിയാണ്,"

അവള് അവന്റെ നേരെ കൈ നീട്ടി.

അവന് ആ കൈയില് അമര്ത്തിപ്പിടിച്ചു.

അവളുടെ കൈയില്നിന്ന് താപം സ്വീകരിച്ചു.

"പോട്ടെ, ഷെല്ലി,"

"ബൈ,"

അവന് പറഞ്ഞു.

പിന്നെ ഹോസ്റ്റലിലേക്ക് നടന്നു.

മുറിയില് പോള്സണ് ഇല്ലായിരുന്നു.

ഷെല്ലി കിടക്കയിലേക്ക് മറിഞ്ഞു.

പെട്ടെന്നാണ് മേശപ്പുറത്ത് വെച്ച, മിനി തന്ന പാക്കറ്റിനെപ്പറ്റി ഓര്ത്തത്.

"വിചിത്രം!"

അവന് പറഞ്ഞു.

"ബോയ് ഫ്രണ്ടിന്റെ പേരോ ഒന്നുമല്ല പറഞ്ഞത്. നേരിട്ട് ഫോട്ടോ തന്നിരിക്കുന്നു. ഹൈദരാബാദ് മൊത്തം ഇങ്ങനെ ആയിരിക്കും. തന്നതല്ലേ. എതായാലായും നോക്കാം. ചുള്ളന് ആരാന്നറിയാമല്ലോ. ചിലപ്പോള് നമ്മുടെ കോളേജില് നിന്ന് തന്നെ ആയിരിക്കും."

അവന് മേശപ്പുറത്ത് നിന്ന് ആ പാക്കറ്റ് എടുത്തു.

അഴിച്ചു.

അകത്ത് കണ്ട ഫ്രെയിമിലേക്ക് നോക്കി അവന് അമ്പരന്നു.

"മൈ ഗോഡ്!"

അവന് മന്ത്രിച്ചു.

ചുവന്ന പാക്കറ്റിനുള്ളി® ഹൃദയത്തിന്റെ ആകൃതിയിലുള്ള ഒരു കണ്ണാടിയായിരുന്നു ഉണ്ടായിരുന്നത്. അതി® റെ അരികുക® ഭംഗിയായി ഡിസൈ® ചെയ്തിരുന്നു. ഷെല്ലി അതി® ത® റെ മുഖം കണ്ടു. - “''ഇതി® അയാളുടെ ഫോട്ടോയുണ്ട്, '' - മിനിയുടെ ശബ്ദം അവ® കേട്ടു. ഇപ്പോ® താ® കാണുന്നത് ത® റെ മുഖമാണ് - മൂട® മഞ്ഞുള്ള പുലരിയി® മഞ്ഞചിത്രശലഭങ്ങ® ഒഴുകിപ്പരക്കുമ്പോ® മമ്മി ചോദിച്ചിരുന്നു. ''മോന് ആരെയാ വേണ്ടേ? അനിയനെ? അതോ അനിയത്തിയെയോ???? പ്രന്തണ്ട് വയസ്സ്കാരന് ഒട്ടും ആലോചിക്കേണ്ടി വന്നില്ല. """അനിയത്തി ,''' ഒരു മന്ത്രാനുഭൂതിയിലെന്നപോലെ അമ്മ അവ® റെ വാക്കുക® കേട്ടു. """ഇനി അനിയ® തന്നെയാണേലോ????? അമ്മ കവിളി® ഉമ്മ വെച്ചുകൊണ്ട് ചോദിച്ചു. 'അപ്പൊ കുട്ടന് മമ്മിയോട് ദേഷ്യം വരുവോ?'' ഉദ്യാനത്തി® ഡാലിയപ്പൂക്കളുടെ മേ® മഞ്ഞും ചിത്രശലഭങ്ങളുമിറങ്ങി ''ഇല്ല... മമ്മി എപ്പഴേലും ഒരനിയത്തിയെത്തന്നാ® തന്നാ മതി,'' നി® വൃതി പൊ® കതിരുക® പോലെ അമ്മയെ അപ്പോ® സ്പ® ശിച്ചു. ''മമ്മീ ,''??

അമ്മ തന്നെ നോക്കി

''അനിയത്തി വരുമ്പോ വാവയ്ക്ക് പപ്പാടെ മൊഖവോ മമ്മീടെ മൊഖവോ????? നിലാവി® വേണുനാദം കേ® ക്കുന്നത് പോലെ അമ്മ അപ്പോ® തന്നെ നോക്കി. “”കുട്ട® റെ മുഖം,'' അമ്മ ത® റെ മുഖത്തി® റെ മൃദുലത മുഴുവ® ഇരുകൈകളിലുമെടുത്തുകൊണ്ട് പറഞ്ഞു. തരളമായ പ്രഭാതത്തി® , ഉദ്യാനത്തിന് മുമ്പി® , ഡാലിയപ്പൂക്കളുടെമേ® മഞ്ഞും ചിത്രശലഭങ്ങളും നൃത്തം ഉടരുമ്പോ® അമ്മ അടുത്തിരുന്ന വാ® ക്കണ്ണാടിയെടുത്ത് ത® റെ മുഖത്തിന്- മുമ്പി® പിടിച്ചു. ''ഈ മുഖവാ വാവേ...വാവേടെ കുഞ്ഞനീതിക്ക്...'''' ഇപ്പോ® പുറത്ത് വസന്തത്തി® റെ രാസനിലാവ് വീണൊഴുകമ്പോ® മറ്റൊരു കണ്ണാടി ത® റെ കയ്യി® . മിനി തന്ന കണ്ണാടി

ഷെല്ലി കണ്ണാടിയി® നോക്കി. - ''ഇതി® അയാളുടെ ഫോട്ടോയുണ്ട്, രാ - ഗിറ്റാറി® റെ ഇമ്പമുള്ള, സ്വപ്നത്തി® മഴവില്ല് തളി® ക്കുന്ന, സ്വരത്തി® മിനി പറഞ്ഞത് അവ® ഓ® ത്തു. ഹൃദയത്തി® ഒരു സ്വപ്നാരാമം രൂപപ്പെടേണ്ട സമയമാണ്. ജന്മ സാക്ഷാത്ക്കാരമെന്ന് ഭൂമിയിലെ ഏറ്റവും പ്രതാപികളായ പുരുഷന്മാ® ക്ക് തോന്നാവുന്ന നിമിഷം.

ഹെല® റെ ചുണ്ടുകളിലാണ് സ്വ® ഗ്ഗം എന്ന് ഡോക്ട® ഹോസ്റ്റസിന് തോന്നിയത് ഇതുപോലെ ഒരു നിമിഷത്തിലായിരിക്കണം. - പെണ്ണേ, തുമഞ്ഞിലെ വെയി® നാളം പോലെ അനുപമമായ ഒരു നിമിഷം തന്നെയാണ്, ഇത്. പക്ഷെ ഈ നിമിഷത്തെ എനിക്ക് സ്വീകരിക്കാ® കഴിയില്ല. ലോകത്ത് നിന്നെ

സൃഷ്ടിച്ചയാളെക്കാളും സ്നേഹം എനിക്ക് നിന്നോടുണ്ടെങ്കിലും. ആകാശത്തേക്കാളും ഉയരമുള്ള, സമുദ്രത്തേക്കാളും ആഴമുള്ള പ്രണയതീക്ഷണതയാണ് എനിക്ക് നിന്നോടുള്ളതെങ്കിലും. ശരത്ക്കാലം തടാകത്തോട് ചെയ്യുന്നത്, വസന്തം കിസാന്തിമം പൂക്കളോട് ചെയ്യുന്നത്, മേഘങ്ങ® ഗിരിനിരകളോട് ചെയ്യാനാഗ്രഹിക്കുന്നത് കമ്പികുട്ട® .നെറ്റ്

കമ്പികുട്ട® .നെറ്റ് എനിക്ക് നിന്നോടും ചെയ്യാ® ആഗ്രഹമുണ്ടെങ്കിലും..... - നീ എനിക്ക് കരുണയോടെ ദാനം ചെയ്ത നി® റെ പ്രണയം രണ്ടിറ്റ് കണ്ണുനീ® ത്തുള്ളികളി® ചാലിച്ച്, ഹൃദയത്തി® റെ ഒരു ചീന്ത് പകുത്ത് വെച്ച് നിനക്ക് ഞാ® തിരിച്ചയക്കുകയാണ്. അമ്മയുടെ വിലാപം എ® റെ ഉറക്കത്തി® എന്നും തുള്ളിത്തുവുന്നുണ്ട്. ഇരുട്ടി® , പിന്തിരിഞ്ഞാട്ടുന്ന അമ്മയുടെ ഭയവിഹ്വലമായ രൂപം എ® റെ കണ്ണുക® ക്ക് മുമ്പി® - തിരശീലകളെയൊക്കെ തക® ത്ത് എന്നും കാഴ്ച്ചയാണ്. - ഷെല്ലി കണ്ണാടിയിലേക്ക് വീണ്ടും നോക്കി.

''ഞാനിഷ്ടപ്പെടുന്നയാ® ഈ ഫയിമിലുണ്ട്.'' - മിനിയുടെ ശബ്ദം.

'കുട്ടന് ഇഷ്ടമായോ??? അമ്മയുടെ മധുരപല്ലവി - ചിരിയുടെ അലക® ചുറ്റും നിറയുമ്പോ® ഡാലിയപ്പൂക്കളിളകുന്ന ഉദ്യാനത്തി® , മൂട® മഞ്ഞി® , മഞ്ഞചിത്രശലഭങ്ങളുടെയിടയി® തന്നെപ്പിടിക്കാ® പിന്നാലെ - ഓടിവരുന്നതാണ് അമ്മയെപ്പറ്റിയുള്ള അവസാനത്തെ നല്ല ഓ® മ്മ. - പിന്നെ നിരത്ത് വക്കി® രക്തം വാ® ന്ന്....

ഷെല്ലിയുടെ നെഞ്ച് പിടഞ്ഞു. അവ® കിടക്കയിലേക്ക് മറിഞ്ഞു. - തലയണയി® മുഖമമ® ത്തി. ‘‘'മമ്മീ...എനിക്ക്...??? - തലയണ കുതി® ന്നു.

- ഷാരോ® അശോകമരങ്ങ® ക്ക് താഴെ ഷെല്ലിയെക്കാത്തിരിക്കുകയായിരുന്നു. ഇലക്ഷ® ഡേറ്റ് പ്രഖ്യാപിച്ചിരുന്നു. ഇന്നാണ് നോമിനേഷ® സമ® പ്പിക്കാനുള്ള അവസാന

തീയതിയുമെന്ന് അവ® അറിഞ്ഞിരുന്നു. കഴിഞ്ഞ വ® ഷം ഈ സമയത്തൊക്കെ ഷെല്ലിയെ ഒരിക്കലും കിട്ടിയിരുന്നില്ല. ക്ലാസ് മുറികളി® നിന്ന് ക്ലാസ് മുറികളിലേക്ക് - കുതിക്കുകയായിരുന്നു. പ്രസംഗങ്ങ® , മുദ്രാവാക്യങ്ങ® വിളിച്ച് മുമ്പി® , എതിരാളികളെ തറപറ്റിക്കുന്ന ത® ക്ക വിത® ക്കങ്ങളി® .... - ഇപ്പോ® അവനില്ലാത്ത എസ് എഫ് കേ... അവ® ക്ക് വിഷമം തോന്നി. അവനെന്താ വരാത്തെ? ഷാരോ® മൊബൈലെടുത്തു.

ഷെല്ലിയെ വിളിക്കാ® തുടങ്ങുമ്പോ® തൊട്ടുമുമ്പി® മിനി - ‘‘'ഹോ !???? - ഷാരോ® പെട്ടെന്ന് പറഞ്ഞു. - 'സുന്ദരിക്കുട്ടി ഇതെപ്പോ വന്നു??? - ‘‘'മോളീന്ന് നോക്കീട്ടും ചേച്ചി ഇവിടെ ഇരിക്കുന്നെ കണ്ടു. അപ്പൊ. - ഷാരോണി® റെ അടുത്ത് ഇരുന്ന് അവ® പറഞ്ഞു. ഇന്ന് എന്താണ് ഇവ® ക്ക് ഇത്ര സൌന്ദര്യം? ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു സ്വ® ണ്ണത്തിളക്കം കണ്ണുകളി® നനവ് അധരത്തിന്. ശരീരത്തിലൊക്കെ ഒരു പ്രത്യേക ചടുലത. - 'എന്താ ?'' - ഷാരോ® തന്നെ ചൂഴ്ന്ന് നോക്കുന്നത് കണ്ട് - മിനി ചോദിച്ചു. - 'എന്ത് പറ്റി മോ® ക്ക് ഒരു പ്രത്യേക... രാ ബാക്കിപറയാനാകാതെ ഷാരോ® അവളെ നോക്കി.

'ചേച്ചിയോട് .....എനിക്ക് ഒരു കാര്യം...'' - മിനി സംശയിച്ച് അവളെ നോക്കി

അവളുടെ മുഖം ലജ്ജകൊണ്ട് കൂടുത® ചുവന്നു. കൂടുത® മനോഹരമായി. ‘‘'മിനി ഹൈദരാബാദ്....അല്ല ഹൈദരാബാദിലെ ബന്ജാരാഹി® സിലാണ് താമസം എന്നല്ലേ പറഞ്ഞ?'''' ‘‘'അതെ,'''

ഒന്നും മനസ്സിലാകാത്തവളെപ്പോലെ മിനി ഷാരോണിനെ നോക്കി

-- """'അതായത് കമ്പികുട്ട® .നെറ്റ്

- കമ്പികുട്ട® .നെറ്റ് തെലുങ്ക് സിനിമേലെ ഹാ® ട്ട് തോബ്സ് ആയ സകല ചുള്ളന്മാരും അവിടെയാണ് താമസം എന്നാണ് ഞാ® കേട്ടിട്ടുള്ളത്. നമ്മടെ അക്കിനേനി

- നാഗാ® ജ്ജുനയും അല്ല അ® ജ്ജുനും ഒക്കെ, - ‘‘'അതേ, അവിടെയാണ്... ബന്ജാരാഹില്സി® , '???

- മിനി പറഞ്ഞു. - ‘‘'മാത്രമല്ല ഇ® ഡസ്ട്രിയ® ടൈക്കൂ® സ്.അവരും മൈക്രോസോഫ്റ്റി® റെ ഹെഡ് സത്യ നാദല്ല ..അയാളും അവിടെയല്ലേ താമസം?????

'അതെ എന്താ ചേച്ചീ????? - ''മുംബയേക്കാളും ഹൈലി ഗ്ലാമറസ് സിറ്റിയാ ഹൈദരാബാദ്. ആ സിറ്റീ® , അവിടുത്തെ ഏറ്റവും പോഷ് ഏരിയയി® താമസിക്കുന്ന മിനി എന്തിനാ ഒരു അമ്പലവാസി - പെങ്കൊച്ചിനെപ്പോലെ ഇങ്ങനെ നാണിക്കുന്നെ? എന്താണേലും ബോ® ഡ് ആയി പറയുന്നെ, - ഷാരോ® അവളുടെ വിരലുകളുടെ മൃദുലതയി® പിടിച്ചു. - 'ചേച്ചി ഞാ® പറയാം, - ഷാരോണി® റെ വിരലുകളുടെ ഊ® സ്പ® ശമറിഞ്ഞ് മിനി പറഞ്ഞു. - "ചേച്ചി ഞാ® ..ഞാ® ... ഐം ഇ® ലവ്!''' - ശ്വാസഗതിയി® മിനിയുടെ ഉയ® ന്നുലയുന്നത് ഷാരോ® കണ്ടു. - ചൂട് നിറഞ്ഞ കണ്ണുകളോടെ അവ® ഷാരോണിനെ നോക്കി. - ഷാരോ® അവളെ നോക്കി പുഞ്ചിരിച്ചു. മനസ്സിനെ നനയിക്കുന്ന ആ നോട്ടത്തി® മിനി ആശ്വാസം കൊണ്ടു. - 'ഐ തിങ്ക്- ഐ നോ ഇറ്റ്-...??

ഷാരോ® പറഞ്ഞു. - ''ഷെല്ലിയ്ക്കറിയാമോ മോളെ????? - അവ® ചോദിച്ചു. - ''ഉം,??? - ‘‘'ങ്ഹേ ? എന്നിട്ട്?'' - മിനി തലേദിവസത്തെ സംഭവം വിവരിച്ചു. -

‘‘''ഈ ക്യാമ്പസി® അവനെ ആഗ്രഹിക്കാത്ത പെ® കുട്ടികളില്ല, ഷാരോ® പറഞ്ഞു. മിനി ശ്രദ്ധിച്ചുകേട്ടുകൊണ്ട് അവളെ നോക്കി. ''വലിയ കുടുംബത്തിലുള്ളവ® , റിച്ച്, സുന്ദരിക്കുട്ടിക® ... ബട്ട് ഷെല്ലി ആരെയും അക്സെപ്റ്റ് ചെയ്തില്ല. യൂ യൂ നോ വൈ?' - മിനി സംശയിച്ച് ഷാരോണിനെ നോക്കി. - ഷാരോ® അവളുടെ കണ്ണുകളിലേക്കും. - 'എന്താ ചേച്ചി???? - നോട്ടത്തിലെ പന്തികേട് തിരിച്ചറിഞ്ഞ് മിനി ചോദിച്ചു.

‘‘'മിനി പഠനം ഒക്കെ പൂ® ത്തിയാക്കി പപ്പാടെ ബിസിനെസ്സ് ഒക്കെ ഏറ്റെടുക്കും. അതിനുള്ള പാകതേം ബോ® ഡ്നെസ്സും ഒക്കെ ആയിക്കഴിഞ്ഞ്. എ® റെ ഉദ്ദേശം ജെ - ആ® എഫ് എടുക്കുക. റിസേ® ച്ച് ചെയ്യുക ..അങ്ങനെയൊക്കെയാ....പക്ഷെ ഷെല്ലിക്ക് ....അങ്ങനെ ഒന്നുവല്ല ഉദ്ദേശം...ഡൂ യൂ നോ വൈ?'' - മിനിയുടെ മുഖം അകാംക്ഷകൊണ്ട് മുറുകി.

'പിന്നെന്താ ഷെല്ലീടെ ഉദ്ദേശം?'''' - അവ® സാവധാനം ചോദിച്ചു. - ഷാരോ® അ® പ്പ സമയം കാറ്റിലുലയുന്ന കാറ്റാടി മരങ്ങളിലേക്ക് നോക്കി, - പിന്നെ തിരികെ മിനിയെ നോക്കി. - ''പതികാരം ... കൊലപാതകം, അഗ്നിമഴയിലെന്ന പോലെ മിനി ഭയംകൊണ്ട് കുതി® ന്നു. """'ചേച്ചീ ...!'???

അവളി® നിന്ന് വിറയാ® ന്ന വാക്കുക® പുറത്ത് വന്നു.

''അതിനുമാത്രം ....ഷെല്ലീടെ ലൈഫി® ... ?????

ഷാരോ® പിന്നെ ഷെല്ലിയുടെ അമ്മയുടെ ദാരുണ മരണത്തി® റെ കഥ പറഞ്ഞു. അജ്ഞാതനായ ആ കൊലയാളിയെ കമ്പികുട്ട® .നെറ്റ് കമ്പികുട്ട® .നെറ്റ് കണ്ടെത്തുകയാണ് ഷെല്ലിയുടെ ജീവിതോദ്ദേശമെന്നും മിനിയെ ധരിപ്പിച്ചു. - എല്ലാം പറഞ്ഞ് കഴിഞ്ഞവ® മിനിയെ നോക്കി.

'ഇപ്പോഴും ഷെല്ലിയെ സ്നേഹിക്കുന്ന കാമുകിയാണോ എ® റെ മുമ്പിലിരിക്കുന്നെ?'' ഗാ® ഡനി® തലയിളക്കുന്ന പുഷ്പങ്ങളി® നിന്ന് നോട്ടം മാറ്റി മിനി ഷാരോണി® റെ ചോദ്യത്തിലേക്ക് വന്നു. ''ഇപ്പോഴും ഞാ® ഷെല്ലിയുടെ പെണ്ണാണ് ചേച്ചി ഷെല്ലിയെപ്പറ്റി ചേച്ചി പറഞ്ഞ കാര്യങ്ങ® എന്നെ ഷെല്ലിയെ കൂടുത® കൂടുത® ഇഷ്ടപ്പെടുത്തുന്നതേയുള്ളൂ. സ്വന്തം മമ്മിയെ അതുപോലെ സ്നേഹിക്കുന്ന ഒരു മക® എന്ത് നല്ല ലൈഫ് പാ® ട്ണ® കൂടിയായിരിക്കും!? ഷാരോ® അദ്ഭുതത്തോടെ അവളെ നോക്കി.

“''ആ കില്ലറെ കണ്ടുപിടിക്കുകയെന്നത് എ® റെ കൂടി റെസ്പോ® സിബിലിറ്റിയാ ഇന്ന് മുത® ...പതികാരം ചെയ്യണം ചേച്ചി... നിയമത്തെക്കൊണ്ട് പ്രതികാരം --ചെയ്യിക്കണം!'' ""''എ® റെ മോളെ, - വല്ലാത്ത വികാരത്തള്ളിച്ചയി® , പരിസരം മറന്ന്, ഷാരോ® മിനിയെ ചേ® ത്ത് പിടിച്ചു.

“''നിനക്ക് പറ്റും! അവ® റെ കൈയി® ചോരപറ്റിക്കാതെ നോക്കാ® നിനക്ക് കഴിയും...നിന്നെപ്പോലെ ഒരു പെ® കുട്ടി അവനെ സ്നേഹിക്കാനുണ്ടെങ്കി® ...അവ®

- ഞാ® പേടിക്കുന്നപോലെ ഒന്നും ചെയ്യില്ല,

മിനി പുഞ്ചിരിച്ചു, ആത്മവിശ്വാസത്തോടെ.

'ചിലപ്പോ® അവ® റെ കണ്ണുകളി® ....ആ വെറുപ്പും പകയും കാണുമ്പോ® ... എന്നെങ്കിലും ജയിലി® പോകേണ്ടാവനാ ഷെല്ലി എന്ന് ഞാ® പേടിക്കാറുണ്ട്....പക്ഷെ

-- ഇപ്പൊ ..ഇല്ല..ഇപ്പൊ എനിക്കാ പേടിയില്ലേ. മോ® ടെ സ്നേഹം അവനെ മാറ്റും. ഐം ഷ്വവ® ,''''

അന്ന് ക്ലാസ്സി® പോകേണ്ട എന്ന് ഷെല്ലി തീരുമാനിച്ചു. വാ® ഡ® വി® സെന്റ് സാ® വന്നു തിരക്കിയപ്പോ® പനിയാണ് എന്നും പാരാസെറ്റാമോ® കഴിച്ചു എന്നും അവ® പറഞ്ഞു. പക്ഷെ പത്തുമണിയായപ്പോ® മെസ്സിലെ സുരേഷേട്ട® വന്നു കതകി® മുട്ടി. - 'ഷെല്ലി അന്നെക്കാണാ® ആള് വന്നിനി,?? - സുരേഷേട്ട® കാസ® ഗോഡ്-കാരനാണ്. “'ആരാന്ന് വന്നിനി സുരേഷേട്ടാ?'''' മലബാ® ഭാഷയി® തന്നെ ഷെല്ലി ചോദിച്ചു. ' ആളെ ഒന്നും ഞമ്മക്ക് അറിയൂല്ല. ആഞ്ഞി അ® റെ ഒപ്പരം വാന്ന്,??? 'ഏഡ്????? ""''തായെ. ടി വി റൂമില്,'''' - 'ആണാ പെണ്ണാ????? - ''ഇന്നോടല്ലേ ഞമ്മ അ® റെ ഒപ്പരം വരാ® പറഞ്ഞു, നായി® റെ മോനേ? ആണോ പെണ്ണാ, എന്തല്ലവാന്ന് അറിയേണ്ട?'' -- മിനി ആയിരിക്കില്ലന്നു ഷെല്ലിയ്ക്ക് ഉറപ്പുണ്ടായിരുന്നു. - ക്ലാസ് ടൈമി® പെ® കുട്ടികളെ ബോയ്സ് ഹോസ്റ്റലിലേക്ക് വിടില്ല.

മുടി കൈ കൊണ്ട് മാടിയൊതുക്കി ഷെല്ലി താഴേക്ക് ചെന്നു. - ടി വി റൂമി® കയറിയ ഷെല്ലി ഒരു നിമിഷം പകച്ചു നിന്നു. ""''വിനോദേട്ട® !'''' അവ® മന്ത്രിച്ചു. - എസ് എഫ് കേ യൂണിറ്റ് സെക്രട്ടറി സ്റ്റാലി® വിനോദ് എന്നറിയപ്പെടുന്ന വിനോദ് കുമാ® കസേരയിലിരുന്ന് ഹിന്ദുസ്ഥാ® ടൈംസ് മറിച്ച് നോക്കുന്നു. ""''നിനക്കെന്ത് പറ്റി? പനിയാന്നു കമ്പികുട്ട® .നെറ്റ് കമ്പികുട്ട® .നെറ്റ് വി® സെന്റ് സാ® പറഞ്ഞു,'' 'ങ്ഹാ വിനോദേട്ടാ .. ചെറിയ ഒരു പനി.., വാ നമുക്ക് റൂമിലേക്ക് പോകാം, ''ഇല്ലടാ, സമയമില്ല... നീ വേഗം പോയി ഡ്രസ് ചെയ്യ്-... ഒരത്യാവശ്യമുണ്ട്, ''എന്താ വിനോദേട്ടാ????? ''പറയാം നീ വേഗം പോയി ഡ്രസ്സ് ചെയ്തിട്ട് വാ. സമയമില്ല,'' - ഷെല്ലിയ്ക്ക് ഒന്നും മനസ്സിലായില്ലെങ്കിലും അവ® തരികെ മുറിയിലേക്ക് പോയി വസ്ത്രം മാറി തിരിച്ചുവന്നു.

'വാ, വിനോദ് പുറത്ത് കടന്നു.

'ഇന്ന് ലാസ്റ്റ് ഡേറ്റാ നോമിനെയഷ® സബ്മിറ്റ് ചെയ്യേണ്ടേ? അറിയില്ലേ??? - ഓഫീസിന് നേരെ നടക്കുമ്പോ® വിനോദ് ഷെല്ലിയോട് ചോദിച്ചു. ''അല്ല ... ഞാ® അത് ശ്രദ്ധിച്ചില്ല. എനിക്ക്..? 'എനിക്ക് ശ്രദ്ധിക്കണം ഷെല്ലി,??? വിനോദ് ത® റെ സ്വതേയുള്ള പരുക്ക® സ്വരത്തി® പറഞ്ഞു. "'യൂണിറ്റ് സെക്രട്ടറിയാ ഞാ® . എസ് എഫ് കേയുടെ ചെയ® മ്മാ® കാ® ഡിഡേറ്റ് ഇതുവരേം നോമിനേഷ® സബ്മിറ്റ് ചെയ്തില്ല എന്നറിഞ്ഞാ® പാ® ട്ടിക്ക് നാണക്കേടാണ്, 11: 'വിനോദ.. ഓഫീസിനു വെളിയി® ഷെല്ലി പെട്ടെന്ന് നിന്നു. അവിടെ പഴയ സഖാക്കളൊക്കെ അവനെ നോക്കി നിന്നു. അവരി® നിന്ന് ശിവകുമാ® മുമ്പോട്ട് വന്നു.

'ഷെല്ലി, സോറി. അന്നത്തെ..''? - ഷെല്ലി അവ® റെ ചുമലി® പിടിച്ചു. ''ഏയ് .. അതൊന്നും സാരമില്ലെടാ... ഞാ® പക്ഷെ ..ഇവിടെ...എന്തിനാണ് വിനോദേട്ട® കൊണ്ടുവന്നതെന്ന് ഒരു പിടീം...'' അതുകേട്ട് മറ്റുള്ളവ® ചിരിച്ചു. അവരുടെ ചിരിയിലെ കുസൃതി അവനു മനസ്സിലായില്ല. 'അകത്തേക്ക് ചെല്ല്,'' ശിവകുമാറും പുഞ്ചിരിച്ചു. ' 'അന്നേരം മനസ്സിലാവും സഖാവിന്. പയിസ് ദ ലോഡ്!'''' ചുറ്റുമുള്ളവ® ഉറക്കെ ചിരിച്ചു. ''പോടാ,????.

ശിവകുമാറി® റെ തോളി® മേ® ഒന്ന് ഇടിച്ചതിന് ശേഷം ഷെല്ലി ഒഫീസിനുള്ളിലെക്ക് കയറി

അവിടെ മറ്റൊരു വിസ്മയം അവനെ കാത്തുനിന്നു. ഇലക്ഷ® ഓഫീസ® ഹിസ്റ്ററിയിലെ പ്രാഫസ്സ® രഘുനാഥ® സാറി® റെ മുമ്പി® ഒന്ന് രണ്ടു സഖാക്ക® . അവ® ക്കിടയി® മിനിയും. ''വരൂ ഷെല്ലി,'' പ്രാഫസ്സ® പറഞ്ഞു. 'വന്നു സൈ® ചെയ്യൂ,?? ഷെല്ലി തിരിഞ്ഞ് വിനോദിനെ നോക്കി. ""''വിനോദേട്ടാ....???? ഷെല്ലിയുടെ മിഴിക® ഈറനണിഞ്ഞു. 'ചെയ® മാ® പോസ്റ്റിനു മേലേ ഒന്നുവില്ലടാ. അല്ലെങ്കി® അത് തരാരുന്നു നിനക്ക്, ??? അവ® റെ തോളി® കൈത്തലമമ® ത്തി വിനോദ് പറഞ്ഞു. ''എന്താ ഇത്ര താമസിച്ചേ?????. - ഷെല്ലി ഒപ്പുവയ്ക്കുമ്പോ® പ്രൊഫസ്സ® ചോദിച്ചു. 'ഇനി അരമണിക്കൂ® കൂടിയേ ഉണ്ടായിരുന്നുള്ളൂ നോമിനേഷ® സബ്മിറ്റ് ചെയ്യാ® ,''?? ഷെല്ലി പുഞ്ചിരിച്ചതല്ലാതെ മറുപടി പറഞ്ഞില്ല. ""''താങ്ക സാ® , ???) അദ്ധേഹത്തി® റെ കൈകളിലേക്ക് നോമിനെയ്ഷ® ന® കിക്കൊണ്ട് ഷെല്ലി പറഞ്ഞു. 'ഷെല്ലി, വാ,''?? ഓഫീസി® നിന്ന് പുറത്ത് കമ്പികുട്ട® .നെറ്റ് കമ്പികുട്ട® .നെറ്റ് കടക്കവേ വിനോദ് അവ® റെ തോളി® പിടിച്ചു. വിനോദും ഷെല്ലിയും വിശാലമായ കോമ്പൗണ്ടി® റെ അതിരിലെ കാറ്റാടിമരത്തി® റെ നേരെ നടന്നു. 'മിനിയും വരൂ, ?? ഒഫീസി® റെ വരാന്തയി® നിന്ന് അവരെ നോക്കുകയായിരുന്ന മിനിയെ വിനോദ് കൈ കാണിച്ചുവിളിച്ചു. 'ഷെല്ലി, മിനിയെന്നോട്- എല്ലാം പറഞ്ഞു, ' മിനി അവരുടെ അടുത്തേക്ക്, കാറ്റാടി മരത്തിന് കീഴെ വന്നപ്പോ® , വിനോദ് പറഞ്ഞു. ""''നീ ഞാ® കരുതിയതിനേക്കാ® വലിയവനാണ്- ഷെല്ലി,

ഷെല്ലിയുടെ പുഞ്ചിരിക്കുന്ന മുഖത്തേക്ക് നോക്കി വിനോദ് തുട® ന്നു. - ''നീ നിന്നെത്തന്നെ ശരിക്കും സാക്രിഫൈസ് ചെയ്തത്. ഇത് പോലെ ഒരു ഡെഡ് ലിയായ സീക്രട്ട് ഉള്ളി® ഒളിപ്പിച്ച്...?? ""''ഒരു മണിക്കൂ® മുമ്പാണ് മിനി എന്നെക്കണ്ട് കാര്യങ്ങ® പറയുന്നത്. എന്തായാലും ഒരു ഡമ്മി നോമിനേഷ® കൊടുത്തിരുന്നു. ലാസ്റ്റ് മൊമെ® റ്റി® നീ വരും എന്നൊരു പ്രതീക്ഷ എനിക്കുണ്ടായിരുന്നു. കാരണം സീറ്റ് കിട്ടാത്തതിനല്ല നീ പുറത്ത് പോയത്. വച്ച് നീട്ടിയ സീറ്റ് തള്ളിമാറ്റിയിട്ടാ...'' ഷെല്ലി എല്ലാ കേട്ടിരുന്നു. 'പിന്നെ മിനി മെമ്പ® ഷിപ്പ് എടുത്തു. ഇന്ന് മുത® കാമ്പയി® വിഭാഗത്തി® സ്റ്റോങ്ങ്- ആയി മിനിയും കാണും. ഞാ® ആ പ്രസ് വരെ ഒന്ന് പോകുവാ. വൈകിട്ട് കാണാം , '''' വിനോദ് നടന്ന് നീങ്ങി ഷെല്ലി നോക്കുമ്പോ® മിനി അവ® റെ കണ്ണുകളിലേക്ക് തന്നെ നോക്കി നി® ക്കുകയാണ്. 'ഷെല്ലി ഇന്ന് വരാതിരുന്നതെന്താ?'?? ഷെല്ലി സംസാരിക്കാതെ അവളെ നോക്കി. ""''ഷെല്ലി , '''' അവ® വീണ്ടും വിളിച്ചു. അവ® ചോദ്യരൂപത്തി® നോക്കി. ''എന്നെ വേണ്ട എന്ന് വെക്കുന്നത് ഷെല്ലി മനസ്സി® കാണുന്ന ക്വാളിറ്റീസ് ഇല്ലാത്ത പെണ്ണാണ് ഞാ® ...അതുകൊണ്ടാണോ? അതോ...'' ഷെല്ലി അവളുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കി. '..അതോ ഷെല്ലിയുടെ വഴിയി® ഞാ® തടസ്സമാകുന്ന് വിചാരിച്ചിട്ടോ???? ''ഏത് വഴീ® ??? നെറ്റിചുളിച്ചുകൊണ്ട് അവ® ചോദിച്ചു. 'ഷെല്ലി ,????

അവ®  വീണ്ടും വിളിച്ചു. ''ഞാ®  ഷെല്ലിയെ എ® റെ ലൈഫി® റെ ...എന്താ പറയ്ക..എ® റെ ലൈഫി® റെ ഭാഗമാക്കാ®  ആഗ്രഹിക്കുമ്പം ഷെല്ലീടെ ലൈഫിലെ എല്ലാരും എ® റെ ലൈഫി® റെ ഭാഗം ആവ്വാണ്. എന്ന് വെച്ചാ ഷെല്ലീടെ പാപ്പാ എ® റെകൂടി പപ്പയാണ്- അത് പോലെ ഷെല്ലീടെ മമ്മീം... ഷെല്ലീടെ മമ്മീനെ.....ആരാ ആ ഹൊറിബി®  ഡാമാടെ പിമ്പില്ലെന്ന് കണ്ടെത്താ®  ഞാനും ശ്രമിക്കും... ചെലപ്പോ ഷെല്ലീനെക്കാളും ആ സബ്ജക്റ്റി®  ഞാ®  ഇ® വോ® വ്ഡ് ആകും...'''' ഷെല്ലിയുടെ വിസ്മയം അതിരില്ലാതെയായി. 'ഇനിപ്പറ, അവ®  അവ® റെ നേരെ അ® പ്പംകൂടി അടുത്തു. ''ഷെല്ലിയ്ക്ക് എന്നെ ഇഷ്ടപ്പെടാതിരിക്കാ®  എന്താ പ്രോബ്ലം?'?? ഷെല്ലി വാക്കുകളില്ലാതെ അവളെ നോക്കി. """'വര്വ,'''' അവ®  പറഞ്ഞു. അവ®  അവളെ സംശയിച്ച് നോക്കി. “''നമുക്ക് അവിടെയിരിക്കാം,”? ഹോസ്റ്റലിലേക്ക് കമ്പികട്ട® .നെറ്റ് കമ്പികട്ട® .നെറ്റ് പോകുന്ന വഴിയി® , പൂത്തുനി® ക്കുന്ന ചെമ്പകം നോക്കി അവ®  പറഞ്ഞു. ''നമുക്ക് അവിടെയിരിക്കാം. അ® പ്പം കൂടി പവസിയുണ്ട്, '?? അവനോടൊപ്പം അവ®  അങ്ങോട്ടു നടന്നു. """'മിനി'???

ചെമ്പകത്തിനു താഴെയുള്ള ഇളംപച്ചനിറമുള്ള മൃദുവായ പുല്പ്പുറത്ത് അഭമുഖമായി ഇരുന്നുകൊണ്ട് ഷെല്ലി പറഞ്ഞു. ''ലോകത്തെ ഏറ്റവും റിച്ച് ആയ, ഫേമസ് ആയ, ഗ്ലാമറസ് ആയ ആ® കുട്ടിക®  കൊതിച്ച് കാത്തിരിക്കുന്ന ഒരു കാര്യമാണ് മിനി എന്നോട് പറഞ്ഞത്....?? അവളുടെ കണ്ണുകളി®  തീവ്രമായ പ്രണയത്തി® റെ കടലിരമ്പം അവ®  കണ്ടു. """'എന്നോട് എന്ന് പറഞ്ഞാ®  എനിക്കുമുണ്ട് പ്രത്യേകതക® ,''?? അവളുടെ കണ്ണുകളി®  നോക്കിക്കൊണ്ട് അവ®  തുട® ന്നു. """'ഒരു സാധാരണ ഹൈസ്കൂ®  അധ്യാപക® റെ മക®  ആണ് ഞാ® . തനി ഗ്രാമീണ® റെ സംസ്കാരമാണ് എനിക്ക്. എ® റെ ഇഷ്ടങ്ങ® , താ® പ്പര്യങ്ങ® , എ®  അരികി®  എപ്പോഴുമുണ്ടായിരിക്കാ®  ഞാ®  ആഗ്രഹിക്കുന്ന കാര്യങ്ങ®  ...അതൊക്കെ...അങ്ങനെ ഒരാളോടാണ് മിനി...'' അവ®  വീണ്ടും നി® ത്തി “'മിനിക്കുമുണ്ട് പ്രത്യേകതക® , അവ®  തുട® ന്നു. ''ലൈഫി® റെ അദ®  എക്സ്ട്രീമിലാണ് മിനി... ദ ബിഗെസ്റ്റ് , ദ ഹൈയെസ്റ്റ്- ...അങ്ങനെ.... ഒരു കോമ്പക്സ് ആയി തോന്നരുത്....???? """'ഹലോ ..!???? അവ®  വിളിച്ചു. 'ഇവിടിപ്പം എന്താ ഉണ്ടായേ? എനിക്ക് ഒരു ചെക്കനെ ഇഷ്ടമായി. അയാ®  എന്നെ ഇഷ്ടപ്പെടണം. എജ്യൂക്കേഷ®  ഒക്കെക്കഴിഞ്ഞ് എനിക്ക് അയാളുടെ കൂടെ താമസിക്കണം. എനിക്ക് ജോലി ചെയ്യണം. അയാ®  ജോലി ചെയ്യണം. നമുക്ക് ഒന്ന് രണ്ട് കുഞ്ഞുങ്ങ®  വേണം..അവരെ എജ്യൂക്കേഷ®  കൊടുക്കണം അവ® ക്ക് ഫാമിലി ഉണ്ടാവണം...ഇത്രേം സിമ്പി®  ആയ ഒരു കാര്യത്തിന് ..എന്തിനാ ഇത്രേം എഗ്സാജറേറ്റ് ചെയ്ത് സംസാരിക്കുന്നെ..? ഇറ്റ് ഈസ് ആസ് സിമ്പി®  ആസ് എനി സിമ്പി®  മോസ്റ്റ് - തിംഗ്!??? ഷെല്ലി കണ്ണുക®  മിഴിച്ച് അവളെ നോക്കി. “”എ® റെ ഷെല്ലി... എനിക്ക് ഒരു ക®  ച്ച®  മാത്രേ അറിയൂ. ഒരു ഗ്ലാമ®  മാത്രേ അറിയൂ..'' അവളുടെ മുഖം തന്നിലേക്ക് അടുക്കുന്നത് പോലെ അവ® ക്ക് തോന്നി. ഇപ്പോ®  അവളുടെ ശ്വാസത്തി® റെ താപം ത® റെ മുഖത്ത് തൊടുന്നുണ്ട്. "'' നേഹം , '???

അവ®  പറഞ്ഞു. “'അത് മാത്ര എനിക്കറിയൂ, ???

അവളുടെ ഈറ®  ചുണ്ടി®  പതിയെ തഴകാ®  അവ® റെ കൈക®  തരിച്ചു.

(പ്രണയം പുതുമഴപോലെകൊള്ളുകയാണ് ഞാ®  മിനീ നി® റെ ആകാശത്തിന് താഴെ നിന്ന്.

ഇങ്ങനെ ഒരു മഹാ മാ® ഘഴികളി®  മഞ്ഞുതുള്ളിപോലെ നീ എന്നെ പൊതിയുമ്പോ® , പൂത്ത് കുതി®  ന്ന ജാതിമല്ലി സൌരഭ്യം പോലെ നീ എ®  റെ പ്രാണനിലേക്ക് പടരുമ്പോ®  എനിക്ക് ഭൂതകാലമില്ല.

ഈ നിമിഷം മാത്രം.

ശിശിരത്തി® റെ ഓ® മ്മക്കുറിപ്പുക®  ഉരുകിത്തീരുന്ന, ലൂതുക്ക®  പൂക്കളുടെയും ശലഭങ്ങളുടെയും സ്വ® ണ്ണയൊഴുക്ക് മാത്രം കാണിച്ചുതരുന്ന നിമിഷം. 'ഇത് ഏത് കമ്പികട്ട® .നെറ്റ് കമ്പികട്ട® .നെറ്റ് ലൂതു ആണ് എന്ന് മിനിക്കറിയോ????? 'ഇത് ...????

അവ®  ആലോചിച്ചു. ''സെപ്റ്റംബ® ... സൊ...ഇറ്റ്- ഈസ് ഓട്ടം... എനിക്കതിന്റെ മലയാളം അറിയില്ല...'' """'ശിശിരം,???

അവ®  പറഞ്ഞു.

''ശിശിരം? വൌ സൊ ബ്യൂട്ടിഫു®  സൊ പോയെറ്റിക് എന്തിനാ ചോദിച്ചേ?'''' 'ശിശിരത്തി®  പൂക്ക®  വിടരില്ല. സ്പ്രിംഗ് ഈസ് ദ സീസ®  ഫോ®  ഫ്ലവേഴ്സ് റ്റു ബ്ലൂം,'''' 'യാ, ഓക്കേ... സോ????? 'പക്ഷെ എനിക്ക് ശിശിരത്തി®  ഒരു പൂ വിട® ന്നു. ഒരു ശിശിരപുഷ്പം ,'?? അവ®  അവളുടെ കണ്ണുകളിലേക്ക് നോക്കി. ഇപ്പോ®  പരസ്പരം മുട്ടാവുന്ന ദൂരത്തിലാണ് അവരുടെ മുഖങ്ങ® . ''ഞാനല്ലേ അത്????? അവ®  ചോദിച്ചു.

ഷെല്ലി ഉത്തരം പറഞ്ഞില്ല. - പകരം അവളുടെ മൃദുവായ വിരലുകളെ സ്പ® ശിച്ചു. കുച്ച് ദി®  പഹലേ സേ മുജേ തേരി ആദത് ഹോഗയി ഹേ...

അ® പ്പം ദൂരെ ഓഡിറ്റോറിയത്തി®  നിന്ന് നൃത്തം പരിശീലിക്കുന്നവരി®  നിന്ന് മന്ത മധുരമായ ആ ഗാനം ഒഴുകിവന്നു.

കോളേജില് ഇലക്ഷന് പ്രചരണം മുറുകി.

ചെയര്മാന് സ്ഥാനത്തേക്ക് ഷെല്ലിയ്ക്കെതിരെ മത്സരിച്ചത് എന് എസ് യുവിന്റെ ഏറ്റവും പ്രഗദ്ഭമായ മുഖം ശ്രീധര് പ്രസാദ് ആയിരുന്നു. സൌമ്യനും വാഗ്മിയും മികച്ച സംഘാടകനും കോളേജില് ഏറ്റവും ജന സമ്മതിയുള്ള വിദ്യാര്ഥികളിലൊരാളുമായിരുന്നു ശ്രീധര് പ്രസാദ്.

"ഞങ്ങളെ ആകെ കഷ്ടത്തിലാക്കിയല്ലോ നിങ്ങള് രണ്ടാളും,"

ഹോസ്റ്റലില് വെച്ച് പോള്സണ് പറഞ്ഞു.

"രണ്ട് പേരെയും കോളേജിന് ഒരുപോലെ വേണം. ഇതിപ്പം ഒരാളല്ലേ ജയിക്കൂ?"

നോമിനേഷന് നല്കിക്കഴിഞ്ഞ് ആദ്യമായി ഒരുമിച്ച് കണ്ടപ്പോള് ഷെല്ലി ശ്രീധറിനോട് പറഞ്ഞു:

"എടാ നീയാന്നു അറിഞ്ഞാരുന്നേല് ഞാന് നോമിനേഷന് കൊടുക്കുവേലാരുന്നല്ലോ?"

"എനിക്കും അതാ പറയാനൊള്ളത്,"

ശ്രീധര് ചിരിച്ചു.

"നീയാ എനിക്ക് എതിരെ വരുന്നേന്നു ഒരു ക്ലൂ പോലും കിട്ടീല്ല. ലാസ്റ്റ് മൊമെന്റ് വരേം വിനോദിന്റെ പേരാരുന്നു പറഞ്ഞ് കേട്ടിരുന്നെ,"

പ്രചരണ രംഗത്ത് സര്വ്വവ്യാപിയായി മിനിയായിരുന്നു. അവളുടെ ആവേശവും ഉത്സാഹവും എല്ലാവരെയും അദ്ഭുതപ്പെടുത്തി. എസ് എഫ് കേ പാനലിന് വേണ്ടിയായിരുന്നു പ്രചരണമെങ്കിലും അവളുടെ ശ്രദ്ധമുഴുവന് ഷെല്ലിയ്ക്ക് വേണ്ടിയായിരുന്നു. പ്രകടനത്തിന് മുമ്പില് മുദ്രാവാക്യങ്ങള് വിളിച്ചുകൊടുക്കുവാനും ക്ലാസ്സുകള് കയറിയിറങ്ങി സാംസ്കാരിക പരിപാടുകള് അവതരിപ്പിക്കാനും സംഘടിപ്പിക്കാനും ചിരപരിചിതയായ ഒരു രാഷ്ട്രീയപ്രവര്ത്തകയെപ്പോലെ അവള് മുന്പില് നിന്നു.

"എന്റെ ചേച്ചി,"

തിരക്കിട്ട പ്രചാരണ പരിപാടിക്കിടെ കാന്റീനില് വെച്ച് കണ്ടപ്പോള് മിനി ഷാരോണിനോട് പറഞ്ഞു.

"ഷെല്ലി ജയിക്കുന്നോടം വരെ എനിക്ക് ഒരു സ്വസ്ഥതേം ഇല്ല. ഈസിയായിട്ട് ജയിക്കണ്ട ആളാ ഷെല്ലി. എന്റെ ഇഷ്യൂ ഇല്ലാരുന്നേല്,"

മിനി ഓര്ഡര് ചെയ്ത കട്ടന് ചായയുമായി വെയിറ്റര് വന്നപ്പോള് അസ്വാസ്ഥ്യമായ മുഖത്തോടെ തന്നെ നോക്കുന്ന മിനിയെക്കണ്ട് ഷാരോണ് പുഞ്ചിരിച്ചു.

"ചേച്ചിക്ക് ടെന്ഷന് ഇല്ലേ?"

അവള് ചോദിച്ചു.

"എന്തിനാ മോളൂ?"

"ഷെല്ലി ജയിക്കുവോ ഇലേല്യ് എന്ന കാര്യത്തില്,"

"ഇല്ല,"

"ഇല്ലേ?"

"ഇല്ല,"

ഷാരോണ് ദൃഡസ്വരത്തില് പറഞ്ഞു.

"നോട്ട് ഈവന് വണ് പെര്സെന്റ്റ്,"

അവള് കാരണം തിരക്കുന്നത് പോലെ ഷാരോണിനെ നോക്കി.

"കാരണം..."

അവളുടെ കണ്ണുകളിലേക്ക് നോക്കി ഷാരോണ് പുഞ്ചിരിയോടെ പറഞ്ഞു.

"..കാരണം മോളാണ് അവന് വേണ്ടി വര്ക്ക് ചെയ്യുന്നേ...അവനു വേണ്ടി ഉരുകുന്നേ...പ്രാര്ഥിക്കുന്നെ, അവനു വേണ്ടി..."

പ്രണയം അവളുടെ മിഴികളില് പൂക്കുകയും മൃദു അധരത്തില് പെയ്യുകയും ചെയ്യുന്നത് ഷാരോണ് കണ്ടു.

"ഇപ്പഴാണ് ഒരു ആണ്കുട്ടിയാകാത്തതിന്റെ നഷ്ടം ഞാനറിയുന്നത്..."

അവളുടെ കണ്ണുകളില് പുഞ്ചിരി വിടാതെ നോക്കി ഷാരോണ് പറഞ്ഞു.

അതിന്റെ അര്ത്ഥമറിഞ്ഞപ്പോള് മിനിയുടെ തരളമിഴികള് വീണ്ടും വിടര്ന്നുലഞ്ഞു.

"പിന്നെ എന്റെ പൊന്നാങ്ങളയ്ക്ക് തന്നെയാണല്ലോ നിന്നെ കിട്ടീത് എന്നോര്ക്കുമ്പം നഷ്ടം തോന്നുന്നില്ല ..."

ഓരോ മിഴിയിലും ഓരോ പൂവനമൊരുക്കി അവള് ഷാരോണിനെ നോക്കി.

"ഇപ്പം അവനെ കാണണന്ന് തോന്നുന്നു; അല്ലേ?"

കട്ടന് ചായ പതിയെ കുടിക്കുന്നതിനിടയില് ഷാരോണ് ചോദിച്ചു.

"പോ..ചേച്ചി..."

ലജ്ജയില് കുതിര്ന്ന് മിനി പറഞ്ഞു.

അപ്പോള് അവിടേക്ക് വിനോദും കൂടെ രണ്ട് പേരും കടന്നു വന്നു.

"ങ്ഹാ മിനി,"

സമീപത്ത് കിടന്ന ഒരു കസേരയെടുത്ത് അവരുടെയടുത്ത് ഇരുന്നിട്ട് വിനോദ് പറഞ്ഞു.

'ക്യാമ്പൈന് ഓക്കേ...യൂ ആര് പെര്ഫോമിംഗ് ബ്രില്യന്റ്ലി...പക്ഷെ..."

ഷാരോണും മിനിയും അയാളെ നോക്കി.

"എന്താ വിനോദേട്ടാ?"

"ഒരു ഡിപ്പാര്ട്ട്മെന്റ്...അതില് കൂടി മിനി ഒന്ന് സജീവമാകണം?"

കാര്യം മനസ്സിലാകാതെ മിനി ഷാരോണിനെ നോക്കി.

"എന്ന് വെച്ചാല്,"

വിനോദ് വിശദീകരിച്ചു.

"മിനി ഇതുവരെ കാസ്സില് കയറി പ്രസംഗിച്ചിട്ടില്ല..."

"എന്റെ വിനോദെ,"

ഷാരോണ് ഇടയ്ക്ക് കയറി.

"ഈ കൊച്ച് ഈയിടെയാ അല്പ്പമെങ്കിലും മലയാളം പറഞ്ഞു തൊടങ്ങീത്...ഇനി ഇംഗ്ലീഷില് പ്രസംഗിക്കാന്ന് വെച്ചാ, നമ്മടെ നാടല്ലെ, ജാഡയാണ് എന്ന് പറയും...."

വിനോദ് ഷാരോണിനെ നോക്കി.

"ഷാരോണെ, നെനക്ക് തെറ്റി..."

വിനോദ് ഗൌരവം വിടാതെ പറഞ്ഞു.

"മിനി കേരളക്കാരിയല്ലെന്നും ഹൈദരാബാദ് കാരിയാന്നും ക്യാമ്പസ് മൊത്തം അറിയാം..."

"ക്യാമ്പസ് മൊത്തവോ?"

മിനി അവരെ കണ്ണുമിഴിച്ചുനോക്കി.

"അതിന് ഞാന്...!"

"അതുകൊണ്ട് കഷ്ടപ്പെട്ട് മലയാളം പഠിച്ച് മിനി പ്രസംഗിക്കണ്ട,"

വിനോദ് തുടര്ന്നു.

"ഇംഗ്ലീഷില് പ്രസംഗിച്ചാല് മതി..."

"വിനോദേട്ടാ എനിക്ക് ഭയങ്കര സ്റ്റെയ്ജ് ഫിയര്..."

"അതൊന്നുവില്ല...അരമണിക്കൂര് കഴിഞ്ഞ് ഇന്നത്തെ സെക്കണ്ട് റൌണ്ട് തുടങ്ങുവാ...ആഫ്രിക്കന്സും അദര് സ്റ്റേറ്റ്സ് സ്റ്റുഡന്റ്സും കൂടുതലുള്ള സൈക്കോളജി ക്ലാസ്സില് സ്റ്റാര്ട്ട് ചെയ്യാം...സൊ ബീ ദേര് ഷാര്പ്പ് വണ് തേര്ട്ടി..."

വിനോദ് എഴുന്നേറ്റു.

"കട്ടന് ചായ ആണല്ലേ,"

അപൂര്വ്വമായ പുഞ്ചിരി വിനോദിന്റെ ചുണ്ടില് വിടരന്നു.

"കൊള്ളാം... മിനി ഏതാണ്ട് പാര്ട്ടി ലൈനിലേക്ക് വന്നു..."

"മൊത്തം ആയില്ല സഖാവേ...."

ഷാരോണ് ചിരിച്ചു.

"പരിപ്പുവട ഇല്ല. പിന്നെ ദിനേശ് ബീഡിയും. രണ്ടും ക്യാന്റീനില് ഇല്ല. പകരം പിസായും കൊക്കക്കോളയുമാണ്..."

വിനോദ് ഷാരോണിനെ നോക്കി മുഷ്ടിചുരുട്ടി.

"ചേച്ചി പറഞ്ഞത് എനിക്ക് മനസ്സിലായില്ല...ബീഡി എന്നൊക്കെപ്പറഞ്ഞതെന്താ?"

വിനോദ് പോയിക്കഴിഞ്ഞ് മിനി ചോദിച്ചു.

"അതോ?"

ഷാരോണ് വീണ്ടും ചിരിച്ചു.

"മിനി കമ്മ്യൂണിസ്റ്റ് ആകാനുള്ള ഫസ്റ്റ് സ്റ്റെപ് എത്തീതെ ഉള്ളൂ..."

അവള് മനസ്സിലാകാതെ ഷാരോണിനെ നോക്കി.

"കമ്മ്യൂണിസ്റ്റ് ആകാനുള്ള ഫസ്റ്റ് സ്റ്റെപ്പ് പാല് ഒഴിക്കാതെ ഇങ്ങനത്തെ ചായ കുടിക്കുക എന്നതാ. കട്ടന് ചായ..."

"ആണോ?"

ചായ കുടിച്ചിറക്കിക്കൊണ്ട് അവള് ചോദിച്ചു.

"അത് കഴിഞ്ഞ്?"

"അത് കഴിഞ്ഞ് ...പരിപ്പുവടയില്ലേ...?"

"ആ ...എനിക്കിഷ്ടമാ അത്..."

"ആണോ? എന്നാ നിങ്ങടെ പാര്ട്ടീം വിനോദും ഒക്കെ രക്ഷപ്പെട്ടു. മിനിയ്ക്ക് അതും ഇഷ്ടമാണല്ലോ. എന്നാ ഇനി ദിനേശ് ബീഡി വലിക്കാന് തുടങ്ങിയാ മതി. ഫുള് കമ്മ്യൂണിസ്റ്റ് ആകാം,"

"അയ്യോ...ബീഡി വലിയ്ക്കാനോ...ചേച്ചി ഞാന് ചെയ്യില്ല അത്...അയ്യേ..."

ഷാരോണ് ഉറക്കെ ചിരിച്ചു.

"എന്റെ ഈശോയേ....ഇത് പോലെ ഒരു സാധനം! നീ ശരിക്കും ഹൈദരബാദ് തന്നെയാണോ എന്റെ മോളെ?"

അല്പ്പ ആലോചനക്ക് ശേഷം മിനിയ്ക്ക് കാര്യം മനസ്സിലായി.

അവളും ചിരിച്ചു.

"എന്റെ ഷെല്ലിപ്പുണ്യാളാ, ഈ കൊച്ചിന് നീ തന്നെ തുണ!"

"പോ ചേച്ചീ ,"

മേശമേലിരുന്ന ഷാരോണിന്റെ കൈത്തണ്ടയുടെ മൃദുലതയുടെ മേല് മിനിയുടെ നഖപ്പാട് പതിഞ്ഞു.

"ചേച്ചീ..."

മിനി എഴുന്നേറ്റു.

'വിനോദേട്ടന് ഇപ്പം തന്നെ ചെല്ലാന് പറഞ്ഞേക്കുവാ. പ്രസംഗിക്കുമ്പോ എന്തൊക്കെയാ ശ്രദ്ധിക്കേണ്ടെ?"

ഷാരോണും എഴുന്നേറ്റു.

"എല്ലാവരെയും ശ്രദ്ധിക്കണം,"

ഷാരോണ് പറഞ്ഞു.

"എല്ലാവരുടെയും കണ്ണുകളില് നോക്കണം. പുഞ്ചിരിക്കണം. നല്ല ബ്രീത്ത് എടുക്കണം ആദ്യം. നല്ല റിലാക്സ് ആകാന് ലോങ്ങായി ഇന്ഹേല് ചെയ്യുന്നേം സ്മൈല് ചെയ്യുന്നേം നല്ലതാ..."

"ഓക്കേ..."

കൌണ്ടറിനടുത്തേക്ക് നടക്കവേ മിനി പറഞ്ഞു.

"ലോങ്ങ് ഇന്ഹേല്...സ്മൈലിംഗ്...പിന്നെ...?"

"എന്താണ് സംസാരിക്കാന് പോകുന്നേന്ന് ശരിക്കും മുന്കൂട്ടി അറിഞ്ഞിരിക്കണം ...ടോപ്പിക്കും പോയിന്റ്സും മനസ്സില് ഡോക്യുമെന്റ് ചെയ്യണം....പ്രയോററൈറ്റസ് ചെയ്യണം...നല്ല പോയംസ്..കോട്ട്സ് ..ഓര്ത്ത് വെക്കണം...നല്ല പാട്ടുകാരിയല്ലേ...തകര്ത്ത് പാട്ട പ്രസംഗത്തിന്റെ എടേല്..."

"ചേച്ചീം വരുവോ?"

കൌണ്ടറില് ചായകുടിച്ചതിന്റെ ബില് പേ ചെയ്യുന്നതിനിടയില് മിനി ചോദിച്ചു.

"ചേച്ചി എന്റെ മുമ്പി ഒണ്ടേല് എന്റെ കോണ്ഫിഡന്സ് കൂടും,"

"ഞാന് വരാം,"
കാന്ടീനില് നിന്ന് പുറത്തേക്കിറങ്ങവേ ഷാരോണ് പറഞ്ഞു.
"സുന്ദരിക്കുട്ടീടെ വിര്ജിന് സ്പീച്ച് അല്ലേ? മിസ്സാക്കാന് പറ്റൂലല്ലോ. പക്ഷെ മോള്ടെ കോണ്ഫിഡന്സ് കൂട്ടാന് വേറെ ഒരാള് അവിടെ മുമ്പേ തന്നെ കാണും. മോള്ടെ ചന്തരന്...മോള്ടെ ചെക്കന്..."

"ഈ ചേച്ചി...ഒന്ന് പോ..."
ലജ്ജാലുവായി മിനി പറഞ്ഞു.
"ചേച്ചിക്ക് സ്പീച്ച് ഒക്കെ പറയുന്നത് എങ്ങനാന്ന് നന്നായി അറിയാല്ലോ..."
"എന്റെ മോളൂ,"
സൈക്കോളജി ഡിപ്പാര്ട്ട്മെന്റിന്റെ മുമ്പിലൂടെ നീങ്ങവേ ഷാരോണ് പറഞ്ഞു.
"ഇടയ്ക്ക് പപ്പാ വരെ ഇങ്ങനെയൊക്കെ ചോദിക്കാറുണ്ട്...പിന്നെ ഷെല്ലീം..."
മിനി അവളുടെ മുഖത്തേക്ക് ആരാധനയോടെ നോക്കി.
"പപ്പാ വലിയ ഗാന്ധിയന് അല്ലേ?"
മിനി ചോദിച്ചു.
"പിന്നല്ലാതെ!"
ഷാരോണ് വീണ്ടും ചിരിച്ചു.
"എന്റെ ഒരുകാര്യം! ഗാന്ധിജീടെ പടം എപ്പം എവടെക്കണ്ടാലും കണ്ണുനിറയുന്ന പപ്പാ....എവിടെ ഗാന്ധി എന്നും പറഞ്ഞ് ഉലക്കയെടുക്കുന്ന കമ്മ്യൂണിസ്റ്റ് ബ്രദര്....അതിനെടെല് കഷ്ടപ്പെടുന്ന പാവം ഞാന്...!"
മിനിയും ചിരിച്ചു.
"ഷെല്ലിയെക്കെന്തിനാ ഗാന്ധിജിയോട് ഇത്ര ദേഷ്യം?"
"ഗാന്ധിജി കാരണവാ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടാന് കൊറേ താമസിച്ചെന്ന്!"
അവര് സൈക്കോളജി രണ്ടാം വര്ഷക്ലാസ്സിന്റെ മുമ്പില് എസ് എഫ് കേ സംഘം പലയിടത്തായി നില്ക്കുന്നത് അവര് കണ്ടു.
വരാന്തയില്, വിദ്യാര്ഥികളോട് ഗൌരവത്തില് സംസാരിച്ച് കൊണ്ടിരുന്ന ഷെല്ലി ഷാരോണിനെയും മിനിയേയും കണ്ട് അവരുടെയടുത്തേക്ക് ചെന്നു.
"എങ്ങനെ ഉണ്ടെടാ മൊത്തത്തില് റെസ്പോണ്സ്?"
ഷാരോണ് ആകാംക്ഷയോടെ ചോദിച്ചു.
"അത്ര സ്ട്രോങ്ങ് എന്നൊന്നും പറയാന് പറ്റത്തില്ലെടീ..."
ഷെല്ലി പറഞ്ഞു.
"ആണോ?"
സ്വരം താഴ്ത്തി, വിഷാദത്തോടെ മിനി ചോദിച്ചു.
"ബട്ട്...അങ്ങനെയൊന്നും...യൂ ഡോണ്ട് വറി..."
ഷെല്ലി മിനിയെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു.
"ഒക്കെ മാറും,"
ഷാരോണ് ആത്മവിശ്വാസത്തോടെ ഷെല്ലിയോട് പറഞ്ഞു.
ക്യാംപയിന്റെ മൊത്തം മൂഡും മാറ്റുന്ന ആയുധമാണ് ഇന്ന് നിങ്ങടെ സ്റ്റാലിന് വിനോദ് പുറത്തെടുക്കുന്നത്,"
ഷെല്ലി ഒന്നും മനസ്സിലാകാതെ ഷാരോണിനെ നോക്കി.
"ഇന്ന് പ്രസംഗത്തിന്റെ ചാര്ജ് പുതിയൊരാള്ക്കാണ്..."
ഷാരോണ് മിനിയെ നോക്കി പുഞ്ചിരിയോടെ പറഞ്ഞു.
"ങ്ഹേ? റിയലി?"
ഷെല്ലി അവിശ്വാസത്തോടെ മിനിയെ നോക്കി.
"ഷെല്ലി, വിനോദേട്ടന് എന്നെക്കാണാന് കാന്റീനില് വന്നാരുന്നു. എന്നോട് ഇന്നീ ക്ലാസ്സില് പ്രസംഗിക്കണം എന്ന് പറഞ്ഞു,"
ഷെല്ലി ഷാരോണിനെ നോക്കി.
അവള് ശരിയാണ് എന്ന അര്ത്ഥത്തി ഷെല്ലിയെ കണ്ണുകള് പതിയെ അടച്ചുകാണിച്ചു.
"ക്യാമ്പയിന് സ്റ്റാര്ട്ട് ചെയ്യാന് എല്ലാരോടും വെയിറ്റ് ചെയ്യാന് വിനോദേട്ടന് പറഞ്ഞപ്പം അത് ഇങ്ങനത്തെ സര്പ്രൈസ് ആരിക്കുന്ന് ഞാന് വിചാരിച്ചില്ല..."
ഷെല്ലി അവളുടെ നേരെ നോക്കി പുഞ്ചിരിച്ചു.

"എന്റെ ഷെല്ലി എന്നെ റിയലി ഷിവര് ചെയ്യുവാ...ദൈവമേ സ്പീച്ച് ഒന്നും എനിക്ക്..."
അപ്പോഴേക്കും വിനോദ് അവരുടെയടുത്തേക്ക് വന്നു.
"കമോണ്,"
വിനോദ് എസ് എഫ് കേ സംഘത്തോട് പറഞ്ഞു.
"എവരിബഡി ഗെറ്റ് ഇന്സൈഡ്!"
സംഘം ക്ലാസ്സിലേക്ക് കയറി.

എല്ലാവരും അകത്ത് കയറിക്കഴിഞ്ഞപ്പോള് വിനോദ് മിനിയുടെ നേരെ കണ്ണുകള് കൊണ്ട് ആംഗ്യം കാണിച്ചു.

മിനി ഷാരോണിനെ നോക്കി.

ധൈര്യമായിപ്പോകൂ, ഞാന് കൂടെയുണ്ട് എന്ന അര്ത്ഥത്തില് ഷാരോണ് മിനിയെ നോക്കി.

പിന്നെ അവള് ഷെല്ലിയുടെ നേരെ കണ്ണുകളയച്ചു.

അവന് അവളുടെ നേരെ തംസ് അപ് മുദ്ര കാണിച്ചു.

അവള് പള്പ്പിറ്റിലേക്ക് കയറി.

ക്ലാസ് പൊടുന്നനെ നിശബ്ദമാവുകയും സന്നിഹിതരായിരുന്നവരുടെ കണ്ണുകള് അവളെ വലയം ചെയ്യുകയും ചെയ്തു.

മിനി വീണ്ടും ഷാരോണിനെയും ഷെല്ലിയെയും മാറി മാറി നോക്കി.

My dear brothers and sisters of this illustrious learing center...

സംഗീതം തുളുമ്പുന്ന ശബ്ദത്തില്, അഴകാര്ന്ന ഉച്ചാരണത്തോടെ മിനിയുടെ ശബ്ദം ക്ലാസ്സില് മുഴങ്ങി.

I would be presumptuous, indeed, to present myself against the distinguished speakers to whom you have listened if this were but a measuring of ability; but this is not a contest among persons. ...."

"എന്താ ഷെല്ലി, മിനി പറയുന്നെ?"

അജയകമാര് ഷെല്ലിയോട് അടക്കിയ ശബ്ദത്തില് ചോദിച്ചു.

ഷെല്ലി വിശദമാക്കാന് തുടങ്ങിയപ്പോള് വിനോദ് അവരുടെ നേരെ നോക്കി കണ്ണുരുട്ടി ചുണ്ടില് വിരല് ചേര്ത്തു.

"പള്ളിക്കൂടത്തി പോണ സമയത്ത് മാവേലും പ്ലാവേലും കേറി നടക്കരുതാരുന്നു,"

വിനോദ് അടക്കിയ ശബ്ദത്തില് അവരോട് പറഞ്ഞു.

"I come to speak to you..."

മിനി തുടര്ന്നു.

"..... in defense of a cause as holy as the cause of choice—the cause of choosing the best..."

അത് പറഞ്ഞ് അവള് ഷെല്ലിയെ നോക്കി.

"ഇത് പൊളിറ്റിക്കല് സ്പീച്ചോ അതോ പ്രണയ സന്ദേശമോ?"

അടുത്തിരുന്ന് ഷാരോണ് ഷെല്ലിയോട് ചോദിച്ചു.

"...Never before in the history of this college has there been witnessed such a contest as that through which we have been witnessing. Never before in the history of this college has a great issue been fought out as this issue has been by the voters themselves. As to choose whom as the chairman....."

വിദേശികളായ വിദ്യാര്ഥികളും ക്ലാസ്സിലെ 'ദ ബ്രില്ല്യന്റ്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന വിഭാഗവും സാകൂതം അവളുടെ വാക്കുകള് കേട്ടു.

"Whether it is NSU or SFK...in other words whethre it is Mr Sridhar Prasad or Mr Shelly..."

അവള് വീണ്ടും ഷെല്ലിയെ നോക്കി.

"If there is any friend of Mr Prasad in this college, I say that my friendship with Mr Prasad is not less than his..."

"എന്റെ ഷാരോണേ, മിനി എന്നതാ ഇപ്പറയുന്നെ?"

അതിനിടയില് വിനോദിന്റെയടുത്തുനിന്നും മാറി ഷാരോണിന്റെയടുത്തേക്ക് വന്ന അജയന് ചോദിച്ചു.

"ശ്രീധര് പ്രസാദിന് ഈ കോളേജിലുള്ള ഏറ്റവുമടുത്ത കൂട്ടുകാരനോട് ഞാന് പറയുന്നു, അവന്റെ സൌഹൃദത്തേക്കാള് സൗഹൃദം എനിക്ക് ശ്രീധറിനോടുണ്ട്..."

ഷാരോണ് അത് അടക്കിയ സ്വരത്തില് പരിഭാഷപ്പെടുത്തി.

"ങ്ഹേ? എന്ന് വെച്ചാല്...?"

അവന് ചോദിച്ചു.

"ആ എനിക്കും അറീത്തില്ല. ബാക്കീംകൊടെ കേക്കട്ടെ,"

"If then, that friend demand why I support Shelly, this is my answer..."

"പിന്നെ എന്തിനാണ് ഞാന് ഷെല്ലിയെ സപ്പോര്ട്ട് ചെയ്യുന്നതെന്ന് ആ കൂട്ടുകാരന് ചോദിച്ചാല് ഇതാണ് എന്റെ ഉത്തരം..."

ഷാരോണ് വീണ്ടും പരിഭാഷയിലെക്ക് കടന്നു.

സദസ്സ് ആകാംക്ഷയോടെ അവളുടെ വാക്കുകള്ക്ക് കാതോര്ക്കുന്നത് എസ് എഫ് കേ സംഘം കണ്ടു.

പിന്നെ അവള് ഷെല്ലിയുടെ ഗുണഗണങ്ങള് വിവരിക്കുന്ന സര്വ്വവിജ്ഞാനകോശമായി മാറി. സംഘടനാപാടവം, സഹായമനസ്ഥിതി, കലാകായിക രംഗത്തെ സജീവ സാന്നിധ്യം, പ്രസംഗ പാടവം....

"നിനക്ക് ഇത്രേം കഴിവൊക്കെ ഒണ്ടാരുന്നോ ഷെല്ലി?"

ഷാരോണ് ഷെല്ലിയെ നുള്ളി.

വാക്കുകള്ക്കിടയില് വിടവേതുമില്ലാതെ, ആംഗ്യവിക്ഷേപങ്ങളോടെ, സ്വരത്തിലെ ആരോഹണാവരോഹണത്തിലൂടെ മിനി അനര്ഗ്ഗളം സംസാരിക്കുന്നത് സദസ്സ് ശ്വാസമടക്കിപ്പിടിച്ച് കേള്ക്കുന്നത് മുഴുവന് എസ് എഫ് കേ സംഘവും കണ്ടു.

ഷെല്ലിയ്ക്ക് ശേഷം അവള് മറ്റുള്ള സ്ഥാനാര്ഥികളെക്കുറിച്ചും സംസാരിച്ചു.

"If there is anyone who thinks I have offended his love towards NSU and its candidates, please let me know, so that I would use words to heal his pain..."

"ഞാന് എന് എസ് യൂവിനെക്കുറിച്ചോ,അവരുടെ സ്ഥാനാര്ഥികളെക്കുറിച്ചോ മുറിപ്പെടുത്തുന്നരീതിയില് സംസാരിച്ചു എന്ന് ആര്ക്കെങ്കിലും തോന്നിയാല് പറയൂ, വാക്കുകളിലൂടെ അവരുടെ വേദന മാറ്റുവാനും എനിക്ക് കടമയുണ്ട്...."

ഷാരോണ് അജയന് വീണ്ടും മിനിയുടെ വാക്കുകള് ഭാഷാന്തരപ്പെടുത്തി.

"If no, I am hopeful you would use your brilliant youthfulness to tell these words with me ...inqulab zindaabaad..."

"അല്ലെങ്കില് എനിക്കുറപ്പുണ്ട്...നിങ്ങളുടെ തരിപ്പിക്കുന്ന യുവത്വം എന്നോടൊപ്പം ചേര്ന്ന് ഈ വാക്കുകള് പറയുമെന്ന്: ഇങ്കിലാബ് സിന്ദാബാദ്..."

ഷാരോണിന്റെ ശബ്ദം അജയ് കുമാര് കേട്ടു.

"ഇങ്കിലാബ് സിന്ദാബാദ്!!"

എസ് എഫ് കേ സംഘം എഴുന്നേറ്റു നിന്നു.

മുഷ്ടിചുരുട്ടി അവള് വിളിച്ചുകൊടുത്ത മുദ്രാവാക്യം ഏറ്റുവിളിച്ചു.

ക്ലാസ്സിലെ പലരും.

പ്രസംഗശേഷം മിനി താഴേക്കിറങ്ങി വന്നു.

"ശരിയായോ വിനോദേട്ടാ?"

അവള് ആകാംക്ഷയോടെ ചോദിച്ചു.

"നിന്റെ ഷെല്ലിയോട് തന്നെ ചോദിക്ക്..."

ഗൌവരക്കാരനായ വിനോദ് കുസൃതിയോടെ ഷെല്ലിയെ നോക്കി.

മിനിയും.

"ഷെല്ലി അത് മിനിയോട് ഒറ്റയ്ക്ക് കാണുമ്പം പറഞ്ഞോളും വിനോദേട്ടാ. ഇപ്പം വിനോദേട്ടന്റെ അഭിപ്രായം അങ്ങ് പറഞ്ഞേരെ,"

അജയ് കുമാര് ചിരിച്ചുകൊണ്ട് പറഞ്ഞു.

"എനിക്ക് ഒരു കാര്യം മാത്രമേ ചോദിക്കാനുള്ളൂ മിനി,"

വിനോദ് പറഞ്ഞു.

"എവിടെയാരുന്നു ഇത്രേം നാള്?"

"ഇപ്പം ഒരുകാര്യം ഒറപ്പായി,"

മറ്റൊരു അംഗം പറഞ്ഞു:

"ഇതുപോലെ ഞെരിപ്പായി പ്രസംഗിക്കാന് ആളുണ്ടേല്...നമ്മള് പാട്ടുംപാടി ജയിക്കും..."

"പാട്ടും പാടിയല്ല, പ്രസംഗിച്ച് ജയിക്കും..."

മറ്റൊരാള് പറഞ്ഞു.

അടുത്തക്ലാസ്സിലേക്ക് നടക്കുമ്പോള് ഷെല്ലി അവളോട് പറഞ്ഞു.

"മിനീടെ ടെന്ഷന് മാറീല്ലേ?"

"ഇല്ല, ഷെല്ലി.... റിസല്റ്റ് വന്ന് കഴിഞ്ഞേ എന്റെ ടെന്ഷന് പോകുള്ളൂ,"

വൈകുന്നേരം മിനിയുടെ കൂടെ ഹോസ്റ്റലിലേക്ക് നടക്കുമ്പോഴാണ് റോയിയുടെ കാര് എതിരെ വരുന്നത് ഷാരോണ് കാണുന്നത്.

അവരുടെ സമീപം നിര്ത്തിയതിനു ശേഷം റോയി കാറില് നിന്നിറങ്ങി.

"എന്നാ ഒണ്ട് റോയിച്ചാ?"

"നീ വാ,"

അവന് ഗൌരവത്തില് പറഞ്ഞു.

"അയ്യോ വരാനൊന്നും പറ്റത്തില്ല. അത്ര ഇമ്പോര്ട്ടന്റ് ആണോ?"

റോയി ഗൌരവത്തില് മിനിയെ നോക്കി.

"ചേച്ചി സംസാരിക്കു,"

അന്തരീക്ഷത്തിന്റെ പ്രത്യേകത തിരിച്ചറിഞ്ഞ് മിനി പറഞ്ഞു.

"ശരി മിനി നടന്നോളൂ. വാര്ഡന് സിസ്റ്ററിനോട് പറഞ്ഞേക്ക് ഞാന് ഇപ്പ വരുന്ന്,"

ഷാരോണ് അവളോട് പറഞ്ഞു.

"പറ റോയീ,"

അവനോടു അല്പ്പം കൂടി അടുത്ത് നിന്നുകൊണ്ട് അവള് പുഞ്ചിരിയോടെ പറഞ്ഞു.

"ഷാരോണെ,"

അവന് ഗൌരവത്തില് വിളിച്ചു.

"ഞാന് പറയാമ്പോകുന്ന കാര്യം നെനക്ക് അത്ര ഇഷ്ട്ടപ്പെട്ടു എന്നൊന്നും വരത്തില്ല,"

ഷാരോണ് പുഞ്ചിരിവിടാതെ അവനെ നോക്കി.

"നമ്മടെ അപ്പന്മാര് തമ്മി ഒറപ്പിച്ച ഒര് വാക്കൊണ്ട്. ഞാമ്മറന്നിട്ടില്ല അത്. നെനക്ക് ഓര്മ്മയോണ്ടോന്നു എനിക്ക് അത്ര ഒറപ്പം ഇല്ല,"

"എന്റെ റോയിച്ചാ, കാര്യം എന്നതാ?"

ഷാരോണ് പുഞ്ചിരി നിലനിര്ത്താന് ശ്രമം നടത്തിക്കൊണ്ട് ചോദിച്ചു.

"നീയിപ്പം ആ വാധ്യാര്ടെ കൂടെയാ ഫുള് ടൈമും എന്ന് കേട്ടു?"
ഷാരോണിന് കാര്യം മനസ്സിലായി.
എങ്കിലും അവള് അവന്റെ അടുത്ത വാക്കുകള് എന്തായിരിക്കും എന്നറിയാന് കാത്തിരുന്നു.
"ചെലപ്പം രാത്രീല് ഒക്കെ കൊറേ സമയം..എട്ടു മണികഴിഞ്ഞ്...അത് വരെയൊക്കെ.... അയാടെ കൂടെ ഒറ്റക്ക് ആണ്...അല്ല അങ്ങനേം കേട്ടു,"
"റോയിച്ചാ കാര്യം എന്നതാന്ന് തെളിച്ച് പറ,"
അവളുടെ പുഞ്ചിരി മാഞ്ഞു.
"ഷാരോണേ, നീയീവിഷയത്തി അത്ര അക്ഷരാഭ്യാസം ഒന്നും ഇല്ലാത്ത കൊച്ച് കുട്ടി ഒന്നുവല്ല. നിന്റെ ഈ പ്രായത്തി അയാളെപ്പോലെ ഒള്ള ഒരു ചുള്ളന്റെ കൂടെ പാട്ടും കൂത്തും ന്നൊക്കെ പ്പറഞ്ഞു കോലേക്കേറി നടക്കാന്!"
"അതിനിപ്പം എന്നാ പറ്റീന്നാ?"
അവളുടെ സ്വരം ഉയര്ന്നു.
"ഇത് വരെ ഒന്നും പറ്റീല്ലേ കൊഴപ്പവില്ല,"
അവന്റെയും സ്വരം ഉയര്ന്നു.
"പക്ഷെ ഇനി പറ്റാതിരിക്കണങ്കി...നിര്ത്തിക്കോ. എല്ലാപ്പരിപാടീം..."
"റോയിച്ചാ..."
അവളുടെ സ്വരത്തിന് മൂര്ച്ച വന്നു.

"പപ്പാനെ ധിക്കരിക്കാന് എനിക്ക് ഒട്ടും ഇഷ്ടവല്ല. എന്റെ റോള് മോഡല് ആണ് പപ്പാ. പപ്പായ്ക്ക് വെഷമം ഒണ്ടാക്കുന്ന ഒരു കാര്യോം ചെയ്യാമ്പാടില്ല എന്ന് ആശിച്ച കൊണ്ടാ നിന്നെ കെട്ടിക്കോളാം എന്ന് ഞാന് സമ്മതിച്ചേ. അതേ പപ്പ തന്നെ എന്നോട് ഒരു കാര്യം പറഞ്ഞിട്ടൊണ്ട്. തെറ്റാണ് എന്ന് മനസാക്ഷി പറയാത്തിടത്തോളം കാലം എന്ത് കാര്യോം ചെയ്തോളാന്...പപ്പാടെ മോളാ ഞാന്...."
"അപ്പം നീ ഞാം പറയ്ന്നെ അനുസരിക്കുവേല?"
"തീര്ച്ചയായും ഇല്ല..."
ഷാരോണ് തുടര്ന്നു.
"ഞാന് ഒരു ഫെമിനിസ്റ്റ് ഒന്നുവല്ല. നല്ല അനുസരണയുള്ള മകളും കീഴ്പ്പെട്ടിരിക്കുന്ന ഭാര്യയും ഉത്തരവാദിത്തമുള്ള ഒരമ്മയും ഒക്കെ ആയി അടങ്ങി ഒതുങ്ങിജീവിക്കാനൊക്കെയാ എനിക്കും ഇഷ്ടം. പക്ഷെ അങ്ങനെ ഒക്കെ ആകണവെങ്കില്..."
"എങ്കില്?"
റോയി ക്രുദ്ധനായി ഇടയ്ക്ക് കയറി.
"അല്ല റോയിച്ചാ, നീ എന്നെത്തിനാ എന്നെ ഭരിക്കാന് വരുന്നെ?"
"ഞാനാ നിന്നെ കെട്ടാന് പോകുന്നവന്. അതുകൊണ്ട്!"
"കെട്ടുകഴിഞ്ഞില്ലല്ലോ. കഴിഞ്ഞിട്ട് മതി നിയന്ത്രണോം ഭരണോം,"
"ഉം! എന്നാലും നെനക്ക് അയാടെ കൂടെയൊള്ള അഴിഞ്ഞാട്ടം നിര്ത്തത്തില്ല അല്ലേ?"
"റോയി!!"
ഷാരോണിന്റെ ശബ്ദം കേട്ട് ഒരുനിമിഷം അവന് പകച്ചു.
അവളുടെ കണ്ണുകളില് തീപറക്കുന്നത് അവന് കണ്ടു. അവളുടെ മുഖം ചുവന്നു. അവള് ചൂണ്ടുവിരല് അവന്റെ നേരെയുയര്ത്തി.
"പപ്പാടെ സ്ഥാനത്താ ഞാന് ആ മനുഷ്യനെ കാണുന്നെ...ഇനി ഒരുവാക്ക്....വൃത്തികെട്ട ഒരുവാക്ക് മിണ്ടിയാ റോയീ, നീ വിവരം അറിയും...!!"
അവളെ വിറയ്ക്കുകയായിരുന്നു.
അവളുടെ ഭാവമാറ്റം കണ്ട് അമര്ത്തിക്കുലുക്കിച്ചവിട്ടി റോയി തിരികെ കാറിലേക്ക് കയറി.
കാര് അകന്ന് പോയിക്കഴിഞ്ഞ് തിരിഞ്ഞപ്പോള് അവള് അദ്ഭുതപ്പെട്ടു.
നന്ദകുമാര് മുമ്പില്!
അയാളെ പുഞ്ചിരിയോടെ അവളെ നോക്കി.
അവളും പുഞ്ചിരിക്കാന് ശ്രമിച്ചു.
ബോയ്സ് ഹോസ്റ്റലിന്റെയരികിലൂടെ വരികയായിരുന്നു അയാള്.
"ബൈക്ക് ആരുടെയാ സാര്?"
അവള് ചോദിച്ചു.
"ആ പയ്യന് പറഞ്ഞത് ഞാന് കേട്ടില്ല,"
അവളുടെ ചോദ്യം അവഗണിച്ച് അയാള് പറഞ്ഞു.
"പക്ഷെ ഷാരോണ് അവസാനം പറഞ്ഞത് ഞാന് കേട്ടു..."
"സാര്..."

ഷാരോണ് വാക്കുകള്ക്ക് ബുദ്ധിമുട്ടി.
അവളുടെയടുത്തേക്ക് അയാള് വന്നു.
"പറഞ്ഞത് ഇഷ്ടമായി...പപ്പാ..."

ഷാരോണ് ഒന്നും മിണ്ടിയില്ല.

"അയാളാണോ മോളെ കല്യാണം കഴിക്കാന് പോകുന്നയാള്?"

ഷാരോണ് അതെയെന്ന അര്ത്ഥത്തില് തലകുലുക്കി.

"എങ്കില് ഇപ്പോള് തന്നെപോയി മോള് അയാളെ കാണണം...നമ്മളിലൂടെയായിരിക്കരുത് ഒരു ബന്ധത്തിന്റെയും തകര്ച്ച..."

"എനിക്കും വിഷമം ഉണ്ട് സാര്,"

അവള് പറഞ്ഞു.

"ഇച്ചിരെ പോസ്സെസ്സീവ് ആണെന്നേയുള്ളൂ. ഉള്ളില് ഒന്നുമില്ല..."

"എങ്കില് സമയം കളയാതെ തന്നെ പോയിക്കാണൂ. എവിടെയുണ്ടാവും ആള് ഇപ്പോള്?"

"അടുത്ത് തന്നെ ഒരു വില്ലയുണ്ട് റോയിക്ക്. ഇപ്പം അവന് സാധാരണ അവിടെയാ കാണാറ്,"

"എങ്കില് കയറൂ,"

നന്ദകുമാര് പറഞ്ഞു.

"ഞാനവിടെ ഡ്രോപ്പ് ചെയ്യാം. സംസാരിച്ച് കഴിഞ്ഞ് മോള് അയാളോട് തന്നെ ഹോസ്റ്റലില് ഡ്രോപ്പ് ചെയ്യാന് പറ,"

ബൈക്ക് സ്റ്റാര്ട്ട് ചെയ്തുകൊണ്ട് നന്ദകുമാര് പറഞ്ഞു.

"ശരി സാര്,"

അവള് മറ്റൊന്നും ചിന്തിക്കാതെ അയാളുടെ പിമ്പില് കയറി.

പത്ത് മിനിറ്റില് ആ യാത്ര ധനികരുടെ മാത്രം താവളമായ ഒരു കോളനിയിലെ ഭംഗിയുള്ള വീടിന്റെ മുമ്പില് അവസാനിച്ചു.

"ഓക്കേ, മോളെ..."

ബൈക്ക് നിന്ന് കഴിഞ്ഞ് ഷാരോണ് ഇറങ്ങുന്നതിനിടയില് അയാള് പറഞ്ഞു.

"അധികം താമസിക്കാതെ തന്നെ തിരിച്ചുകൊണ്ടു വിടാന് അയാളോട് പറയണം കേട്ടോ...ഞാന് നില്ക്കുന്നില്ല. അയാള്ക്ക് വീണ്ടും ഒരു പ്രശ്നമുണ്ടാവണ്ട,"

"ശരി,"

വീടിനുനേരെ തിരിഞ്ഞുകൊണ്ട് ഷാരോണ് പറഞ്ഞു.

നന്ദകുമാര് ബൈക്ക് തിരിച്ചു.

"സാര്,"

പെട്ടെന്ന് തിരിഞ്ഞു നിന്ന് ഷാരോണ് അയാളെ വിളിച്ചു.

നന്ദകുമാര് ബൈക്ക് നിര്ത്തി തിരിഞ്ഞുനോക്കി.

"അല്ലേല് സാര് വെയിറ്റ് ചെയ്യാമോ, ഒരഞ്ചു മിനിറ്റ്...സംസാരിക്കുമ്പോള് സാറിനെപ്പറ്റി അവന്റെ മനസ്സിലൊള്ള ആ കരടുംകൊടെ എടുത്ത് കളയണം....പിന്നെ കൊഴപ്പം ഇല്ലല്ലോ..."

"ശരി...താമസിക്കരുത് കേട്ടോ,"

അവള് തലകുലുക്കി സമ്മതിച്ച് ഗേറ്റിനുള്ളിലേക്ക് കയറി.

നല്ല സുഹൃത്തായിരുന്നു റോയി. താന് മറ്റുള്ളവരോട് അടുത്തിടപഴകുന്നതില് അവന് ഒരിക്കലും എതിര്പ്പ് കാണിച്ചിരുന്നില്ല. ഇത്രപെട്ടെന്ന് ഇങ്ങനെയൊരു മാറ്റം! എന്തായിരിക്കും കാര്യം?

പ്രക്ഷുബ്ധമായ ചിന്തകളോടെ അവള് ചാരിയിട്ടിരുന്ന മുന്ഭാഗത്തെ കതക് പതിയെ തുറന്ന് അകത്ത് കയറി.

നേര്ത്ത സംഗീതം കേള്ക്കുന്നുണ്ട്.

ഇനി വല്ല മദ്യപാന സെറ്റപ്പും ആയിരിക്കുമോ?

അവള് സംശയിച്ചു.

കോറിഡോര് അവസാനിക്കുന്നിടത്ത് അവന്റെ ഓഫീസ് മുറിയാണ്.

അതിനടുത്ത് എത്തിയപ്പോള് അവള് പെട്ടെന്ന് നിന്നു.

'ഞാന് ട്രൈ ചെയ്യാഞ്ഞിട്ടാണോ ഡാഡീ ..."

അവള് റോയിയുടെ ശബ്ദം കേട്ടു.

അപ്പോള് അവന് പീലിപ്പോസ് അങ്കിളിനോട് സംസാരിക്കുകയാണ്.

അകത്ത് കയറണോ അതോ മാറിനില്ക്കണോ?

മറ്റൊരാളുടെ പ്രൈവസിയുടെ കാര്യമാണ്.

ഒളിഞ്ഞുനോട്ടം പോലെ അമാന്യമാണ് ഒളിഞ്ഞുനിന്ന് കേള്ക്കലും.

റോയി മറ്റാരുമല്ലല്ലോ.

"എനിക്കറിയാം അയാക്ക് സൊന്തം മോളോടൊള്ള സോഫ്റ്റ് കോര്ണര്. അയാടെ വീക്ക് സ്പോട്ടാ ഷാരോണ്..."

ഷാരോണ്...!

അപ്പോള് എന്നെക്കുറിച്ചാണ് റോയി പീലിപ്പോസ് അങ്കിളിനോട് സംസാരിക്കുന്നത്!

ഷാരോണിന്റെ കാതുകള് ജാഗരൂകമായി.

"എന്റെ ഡാഡി....ഡാഡി ഇങ്ങനെ വെറും മൊണ്ണയാകല്ലേ....എനിക്ക് ദിവ്യപ്രേമം തലക്ക് പിടിച്ചിട്ടൊന്നുവല്ല....നല്ല മാതൃകാ മരുമോളായിക്കണ്ടിട്ടൊന്നുവല്ല ഡാഡി അവടെ പപ്പായോട്ട എനിക്ക് വേണ്ടി അവളെ കണ്ടുവെച്ചതെന്ന് എനിക്കും അറിയാം..."

ഈശോയേ...
ഷാരോണിന്റെ ദേഹത്ത് ഒരു വിറയല് ബാധിച്ചു.
എന്തൊക്കെയാണ് താന് കേള്ക്കുന്നത്!
"കേരളത്തിലേ പൊതു ട്രെന്ഡ് വെച്ച് അഞ്ചുവര്ഷം എടവിട്ട് നമ്മടെ മുന്നണിതന്നെ പരിക്കും. അന്നെരോം അവടപ്പന് തന്നെയായിരിക്കും മുഖ്യമന്ത്രി...ആദര്ശവാനല്ലേ? അതുകൊണ്ട് ഇച്ചിരെ കയ്യിട്ട് വാരാനോന്നും അയാള് സമ്മതിക്കുവേല...പക്ഷെ അയാടെ മോളെ ഞാന് പോറ്റമ്പം ഞാന് കയ്യിട്ടുവാരിയാലും അയാക്ക് എതിര്ക്കാന് ഒക്കത്തില്ല...അവളെ കെട്ടിക്കഴിഞ്ഞാല്..... എന്റെ ഡാഡി.... കയ്യിട്ട് വാരാനാണേല് ഒരു നൂറു കയ്യെങ്കിലും വേണം....മാത്രവല്ല...ശക്തിസിംഗ് ചന്ദ്രാവത്തിന്റെ കാര്യം വരുമ്പോം നല്ല പോളിറ്റിക്കല് ബാക്കപ്പ് ഇല്ലേല് പെട്ടുപോകും നമ്മള്....അത്കൊണ്ട് ഷാരോണ് നല്ലൊരു ചൂണ്ടയാ...വലല്യ മീനുകളെപ്പിടിക്കാനുള്ള ഇര കോര്ക്കാനൊള്ള ചൂണ്ട...അല്ലാതെ...."

സംസാരിച്ച് തിരിഞ്ഞപ്പോള് മുമ്പില് ഷാരോണ്!
റോയി വിറങ്ങലിച്ചു നിന്നു.
അവളുടെ ഉയര്ത്തിയ കൈയ്യിലെ മൊബൈല് ഫോണ് സ്ക്രീനില് വീഡിയോയുടെ റിക്കോഡിംഗ് മോഡ്.
റോയി ചിരിക്കാന് ശ്രമിച്ചു.
"അല്ല ...ശാരോണോ....?"
മൊബൈല് ഓഫ് ചെയ്ത് വിളറിയ ചിരിയോടെ അവന് ചോദിച്ചു.
"ശാരോണല്ല ഷാരോണ്..."
കണ്ണുകളില് അഗ്നിസ്ഫുലിംഗങ്ങള് നിറച്ച് അവള് പറഞ്ഞു.
"ചൂണ്ട...വലിയ മീനുകളെ പിടിക്കാന് ഇര കോര്ക്കാനുള്ള ചൂണ്ട...."
"ഷാരോണെ..."
അവന് അവളുടെ നേരെ അടുത്തു.
"ഞാനത് തമാശക്ക്....നീയാ മൊബൈല് ഇങ്ങ് താ..നീയെന്നാ ജേണലിസം പഠിക്കുവാണോ?"
"ഈ മൊബൈലോ?"
പരിഹാസം നിറഞ്ഞ സ്വരത്തില് അവള് ചോദിച്ചു.
"നെനക്ക് തരാനോ....? അതിനാണോ കഷ്ട്ടപ്പെട്ട് ഇതൊക്കെ ഞാന് ഷൂട്ട് ചെയ്തെ?"
തോളില് തൂങ്ങുന്ന ബാഗില് മൊബൈല് വെച്ചുകൊണ്ട് അവള് ചോദിച്ചു.
"അത് വെച്ച് നീയെന്നാ ചെയ്യുന്നാ?"
"ഞാനെന്നാ ചെയ്യാനാ?"
പരിഹാസ സ്വരത്തില് അവള് തുടര്ന്നു.
"ഞാന് ഒരു പാവം ആദര്ശവാനായ മുഖ്യമന്ത്രീടെ പാവം മോള്....പക്ഷെ പാവമല്ലാത്ത ഒരാള് ഇപ്പം സിറ്റീലൊണ്ട്. റഫീക്ക് ജാവേദ്. ഇന്ത്യാ ടൈംസിന്റെ ഡെപ്യൂട്ടി എഡിറ്റര്. ആള് അത്ര പാവമൊന്നുമല്ലന്ന് മുക്കുവന്....അല്ല മീന് പിടുത്തക്കാരെ നമ്മള് മുക്കുവനിന്നല്ലേ വിളിക്കുന്നെ? അതെ മുക്കുവനറിയാല്ലോ? രണ്ട് മുഖ്യമന്ത്രിമാര്...മൂന്ന് കേന്ദ്ര മന്ത്രിമാര് .....ടോപ്പ് ബ്രാസ് ബ്യൂറോക്രാറ്റ്സ്...അങ്ങനെ കൊറേ ഇനങ്ങളെ രജിവെപ്പിച്ച ഡെപ്യൂട്ടി എഡിറ്റര്...അയാടെ കയ്യിലെത്തും ഈ മൊബൈല്..."
"ഷാരോണെ...നീ കളിക്കരുത്....ആ മൊബൈല് ഇങ്ങ് താടീ..."
"അല്ലടാ...ഞാന് കളിക്കുവാ...നെനക്കൊന്നും അറിയാത്ത കളി..."
സ്വരത്തില് മൂര്ച്ച കൂട്ടി ഷാരോണ് തുടര്ന്നു.
"നെനക്കറിയോ...നീ ദുഷിച്ച് പറഞ്ഞ നന്ദകുമാര് സാറാ...നിന്നെ മിസ്സ് ചെയ്യരുതെന്ന് പറഞ്ഞ് എന്നെ ഇങ്ങോട്ട് ഇപ്പം പറഞ്ഞുവിട്ടെ. നീയുവായി ഒള്ള ബന്ധം തകരരുതെന്നു പറഞ്ഞ്....എന്നിട്ട് ഓടിവന്നപ്പം നീ...!! ഈശോയേ...ഇത്ര വൃത്തികെട്ടവനാ നീയെന്ന് എനിക്കറിയാന് പറ്റീല്ലോ..."
"അയാള് ഇങ്ങോട്ട് നിന്നെ പറഞ്ഞുവിടാന് അയാള് ആരാടീ നിന്റെ?"
അവന് കയര്ത്തു.

അത് പറഞ്ഞതും റോയിയുടെ കൈകള് അവളുടെ ദേഹത്തമര്ന്നു. കഴുത്തില് ചേര്ത്ത് അവന് അവന് അവളെ ഞെരിച്ചു. അവളെ അവന് ഭിത്തിയോട് ചേര്ത്തമര്ത്തി. സകല ശക്തിയും സംഭരിച്ച് അവള് കയ്യുയര്ത്തി അവനെ ആഞ്ഞു തള്ളി. റോയി പിമ്പിലേക്ക് വേച്ചുപോയി.
"ആരാന്ന് കേള്ക്കാനാ നെനക്കിഷ്ടം?" നിവര്ന്ന് നിന്ന് കിതച്ചുകൊണ്ട് ഷാരോണ് ചോദിച്ചു. ഷാരോണിന്റെ സ്വരം അവന്റെ സ്വരത്തിന് മേലേ മുഴങ്ങി.
"കാമുകി? ഭാര്യ? വെപ്പാട്ടി?"
റോയിയുടെ കണ്ണുകള് വിടര്ന്നുവെളിയിലേക്ക് വന്നു.
"ഇഷ്ടമാ എനിക്ക്....സാറിന് ഇഷ്ടവാണേല് കാമുകിയാകാനും ഭാര്യയാകാനും..."
"എടീ...!!"
വര്ധിച്ച വീര്യത്തോടെ റോയി കുപിതനായി അവളുടെ നേര്ക്കടുത്തു. ചുരുട്ടിയ മുഷ്ട്ടി അവന് ഷാരോണിന്റെ മുഖത്തേക്ക് ഉയര്ത്തി.
പെട്ടെന്ന് തൊട്ടടുത്ത മുറി തുറന്ന് കുളികഴിഞ്ഞ് തലമുടി തുവര്ത്തിക്കൊണ്ട് മേല് വസ്ത്രമില്ലാതെ ഒരു ചെറുപ്പക്കാരന് കടന്നു വന്നു.
"റോയിച്ചാ, നീയിവിടെ നിക്കുവാരുന്നോ...? അല്ല ഇത് ഷാരോണ് അല്ലേ...? നീ റോയി....!! നീയിത് എന്നാ ചെയ്യുവാ?"
ഷാരോണിനെ ഭിത്തിയോട് ചേര്ത്തമര്ത്തി അവളുടെ മുഖത്തിന് നേരെ കയ്യോങ്ങിനില്ക്കുന്ന റോയിയെക്കണ്ട് അവന് അമ്പരന്നു.

"ഇതേ ..ഇതെന്റെ വിധി!"

ഷാരോണിന്റെ കഴുത്തില് ചുറ്റിപ്പിടിച്ചിരുന്ന കൈ വിട്ടുവിക്കാതെ റോയി മുരണ്ടു.

"നീയൊക്കെ രമേശാ നേരത്തെ പറഞ്ഞതാ....കൈയ്യിലുള്ള ചരക്ക് വിട്ടുപോകാതിരിക്കണങ്കി അവളെ ആണത്തം എന്നതാന്ന് കാണിച്ച് കൊടുക്കണന്ന്....അന്നത് ഞാന് ചെയ്യാത്തേന്റെയാ ഇതൊക്കെ...ആണിന്റെ സാധനത്തിന്റെ രുചി അറിഞ്ഞ ഒരു പെണ്ണും ആണ് ചെയ്യുന്നേന് കൂടെ നിക്കുവേല! ഇവളെപ്പോലെ! ....ഇപ്പം ഇവക്ക് പുച്ഛം! ഇനി എന്നതായാലും രമേശാ ഇനി ഇവളെ എന്റെ കൈക്കെണേ കിട്ടത്തില്ല..."

അത് പറഞ്ഞ് റോയി അവളെ രൂക്ഷമായി നോക്കി.

ഷാരോണ് ശ്വാസം കിട്ടാതെ ചുമയ്ക്കാന് തുടങ്ങി.

"അത് കൊണ്ട്..."

ക്രൌര്യത്തോടെ അവന് തുടര്ന്നു.

"ഏതായാലും നിനക്കെന്നെ വേണ്ട. എന്നാ അന്ന് പറ്റാത്ത കാര്യം ഇപ്പം ചെയ്തേക്കാം. രമേശാ..ഇന്ന് ഇവളെ ഞാന് ആണത്തം പഠിപ്പിക്കാന് പോകുവാ...ഇത് ചവിട്ടും തോഴീം ഒള്ള ഒരു പശു ആയത് കൊണ്ട് ഇവടെ അകിട്ടീന്ന് പാല് കറന്ന് കറന്ന് എടുക്കണേല് കാലേലും കൈയ്യേലും പിടിക്കാന് ആരേലും ഒന്ന് സഹായിക്കണം..."

പിന്നെ റോയി രമേശനെ നോക്കി. ഷാരോണ് സര്വ്വശക്തിയുമെടുത്ത് കുതറി. അപ്പോള് റോയിയുടെ കൈത്തലം അവളുടെ മുഖത്തിന് കുറുകെ ശക്തിയായി വീണു.

"വന്നുപിടിക്കെടാ ഇവളെ....ഇവക്ക് ഒന്നല്ല രണ്ട് ആണത്തത്തിന്റെ രസം എന്നതാന്ന് പഠിപ്പിച്ച് കൊടുക്കാം..."

രമേശന് സൂചന മനസ്സിലാക്കി ഷാരോണിന്റെ മുമ്പിലേക്ക് വന്നു.

ഷാരോണിന്റെ മുമ്പിലെത്തിയതും പക്ഷെ പെട്ടെന്ന് തീയില് ചവിട്ടിയത് പോലെ അവന് നിന്നു.

"എന്നതാടാ?"

വാതില്ക്കലേക്ക് ഭീതിയോടെ നോക്കുന്ന രമേശനോട് റോയി ചോദിച്ചു.

അതിനുത്തരമായി വാതില്ക്കല് നിന്ന് ഒരു കൈ നീണ്ട് വന്ന് രമേശന്റെ കോളറില് പിടിക്കുന്നത് റോയി കണ്ടു.

"നന്ദകുമാര് സാര്..."

അവന്റെ ചുണ്ടുകളില് നിന്ന് വാക്കുകള് വിറച്ചു.

റോയി പെട്ടെന്ന് ഷാരോണിന്റെ മേലുള്ള പിടിവിട്ടു.

പക്ഷെ പെട്ടെന്ന് തന്നെ അവന് സ്വതേയുള്ള ഭാവം വീണ്ടെടുത്തു.

"സാറേ...!"

അവന് പുച്ഛത്തോടെ ചിരിച്ചു.

"അപ്പന് മന്ത്രിയാ....ഈ റൂമില് രണ്ട് ആണുങ്ങളുണ്ട്. രണ്ടുപേരെ ഒരേസമയം തോപ്പിച്ച് സിനിമാ സ്റ്റൈലില് സാറ് ഇവളേം കൊണ്ട് ഇവടന്ന് പോകുവോ?"

"റോയിച്ചാ..."

ഒരു കൈയില് രമേശനെ ഞെരിച്ച് പിടിച്ച് ഗൌരവത്തില് നന്ദകുമാര് റോയിയെ നോക്കി.

"എന്റെ ഭാര്യ മരിച്ച് കഴിഞ്ഞ് പലപ്രാവശ്യം ഞാന് മരിക്കാന് നോക്കിയിട്ടുണ്ട്...നടന്നില്ല...ഇന്ന് നടക്കുവാരിക്കും. കാരണം മുമ്പി ആണത്തം മാത്രവോള്ള രണ്ട് പേരുണ്ട്. അകത്തേ മുറീല് ഒക്കെ ഇനീം കാണവാരിക്കും..."

നന്ദകുമാര് അവന്റെ കണ്ണുകളിലേക്ക് തറച്ച് നോക്കി.

"എന്നായാലും ആദ്യം ഇവനെ...."

പറഞ്ഞു തീര്ന്നതും നന്ദകുമാര് രമേശനെപ്പിടിച്ച് സമീപത്തെ ജന്നല്ക്കമ്പികളിലേക്ക് തള്ളി ഞെരിച്ചു.

അനിയന്ത്രിതമായ നിലവിളിയോടെ അവന് നിലത്ത് വീണ് വേദനകൊണ്ട് പുളഞ്ഞു.

ചടുലമായ ആ നീക്കം കണ്ട് റോയി അസ്തപ്രജ്ഞനായി. അവന് പിമ്പോട്ട് ചുവട് വെച്ചു.

"അപ്പം സിനിമേലെ ചെല സീനൊക്കെ ഒള്ളതാ അല്ലേ?"

മുമ്പോട്ട് ചെന്ന് റോയിയുടെ കോളറില് പിടിച്ച് കൊണ്ട് നന്ദകുമാര് ചോദിച്ചു.

"സാര്..ഞാന് ....പ്ലീസ്..."

റോയിയുടെ മുഖത്ത് ഭയമിരമ്പി.

"എന്ത് പറ്റി? ആണത്തം താഴ്ന്ന് പോയോ?"

നന്ദകുമാറിന്റെ കൈകള് അവന്റെ അരക്കെട്ടിലേക്ക് നീങ്ങി. റോയി പെട്ടെന്ന് അരക്കെട്ട് പൊത്തിപ്പിടിച്ചു.

"ഒണ്ടാരുന്നു ഞാന് പൊറത്ത്,"

റോയിയെ ഭിത്തിയോട് ചേര്ത്ത് നിര്ത്തി നന്ദകുമാര് പറഞ്ഞു.

"നിന്റെ ഡയലോഗ് മൊത്തം ഞാന് കേട്ടു. ഒരു എന്ട്രിക്ക് നോക്കി നിക്കുവാരുന്നു. ഷാരോണിന്റെ കൈയിലെ സൌണ്ട് റിക്കോഡ്, റോയീ നീ വിചാരിക്കുന്ന പോലെ അത്ര എളുപ്പമല്ല. എസ്പെഷ്യലി റഫീഖിനെപ്പോലെയൊരു സൂപ്പര് ജേണലിസ്റ്റ് വിചാരിച്ചാല് കുഞ്ഞ് പീലിപ്പോസേ നിന്റെ ആണത്തം കുറ്റിയറ്റുപോകും. അത് കൊണ്ട് മേലാല് ഇവടെ നെഴല് വെട്ടത്ത് പോലും വന്നേക്കരുത്..."

"ഇല്ല...ഇല്ല..."

"നിന്റെ അപ്പന് രാഷ്ട്രീയക്കാരന്റെ ഒറപ്പാണോ?"

"അല്ല...ശരിക്കും ഒള്ള ഒറപ്പ്..."

രമേശന് വളരെ വിഷമിച്ച് നിലത്ത് നിന്നും എഴുന്നേറ്റ് സോഫയില് തലപൂഴ്ത്തിയിരുന്നു.
നന്ദകുമാര് ഷാരോണിനെ കൂട്ടി പുറത്തേക്ക് നടന്നു.
പിന്നെ അല്പ്പദൂരെയുള്ള ഒരു റെസ്റ്റോറന്റിലേക്ക് ബൈക്ക് ഓടിച്ചു.
"വാ..."
പാര്ക്കിംഗ് ഏരിയയില് ബൈക്ക് നിര്ത്തി റെസ്റ്റോറന്റിന്റെ നേരെ നടന്ന് കൊണ്ട് അയാള് പറഞ്ഞു.
വെയിറ്ററോട് കാപ്പി കൊണ്ടുവരുവാന് പറഞ്ഞിട്ട് അയാള് അവളെ നോക്കി.
ഷാരോണ് പുഞ്ചിരിയോടെയും ആരാധനയോടെയും അയാളെ നോക്കി.
"എന്ത് പറ്റി.."
അവളുടെ നോട്ടം കണ്ട് അയാള് ചോദിച്ചു.
"രണ്ടാം ജന്മം ആണിത്...."
അവള് പറഞ്ഞു.
അവള് വീണ്ടും അയാളുടെ കണ്ണുകളിലേക്ക് തന്നെ നോക്കി.
"സാര് പുറത്ത് നില്പ്പുണ്ടാരുന്നു എന്ന് പറഞ്ഞത് നേരാരുന്നോ?"
അയാള് പുഞ്ചിരിച്ചുകൊണ്ട് തലയനക്കി.
അവളുടെ കണ്ണുകള് വിടര്ന്നു. നാണത്തിന്റെ നേരിയൊരു മഴ അവളുടെ കണ്ണുകളെ ചുണ്ടുകളെ , കവിളുകളെ നനച്ചു.
"അപ്പോള്..."
വികാരതീവ്രതയാല് അവളുടെ ശബ്ദം വിറച്ചു.
"അപ്പോള് ഞാന് പറഞ്ഞതൊക്കെ....അതൊക്കെ സാര് കേട്ടിരുന്നോ?"
അയാളുടെ ചുണ്ടുകളിലെ പുഞ്ചിരി മാഞ്ഞു.
അയാള് അവയൊക്കെ കേട്ടുകഴിഞ്ഞിരിക്കുന്നു എന്ന് ഷാരോണ് ഉറപ്പിച്ചു.
ഈശോയേ....
താന് റോയിയോട് എന്തൊക്കെയാണ് പറഞ്ഞത്?
ഓര്ക്കാന് ശ്രമിക്കേണ്ട കാര്യമില്ല.
പറഞ്ഞ വാക്കുകള് മുഴുവനും തന്റെ നാവിന്റെ നനവില് ഇപ്പോഴുമുണ്ട്.
"ഞാന് സാറിന്റെ ആരാന്ന് കേള്ക്കാനാ നിനക്കിഷ്ടം? കാമുകി? ഭാര്യ? വെപ്പാട്ടി?"
ആ വാക്കുകള് താന് പറയുമ്പോള് സാര് വെളിയില് ഉണ്ടായിരുന്നു.
ഗുരുനാഥന്! അച്ഛനായി കണ്ടയാള്!

ആയിരുന്നോ?
ഷാരോണ്, മനസ്സാക്ഷിയെ വഞ്ചിച്ച് സ്വയം സംസാരിക്കരുത്!
നിന്റെ മനസ്സില് ആരാണ് നന്ദകുമാര് സാര്?
"സാര്.."
അവള് വിളിച്ചു.
അപ്പോഴേക്കും നന്ദകുമാര് കോഫി കുടിച്ചു കഴിഞ്ഞിരുന്നു.
"കഴിക്കു....തണുത്ത് പോകും,"
മേശപ്പുറത്തിരുന്ന കാപ്പിക്കപ്പിലേക്ക് നോക്കി അയാള് പറഞ്ഞു.
"വരൂ..."
കാപ്പി കഴിച്ചു കഴിഞ്ഞ് അയാള് പറഞ്ഞു. റെസ്റ്റോറന്റില് നിന്ന് അവര് തിരികെ ഷാരോണിന്റെ ഹോസ്റ്റലിലേക്ക് പോയി. അയാളോടൊപ്പം ബൈക്കിലിരിക്കുമ്പോള് എന്തെങ്കിലും അയാള് തന്നോട് ചോദിച്ചിരുന്നെങ്കില് എന്ന് അവള് ആഗ്രഹിച്ചു.
എന്തൊരു തീച്ചൂട് ആണ് മൌനത്തിന്!
സാറിന് ദേഷ്യമാണോ?
മാപ്പ് പറയണോ?
പക്ഷെ തന്റെ മനസ്സ്?
താന് എന്തിനാണ് ഈ മനുഷ്യന് വേണ്ടി ഉരുകിയത്?
റോയി ഒരിക്കലും ഒരു പ്രണയാനുഭാവമായി തന്നിലേക്ക് വരാതിരുന്നതിനു കാരണമെന്ത്?
അതിനര്ത്ഥം?
ഈശോയേ! ഈ മനുഷ്യനായിരുന്നില്ലേ തന്റെ മനസ്സില് തന്റെ പ്രാണന് പകരമായി ഉണ്ടായിരുന്നത്?
പെട്ടെന്ന് ബൈക്ക് നിന്നു.
അവള് ഇറങ്ങി.
അടുത്ത് ഒരു ദേവദാരു പൂത്ത് നില്ക്കുന്നു.
അതിനു ചുറ്റും ചിത്രശലഭങ്ങള് പറക്കുന്നു.

പൂമരത്തിന്റെ പശ്ചാത്തലത്തില് അവള് നന്ദകുമാറിന്റെ മുഖത്തേക്ക് നോക്കി.
തന്റെ കനവില് മയങ്ങിക്കിടന്നിരുന്ന രഹസ്യവര്ണ്ണങ്ങള് സായന്തനത്തിന്റെ ചുവപ്പായി അവിടെ വീണുകിടക്കുന്നത് അവള് കണ്ടു.
ചുറ്റും സിതാറിന്റെ സംഗീത മന്ത്രണത്തിന്റെ അനുരണനങ്ങള് നിറയുന്നുവോ?
പൂക്കള് നിറഞ്ഞ ഈ മരച്ചുവട്ടില്, ചിത്രശലഭങ്ങളും കിളികളും നിറഞ്ഞ ഈ വശ്യസായന്തനത്തില് തങ്ങള് ഇങ്ങനെ നില്ക്കുന്നതെന്താണ്?
ഞാന് ഇപ്പോള് കരളില് ആശിച്ച് കൊതിക്കുന്നതെന്താണ്?
തെളിനിലാവ് പരന്നുലയാന് ഇനി അധിക സമയമില്ല.
എന്റെ വഴിയിലേക്ക് ഏകനായി, ദുഖവും സംഗീതവുമായി മാത്രം വന്നവനേ...എനിക്ക് നിന്നെ....
ഷാരോണിന്റെ മനസ്സ് വാക്കുകള്ക്ക് വേണ്ടി പിടഞ്ഞു.

ജീവനാണ് എനിക്ക് നീ. ജീവിതത്തിലേക്ക് സ്വയം കടന്ന് പ്രണയത്തിന്റെ വാതില് തുറക്കുവാന് എനിക്ക് ഒറ്റയ്ക്ക് കഴിയില്ല. അതിനു നീ വേണം.
അവളുടെ മനസ്സ് ദൃഢമായിപ്പറഞ്ഞു.
ഈശോയേ...!
തീരുമാനിച്ചോ?
പെട്ടെന്ന് അവളുടെ മനസ്സ് പുഞ്ചിരിച്ചു.
എത്ര നാള് മുമ്പേ....!
എന്നേ തീരുമാനിച്ചിരുന്നു!
തനിക്ക് സാറിനോട് പ്രണയമായിരുന്നെന്ന്!
നീ നല്ല ഒരു പെണ്ണായതുകൊണ്ട്, നീ ബന്ധങ്ങളെ മാനിക്കുന്നവള് ആയത് കൊണ്ട് അത് തിരിച്ചറിഞ്ഞില്ല എന്നേയുള്ളൂ പെണ്ണേ....
"സാര്.."
സമചിത്തതയോടെ അവള് വിളിച്ചു.
സിതാറിന്റെ അനുരണനങ്ങള് തീവ്രമായി. ഉറങ്ങിക്കിടന്ന നിറങ്ങള് അവളുടെ വാക്കുകളില് പെയ്തിറങ്ങി.
നന്ദകുമാര്, അപരഹ്നത്തിന്റെ ചുവപ്പ് വീണ മുഖത്തോടെ അവളെ നോക്കി.
"സര് എനിക്ക്...."
അവള് പറഞ്ഞുതുടങ്ങി .
കാലത്തിന്റെ ഏതോ ബിന്ദുവില് നിന്ന് വാക്കിന്റെ ബീജം തന്റെ ചുണ്ടിലൂടെ വളര്ന്ന് മരമായി, വനമായി മാറാന് അവള് കൊതിച്ചു.
"ചിലപ്പോള് എന്നെ, ഈ ദിവസത്തിന് ശേഷം സാര് വെറുക്കുമായിരിക്കും....ദൂരെ നിര്ത്തുമായിരിക്കും....പക്ഷെ എനിക്ക്..."
കരളിനിറെ അടിത്തട്ടിലെ സമുദ്രത്തില് നിന്ന് പവിഴങ്ങളും തിരകളും വാക്കുകളായി പതഞ്ഞടിക്കുന്നു.
"പക്ഷെ എനിക്ക് പറയാതെ...പറയാതിരിക്കാനാവില്ല...ക്ഷമിക്കണം എന്നോട്....എനിക്ക് സാറിനെ....എനിക്ക് വേണം...സാറിനെ എനിക്ക് വേണം...."
തന്റെ കണ്ണുകളിലെ തുടിപ്പ്, കണ്ണിണകള്ക്ക് ചുറ്റും നേര്ത്ത താപം. കിതപ്പില് അതൊക്കെ അവള് അറിഞ്ഞു.
മരവിപ്പിക്കുന്ന മഞ്ഞുമലയുടെ മേല് നില്ക്കുന്ന അനുഭവത്തോടെ അവള് അയാളെ നോക്കി. ഇപ്പോഴും അപരാഹ്നത്തിന്റെ ഇളംവെയിലിന്റെ നിറവ് ഇപ്പോഴും അയാളുടെ മുഖത്ത് ഉണ്ട്.
കണ്ണുകളില്?
"ഒരു പെണ്ണ് ഋതുമതിയായിക്കഴിഞ്ഞ് മറ്റൊരു പുരുഷനെ അച്ഛനെപ്പോലെ സ്നേഹിക്കുകയില്ല, ഷാരോണ്. നിന്റെ വാക്കില്, നോട്ടത്തില്, നിന്റെ ശരീര ഭാഷയില് ഒക്കെ ഞാനത് തിരിച്ചറിഞ്ഞതാണ്. എന്റെ അടുത്ത് നില്ക്കുമ്പോള്...."
ഈശോയേ...
അവളുടെ മിഴികള് പതിയെ അടഞ്ഞു. അതിന്റെ ഭംഗിയിലെക്ക് ഒരു നിമിഷം അയാള് നോക്കി.

പെട്ടെന്ന്, ഒരു ഉള്ത്തരിപ്പില്, അവള് അയാളുടെ കൈയില് പിടിച്ചു.
"എനിക്ക് പറ്റുന്നില്ല...സാറിനെ...സാറില്ലാതെ....."
അയാളുടെ അവള് അയാളുടെ കൈ തന്റെ നെഞ്ചോട് ചേര്ത്തു.
"എന്നെ സാര്....സ്നേഹി....അല്ല....കല്യാണം...കഴി...."
അവള്ക്ക് അക്ഷരങ്ങള് ഉരുവിടാന് കഴിഞ്ഞില്ല.
പെട്ടെന്ന് നിശ്ചയദാര്ഢ്യത്തോടെ അവള് അയാളെ നോക്കി. പിന്നെ കാതരമായ സ്വരത്തില് പറഞ്ഞു.
"ഐ ലവ് യൂ,"
യൌവ്വനത്തില് ഒരു പെണ്ണ് കാണുന്ന സകല സ്വപ്നങ്ങളുടെയും ഉറവ അവളുടെ മിഴികളില് പൊട്ടിയുതിര്ന്നു.
ആകാശത്തെയും നീലമലകളെയും തഴുകിയുണര്ത്തിയ കാറ്റ് അവര്ക്കിടയില് സുഗന്ധം നിറച്ച് നിന്നു.
നന്ദകുമാര് അവളുടെ കണ്ണുകളില് നോക്കി നിന്നു.
"സുമിത്ര ചേച്ചിയ്ക്ക് പകരമാവാന് എനിക്ക് കഴിയില്ലായിരിക്കാം..."
വാക്കുകളില് വിറയലിന്റെ തരിമ്പേതുമില്ലാതെ അവള് തുടര്ന്നു.
"സാരമില്ല..ചേച്ചി ചിലപ്പോഴൊക്കെ എന്റെ സ്വപ്നങ്ങളില് വരാറുണ്ട്. സാറിന് ഒരു നല്ല ഭാര്യയായി ഞാന് എങ്ങനെയൊക്കെ മാറണമെന്ന് ചേച്ചി എനിക്ക് അപ്പോള് പറഞ്ഞ് തരും..."

അപ്പോഴും നന്ദകുമാര് ഒന്നും ഉരിയാടിയില്ല.

അവളുടെ കണ്ണുകളിലേക്ക് നോക്കുക മാത്രം ചെയ്തു.

"ഞാന് പറഞ്ഞത്.... സാര്..ഒരിക്കലും ഒരു മൊമെന്റ്റില് തോന്നിയ ആവേശം കൊണ്ട് പറഞ്ഞതല്ല...ശരിക്ക് ആലോചിച്ച്....ഏറ്റവും നല്ലതെന്ന് മനസ്സില് നിന്ന് ഉറപ്പ് കിട്ടിയതിനു ശേഷം...ഐ വില് പ്രൂവ് ഇറ്റ് സാര്..."

നന്ദകുമാര് അപ്പോഴും മൌനമവലംബിച്ച് നിന്നു.

"ഞാന് സാറിന്റെ നല്ല സ്റ്റുഡന്റ്റല്ലേ? നമ്മുടെ മ്യൂസിക് പ്രോഗ്രാമില് സാര് പറയുന്നതൊക്കെ ഞാന് ചെയ്യുന്നില്ലേ? അങ്ങനെയുള്ള എനിക്ക് നല്ല ഒരു ഭാര്യ ആകാനും കഴിയില്ലേ?"

നന്ദകുമാര് ആകാശത്തിലേക്ക് നോക്കുന്നത് ഷാരോണ് കണ്ടു. ചക്രവാളം ചുവക്കുന്നത് നോക്കുകയായിരുന്നു അയാള്. ചുവന്ന മേഘങ്ങള്ക്ക് നേരെ പക്ഷികള് പറക്കുന്നത് അയാള് നോക്കി നിന്നു. വെണ്പട്ടുനൂലിഴകള് പോലെ ദൂരെ വേറെയും പക്ഷികളെ അവള് കണ്ടു.

"സാര്..."

അവള് വിളിച്ചു.

"സുമിത്ര മുമ്പ് പറഞ്ഞ ഒരു സ്വപ്നം ഓര്ക്കുകയായിരുന്നു, മോളെ ഞാന്,"

അവള് കാതുകള് കൂര്പ്പിച്ചു.

"സുമിത്രയ്ക്ക് ഒരനുജത്തിയുണ്ടായിരുന്നു. സുലോചന. സുലോചന സെന്. ഐ എസ് ആര് ഒയില് ജൂനിയര് സയന്റിസ്റ്റ് ആയിരുന്നു അവള്. റൈറ്റേഴ്സ് ബില്ഡിങ്ങിനടുത്തുള്ള ഞങ്ങളുടെ അപ്പാര്ട്ട്മെന്റില് ഒരു തവണയെ അവള് വന്നിട്ടുള്ളൂ...."

അയാള് നിര്ത്തി ഷാരോണിനു അഭിമുഖമായി നിന്നു.

തങ്ങള്ക്കിടയില് അദൃശ്യമായുള്ള അപരാഹ്നതിലെ കാറ്റിന്റെ സുഗന്ധമറിയാനുള്ളത് പോലെ.

ഷാരോണ് അയാളുടെ നിശബ്ദതയെക്കുറിച്ച് സന്ദേഹിക്കുകയായിരുന്നു അപ്പോള്.

"പിറ്റേ മാസം സുമിത്രയ്ക്ക് ഒരു അവാര്ഡ് കിട്ടിയത് ആഘോഷിക്കാന് അവളെക്കൂടി വിളിക്കാന് ഞാന് പറഞ്ഞു. അവള് വരില്ല നന്ദു, സുമ എന്നോട് പറഞ്ഞു. അതെന്താ? ലീവ് ഉണ്ടാവും എന്നല്ലേ മുമ്പ് പറഞ്ഞത്? ഞാന് ചോദിച്ചു. അതല്ല കാര്യം, സുമ പറഞ്ഞു. അവള് പുഞ്ചിരിക്കുകയും സങ്കടപ്പെടുകയും ചെയ്യുന്നത് കണ്ട് എനിക്ക് എന്തോ അരുതായ്ക തോന്നി. എന്താ? എന്തായാലും എന്നോട് പറയൂ. ഞാന് സുമയോട് ആവശ്യപ്പെട്ടു. നന്ദൂ അത്...അവള് സംശയിച്ചു. ഞാന് നിര്ബന്ധിച്ചപ്പോള് അവള് വലിയൊരു തമാശയായി എനിക്കപ്പോള് തോന്നിയ ഒരു കാര്യം പറഞ്ഞു. നന്ദു, അവള് ഇവിടെ വന്നപ്പോള് നിന്നെ കണ്ടപ്പോള് അവള്ക്ക് നിന്നെ കണ്ടമാത്രയില്, സ്വന്തം ചേച്ചിയുടെ ഭര്ത്താവാണ്, മോശമാണ് എന്നറിഞ്ഞിട്ട് കൂടി നിന്നോട് അവള്ക്ക് പ്രണയം തോന്നി. മറ്റൊരു പുരുഷനേയും ഇഷ്ടപ്പെടാനാവാത്ത രീതിയില് ചോരയില് പടര്ന്ന പ്രണയം. ആ ഒരു വികാരവും വെച്ച് അവള്ക്ക് ഇനി നിന്നെ കാണുവാന്, അഭിമുഖീകരിക്കാന് കഴിയില്ല...അത്കൊണ്ട് അവള് ഇനി ഇങ്ങോട്ട് വരില്ല...."

ഷാരോണ് അദ്ഭുതസ്തബ്ധയായി.

ഈശോയേ!

സുമിത്ര ചേച്ചിയുടെ സ്വന്തം അനുജത്തിക്ക് സാറിനോട്!

"ലാസ്റ്റ് അസൈന്മെന്റ് ചെയ്യാന് ശ്രീനഗറിലേക്ക് പോയ പ്രഭാതത്തില് അവള് എന്നോട് പറഞ്ഞു..."

അയാളുടെ മിഴികള് നിറഞ്ഞു.

ഷാരോണ് കൈത്തലം അയാളുടെ കണ്തടത്തിലേക്ക് കൊണ്ടുപോകുവാന് തുടങ്ങി.

തൊട്ടു.

അവളെ അദ്ഭുതപ്പെടുത്തിക്കൊണ്ട് അയാള് അവളെ തടഞ്ഞില്ല.

അവളുടെ ചൂടുള്ള മൃദുവായ കൈവിരലുകള് അയാളുടെ കണ്ണുനീര് തുടച്ചു.

"എന്താ...എന്താ സാര്..ചേച്ചി...പറഞ്ഞെ?"

"നന്ദു, സുമ പറഞ്ഞു, ഇന്നലെ ഞാന് സ്വപ്നം കണ്ടു. സുലു അതായത് സുലോചനയെപ്പോലെ ഒരു പെണ്ണിന്റെ നെറ്റിയില് നീ സിന്ദൂരം ചാര്ത്തിക്കൊടുക്കുന്നതായി...വെളുപ്പിനാ കണ്ടത്. കഥേലും സിനിമേലും റിയല് ലൈഫിലും ഒക്കെ ആളുകള് പറയാറില്ലേ, വെളുപ്പാന് കാലത്ത് കാണുന്ന സ്വപ്നം ഫലിക്കുന്ന്..."

ഷാരോണിന്റെ അദ്ഭുതം അതിരില്ലാത്തതായി.

"അന്ന് അതും പറഞ്ഞ് സുമ അവളുടെ അവസാനത്തെ അസൈന്മെന്റ് ചെയ്യാന് പോയി.....പിന്നെ സുമേനെ ഞാന് കാണുന്നെ ചോരയില് പുതഞ്ഞ് , പ്രാണന് നഷ്ടപ്പെട്ട് കേടക്കുന്നതായിട്ടാ. പിന്നെ ഞാന് ആശുപത്രീലും റിഹാബിലിറ്റേഷന് സെന്ററുകളിലും.... പല ആശുപത്രികളിലും ചികിത്സയിലായിരുന്ന സമയത്ത് മിക്കവാറും എല്ലാവരും തന്നെ എന്നേ കാണുവാന് വന്നിരുന്നു. സുലോചന ഒഴികെ..."

ഷാരോണ് ശ്വാസമടക്കിപ്പിടിച്ച് അത് കേള്ക്കുകയായിരുന്നു.

അവള് എങ്ങനെ വരും സാര്? ഷാരോണ് ഉള്ളില് പറഞ്ഞു. സ്വന്തം ചേച്ചിയുടെ ഭര്ത്താവിനെ അത്ര തീവ്രമായി ആഗ്രഹിച്ചില്ലേ അവള്? ചേച്ചിയുടെ മരണം തന്റെ വിലക്കപ്പെട്ട ആഗ്രഹത്തിന്റെ തീവ്രതയുടെ ഫലമാണ് എന്ന് ആ പാവം കരുതിയെങ്കില്? എത്ര വലിയ ശാസ്ത്രജ്ഞയാണെങ്കിലും ഒരു പെണ്ണിന്റെ മനസ്സ് എനിക്കറിയാം.

അവള് അനുകമ്പയോടെ ഉള്ളില് പറഞ്ഞു.

"പാപബോധമുണ്ടായി സുലോചനയ്ക്ക്,"

നന്ദകുമാര് പറഞ്ഞു.

"ചേച്ചിയുടെ മരണത്തിനു താന് ആണ് ഉത്തരവാദിയെന്ന് ഓര്ത്ത്. അതുകൊണ്ട് ഇഷ്ടമില്ലാതിരുന്നിട്ടുകൂടി അവള് ഉടന്തന്നെ ഒരാളെ വിവാഹം കഴിച്ചു. താന് അവിവാഹിതയായി നിന്നാല് നിയന്ത്രണമില്ലാതെ വീണ്ടും എന്നെ അവള് സമീപിക്കുമെന്ന് ഭയപ്പെട്ടു. അങ്ങനെ ആ പാപത്തെ പൂര്ത്തീകരിക്കാന് അവള് ആഗ്രഹിച്ചില്ല. എന്നെ വിളിച്ചിരുന്നു, വിവാഹത്തിന് അവള്. ഇരുപത്തിനാല് മണിക്കൂറും മദ്യത്തിലായിരുന്ന ഞാന് അവളുടെ വീട്ടില് എത്തിയപ്പോള് വിവാഹവും കഴിഞ്ഞ് അവളും ഭര്ത്താവും അമേരിക്കക്ക്യ്ക്ക് പറന്നിരുന്നു...."

ദേവദാരുവിന്റെ ശിഖരത്തില് രണ്ട് പക്ഷികള് വന്നിരിക്കുന്നത് ഷാരോണ് കണ്ടു.

കാറ്റില് താഴമ്പൂവിന്റെ മണം അവള് അറിഞ്ഞു. നന്ദകുമാറിന്റെ കണ്ണുകളില് പ്രണയത്തിന്റെ ഇളംചൂട് അവള് കണ്ടു.അയാളുടെ ദേഹത്ത് നിന്ന് ഗാന്ധര്വ്വമായ ഒരു ഗന്ധവും.

"അന്ന് മഞ്ഞ് നിറഞ്ഞ ആ പ്രഭാതില് എന്റെ നെഞ്ചില് മുഖം ചേര്ത്ത് സുമിത്ര ആ സ്വപ്നം പറഞ്ഞപ്പോള്, ഞാന് കരുതിയില്ല മോളെ...അവള്...."

ഷാരോണിന്റെ നെഞ്ച്തുടിച്ചു.

അവള് അടുത്ത വാക്കുകള്ക്ക് കാതോര്ത്തു.

"ആ പെണ്ണ്...അവള് നീ ആയിരിക്കുമെന്ന്..."

ആകാശഗന്ധര്വ്വന് തന്റെ കാതില് മഴവില് സിത്താര് കൊണ്ട് ശ്രുതിയിടുന്നത് ഷാരോണ് അറിഞ്ഞു.

ദേഹത്തിന്റെ മുഴുവന് ഭാരവും പൊയ്പ്പോവുകയാണ്.

ആകാശത്ത് നിന്ന് നക്ഷത്രത്തിന്റെ പ്രകാശത്തില് തന്റെ ആത്മാവ് പുളകംകൊള്ളുന്നു.

മിഴികളില് പൂത്തുലഞ്ഞ നാണം ഓരോ രോമാകൂപങ്ങളിലേക്കും പടരുന്നു.

ഹൃദയത്തില് കുങ്കുമരേഖകൊണ്ട് എന്റെ പുരുഷന് വാക്കുകള് കോറിയിടുകയാണ്.

"ഞാന് കരുതിയില്ല മോളെ ആ പെണ്ണ് നീയായിരിക്കുമെന്ന്..."

അവള്ക്ക് അയാളെ തൊടണമെന്ന് തോന്നി.

കൊതിയടക്കാതെ അവള് അയാളുടെ കൈയില് കൂട്ടിപ്പിടിച്ചു.

അയാളുടെ കൈയിലെ താപം തന്റെ വിരലുകളില്, അകതാരില് ചേര്ത്തു.

ദേവദാരുവിന്റെ ശിഖരത്തിലെ പക്ഷികള്ക്ക് പിമ്പില് ഇപ്പോള് നറുനിലാവില് കുതിര്ന്ന ഒരു ചുവന്ന മേഘമാണ്.

"എന്റെ..."

ഷാരോണിന്റെ അധരം വിതുമ്പി.

"ഞാന് എന്റെ ജീവന്...എന്റെ മരണവും....എനിക്കുള്ളതൊക്കെയും ഈ കാല്ച്ചുവട്ടില്...ഇനിയെന്നും...."

അയാളുടെ കണ്ണുകളിലേക്ക് നോക്കി അവള് കളഭസുഗന്ധിയായ വാക്കുകള് ഉരുവിട്ടു.

"എന്റെ ജീവനും...എന്റെ മരണവും ഞാന് നിന്റെ കാല്ച്ചു...."

അയാള് ബാക്കിപറയുന്നതിന് മുമ്പ് അവള് അയാളുടെ ചുണ്ടില് വിരല് ചേര്ത്തു.

"നിലാവുദിച്ചു, മോളെ,"

ചുറ്റുപാടുകളിലേക്ക് നോക്കി അയാള് പറഞ്ഞു.

"ഇനി ചെല്ലു...നേരം വൈകുന്നു..."

"എനിക്ക് പോകാന് തോന്നുന്നില്ല...ഇവിടെ...ഈ നിലാവില്...ഈ മുഖം മാത്രം കണ്ട്....ഈ വാക്കുകള് മാത്രം കേട്ട്....ഇരിക്കാന്....കൊതിയാവുന്നു...."

അയാള് പുഞ്ചിരിച്ചു.

"വേണ്ട..."

അവള് അയാളെ വിലക്കി.

"ആ ഗൌരവം അങ്ങനെ തന്നെ ആ മുഖത്ത് ഇരുന്നാല് മതി...ഇതുപോലെ ഇങ്ങനെ ചിരിച്ച് എന്നെ നോക്കിയാല് ഞാന് പോകില്ല..."

അയാള് ശബ്ദമുണ്ടാക്കി ചിരിച്ചു.

അവളും.

"ചെല്ലു, കുട്ടീ,"

അയാള് വീണ്ടും പറഞ്ഞു.

അവള് തലകുലുക്കി.

അയാളെ നോക്കിക്കൊണ്ട് പതിയെ പിമ്പോട്ടു രണ്ടു ചുവടുകള് വെച്ചു.

പിന്തിരിയാന് തുടങ്ങുന്നതിന് മുമ്പ് അയാള്ക്ക് നേരെ വീണ്ടും തിരിഞ്ഞു.

അയാളുടെ നേരെ അവള് വീണ്ടും ചുവടുകള് വെച്ചു.

"എനിക്ക്..."

അവള് അയാളെ നോക്കി പറഞ്ഞു.

"എന്താ മോളെ?"

"എന്നെ ഒന്ന് ഉമ്മ വെയ്ക്കുമോ?"

അവളുടെ ചുണ്ടുകള് ചെമ്പകമൊട്ടുകള് പോലെ ഉലഞ്ഞ് വിറച്ചു. നിലാവില് അവളുടെ മിഴിയിണകള് പ്രണയ സമുദ്രത്തിലെ സ്വര്ണ്ണമീനുകളായി. ചുരിദാറില്, ശ്വാസഗതിയാല് ഉന്നതമായ മാറിടം മാര്ഗ്ഗഴിയിലെ തണുത്ത കാറ്റിലുലയുന്ന പൂമരം പോലെയുയര്ന്നു പൊങ്ങി.

അയാളുടെ വിരല് സ്പര്ശം തന്റെ വിരലുകളില് മുറുകിയപ്പോള് അവള് ചേര്ന്നു നിന്നു.
പൌരുഷത്തിന്റെ ഗാന്ധര്വസ്പര്ശമുള്ള അയാളുടെ വിരിമാറില് അവളുടെ നെഞ്ചമര്ന്നു.
"ഓഹ്..."
പുതുമഴ വീണ മണ്ണിന്റെ വിഹ്വലതയോടെ ഒരു മര്മ്മരം അവളില് നിന്നുയര്ന്നു.
മദനമധുവര്ഷം പോലെ അയാളുടെ ചുണ്ടുകള് തന്റെ കണ്പോളകളിലേക്ക് താഴ്ന്ന് വരുന്നത് അവള് കണ്ടു.
സൌഗന്ധികത്തിന്റെ പരിമളം പോലെ അയാളുടെ ചൂടുറ്റ ചുണ്ടുകള് വൈഡൂര്യ തേജസ്സുള്ള കണ്ണുകളിലേക്ക് പറന്ന് താഴ്ന്നപ്പോള് അവളുടെ പേലവമാര്ന്ന കണ്പോളകള് കൂമ്പിയടഞ്ഞു.
യൌവ്വനത്തിന്റെ മുഴുവന് ഭ്രാന്തും തന്റെ ദേഹത്തേക്ക് തീച്ചൂട് പോലെ കത്തിക്കയറുന്നത് ഷാരോണ് അറിഞ്ഞു അയാളുടെ ചുണ്ടുകള് തന്റെ കണ്പോളകളെ തഴുകിയപ്പോള്.
അതിന്റെ ഉള്ത്തള്ളലില് അവള് അയാളെ ഇറുകിപ്പുണര്ന്നു.
അല്ലെങ്കില് താന് നിലത്ത് വീണുപോകുമെന്ന് അവള് ഭയപ്പെട്ടു.
"ഇനീം..."
അവള് മന്ത്രിച്ചു.
ചുണ്ടുകള് കവിളിന്റെ മൃദുമാംസത്തിലേക്ക് പ്രണയത്തേരോട്ടം നടത്തി.
നെഞ്ചില് തീയുയര്ന്നു പടരുന്നു.
ചൂടിന്റെ അസഹ്യതയില് അവളുടെ കൈകള് വീണ്ടും അയാളെ വരിഞ്ഞുമുറുക്കി.
"ഇനീം..."
അവള് വീണ്ടും മന്ത്രിച്ചു.

കവിളില് നിന്ന് അയാളുടെ ചുണ്ടുകള് സാവധാനം അവളുടെ അധരത്തിന്റെ നനവിലേക്ക് തെന്നി നീങ്ങി.
ആദിമവന്യമായ ഒരു സുഗന്ധത്തില്, അതിന്റെ നനവില് താന് കുതിര്ന്ന് നിറഞ്ഞത് ഷാരോണ് അറിഞ്ഞു, അയാളുടെ ചുണ്ടുകള് തന്റെ അധരത്തില് അമര്ന്നപ്പോള്.
"ഓഹ്ഹ്ഹ്ഹ്ഹ...."
അവള് കിതച്ചു.
ദേവദാരുവിന്റെ ശിഖരത്തിലെ പക്ഷികള് ചിറകുകുടഞ്ഞപ്പോള് നന്ദകുമാര് കണ്ണുകള് തുറന്നു.
മുമ്പില് നിലാവ് നിറഞ്ഞ പരിസരങ്ങള് കണ്ടു.
കാമസുഗന്ധിയായ പെണ്ണിനേയും.
ഷാരോണും കണ്ണുകള് തുറന്നു.
പ്രണയ ലോലനായ തന്റെ ഗന്ധര്വ്വനെക്കണ്ടു.
പുഞ്ചിരിച്ചു.
അയാളും.
"ഞാന് പോട്ടെ, ഇനി?"
അവള് ചോദിച്ചു.
പുഞ്ചിരിയോടെ അയാള് തല കുലുക്കി.
ഞായറാഴ്ച്ച അലക്സാണ്ടര് വീടിന് വെളിയിലിറങ്ങാറില്ല. എട്ടു വര്ഷങ്ങള്ക്ക് മുമ്പ് ഭാര്യ സിസിലി മരിച്ചതില്പ്പിന്നെ യുദ്ധം പ്രഖ്യാപിച്ചതാണ് സാമൂഹ്യജീവിതത്തോട്.
ഇടയ്ക്കൊക്കെ ഷെല്ലി നിര്ബന്ധിച്ച് പുറത്ത് കൊണ്ടുപോകും. കടല്ക്കരയില്, പാര്ക്കുകളില്, ദൂരെ ഗ്രാമങ്ങളില്. എന്നാലും വിവാഹം പോലെയുള്ള പൊതുചടങ്ങുകളിലൊന്നിലും എത്ര നിര്ബന്ധിച്ചാലും പങ്കെടുക്കില്ല. സംഗീതമാണ് സമയം ചെലവിടാനുള്ള പ്രധാന ഉപാധി. പിന്നെ വായനയും. പഴയ ബാറ്റന്ബോസ്സുമുതല് ബൈബിള് വരെ സകലതും സമയം പോകുന്നതറിയാതെ വായിക്കും. ഷെല്ലിയെ അടുക്കളയില് കയറാന് സമ്മതിക്കില്ല. ദോശ മുതല് ബിരിയാണി വരെ എന്തും രുചികരമായി വെയ്ക്കും. അടുക്കളയില് ഷെല്ലികാണാതെ സിസിലിയെ ഓര്ത്ത് കരയും. പക്ഷെ പ്രഗദ്ഭനായ അദ്ധ്യാപകന് എന്ന പേര് അദ്ദേഹം ഒരിക്കലും നഷ്ടപ്പെടുത്തിയില്ല.
അന്ന് ഞായറാഴ്ച്ച പതിവ് പോലെ പത്രത്തിന് മുമ്പില്, സോഫയിലിരിക്കുകയായിരുന്നു അദ്ദേഹം. മലയാള മനോരമ പത്രത്തിന്റെ ആദ്യപേജില്, താഴെ നാലുകോളത്തില് കൊടുത്തിരുന്ന ഒരു വാര്ത്ത അദ്ധേഹത്തിന്റെ ശ്രദ്ധയാകര്ഷിച്ചു.
ഗോയെങ്കെ അവാര്ഡ് റഫീക്ക് ജാവേദിന്.
അലക്സാണ്ടര് ആ വാര്ത്ത വായിച്ചു.
ഒരു പത്രപ്രവര്ത്തകന് ലഭിക്കാവുന്ന രാജ്യത്തെ ഏറ്റവും വലിയ അവാര്ഡായ, ഇന്ത്യന് പത്രപവര്ത്തന രംഗത്തെ കുലപതിയായ രാം നാഥ് ഗോയങ്കെയുടെ പേരിലുള്ള അവാര്ഡ് ഇന്ത്യാ ടൈംസിന്റെ ഡെപ്യൂട്ടി എഡിറ്റര് റഫീക്ക് ജാവേദിന് അദ്ധേഹത്തിന്റെ പ്രമുഖമായ അന്വേഷണാത്മക പത്രപ്രവര്ത്തനത്തെ മുന്നിര്ത്തി സമ്മാനിച്ചിരിക്കുന്നു.
കൂടെ റഫീക്ക് ജാവേദ് എന്ന സുമുഖനായ യുവാവിന്റെ ചിത്രവും.
ഷെല്ലി ഈയിടെ അവന്റെ സുഹൃത്തായ ഒരു പത്രപ്രവര്ത്തകനെക്കുറിച്ച് പറഞ്ഞത് അദ്ധേഹമോര്ത്തു. എന്താണ് അയാളുടെ പേര്? അദ്ദേഹം ഓര്ക്കാന് ശ്രമിച്ചു.

അപ്പോള് പുറത്ത് ഒരു വാഹനം വന്നുനില്ക്കുന്നത് അദ്ദേഹം കണ്ടു.

ജാലകത്തിലൂടെ വെളിയിലേക്ക് നോക്കി.

ഒരു കാറാണ്.

അതില് നിന്ന് അതിസുന്ദരിയായ ഒരു യുവതിയിറങ്ങുന്നതും തുടര്ന്ന് ഡ്രൈവിംഗ് ഡോര് തുറക്കപ്പെടുന്നതും അദ്ദേഹം കണ്ടു.

അതിലൂടെ സുഭഗനായ ഒരു യുവാവ് ഇറങ്ങി വരുന്നു.

"ഇത്...?"

അദ്ദേഹം ആ യുവാവിന്റെ മുഖത്തേക്കും പത്രത്തില് കണ്ട യുവാവിന്റെ മുഖത്തേക്കും മാറിമാറി നോക്കി.

"റഫീക്ക് ജാവേദ്...!"

അദ്ദേഹം സ്വയം പറഞ്ഞു.

ഷെല്ലി പറഞ്ഞത് ഇദ്ദേഹത്തെക്കുറിച്ചാണോ?

രാജ്യാന്തര പ്രശസ്തനായ ഒരു പത്രപ്രവര്ത്തകന് തന്റെ മകന് ഷെല്ലിയുടെ സുഹൃത്തോ?

അദ്ദേഹം വികാരഭരിതനായി.

അവര് ഇരുവരും വാതില്ക്കലേക്ക് നടന്നടുക്കുന്നത് അദ്ദേഹം കണ്ടു. അദ്ദേഹവും തിടുക്കത്തില് വാതില്ക്കലേക്ക് ചെന്നു.

നിറഞ്ഞ ചിരിയോടെ അദ്ദേഹം അവരെ സ്വീകരിച്ചു.

"ഗുഡ് മോണിംഗ് സാര്,"

റഫീക്ക് പറഞ്ഞു. നിഷ തലകുനിച്ച് അദ്ധേഹത്തെ അഭിവാദ്യം ചെയ്തു.

"ഞാന് റഫീക്ക്...ഇത് നിഷ..ഞങ്ങള് സാറിന്റെ മകന് ഷെല്ലിയുടെ സുഹൃത്തുക്കളാണ്,"

"വരൂ...അകത്തേക്ക് വരൂ..പ്ലീസ്..."

അദ്ദേഹം അവരെ അകത്തേക്ക് ഇരിപ്പിടങ്ങളിലേക്ക് ആനയിച്ചു.

അവര് മൂവരും അകത്തേക്ക് നടന്നു.

"ഇരിക്കൂ"

മുമ്പിലെ സോഫയിലേക്ക് ചൂണ്ടി അദ്ദേഹം പറഞ്ഞു.

റഫീഖും നിഷയും ചുറ്റുപാടുകള് കണ്ണോടിച്ചുനോക്കി.

ഓരോ ഇഞ്ചിലും വൃത്തിയുടെ സുഗന്ധം. എത്ര മനോഹരമായാണ് ഈ മനുഷ്യന് വീടിനേയും മകനേയും പരിപാലിക്കുന്നത്!

"ഒരു ജേണലിസ്റ്റ് ഫ്രണ്ട് ആണെന്ന് ഷെല്ലി പറഞ്ഞിരുന്നു. അത് പക്ഷെ സാറിനെപ്പോലെ ഇന്റര്നാഷണലി റെപ്യൂട്ടഡ് ആയ ഒരാള് ആയിരിക്കുമെന്ന് ഒട്ടും...റിയലി....എന്താ പറയേണ്ടതെന്നറിയില്ല..."

റഫീഖും നിഷയും പുഞ്ചിരിച്ചു.

"ദാ..ഞാനിപ്പോ സാറിനെപ്പറ്റി ജസ്റ്റ് വായിച്ച് നിര്ത്തിയേയുള്ളൂ..അപ്പോഴാണ്...."

അലക്സാണ്ടര് പത്രം റഫീഖിന്റെ നേരെ കാണിച്ചു.

"കണ്ഗ്രാജുലേഷന്സ്..."

അദ്ദേഹം കൈകള് നീട്ടി.

റഫീക്ക് അതില് അമര്ത്തിപ്പിടിച്ചു.

"നിങ്ങള് രണ്ട് മിനിറ്റ് ഇരിക്കൂ..."

അദ്ദേഹം എഴുന്നേറ്റു.

"ഞാന് ദാ എത്തി..."

അദ്ദേഹം അകത്തേക്ക് നടക്കാന് തുടങ്ങി.

"അടുക്കളയിലേക്ക് ആണെങ്കില് വേണ്ട സാര്...സാര് ഇരിക്കൂ..."

റഫീഖ് പറഞ്ഞു.

"ഏയ്...അത് ശരിയാവില്ല....ആദ്യമായാണ് വീട്ടില്....എനിക്ക് മറ്റുള്ളവരോട് പറയാമല്ലോ...ഇന്ത്യാ ടൈംസ് ഡെപ്യൂട്ടി എഡിറ്റര് എന്റെ വീട്ടില് വന്നു, ഞാന് അവര്ക്ക് ചായ കൊടുത്തിട്ടുണ്ട് എന്നൊക്കെ..."

അദ്ദേഹം ചിരിച്ചുകൊണ്ട് അകത്തേക്ക് പോയി.

"നോക്ക്..."

നിഷ ഭിത്തിയിലേക്ക് കണ്ണുകള് കാണിച്ചു.

അവിടെ യേശുവിന്റെ തിരുഹൃദയത്തിന്റെ ചിത്രത്തിന്റെ സമീപം സൌഭഗയായ ഒരു സ്ത്രീയുടെ ചിത്രം. അതിന്മേല് പുതുപുഷ്പങ്ങള് കൊണ്ടുണ്ടാക്കിയ ഒരു മാല.

"സിസിലി ചേച്ചി..."

റഫീക്ക് മന്ത്രിച്ചു.

ആ ഫോട്ടോയിലേക്ക് നിര്നിമേഷം നോക്കി നില്ക്കുമ്പോഴാണ് അലക്സാണ്ടര് ട്രേയില് കാപ്പിയും പലഹാരങ്ങളും കൊണ്ട് അങ്ങോട്ട് വന്നത്.

"ഓ..ഇത്ര പെട്ടെന്നൊ!"

നിഷ അദ്ഭുതത്തോടെ ചോദിച്ചു.

"എന്നും ചെയ്യുന്നതല്ലേ..."

അവര്ക്കിരുവര്ക്കും കാപ്പിക്കപ്പുകള് എടുത്തു നല്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു.

"ഇത് കടേന്ന് മേടിച്ചതല്ല...ഹോം മേഡ് ആണ്. അത്കൊണ്ട് ബാക്കി വെക്കാതെ കഴിക്കണം കേട്ടോ,"
കട്ലറ്റിലേക്ക് നോക്കി അദ്ദേഹം പറഞ്ഞു.

"പറയൂ സാര്,"
അവര് കാപ്പി കുടിക്കവേ അദ്ദേഹം ചോദിച്ചു.
"ഷെല്ലിയേ കാണാന് വന്നതാണോ? അവന് ഇലക്ഷന് ഒക്കെ ആയി ...ഇപ്പം ഞായറാഴ്ചയും വന്നില്ല. ഹോസ്റ്റലില് തന്നെ കാണും..."
"ഞാന് സാറിനെ കാണാന് വന്നതാ,"
കാപ്പിക്കപ്പ് ട്രേയില് വെച്ചിട്ട് റഫീക്ക് പറഞ്ഞു.
"എന്നെ?"
റഫീഖ് ഒരു നിമിഷം നിഷയെ നോക്കി.
"വരവ് ഒഫീഷ്യല് ആണ് സാര്...പക്ഷെ എനിക്ക് ഒരപേക്ഷയുണ്ട്..ഷെല്ലി അറിയരുത് ഈ മീറ്റിംഗ്...രാജ്യം മുഴുവന് അറിയുന്ന ഒരു കൊടുംകുറ്റവാളി ശിക്ഷിക്കപ്പെടണം എന്നാഗ്രഹമുള്ളത് കൊണ്ടാണ് ഞാന് സാറിന്റെ ഈ നല്ല സമയം ബുദ്ധിമുട്ടിക്കുന്നത്..."
അലക്സാണ്ടര് ഒന്നും മനസ്സിലാവാതെ അവരെ മാറിമാറി നോക്കി.
"സാറിന്റെയൊ ഷെല്ലിയുടേയോ പേരോ മറ്റ് ഡീറ്റയില്സൊ ഒന്നും ആരും അറിയില്ല...നമ്മള് തമ്മില് ഒരു സംസാരം ഉണ്ടായി എന്ന് പോലും ആരും അറിയില്ല..."
"എനിക്കങ്ങോട്ട് ....ഒന്നും..."
തന്റെ നിസ്സഹായാവസ്ഥ അദ്ദേഹം പ്രകടിപ്പിച്ചു.
"ഷെല്ലിയുടെ മുമ്പില് വെച്ച് ചോദിക്കുന്നതില് ഒരു വല്ലായ്കയുണ്ട് എന്ന് വിചാരിച്ചാണ് ഞാന് അവന് ഇല്ലാത്ത സമയത്ത് വന്നത്..."
അലക്സാണ്ടര് ഒരു നിമിഷം ഗാഢമായി ആലോചിച്ചു.
"എനിക്ക് വരുന്ന ദോഷത്തെ ഓര്ത്ത് എനിക്ക് പ്രയാസം ഒന്നുമില്ല സാര്,"
അദ്ദേഹം പറഞ്ഞു.
"എനിക്ക് മോനേപ്പറ്റി മാത്രമേ ആങ്ങ്സൈറ്റിയുള്ളൂ...സാറിന് എന്താ അറിയേണ്ടത്?"
റഫീക്ക് സൌണ്ട് റെക്കോര്ഡര് ഓണ് ചെയ്തു.
"മാഡം....മാഡം മരിച്ചതിന്റെ ബാക്ക്ഗ്രൌണ്ട്...അത്...അതിനെപ്പറ്റി ... സാറിന്റെ അറിവിലുള്ള കാര്യങ്ങള്..."
അലക്സാണ്ടര് ഭിത്തിയിലെ ചിത്രത്തിലേക്ക് നോക്കി.
പിന്നെ വിദൂരമായ ഓര്മ്മകളില് നഷ്ടപ്പെട്ടു.

"മോന് പന്ത്രണ്ട് വയസ്സുള്ളപ്പോള്...എട്ടു വര്ഷങ്ങള്ക്ക് മുമ്പ്..."
അദ്ദേഹം പറഞ്ഞു.
"ജനുവരി പതിനാറിന്...സിസിലി ബാങ്കില് നിന്ന് ഇറങ്ങി വരികയായിരുന്നു...ബാങ്കിന്റെ കോമ്പൌണ്ടീന്ന് വെളിയിലേക്കിറങ്ങി മോന് ഒരു ക്രിക്കറ്റ് ബാറ്റ് വാങ്ങാന് എതിരെയുള്ള ജനറല് സ്റ്റോറിലേക്ക് റോഡ് മുറിച്ച് കടക്കാന് തൊടങ്ങുവാരുന്നു..."
റഫീഖും നിഷയും ശ്രദ്ധയോടെ കേട്ടു.
"അന്നേരം ഒരു സ്കോര്പ്പിയോ..കറുത്തത്...പിമ്പില് നിന്ന് വന്നു. സിസിലീടെ ഏകദേശം ഇരുപതടി പിമ്പിലായി നിര്ത്തി...അതീന്ന് ഒരാള് എറങ്ങി വെടിവെക്കുവാരുന്നു..."
അദ്ധേഹത്തിന്റെ കണ്ഠമിടറുകയും കണ്ണില് നനവ് പടരുകയും ചെയ്തു.
"അന്നേരം ഡോര് തൊറന്ന് വേറെ ഒരാള് എറങ്ങി...റോക്കീ വേണ്ട വേണ്ട എന്ന് പറഞ്ഞ് അയാളെ പിടിച്ച് അകത്ത് കയറ്റി...പെട്ടെന്ന് വണ്ടി വിട്ടുപോയി..."
റഫീഖ് ചോദ്യരൂപത്തില് അദ്ധേഹത്തെ നോക്കി.
"പക്ഷെ...സിസിലിയെ അല്ല അവര് വെടി വെച്ചത്..."
അലക്സാണ്ടര് തുടര്ന്നു.
റഫീഖും നിഷയും അവിശ്വസനീയതയോടെ പരസ്പരം നോക്കി.
"പിന്നെ?"
അവരിരുവരും പെട്ടെന്ന് ചോദിച്ചു.
"...സിസിലിയുടെ മുമ്പില് ഒരാള് നില്പ്പുണ്ടായിരുന്നു..."
"ആര്?"
"ഒരു ഹിന്ദിക്കാരന്. അയാള്ക്കിട്ടാ അവന്മാര് വെടിവെച്ചത്. ഭാഗ്യക്കേടിനു സിസിലിയ്ക്കാ വെടികൊണ്ടത്. എന്നായാലും എന്റെ കൊച്ചിന് അവന്റെ അമ്മേനെ നഷ്ടപ്പെട്ടു..."
പുതിയ വാര്ത്ത റഫീഖിനെയും നിഷയെയും അദ്ഭുതപ്പെടുത്തി.
"ഈ കാറില് തോക്കുമായി വന്ന പാര്ട്ടി ഹിന്ദിക്കാരനെ ഉന്നം വെച്ച് വന്നതാണ് എന്ന് സാറിന് എങ്ങനെ മനസ്സിലായി?"
റഫീഖ് ചോദിച്ചു.
"ജനുവരീലാ സിസിലി മരിക്കുന്നേ. കേയ്സ് അന്വേഷണം എങ്ങും എത്തീല്ല. മെയ് ആയപ്പം ഒരാള് എന്നെ കാണാന് വന്നു. ഞാന് ദാ ആ ചെമ്പകത്തിന്റെ ചോട്ടില് ഒരു കട്ടില് എടുത്തിട്ട് കെടക്കുവാരുന്നു...അന്നേരം ഒച്ചേം അനക്കോം കേപ്പിക്കാതെ രണ്ട് മൂന്ന് പേര് എന്നെ കാണാന് വന്നു...."
റഫീഖ് നിവര്ന്നിരുന്നു.

നിഷയും ആകാംക്ഷയോടെ അലക്സാണ്ടറെ നോക്കി.
"ആരാരുന്നു സാര്, അവര്?"
റഫീഖ് പതിയെ ചോദിച്ചു.
"മൂന്ന് പേരുണ്ടാരുന്നു,"
അദ്ദേഹം പറഞ്ഞു.
"അതില് വളരെ മാന്യമായി തോന്നിച്ച ആള്...മുപ്പത്തഞ്ച് വയസ്സ് പ്രായം തോന്നിക്കും...അയാളാ കാര്യങ്ങള് ഒക്കെ എന്നോട് സംസാരിച്ചേ....ആദ്യം ക്ഷമ ചോദിച്ചു. അവരുടെ ബിസിനസ് തകര്ത്ത ഒരു ഹിന്ദിക്കാരന് ഉണ്ടാരുന്നു...സര്വ്വതും ചതിവില് തകര്ത്തു അയാള്...അയാള്ടെ ഭാര്യേനേം അയാള് കൊലപ്പെടുത്തിക്കളഞ്ഞു...അയാളെ അന്വേഷിച്ച് നടക്കുവാരുന്നു അയാള്..കേരളത്തിലേക്ക് വന്നു എന്നറിഞ്ഞ് നമ്മടെ സിറ്റീലും എത്തി...ഇവിടെ വെച്ച് അവര് അയാളെ കണ്ടു...കണ്ട നിമിഷം വെടി വെച്ചു....പക്ഷെ അത്....വന്നത് മാപ്പിരക്കാനും കാല്യപിടിക്കാനും പരാതി പിന്വലിപ്പിക്കാനും ആരുന്നു....വലിയ ഒരു എമൌണ്ട് പ്രതിഫലോം പറഞ്ഞു....അയാള്ടെ വര്ത്താനത്തില് എന്ത് കൊണ്ടോ വിശ്വാസം വന്നിട്ട് ഞാന് പറഞ്ഞു എന്റെ ഭാര്യേടെ ജീവന് വിലയിടുവൊന്നും വേണ്ട. പക്ഷെ കെയ്സ് ഞാന് പിന്വലിക്കാം എന്ന്...ഞാന് കേയ്സ് പിന്വലിച്ചു. എന്റെ സിസിലിയെ കൊന്നവന്മാര് ആരാണ് എന്ന് മനസ്സിലായി.... എന്തിനാ കൊന്നേന്നും മനസ്സിലായി....ഇനിയിപ്പം അതില് ശരികേട് ഒണ്ടേല് ദൈവം ശിക്ഷിക്കട്ടെ എന്ന് ഞാന് വിചാരിച്ചു....എന്തിനും പോന്ന മഹാ റിച്ചാ അവര് എല്ലാരും...നല്ല രീതീല് പറഞ്ഞ് അത് ഞാന് അനുസരിച്ചില്ലേല് ചെലപ്പം അവമ്മാര് എന്റെ കൊച്ചിനേ ഇനി ഉപദ്രവിക്കും എന്നൊക്കെ ഞാന് കരുതി. കേസ് പിന്വലിക്കാന് അങ്ങനെ ഒരു കാരണം കൂടി ഒണ്ടാരുന്നു..."
"ആ ഹിന്ദിക്കാരന്റെ പേര് ഒരിക്കല് പോലും പറഞ്ഞതായി ഓര്ക്കുന്നില്ലേ?"
അലക്സാണ്ടര് ഒരു നിമിഷം ഗാഢമായി ആലോചിച്ചു.
"എന്തോ ഒരു ശക്തി എന്നാ പറഞ്ഞെ?"
"ശക്തി സിംഗ് ചന്ദ്രാവത്?"
റഫീഖ് പെട്ടെന്ന് ചോദിച്ചു.
അലക്സാണ്ടറുടെ കണ്ണുകള് തിളങ്ങി.
"യെസ്!"
അദ്ദേഹം പെട്ടെന്ന് പറഞ്ഞു.
"അത് തന്നെ...അത് തന്നെയാണ് അയാള്ടെ പേര്..."
നിഷയും റഫീഖും പരസ്പരം നോക്കി.
"ഞാന് ആദ്യം സാറിനോട് പറഞ്ഞത് ഓര്ക്കുന്നോ?"
റഫീഖ് പറഞ്ഞു.

"രാജ്യത്തെ ഒരു വലിയ ക്രിമിനലിന്റെ പിന്നാലെയാണ് ഞാന്... അയാളാണ് ശക്തി സിംഗ് ചന്ദ്രാവത്....അയാളുടെ ഒരു സുഹൃത്തിന്റെ ഭാര്യയെ അയാള് ഒരു പാര്ട്ടിയില് ഷാമ്പെയിനില് മയക്ക് മരുന്ന് നല്കി റേപ്പ് ചെയ്ത് കൊലപ്പെടുത്തിയ സംഭവമുണ്ടായിട്ടുണ്ട്...ഏകദേശം ഒന്പത് വര്ഷങ്ങള്ക്ക് മുമ്പ്...സാറിനെ തേടിവന്ന് കെയ്സ് പിന്വലിക്കാന് ആവശ്യപ്പെട്ടവര് പറഞ്ഞ കഥ അങ്ങനെ നോക്കുമ്പോള് ശരിയാവാനാണ് സാധ്യത..."
റഫീഖ് ഒരു നിമിഷം ആലോചനാമഗ്നമായി അലക്സാണ്ടറെ നോക്കി.
"ഞാന് സാറിനെ തേടിവന്നത് മറ്റൊന്നിനായിരുന്നെങ്കിലും അറിയേണ്ടതില് കൂടുതല് കാര്യങ്ങള് എനിക്ക് അറിയാന് പറ്റി. രണ്ട് കാര്യങ്ങള് അന്വേഷണത്തില് നിന്ന് എനിക്ക് മനസ്സിലായി. ഒന്ന് സിസിലി മാഡം മരിച്ച ദിവസങ്ങളില് ശക്തി സിംഗ് ചന്ദ്രാവത് ഈ നഗരത്തില് ഉണ്ടായിരുന്നു എന്നത്. രണ്ടാമത്തെ കാര്യം സിസിലി മാഡത്തിന്റെ കേസില് ഒരു ഫോളോ അപ് ഉണ്ടായിട്ടില്ല. അന്വേഷിച്ചപ്പോള് ആ കേസ് പിന്വലിക്കാന് താങ്കള് അപേക്ഷിച്ചിരുന്നു എന്ന് പോലീസ് ഡിപ്പാര്ട്ട്മെന്റില് നിന്ന് വിവരം ലഭിച്ചു. അത്രമേല് നിയമ വിരുദ്ധമായിരുന്നിട്ടും ശക്തമായ സ്വാധീനം അതിന്റെ പിമ്പില് ഉണ്ടെന്ന് മനസിലായി..."
അലക്സാണ്ടര് പുറത്തേക്ക് നോക്കി.
"അന്ന് ആരായിരുന്നു സാര് മാപ്പ് പറയാനും മറ്റും ഇവിടെ വന്നത്? അയാളുടെ ഫോട്ടോയോ മറ്റെന്തെങ്കിലും...?"
അലക്സാണ്ടര് എഴുന്നേറ്റു. അകത്ത് പോയി ഷെല്ഫ് തുറന്ന് ഒരു പഴയ പത്രമെടുത്തുകൊണ്ട് വന്നു.
ഈ പത്രത്തിലുണ്ട് അയാള്ടെ ചിത്രം..."
പത്രം റഫീഖിന് കൊടുക്കുന്നതിന് മുമ്പ് അദ്ദേഹം പറഞ്ഞു.
"പക്ഷെ എനിക്ക് ഒരു ഉറപ്പ് വേണം സാര് ഇയാള്ക്കെതിരെ ഒന്നും എഴുതില്ലെന്ന്,"
"നിയമത്തിന് മുമ്പിലേക്കെത്തിക്കാന് ഞാന് ശ്രമിക്കുന്ന ആളുടെ ചിത്രമല്ല ഇതെങ്കില് ഉറപ്പ്. ഒന്നും എഴുതില്ല അയാളെക്കുറിച്ച്. ആണെങ്കില്...."
റഫീഖ് അലക്സാണ്ടറെ നോക്കി.
അദ്ദേഹം ആകാംക്ഷയോടെ റഫീഖിനെയും.
"എങ്കില് സര് അയാളെ എനിക്ക് കാണിച്ച് തരേണ്ടതില്ല,"
അലക്സാണ്ടര് പെട്ടെന്ന് ആ പത്രം അയാളുടെ കൈയ്യിലേക്ക് കൊടുത്തു.
റഫീഖ് പത്രം വിടര്ത്തി.
"ഇതാണ് അയാള്,"
അലക്സാണ്ടര് ഒരു ചിത്രത്തിലേക്ക് വിരല് ചൂണ്ടി.

റഫീഖും നിഷയും ആവേശത്തോടെ അതിലേക്ക് നോക്കി.

**************************************

തെരഞ്ഞെടുപ്പ് ഫലം പുറത്ത് വരാന് ഏതാനും നിമിഷങ്ങളെയുള്ളൂ.
ആകെയുള്ള ഒന്പത് മേജര് സ്ഥാനങ്ങളാണ് യൂണിയന് ഭരണം ആര്ക്കാണ് എന്ന് നിശ്ചയിക്കുന്നത്.
സാവധാനം മൈക്കിലൂടെ ആദ്യത്തെ എട്ടു സ്ഥാനങ്ങളുടെ ഫലമെത്തി. വിദ്യാര്ഥികള് ആകാംക്ഷാഭരിതരായി. നാല് സ്ഥാനങ്ങള് എന് എസ് യുവും . നാല് സ്ഥാനങ്ങള് എസ് എഫ് കേയും വിജയിച്ചു.
മാഗസിന് എഡിറ്റര്, ജോയിന്റ്റ് സെക്രട്ടറി, സ്പോര്ട്സ് സെക്രട്ടറി, ഒരു യൂണിവേഴ്സിറ്റി യൂണിയന് കൌണ്സിലര് സ്ഥാനങ്ങളില് എന് എസ് യുവും ജനറല് സെക്രട്ടറി, ഒരു യൂണിയന് കൌണ്സിലര്, ആര്ട്ട്സ് സെക്രട്ടറി, വൈസ് ചെയര്മാന് എന്നീ സ്ഥാനങ്ങളില് എസ് എഫ് കെയും.
അറിയാനുള്ള ഫലം ചെയര്മാന് സ്ഥാനത്തിന്റെയാണ്.
ശ്രീധര് പ്രസാദായിരിക്കുമോ ഷെല്ലി അലക്സായിരിക്കുമോ യൂണിയന് ചെയര്മാന് എന്ന ചോദ്യം ഓരോ വിദ്യാര്ഥിയും സ്വയം ചോദിച്ചു.
"ചേച്ചീ..."
അടുത്ത് നിന്ന ഷാരോണിനെ ചേര്ത്ത് പിടിച്ച് മിനി മന്ത്രിച്ചു.
"ടെന്ഷന് പിടിച്ച് ഞാന് ചത്ത് പോകും...ഇതെന്താ ഷെല്ലീടെ റിസല്റ്റ് മാത്രം അനൌണ്സ് ചെയ്യാത്തെ?"
ഉദ്യാനത്തിന് മുമ്പിലെ കാറ്റാടി മരങ്ങള്ക്ക് താഴെ അനവധി വിദ്യാര്ഥികള് തടിച്ച് കൂടിയിരുന്നു. മൈക്കിലൂടെ വരുന്ന അറിയിപ്പിന് കാതോര്ത്ത്.
"വരും മോളെ ചെലപ്പം ചെയര്മാന്റെ ലാസ്റ്റ് ആരിക്കും കൌണ്ട് ചെയ്യുന്നേ,"
അവളെ ആശ്വസിപ്പിച്ചുകൊണ്ട് ഷാരോണ് പറഞ്ഞു.
"ഈശോയേ ഷെല്ലിയെക്കെങ്ങാനും ജയിക്കാന് പറ്റീല്ലേ അത് ഞാന് കാരണവാരിക്കും....എന്റെ ആ ഇഷ്ടം കാരണം. അല്ലേല് എന്തോരം എഫര്ട്ട്ലെസ്സ് ആയി ജയിക്കേണ്ട ആളാ....ചേച്ചി ഞാന് ചത്ത് പോകും പറഞ്ഞേക്കാം..."
പരിഭ്രമം കലര്ന്ന ശബ്ദത്തില് മിനി തുടര്ന്നു.
"അറിയിപ്പ്,"
ഹിന്ദി ഡിപ്പാര്ട്ട്മെന്റിലെ പ്രോഫസ്സര് സുധാകരന്റെ ഘനഗംഭീരമായ ശബ്ദം മൈക്കിലൂടെ മുഴങ്ങി.
എല്ലാവരും കാതുകള് തീവ്രതരമാക്കി.
മിനിയുടെ മിഴികള് പിരിമുറുക്കത്താല് വിടര്ന്നുലഞ്ഞു.
തന്റെ ഹൃദയമിടിപ്പ് അവള് കേട്ടു.
"ചെയര്മാന് സ്ഥാനത്തേക്ക് നടന്ന മത്സരത്തില്..."
മിനി ഇരുകൈകളും നെഞ്ചോട് ചേര്ത്തു.

"ഈശോയേ..."
അവള് കണ്ണുകളടച്ച് കാതോര്ത്തു.
"ഷെല്ലി അലക്സ് എതിര് സ്ഥാനാര്ഥി ശ്രീധര് പ്രസാദിനേക്കാള് നാന്നൂറ്റിപ്പത്ത് വോട്ടുകള്ക്ക് വിജയിച്ചതായി പ്രഖ്യാപിക്കുന്നു.
തന്റെ ഹൃദയം നിശ്ചലമായത് പോലെ മിനിയ്ക്ക് തോന്നി.
അവള് അവിശ്വസനീയതയോടെ മിഴികള് തുറക്കുകയും അടയ്ക്കുകയും ചെയ്തു.
തന്റെ ഷാരോണ് ചേര്ത്ത് നിര്ത്തി ആശ്ലേഷിക്കുന്നത് അവള് അറിഞ്ഞു.
താന് ഉയരത്തിലേക്ക് പറക്കുകയാണ്.
അപ്പൂപ്പന്താടി പോലെ...
മേഘച്ചീന്ത് പോലെ....
കാറ്റിലൂടെ നദിയുടെ നീലനിശ്ചല സ്ഫടികപ്പരപ്പിന് മുകളിലൂടെ ഒഴുകിപ്പറക്കുന്ന പനിനീര് ദലം പോലെ.....
ഭാരമില്ലാതെ....
"ഹോ ...എന്റെ ..എന്റെ ചേച്ചീ...."
അവള് ഷാരോണിനെ ഇറുകെപ്പുണര്ന്നു.
ഷാരോണ് അവളുടെ കവിളില് അരുമയോടെ ഉമ്മ വെച്ചു.
"ന്താ മോളെ നീ കരയുന്നെ?"
ഷാരോണ് ചോദിച്ചു.
"സന്തോഷം കൊണ്ട്,"
കണ്ണുകള് തുടച്ച് അവള് പറഞ്ഞു.
"നിന്റെ വര്ക്കാണ്..ഓടിനടന്ന് ..റസ്റ്റ് ഒന്നും ഇല്ലാണ്ട്...അതാണ് ഇത്രേം മാര്ജിന് കിട്ടാന്..."
ഷാരോണ് പറഞ്ഞു.
അടുത്ത അദ്ഭുതം അവര്ക്ക് മുമ്പില് ദൃശ്യമായി. ഷെല്ലിയെ തോളില് ചേര്ത്ത് പിടിച്ച് ശ്രീധര് പ്രസാദ് മറ്റുള്ളവരുടെയിടയിലൂടെ ഇറങ്ങിവരുന്നു.
"അയ്യോ..."

അത് കണ്ട് മിനി പറഞ്ഞു.
"അവര്ക്ക് വേറെ വേറെ പൊസിഷനില് മത്സരിച്ചാ എന്നാരുന്നു...?കഷ്ടം ശ്രീധര് തോറ്റുപോയല്ലോ...."
"അത് ശരി!"
അവിടെ കൂടിയിരുന്നവര് ഷെല്ലിയുടെ നേരെ ആര്ത്തിരമ്പിച്ചെല്ലുന്നത് കണ്ട് ഷാരോണ് മിനിയുടെ നേരെ ശബ്ദമുയര്ത്തി.
"അയ്യോ ചേച്ചി ഞാനിപ്പം ചാകും ചേച്ചി എന്നൊക്കെപ്പറഞ്ഞു നിലവിളിച്ചിട്ടിപ്പം ശ്രീധര് തോറ്റതിനാണോ വെഷമം?"
"എന്താ ഷാരോണ്?"

അവരുടെ നേരെ വന്നുകൊണ്ട് ശ്രീധര് ചോദിച്ചു.
"മിനിക്ക് സങ്കടം നീ തോറ്റത്കൊണ്ട്..."
"സാരമില്ല..."
ശ്രീധര് ചിരിച്ചുകൊണ്ട് മിനിയുടെ തോളില് അമര്ത്തി.
"ഞാന് തോറ്റത് മിനീടെ ഷെല്ലിയുടെ മുമ്പിലല്ലേ....അതൊരു സുഖമാ,"
മിനിയുടെ കണ്ണുകള് വീണ്ടും നിറഞ്ഞു.
ശ്രീധര് ചിരിച്ചു.
കൂട്ടുകാരുടെ ആഹ്ലാദാരവം ഏറ്റുവാങ്ങിക്കഴിഞ്ഞ് ഷെല്ലി അവരുടെ നേരെ വന്നു.
"എടാ ഷെല്ലി..."
ശ്രീധര് അവനോടു പറഞ്ഞു.
"നിന്റെ മിനി സന്തോഷത്തിലും സങ്കടത്തിലുവാ ഇപ്പം. നീ ജയിച്ചേന് സന്തോഷം. ഞാന് തോറ്റ് പോയതിനു സങ്കടം..."
"അതിപ്പം ആര്ക്കാ ഇല്ലാത്തെ എന്റെ ശ്രീധര്?"
ഒരു കൈകൊണ്ട് മിനിയേയും മറ്റേക്കൈകൊണ്ട് ഷാരോണിനേയും ചേര്ത്ത് നിര്ത്തി ഷെല്ലി പറഞ്ഞു.
"എല്ലാര്ക്കും ഉണ്ട് ആ വിഷമം. എനിക്കും. ഒരു പക്ഷെ ഏറ്റവുമേറെ..."
*********************************************************

എഡിറ്റോറിയല് സെന്ഡ് ചെയ്തതിനു ശേഷം റഫീഖ് ആശ്വാസത്തോടെ കസേരയിലേക്ക് ചാഞ്ഞു.
നിഷ അപ്പോഴേക്കും രണ്ട് ഗ്ലാസ്സുകളില് പഴച്ചാറുമായി വന്നു.
"താങ്ക്യൂ മാഡം,"
അവളുടെ കൈയ്യില് നിന്ന് ഗ്ലാസ് വാങ്ങിക്കൊണ്ട് റഫീഖ് പറഞ്ഞു. അവനടുത്ത് സോഫയില് അവള് ഇരുന്നു.
ജ്യൂസ് അല്പ്പം കുടിച്ചതിന് ശേഷം അവന് അവളെ ആകെയൊന്ന് നോക്കി.
പച്ച സ്ലീവ് ലെസ്സ് ടോപ്. കറുത്ത മിനി സ്കര്ട്ട്. പകുതിയും നഗ്നമായ തുടകളുടെ മാദകത്വത്തിലേക്ക് മൃദുലതയിലേക്ക് അവന്റെ കണ്ണുകള് മേഞ്ഞിറങ്ങി. പിന്നെ നിറസമൃദ്ധമായ മാറിടത്തിന്റെ ഭംഗിയില്.
നിഷ അവനെ ദേഷ്യത്തോടെ നോക്കി.
"എന്തിനാ ഇങ്ങനെ നോക്കുന്നെ?"
അവള് ചൊടിപ്പോടെ ചോദിച്ചു.

"പകല് മുഴുവന് എന്നെ നോക്കീം അവിടേം ഇവിടേം തൊട്ടും തലോടീം ഭ്രാന്ത് കേറ്റും. മേല് മൊത്തം ചൂട് പിടിപ്പിക്കും. എന്നിട്ട് കൊതിച്ച് രാത്രീല് കാത്തിരിക്കുമ്പം ആരുടേലും ഫോണ് വരും. പിന്നെ ഓട്ടമാ....അത് കൊണ്ട് എന്റെ പൊന്നുമോന് എന്റെ തൊടേലും മാമത്തേലും ഒന്നും ഇപ്പം അങ്ങനെ നോക്കണ്ട..."
"ഒന്ന് പോ പെണ്ണേ,"
റഫീഖ് പകുതി കുടിച്ചതിന് ശേഷം ഗ്ലാസ് മേശപ്പുറത്ത് വെച്ച്കൊണ്ട് പറഞ്ഞു. പിന്നെ സോഫയിലേക്ക് ചെന്ന് നിഷയെ കെട്ടിപ്പിടിക്കാന് തുടങ്ങി. നിഷ അവനെ സോഫയിലേക്ക് തള്ളിയിട്ടു. സോഫയില് നിന്ന് എഴുന്നേറ്റ് മാറാന് തുടങ്ങിയ അവളെ അവന് തുടയുടെ മേല് വട്ടമിട്ടുപിടിച്ചു.
"ഛീ...നാണമില്ല ...എവിടെയാ പിടിക്കുന്നെ...?"
തുടയില് ചുറ്റിപ്പിടിച്ച അവന്റെ കൈവിട്ടുവിക്കാന് ശ്രമിച്ചുകൊണ്ട് അവള് പറഞ്ഞു.
പെട്ടെന്ന് റഫീഖ് അവളുടെ തുടയില് ചുണ്ടുകള് അമര്ത്തി.
കാല് കുടഞ്ഞ് കുതറിമാറാന് ശ്രമിച്ച നിഷ അവന്റെ ചൂടുള്ള ചുണ്ടുകള് നല്കിയ അനുഭൂതിയില് മയങ്ങി നിന്നു.
"ഓ...എന്റെ..."
അവള് വികാരലോലയായി അധരം അമര്ത്തിക്കടിച്ചു.
അടുത്ത നിമിഷം അവള് അവനോടൊപ്പം സോഫയില് ഇരുന്നു.
അവന്റെ ചുണ്ടുകളില് അമര്ത്തി ചുംബിച്ചു.
"മോളെ..."
അവളുടെ ചുണ്ടുകളില് നിന്നും പല്ലുകളില് നിന്നും നാവില് നിന്നും അധരം സ്വതന്ത്രമായപ്പോള് റഫീഖ് വിളിച്ചു.
"മുത്തേ..."
അവള് വിളികേട്ടു.

"നീ തന്നെയാണ് എനിക്കെല്ലാം...ബട്ട്..ഡ്യൂട്ടി....യൂ നോ..."
"അറിയാം എനിക്ക്"
മാറിടത്തിന്റെ മൃദുവസന്തം അവന്റെ വിങ്ങുന്ന വിരലുകളുടെ സുഖ സ്പർശനത്തിന് വിട്ടുകൊടുക്കവേ അവള് പറഞ്ഞു.
"നിന്നെക്കാള് കൂടുതല് ചിലപ്പോള് ഡ്യൂട്ടിയുടെ പേരില് നിന്റെ ചുണ്ടും കൈകളും ഈ നെഞ്ചും തരുന്ന സുഖമുപേക്ഷിച്ച് പോയത് ഞാന് തന്നെയാരിക്കും മുത്തേ..."
പിന്നെ അവള് വീണ്ടും അവന്റെ അധരം കടിച്ചെടുത്തു.

"നിന്നെ ചൊടിപ്പിച്ച് എന്നെ ആക്രമിക്കാന് നിന്നെ പ്രേരിപ്പിച്ച് ....അങ്ങനെ നിന്റെ കരുത്തിന് മുമ്പില് കീഴടങ്ങാന്... അതിന്റെ സുഖം ഒന്നും നിനക്കറിയില്ല....മണ്ടൂ..."
അവള് വീണ്ടും പറഞ്ഞു. റഫീഖിന്റെ ചുണ്ടുകള് ടോപ്പിന് മുകളിലൂടെ അവളുടെ മാറിടത്തിലൂടെ അമര്ന്ന് നീങ്ങി.
"അത് കൊണ്ടല്ലേ മുത്തേ..ഞാന് അങ്ങനെയൊക്കെ പറഞ്ഞെ..."
അവന്റെ ശിരസ്സിന് പിമ്പില് കൈകള് ചേര്ത്ത് അവന്റെ മുഖം കൂടുതല് ശക്തിയോടെ തന്റെ മാറില് അമര്ത്തിക്കൊണ്ട് അവള് പറഞ്ഞു.
റഫീഖിന്റെ കൈകള് അവളുടെ തുടകളുടെ ചൂടുള്ള മൃദുലതയിലൂടെ മുകളിലേക്ക് അരിച്ചുകയറി. വികാരത്തിന്റെ നനവ് പടര്ന്നിരുന്ന പാന്റിയില് അവന്റെ കൈത്തലം അമര്ന്നപ്പോള് അവള് തുടകള് അകത്തി.
"ഇപ്പൊ..ഇപ്പോള് വേണ്ട മുത്തേ...ആരേലും...വരും...വിന്ഡോ നോക്ക്...അടച്ചിട്ടില്ല..."
റഫീഖിന്റെ വിരലുകള് കൊഴുപ്പുള്ള നനവിലൂടെ മുന്നേറവേ അവള് പറഞ്ഞു.
രസച്ചരട് മുറിച്ച് റഫീക്ക് ജാലകത്തിലേക്ക് നോക്കി.
ശരിയാണ്. തുറന്ന് മലര്ന്ന് കിടക്കുന്നു.
"നീയിരിക്ക്..ഞാന് പോയി അടച്ചിട്ട് വരാം,"
റഫീഖ് എഴുന്നേല്ക്കുന്നതിനു മുമ്പ് നിഷ പറഞ്ഞു. അവള് ജാലകത്തിന്റെ സമീപം ചെന്നു. അടയ്ക്കുന്നതിന് മുമ്പ് ഒരു നിമിഷം പുറത്തേക്ക് നോക്കി.
അവളുടെ മുഖത്ത് നിരാശ പടര്ന്നു.
"എന്താടീ?"
അയാള് ചോദിച്ചു.
പെട്ടന്നവള് മുഖത്ത് പ്രകാശം വരുത്തി.
"ഒരു കാര് വരുന്നുണ്ട്,"
"ആണോ?"
റഫീഖ് പെട്ടെന്ന് സോഫയില് നിന്ന് എഴുന്നേറ്റു.
"ഷര്ട്ട് താഴ്ത്തിയിട്,"
അവന്റെ അരക്കെട്ടിലേക്ക് നോക്കി ചിരിച്ചുകൊണ്ട് അവള് പറഞ്ഞു.
"വരുന്നവര് അങ്ങോട്ട് നോക്കിയാലോ? വെറുതെയെന്തിനാ അവരെ പേടിപ്പിക്കുന്നെ?"
റഫീഖ് കുനിഞ്ഞ് നോക്കിയിട്ട് വസ്തുങ്ങള് യഥാസ്ഥാനത്ത് ഉണ്ടെന്ന് ഉറപ്പ് വരുത്തി.
"ഇനി മോന് പോയി ആ കയ്യൊക്കെ ശരിക്ക് കഴുക്,"
അവള് വീണ്ടും ചിരിച്ചു.
"അവര്ക്കെന്തിനാ മണം കൊടുക്കുന്നെ,"
റഫീഖ് വിരലുകള് മൂക്കിലേക്കടുപ്പിച്ച് മണത്ത് നോക്കി.

"ആഹാ..."
അവന് മൂക്ക് വിടര്ത്തി ശ്വസിച്ചു.
"ഹാ സുഗന്ധമേ...എനിക്ക് നിന്നെ ആവോളം നുകരുവാന് ഭാഗ്യം കിട്ടിയില്ലല്ലോ,"
"അയ്യേ..."
നിഷ അതുകണ്ട് ലജ്ജിച്ച് ചിരിച്ചു. മനോഹരമായ ആ ഭാവത്തിലേക്ക് കണ്ണിമയ്ക്കാതെ നോക്കി അവന് വീണ്ടും വിരല്ത്തുമ്പുകള് ശ്വസിച്ചു.
"ഇത് പോലെ ഒരു സാധനം! ഒര് നാണോമില്ല,"
അപ്പോഴേക്കും അകലെ നിന്നുവന്ന കാര് മുറ്റത്ത് നിര്ത്തി.
"ഇങ്ങ് വാ,"
അവള് അവനെ ഉന്തിത്തള്ളി അകത്തേക്ക് കൊണ്ടുപോയി. വാഷ്ബേസിന് മുമ്പില് നിര്ത്തി ഹാന്ഡ് വാഷില് കൈകള് കഴുകിച്ചു.
"അങ്ങനെ ഇപ്പം മണമടിച്ച് സുഖിക്കണ്ട,"
അവന്റെ വിരലുകള് ടവ്വല് ഉപയോഗിച്ച് തുടച്ചുകൊണ്ട് അവള് പറഞ്ഞു.
അപ്പോഴേക്കും കാളിംഗ് ബെല് ശബ്ദിച്ചു.
അവരിരുവരും വാതില്ക്കലേക്ക് ചെന്നു. കതക് തുറന്നു.
മുമ്പില് കണ്ണടധാരിയായ ഒരു യുവാവും മധ്യപ്രായമുള്ള സ്ത്രീയും. ഇരുപത് വയസ്സിനടുത്ത് വരും അയാളുടെ പ്രായം എന്ന് റഫീഖിന് തോന്നി. വെളുത്ത ഷര്ട്ടും നീല ജീന്സും ധരിച്ചിരിക്കുന്നു. സ്ത്രീയുടെ വേഷം വെളുത്ത സാരിയാണ്.
"ഗുഡ് ആഫ്റ്റര്നൂണ് സാര്,"
ആ യുവാവ് റഫീഖിനെ അഭിവാദ്യം ചെയ്തു.

"ഗുഡ് ആഫ്റ്റർനൂൺ, ആരാ?"
റഫീഖ് ചോദിച്ചു.
"സാര് ഞാന് ശ്രീധര്. ശ്രീധര് പ്രസാദ്. ഷെല്ലി അലക്സിന്റെ അടുത്ത സുഹൃത്താണ്,"
യുവാവ് പറഞ്ഞു.
"ഓ...ആണോ വരൂ വരൂ...എനിക്കറിയാം ഷെല്ലിയും ശ്രീധറും ആയിരുന്നു ചെയര്മാന് പോസ്റ്റില് മത്സരിച്ചത് അല്ലേ?"
അവര് അകത്തേക്ക് കയറിയപ്പോള് റഫീഖ് ചോദിച്ചു.
"ഇരിക്കു,"
മുമ്പിലെ സോഫയില് ചൂണ്ടിക്കൊണ്ട് റഫീഖ് പറഞ്ഞു.
"ഇത് അമ്മ; അല്ലേ?"
റഫീഖ് കൂടെവന്ന സ്ത്രീയെ നോക്കി.

അവര് പുഞ്ചിരിയോടെ തലകുലുക്കി.
നല്ല തേജസ്സുള്ള മുഖം.
"അതെ സാര്, ഇതെന്റെ അമ്മ പത്മാവതി,"
അതിനിടയില് നിഷ അകത്ത്പോയി ഇരുവര്ക്കും ജ്യൂസ് കൊണ്ടുവന്ന് വെച്ച് ഓരോരുത്തര്ക്കും നല്കി.
പത്മാവതി നിഷയെ വാത്സല്യത്തോടെ നോക്കി. നിഷ അവരുടെ നേരെ നോക്കി ഹൃദ്യമായി ചിരിച്ചു.
"ശ്രീധര് വന്നത്?"
റഫീഖ് പ്രസന്നത വിടാതെ ചോദിച്ചു.
"ഒരു പ്രധാന കാര്യം എനിക്കും അമ്മയ്ക്കും പറയാനാണ്,"
ശബ്ദം താഴ്ത്തി ശ്രീധര് പറഞ്ഞു.
റഫീഖും നിഷയും പരസ്പരം നോക്കി.
"ഞാന് റെക്കോഡ് ചെയ്തോട്ടെ?"
റഫീഖ് ചോദിച്ചു.
"ഷുവര്, സര്,"
അവന് പെട്ടെന്ന് പറഞ്ഞു.
"ഇന്ന് രാവിലെ അലക്സാണ്ടര് അങ്കിള് വീട്ടില് വന്നിരുന്നു,"
ശ്രീധര് പറഞ്ഞു.
"സര് ഏതോ ഒരു ഹിന്ദിക്കാരന്റെ പിന്നാലെയാണ്. കൊടും കുറ്റവാളിയാണയാള് എന്നൊക്കെ അങ്കിള് പറഞ്ഞു...സാര് അയാളെ നിയമത്തിന്റെ മുമ്പില് കൊണ്ടുവരുവാനുള്ള ശ്രമത്തിലാണ് എങ്കില്...."
ഒന്ന് നിര്ത്തി അവന് റഫീഖിനെ നോക്കി.
"എങ്കില്?"
റഫീഖ് ചോദിച്ചു.
"എങ്കില് ഏറ്റവും കൂടുതല് സന്തോഷിക്കുന്നത് ഞാനായിരിക്കും...."
"കാരണം?"
"എനിക്ക് അച്ഛനെയില്ലാതെയാക്കിയത് അയാളാണ്?"
"മൈ ഗോഡ്!"
നിഷ മന്ത്രിച്ചു.
"അതെ മാഡം!"
ശ്രീധര് വികാരാവേശത്തോടെ പറഞ്ഞു.
"എന്റെ അമ്മയെ വിധവയാക്കിയത് അയാളാണ്. അയാളെ ഭയന്ന് അമ്മയോ ഞാനോ ഇതുവരെ ഒന്നും മിണ്ടിയില്ല. എന്നാല് സാറിനെപ്പോലെ രാജ്യം ബഹുമാനിക്കുന്ന ഒരു ജേണലിസ്റ്റ് അയാളുടെ പിന്നാലെയുണ്ടെങ്കില് എനിക്ക് ഭയമില്ല..."
റഫീക്ക് മുമ്പോട്ട് ആഞ്ഞിരുന്നു.
"ശ്രീധറും അമ്മയും അറിയാവുന്ന കാര്യങ്ങള് പറയൂ,"

"അന്ന് സിസിലി ബാങ്കീന്ന് എറങ്ങി വരുമ്പം തൊട്ടുമുമ്പിലെ ഒരു പെട്ടിക്കടേല് മോന്റെ അച്ചന് നിപ്പുണ്ടാരുന്നു...."
പത്മാവതി പറഞ്ഞു.
"അന്ന് കൊല്ലാന് കാറുവായി വന്നവര് സിസിലീടെ അടുത്ത് നിന്ന ഹിന്ദിക്കാരനെ കണ്ട് കാറ് നിര്ത്തി. ഒരാള് തോക്കുവായി വന്ന് ഹിന്ദിക്കാരന്റെ നേരെ തോക്ക് ചൂണ്ടി. ഹിന്ദിക്കാരന് പെട്ടെന്ന് അയാളെ കണ്ടു. പേടിച്ചരണ്ട് അയാള് അടുത്ത് നിന്ന സിസിലീനെ പിടിച്ച് മുമ്പിലേക്ക് ഇട്ടുകൊടുത്തു...സിസിലിക്ക് വെടിയേറ്റു..."
പത്മാവതി ഒന്ന് നിര്ത്തി.
"അച്ചന് അത് കണ്ട് ആകെ പേടിച്ചുപോയി..."
ശ്രീധര് പറഞ്ഞു.

"ഒന്നും ചെയ്യാന് പറ്റാത്ത ഒരു കണ്ടീഷനാരുന്നു...പെട്ടെന്നുള്ള കാറിന്റെ വരവും വെടീം സിസിലി ആന്റിമരിച്ചതും....എന്തായാലും അച്ചന് പെട്ടെന്ന് ആന്റീനെ ഹോസ്പിറ്റലില് എത്തിച്ചു...സിസിലി ആന്റി പക്ഷെ..."

ശ്രീധര് ഒരു നിമിഷം വികാരാര്ദ്രനായി.

"പിന്നെ അന്വേഷണോം കേസും ഒക്കെ വന്നപ്പോള് അച്ചന് സാക്ഷിപറയാന് ഒരുങ്ങി. കോടതീല് താന് കണ്ട കാര്യങ്ങള് ഒക്കെ പറയാം എന്ന് അച്ചന് പോലീസിനോട് പറഞ്ഞു. അന്ന് രാത്രി ഒരു തടിയന് വന്നിട്ട് അച്ഛനോട്ട സാക്ഷി പറയുന്നതില് നിന്ന് പിന്മാറണം എന്ന് പറഞ്ഞു..."

"മലയാളി?"

റഫീഖ് ചോദിച്ചു.

"അതെ മലയാളി..."

ശ്രീധര് പറഞ്ഞു.

"അച്ചന് സമ്മതിച്ചില്ല. പോലീസ് പറഞ്ഞതനുസരിച്ച് സിസിലി ആന്റിയെ തള്ളിയിട്ടവന്റെ രേഖാചിത്രം വരയ്ക്കാന് പോലീസ് സ്റ്റേഷനിലേക്ക് പോകുമ്പം അച്ഛന്റെ സ്കൂട്ടറിന്റെ നേരെ ഒരു ട്രക്ക് വന്നിടിച്ചു. അച്ഛനെ താഴേക്ക് തെറുപ്പിച്ചു. അച്ചന് മരിച്ചു...."

പത്മാവതി വേദനയോടെ റഫീഖിനെ നോക്കി.

"ദഹനം ഒക്കെക്കഴിഞ്ഞ് രണ്ട് ദിവസങ്ങള് കഴിഞ്ഞ് ആ തടിയന്റെ കൂടെ വേറെ ഒരാള് വീട്ടില് വന്നു. ഇന്ന് ആള് കേരള രാഷ്ട്രീയത്തില് പ്രശസ്തനാണ്. അന്ന് പക്ഷെ അറിയപ്പെട്ട വരുന്നതേയുള്ളൂ..."

റഫീഖിന്റെ നെറ്റിയില് ചുളിവുകള് വീണു.

അയാള് ശ്രീധറിന്റെ അടുത്ത വാക്കുകള്ക്ക് കാതോര്ത്തു.

"അച്ഛന് സംഭവിച്ചത് മകനും ഭാര്യക്കും സംഭവിക്കേണ്ടെങ്കില് അടങ്ങിയൊതുങ്ങി ക്കഴിഞ്ഞോളാന് എന്നും പറഞ്ഞ് ഭീഷണിപ്പെടുത്തിയിട്ട അവര് പോയി. ഞങ്ങള് വല്ലാതെ ഭയപ്പെട്ട പോയി സാര്. ആരുണ്ട് ഞങ്ങള്ക്ക്? ഞങ്ങള് എല്ലാം ദൈവത്തിനു വിട്ടുകൊടുത്ത്...."

"ആരാരുന്നു അന്ന് ആ തടിയന്റെ കൂടെ വന്നത്?"

റഫീഖ് ചോദിച്ചു.

"സാറിനറിയാം അയാളെ,"

ശ്രീധര് പറഞ്ഞു.

ഷെല്ലിയെത്തുമ്പോള് മിനി ബ്യൂട്ടിസ്പോട്ടില് ദേവദാരുവിന്റെ കീഴില്, നിലത്ത് പുല്പ്പുറത്ത് ഇരിക്കുകയായിരുന്നു. പിമ്പിലെ നീലക്കുന്നുകള്ക്കപ്പുറം മേഘങ്ങള് നിറയാന് തുടങ്ങിയിരുന്നു. ആകാശം ചുവക്കാന് ഇനിയും സമയമുണ്ട്. മലമുകളിലേക്ക് പക്ഷികള് കൂടണയാനും.

ദൂരെ നിന്നേ ഷെല്ലി ദേവദാരുവില് ചാരി നീലക്കുന്നുകള്ക്കപ്പുറത്തെ മേഘങ്ങളേ നോക്കിയിരിക്കുന്ന മിനിയെ കണ്ടു. സായാഹ്നത്തിന്റെ ഇളം വെളിച്ചവും കാറ്റില് പതിയെ ഉലയുന്ന ഇലകളുടെ നിഴലുകളും അവളുടെ കണ്ണുകളുടെ സൌന്ദര്യകാന്തികതയുടെ മേലേ ലയലഹരിയുടെ തിരയിളക്കം നടത്തുന്നതും. ചുവപ്പും കറുപ്പും ഇടകലര്ന്ന ഷര്ട്ടും കറുത്ത മിഡിയുമിട്ട അവളുടെ രൂപത്തിലേക്ക് നോക്കിക്കൊണ്ട് നടന്നടുക്കുമ്പോള് എത്രയെത്ര കിനാവുകളുടെ ഇളം നിറങ്ങളും എത്രയെത്ര പ്രണയ സ്മൃതികളുടെ പൂവനങ്ങളുമാണ് അവള്ക്ക് ചുറ്റും നൃത്തം ചെയ്യുന്നതെന്ന് അവനോര്ത്തു. ജാതിമല്ലികള് പൂത്ത് കുളിര്ന്നുലയുമ്പോളുണ്ടാവുന്ന സുഗന്ധമാണ് നിനക്ക് ചുറ്റും നിറഞ്ഞിരിക്കുന്ന ഇളം വെയിലില്, ഷെല്ലി ഓര്ത്തു.

ചൈത്രത്തിന്റെ സായാഹ്നവെയിലില് മയങ്ങിക്കിടക്കുന്ന നീലക്കുന്നുകള്ക്കപ്പുറത്തെ മേഘങ്ങളിലേക്ക് നോക്കി നിന്നിരുന്ന അവളുടെ നീള്മിഴികള് പെട്ടെന്ന് തന്റെ നേരെ നടന്നടുക്കുന്ന ഷെല്ലിയില് പതിഞ്ഞു. സ്വര്ണ്ണമന്ദാരങ്ങളെക്കണ്ട മൊണാര്ക്ക് ചിത്രശലഭങ്ങളെപ്പോലെ അവളുടെ ശരീര കാന്തിയപ്പോള് അമര്ന്നുലഞ്ഞു. ചന്ദനഗന്ധമുള്ള ഒരു മാദകഭാവം തന്റെ ധമനികളിലൂടെ പ്രവഹിക്കുന്നതിന്റെ സംഗീത സ്വരം അവള് കേട്ടു.

ജന്മങ്ങള്ക്കും മുമ്പ്, പല ഗര്ഭപാത്രങ്ങളുടെയും ഇളംചുവപ്പാര്ന്ന അരുണോദയങ്ങളില്, ജനിമൃതികളുടെ സാന്ധ്യശോഭയില്, ജീവരേണുവായി ഞാന് പാറി നടക്കുമ്പോള് പ്രിയനേ, ഞാന് നിന്നെ കണ്ടിരുന്നു. പല ജന്മങ്ങളുടെയും വെയിലിന്റെ വെളിച്ചത്തില്, പല വസന്തങ്ങളുടെയും മഴവില്ത്തണലില് ഞാന് നിനക്ക് വേണ്ടി കാത്തിരുന്നു. നിനക്ക് വേണ്ടി പ്രണയത്തിന്റെ മഴ നനയുകയും നിന്നെ ഒരു മഞ്ഞായി പുണരുകയും ചെയ്തിട്ടുണ്ട് ഞാന്.....

ചിത്ര ശലഭം പൂവില് നിന്ന് പറന്നുയരുന്നത് പോലെ അവള് എഴുന്നേല്ക്കുന്നത് ഷെല്ലി കണ്ടു. സുഗന്ധിയായ കാറ്റിലും ഇളംവെയിലിലും അവള് അവനെക്കണ്ട് മദഭരയായ ദേഹത്തില് താപം നിറച്ചു.

കണ്ണുകള് തുടിയ്ക്കുന്നു.

ദേഹം വിറകൊള്ളുന്നു.

അധരം വിതുമ്പുന്നു.

ഇതുവരെ അറിയാത്ത ഒരു ദാഹം മാറിടത്തില് നിറയുന്നു.

നിന്നെ കണ്ടമാത്രയില് എന്റെ പ്രിയനേ....

അവന് അടുത്തെത്തിയപ്പോള് അവള് പുഞ്ചിരിച്ചു. ഷെല്ലിയും മറ്റൊന്നും ചെയ്യാതെ മിഴികളില് പ്രണയത്തിന്റെ നനവ് നിറച്ച് അവളെ നോക്കി.

"ഷെ ല്ലി-"

ജനിമൃതികളുടെ ചില്ലുജാലകങ്ങള്ക്കപ്പുറത്ത് നിന്നെന്നപോലെ അവളുടെ ശബ്ദത്തിന്റെ ചൂടുള്ള രശ്മികള് അവനെ തൊട്ടു.

"മിനി-"

അവന്റെ ശബ്ദം കുളിര്മഞ്ഞിലൂടെ അരിച്ചെത്തുന്ന സൂര്യനാളമാകുന്നു.

"വന്നിട്ട് ഒരുപാടായോ?-"

"അഞ്ച് മിനിറ്റ്. പക്ഷെ അഞ്ച് വര്ഷം കടന്നുപോയത് പോലെ-"

കണ്ണുകള് മാറ്റാതെ അവര് പരസ്പ്പരം നോക്കി, അല്പ്പ സമയത്തോളം.

"എന്താ എന്നെ ആദ്യമായി കാണുകയാണ് മിനി?-"

അവന് ചോദിച്ചു.

കണ്ണുകള് അവന്റെ കണ്ണുകളില് നിന്ന് മാറ്റാതെ അവനെത്തന്നെ നോക്കിയതല്ലാതെ അവള് ഉത്തരം പറഞ്ഞില്ല.

"കണ്ടിട്ടുണ്ട്, മുമ്പ്-"

സുഖമുള്ള അഗ്നിയില് ചുട്ട്, പഴുപ്പിച്ച് മന്ത്രിക്കുന്ന സ്വരത്തില് അവള് പറഞ്ഞു.

"വര്ഷങ്ങള്ക്ക് മുമ്പ്. ശബ്ദം കേട്ടിരുന്നു. ഗന്ധം അറിഞ്ഞിരുന്നു. രൂപം കണ്ടിരുന്നു. മുഖം കാണുന്നത് ഇപ്പോഴാണ്-"

ബ്യൂട്ടിസ്പ്പോട്ടിന് മുകളിലെ ആകാശത്ത് മൊണാര്ക്ക് ചിത്രശലഭങ്ങള് നിറഞ്ഞു. അവള് മുകളിലേക്ക് നോക്കി.

അവനും.

അവളുടെ നീള്മിഴികളുടെ കാന്തികത ആകാശനീലിമയെ ചൂടിനില്ക്കുന്ന മേഘങ്ങള്ക്ക് ഡിസൈന് കൊടുക്കുന്ന ചിത്രശലഭങ്ങളില് പതിഞ്ഞു.

"മമ്മി പറയുമാരുന്നു, ഷെല്ലി-"

അവള് ചിത്രശലഭങ്ങള് നൃത്തം ചെയ്യുന്നത് കണ്ട് പറഞ്ഞു.

ഷെല്ലി അവളെ നോക്കി.

"ഇവടം വിട്ട് പോകാത്ത ആത്മാക്കള് ചുവന്ന ബട്ടര്ഫ്ലൈസ് ആയിട്ടും വിട്ട്പോയവ മഞ്ഞ ബട്ടര്ഫ്ലൈസ് ആയിട്ടും പുനര്ജ്ജനിക്കുന്ന്..."

അവളുടെ സ്വരത്തില് നിറഞ്ഞ നേര്ത്ത കണ്ണീര്നനവ് ഷെല്ലിയെ തൊട്ടു.

"ആസ്ട്രേലിയയില് ഉള്ള ഒരു ജ്യോഗ്രഫിക്കല് വണ്ടര് അയേഴ്സ് റോക്കിനെ പറ്റി കേട്ടിട്ടില്ലേ? അവിടുത്തെ ട്രൈബല് കമ്മ്യൂണിറ്റി അതിനെ വിളിക്കുന്നത് ഉലൂരു എന്നാണ്. അവര്ക്കിടയിലെ ഒരു വിശ്വാസമാണ് ഞാന് ഇപ്പോള് പറഞ്ഞത്. ബട്ടര്ഫ്ലൈസിനെപ്പറ്റി...."

അവള് വീണ്ടും ചിത്ര ശലഭങ്ങളെ നോക്കി.

"അതിനര്ത്ഥം എന്റെ മമ്മി ഇപ്പോള് എന്റെ അടുത്ത് ഉണ്ടെന്നാണ്,"

"മിനീ,"

അവന് വിളിച്ചു.

സായാഹ്നത്തിന്റെ ഇളം ചൂട് പതിഞ്ഞ അവളുടെ മുഖത്തേക്ക് അവന് നോക്കി.

"പറയു, ഷെല്ലി..."

ചിത്രശലഭങ്ങളില് നിന്ന് നോട്ടം മാറ്റാതെ അവള് പറഞ്ഞു.

"ഇത് വരെ ഒന്നും ഞാന് ഡീറ്റയില്ഡായി ചോദിച്ചിട്ടില്ല..."

അവള് അപ്പോഴും ചിത്രശലഭങ്ങളുടെ നൃത്തംവെയ്ക്കുന്ന ചിറകുകളില് നിന്നും കണ്ണുകള് മാറ്റിയില്ല.

"മിനീടെ മമ്മി എങ്ങനെയാ...എങ്ങനെയാണ് മിനിയെ വിട്ട്പോയത്?"

അപ്പോള് അവള് അവനെ നോക്കി. ഒരു കുഞ്ഞിന്റെ വിതുമ്പല് അവള് അവളുടെ മുഖത്ത് അവന് കണ്ടു. ഏറ്റവും നിസ്സഹായയായ, ഏറ്റവും ആശരണയായ, ഏറ്റവും അനാഥയായ ഒരു കുഞ്ഞിന്റെ മുഖം.

"നമുക്ക് ഇവിടെയിരിക്കാം..."

അവള് അവന്റെ കൈയില് പിടിച്ചു. പിന്നെ ദേവദാരുവിന്റെ ചുവട്ടിലേക്ക് താഴ്ന്നു. മരത്തിന്റെ സ്വാന്തനത്തിന്റെ പ്രാചീനതയില്, സാന്ദ്രമായി നിറഞ്ഞ സ്നേഹതിന്റെ ചുവട്ടില് അവര് കൈകള് കോര്ത്ത് പിടിച്ച് അഭിമുഖമിരുന്നു.

"ഷെല്ലിയെപ്പോലെ സുന്ദരനാണ് എന്റെ പപ്പാ. മാത്യൂ. മാത്യൂ എം. എം. മാളിയേക്കല് മത്തായിച്ചന്റെ ഏറ്റവും മൂത്ത മോന്..."

അവള് പിന്നെ നീലക്കുന്നുകളിലേക്ക് നോക്കി.

"അന്ന് സെയ്ന്റ് തെരേസാസീന്ന് ഞാന് വീട്ടില് പോയപ്പം ഞങ്ങടെ നൈബര് നേവീന്ന് റിട്ടയര് ചെയ്ത ക്യാപ്റ്റന് ബസന്ത് സിംഗ് സോണ്ടിയ, സോണ്ടിയ അങ്കിള് പറഞ്ഞു..."

അവളുടെ കണ്ണുകള് വീണ്ടും ഈറനണിഞ്ഞു.

"ബേട്ടി തും ബില്കല് അപ്നി മാ ജൈസി ദിഖ്തി ഹോ....ബഹുത് മിസ്സ് കര്ത്താ ഹും മേ ഉന്കോ യാര്..."

അവളുടെ വിരലില് കോര്ത്ത് പിടിച്ച തന്റെ കൈയിലേക്ക് കണ്ണുനീര്ത്തുള്ളികള് വീണത് ഷെല്ലി കണ്ടു. കൈത്തലത്തെ മാത്രമല്ല മാത്രമല്ല അത് പൊള്ളിക്കുന്നത്. ഉള്ളിലും.

"ഞാന് മമ്മിയേപ്പോലാണ് കാണാന് ഇപ്പോള് എന്ന്...അങ്കിളിന് മമ്മിയെ ഒത്തിരി മിസ്സ് ചെയ്യുന്നു എന്ന്..."

ഷെല്ലി അലിവോടെ അവളെ നോക്കി.

"ഗോവന് ആയിരുന്നു എന്റെ മമ്മി....കരോലിനാ നെവില്. പോര്ച്ചുഗീസ് ഒറിജിന്. സെയിന്റ് സ്റ്റീഫന്സില് വെച്ചാണ് മമ്മീം പപ്പേം ആദ്യം കാണുന്നെ..."

"മമ്മീടെം പപ്പാടെം ലവ് അവരുടെ പാരമ്പര്യത്തെ ചൊടിപ്പിച്ചു. ലിസ്ബണില് നിന്ന് ഇടയ്ക്കിടെ വീട്ടില് വരുവാരുന്ന അഗോസ്റ്റിഞ്യോ എന്ന വീഞ്ഞ് കച്ചവടക്കാരന് കോടീശ്വരന് മമ്മിയെ കെട്ടിച്ചുകൊടുക്കാമെന്ന ഗ്രാന്ഡ്പാ പ്രോമിസ് ചെയ്തിരുന്നു. വളരെ കണ്സര്വേറ്റീവ് കാത്തലിക് ആയിരുന്ന അഡ്രിയാനോ എഡ്രോഡോ , എന്റെ ഗ്രാന്ഡ്പാ ഒരിക്കലും ലവ് അഫയറെ അംഗീകരിച്ചിരുന്നില്ല. അന്ന് സോണ്ടിയാ അങ്കിള് കൊച്ചിയില് നേവല് ബേസിലാണ്. ലെഫ്റ്റനന്റ് കമാന്ഡര്. പപ്പാടെ അപ്പാ അവിടെ കമ്മഡോര് റാങ്കിലും. സോണ്ടിയാ അങ്കിള് ലെഫ്റ്റനന്റ് കമാന്ഡറും. അപ്പാടെ ഫ്രണ്ടാരുന്നെങ്കിലും സോണ്ടിയാ അങ്കിള് ഏറെ അടുപ്പം കാണിച്ചത് എന്റെ പപ്പായോടാ. അത് കൊണ്ട് പപ്പാ പ്രോബ്ലം ഉണ്ടായപ്പം അത് ഷെയര് ചെയ്തത് അങ്കിളിനോടാ. അങ്കിള് ധൈര്യം കൊടുത്തു. ഡോണ്ട് വറി നീ കരോലിനായേയും കൂട്ടി ഹൈദരാബാദിലേക്ക് വരൂ എന്ന് പറഞ്ഞു. അങ്കിള് അവിടെയാണ് സെറ്റില് ചെയ്യാന് ഉദ്ദേശിച്ച് ഒരു വില്ല വാങ്ങിയത്. ബന്ജാരാ

ഹില്സില്. അങ്ങനെ പപ്പാ മമ്മീനേം കൊണ്ട് അങ്കിളിന്റെ വില്ലേല് താമസം തുടങ്ങി. രണ്ട് വര്ഷം സ്റ്റേറ്റ്സില്, മൈക്രോസോഫ്റ്റില്, ജോലി ചെയ്ത് കഴിഞ്ഞ് പപ്പാ സ്വന്തമായി ബിസിനസ് തുടങ്ങി. ഒരു പാര്ട്ട്ണര് കൂടിയുണ്ടായിരുന്നു. ശക്തി സിംഗ്. അയാള് പക്ഷെ അഗസ്റ്റിഞ്ഞ്യോയുടെ ആളാരുന്നെന്നു പപ്പയ്ക്ക് അറീത്തില്ലാരുന്നു...."

മിനി ഒരു നിമിഷം നിര്ത്തി. തന്റെ വാക്കുകളിലേക്കും മുഖത്തേക്കും ശ്രദ്ധയോടെ നോക്കുന്ന ഷെല്ലിയുടെ മുഖത്തേക്ക് നോക്കി. താന് പറയുന്ന വാക്കുകള് അതീവഗൌരവത്തോടെയാണ് അവന് ശ്രദ്ധിക്കുന്നത് എന്ന് അവള് കണ്ടു.

"വൈന് ഇന്ഡസ്ട്രീസില് നമ്മുടെ രാജ്യം അന്ന് ഇന്നും സ്ട്രോങ്ങ് ആയി ടൈ അപ് പോര്ച്ചുഗലിനോടാ. അതില്ത്തന്നെ അഗസ്റ്റിഞ്ഞ്യോയുടെ കമ്പനീമായിട്ടും. ഡിസ്റ്റിലറീം ഡിസ്ട്രിബ്യൂഷനുമെല്ലാം. അഗസ്റ്റിഞ്ഞ്യോയുടെ ഇവിട്ടത്തെ കാര്യങ്ങളുടെ ഒരു ചുമതലക്കാരന് കൂടിയാരുന്നു ആ ശക്തിസിംഗ്. അഗസ്റ്റിഞ്ഞ്യോ അപ്പോഴൊക്കെ മമ്മീനെ കിട്ടാന് ഭ്രാന്ത് കേറി നടക്കുന്ന സമയവും. ഇതൊന്നും പാപ്പാ അറിഞ്ഞേയില്ല. ഒരു ദിവസം സ്റ്റേറ്റ്സില്, സിയാറ്റിലില് വേള്ഡ് എക്കണോമിക് ഫോറത്തില് പങ്കെടുക്കാന് പപ്പാ ഇന്ത്യന് ഡെലിഗേറ്റ്സിന്റെ ഭാഗമായി പോയപ്പോള് ശക്തി സിംഗ് വീട്ടില് വന്നു. മമ്മിയ്ക്ക് ഭയ്യായെപ്പോലെയാരുന്നു അയാള്..."

മിനി വീണ്ടും നിര്ത്തി. നീലമലകള്ക്കപ്പുറത്ത് മേഘങ്ങള് ചുവക്കുന്നത് നോക്കിനിന്നു. മലനിരകള്ക്കപ്പുറത്ത് നിന്ന് നിരാലംബമായ സ്വരത്തില് ഒരു പക്ഷി ശബ്ദമിട്ടു.

"അയാള് മമ്മിയെ അയാള്ടെ വീട്ടിലേക്ക് ഒരു പാര്ട്ടിക്ക് വിളിച്ചു. അയാള്ടെ മോന് ..അവന്റെ ബര്ത്ത്ഡേ ആണ്...മമ്മി പോയി...എനിക്കന്ന് ഒന്പത് വയസ്സ് ആണ് ഷെല്ലി...ഞാനും മമ്മിയും ചെല്ലുമ്പോള് പാര്ട്ടി നടക്കുകയാണ്. പാട്ടും ഡാന്സും ഒക്കെ. ഇടയ്ക്ക് അയാള് മമ്മിയ്ക്ക് ഷാമ്പെയിന് കൊടുത്തു. മമ്മി കുടിച്ചു. എന്തോ അസ്വാസ്ഥ്യം തോന്നിയപ്പോള് അയാള് വിശ്രമിക്കാന് പറഞ്ഞു ഒരു മുറി കാണിച്ചുകൊടുത്തു. മമ്മി വിശ്രമിച്ച് കിടക്കുമ്പോള് അങ്ങോട്ടയാള് വന്നു...."

ഷെല്ലിയുടെ മുഖം ഭീതിദമായി.

"മിനീ..."

അവളുടെ കൈയില് അമര്ത്തിപ്പിടിച്ചുകൊണ്ട് അവന് വിളിച്ചു.

"അഗസ്റ്റിഞ്ഞ്യോയെ ഭ്രാന്ത് പിടിപ്പിച്ച പെണ്ണല്ലേ കരോലിനാ നീ എന്ന് ചോദിച്ചു. മമ്മിയ്ക്ക് അയാള് പറയുന്നത് ആദ്യം ഒന്നും മനസ്സിലായില്ല...അയാള്ക്ക് മാത്രമല്ല ആര്ക്കും ഭ്രാന്ത് വരും..ഉദാഹരണത്തിന് എനിക്കും എന്നും പറഞ്ഞ് അയാള് മമ്മിയെ കയറിപ്പിടിച്ചു. ഡ്രഗ്ഡ് ആയിരുന്നെങ്കിലും മമ്മിയ്ക്ക് കാര്യങ്ങള് ക്ലിയര് ആയി മനസ്സിലായി...അയാള് മമ്മിയെ റേപ് ചെയ്തു. പിന്നെ പേടിയായി മമ്മി ജീവിച്ചിരുന്നാല് പ്രോബ്ലം ആണ് എന്ന് മനസ്സിലാക്കി അയാള് മമ്മിയെ കഴുത്ത് ഞെരിച്ച്..."

മിനി നിര്ത്തി. നിറഞ്ഞൊഴുകുന്ന കണ്ണുനീരിനെ കവിള് നനച്ച് ഒഴുകാന് അനുവദിച്ചു.

"അന്നേരം ആണ് ഞങ്ങടെ ഡ്രൈവര് സായി അങ്കിള് അങ്ങോട്ട് ഓടി വരുന്നത്. മമ്മി മരിച്ചു എന്ന് കരുതി അയാള് മുറിയില് നിന്ന് പോയപ്പം. സായി അങ്കിള് മമ്മീനെ എടുത്ത് ഹോസ്പിറ്റലില് കൊണ്ട്പോയി. വഴീല് വെച്ച് അല്പ്പപ്രാണനും വെച്ച് മമ്മി ഉണ്ടായത് മൊത്തം സായി അങ്കിളിനോട് പറഞ്ഞു. അങ്കിള് പപ്പയ്ക്ക് ഫോണ് ചെയ്തു. പിറ്റേന്ന് പപ്പാ പറന്നെത്തിയെങ്കിലും മമ്മി പോയിരുന്നു ഷെല്ലി...."

"അപകടം മണത്ത് ശക്തി സിംഗ് സ്ഥലം വിട്ടു. എങ്കിലും ഒരേയൊരു സാക്ഷിയായ സായി അങ്കിളിനേം അയാള് ആളെ വിട്ട് കൊല്ലിച്ചു..."

"എന്നിട്ട്?"

ഷെല്ലി ചോദിച്ചു.

"എന്നിട്ട് പപ്പാ അയാളെ അന്വേഷിച്ചില്ലേ? അയാളെ പിടിച്ചില്ലേ? കേയ്സ് ഒന്നും..."

മിനി ഷെല്ലിയുടെ മുഖത്തേക്ക് നോക്കി. അവള് എന്തെങ്കിലും പറയുന്നതിന് മുമ്പ് മൊബൈല് ശബ്ദിച്ചു.

"ചേച്ചിയാണല്ലോ,"

മൊബൈലില് പ്രസ് ചെയ്ത് കൊണ്ട് മിനി പറഞ്ഞു. പിന്നെ അവള് ഷാരോണിനോട് സംസാരിച്ചു.

"ആശിനീടെ ബര്ത്ത്ഡേ ആണ് ഇന്ന് ഷെല്ലി. അവര് എന്നെ കാത്തിരിക്കുവാ...വാ നമുക്ക് പോകാം,"

അവര് എഴുന്നേറ്റു.

"ക്രിസ്മസ് ഹോളിഡേയ്സിനു എന്താ ഷെല്ലി പ്ലാന്?"

ഹോസ്റ്റലിലേക്ക് ഒരുമിച്ച് നടക്കവേ മിനി ചോദിച്ചു.

"ഇപ്രാവശ്യത്തെ ക്രിസ്മസിന് പപ്പാ വീട്ടില് ഉണ്ടാവില്ല..."

ഷെല്ലി വിഷമത്തോടെ പറഞ്ഞു.

"ക്വസ്റ്റ്യന് പേപ്പര് ഉണ്ടാക്കുന്ന പാനലില് പപ്പാ ഉണ്ട്. അതിന്റെ ..പിന്നെ അവരുടെ ഡിപ്പാര്ട്ട്മെന്റിന്റെ വേറെ എന്തൊക്കെയോ പ്രോഗ്രാം കാരണം ഒരാഴ്ച കക്ഷി ടൂറിലാ...അത് കൊണ്ട് ഞാന് ഹോസ്റ്റലിത്തന്നെ ഉണ്ടാവും..."

മിനി അവനെ നോക്കി.

"എന്താ മിനീടെ പ്ലാന്? ഹൈദരാബാദ് പോകുന്നില്ലേ?"

"എന്റെ കൂടെ വരാവോ?"

"ഹൈദരാബാദ്?"

"അല്ല..ഹൈറേഞ്ച്,"

" ഹൈറേഞ്ച്? അവിടെയെവിടെ?"

"അവിടെ ആനച്ചാല്...ഈട്ടിസിറ്റി..."

"ഈട്ടിസിറ്റിയൊ? വലിയ സിറ്റിയാണോ?"

"ഏയ് സിറ്റി ഒന്നുമല്ല..ബ്യൂട്ടിഫുള് വില്ലേജ്..."

"അവിടെയാരാ?"

"അവിടെ പപ്പാ ഒരു എസ്റ്റേറ്റ് വാങ്ങീട്ടുണ്ട്...കുറെ മുമ്പ്..ഞാന് ഇതുവരെ പോയിട്ടില്ല ...ഞാന് ഇന്ന് രാവിലെ വിളിച്ചു ചോദിച്ചാരുന്നു...പപ്പാ പൊക്കോളാന് പറഞ്ഞു..."

"ആരുടെ കൂടെയാണ് എന്ന് ചോദിച്ചില്ലേ പപ്പാ?"
"ഇല്ല. പക്ഷെ ഞാന് പറഞ്ഞു....ഞാന് പറഞ്ഞു ഷെല്ലീടെ കൂടെയാണെന്ന്..."
"എന്റെ കൂടെ!! അന്നേരം??"
"അന്നേരം എന്നാ? വണ്ടി അറേഞ്ച് ചെയ്യേട്ടെ എന്ന് ചോദിച്ചു...പപ്പായ്ക്ക് പപ്പാടെ മോളെ അറിയാം ഷെല്ലി..."
ഷെല്ലി ആലോചിച്ചു.

"അവിടെ നിറച്ചും മലയാ. ഹെയര്പിന് വളവുകളും അതിലെ ഡ്രൈവ് ചെയ്യുന്നത് കച്ചറയാ,"
"കച്ചറയോ? കച്ചറന്ന് വെച്ചാ എന്നതാ? ഹിന്ദീല് കച്ചറ എന്ന് പറഞ്ഞാല് വെയ്സ്റ്റ്...."
"ങ്ഹാ ഇതും അങ്ങനെയാ..ലൈഫ് വെയ്സ്റ്റ് ആകും അതിലെ ഡ്രൈവ് ചെയ്താല്...പണ്ട് അവിടെ ബൈസണ്വാലി എന്ന് പറയുന്ന ഒരു സ്ഥലത്ത് പോയിട്ടുണ്ട്...എന്റമ്മോ..കാണാന് സൂപ്പര്. അവിടുന്ന് തിരിച്ച് വരാന് തോന്നില്ല. അത്രേം നല്ല സ്ഥലം. പക്ഷെ ഡ്രൈവിംഗ്..."
"ട്രെയിന് ബസ്സ് ഒക്കെയില്ലേ? അങ്ങനെ പോകാം"
ഷെല്ലി വീണ്ടും ആലോചാനാമഗ്നനായി.
"എന്തിനാ കൂടുതല് ആലോചിക്കുന്നെ?"
ഹോസ്റ്റലിലേക്ക് തിരിയുന്നിടമെത്തിയപ്പോള് അവള് ചോദിച്ചു.
"സമ്മതിക്കുന്നെ? ഏതായാലും വീട്ടില് പപ്പായില്ലല്ലോ. ഒന്ന് രണ്ട് ദിവസത്തെ കാര്യമല്ലേ..പ്ലീസ്..."
"ഓക്കേ,"
അവന് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.
"താങ്ക്യൂ"
അവളും പുഞ്ചിരിച്ചു.
************************************************
ആലുവയില് ട്രെയിനിറങ്ങിയപ്പോള് സമയം പതിനൊന്നായിരുന്നു.
"മടുത്തോ?"
ബാക്ക്പാക്കറിന്റെ സ്ട്രാപ്പുകള് തോളിലിട്ടുകൊണ്ട് മിനി ചോദിച്ചു.
"ഇല്ല,"
"ഞാന് മടുത്തല്ലോ. ഷെല്ലിയെന്താ മടുക്കാത്തെ?"
എന്ട്രന്സിലേക്ക് നടക്കുന്നതിനിടയില് അവള് ചോദിച്ചു.
"ഞാന് മിനീടെ കൂടെയല്ലേ?"
ഒരു നിമിഷം അവള് നിന്നു.
അവനും.
പ്രണയം കത്തുന്ന മിഴികളോടെ അവള് അവനെ നോക്കി.
"എന്താ?"
അവന് ചോദിച്ചു.
അവള് പുഞ്ചിരിച്ചുകൊണ്ട് ഒന്നുമില്ല എന്ന അര്ത്ഥത്തില് തല കുലുക്കി.

ബസ്സിലേക്കയറി പത്ത് മിനിറ്റിനുള്ളില് മിനി ഷെല്ലിയുടെ നെഞ്ചില് മുഖം ചേര്ത്ത് ഉറങ്ങി. അവളുടെ മുഖത്തിന്റെ മൃദുത്വം തന്റെ നെഞ്ചില് അമര്ന്നിരിക്കുമ്പോള് അവന് കൈകൊണ്ട് താളത്തില് അവളുടെ തോളില് തട്ടിക്കൊണ്ടിരുന്നു. ബസ് പെരുമ്പാവൂരും കോതമംഗലവും കടന്ന് നേര്യമംഗലത്ത് എത്തിയപ്പോള് അവള് ഉണര്ന്നു.
"ഓ...!"
കോട്ടുവായിട്ടുകൊണ്ട് അവള് ചോദിച്ചു.
"ഞാന് ഒരുപാട് നേരം ഉറങ്ങിയോ ഷെല്ലി?"
"രണ്ട് മണിക്കൂര്,"

"രണ്ട് മണിക്കൂര്! എന്നിട്ട് എന്നെ വിളിക്കാഞ്ഞതെന്തെ?"
"പാവം പിടിച്ച് ഇങ്ങനെ ഉറങ്ങുന്നത് കണ്ടാല് ആര്ക്ക് വിളിക്കാന് തോന്നും?"
"ഓ റിയലി?"
"റിയലി. മാഡത്തിന് രാത്രിയില് ഉറക്കം കുറവാണോ?"
"ഇന്നലെ ഉറങ്ങീപ്പം ഒരു മണി ആയി ഷെല്ലി...ഇപ്പം ഏകദേശം ആ സമയത്ത് ഒക്കെയാണ് ഉറക്കം...നേരത്തെ പത്ത് മണിയായാ കൂര്ക്കം വലിച്ച് ഉറങ്ങാന് തുടങ്ങുവാരുന്നു...."
"കച്ചറ എന്ന മനോഹരമായ പദം കേട്ടിട്ടില്ല....കൂര്ക്കംവലി എന്ന വൃത്തികെട്ട വാക്കാണേല് അറിയാം താനും,"
അവള് ചിരിച്ചു.
"ആട്ടെ എന്താ ഉറക്കം ഇത്ര ലേറ്റ് ആയിട്ട്? കൊതുക് ശല്യം?"

"അതെ കൊതുക് ശല്യം,"
ബസ് നേര്യമംഗലം പാലത്തിനു മുകളിലൂടെ നീങ്ങവേ പുറത്തേ ഭംഗിയിലേക്ക് നോക്കി മിനി പറഞ്ഞു.
"ഒരു മുട്ടന് കൊതുക്. നല്ല സുന്ദരന് കൊതുക് ..ഒരു കാമുകന് കൊതുക് ....ഇപ്പം ഉറങ്ങാന് കെടന്നാലും എന്റെ മേത്ത് ..മുഖത്ത് ഒക്കെ വന്നിരുന്നു മൂളിക്കൊണ്ടിരിക്കും...ഒരു ഷെല്ലിക്കൊതുക്...."
അവള് കയെത്തിച്ച് അവന്റെ കയ്യില് പിടിച്ചു.
"എവിടെ നോക്കിയായാലും ഷെല്ലിയാ ചുറ്റും...മെസ്സ് ഹാളില് ..ക്ലാസ്സില് ....ഞാന് ചുമ്മാ ഓരോന്ന് ഇങ്ങനെ മാഡ് ആയിപ്പറയുന്നതല്ല ഷെല്ലി....ഷെല്ലിയെ ഓര്ത്തോര്ത്ത് കിടക്കും ഓര്ത്തോര്ത്ത് ഉറങ്ങും ഉറങ്ങിയാല് സ്വപ്നത്തില് വരും....എത്ര പ്രാവശ്യം സ്വപ്നത്തില് ഞെട്ടിയെഴുന്നേറ്റിട്ടുണ്ട് എന്നറിയോ....സ്വപ്ന ആരുന്നു എന്നറിയുമ്പോ വിഷമം വരും പിന്നെ ചിരിക്കും ..തലയെണയെടുത്ത് കെട്ടിപ്പിടിച്ച് പിന്നേം കെടക്കും..."
അവളുടെ മൃദുവിരലുകളില് നിന്ന് തന്നിലേക്ക് താപം നിഷ്ക്രമിക്കുന്നത് ഷെല്ലിയറിഞ്ഞു.
ചന്ദന ഗന്ധമുള്ള വാക്കുകളാല് അവള് അവനെ മദിപ്പിച്ചു. പ്രണയത്തിന്റെ ചന്ദ്രിക സ്പര്ശമുള്ള നിശ്വാസം തന്റെ കവിളില് തൊടുന്നത് ഷെല്ലിയറിഞ്ഞു.
"ഷെല്ലി എന്നെ ഓര്ക്കില്ലേ?"

ചുണ്ടുകള് അവന്റെ കവിളിനോട് വളരെയടുപ്പിച്ച് കൊണ്ട് അവള് ചോദിച്ചു.
"എപ്പോഴെങ്കിലും മറന്നിട്ട് വേണ്ടേ ഓര്ക്കാന്?"
നാണം പൂത്തുലഞ്ഞ ലാവണ്യസ്വപ്നമായി അവള് മാറി. മാദകത്വം മൗനത്തില് നിറച്ച് അവള് അവനെ നോക്കിയപ്പോള് കാമസുഗന്ധതിന്റെ നീരാട്ട് അവന് അവളുടെ കണ്ണുകളില് കണ്ടു. അവന്റെ കയ്യിലെ അവളുടെ പിടി മുറുകി. അവളുടെ അധരം വിതുമ്പുന്നത് ഷെല്ലി കണ്ടു. മിഴിയിതളുകളുടെ നീലിമയില് പ്രണയ സ്മൃതികള് നൃത്തം ചെയ്യുന്നതും.
"ഷെല്ലി..."
കാമദീപ്തി ശബ്ദത്തില് നിറച്ച് അവള് വിളിച്ചു.
"മിനി..."
അധരത്തില് ഹര്ഷോന്മാദം തുടുക്കുന്നു. ആയിരം രാവുകളുടെ അഭിലാഷങ്ങള് ചിറകുവിടര്ത്തിയാടുകയാണ് അവളുടെ ചുണ്ടുകളിലും കണ്ണുകളിലും.
"ഐം ജസ്റ്റ് എയ്റ്റീന് നൌ..."
അവള് പറഞ്ഞു.
"ഐം ജസ്റ്റ് ട്വന്റി വണ്..സോ?"
"സോ...സോ...ഐ ഡോണ്ട് നോ..."
"പറയൂ.."
ഓരോ മാത്രയും പ്രണയവെളിച്ചമായി കത്തുകയാണ്.
ഓരോ നിമിഷവും പ്രണയനദിയായി കുതിച്ചോഴുകുന്നു.
തങ്ങളുടെ നെഞ്ചില് കിനാവുകളുടെയും ആഗ്രഹങ്ങളുടെയും നാളങ്ങള് കത്തിയുയരുന്നത് ഇരുവരുമറിഞ്ഞു.
"ആര് വി ലൈസെന്സ്ഡ് റ്റു മാരി ഇന് ദിസ് ഏജ്?"
ഷെല്ലി ചിരിച്ചു.
"എന്താ ചിരിക്കുന്നെ?"
"നമ്മള് മാരി ചെയ്തല്ലോ..."
അവള് അവന്റെ നേരെ അവിശ്വസനീയതയോടെ നോക്കി.
"എനിക്ക് മംഗല്സൂത്രം ഇടണം..."
"മംഗല്സൂത്രവോ? അതെന്നതാ?"
"ശ്യോ..ഈ ഷെല്ലി ....!! കല്യാണം കഴിക്കുമ്പം അമ്പലത്തി വെച്ച് പെണ്ണിന്റെ കഴുത്തില് കെട്ടിക്കൊടുക്കില്ലേ...അതിന് മംഗല് സൂത്രം എന്നല്ലേ പറയുക....?"
"താലി?"
"ആ..അതെ ..താലി...അത് ഇടണം..പിന്നെ നെറ്റിയേല് സിന്ദൂരം ഇടണം...പള്ളീല് വെച്ച് കെട്ടിക്കഴിഞ്ഞ് നമുക്ക് അമ്പലത്തി വെച്ചും വേണം..ഇഷ്ടമാ എനിക്ക് പണ്ഡിറ്റ് ജി ഒക്കെ ഇരുന്ന് മംഗലം ഭഗവാന് വിഷ്ണു എന്നൊക്കെ മന്ത്രം ഒക്കെ ചൊല്ലുന്ന കേട്ട് ...ഷഹനായി ഒക്കെ പ്ലേ ചെയ്തിട്ട്...ഡ്രം ഒക്കെ ...."
"ഡ്രം അല്ല മദ്ധളം...മൃദംഗം..."

"ഉം അതൊക്കെ പ്ലേ ചെയ്ത്...എന്നിട്ട് നമ്മടെ തലേല് ഒക്കെ അരി ഒക്കെ ഇട്ട്..."
"തലേല് അരിയോ?"
"ഉം..ഞാന് കണ്ടിട്ടുണ്ട് ...ഷെല്ലി കണ്ടിട്ടില്ലേ...? അമ്പലത്തിവെച്ച് മാരി ചെയ്യുമ്പം അതൊക്കെ ഉണ്ടാവും...പിന്നെ സെവെന് ടൈംസ് തീയുടെ മുമ്പി മൂവ് ചെയ്യണം സര്ക്കുലര് ആയി..."
"മനസ്സിലായില്ല...തീയുടെ മുമ്പില്?"
"അത്..."
അവള് വിശദീകരിക്കാന് ശ്രമിച്ചു.
"ഓ..! മനസ്സിലായി,"
"അഗ്നി സാക്ഷിയായി ഏഴു തവണ വലം വെയ്ക്കുക...ദാറ്റ്സ് ഇറ്റ്,"

"ഇത്രേം ഹൈ മലയാളം എനിക്കറിയില്ല...അത് തന്നെ അഗ്നി സാക്ഷിയായി ഏഴുതവണ വലം വെയ്ക്കുക..."
"ഓക്കേ എപ്പഴാ ഇതൊക്കെ ചെയ്യണ്ടെ?"
"ഇപ്പം,"
"ഇപ്പം? ഈ ഓടുന്ന ബസ്സിലോ?''
"അങ്ങനെയൊക്കെ തോന്നുവാ, ഷെല്ലി..."
"ഇന്ന് തന്നെ കല്യാണം കഴിക്കുമ്പം വേറേം പ്രശ്നം ഉണ്ട്,"
"ഒരു പ്രശ്നോം ഇല്ല ഷെല്ലി. നമുക്ക് ഇന്ന് കല്യാണം കഴിക്കണം,"
"പ്രശ്നം ഉണ്ടെന്നേ,"
"എന്ത് പ്രശ്നം?"
"ഇന്ന് തന്നെ ഫസ്റ്റ് നൈറ്റ് വേണ്ടി വരും,"
"അയ്യേ...ച്ഛീ..."
അവള് അവന്റെ തോളില് അടിച്ചു.
"അയ്യേന്നോ? അപ്പം കല്യാണം കഴിക്കുന്നെ എന്നെത്തിനാ?"
"കല്യാണം കഴിക്കുന്നത് ഫസ്റ്റ് നൈറ്റിനു വേണ്ടിയാണോ ഷെല്ലി?"
"പിന്നെ എന്നെത്തിനാ,"
"കല്യാണം കഴിക്കുന്നത് ഫാമിലി ഉണ്ടാവാന്. നല്ല ക്യൂട്ട് കുഞ്ഞുങ്ങള് ഉണ്ടാവാന്..."
"അതിനാ പോത്തെ ഞാന് പറഞ്ഞെ ഫസ്റ്റ് നൈറ്റ് വെണന്ന്?"
"അതിനു ഫസ്റ്റ് നൈറ്റ് എന്നേത്തിനാ?"
"ശരി ഫസ്റ്റ് നൈറ്റ് വേണ്ട..സെക്കണ്ട് നൈറ്റ്,"
"പോ..ഞാന് കൂട്ടില്ല..."
"പിന്നെ എങ്ങനെയാ കുഞ്ഞുങ്ങള് ഉണ്ടാവുന്നെ?"
"ആ എനിക്കറീത്തില്ല. എങ്ങനെയാ?"
"മിനി ഏത് നാട്ടുകാരിയാ?"

"ഹൈദരാബാദ്.."
"മൊത്തം മരുഭൂമി ആണോ അവിടെ?"
"അയ്യേ..പോ ഷെല്ലി..ഇറ്റ്സ് എ ബ്യൂട്ടിഫുള് സിറ്റി..."
അവന് ചിരിച്ചു.
"മിനി പൊട്ട് കളിക്കുവാണോ അതോ ശരിക്കും അറിയില്ലേ എങ്ങനാ കുഞ്ഞുങ്ങള് ഉണ്ടാവുന്നേന്ന്?"
"അതൊക്കെ എനിക്കറിയാം ഷെല്ലി..ഞാന് ബയോളജി ബുക്കില് പഠിച്ചിട്ടുണ്ട്..."
ബസ് ചീയപ്പാറ വെള്ളച്ചാട്ടത്തിനടുത്ത് എത്തി.
മിനിയുടെ കണ്ണുകള് വെള്ളച്ചാട്ടത്തിന്റെ ഉത്തുംഗതയിലേക്ക് നീണ്ടു.
"എന്തൊരു തണുപ്പാണ് അല്ലേ?"
അവന് ചോദിച്ചു.
"ഷെല്ലി അടുത്തിരിക്കുന്നത് കൊണ്ട് തണുപ്പ് അറിയുന്നില്ല,"
അവന്റെ കൈയില് അമര്ത്തി അവള് പറഞ്ഞു.
"എന്റെ മേത്തന്ന് ചൂട് കിട്ടുന്നില്ലേ ഷെല്ലിക്ക്...? ഇല്ലേല് അല്പം കൂടി ചേര്ന്ന് ഇരിക്ക്..."
കറുപ്പും പച്ചയും ഇടകലര്ന്ന ഡിസൈനിലുള്ള ഷര്ട്ടില് നിറഞ്ഞുകിടന്ന മാറിടത്തിന്റെ മാര്ദവം തന്റെ തോളില് അമര്ന്നത് ഷെല്ലി അറിഞ്ഞു. ദേഹം മുഴുവന് കുളിര്ന്നുലഞ്ഞു അപ്പോള്. പെണ്ണിന്റെ ഗന്ധം, സ്പര്ശം, ശബ്ദം, നിശ്വാസം എല്ലാം മദിപ്പിക്കുന്നു.
അവനോട് അമര്ന്നിരുന്നപ്പോള് മിനിയുമോര്ത്തത് അതുതന്നെയായിരുന്നു. മാറിടം ഉടുക്കുന്നത് അവള് അറിഞ്ഞു. ഷെല്ലിയുടെ തോളിലമര്ന്നിരിക്കയാണ് മാറിടം. പതിയെ അമര്ത്തുമ്പോള് എന്തൊരു സുഖമാണ്! പുരുഷന് എന്തൊരദ്ഭുതം! അവന്റെ രൂപം, ശബ്ദത്തിലെ ഗാംഭീര്യം, അവന്റെ മാറിലെ ദൃഢത. ബസ്സില് കയറിയപ്പോള് അവന്റെ മാറില് മുഖമര്ത്തിക്കിടന്നത് ഉറങ്ങാനാണ് എന്നാണ് ഷെല്ലി കരുതിയത്. അവന്റെ മാറിന്റെ ചൂടില് മുഖം ചേര്ക്കാനാണ് താന് ഉറക്കം നടിച്ചു കിടന്നതെന്ന് ഷെല്ലി അറിയുന്നില്ലല്ലോ. ഇന്ന് രാത്രി അത് പറയണം. കള്ളത്തരം ഒളിപ്പിച്ചു വെയ്ക്കാന് തനിക്കറിയില്ലല്ലോ.
ബസ്സിലെ പെണ്കുട്ടികളില് പലരും ഷെല്ലിയെ കണ്ണുകള് മാറ്റാതെ നോക്കുന്നത് മിനി കണ്ടു.
"എന്നെ ഓര്ത്ത് അസൂയപ്പെടുവാ ഷെല്ലി ഗേള്സ് ഒക്കെ,"
അവള് പറഞ്ഞു.
അവന് അവളെ നോക്കി.
"കണ്ടില്ലേ എല്ലാ സുന്ദരിക്കുട്ടികളും നോക്കുന്നെ?"
"എല്ലാ ആണുങ്ങളും എന്നെ ശപിച്ച് കൊലേലും,"
"എന്ന് വെച്ചാല്?"

"കണ്ടില്ലേ എല്ലാരും മിനിയെ കണ്ണുകള് മാറ്റാതെ നോക്കുന്നെ?"

അവര് ചിരിച്ചു.

"അവിടെ ഒരു ജോസ് ചേട്ടന് ഉണ്ട്,"

മിനി പറഞ്ഞു.

"ജോസ് ചേട്ടനാ എസ്റ്റേറ്റ് ഒക്കെ നോക്കി നടത്തുന്നെ...കുഴപ്പമില്ലാത്ത ഒരു വില്ല ഉണ്ട്. ജോസ് ചേട്ടന് കീയുമായി വരും. നമ്മള് അനച്ചാല് എത്തുമ്പം ടാക്സിയുമായി ചേട്ടന് വെയിറ്റ് ചെയ്യും,"

"ബസ് ഇറങ്ങീട്ടു പിന്നേം ടാക്സിക്ക് പോണോ?"

ഷെല്ലി ചോദിച്ചു.

"ഇല്ലന്നേ ഒരഞ്ചു മിനിറ്റ് ഡ്രൈവ് മാത്രേ ഉള്ളൂന്നാ പപ്പാ പറഞ്ഞെ,"

"എന്നാല് നടന്നാല് പോരേ? രസമല്ലേ ഇതുപോലെ ഒരു അറ്റ്മോസ്ഫിയറില് വര്ത്താനോം ഒക്കെ പറഞ്ഞ് നടന്ന് പോകുന്നെ?"

"ശരിയാട്ടോ ഞാനോര്ത്തില്ല...എന്ത് രസവാ ഷെല്ലീടെ കൂടെ കയ്യേലൊക്കെ പിടിച്ച് വര്ത്താനോം പറഞ്ഞ്...ജോസ് ചേട്ടനോട് ടാക്സി വേണ്ട എന്ന് പറഞ്ഞാലോ?"

"ഇനി തിരിച്ചു പറയണ്ട. കക്ഷി കഷ്ട്ടപ്പെട്ട് സംഘടിപ്പിച്ചതാരിക്കും,"

"പിന്നെ അഞ്ചു മിനിറ്റ് ഡ്രൈവിന് എന്തിനാ കഷ്ട്ടപ്പെട്ടു സംഘടിപ്പിക്കുന്നെ?"

ബസ് തോക്കുപാറയെത്തി.

"അനച്ചാല്എത്തിക്കഴിഞ്ഞ് ഫുഡ് എന്തേലും വാങ്ങിക്കൊണ്ട് പോകാം. ഈ ഈട്ടിസിറ്റി വില്ലേജ് ആണെന്നല്ലേ പറഞ്ഞെ?"

"ഫുഡ് ഒന്നും വാങ്ങിക്കണ്ട,"

മിനി ചിരിച്ചു.

"ഈ തീറ്റക്കൊതിയന് നല്ല മട്ടന് കറിയും ചപ്പാത്തീം പിന്നെ വേറെ എന്തൊക്കെയോ ഉണ്ടാക്കീട്ടൊണ്ട് ജോസ് ചേട്ടന്റെ മിസ്സിസ്...അത് കൊണ്ട് ഫുഡ് ഒന്നും വാങ്ങിച്ചേക്കല്ല് എന്ന് ജോസ് ചേട്ടന് പ്രത്യേകം പറഞ്ഞു..."

"കുഴപ്പമില്ല...ഇനി ഒന്നും കിട്ടീല്ലേല് ഞാന് മിനിയെ പിടിച്ചു തിന്നും,"

"ശരി ശരി!!"

അവള് ചിരിച്ചു.

"ഞാന് ഷെല്ലിയേം തിന്നോളാം..."

ഷെല്ലി ചിരിച്ചു.

"എന്നാ ചിരിക്കുന്നെ?"

അവള് ചോദിച്ചു.

"നമ്മള് പറഞ്ഞെന് എന്തേലും ബാഡ് മീനിംഗ് ഉണ്ടോ?"

"ഒരു ബാഡ് മീനിങ്ങും ഇല്ല. ബൈബിള് വാക്യം പോലെ ശുദ്ധം സുന്ദരം,"

"ഉം..."

അവള് അമര്ത്തി മൂളി.

"എനിക്കറിയാം!"

"അനച്ചാല് ആനച്ചാല്...അനച്ചാല് ഇറങ്ങാന് ഒള്ലൊരു ഇറങ്ങിക്കോ..."

കണ്ടക്ടര് വിളിച്ചു പറഞ്ഞു.

ബസ് നിന്നു.

അവരിരുവരും ഇറങ്ങി.

"ഹാവൂ..."

മിനി കൈകള് വിടര്ത്തി.

"സച്ച് എ ടയറിംഗ് ജേണി...!"

ആളുകള് കടകളില് നിന്നും പാതയോരത്ത് നിന്നും തങ്ങളെ നോക്കുന്നത് അവര് കണ്ടു.

"ഐം ഡയിംഗ് ഫോര് എ കോഫി ഷെല്ലി,"

"വാ,"

അവന് ചുറ്റും നോക്കി.

"അതാ ഒരു കോഫി ഷോപ്പ്,"

"ചായക്കട എന്ന് പറയൂ. അതാ കേള്ക്കാന് രസം,"

അവള് ചിരിച്ചു.

"കച്ചറ എന്ന് പറഞ്ഞാല് അറിയില്ല. എന്നിട്ടാ,"

അവനും ചിരിച്ചു.

കടയിലുള്ളവരുടെ കണ്ണുകള് ഈച്ച പൊതിയുന്നതുപോലെ മിനിയെ ചുറ്റുന്നത് ഷെല്ലി കണ്ടു.

"എങ്ങോട്ടാ?"

കാപ്പിയുമായി വന്ന പ്രൌഢയായ ഒരു സ്ത്രീ ചോദിച്ചു. അവരായിരിക്കണം കടയുടമ.

കരോലിനാ എസ്റ്റേറ്റ് ഇല്ലേ, ഊട്ടിസിറ്റീല് അങ്ങോട്ടാ,"
ആളുകൾ അവളുടെ വാക്കുകള് ശ്രദ്ധിച്ചു.
"ഓ..ഹൈദരാബാദ് ഉള്ള ഒരു മാത്തച്ചന് മുതലാളീടെ... ഈയിടെ വാങ്ങിയത്...അല്ലേ?"
"അതെ"
മിനി ചിരിച്ചു.
"മുതലാളീടെ മോള്...ആണോ?"
വശ്യമായി ചിരിച്ചുകൊണ്ട് ആ സ്ത്രീ ചോദിച്ചു.
"അതെ.."
അവളും ചിരിച്ചു.
"എന്നിട്ട് ബസ്സിനാണോ വന്നേ? കാറെന്ത്യേ?"

"ചേട്ടാ അത് റോഡത്ര പരിചയം ഇല്ല...നല്ല വളവും പിന്നെ കൊക്കയും ഒക്കെ...അതുകൊണ്ടാ,"
"ആ അത് ശരിയാ..."
വേറൊരാള് അഭിപ്രായപ്പെട്ടു.
"ഹൈറേഞ്ചിക്കൊടെ പരിചയം ഇല്ലേല് വണ്ടി ഓടിക്കാന് പാടാ,"
മിനി അതിനിടയില് ജോസ് ചേട്ടനെ ഫോണിലൂടെ വിളിച്ച തങ്ങള് ആനച്ചാല് എത്തിയെന്നും ഒരു കോഫി ഷോപ്പില് ഉണ്ടെന്നും പറഞ്ഞു.
"ഷെല്ലി അതാ ജോസ് ചേട്ടന് നില്ക്കുന്നു,"
മിനി പുറത്തേക്ക് വിരല് ചൂണ്ടി. പ്രസരിപ്പാര്ന്ന ചലനങ്ങളോടെ മധ്യപ്രായമെത്തിയ ഒരാള് അങ്ങോട്ടു വന്നു.
"ജോസ് ചേട്ടന് കോഫി വേണോ?"
അവള് ചോദിച്ചു.
"ഓ എനിക്ക് വേണ്ട മോളെ. ഞാന് ദാ ഇപ്പം ഒന്ന് കുടിച്ചതേയുള്ളൂ,"
അയാള് വിനയം ഭാവിച്ചു.
അവിടെ നിന്ന് അവര് ജോസിന്റെ കൂടെ പുറത്തേക്ക് നടന്നു. പുറത്ത് പാര്ക്ക് ചെയ്തിരുന്ന കാറിന്റെ സമീപമെത്തി.
"സാറ് വിളിച്ചാരുന്നോ മോളെ?"
"പപ്പാ ഇപ്പം ബിസിയാ ജോസ് ചേട്ടാ. ഉച്ചയ്ക്ക് വിളിച്ചാരുന്നു...ഇനി വില്ലേല് ചെന്നിട്ട് വിളിക്കണം,"
കാര് നീങ്ങി.
പറഞ്ഞത് പോലെ അഞ്ചു നിമിഷത്തെ ഡ്രൈവിന് ശേഷം അവര് വില്ലയിലെത്തി.
ചെറിയ ഒരു മൊട്ടക്കുന്നിന് മേലേ ആയിരുന്നു വില്ല. അതിനു മുമ്പില് കണ്ണെത്താത്ത ദൂരത്തോളം തേയില ചെടികള് വളര്ന്ന് നിന്നു. അല്പ്പം ദൂരെ ഊട്ടിസിറ്റി എന്നഗ്രാമം.
"മോളെ എന്റെ വീട് ദാ ആ കാണുന്നതാ,"
വീടിനകമെല്ലാം കാണിച്ചുകൊടുത്തിട്ട് ജോസ് ചേട്ടന് പുറത്തേക്ക് ഇറങ്ങിക്കൊണ്ട് പറഞ്ഞു.
അവര് അങ്ങോട്ടു നോക്കി. അല്പ്പം ദൂരെ, മലഞ്ചരിവില്, സായാഹ്ന വെളിച്ചത്തില് ഭംഗിയുള്ള ഒരു കൊച്ച് വീട് അവര് കണ്ടു.
"കഴിക്കാനുള്ളതൊക്കെ എടുത്ത് മൂടി വെച്ചിട്ടുണ്ട്. തണുപ്പിക്കാതെ കഴിച്ചോണം. വേറെ എന്താവശ്യമുണ്ടേലും എന്നെ വിളിച്ചാ മതി. ചുറ്റാനോ കറങ്ങാനോ പോണേല് കാറ് ഇവിടെ വെച്ചിട്ടുണ്ട്,"
"വേണ്ട, കാറ് ജോസ് ചേട്ടന് കൊണ്ടുക്കോളൂ...ഞങ്ങള്ക്ക് ഇവിടേം നടന്നു കാണാനാ ഇഷ്ടം,"

മിനി പറഞ്ഞു.
"എന്നാലും വേണ്ട. വണ്ടിയിവിടെ കിടക്കട്ടെ,"
അതു പറഞ്ഞു അയാള് സായാഹ്നവെളിച്ചത്തിലൂടെ നടന്നു പോയി.
"ഒന്ന് കുളിക്കണം ഷെല്ലി...എന്നാലെ ഒരു മൂഡ് വരൂ..."
ആവര് അകത്തേക്ക് നടന്നു.
മിനി കുളിമുറിയില് കയറിയപ്പോള് ഷെല്ലി കിടക്കയിലേക്ക് ചാഞ്ഞു. കിടന്നതേ ഉറങ്ങിപ്പോയി. കണ്ണുതുറക്കുമ്പോള് മുറി നിറയെ പ്രകാശമാണ്. ക്ലോക്കിലേക്ക് നോക്കി. ഞെട്ടിപ്പോയി. എട്ടുമണി. രണ്ട് മണിക്കൂര് ഉറങ്ങി. മിനിയെവിടെ?
അവന് ഉറക്കച്ചടവോടെ എഴുന്നേറ്റു.
അടുക്കളഭാഗത്ത് നിന്ന് നല്ല മണം വരുന്നത് അറിഞ്ഞുകൊണ്ട് അവന് വാഷ് ബേസിനില് കൈയും മുഖവും കഴുകി.
പിന്നെ അടുക്കളയിലേക്ക് ചെന്നു.
അവന് അദ്ഭുതപ്പെട്ടു.
മിനി കാര്യമായെന്തോ പാകം ചെയ്യുകയാണ്. അവളുടെ വേഷം അവനെ വിസ്മയിപ്പിച്ചു. വെളുത്ത ഒരു സ്ലീവ്ലെസ്സ് ഗൌണ് ആണ്. മുട്ടൊപ്പമെത്തി നില്ക്കുന്നു. അഴകാര്ന്ന കാലുകള്. വശങ്ങളിലൂടെ കാണാവുന്ന അവളുടെ നിറമാറിന്റെ വന്യ ഭംഗി. സമൃദ്ധമായ മുടിയിഴകള് വശ്യമായി പിമ്പോട്ടു വീണുകിടക്കുന്നു. അരക്കെട്ടിന്റെ ഭംഗി. വിടര്ന്ന നിതംബഭംഗി. ഗൌണിനുള്ളിലൂടെ കാണുന്ന ബ്രായുടെയും പാന്റിയുടെയും പാടുകള്.
"ആ സ്ലീപ്പി ഹെഡ് വന്നോ?"

അവന്റെ സാന്നിധ്യമറിഞ്ഞുകൊണ്ട് മുഖം തിരിച്ച് അവള് ചോദിച്ചു.

"എന്താ ഇങ്ങനെ നോക്കുന്നെ? എന്നെ ആദ്യായിട്ട് കാണുവാണോ?"

അവന്റെ കണ്ണിലെ വിസ്മയം അളന്നുകൊണ്ട് അവള് ചോദിച്ചു.

ഷെല്ലി പെട്ടെന്ന് നോട്ടം മാറ്റി.

"ആ ഉറക്കം കണ്ടപ്പോള് കുളിക്കാന് പോകാന് പറയാന് തോന്നിയില്ല...ഉറങ്ങട്ടെ എന്ന് വെച്ചു. അതാ വിളിക്കാഞ്ഞേ..."

അവള് പറഞ്ഞു.

"എന്ന് വെച്ച് ഇവിടെ ഇങ്ങനെ നിക്കണ്ട. വേഗം പോയി കുളിച്ചിട്ട് വാ..."

അവള് ഇളക്കികൊണ്ടിരുന്ന സ്പൂണ് അവന്റെ നേരെ ഉയര്ത്തി.

"അതൊക്കെ ചെയ്യാം...ആദ്യം മിനി എന്താ ഉണ്ടാക്കുന്നേ? അത് പറ,"

"അതൊക്കെ സസ്പെന്സാ...പോയി കുളി മാഷേ,"

അവള് അവനെ കുളിമുറിയുടെ നേരെ ഉന്തിവിട്ടു.

ഷെല്ലി കുളികഴിഞ്ഞ് എത്തിയപ്പോഴേക്കും മിനി ഡൈനിംഗ് ടേബിളില് കഴിക്കാനുള്ളതൊക്കെ എടുത്ത് വെച്ചിരുന്നു. കുളി കഴിഞ്ഞ് ഒരു ചുവന്ന ലുങ്കിയുടുത്ത് തോര്ത്ത് ദേഹത്തിട്ടുകൊണ്ട് ഡൈനിംഗ് ടേബിളിന്റെ മുമ്പിലൂടെ പോയ ഷെല്ലിയുടെ രോമങ്ങള് നിറഞ്ഞ മാറില് മിനിയുടെ കണ്ണുകളുടക്കി.

"എന്ത് രസാ..."

അവള് മന്ത്രിച്ചു.

അവളുടെ കണ്ണുകളിലെ മാരഭാവം തിരിച്ചറിഞ്ഞ് അവന് തോര്ത്തുകൊണ്ട് മാറിടം മറച്ചു.

അത് കണ്ട് അവള് ചിരിച്ചു.

"എന്തിനാ ഇങ്ങനെ നാണിക്കുന്നെ?"

അവള് ചോദിച്ചു.

"എനിക്ക് കാണാനുള്ളതല്ലേ...അല്ലേ അത്?"

അവളെ അവന് ആകെയൊന്ന് നോക്കി.

"ശരിയാ...എനിക്ക് കാണാനുള്ളതാ അതൊക്കെ...."

"അയ്യേ...ഈ ചെറുക്കന്....!"

അവള് അവന്റെ നേരെ ചെന്നു. എന്നിട്ട് അവനെ അടുത്ത മുറിയിലേക്ക് തള്ളിവിട്ടു.

"വേഗം പോയി ഡ്രസ്സ് ചെയ്തിട്ട് വാ...എനിക്ക് വിശക്കുന്നു,"

ഷെല്ലി ഡ്രസ്സ് ചെയ്യാന് പോയപ്പോള് മിനി ഷെല്ലിയുടെ നോട്ടത്തെപ്പറ്റി ഓര്ത്തു. ഓര്ക്കുംതോറും ദേഹം ചൂട് പിടിച്ചു വന്നു. എന്തൊരു കാന്തശക്തിയാണ് ഷെല്ലിയുടെ കണ്ണുകള്ക്ക്. മാറിലേക്ക് നോക്കിയപ്പോള് എന്തൊക്കെയോ സുഖകരമായി കുത്തിക്കയറുന്ന ഒരു അനുഭവം. ശരീരം മുഴുവന് വിടര്ന്നുലയുന്നു. രഹസ്യഭാഗങ്ങള് ഒക്കെ ചൂടിലും നനവിലും നിറയുന്നു.

അവള് അധരം അമര്ത്തിക്കടിച്ചു.

"ഇതാണ് സസ്പെന്സ്,"

ചുവന്ന ടീ ഷര്ട്ട് ധരിച്ച്, ഡൈനിംഗ് ടേബിളിനടുത്ത് അവള്ക്കഭിമുഖമായി ഇരുന്നപ്പോള് അവള് പറഞ്ഞു. മൂടി വെച്ചിരുന്ന ഒരു കാസറോള് അവള് തുറന്നു. ഏലത്തിന്റെയും ഗ്രാമ്പൂവിന്റെയുമൊക്കെ സുഖകരമായ ഗന്ധം അവിടെ നിറഞ്ഞു.

"കടവുളേ പായസം!!"

ഷെല്ലി പറഞ്ഞു.

"ഈശ്വരാ..ഇവിടെ അടുത്തെങ്ങാനും നല്ല ഹോസ്പിറ്റല് ഒക്കെ കാണുമോ എന്തോ?"

അവളുടെ മുഖം വാടി.

"ആദ്യം മോന് ഒന്ന് കഴിച്ചുനോക്ക്. എന്നിട്ട് പറ,"

അവള് പാത്രത്തിലേക്ക് പായസം പകര്ന്ന് സ്പൂണിട്ട് അവന്റെ നേരെ നീക്കി. ഷെല്ലി സ്പൂണില് എടുത്ത് അല്പ്പം കഴിച്ചു.

"എന്ത് പറ്റി?"

ഷെല്ലിയുടെ കണ്ണുകള് നനയുന്നത് കണ്ടിട്ട് മിനി ചോദിച്ചു.

"മമ്മീനെ മിസ്സാകുന്നു..."

അവന് പറഞ്ഞു.

"എനിക്കും..."

അവള് പറഞ്ഞു.

"ഗോവന് ക്യുസൈനും ഹൈദരാബാദി, കേരളാ വറൈറ്റി ഒക്കെ നല്ല അസ്സല് ആയി മമ്മി ഉണ്ടാക്കുംന്ന് പപ്പാ എപ്പഴും പറയുവാരുന്നു..."

"മിനി ഇതൊക്കെ എപ്പോള് പഠിച്ചു...?"

"ഷെല്ലിയ്ക്ക് വേണ്ടി എന്തായാലും എനിക്ക് പഠിക്കണ്ടേ ഇതൊക്കെ?"

"ഭാര്യേടെ ജോലി കുക്കിംഗ് ആണ് എന്നൊക്കെ കരുതുന്ന ഒരു മൂരാച്ചി ഹസ്ബന്ഡ് അല്ല പെണ്ണേ ഞാന്,"

"മൂരാച്ചി?"

അവള് പുരികം ചുളിച്ചു.
"എന്ന് വെച്ചാല് മെയില് ഷോവനിസ്റ്റ്..."
"ഓ.."
പരസ്പ്പരം നോക്കിക്കൊണ്ട് അവര് കഴിക്കാന് തുടങ്ങി.
"ഫെയിസ് റ്റു ഫെയിസ് ഇരുന്നില്ലേല് എനിക്ക് ഷെല്ലീടെ മുഖം കാണത്തില്ല...ഫെയിസ് റ്റു ഫെയിസ് ഇരുന്നാല് എനിക്ക് ഷെല്ലിടെ വായി വെച്ച് തരാനും പറ്റത്തില്ല..."
എങ്കിലും കയ്യെത്തിച്ച് അവള് അവന്റെ വായിലേക്ക് ചപ്പാത്തിയും മട്ടന് കറിയും വെച്ചുകൊടുത്തു. അപ്പോള് അവളുടെ മൃദുവിരലുകള് അവന് പതിയെ വലിച്ചീമ്പി.
"ഓഹ്..."
അവള് കണ്ണുകള് പതിയെ അടച്ചു.
പിന്നെ അവന് അവളുടെ വായില് വെച്ച് കൊടുത്തു. അവള് തിരിച്ചും അവന്റെ വിരലുകള് ഈമ്പി.
"ഇഷ്ടായോ?"
അവന്റെ വിരലുകള് വായില് നിന്നെടുത്ത് അവള് ചോദിച്ചു.
അവന് കണ്ണുകള് പതിയെ അടച്ചുകാണിച്ചു.
സംസാരിച്ച്, ആഹാരം പകുത്ത്കൊടുത്ത്, സ്നേഹിച്ച് സമയമൊത്തിരിയെടുത്ത് അവര് ഭക്ഷണം കഴിച്ചു.
ചുറ്റും നിലാവ് നിറഞ്ഞു നിറഞ്ഞിരുന്നു. തേയിലക്കാട്ടുകളും ദൂരെ ഗ്രാമവും അഭൌമമായ ഭംഗിയോടെ മുമ്പില് നിറഞ്ഞു.
"വരൂ..ഷെല്ലി..നമുക്കീ നിലാവില് ലോണില് ഇരിക്കാം,"
കൈ കഴുകി ബ്രഷ് ചെയ്ത് കഴിഞ്ഞ് പുറത്തേക്കിറങ്ങി അവള് പറഞ്ഞു. വില്ലയുടെ മുമ്പിലെ ലോണില് ഒന്ന് രണ്ട് ബെഞ്ചുകള് ഉണ്ടായിരുന്നു. ഇറങ്ങുന്നതിനു മുമ്പ് അകത്തുപോയി ഒരു ലിപ്ബാം ട്യൂബ് എടുത്തുകൊണ്ട് വന്നു.
"എന്താ ഇത്?"

അവന് ചോദിച്ചു.
"ലിപ്ബാം,"
"എന്ന് വെച്ചാല്? ലിപ്സ്റ്റിക്കോ?"
"ലിപ്സ്റ്റിക്ക് അല്ല. ഷെല്ലി ഇവിടെ തണുപ്പ് കൂടുതലാ. അന്നേരം ലിപ്സ് ഡ്രൈ ആയിപ്പോകും...ഇതിട്ടില്ലേല് ലിപ്സ് മൊത്തം വൈറ്റ് കളര് ആരിക്കും നാളെ എഴുന്നേല്ക്കുമ്പോള്,"
അവര് ഇരുവരും ലോണിലെ ബെഞ്ചില്, നിലാവില് ഇരുന്നു.
മിനി ചൂണ്ടുവിരലില് ബാമെടുത്ത് ചുണ്ടില് പുരട്ടി.
"ഇന്നാ ഇടൂ...ഇപ്പഴേ ലിപ്സ് ഒക്കെ ഡ്രൈ ആയി,"
അവള് ട്യൂബ് ഷെല്ലിയ്ക്ക് കൊടുത്തു.
ഷെല്ലി അത് വാങ്ങി.
പെട്ടെന്ന് മിനി അത് അവന്റെ കയ്യില് നിന്ന് തിരികെ വാങ്ങി.
"അല്ലെങ്കില് ഞാന് ഷെല്ലിക്ക് ഇട്ടുതരാം..."
അവള് പറഞ്ഞു. അവളുടെ ശബ്ദം അല്പ്പം വിറച്ചുപോയത് അവന് ശ്രദ്ധിച്ചു .
മിനി ട്യൂബിന്റെ അടപ്പ് ഉറന്നു. അല്പ്പം ബാം എടുത്ത് വിരലിലിട്ടു. അവളുടെ വിരല് തന്റെ ചുണ്ടിനെ സ്പര്ശിക്കാന് സമീപിക്കുന്നത് ഷെല്ലി കാത്തു. പക്ഷെ മിനി ബാം വീണ്ടും സ്വന്തം ചുണ്ടുകളിലാണ് തേച്ചത്.
ഷെല്ലി നെറ്റി ചുളിച്ചു.
"ഞാന് ഷെല്ലീടെ ചുണ്ടില് ബാം ഇട്ടുതന്നാല് പോരേ?"
അവള് മുഖം അവന്റെ മുഖത്തോട് അടുപ്പിച്ചു.
അവളില് നിന്ന് സ്ത്രീയുടെ മസൃണമായ ഗന്ധമുയര്ന്നു. അവളുടെ മുഖം ഇപ്പോള് അവന്റെ മുഖത്തെ തൊട്ടു. പിന്നെ തന്റെ ചുണ്ടുകള്ക്ക് മേല് അവളുടെ ചുണ്ടുകള് അമരുന്നതും.
നിലാവില് ലോണിനപ്പുറത്തെ ബോഗൈന്‌വില്ലകള് ഉലഞ്ഞു. നിലാവ് സാന്ദ്രമായി. ചുണ്ടുകളോടൊപ്പം അവളുടെ നിറമാറ് തന്റെ മാറില് അമര്ന്നു. അവളുടെ കൈകള് തന്റെ ദേഹത്തെ വലയം ചെയ്യുന്നതും. പലതവണ അവളുടെ ചുണ്ടുകള് അവന്റെ ചുണ്ടില് അമര്ന്നുലഞ്ഞു. പ്രണയ രഥം ഓരോ കോശത്തിലൂടെയുമുരുളുകയാണ്.
"എന്നെ മുറുക്കെ മുറുക്കെ കെട്ടി..കെട്ടിപ്പിടിക്ക്..."
ചുണ്ടുകള് സ്വതന്ത്രമാക്കി അവള് പറഞ്ഞു.
ഷെല്ലിയുടെ കൈകള് അവളെ പൊതിഞ്ഞു. പനിനീര്പ്പൂക്കളെ മഴവില്ലുകള് പൊതിയുന്നത് പോലെ. മാറിടങ്ങള് പരസ്പ്പരം പോരടിച്ച് മുന്നേറി.
ഷെല്ലിയുടെ ചുണ്ടുകള് അവളുടെ ചുണ്ടുകളില് നിന്ന് കഴുത്തിലേക്ക് നീങ്ങി. കഴുത്തിന് ചുറ്റും അവന്റെ ചുണ്ടുകള് പ്രണയപ്രദക്ഷിണം ചെയ്യുമ്പോള് മിനിയില് നിന്ന് ചുടുനിശ്വാസവും മര്മ്മരങ്ങളുമുയര്ന്നു.
അവളുടെ കൈകള് അവന്റെ ശിരസ്സിന്റെ പിമ്പില് അമര്ന്നു.
കഴുത്തിന് താഴേക്ക് ഷെല്ലിയുടെ ചുണ്ടുകള് നീങ്ങിയപ്പോള് വാള് ക്ലോക്ക് ഒന്പതടിച്ചു.
പെട്ടെന്ന് മിനി ഷെല്ലിയുടെ മുഖം തന്റെ ശരീരത്തില് നിന്ന് മാറ്റി.
"ഇത്രേം..ഇത്രേം മതി...ഷെല്ലി..."

ഷെല്ലിയും പരിസരത്തിലേക്ക് തിരികെ വന്നു. അവന് അവളുടെ മുഖത്തേക്ക് നോക്കി.
"അങ്ങനെ നോക്കല്ലേ...ഷെല്ലി..."

അവള് ഷെല്ലി കൈകൊണ്ട് അവന്റെ മുഖം മറച്ചു.
""''ഉടുത്തോളൂ, അയാ® പറഞ്ഞു. """'നേരായിട്ടും???? വിട® ന്ന മിഴിക® കൂടുത® വിസ്തൃതമാക്കി ഷാരോ® അയാളെ അവിശ്വസനീയതയോടെ നോക്കി. """'നേരായിട്ടും...ഇനി ഈ സാരിയൊക്കെ മോളല്ലേ ഉടുക്കേണ്ടത്????? ഷാരോ® ആ സാരിയെ നെഞ്ചോട് ചേ® ത്തമ® ത്തി ആലിംഗനം ചെയ്തു. അതി® റെ നവ്യമായ ഗന്ധം വീണ്ടും നാസാരന്ധങ്ങളിലേക്ക് വലിച്ചു. പെട്ടന്നവളുടെ സ ന്തോഷം മുഴുവ® പോയി. ''എന്താ?'' എന്ന അ® ത്ഥത്തി® നന്ദകുമാ® അവളെ നോക്കി. "''ഞാനിത് വരെ സാരിയുടുത്തിട്ടില്ല. എനിക്ക് ഉടുക്കാ® അറിയില്ല...'' അവ® വിഷാദത്തോടെ പറഞ്ഞു. പെട്ടെന്നവളുടെ വിഷാദം മറഞ്ഞു. പുതിയ ഒരാശയം കിട്ടിയത് പോലെ അവ® നന്ദകുമാറിനെ നോക്കി 'സാറ് സുചിത ചേച്ചിയ്ക്ക് സാരിയുടുപ്പിച്ച് കൊടുത്തിട്ടില്ലേ??? """'ഉണ്ട്???

അയാ® പുഞ്ചിരിയോടെ പറഞ്ഞു. ''എങ്കി® ...എങ്കി® ...എനിക്കും ഉടുപ്പിച്ച് തരാമോ?'' അവ® പ്രതീക്ഷയോടെ അയാളെ നോക്കി.

''പ്ലീസ് പ്ലീസ് പ്ലീസ്....ഞാനിന്ന് പാ® ട്ടിയ്ക്ക് സാരിയുടുത്താ പോകുന്നെ,'' - നന്ദകുമാറി® റെ കണ്ണുകളി® വീണ്ടും അദ്ഭുതം വിട® ന്നു. "''സാരിയുടുത്തോ ?????
''ഉം.. എ® റെ ബോഡിയ്ക്ക് നല്ലതല്ലേ സാരി?'' - കണ്ണുക® താഴ്ത്തി സ്വന്തം ദേഹത്തേക്ക് നോക്കി ഷാരോ® ചോദിച്ചു. നന്ദകുമാ® അവളെ നോക്കി പുഞ്ചിരിച്ചു.
''അതി® റെ മാച്ചിംഗ് ബ്ലൗസ് അപ്പുറത്തെ കള്ളി® ഉണ്ട്, അണ്ട® സ്ക® ട്ടും...'' അയാ® പറഞ്ഞു. എന്നിട്ട് കമ്പികുട്ട® .നെറ്റ്
കമ്പികുട്ട® .നെറ്റ് അയാ® അവിടെ നിന്ന് പോയി. ഷാരോ® കതക് അടച്ചു. ചുരിദാ® പാ® റ്സും ടോപ്പും അഴിച്ചു. ഷെ® ഫി® നിന്ന് അണ്ട® സ്ക® ട്ടും ബ്ലൗസും എടുത്തു. ശ്രദ്ധയോടെ അവ ധരിച്ചു. എന്നിട്ട് മുമ്പിലെ കണ്ണാടിയി® പല ആങ്കിളുകളി® നിന്നും നോക്കി. 'ബ്ലൗസിന് ഒത്തിരി കഴുത്തിറക്കം കൂടുതലാ...''''
മാറിടത്തിലേക്ക് നോക്കി അവ® സ്വയം പറഞ്ഞു. ''സാരമില്ല പല്ലു എടുത്ത് ശരിക്ക് വെച്ചാ മതി...'' പിന്നെ അവ® കതകി® റെ ഭാഗത്തേക്ക് നോക്കി. 'സാ® ,
2333 അവ® ഉറക്കെ വിളിച്ചു. "''വാ 1999,
നന്ദകുമാ® കതക് ഉറന്ന് നന്ദകുമാ® പുറത്ത് വന്നു. മുഖമുയ® ത്തി നോക്കിയപ്പോ® അയാ® അദ്ഭുതസ്തബ്ധനായി 'ഈ ശ്വരാ... 1953
അയാളുടെ മന്ത്രണം അവ® കേട്ടു. താ® ഷാരോണിനെ ആദ്യമായി കാണുകയാണ് എന്നയാ® ക്ക് തോന്നി. അവ® മുടിയഴിച്ച് വിട® ത്തിയിട്ടിരിക്കുന്നു. നീണ്ടു വിട® ന്ന ക® മുനകളി® ദാഹം കനം പിടിച്ച് കിടക്കുന്നു. അമൃത കണങ്ങളാലെന്ന പോലെ നനഞ്ഞ അധരം. ചുവന്ന ബ്ലൗസ്സി® തിങ്ങിനിറഞ്ഞ മാറിടം. ഒതുങ്ങിയ അരക്കെട്ട്. ഭംഗിയുള്ള പൊക്കി® ക്കൊടി അരക്കെട്ടിനു താഴെ വിട® ന്ന ചുവന്ന അണ്ട® സ്ക® ട്ടി® വ്യക്തമാകുന്ന വിട® ന്ന് വിരിഞ്ഞ നിതംബത്തി® റെ, തുടകളുടെ ഔട്ട്- ലൈ® . അയാളുടെ ഭംഗിയുള്ള കണ്ണുകളിലെ കാന്തമുനക® ത® റെ ദേഹത്തി® റെ വശ്യതയിലൂടെ പ്രദക്ഷിണം നടത്തുമ്പോ® , പ്രണയവിവശതയാ® മാറിടം ത്രസിക്കുന്നത്
ഷാരോ® അറിഞ്ഞു.
നന്ദകുമാ® അവളുടെയടുത്തെത്തി. അവളുടെ കയ്യി® നിന്ന് സാരി വാങ്ങി അപ്പോ® അയാളുടെ ചൂടുള്ള ശ്വാസം തന്റെ മുഖത്തും കഴുത്തിലും തൊട്ടു. അവളുടെ കണ്ണുകളി® നോക്കിക്കൊണ്ട് അയാ®
അവളുടെ അരക്കെട്ടിലേക്ക് സാരി വെച്ചു.
"''ശ്വാസം ഉള്ളിലേക്കെടുത്ത് വയറ® പ്പം ഒതുക്കു മോളെ,
അയാ® പറഞ്ഞു. അവ® വയറ® പ്പം ഒതുക്കിപ്പിടിച്ചു. നന്ദകുമാ® സാരിയുടെ അറ്റം ഞൊറിഞ്ഞെടുത്ത് കൈ അകത്ത് വെച്ച് സാരി ഉടുപ്പിച്ചു. അയാളുടെ കൈവിരലുക® ത® റെ വയറിലും പൊക്കിളിലും അടിവയറിലും കൊണ്ടപ്പോ® ഷാരോ® പുളഞ്ഞുത്രസിച്ചു. 'ഓ...സാ® ...:33:
ഷാരോണി® നിന്ന് വിതുമ്പിയ ഒരു സീ® കാരം അയാ® കേട്ടു. ''എന്താ മോളെ?????
അയാ® ചോദിച്ചു.
എനിക്ക്...''
അവ® അധരം വീണ്ടും നനച്ചു. ''പറയൂ.' സാരിയുടെ മറ്റേയറ്റവും ഞൊറിഞ്ഞ് അയാ® അവളുടെ മാറിലേക്ക് വെച്ചു. പരമാവധി ശ്രമിച്ചെങ്കിലും അയാളുടെ വിരലുക® അവളുടെ ത്രസിച്ചുയരുന്ന മാറി® തൊട്ടു. അവളി® നിന്ന് ഒരു ഞരക്കം അയാ® കേട്ടു. അവളുടെ നീ® മിഴിക® അടയുന്നത് അയാ® കണ്ടു. ഷാരോ® അധരത്തി® മൃദുവായി കടിക്കുന്നതും. അപ്പോ® നന്ദകുമാറിന്റെ എല്ലാ നിയന്ത്രണവും നഷ്ടപ്പെട്ടു. അയാ® അവളെ മാറോടണച്ചു. അതിന് കാത്തിരുന്നിട്ടെന്നപോലെ ഷാരോ® അയാളെ വരിഞ്ഞു മുറുക്കി. അയാളുടെ തപിക്കുന്ന ചുണ്ടുക® കമ്പികുട്ട® .നെറ്റ് കമ്പികുട്ട® .നെറ്റ് അവളുടെ കണ്ണുകളി® കവിളുകളി® നെറ്റിയി® അധരത്തി® പലതവണയമ® ന്നു. അയാളുടെ വിരിമാറി® ത® റെ മാറിടം ഞെരിഞ്ഞമ® ന്നുലഞ്ഞപ്പോ® ഷാരോണി® റെ ചുണ്ടുക® അയാളുടെ അധരത്തെ കീഴടക്കിയിരുന്നു. അതി® റെ നിറവും മൃദുലതയും അവ® കടിച്ചീമ്പിവലിച്ചു.
"''മോളേ...
അധരം സ്വതന്ത്രമായ ഒരു വേളയി® അയാ® വിളിച്ചു.
അയാളെ ഒന്നുകൂടി ചുംബിച്ചമ® ത്തി അവ® വിളികേട്ടു.
മതി .
1973

'മതിയായോ ...????? 'ഇല്ല.പക്ഷെ..മോ® ...'' “”എനിക്കിഷ്ടമാണ്... എന്നെ. ഇങ്ങനെ...ഇനീം. എപ്പോഴും....സാറിനും ഇഷ്ടമല്ലേ..?'' ''ആണ് ...നി® റെ ദേവസൗന്ദര്യം...അത്...അതാ® ക്കാണ് തിരസ്കരിക്കാ® കഴിയുക...?പക്ഷെ...??? ബാക്കി പറയുന്നതിന് മുമ്പ് അയാളുടെ അധരത്തി® അവ® വീണ്ടും മുദ്ര വെച്ചു.
“”ഷാരോ® ആണ് ഞാ® ...???? അയാളുടെ അധരത്തി® നിന്ന് ചുണ്ടുക® വേ® പെടുത്തി അവ® പറഞ്ഞു. "പനിനീ® പൂവ്...??? നന്ദകുമാറി® റെ ചുണ്ടുക® അവളുടെ അധരത്തി® വീണ്ടും അമ® ന്നു. “എ® റെ പ്രിയേ എഴുന്നേ® ക്കു.... ചുംബിച്ച് കഴിഞ്ഞ് സംഗീതാത്മകമായ സ്വരത്തി® അയാ® പറഞ്ഞു. 'എ® റെ സുന്ദരീ വരിക....ശരത്കാലം കഴിഞ്ഞു. മഴക്കാലവും തീ® ന്നു...പൂവുക® ഭൂമിയി® മുളപൊട്ടുന്നു... പൂക്കളുടെ വള്ളിക® മുറിയ്ക്കാ® ആളുക® വരവായ്...വെ® പിറാക്കളുടെ ശബ്ദവും കേ® ക്കുന്നു. അത്തിപ്പഴങ്ങളുടെ സുഗന്ധം.... മുന്തിരി വള്ളികളും പൂത്ത് സൗരഭ്യമുതി® ക്കുന്നു... എ® റെ പ്രിയേ..എ® സുന്ദരീ വരിക...2017 സംഗീതത്തി® റെ ശബ്ദം ചുറ്റും നിറഞ്ഞു. "ഈ പാട്ട്? ' അവ® ചോദിച്ചു. "''അന്ന് കമ്പോസ് ചെയ്തത്...???
ഷാരോണി® റെ ദേഹത്തെയും ആത്മാവിനെയും സംഗീതം പ്രണയത്തി® റെ മഴക്കാലത്തേക്ക് കൊണ്ടുപോയി ഓരോ സ്വനിമയും ബൃഗയും സ്വരജതിയും വ® ണ്ണവും ഓരോ മഴത്തുള്ളിയായി അവളെ നനച്ചുകുതി® ത്തു. ഓരോ സംഗീത മാത്രയും ചുണ്ടി® ചുംബനമായി കൊണ്ടു. പൂനിലാവും ചുവന്ന മുകിലുകളും രാപ്പക്ഷികളും ലഹരി തീ® ക്കുന്ന കാനനത്തിന്റെ ആദിമവന്യതയി® പ്രിയനോടൊപ്പം, അവനോടൊപ്പം മാത്രം നില്ക്കുന്ന കിനാവിന്റെ സ്വ® ണ്ണഭംഗിയിലെക്ക് ആ പാട്ട് അവളെ കൂട്ടിക്കൊണ്ട് പോയി "''സുചിതേച്ചിയ്ക്ക് വേണ്ടി കമ്പോസ് ചെയ്ത പാട്ട്...??? അവ® മന്ത്രിച്ചു. 'എനിക്കും തരുമോ ഈ പാട്ട്?? "''നിനക്കാണ് ഈ പാട്ട് ഷാരോ® ,
മഴമേഘം കണ്ട വേഴാമ്പലിനെപ്പോലെ അവ® അയാളെ നോക്കി എന്നിട്ട് ഷെ® ഫി® കയ്യെത്തിച്ച് ഒരു ചെപ്പെടുത്തു. “''എങ്കി® .'' അത് ഉറന്നുകൊണ്ട് അവ®
പറഞ്ഞു. - "ഇതെ® റെ നെറ്റിയി® ചാ® ത്തു,” അയാളതിലേക്ക് നോക്കി. സുചിത്രയുടെ സിദൂരച്ചെപ്പ്. ഒക്ടോബ® മാസം പതിനാലിനാണ് താ® അവസാനമായി അവളുടെ തിരുനെറ്റിയി® സിന്ദൂരം ചാ® ത്തിയത്.

''പാ® ട്ടിയ്ക്ക് പോകുമ്പോ® ..ആരേലും കണ്ടാ® ?'''' 'സാരമില്ല. എനിക്ക് വേണം. ഞാ® തലമുടികൊണ്ട് മറച്ച് വെച്ചോളാം,'''' നന്ദകുമാ® അവളുടെ കൈയിലിരുന്നസിന്ദൂരചെപ്പി® വിര® അമ® ത്തി.വലത് കൈയുടെ മോതിരവിര® ത്തുമ്പി® സിന്ദൂരരേണുക്ക® നിറഞ്ഞിരിക്കുന്നത്ഷാരോ® കണ്ടു. അയാളുടെ വിര® ത്തുമ്പ്-ത® റെ നെറ്റിയിലേക്ക് നീണ്ടുവന്നപ്പോ® അവ® കൈക® കൂപ്പികണ്ണുകളടച്ചു. നെറ്റിയുടെ മുകളി® മുടിയിഴകളോട് ചേ® ന്ന് അയാളുടെ വിര® അമ® ന്നപ്പോ® നിലാസ്പ® ശമേറ്റതടാകപ്പരപ്പപോലെഅവ® പതിയെഉലഞ്ഞു. പിന്നെഅയാളുടെപാദത്തി® വിര® ചേ® ക്കാനായി കുനിഞ്ഞു.

എബി സ്റ്റീഫന്റെ വീട്ടിലേക്ക് പ്രവേശിക്കാന് ഗേറ്റ് തുറക്കുമ്പോള് തന്നെ, കാറിന്റെ ശബ്ദം ഷെല്ലിയും മിനിയും സിറ്റൌട്ടിലേക്ക് ഇറങ്ങി വന്നു.

"ജീസസ്!"

മിനിയുടെ കണ്ണുകള് വിടരുന്നതും ചുണ്ടുകള് ആശ്ചര്യത്താല് പിളരുന്നതും ഷാരോണ് കണ്ടു.

"ഇതാരാ? ഏതോ സ്റ്റോറീന്ന് ഒരു ക്യൂട്ട് ഫെയറി എറങ്ങി വരുന്നപോലെ!"

അവള് പിമ്പില് നിന്ന ഷെല്ലിയെ കൈമുട്ട് കൊണ്ട് പതിയെ കുത്തി.

"ഷെല്ലി എനിക്കും സാരി ഉടുക്കണം,"

"ഇപ്പഴോ?"

ഷാരോണിന്റെ ദേഹത്ത് നിന്ന് കണ്ണുകള് മാറ്റാതെ ഷെല്ലി ചോദിച്ചു.

"ഉം..ഇപ്പം..."

മിനി പറഞ്ഞു.

അപ്പോഴേക്കും ഷാരോണും നന്ദകുമാറും അവരുടെയടുത്ത് എത്തിക്കഴിഞ്ഞിരുന്നു.

"എന്നാ രണ്ടാളുംകൊടെ കുന്തം വിഴുങ്ങിയപോലെ നോക്കുന്നെ?"

ഷാരോണ് ചോദിച്ചു.

"എന്നാടാ ചെക്കാ?"

അവന് ഷെല്ലിയുടെ മൂക്കിന് തുമ്പില് പിടിച്ച് തിരുമ്മി.

"ഗുഡ് ഈവനിംഗ് സാര്,"

ഷെല്ലി ആദ്യം നന്ദകുമാറിനെ അഭിവാദ്യം ചെയ്തു. പിന്നെ ഷാരോണിന്റെ പിന്നാലെ അകത്തേക്ക് കയറി.

"എടീ നീയിതെന്നാ ഭാവിച്ചോണ്ടാ?"

അവളുടെ കൈത്തണ്ടയില് പിച്ചിക്കൊണ്ട് അവന് ചോദിച്ചു.

"ദേ ചെറുക്കാ എനിക്ക് നൊന്ത് കേട്ടോ,"

കൈ മാറ്റിക്കൊണ്ട് ഷാരോണ് പറഞ്ഞു.

"ഇവനിത് എന്തിന്റെ കേടാ മോളെ?"

ഷാരോണ് തിരിഞ്ഞ് നിന്ന് മിനിയോട് ചോദിച്ചു.

"എന്റെ പൊന്ന് ചേച്ചി ഷെല്ലി മാത്രമല്ല ഞാനും സ്റ്റണ്ട് ആയിട്ട് നിക്കുവാ...ഹോ എന്തൊരു രസാ ചേച്ചിയെ സാരീല് കാണാന്!"

അവര് ഹാളില് എത്തി.

ഹാളില് എന് ഡി ടി വിയുടെ മുമ്പിലിരിക്കുകയായിരുന്ന റഫീക്കും നിഷയും എബിയും സെലിനും സംഗീതയുമൊക്കെ ഷാരോണിനെ കണ്ടപ്പോള് കണ്ണുകളില് വിസ്മയം നിറച്ച് നോക്കി.

"ഒരു സാരിക്കൊക്കെ മനുഷ്യരെ ഇത്രേം പോപ്പുലര് ആക്കാന് കെല്പ്പുണ്ടോ?"

അവരുടെ നോട്ടത്തിലേക്ക് കുസൃതിയോടെ നോക്കിക്കൊണ്ട് ഷാരോണ് എല്ലാവരും കേള്ക്കെ പറഞ്ഞു.

"എന്നാ പറ്റി? എന്നാ എല്ലാരും ഇങ്ങനെ നോക്കണെ?"

"ഏത് ഫിലിം സ്റ്റാറാണ് ഇങ്ങോട്ട് കയറി വരുന്നത് എന്ന് ഓര്ത്ത് പോയി,"

റഫീക്ക് ചിരിച്ചു.

"അറിയില്ലേ?"

ആദ്യം സെലിന്റെ കയ്യില് പിടിച്ചുകൊണ്ട് ഷാരോണ് പറഞ്ഞു.

"ഇവിടെ കുറെ ഉണ്ട് ഫിലിം സ്റ്റാഴ്സ്...ഫസ്റ്റ് ഈ സെലിന് മാഡം..പിന്നിതാ മിസ്സിസ് റഫീക്ക് മാഡം...ഹഹഹ...പിന്നെ നമ്മുടെ സംഗീതാ മാഡം...അവസാനം നമ്മുടെ ഈ ചുന്ദരി ശിങ്കാരി വാവ മിനിക്കുട്ടി..."

ഷാരോണ് മിനിയെ വട്ടം പിടിച്ചു.

"ഓ! ഞാന് പാവം!"

മിനി ചിരിച്ചു.

"ജസ്റ്റ് എ ജൂനിയര് ആര്ട്ടിസ്റ്റ്!"

എല്ലാവരും ചിരിച്ചു.

പാര്ട്ടിയുടെ മദ്ധ്യേ റഫീക്ക് ആണ് പറഞ്ഞത്.

"എബിയ്ക്ക് പോസ്റ്റ് ഇവിടെത്തന്നെയാണ്. പോസ്റ്റ് എന്താണ് എന്നറിയാല്ലോ, അല്ലേ?"

"ഡി സി പി; അല്ലേ സാര്?"

ഷെല്ലി ചോദിച്ചു.

"യെസ്,"

റഫീഖ് പുഞ്ചിരിയോടെ എബിയുടെ തോളില് തട്ടി.
എബി ചിരിച്ചു.
"എന്താ എബി?"
നന്ദകുമാര് ചോദിച്ചു.
"പുതുതായി പോലീസ് ആകുന്ന് ആരുടെയും ആഗ്രഹം ആക്ഷന് ഹീറോ ബിജു ആകാനാരിക്കും,"
എബി പറഞ്ഞു.
"ഡെയര് ഡെവിള്. അണ്കോംപ്രമൈസിംഗ്. അണ്കറപ്റ്റഡ്. ഇതിപ്പോള് ആദ്യത്തെ പോസ്റ്റിങ്ങില് പോലും ചെറിയ ഒരു കറപ്ഷന് സംഭവിച്ചിട്ടുണ്ട്..."
റഫീക്ക് ഒഴികെ മറ്റുള്ളവര് എബിയെ മനസ്സിലാകാതെ നോക്കി.
"ഇന്ത്യാ ടൈംസിന്റെ മാനേജിംഗ് ഡയറകറ്റര് അശോക് മേത്തയുടെ ഓഫീസിലേക്ക് ഒരു ഫോണ് കോള്"
റഫീഖ് തുടര്ന്നു.
"ഫോണ് ചെയ്യത് അവരുടെ മോസ്റ്റ് വാല്യുബിള് അസ്സെറ്റ് റഫീഖ്. ആവശ്യം എന്നെ ഈ നഗരത്തില്ത്തന്നെ പോസ്റ്റ് ചെയ്യണം. അശോക് മേത്ത സുഹൃത്ത് കേന്ദ്ര ആഭ്യന്തര മന്ത്രി അലോക് ചൌഹാനെ വിളിക്കുന്നു. അലോക് ചൌഹാന് മുഖ്യമന്ത്രി ഫ്രാന്സിസ് സിറിയക്കിനെ വിളിക്കുന്നു. പോസ്റ്റ് പക്കാ..."

"അതിന് ഇത്രേം വളഞ്ഞ് മൂക്കേ പിടിക്കണ്ട ആവശ്യം ഒണ്ടാരുന്നോ?"
ഷെല്ലി റഫീഖിനോട് ചോദിച്ചു.
"ഷാരോണ് നമ്മുടെ കൂടെ ഉള്ളപ്പോള്?"
"വളഞ്ഞ് മൂക്കേ പിടിക്കണ്ട എന്ന് വെച്ചാ എന്താ?"
മിനി ആരും കേള്ക്കാതെ ഷെല്ലിയോട് ചോദിച്ചു.
"എന്ന് വെച്ചാ കഷ്ടപ്പെടുക,"
ഷെല്ലി പറഞ്ഞു.
ഷെല്ലി,"
അത് കേട്ട് ഷാരോണ് പറഞ്ഞു.
"നീയാദ്യം മിനിക്ക് ഒരു മലയാളം ട്യൂട്ടറെ ഏര്പ്പാടാക്ക്. അല്ലെങ്കി മിനി ഷെല്ലിയ്ക്ക് ഒരു ഹിന്ദി -തെലുങ്ക് ട്യൂട്ടറെയായാലും മതി... "
എല്ലാവരും ചിരിച്ചു.
"പിന്നേ,"
മിനി പ്രതിഷേധിച്ചു.
"എനിക്ക് മലയാളമൊക്കെയറിയാം,"
അവള് പറഞ്ഞു.
"ഇങ്ങനത്തെ മലയാളം ആണ് പ്രശ്നം . വളഞ്ഞ് മൂക്കേല് പിടിക്കുക. തേടിയ വള്ളി കാലില് ചുറ്റുക. അത് പോലത്തെ. അല്ല, എന്താ ഈ തേടിയ വള്ളി കാലില് ചുറ്റുക എന്ന് പറഞ്ഞാല്?"
"അത് മോളൂ,"
നിഷ വിശദീകരിച്ചു.
"നമ്മള് ഏതെങ്കിലും ഒരു വള്ളി അന്വേഷിക്കുവാണ് എന്നിരിക്കട്ടെ...."
"എന്തിനാ നമ്മള് വള്ളി അന്വേഷിക്കുന്നെ?"
മിനി ചോദിച്ചു.
"അതിപ്പം നമ്മള് ഇടുന്ന സാന്ഡല്സില്ലേ, ചെരിപ്പ്? അതിന്റെ വള്ളി പോട്ടിപ്പോയി. അല്ലെങ്കില് പശുവിനെ കെട്ടുന്ന വള്ളിയില്ലേ...?"
"പശുവിനെ വള്ളിയിലാണോ കെട്ടുന്നേ?"
റഫീക്ക് ചോദിച്ചു.
"ഫസ്റ്റ് പാര്ട്ടിയാ മിനിയെ മലയാളം പഠിപ്പിക്കുന്നെ!"
"പിന്നെ പശുവിനെ എങ്ങനെയാ കെട്ടുന്നേ?"
നിഷ ദേഷ്യം വരുത്തി റഫീഖിനോട് ചോദിച്ചു.
"എടീ പോത്തേ, പശുനെ കെട്ടുന്ന കയറുകൊണ്ടാ,"
"കയറും വള്ളീം ഒന്നല്ലേ?"
നിഷ ചോദിച്ചു.
"പണ്ട് എന്നോട് പശു കടിക്കുമോ എന്ന് ചോദിച്ച ആളാ,"
റഫീഖ് പറഞ്ഞു.
"പണ്ട് ഒരു വില്ലേജില് പോയപ്പം. നീണ്ട കൊമ്പുള്ള ഒരു കാള നിക്കുന്നത് കണ്ട് ഇവള് പേടിച്ചു. എന്നിട്ട് എന്നോട് ചോദിച്ചു. റഫീഖെ റഫീഖേ ആ പശു നമ്മളെ കടിക്കുവോ?"
"പിന്നെ..."
മറ്റുള്ളവരുടെ ചിരിക്കിടയില് സ്വയം ചിരിച്ചുകൊണ്ട് നിഷ റഫീഖിന്റെ നേരെ കൈയുയര്ത്തി.
"അന്ന് എനിക്ക് അത്രയും മലയാളമേ അറിയുമായിരുന്നുള്ളൂ..."

"അതേയതേ..."
റഫീഖ് ചിരിച്ചു.

"നല്ല രസവാരുന്നു അന്നത്തെ നിന്റെ മലയാളം. നിഷേ നീയെവിടെയാ എന്ന് ചോദിച്ചാല് നല്ല ശുദ്ധ മലയാളത്തില് ഞാന് ഹാളില് നില്ക്കുന്നു എന്ന് പറയും. എന്ത് ചെയ്യുവാ എന്ന് ചോദിച്ചാല് ഞാന് ടീ വി നോക്കുന്നു എന്ന് പറയും..."

"നിന്റെ ഹിന്ദിയെക്കാള് നല്ലതാരുന്നു എന്റെ മലയാളം,"

നിഷ തിരിച്ചടിച്ചു.

"വീട്ടില് അന്ന് ഡിഷ് വാഷ് ചെയ്യാന് വരുന്ന കൊച്ച് പെണ്ണിനോട് ആപ് കഹാ രഹതീ ഹും എന്ന് ചോദിക്കും. നൈബര് ആയ കമ്മീഷണര് സാറിനോട് തു കൈസാ ഹും എന്ന് ചോദിച്ക്കും. എല്ലാത്തിനും ഹും എന്നെ പറയൂ..."

മുറിയില് ഉച്ചത്തില് ചിരിയലകളുതിര്ന്നു.

പാര്ട്ടിക്കിടയില് എന്തോ ഓര്ത്ത് റഫീഖ് പെട്ടെന്ന് പറഞ്ഞു.

"എന്റെ ഇവ്വട്ടത്തെ സ്റ്റോറി ഏകദേശം കമ്പ്ലീറ്റ് ആയി. അടുത്ത അസൈന്മെന്റ് ലണ്ടനില് ആണ്..."

എല്ലാവരുടെയും മുഖത്ത് മ്ലാനത പരന്നു.

"സാര്,"

മിനി ചോദിച്ചു.

"കമ്പ്ലീറ്റ് ആയി എന്ന് പറഞ്ഞാല്? ഇനി എത്ര ദിവസംകൂടി?"

"മാക്സിമം രണ്ട് ദിവസം,"

"അപ്പോള്...."

ഷെല്ലി സംശയിച്ചു.

"അന്വേഷിച്ചതൊക്കെ കിട്ടിയോ?"

"ഏകദേശം...."

റഫീഖ് പുഞ്ചിരിച്ചു.

"അപ്പോള് അടുത്ത ദിവസങ്ങളില് ആരൊക്കെയോ അകത്താവാന് പോകുന്നു..."

ഷാരോണ് പറഞ്ഞു.

"അറിയില്ല..ചിലപ്പോള്,"

അയാള് മിനിയുടെ മുഖത്തേക്ക് നോക്കി.

"ഐ ജസ്റ്റ് ഇന്വെസ്റ്റിഗേറ്റ് ആന്ഡ് റിപ്പോര്ട്ട്...ബാക്കിയൊക്കെ..."

"ലണ്ടനില് എന്താടാ അസൈന്മെന്റ്?"

നന്ദകുമാറാണ് ചോദിച്ചത്.

റഫീഖ് ചുറ്റും നോക്കി. വേറെ ആരുമില്ല. സംഗീതയും മറ്റുള്ളവരും മറ്റത്യാവശ്യങ്ങള് കാരണം അല്പ്പം മുമ്പ് പോയതേയുള്ളൂ. ഇപ്പോള് മുറിയില് എബിയും സെലിനും നന്ദകുമാറും ഷാരോണും മിനിയും ഷെല്ലിയും നിഷയും റഫീഖുമേയുള്ളൂ.

"അടുത്തത് ഒരു വമ്പന് സ്രാവിന്റെ പിന്നാലെയാണ്,"

റഫീഖ് പറഞ്ഞു.

"വിജയ് മല്ല്യ,"

എല്ലാവരും പരിഭ്രമത്തോടെ റഫീഖിനെ നോക്കി. നിഷയുടെ മുഖം വിഷാദപൂര്ണ്ണമാകുന്നത് എല്ലാവരും കണ്ടു.

"ഞാന് വേണ്ട എന്ന് പറഞ്ഞതാ, ഇത് അറിഞ്ഞപ്പം,"

നിഷ പറഞ്ഞു.

'അവിടുത്തെ ചില സോഴ്സില് നിന്നും മല്ല്യക്ക് ചില ഡ്രഗ്, ഹ്യൂമന് ട്രാഫിക് അങ്ങനെ ചില അഭ്യൂഹങ്ങള് കിട്ടി. ഒന്നും കണ്ഫേംഡ് അല്ല. കാര്യം വലിയ സാമ്പത്തിക തട്ടിപ്പ് നടത്തിയ ആളാണെങ്കിലും അയാള് ഇതുപോലെ അണ്ലോഫുള് ആയ കാര്യങ്ങളില് ഇന്വോള്വ്ഡ് ആകും എന്നൊന്നും ഞാന് കരുതുന്നില്ല....എങ്കിലും എം ഡി അന്വേഷിക്കാന് പറയുമ്പോള്....ഡ്യൂട്ടി ഈസ് എബവ് എവെരിതിംഗ്..."

***********************************************

രണ്ടു ദിവസങ്ങള്ക്ക് ശേഷം.

ഷെല്ലി ഹോസ്റ്റല് മുറിയിലായിരുന്നു.

പ്രാക്റ്റിക്കല് ബുക്കിന്റെ മുമ്പില് സ്കെയിലും കൊമ്പസ്സുമായി ഇരിക്കുമ്പോള് കതകില് മുട്ടുന്ന ശബ്ദം കേട്ടു.

മുമ്പില് സുരേന്ദ്രേട്ടന്

"എന്താ സുരേന്ദ്രേട്ടാ?'

"ഞ്ഞി ആരാന്ന്? മയിസ്രേട്ടാ?"

"ഹ! കാര്യം പറ സുരേന്ദ്രേട്ടാ..."

"ഇന്നേ കാണാന് വന്നിയ്ക്കണ്"

"ആര്?"

"നമ്മ എങ്ങെയാന്ന് അറിയല്? ഞ്ഞി ഒരിക്ക പോയി നോക്ക്ടാ..."

ഷെല്ലി തിടുക്കത്തില് താഴേക്കിറങ്ങി ചെന്നു.

അവന് അദ്ഭുതപ്പെട്ടു.

മാത്യു മുമ്പില് നില്ക്കുന്നു. നിര്ത്തിയിട്ടിരിക്കുന്ന ബി എം ഡബ്ലിയൂവില് ചാരി.

"സാ...അങ്കിള്...വാ അകത്തേക്കിരിക്കാം..."

അവന് പറഞ്ഞു.

"ഇല്ല ഷെല്ലി,"

അയാള് ചിരിച്ചു.

"നമുക്ക് ഒരഞ്ചു മിനിറ്റ്...."

അയാള് ചുറ്റും നോക്കി.

"വാ..ആ മൈതാനത്തിനടുത്ത്...ആ മരത്തണലില് നിന്ന് സംസാരിക്കാം. വരൂ,"

ഷെല്ലി അയാളോടൊപ്പം അല്പ്പം ദൂരെ ബാസ്ക്കറ്റ്ബോള് ഗ്രൗണ്ടിനടുത്ത ആല്മരത്തിന്റെയടുത്തേക്ക് പോയി.

അവര് ആല്മരത്തണലില് നിന്നു.

"ഷെല്ലി..."

അയാള് പുഞ്ചിരിയോടെ പറഞ്ഞു.

ഷെല്ലി ശ്രദ്ധിച്ചു.

"ഞാന് നാളെ ഒരു യൂറോപ്യന് ട്രിപ്പിലാണ്. ഒരു ട്ടു വീക്സ് എങ്കിലുമെടുക്കും തിരിച്ചുവരാന്..."

അയാള് പറഞ്ഞു തുടങ്ങി.

ഷെല്ലി പുഞ്ചിരിച്ചു.

"എന്റെ മോള്ക്ക് ഒരിക്കലും തെറ്റ് പറ്റിയിട്ടില്ല...കാരണം....അവള്ടെ മമ്മീടെ സ്പിരിറ്റ് എപ്പോഴും അവള്ടെ കൂടെയുണ്ട്..."

തന്റെ ഉള്ളം വിങ്ങുന്നത് ഷെല്ലിയറിഞ്ഞു.

"മോള് എന്നോട് സ്ട്രിക്റ്റ് ആയി പറഞ്ഞിട്ടുണ്ട് മോന്റെ ഫാമിലി ബാക്ക്ഗ്രൌണ്ട് ഒന്നും ചോദിക്കരുത് എന്ന്. ഫാമിലി ബാക്ഗ്രൌണ്ടില് കാര്യമുണ്ട് എന്നൊന്നും ഞാന് വിശ്വസിക്കുന്നില്ല. ഷെല്ലിയോട് തിരക്കണ്ട എന്നും കരുതിയതാണ്. എന്നാല്...."

അയാള് ഒരു നിമിഷം നിര്ത്തി ഷെല്ലിയെ നോക്കി.

"...എന്നാല് ഇന്ന് മോണിങ്ങില് ഒരു തോന്നല്....അതേപ്പറ്റി ഷെല്ലിയോട് ചോദിക്കണമെന്ന്...മോന് വിരോധമില്ലല്ലോ?"

"അയ്യോ..എന്ത് വിരോധം?"

ഷെല്ലി പെട്ടെന്ന് പറഞ്ഞു.

"അതൊക്കെ സാറി...അങ്കിളിന്റെ റെസ്പോണ്സിബിലിറ്റിയാണ്....ഇത് നിസ്സാരക്കാര്യമല്ലല്ലോ...മിനിയുടെ ലൈഫിന്റെ കാര്യമാണ്. അപ്പോള് ഏത് പാരന്സിനും കാണും ആങ്ങ്സൈറ്റി....എന്നെ സാര് അംഗീകരിച്ചത് തന്നെ എന്റെ ഭാഗ്യമായി കരുതുന്നയാളാണ് ഞാന്..."

"ഏയ്..."

മാത്യു ഷെല്ലിയുടെ തോളില് പിടിച്ചു.

"ഒരു കണ്ടീഷനുമില്ലാതെ എന്നെ സ്വീകരിച്ച ആളാണ് മിനിയുടെ മമ്മി...എനിക്കറിയാം മോനേ സ്നേഹത്തിന്റെ വില...ഭാഗ്യം എന്റെ മോള്ക്ക് തന്നെയാണ്...."

അയാള് ഒന്ന് നിര്ത്തി. ദൂരെ ബ്യൂട്ടിസ്പോട്ടിന്റെ ഭാഗത്തെ മലനിരകളുടെ നേര്ത്ത നീലിമയിലേക്ക് അയാള് നോക്കി.

"അവിടെയാണ് ബ്യൂട്ടിസ്പോട്ട് അല്ലേ?"

അയാള് ചോദിച്ചു.

"അതെ,"

"മോള് പറഞ്ഞിട്ടുണ്ട്..."

പിന്നെയും ചില നിമിഷങ്ങള് മൌനമായി കടന്നുപോയി.

"മോനേ..മോന്റെ മമ്മി...അവരെങ്ങനെയാണ്...?"

ഷെല്ലി പെട്ടെന്ന് ദൃശ്യങ്ങളില് നിന്ന് തിരിച്ചുവന്നു.

"മോള് പറഞ്ഞത് ഒരു വെഹിക്കിള് ആക്സിഡന്റ്റില്...അങ്ങനെയാണ്...എന്നായിരുന്നു അത്?"

അവന്റെ മിഴികള് ഈറനായത് അയാള് ശ്രദ്ധിച്ചു.

"എട്ടു വര്ഷങ്ങള്ക്ക് മുമ്പ്...."

ഷെല്ലി പറഞ്ഞു.

"പക്ഷെ അത് ഒരു വെഹിക്കിള് ആക്സിഡന്റ്റ് അല്ല അങ്കിള്..."

"പിന്നെ?"

"മര്ഡര്!"

അവന്റെ ശബ്ദം മുറുകി. മാത്യു വിസ്മയത്തോടെ അവന്റെ വാക്കുകള് കേട്ടു.

"മര്ഡര് ഇന് കോള്ഡ് ബ്ലഡ്!! ഇന് ദ ബ്രോഡ് ഡേ ലൈറ്റ്...."

ഷെല്ലിയുടെ ശബ്ദം അയാള് തുടര്ന്ന് കേട്ടു.

"മൈ ഗോഡ്!"

അയാള് മന്ത്രിച്ചു.

"മോനേ...എന്താ അതിന്റെ ബാക്ക്ഗ്രൌണ്ട്..ഈഫ് യൂ ഡോണ്ട് മൈന്ഡ്....ആരാ അത്?"

"റോക്കി...!"

ഷെല്ലി പറഞ്ഞു.

മാത്യു ഹൃദയാഘാതമേറ്റത് പോലെ ഷെല്ലിയെ നോക്കി.

"അയാളെ കണ്ടെത്തുക എന്നൊരു ഒറ്റഉദ്ധേശമേ ഉണ്ടായിരുന്നുള്ളൂ എനിക്ക് മിനി എന്റെ ലൈഫില് വരുന്നത് വരെ. ഇപ്പഴും ഉണ്ട് അ ഉദ്ദേശം. പക്ഷെ നിയമത്തിന്റെ വഴിയിലൂടെ പോവുക എന്ന ആശയം ഞാന് സ്വീകരിച്ചു. മിനി കാരണം..."

മാത്യു പെട്ടെന്ന് മൊബൈല് എടുത്തു.

"ഷെല്ലി....മോന് പൊയ്ക്കോളൂ....ഞാന് ഇപ്പഴാണ് ഒരു കാര്യം ഓര്ത്തത്....ഓക്കേ...ബൈ..."

അയാള് തിടുക്കത്തില് കാറിനടുത്തേക്ക് നടന്നു.

*********************************************

മാത്യുവിന്റെ കൂടെ നെട്ടമങ്ങാട്ടുള്ള അയാളുടെ ഒഫീസിലേക്കും അവിടെയുള്ള അപ്പാര്ട്ട്മെന്റിലേക്കും പോകുമ്പോള് മിനിയ്ക്ക് ഒന്നും മനസ്സിലായില്ല.

മാത്യു അവളുടെ ഹോസ്റ്റലിലേക്ക് വരികയായിരുന്നു.

പെട്ടെന്ന് വരാനും തനിക്ക് സംസാരിക്കാനുണ്ടെന്നും അയാള് അറിയിച്ചു.

അയാളോടൊപ്പം അപ്പാര്ട്ട്മെന്റിലേക്ക് വരാനും.

ഡ്രൈവ് ചെയ്യുമ്പോള് അയാളുടെ മുഖം സ്തോഭപൂര്ണ്ണമായിരുന്നു.

"പപ്പാ..."

അവള് അയാളുടെ തോളില് സ്പര്ശിച്ചു.

"ഈസ് എവെരിതിംഗ് ഓള്റൈറ്റ്?"

അവള് അനുകമ്പയോടെ ചോദിച്ചു.

"യാ..യാ...."

അയാള് വേഗത്തില് ഡ്രൈവ് ചെയ്യുന്നതിനിടയില് പറഞ്ഞു.

"പെര്ഫക്റ്റ്ലി...."

അപ്പാര്റ്റ്മെന്റില് എത്തിക്കഴിഞ്ഞ് അയാള് തിടുക്കത്തില് അകത്തേക്ക് കയറി. അവളുടെ കൈയില് പിടിച്ചുകൊണ്ട്.

അകത്ത് ഓഫീസ് റൂമിലെത്തി അയാള് കതക് ചാരിയിട്ടു.

"എന്താ പപ്പാ?"

അവള് അടക്കാനാവാത്ത ആകാംക്ഷയോടെ ചോദിച്ചു.

"മോളോട് പപ്പാ ഇതുവരെ ഒന്നും ആവശ്യപ്പെട്ടിട്ടില്ല..."

അയാള് പറഞ്ഞു തുടങ്ങി.

"അതിന്റെ ആവശ്യവുമുണ്ടായിരുന്നില്ല...എന്റെ ഓരോ സ്വപ്നത്തെയും നീ കണ്ടറിഞ്ഞ് ജീവിച്ചു...എന്റെ ഓരോ ആഗ്രഹത്തേയും നീ മുന്കൂട്ടി മനസ്സിലാക്കി അത് പോലെ ചെയ്തു...."

"എന്താ പപ്പാ ഇത്...എന്താ ഇങ്ങനെയൊക്കെ?"

മിനി നെറ്റി ചുളിച്ചു.

"എന്നാല് ഇന്ന് ഒരുകാര്യം പപ്പാ ആവശ്യപ്പെടുകയാണ്...ഒന്നല്ല രണ്ട് കാര്യം... .."

മിനി അവിശ്വസനീയതയോടെ അയാളെ നോക്കി.

"ഒന്ന് നീ ഇനി മുതല് ഇന്ത്യയില് പഠിക്കണ്ട....രണ്ട്..."

മിനിയുടെ ശ്വാസഗതിയുയര്ന്നു.

"രണ്ട്...ഷെല്ലി...ഷെല്ലിയെ മറക്കണം!"

"നോ...!!!"

അയാള് പറഞ്ഞ് മുഴുമിപ്പിക്കുന്നതിന് മുമ്പ് മിനി ശബ്ദമിട്ടു. അയാള് ഒന്ന് പകച്ചു.

"ഹൌ കുഡ് യൂ സേ ദാറ്റ് പപ്പാ...ആര് യൂ ഔട്ട് ഓഫ് യുവര് സെന്സ്?"

"യെസ്..."

അയാളും ശബ്ദമുയര്ത്തി.

"യെസ്...ഐം..."

"എന്താ..... ഷെല്ലി ഇത്ര പെട്ടെന്ന് പപ്പായ്ക്ക് ഡിസ്ക്വാളിഫൈഡ് ആകാന് കരണമെന്താ?"

മാത്യു ഒരു നിമിഷം മൌനിയായി.

"എന്നെ ഒരു മനുഷ്യസ്ത്രീയാക്കിയത് ഷെല്ലിയാണ്..."

മിനി തുടര്ന്നു.

"ഒരു റിഹാബിലിറ്റേഷന് സെന്ററിലോ ലൂനാറ്റിക് അസൈലത്തിലോ തീര്ന്നുപോകമായിരുന്ന എന്നെ...കറെ സഹിച്ച്..കഷ്ടപ്പെട്ട്....അപമാനം സഹിച്ച്....എന്നിട്ട് ആ ഷെല്ലിയെ ഞാന് മറക്കാനോ?"

മാത്യു മകളെ ദേഷ്യത്തോടെ നോക്കി.

"ഇതു വരെ ഞാന് ഒരു അപ്പന്റെ അധികാരം ഉപയോഗിച്ചിട്ടില്ല. അതിനര്ത്ഥം ആ അധികാരം ഉപയോഗിക്കാനറിയാത്തയാള് ആണ് ഞാനെന്നു നീ കരുതരുത്!"

"പപ്പായ്ക്കെന്താ? ഇപ്പം എന്താ ഉണ്ടായേ?"

"യൂ നോ ഹു ഹീ ഈസ്...അറിയില്ല നിനക്ക് അവനെ...അവന് എന്താണ് എന്ന്?"

"പപ്പായ്ക്ക് അറിയോ ഷെല്ലിയെ? ഷെല്ലി ആരാണ് എന്ന്?"

"അറിയാം..ഐ നോ എബൌട്ട് ഹിം...."

"എങ്കില് പറ ആരാ ഷെല്ലി?"

"അവന് ഒരു കില്ലര് ആകാന് പോകുന്നയാളാ? അറിയോ നിനക്ക്?"

ആ ചോദ്യം മിനിയെ ഞെട്ടിച്ചു.

"പപ്പാ...? പപ്പാ ഷെല്ലിയേ കണ്ടിരുന്നോ?"

മാത്യു ഒരു നിമിഷത്തേക്ക് സംസാരിച്ചില്ല.

"പപ്പായോട് ഞാന് പറഞ്ഞില്ലാരുന്നോ ഷെല്ലിയോട് അത് ചോദിക്കരുതെന്ന്?"

മാത്യുവിന്റെ കണ്ണുകളില് കോപമിരമ്പി.

"ചോദിക്കരുതെന്നോ? ഇത്രേം ക്രിമിനല് നേച്ചര് ഉള്ള ഒരു സീക്രട്ടായിരുന്നു അവന്റെ ഉള്ളിലെന്നു ഞാന് അറിഞ്ഞിരുന്നേല് കാണാന് പോലും നില്ക്കാതെ നിന്നേം കൊണ്ട് ഇവ്ടുന്നു പോയേനെ,"

മിനി തളര്ന്ന മുഖത്തോടെ അയാളെ നോക്കി.

"പപ്പാ ഷെല്ലിക്ക് ഒരു പ്രോബ്ലോം ഉണ്ടാവില്ല...പപ്പാ പ്ലീസ്..ഞാന് പറയുന്നത് ഒന്ന്..."

അയാള് ഒരു നിമിഷം പുറത്തേക്ക് നോക്കി.

"മോളേ..."

അയാള് സാവധാനം പറഞ്ഞു.

"മോള്ടെ മമ്മി പോയതില്പ്പിന്നെ പപ്പാ സ്വന്തമായി ഒരാളെയേ കണ്ടിട്ടുള്ളൂ. ഒരാള്ക്ക് വേണ്ടി മാത്രേ ജീവിച്ചിട്ടുള്ളൂ. ഓരോ നിമിഷോം മോള് അല്ലാതെ മറ്റൊരാളെക്കുറിച്ച് പപ്പാ ഒരു വട്ടം പോലും ആലോചിച്ചിട്ടില്ല...."

മിനി അയാളെ ദയനീയമായി നോക്കി.

"ഒരു ചെറിയ കാര്യമാണ് ഞാന് തിരിച്ചു ചോദിക്കുന്നത്. സതിംഗ് യൂ ക്യാന് ഈസിലി ഡൂ...ജസ്റ്റ് ഫോര്ഗെറ്റ് ഹിം. ജസ്റ്റ് ഡോണ്ട് എന്ററെര് ഇന്റു ഹിസ് ഡ്രേഡ്ഫുള് പാസ്റ്റ് ആന്ഡ് ഹൊറിബിള് ഫ്യൂച്ചര്!"

"ഇല്ല പപ്പാ"

ദൃഢ സ്വരത്തില് അവള് പറഞ്ഞു.

"എനിക്ക് ഷെല്ലിയേ മറക്കാന് പറ്റില്ല. ഉപേക്ഷിക്കാനും..."

"എങ്കില്...."

അയാളുടെ സ്വരവും ദൃഢമായി.

"എങ്കില് പപ്പാ എന്ന പദം നിനക്ക് എന്നെന്നേക്കുമായി മറന്നു കളയേണ്ടിവരും..."

"ഓഹോ!!"

അവളുടെ കണ്ണുകളില് അഗ്നി ചിതറി.

"അതിനാണ് ഞാന് ഇത്രയും കഷ്ടപ്പെട്ടെ അല്ലെ? അതിനാണ് ഞാന് ഇക്കണ്ട ഡ്രാമ മൊത്തം കളിച്ചത് അല്ലേ?"

"ഡ്രാമ ?!"

അയാള് മന്ത്രിക്കുന്നത് പോലെ ചോദിച്ചു.

"മിണ്ടരുത് പപ്പ!"

മിനിയുടെ വാക്കുകളില് താപമുയര്ന്നു.

"എത്ര പെട്ടെന്ന് എത്ര ഈസിയായാ പറഞ്ഞെ, പപ്പാന്നൊള്ള വേഡ് മറന്ന് കളഞ്ഞേക്കാന്! കേള്ക്കണം ഞാന് ...!"

"മിനീ..."

അയാള് വീണ്ടും ശബ്ദമുയര്ത്തി.

"നീ പറഞ്ഞ ഡ്രാമയെന്താ?"

അവള് മുഖം വെട്ടിത്തിരിച്ചു.

അയാള് ദേഷ്യത്തോടെ മുമ്പോട്ട് വന്ന് അവളുടെ മുഖം പിടിച്ച് തന്റെ നേരെ നിര്ത്തി.

"പറ!"

അയാള് പറഞ്ഞു.

"എന്താ ആ ഡ്രാമ?"

"പറയാം....എല്ലാം ഞാന് പറയാം..പപ്പാ എന്നേ വേണ്ട എന്ന് വെച്ച ദിവസമല്ലേ... !"

അവള് പറഞ്ഞു.

"ഷെല്ലി ആരെയാ അന്വേഷിക്കുന്നേന്നു അറിയാം എനിക്ക്...പപ്പായ്ക്കറിയോ ഷെല്ലി ആരെയാ അന്വേഷിക്കുന്നേന്ന്...?"

മകളുടെ ചോദ്യത്തിന് മുമ്പില് മാത്യു പകച്ചു.

"പപ്പാ...പപ്പായ്ക്ക് അറിയാം..."

സ്വരം ശാന്തമാക്കി അവള് പറഞ്ഞു.

മരണം മുമ്പില് കണ്ടത് പോലെ മാത്യു പകച്ചു.

"ഹൌ...ഹൌ ഡൂ യൂ നോ ഇറ്റ്..."

മിനി അയാളെ ദയനീയമായി നോക്കി.

"പറ നിനക്കെന്ത് അറിയാം?"

"എല്ലാം,"

മാത്യുവിന്റെ മുഖത്ത് പകപ്പേറി.

"പപ്പയെ കാണാന് വരുന്ന ആളുകള്....പപ്പായുടെ ഡയറി....അതിലെ വരികള്..എട്ടു വര്ഷങ്ങള്ക്ക് മുമ്പ്....ശക്തിസിംഗ് ചന്ദ്രാവത് ഇവിടെ വന്നത്....അയാളെ പപ്പാ ഷൂട്ട് ചെയ്യത്....അയാള് ഷെല്ലീടെ മമ്മിയെ ഷീല്ഡ് ആക്കി രക്ഷപ്പെട്ടത്...ഷെല്ലീടെ മമ്മിയ്ക്ക് വെടിയേറ്റത്...."

മാത്യു കസേരയില് ഇരുന്നു.

അയാളെ വിയര്ക്കാന് തുടങ്ങി.

"അപ്പോള് ഒരു കാര്യം എനിക്കുറപ്പായി...ആ അമ്മയ്ക്ക് ഒരു മകന് ഉണ്ടെങ്കില് അവന് അമ്മയുടെ കില്ലറെ അന്വേഷിച്ചിറങ്ങും...അവന് പപ്പായെ കണ്ടുപിടിക്കും...എന്റെ പപ്പാ....ജീസസ്! എനിക്കെല്ലാം എന്റെ പപ്പയല്ലേ? പപ്പാ അറിഞ്ഞുകൊണ്ട് ചെയ്ത തെറ്റല്ല അത്...മറ്റൊരാള് ആണ് അല്ലെങ്കില് ശക്തി സിംഗ് ആണ് റിയല് കില്ലര്...അത്കൊണ്ട് എനിക്ക് പപ്പയെ രക്ഷിക്കണം...എങ്ങനെ രക്ഷിക്കും....അതുകൊണ്ട് ഹൈദരാബാദില് വെച്ച് തന്നെ എന്റെ കുഞ്ഞ് പ്രായത്തില് ഞാന് ആ സ്ത്രീയുടെ കാര്യങ്ങള് അന്വേഷിക്കാന് തുടങ്ങി...മാളവികാ മാഡമാണ് എന്നെ ഹെല്പ്പ് ചെയ്തത് അക്കാര്യത്തില്....അങ്ങനെ കണ്ടെത്തി...ആ സ്ത്രീയ്ക്ക് ഒരു മകന് ഉണ്ട്....അയാളെപ്പറ്റി പഠിച്ചു....അപ്പോള് മനസ്സിലായി ഞാന് അന്വേഷിക്കുന്ന എല്ലാ ഗുണവുമുള്ള ഒരു പെര്ഫക്റ്റ് ജന്റ്റില്മാന് ആണ് അയാളെന്ന്....പക്ഷെ പപ്പാ എങ്ങനെ അയാളെ ഇഷ്ടപ്പെടും? പപ്പയ്ക്ക് അയാളെ എങ്ങനെ സ്വീകാര്യമാക്കാം? ഒത്തിരി ആലോചിച്ചു....അങ്ങനെ അങ്ങനെ...ഞാന് കണ്ടെത്തിയ ഒരു ഡ്രാമാ...."

അവള് നിര്ത്തി അയാളെ നോക്കി.

"അതാണ് എന്റെ ഡ്രഗ് അഡിക്ഷന്....എനിക്ക് ഷെല്ലിയേ പപ്പാടെ മുമ്പില് ഡിയര് ആന്ഡ് ലവിംഗ് ആയി അവതരിപ്പിക്കാന്. ഷെല്ലി എന്റെ ലൈഫിലെക്ക് വന്നാല് അന്വേഷിക്കുന്നയാള് പപ്പാ ആണ് എന്ന് ഷെല്ലി കണ്ടെത്തിയാല് തന്നെ എന്നോടുള്ള സ്നേഹം ഓര്ത്ത് അതെല്ലാം ഷെല്ലി മറക്കും എന്ന് ഞാന് കരുതി....ഷെല്ലി ഫിനാന്ഷ്യലി ബാക്ക്വേഡ് ആണേലും എന്നെ രക്ഷപ്പെടുത്തിയ ആളാണല്ലോ എന്ന് വെച്ച് പപ്പാ ഷെല്ലിയേ അക്സെപ്റ്റ് ചെയ്യും എന്നും ഞാന് കരുതി.... പക്ഷെ അവിടെയും പപ്പാ എന്നെ തോല്പ്പിച്ചു....അങ്ങനെ ഒരു ഡ്രാമാ കളിച്ചിട്ട്പോലും എന്നെ...."

പെട്ടെന്ന് വാതില് അനങ്ങുന്നത് മിനി കണ്ടു.

അവള് അത് പതിയെ തുറന്നു.

അവള് ഞെട്ടിപ്പോയി.

മാത്യുവും.

കണ്ണിലെരിയുന്ന തീയുമായി ഷെല്ലി!

ഷെല്ലിയെക്കണ്ട് മിനി തളര്ന്ന് വിവശയായി. മാത്യു പരിഭ്രമിച്ചു.

"അപ്പോള്...നീ...നീയാണല്ലേ റോക്കി...!"

മാത്യുവിനെ നോക്കി ഷെല്ലി മുമ്പോട്ട് ചുവടുകള് വെച്ചു.

"ഷെല്ലി...!!"

നിലവിളിച്ചുകൊണ്ട് മിനി അവനെ തടയാന് ശ്രമിച്ചു .

"അടുക്കരുത്....നീ...."

അവന് തന്റെ നേരെയടുത്ത മിനിയെ തള്ളിമാറ്റി. തള്ളലിന്റെ ആഘാതത്തില് മിനി സമീപത്തുണ്ടായിരുന്ന സോഫയിലേക്ക് വീണു.

"നിന്റെയാ വൃത്തികെട്ട നാവുകൊണ്ട് പുന്നാരമോളെ എന്റെ പേര് നീ ഉച്ചരിച്ചാ...കാണില്ല രണ്ടും. തന്തേം മോളും!"

കൊടുങ്കാറ്റിന്റെ ക്രൌര്യത്തോടെ തന്റെ നേരെയടുക്കുന്ന ഷെല്ലിയുടെക്കണ്ട് മേശവലിപ്പ് തുറന്ന് മാത്യു തോക്കെടുത്തു.

"അടുക്കരുത്!"

അയാള് പരിഭ്രമത്തോടെ പറഞ്ഞു.

"ഐല് ഷൂട്ട് യൂ...!"

ഷെല്ലി പൊട്ടിച്ചിരിച്ചു.

"വെക്കടാ വെടി..."

അയാളുടെ നേരെ വീണ്ടും അടുത്തുകൊണ്ട് ഷെല്ലി അലറി.

"നീ പലതന്തയ്ക്ക് ഒണ്ടായ പന്നീടെ മോനല്ലെങ്കി വെക്കടാ വെടി!"

"നോ!!!"

വീണുകിടന്നിടത്ത് നിന്ന ചാടിഎഴുന്നേറ്റ് മിനി അവര്ക്കിടയില് കയറി.

"പുട്ട് ദ ഗണ് ഡൌണ് പപ്പാ!"

അവള് ശബ്ദമുയര്ത്തി.

അതിനിടയില് ഷെല്ലിയുടെ കൈകള് അതിദ്രുതം ചലിച്ചു. മാത്യുവിന്റെ കയ്യില് നിന്ന തോക്ക് താഴെ വീണു. ഞൊടിയിടയ്ക്കുള്ളില് തോക്ക് ഷെല്ലിയുടെ കൈകളില് വന്നു.

"മാത്തച്ചന്റെ മോനെ!"

മാത്യുവിന്റെ നേരെ തോക്ക് ചൂണ്ടി ഷെല്ലി പറഞ്ഞു.

"നിന്നെപ്പോലെ ഈ സാധനം ഞാന് കുലത്തൊഴില് ആയി ഉപയോഗിച്ചിട്ടില്ല. ഈ സാധനം ആദ്യവായിട്ട് ഞാന് കൈകൊണ്ട് തൊടുന്ന ഇന്നാ. ഇന്ന് ഞാന് ഇത് ഉപയോഗിക്കും. എന്റെ മമ്മി...ആ പാവത്തിനെ കൊന്ന ഈ സാധനം...ഇതീന്ന് ഒരുണ്ട ഞാന് തിരിച്ചു നിനക്ക് തന്നെ തരാന് പോകുവാ..."

അവന്റെ വാക്കുകളില് നിന്ന് പുറപ്പെട്ട അഗ്നി മാത്യുവിനെ പൊള്ളിച്ചു. അയാള് ഒരു നിമിഷം വിറങ്ങലിച്ചു.

ഷെല്ലി തോക്കുയര്ത്തി.

പെട്ടെന്ന് മിനി അയാള്ക്ക് വിലങ്ങനെ നിന്നു.

"ഷെല്ലി, പ്ലീസ്...പപ്പയെ ഒന്നും ചെയ്യരുത്...പപ്പാ അറിഞ്ഞുകൊണ്ട് ആ തെറ്റ് ചെയ്തിട്ടില്ല....ഇനി ഷെല്ലി അങ്ങനെ വിചാരിക്കുവാണേല് ....ദാ ..ഞാനുണ്ട് ..എന്റെ ജീവനെടുത്തോ..."

മാത്യുവിന്റെ മുമ്പില് നിന്ന് മിനി കണ്ണുകളടച്ചു.

ഷെല്ലി മിനിയേയും മാത്യുവിനേയും മാറി മാറി നോക്കി. അവന്റെ ദേഷ്യം ഓരോ നിമിഷവും വര്ധിച്ചു.

പക്ഷേ ഉയര്ത്തിയ തോക്ക് അവന് താഴ്ത്തി.

മിനി കണ്ണുകള് തുറന്നപ്പോള് ക്രൌര്യത്തോടെ ഷെല്ലി തങ്ങളെ നോക്കുന്നതാണ് കണ്ടത്.

കോപം അതിരുവിട്ടപ്പോള് അവന് അവരുടെ നേരെ തോക്ക് വലിച്ചെറിഞ്ഞു.

"നീയിനി ഇല്ല,"

മിനിയുടെ നേരെ നോക്കി ഷെല്ലി അലറി.

"ഷെല്ലിയുടെ ജീവിതത്തില് നീ ബ്ലാക്ക് ഔട്ട്...ഔട്ട് ഫോര് എവര്!"

അവന് പിന്തിരിഞ്ഞു.

"ഷെല്ലി!!"

മിനി അവന്റെ നേരെ വിലപിച്ച് കൊണ്ട് സമീപിച്ചു.

"മിണ്ടരുത് ആ പേര്!"

തിരിഞ്ഞു നിന്ന് അവന് വീണ്ടും അലറി.

"പടിഞ്ഞാറേക്കര അലക്സാണ്ടര് മകന് ഷെല്ലിയാ പറയുന്നേ. യൂ ആര് ജസ്റ്റ് എ ഡെഡ് ബോഡി ഫോര് മീ"

മുറിയില് നിന്ന് കൊടുങ്കാറ്റിന്റെ വേഗതയില് ഇറങ്ങിപ്പോയി.

തെരുവിലൂടെ കുറെ നടന്നു.

എന്നിട്ടും ക്ഷോഭമടങ്ങിയില്ല. അവന് വഴിവക്കിലെ ഒരു ചായക്കടയിലേക്ക് കയറി.

ജഗ്ഗിലിരുന്ന വെള്ളമെടുത്ത് കുടിച്ചു.

"ഒരു കട്ടന്,"

അവന് പറഞ്ഞു.

അല്പ്പ നിമിഷങ്ങള് കഴിഞ്ഞ് പോയി.

പെട്ടെന്ന് ചായക്കടയുടെ മുമ്പില് ഒരു ചോക്ലേറ്റ് നിറത്തിലുള്ള കാര് വന്നു നിന്നു.

ഡോര് തുറന്ന് അതീവ സൌന്ദര്യമുള്ള ഒരു യുവതിയിറങ്ങി.

അവള് ഷെല്ലിയെ സമീപിച്ചു.

"ആര് യൂ ഷെല്ലി?"

അവള് ചോദിച്ചു.

"ദാറ്റ് ഈസ് മീ,"

വികാര രഹിതനായി അവന് പറഞ്ഞു.

"പ്ലീസ് കം വിത്ത് മീ,"

അവള് യാചിക്കുന്നത് പോലെ പറഞ്ഞു.

കടയിലുണ്ടായിരുന്ന രണ്ടുമൂന്ന് പേര് അവളെ സംശയത്തോടെ നോക്കി.

"പ്ലീസ്...മിനി ഈസ് ഇന് ഹോസ്പിറ്റല്. ഷി കട്ട് ഹെര് വെയിന്സ്. സീരിയസ്. ക്രിട്ടിക്കല്. ഷി ഈസ് ഇന് ഐ സി യു..."

ഷെല്ലി പെട്ടെന്ന് ചാടിഎഴുന്നേറ്റു.

"ആരാ നിങ്ങള്?"

അവളോടൊപ്പം കാറിനടുത്തേക്ക് നടക്കവേ ഷെല്ലി ചോദിച്ചു.

"ഐം മാളവിക. മിനീസ് നൈബര് ഇന് ഹൈദരാബാദ്. ബന്ജാരാ ഹില്സ്. മലയാളം ഈസ്...യൂ നോ ഐം തെലുഗു..."

ആശുപത്രിയിലേക്ക് അതിദ്രുതം കാറോടിക്കവേ മാളവിക ഷെല്ലിയോട് നിര്ത്താതെ സംസാരിച്ചു. മിനിയുടെ മമ്മിയെ ശക്തി സിംഗ് ബലാത്സംഘം ചെയ്ത് കൊലപ്പെടുത്തിയത്. പ്രതികാരം ചെയ്യാന് ഇറങ്ങിപ്പുറപ്പെട്ട മാത്യു ശക്തിയേ ഈ നഗരത്തില് വെച്ച് കണ്ടു മുട്ടിയത്. അയാള് ഷെല്ലിയുടെ മമ്മിയെ തന്നെ വെടിവെച്ച മാത്യുവിന്റെ മുമ്പിലേക്ക് എറിഞ്ഞിട്ടു കൊടുത്തത്. അത് കണ്ടുകൊണ്ട് നിന്ന ശ്രീധര് പ്രസാദിന്റെ അച്ഛനെ കൊലപ്പെടുത്തിയത്. സ്വന്തം അച്ഛനെ കൊലചെയ്യുവാന് വരുന്ന ഷെല്ലിയുടെ പിടിയില് നിന്ന് അദ്ദേഹത്തേകമ്പിക്കുട്ട® .നെറ്റ് രക്ഷിക്കുവാന് വേണ്ടി ഷെല്ലിയേ മിനി പ്രണയിച്ചത്. ഷെല്ലിയേ മാത്യുവിന് സ്വീകാര്യനാക്കാന് വേണ്ടി മയക്ക് മരുന്നിന് അടിമയാണ് താന് എന്ന് മിനി അഭിനയിച്ചത്.....

"ഷീയീസ് ഡൈയിംഗ് ഫോര് യൂ ഷെല്ലി....ഷി ഈസ് ഇന്നസെന്റ്...സോ ഈസ് ഹെര് ഫാദര്...ഐ ഡോണ്ട് നോ വെദര് ഷി വുഡ് സര്വൈവ്..."

["അവള് മരിക്കുകയാണ് ഷെല്ലി....നിനക്ക് വേണ്ടി...നിഷ്കളങ്കയാണവള്...അവളുടെ അച്ഛനെപ്പോലെ തന്നെ...അവള് മരണത്തെ അതിജീവിക്കുമോ എന്നെനിക്കറിയില്ല..."]

നഗരത്തിലെ ഏറ്റവും പേര് കേട്ട ആശുപത്രിയുടെ മുമ്പില് കാര് നിന്നു.

മാളവിക നായിഡുവിനോടൊപ്പം ഷെല്ലി ഐ സി യു ലക്ഷ്യമാക്കി കുതിച്ചു.

**********************************************

നന്ദകുമാര് മുഖ്യമന്ത്രി ഫ്രാന്സിസിന്റെ ഫാം ഹൗസിലായിരുന്നു.

നഗരത്തില് നിന്ന് അല്പ്പമകലെ ഏകാന്തമെന്ന് തോന്നിച്ച ഒരിടം.

ചെറിയ ഒരു വീട്. കണ്ണെത്താവുന്നയിടം മുഴുവന് പഴങ്ങളും പച്ചക്കറികളും സുഗന്ധവ്യഞ്ജനങ്ങളും വിളഞ്ഞുകിടക്കുന്ന ഭൂഭാഗം.

ശബ്ദങ്ങളില്ലാത്ത ഒരിടം.

പെട്ടെന്ന് പുറത്ത് രണ്ട് കാറുകള് വന്നുനിന്നു.

റഫീക്കും മുഖ്യമന്ത്രിയും വാതില്ക്കലേക്ക് നോക്കി.

വാഹനങ്ങളില് നിന്ന് പീലിപ്പോസും ശക്തിസിങ്ങും ഇറങ്ങുന്നത് അവര് കണ്ടു.

ശക്തിസിങ്ങ് നോര്ത്ത് ഇന്ത്യന് രീതിയില് കുര്ത്തയ്ക്ക് മേല് ഒരു കറുത്ത സ്ലീവ് ലെസ് ബ്ലേസര് ധരിച്ചിരുന്നു.

പീലിപ്പോസ് സഫാരി സ്യൂട്ടില്.

അവര് വന്ന് ഫ്രാന്സിസിന് സമീപം റഫീഖിന് അഭിമുഖമായി ഇരുന്നു.

ശക്തി സിംഗ് റഫീഖിനെ നോക്കി പുഞ്ചിരിക്കാന് ശ്രമിച്ചു.

പീലിപ്പോസ് ക്രുദ്ധനായി അയാളെ നോക്കി.

"എന്നാ ഫ്രാന്സീ..വല്ലോം നടക്വോ? സമ്മതിക്കുന്നില്ലേ ഇയാള്?"

റഫീഖിനെ ഉദ്ദേശിച്ച് പീലിപ്പോസ് ചോദിച്ചു.

"ഫിലിപ്പെ,"

ഫ്രാന്സിസ് പറഞ്ഞു.

"റഫീഖ് എല്ലാ ഡോക്യുമെന്റ്സും തരാന്ന് പറഞ്ഞു. പക്ഷെ ഇയാള് ചോദിക്കുന്ന വെല ഇത്തിരികൂടുതലാ,"

"അത് കൊഴപ്പവില്ല,"

പീലിപ്പോസ് പരിഹാസത്തോടെ ചിരിച്ചു.

"എത്ര കൂടിയാലും ഒരു പത്ത് കോടിയിലൊന്നും.... അതിന് മേലോട്ട് ഒന്നും പോകുവേലല്ലോ. ഡോക്യുമെന്റ്സ് മൊത്തം മേശപ്പൊറത്ത് വെക്കാന് പറ. ചോദിച്ച കോടി അണ്ണാക്കിലേക്ക് തള്ളിക്കൊടുത്തേക്കാം..."

ഫ്രാന്സീസ് അസന്നിഗ്ധതയോടെ ഇരുവരെയും നോക്കി.

"എന്നാ ഫ്രാന്സീ?"

പീലിപ്പോസ് മുഖ്യമന്ത്രിയേ സംശയത്തോടെ നോക്കി.

"ബോലോ ക്യാ ഹുവാ?"

ശക്തി സിങ്ങും ചോദിച്ചു.

"പത്ത് കോടി സമ്മതമല്ല,"

ഫ്രാന്സീസിന്റെ നിസ്സഹായാവസ്ഥ മനസിലാക്കി റഫീഖ് തന്നെ സംസാരിച്ചു.

"പിന്നെ എത്രയാ സാറിനു വേണ്ടേ? പറഞ്ഞാട്ടെ,"

പരിഹാസം മുറ്റിയ സ്വരത്തില് പീലിപ്പോസ് ചോദിച്ചു.

"പറയാം സാറേ,"

പരിഹാസത്തോടെ റഫീഖും പറഞ്ഞു.

"അതിന് മുമ്പ് ഒന്ന് ചോദിച്ചോട്ടെ?"

"ആ ചോദിക്ക്..."

"കാശ്മീരിലും നോര്ത്ത് ഈസ്റ്റിലും ഒക്കെ മരുന്ന് ഫാക്ടറീടെ മറവില് നടത്തുന്ന ആയുധനിര്മ്മാണം... ഡ്രഗ് ട്രാഫിക്കിംഗ് ഇതിലൂടെയൊക്കെ ആയിരക്കണക്കിന് കോടി രൂപയുടെ ബിസിനസ്സല്ലേ നിങ്ങള് ചെയ്യുന്നേ?"

"നിങ്ങള് അതൊക്കെ അന്വേഷിച്ച് കണ്ടുപിടിച്ചില്ലേ? ആ കണ്ടുപിടുത്തമൊക്കെ ഡോക്യുമെന്റ് ചെയ്തിരിക്കുന്ന ഫയല് തിരിച്ചു വാങ്ങാനുള്ള വിലപേശല് അല്ലെ ഇവിടെ നടക്കുന്നെ?"

"ആന്സര് ഡയറക്റ്റ്ലി..."

റഫീഖിന്റെ സ്വരം ഉയർന്നു.
"നിങ്ങള് തരുന്ന കോടീം വാങ്ങി നിങ്ങടെ കൂടെക്കൂടാന് സമ്മതിച്ചതല്ലേ ഞാന്? അത് കൊണ്ട് നമക്കെടേല് രഹസ്യം വേണ്ട. ഒരു വര്ഷത്തെ ലാഭം മാത്രം ആയിരത്തിന് മേല് കോടികള് വരില്ലേ?"
"ആ...ഒരയായിരം കോടീടെ മേല് വരും,"
താല്പ്പര്യമില്ലാത്ത രീതിയില് പീലിപ്പോസ് പറഞ്ഞു.
"ശരി..."
"ഈ ഡോക്യുമെന്റ്...അതായത് ഞാന് നിങ്ങള്ക്ക് കൈമാറുന്ന ഫയല്...അതില് ഈ ഗോസായി ശക്തി സിങ്ങിനെപ്പറ്റിയുമുള്ള കാര്യങ്ങളും ഉണ്ടെന്നു നിങ്ങള്ക്കറിയാമല്ലോ? ഇല്ലേ?"
"ആ അറിയാം,"
പറഞ്ഞത് ശക്തി സിങ്ങാണ്.
"എന്തൊക്കെ അറിയാമെന്ന്?"
റഫീഖ് ചോദിച്ചു.
"ഒരു കരോലിനാ നെവിലിനെ കൊന്ന കാര്യം..."
"റേപ്പ് ചെയ്ത് കൊന്ന കാര്യം...."
റഫീഖ് തിരുത്തി.
"ആ ...റേപ്..."
അയാള് അസഭ്യമായി ചിരിച്ചു.
"പിന്നെ ...സായി കമാറിനെ കൊന്നത് .... സെലിനെ കൊന്നത്...എന്റെ സകല ബിസിനസ്സും ആദ്യം കണ്ടുപിടിച്ച് റിപ്പോര്ട്ട് ചെയ്യാന് തുടങ്ങിയ സുചിത്ര സെന്നിനെ കൊന്നത്....പിന്നെ സെലിനെ കൊല്ലിക്കുന്നത് കണ്ട നിന്ന ഏതോ ഒരുത്തനെ. അങ്ങനെ കൊന്നതും കൊല്ലിച്ചതും പറയാന് തുടങ്ങിയാല് ഇന്ന് കൊണ്ട് പറഞ്ഞു തീരില്ല. അതിപ്പോള് എന്താ ചെയ്യുക ജേണലിസ്റ്റേ....ക്ഷത്രിയന്മാരാ ഞങ്ങള്...ഇതിപ്പോള് ഇക്കാലത്തല്ലേ ഇതൊക്കെ ഒരു ക്രൈമായത്? പണ്ടൊക്കെ റുട്ടീനല്ലായിരുന്നോ?"
റഫീഖ് തന്റെ മുമ്പിലിരിക്കുന്ന മൂവരേയും നോക്കി.
"ചീഫ് മിനിസ്റ്റര് സാര്,"
അയാള് ഫ്രാന്സിസിനെ നോക്കി.

"നിങ്ങടെ മന്ത്രി ഫീലിപ്പോസ് തന്നെ സമ്മതിച്ചു വര്ഷം ലാഭം മാത്രം അയ്യായിരം കോടിയ്ക്ക് മേല് വരും എന്ന്. നിങ്ങടെ ജിഗരി ദോസ്ത് ശക്തി സിങ്ങ് ചന്ദ്രാവത്ത് നിങ്ങടെ മുമ്പി വെച്ച് തന്നെ സമ്മതിച്ചു അയാള് ഏകദേശം അഞ്ചിന് മേലേ ആളുകളെ കൊന്നിട്ടുണ്ട് എന്ന്...അപ്പോള്...."
റഫീഖ് തല ചൊറിഞ്ഞു.
അവര് മൂവരും അയാളെ ആകാംക്ഷയോടെ നോക്കി.
".....അപ്പോള് ഇതൊക്കെ മറച്ച് വെക്കുന്നതിനു ഞാന് ചോദിച്ച കൂലി അത്ര വലുതാണോ?"
ഫ്രാന്സീസ് വീണ്ടും നിസ്സഹായനായി.
"എത്രയാ ഫ്രാന്സീ?"
ഫീലിപ്പോസില് വീണ്ടും പുച്ഛവും പരിഹാസവും തിരികെയെത്തി.
"...അത്"
ഫ്രാന്സീസ് പറയാന് തുടങ്ങി.
"സാറ് വെഷമിക്കണ്ട,"
റഫീഖ് ചിരിച്ചു.
"ആവശ്യം എന്റെയല്ലേ? ഞാന് തന്നെ ചോദിക്കാം,"
അയാള് മൂവരേയും മാറി മാറി നോക്കി.
"ഹണ്ഡ്രഡ് ക്രോര്"
പീലിപ്പോസും ശക്തിസിങ്ങും പരസ്പ്പരം നോക്കി കണ്ണുകള് മിഴിച്ചു.
"ഹണ്ഡ്രഡ് ക്രോര്?!!!"
അവര് ഇരുവരും ഒരുമിച്ച് ചോദിച്ചു.
"എന്താ സാറേ?"
റഫീഖ് ചിരിച്ചു.
"സംസ്ഥാനത്തെ റവന്യൂ മന്ത്രി ഇങ്ങനെയാണോ...ഇങ്ങനെയാണോ ഒരു ഡീല് സംസാരിക്കുന്നെ?"
"ഫീലിപ്പോസ് ഇപ്പോള് മന്ത്രിയല്ല റഫീഖ്...."
റഫീഖ് അദ്ഭുതത്തോടെ പീലിപ്പോസിനെ നോക്കി.
"ജസ്റ്റ് പത്ത് മിനിറ്റ് മുമ്പ് റിസൈന് ചെയ്തു....സംസ്ഥാന മന്ത്രിയേക്കാള് വലിയ ആളാവാന് പോകുവാ.."
"സെന്ട്രല് മിനിസ്റ്റരി?"
ഫ്രാന്സീസ് പുഞ്ചിരിച്ചുകൊണ്ട് തലയാട്ടി.

അധികാരഭാവത്തില്, പുച്ഛത്തോടെ പീലിപ്പോസ് റഫീഖിനെ നോക്കി.

"ബട്ട് മീഡിയാ ബ്രീഫിംഗ് ഒന്നും ഉണ്ടായില്ലല്ലോ..."

"ഒണ്ടാവും,"

ഗര്വ്വ് നിറഞ്ഞ സ്വരത്തില് പീലിപ്പോസ് പറഞ്ഞു.

"മനപ്പൂര്വ്വം ഡിസ്ക്ലോസ് ചെയ്യാത്തതാ. നിങ്ങളെപ്പോലെ കൊറേ എണ്ണം ക്യാമറേം തൂക്കി എന്റെ പൊറകെ ഒണ്ട്. നേരത്തെ എങ്ങാനും ഡിസ്ക്ലോസ് ചെയ്താ അതൊക്കെ വള്ളിക്കെട്ടാകും...അതാ..."

റഫീക്ക് പുഞ്ചിരിക്കാന് ശ്രമിച്ചു.

"ആട്ടെ...എന്നതാ ജേണലിസ്റ്റ് പറഞ്ഞെ? നൂറു കോടിയോ? അത്രേം കൈക്കൂലി തരാന് ഇത് കന്യാസ്ത്രീനെ കൊന്ന കേയ്സ് ഒന്നുവല്ല...പത്ത് കോടിതന്നെ ഇച്ചിരെ കൂടുതലാ...അന്നേരവാ! ആ എന്നതേലുവാകട്ടെ....ഫ്രാന്സി തന്ന ഒരു ക്ലൂ വെച്ച് ഞങ്ങള് പത്ത് കൊണ്ടാന്നിട്ടൊണ്ട് കാറിനാത്ത്. അത് എടുത്തോച്ചും വെച്ച് ആ ഫയല് ഞങ്ങളെ ഏപ്പിച്ച് ജേണലിസ്റ്റ് സ്ഥലം കാലിയാക്ക്!"

റഫീഖ് എഴുന്നേറ്റു.

"സമ്മതവല്ല പീലിപ്പോസ് സാറേ...."

അയാള് ശക്തിസിങ്ങിനേയും പീലിപ്പോസിനെയും മാറി മാറി നോക്കി.

"ഈ ഫയലിനാത്തെ രഹസ്യം ഇച്ചിരി കഷ്ട്ടപ്പെട്ട് തന്നെയാ ഞാന് കണ്ടെത്തിയത്. അത് നിങ്ങളെ എല്പ്പിക്കണമെങ്കില് നിങ്ങള് പറഞ്ഞ ആ ഊച്ചാളി വെലയൊന്നും പോരാ. ഇറ്റ് ഷുഡ് ബി റെസ്പെക്റ്റഡ് വിത്ത് എ മാച്ചിങ്ങ് പ്രൈസ്..."

"മാച്ചിംഗ് പ്രൈസ്!"

ശക്തിസിങ്ങ് ചിരിച്ചു.

അയാളുടെ കൈ പൈജാമയുടെ പോക്കറ്റില് അമര്ന്നു.

"ആ മാച്ചിങ്ങ് പ്രൈസ് ഇതില് നിന്ന് അങ്ങ് തന്നാലോ?"

റഫീഖ് ചിരിച്ചു.

"ഈ സ്ഥലം സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രിയുടെയാണ്. ഇവിടെ ഒരു കൊലപാതകം നടന്നാല് ആരും അറിയില്ല, നീ പിടിക്കപ്പെടുകയില്ല എന്ന് കരുതാന് മാത്രം മന്ദബുദ്ധിയാണോടോ താന്?"

പീലിപ്പോസ് ചിരിച്ചു.

"എത്ര ഏക്കര് ഉണ്ട് ഫ്രാന്സി ഈ ഫാം?"

"ഒരു അന്പത് ..."

ഫ്രാന്സീസ് പറഞ്ഞു.

"അന്പതേക്കറാ കുഞ്ഞേ,"

പീലിപ്പോസ് റഫീഖിന്റെ കണ്ണുകളില് നോക്കിപ്പറഞ്ഞു.

"അതിനുള്ളില് ഒരു വീട് പോലുമില്ല. ഒരു മനുഷ്യനുമില്ല...ഇവിടെ എന്ത് നടന്നാലും ഒരു കുഞ്ഞുപോലുമറിയില്ല...നിന്റെ മുമ്പിലിരിക്കുന്ന ഈ മനുഷ്യന് പോലീസ് വകുപ്പ് ഭരിക്കുന്ന മുഖ്യമന്ത്രിയും....ഇനിപ്പറ...ഫയല് തരുന്നോ അതോ ചാകണോ...."

ശക്തിസിങ്ങ് ഗണ് ഉയര്ത്തി.

അടുത്ത നിമിഷം എവിടെ നിന്നോ ഒരു സീല്ക്കാര ശബ്ദം കേട്ടു.

ശക്തിസിങ്ങിന്റെ കയ്യില് നിന്നും തോക്ക് താഴെ വീണു.

ഭയവിഹ്വലരായി പീലിപ്പോസും ശക്തിസിങ്ങും ചുറ്റും നോക്കി.

അവര് ഇരുന്ന മുറിയുടെ സമീപങ്ങളില് നിന്നും ചൂണ്ടിപ്പിടിച്ച തോക്കുകളുമായി യൂണിഫോമിട്ട പോലീസ് ഉദ്യോഗസ്ഥര് വലയം തീര്ത്ത് അവരെ സമീപിച്ചു.

അതിന് നേതൃത്വം നല്കിയ ഉദ്യോഗസ്ഥന്റെ നേരെ പീലിപ്പോസ് കണ്ണുകള് മിഴിച്ചുനോക്കി.

"ഡി സി പി എബി സ്റ്റീഫന്!"

പീലിപ്പോസിന്റെ കണ്ണുകളിലെ അന്ധാളിപ്പ് കണ്ട് മുഖ്യമന്ത്രി ഫ്രാന്സീസ് പറഞ്ഞു.

"അപ്പം...അപ്പം..എടാ ഫ്രാന്സി...നീ...നായിന്റെ മോനെ..."

പീലിപ്പോസ് ഫ്രാന്സീസിന്റെ നേരെ മുന്നോട്ടാഞ്ഞു.

അപ്പോഴേക്കും അവരെ സമീപിച്ച എബിയുടെ അടിയേറ്റ് പീലിപ്പോസ് നിലം പതിച്ചു.

"അറസ്റ്റ് ദിസ് റാസ്കല്!!"

എബി സമീപത്ത് നിന്ന കോണ്സ്റ്റബിളിനോട് പറഞ്ഞു.

"ഹഹഹഹ..."

വിഷമിച്ച് എഴുന്നേറ്റ പീലിപ്പോസ് ഉച്ചത്തില് ചിരിച്ചു.

"എടാ കൊച്ചനെ..പുത്തന് ഐ പി എസ്സ്കാരാ...അക്കാദമീല് നീ ഒറക്കം തൂങ്ങുവാരുന്നോ? പ്രോട്ടോക്കോള് അറിയത്തില്ലേടാ നെനക്ക്...??സംസ്ഥാനം പരിക്കുന്ന മന്ത്രീനെ അറസ്റ്റ് ചെയ്യാന് ഒരു ഡ്യൂക്കിലി ഡി സി പിക്ക് പറ്റുവോടാ ചെറുക്കാ?"

"പറ്റില്ല..."

എബി പറഞ്ഞു.

"ങ്ഹാ...ഇപ്പം എങ്ങനുണ്ട്?"

പീലിപ്പോസ് നിവർന്നു നിന്നു.

"പക്ഷെ നിന്നെ അറസ്റ്റ് ചെയ്യാം"

എബി ചിരിച്ചു.

പീലിപ്പോസ് അവനെ പകച്ച് നോക്കി.

"കാരണം നീയിപ്പം മന്ത്രിയല്ല!"

പീലിപ്പോസ് ഭയത്തോടെ ഫ്രാന്സീസിനെ നോക്കി.

"എടാ പന്നീ..."

പീലിപ്പോസ് അനിയന്ത്രിതമായ കോപത്തോടെ മുഖ്യമന്ത്രിയേ നോക്കി.

"അപ്പം ശരിക്ക് പ്ലാന് ചെയ്ത് നീ എനിക്കിട്ട് കളിക്കുവാരുന്നു അല്ലെ...കൊള്ളാടാ...എടാ പട്ടി..നാറി...നായിന്റെ മോനെ....ഇത് പാർട്ടീല് ചര്ച്ച ക്ക് വന്നാ നീ തെറിക്കും...?"

ഫ്രാന്സീസ് ചിരിച്ചു.

"അതിന് ഈ ഡ്രാമയില് മുഖ്യമന്ത്രീടെ റോള് ഒരാളും അറിയില്ല പീലിപ്പോസേ,"

റഫീഖ് പറഞ്ഞു.

"ജാമ്യം ഇല്ലാത്ത വകുപ്പിനാ നീയിപ്പോള് അകത്താവാന് പോകുന്നെ. അതിനുള്ള സകല എ പ്ലസ് ബീ ദ ഹോള് സ്ക്വയറും ഈ ഫയലില് ഉണ്ട്. പിന്നെ നമ്മള് സംസാരിച്ച സകല ട്ട ണ്ട ണ്ണയും ദാ ഈ കുഞ്ഞ് സാധനത്തിന്റെയകത്ത് ഉണ്ട്. നല്ല പവിഴം തോല്ക്കുന്ന എച്ച് ഡി ക്വാളിറ്റിയില്..."

റഫീഖ് തലമുടിയില് നിന്ന് ലോക്കറ്റിന്റെയാകൃതിയിലുള്ള ഒരു നാനോ ക്യാമറയെടുത്ത് അവരെ കാണിച്ചു.

"പിന്നെ ഈ നില്ക്കുന്ന ഫോഴ്സ്..."

റഫീഖ് പോലീസുദ്യോഗസ്ഥരെയെല്ലാവരെയും നോക്കി മന്ദഹസിച്ചു.

"നല്ല നട്ടെല്ലുള്ള..... നീ മുമ്പ് എന്റെ നേരെ വെച്ച് നീട്ടിയ പത്തല്ല...ആയിരം കോടി കണ്ടാലും നട്ടെല്ല് വളയ്ക്കാത്തവര്...ഇവരെ ഒരു ടീം ആയി മോള്ഡ് ചെയ്തത് വേറെ ആരുവല്ല എന്റെ ആലിപ്പഴം പെറുക്കാന് പീലിക്കട നിവര്ത്തുന്ന പീലിപ്പോസേ....നമ്മുടെ മുഖ്യമന്ത്രി തന്നെയാ..."

അതിനിടയില് പീലിപ്പോസിന്റെ കൈയില് വിലങ്ങു വീണിരുന്നു. ശക്തി സിംഗിനെ നേരത്തെ തന്നെ പോലീസ് വിലങ്ങണിയിച്ചിരുന്നു.

"എന്തിനാടാ ഫ്രാന്സി...എന്നോട് ...?"

പീലിപ്പോസ് ദയനീയമായ സ്വരത്തില് ചോദിച്ചു.

"ഫിലിപ്പെ"

"നിന്റെ കളികള് ഏതാണ്ട് ഒരു പരിധിവരെ ഞാന് സഹിച്ചു. പക്ഷെ നീയെന്റെ കൊച്ചിനെ വെച്ച് മൊതലാക്കാന് നോക്കീല്ലേ? നിന്റെ മോന് വേണ്ടി സംബന്ധം ആലോചിച്ച്....അന്ന് ഞാന് ഓങ്ങിവെച്ചതാ ഫിലിപ്പേ....അന്നേരവാ റഫീഖ് എന്നേ കാണാന് വരുന്നേ...അതിന് മുമ്പും കണ്ടിട്ടൊണ്ടേലും അന്ന് റഫീഖ് നിന്നെപ്പറ്റീം ഈ നിക്കുന്ന ശക്തിമാനെപ്പറ്റീം നല്ല ഒരു പിക്ചര് തന്നു. തല മരച്ച് പോകുന്ന കാര്യങ്ങള്....നിന്നെ പൂട്ടാന് റഫീഖ് എന്നോട് ഹെല്പ്പ് ചോദിച്ചു. ഓഫ് റെക്കോഡ് ആയി എന്തും ചെയ്യാം എന്ന് ഞാന് വാക്ക് കൊടുത്തു റഫീഖിന്. പിന്നെ ചെയ്തത് ഈ നിക്കുന്ന യൂണിഫോമിട്ട ചുണക്കുട്ടന്മ്മാരേ കോഡിനേറ്റ് ചെയ്യിക്കുക എന്നതാരുന്നു....എന്നാലും ടെന്ഷനാരുന്നു....നിന്റെ മാതിരി വക്രത ശീലമില്ലാത്ത ഒരു പാവം മുഖ്യനല്ലേടാ ഞാന്..."

അദ്ദേഹം പീലിപ്പോസിന്റെ നേരെ അടുത്തു.

"എന്തും ഞാന് സഹിക്കും,'"

ശബ്ദത്തില് താപം നിറച്ച് അദ്ദേഹം പറഞ്ഞു.

"എന്റെ കുഞ്ഞിനെ കളങ്കപ്പെടുത്തുന്നവന്മാരെ ഒഴിച്ച്. സഹിക്കില്ല. പൂട്ടും. ഇപ്പ ചെയ്ത പോലെ. ഏത് വകുപ്പുണ്ട് പിലിപ്പേ ഊരിപ്പോരാന്? എത്ര കൊടി കെട്ടിയ കോടികള് വാങ്ങുന്ന വക്കീല് വിചാരിച്ചാലും നടക്കോ? നാളെ മൊതല് അറഞ്ചം പൊറഞ്ചം വന്നോണ്ടിരിക്കും സ്റ്റോറി ഇന്ത്യാ ടൈംസില്....പൊളിറ്റീഷ്യന്റെ നിഴല് റഫീന്റെ എഴുത്തിന്റെ മുമ്പിക്കോടെ പോകണ്ട വശത്തോടെ പോയാ മതി അവന്റെ കാര്യം പോക്കാണ് എന്ന് അറീത്തില്ലേ ഫിലിപ്പെ നിനക്ക്?"

"എടാ..."

ഫിലിപ്പോസ് ചീറി.

"എന്റെ മോന്റെ കയ്യീന്ന് എങ്ങോട്ടാ നിന്റെ മോള് രക്ഷപ്പെട്ടെ? ഒരു ഹിന്ദുച്ചെറക്കന്റെ കയ്യിലോട്ട്..നെനക്കറീത്തില്ല ഫ്രാന്സി അത്,"

ഫ്രാന്സീസ് ചിരിച്ചു.

"എന്നതാടാ ഇളിക്കുന്നെ?"

കോപം വിടാതെ പീലിപ്പോസ് ചോദിച്ചു.

"എന്റെ മോള്ടെ ഭാഗ്യം,"

ഫ്രാന്സീസ് പറഞ്ഞു.

"ഞാന് മുഖ്യമന്ത്രിയാ ഫിലിപ്പെ. ഭരിക്കുന്നവന്. ഭരണാധികാരിക്ക് എല്ലാവരും സമന്മാരാണ് മിസ്റ്റര്. ഹിന്ദുവില്ല. ക്രിസ്ത്യനില്ല. മുസ്ലീമോ സിക്കോ ഒന്നുവില്ല. എന്റെ മകളുടെ ഇഷ്ടം എനിക്കറിയാം. എന്റെ മകള് അത് എന്നോട് തുറന്ന് പറഞ്ഞിട്ടുണ്ട്. അതിന് മുമ്പ് ഈ റഫീഖ് പറഞ്ഞിട്ടുണ്ട്. ഒന്നുമല്ലെങ്കിലും നിന്റെ വൃത്തികെട്ട മകന്റെ കയ്യീന്ന് അവളെ രക്ഷിച്ചവന്റെ കയ്യിലല്ലേ അവള്? അവളുടെ വിധി അതാണ് എങ്കില് കൈപിടിച്ച് കൊടുക്കും ഞാന് അവളെ അവന്..."

അപ്പോള് പുറത്ത് ഒരു ബൈക്ക് വന്നുനിന്നു.

എല്ലാവരുടെയും കണ്ണുകള് അങ്ങോട്ട് നീണ്ടു.

"നന്ദന്!"

റഫീഖും എബിയും ഒരു പോലെ മന്ത്രിച്ചു.
ബൈക്കില് നിന്ന് നന്ദകുമാര് വേഗത്തില് അങ്ങോട്ട് വന്നു.
"ഞാനാ നന്ദന് ടെക്സ്റ്റ് ചെയ്തത്!"
റഫീഖ് എബിയോടു പറഞ്ഞു.
നന്ദകുമാറിന്റെ ചുവടുകള് അവരുടെ നേര്ക്ക് അടുത്തു.
"സാര് ഇതാണ് നന്ദകുമാര്...ഷാരോണി..."
റഫീഖ് ഫ്രാന്സീസിനെ നോക്കി.
"എനിക്ക് മനസ്സിലായി,"
അദ്ദേഹം പറഞ്ഞു.
നന്ദകുമാര് അവരുടെ അടുത്തെത്തി.
"ഇവനാണോ അത്?"
ശക്തി സിങ്ങിനെ നോക്കി നന്ദകുമാര് ചോദിച്ചു.
"അതേടാ..."
റഫീഖ് പറഞ്ഞു.
നന്ദകുമാര് ശക്തി സിങ്ങിനെ തറച്ചുനോക്കി.
"നീ കൊന്നു കളഞ്ഞ സുചിത്രയുടെ ഭര്ത്താവ്!"
റഫീഖ് ശബ്ദമുയര്ത്തി ശക്തി സിങ്ങിനെ നോക്കി.
"നല്ല ചാന്സാ സാറേ,"
എബി നന്ദകുമാറിനോട് പറഞ്ഞു.
"രണ്ടെണ്ണം പൊട്ടിച്ചോ,"
നന്ദകുമാര് എബിയെ നോക്കി മന്ദഹസിച്ചു.
"അതില് ഹീറോയിസമില്ല ഡി സി പി,"
അയാള് പറഞ്ഞു.

"അങ്ങനെ ആഗ്രഹിച്ച നാളുകള് ഉണ്ടായിരുന്നു. പൊട്ടിക്കാനല്ല. കൊന്ന് കുഴിച്ചുമൂടാന്..പക്ഷെ ഇപ്പോള് റിയല് ഹീറോ നിയമം അല്ലെ....??അതിനല്ലേ റഫീഖ് നീ ഇത്രയും കഷ്ടപ്പെട്ടത്....? അതിന്റെ വഴിക്ക് പോകട്ടെ...മാത്രമല്ല,"
അയാള് എബിയെ നോക്കി.
"ഇത് ഡി സി പി സാറിന്റെ ഇന്ട്രോ സീന് ആണ്. വലിയ വളരെ വലിയ രണ്ട് സ്രാവുകളെ വലയിലാക്കിയാണ് ഡി സി പിയുടെ അരങ്ങേറ്റം,"
"വല മുറുക്കിയത് റഫീഖ് ആണ്,"
എബി കൃതജ്ഞതയോടെ റഫീഖിനെ നോക്കി.
"കൂടെ ചീഫ് മിനിസ്റ്ററും ഉണ്ടായിരുന്നു,"
റഫീഖ് പറഞ്ഞു.
പെട്ടെന്നാണ് എന്തോ ഓര്മ്മിച്ച് നന്ദകുമാര് മുഖ്യമന്ത്രി ഫ്രാന്സിസിന്റെ നേരെ നോക്കിയത്.
"സോറി സാര്,"
അവന് പെട്ടെന്ന് പറഞ്ഞു.
"പെട്ടെന്നുണ്ടായ എക്സൈറ്റ്മെന്റില് ഞാന്..വിഷ് ചെയ്യാന് പോലും മറന്നു...."
"അത് സാരമില്ല,"
അദ്ദേഹം ചിരിച്ചു.
**************************************************
സമയം കടന്നുപോകുമ്പോള് മനസ്സില് പൊള്ളുന്ന പ്രാര്ഥനയോടെ ഷെല്ലി മിനിയുടെ കിടക്കയുടെ അരികില് ഇരുന്നു.
അകത്ത് ഷെല്ലിയോടൊപ്പം പ്രത്യേക അനുമതിയോടെ നിഷയുമുണ്ടായിരുന്നു.
ഷെല്ലിയുടെ തോളില് തട്ടി അവനെ ആശ്വസിപ്പിക്കുവാന് ശ്രമിച്ചുകൊണ്ടിരുന്നു അവള്.

ഇതുവരെയും മിനി ബോധത്തിലേക്ക് വന്നില്ല.
ഐ സി യുവിന് പുറത്ത് ഷാരോണ്, മാത്യു, മാളവിക സംഗീത തുടങ്ങിയവരും.
"അങ്കിള് ഡോണ്ട് വറി...മിനിയ്ക്കൊന്നും പറ്റില്ല...ഷുവര്...!"
ഇടയ്ക്ക് ഷാരോണ് മാത്യുവിനെ സമാശ്വസിപ്പിച്ചുകൊണ്ടിരുന്നു.
ഹാളില് ടി വിയില് ആരോ വാര്ത്ത ചാനല് വെച്ചു.
"വിവിധ കൊലപാതകക്കേസുകളില് പോലീസ് വലയിലാക്കാന് ശ്രമിച്ചുകൊണ്ടിരുന്ന മധ്യപ്രദേശ് സ്വദേശി വ്യവസായിയും രാഷ്ട്രീയക്കാരനുമായ ശക്തിസിംഗ് ചന്ദ്രാവത്ത് പോലീസ് പിടിയിലായി...."
ഏഷ്യാനെറ്റ് ന്യൂസില് പി ജി സുരേഷ് കുമാറിന്റെ ശബ്ദം ഹാളില് കേട്ടു.

മാത്യുവിന്റെയും മാളവികയുടെയും കണ്ണുകള് അസ്സൂവേഗത്തില് ടി വി സ്ക്രീനിലേക്ക് നീണ്ടു.

"റവന്യൂ മന്ത്രിയായിരുന്ന പിലിപ്പോസ് കരുവിളയും അറസ്റ്റ് ചെയ്യപ്പെട്ടു. ശക്തി സിങ്ങിനും പിലിപ്പോസിനും കാശ്മീരിലും ആസാമിലും മയക്ക് മരുന്നു ഇടപാടുകളും ആയുധക്കച്ചവടവുമുണ്ടെന്ന് നിര്ണ്ണായകമായമായ തെളിവുകള് ലഭിച്ചതിനാലാണ് മുന്മന്ത്രി അറസ്റ്റ് ചെയ്യപ്പെട്ടത്..."

അദ്ഭുതത്തോടെ വാര്ത്ത കാണുന്നതിനിടയിലാണ് ഐ സി യുവിന്റെ വാതില് തുറന്ന് ഷെല്ലി അങ്ങോട്ട് വന്നത്. എല്ലാവരുടെയും കണ്ണുകള് ടി വി സ്ക്രീനിലാണ് എന്നറിഞ്ഞ് അവനും ശ്രദ്ധിച്ചു. സ്ക്രോളില് നീങ്ങുന്ന അക്ഷരങ്ങളിലേക്ക് നോക്കിയപ്പോള് അവനില് അനുനിമിഷം അദ്ഭുതവും കോപവും വര്ധിച്ചു.

"അപ്പോള് അവനാണ്...."

സ്ക്രീനില് ശക്തിസിങ്ങിന്റെ രൂപം കണ്ട ഷെല്ലി പറഞ്ഞു.

"അവനാണ് എന്റെ മമ്മിയെ..."

മാത്യു ഷെല്ലിയുടെ തോളില് പിടിച്ചു.

"നിയമം അതിന്റെ വഴിക്ക് പോകട്ടെ മോനെ,"

അയാള് പറഞ്ഞു.

"എന്റെ മോളെ ഓര്ത്ത് ഞാന് ഇപ്പോള് സ്വയം നിയന്ത്രിക്കുന്നില്ലേ? അവളെ ഓര്ത്ത് നീയും...നീയും അങ്ങനെ കണ്ട്രോള് ചെയ്യണം ,"

അപ്പോള് ഐ സി യുവിന്റെ വാതില് തുറക്കപ്പെട്ടു.

"ഷെല്ലി..."

നിഷ വിളിച്ചു.

ഷെല്ലി വാതില്ക്കലേക്ക് ഓടി.

"മിനിയ്ക്ക് ബോധം വന്നു..."

അവള് പറഞ്ഞു.

"ഷെല്ലിയേ അന്വേഷിക്കുന്നു,"

നിഷയുടെ വാക്കുകള് കേട്ട് ഇടനാഴിയില് കാത്തിരുന്നവര് ആഹ്ലാദഭരിതരായി.

ഷെല്ലി അകത്തേക്ക് കതിക്കുന്നത് അവര് കണ്ടു.

അവരും എഴുന്നേറ്റ് വാതില്ക്കലേക്ക് ചെന്നു.

ഷെല്ലി ഓടി വരുമ്പോള് മിനി കിടക്കയില് ചാഞ്ഞ് കിടന്ന് അവനെ നോക്കി പുഞ്ചിരിച്ചു.

"എന്താ മോളെ...നീയേ കാണിച്ചേ...."

ഉള്ളുലയ്ക്കുന്ന ആര്ദ്രതയോടെ അവന് അവളുടെ മുറിവ് കെട്ടിയ കൈയില് സ്പര്ശിച്ചു.

"പിന്നേം...."

അവള് ക്ലേശിച്ചു സംസാരിച്ചു.

".....പിന്നേം ഒരു ഡ്രാമ കൂടി...ഷെല്ലിയേ കിട്ടാന്....രണ്ട് ...രണ്ട് ഡ്രാമേം സൂപ്പര് ഹിറ്റ്..."

*************************************************************

വസന്തത്തിന്റെ വിരലടയാളം പോലെ ദേവദാരുക്കള് പൂചൂടി നില്ക്കുന്ന സായന്തനത്തില് റഫീഖും നിഷയും ഷാരോണും നന്ദകുമാറും എബിയും സെലിനും ഷെല്ലിയും മിനിയും പുല്ത്താഴ്വാരത്തിരുന്നു.

"അപ്പോള് ഇതാണ് ബ്യൂട്ടി സ്പോട്ട്,"

റഫീഖ് പറഞ്ഞു.

സ്നേഹവും സ്വപ്നവുമൊളിപ്പിച്ച് ദൂരെ നീലമലകള് മേഘങ്ങള് ചൂടി നിന്നു.

"ഇത്രേം ഭംഗിയുള്ള സ്ഥലം ഇവിടെ ഉണ്ടായിട്ട് ഇതുവരേം അറിഞ്ഞില്ലല്ലോ..."

നിഷ നിരാശയോടെ പറഞ്ഞു.

പ്രണയത്തിന്റെ ഓര്മ്മകളും വിസ്മൃതിയുമോര്പ്പിച്ച് നീല മലകള്ക്കപ്പുറത്ത് നിന്ന് കൂടണയാനൊരുങ്ങി പക്ഷികള് പറന്നുയരാന് തുടങ്ങി.

മിനിയുടെ മൊബൈല് ശബ്ദിച്ചു.

"യ്യോ....മമ്മിയാണല്ലോ...."

അവള് കാള് അറ്റന്ഡ് ചെയ്തു.

"ആം....യെസ്...വിത്ത് ഷെല്ലി...യാ മരിയു ....ഓക്കേ...ഇപ്പുഡു നേനു നാ സ്നേഹിതലുത്തോ ഉന്നാനു....ഓക്കേ ....മരിയൂ....മീരു ഇദ്ദരു സന്തോഷങ്കാ ഉന്നാരാ....? ഓക്കേ ....ബൈ....ഉമ്മ..."

"മാളവിക ആന്റിയാണോ?"

ഷാരോണ് ചോദിച്ചു.

"ഉം..."

സന്തോഷം തിരതല്ലുന്ന മുഖത്തോടെ മിനി പറഞ്ഞു.

"തെലുങ്ക് ആണോ?"

നിഷ ചോദിച്ചു.

"അവ്നു അവ്നു...."

ഷെല്ലി പെട്ടെന്ന് പറഞ്ഞു.

"എന്ന് വെച്ചാല്? "

നിഷ ഷെല്ലിയേ നോക്കി.

"യെസ് യെസ് എന്ന്"

ഷാരോണ് ചിരിച്ചുകൊണ്ട് പറഞ്ഞു.

"അപ്പം ഷെല്ലിയും തെലുങ്ക് പഠിച്ചോ? "

"പഠിക്കാതെ എന്ത് ചെയ്യും? "

എബി ചിരിച്ചു.

"മുല്ലപ്പൂമണമേറ്റ് കിടക്കും.... "

റഫീഖ് പദ്യം ചൊല്ലാന് തുടങ്ങി.

അപ്പോഴാണ് ഷെല്ലിയുടെ ഫോണ് ശബ്ദിച്ചത്.

"പപ്പായാണ്... "

അവന് ഫോണ് കാതോട് ചേര്ത്തു.

"ആ പപ്പാ....ഇല്ല ...കുഴപ്പമില്ല...എപ്പഴാന്നോ...അവിടെ ഒരു പത്ത് മണിയാകുമ്പോള്...ഓക്കേ...ഓക്കേ... "

"എന്താ ഷെല്ലി? "

ഷെല്ലി പുഞ്ചിരിച്ചു.

"നാളെ മിനിയേയും കൊണ്ട് വീട്ടില് ചെല്ലാം എന്ന് പറഞ്ഞിരുന്നു... "

അവന് പറഞ്ഞു.

"പപ്പാ മിനിയെ കണ്ടിട്ടില്ലല്ലോ....നാളെയാകുമ്പം മമ്മീടെ ഓര്മ്മ ദിവസം കൂടിയാ....മിനിയേം കൂട്ടി കല്ലറേല് ചെല്ലാം ..ഒരുമിച്ച് പ്രാര്ഥിക്കാം എന്ന് പപ്പായോട് പറഞ്ഞിരുന്നു.... "

[അവസാനിച്ചു]